9798

# വെളുത്ത ചെകുത്താൻ

## ഭാഗം മൂന്ന്

ഇൻഡ്യാ, നേപ്പാൾ, സിക്കിം, ബ്യൂട്ടാൻ, സയാം, ചൈനാ, ബർമ്മാ, ഇൻഡോ ചൈനാ, കംബോഡിയാ, ഫ്രാൻസ്, ബ്രിട്ടൻ, അമേരിക്കാ എന്നീ രാജ്യങ്ങളുടെ കഴിഞ്ഞകാല ചരിത്രത്തിലേയ്ക്കു് വെളിച്ചംവീശുന്ന ഒരു ശാസ്ത്രീയ ഐതിഹാസിക അപസർപ്പകനോവൽ

# വെളുത്ത ചെകുത്താൻ
(ശാസ്ത്രീയാപസർപ്പക നോവൽ)

KOTTAYAM PUBLIC LIBRARY
79859
KOTTAYAM.

ഗ്രന്ഥകർത്താ
ദുർഗ്ഗാപ്രസാദ് ഖത്രി

പരിഭാഷകൻ
മോറാൻ ഡി കണ്ടുഴ

DISTRIBUTING LIBRARY
No. 4798
KOTTAYAM

മൂന്നാം ഭാഗം

ജൂൺ 1964

രണ്ടാം പതിപ്പ്

വില രൂപാ രണ്ടര

പകപ്പവകാശം
പ്രകാശകർക്ക്

പ്രകാശകർ
ദി വിദ്യാരംഭം പ്രസ്സ്
ആൻഡ്
ബുക്ക്ഡിപ്പോ
പ്രൈവററ് ലിമിററഡ്
മുല്ലയ്ക്കൽ—ആലപ്പുഴ

അച്ചടി:
വിദ്യാരംഭം പ്രസ്സ്
പ്രൈവററ് ലിമിററഡ്
ആലപ്പുഴ

Sunila Nath

# VELUTHA CHEKUTHAN

(DETECTIVE NOVEL)

MF6

By

DURGAPRASAD KHATHRI

Translated by

MOHAN D. KANGAZHA

PART THREE

JUNE 1964

SECOND IMPRESSION

PRICE RUPEES 2-50

RIGHTS RESERVED

Publishers

THE VIDYARAMBHAM PRESS

AND

BOOK-DEPOT

PRIVATE LIMITED

MULLAKKAL-ALLEPPEY.

---

Printing:

VIDYARAMBHAM PRESS (P) Ltd.

ALLEPPEY.

അന്ധകാരപൂർണ്ണമായ എന്റെ
പ്രയാണമാർഗ്ഗത്തിൽ
അനശ്വരമായ സ്നേഹത്തിന്റെ
കൈത്തിരിയുമേന്തി
മന്ദസ്മേരവദനയായി കാത്തുനില്ക്കുന്ന
എന്റെ

## സ്നേഹലതയ്ക്കു്

**മോഹൻ ഡി കങ്ങഴ**

# വായനക്കാരോട്

സുപ്രസിദ്ധ ഹിന്ദി സാഹിത്യകാരനായ ശ്രീ: ദുർഗ്ഗാപ്രസാദ് ഖത്രിയെ പ്രത്യേകം പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. കാരണം ജയിൽപ്പുള്ളി, ചെമന്ന കൈപ്പത്തി, മൃത്യുകിരണം എന്നീ അപസർപ്പക നോവലുകളിലൂടെ അദ്ദേഹം കൈരളിയുടെ സ്നേഹാദരങ്ങൾക്ക് ഇതിനോടകം പാത്രീഭൂതനായിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ: ഖത്രിയുടെ 'പ്രതിരോധ'' (സുഫേദ് ശൈത്താൻ) എന്ന നോവലിൻെറ പരിഭാഷയാണ് ഈ 'വെളുത്ത ചെകുത്താൻ'. ജയിൽപ്പുള്ളിയേയും, ചെമന്നകൈപ്പത്തിയേയും, മൃത്യുകിരണത്തേയും സഹർഷം സ്വാഗതംചെയ്ത നിങ്ങൾ 'വെളുത്ത ചെകുത്താനും' സ്വാഗതം ആശംസിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

തൻെറ എല്ലാ പുസ്തകങ്ങളും മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള സർവ്വാവകാശവും എനിക്കു് സൗജന്യമായി നൽകിയ ശ്രീ: ഖത്രിയോടുള്ള എൻെറ കടപ്പാടും, കൃതജ്ഞതയും അതിരററതാണു്.

ഈ നോവൽ ഒരു ഔദ്യോഗിക പ്രസിദ്ധീകരണമല്ലെന്നും, ഈ നോവലിൻെറ പരിഭാഷ എൻെറ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനു് വിഘാതം വരുത്തിയിട്ടില്ലെന്നും, ഗവർമ്മെൻറിനു് ഈ നോവലുമായോ, ഈ നോവലിൻെറ പ്രസിദ്ധീകരണവുമായോ യാതൊരുവിധ ബന്ധവും ഇല്ലെന്നും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

കുഞ്ഞുഴ,
15-11-1961

**മോഹൻ ഡി കുഞ്ഞുഴ**

9798

# വെള്ളച്ചെകുത്താൻ

## മൂന്നാം ഭാഗം

## വാസൻ

### 1

ശ്യാമരാജ്യത്തിൽ ആണ്ടുതോറും അനേകം ഉത്സവങ്ങൾ ആഘോഷിക്കാറുണ്ടു്. അവയിൽ ചിലതു് ആര്യമതത്തോടു് ബന്ധപ്പെട്ടവയാണെങ്കിലും ഏറിയ പങ്കു് ഉത്സവങ്ങളും ബുദ്ധമതവുമായിട്ടാണു് ബന്ധപ്പെട്ടിരുന്നതു്. ഈ രണ്ടു് വിഭാഗത്തിൽപ്പെട്ട ഉത്സവങ്ങളിലും ഏററവും മോടിയോടും ആഡംബരത്തോടുംക്രടി ആഘോഷിക്കപ്പെടുന്ന രണ്ടു് ഉത്സവങ്ങളാണു് വൈശാഖം, വാസനം. ഭഗവാൻ ബുദ്ധദേവൻെറ ജന

നത്തേയും നിർവ്വാണപ്രാപ്തിയേയും അനുസ്മരിപ്പിക്കുന്ന ഉത്സവമാണ് വൈശഖം. (ബുദ്ധദേവൻ ജനിച്ചതും, മരിച്ചതും, അദ്ദേഹത്തിന് ബുദ്ധത്വം ലഭിച്ചതും ഒരേ നക്ഷത്രത്തിലാണെന്നാണ് ബുദ്ധമതാനുയായികളായ ആളുകളുടെ വിശ്വാസവും ധാരണയും. ഈ മൂന്നു സംഭവങ്ങളും ഏപ്രിൽ മാസത്തിലാണ് നടന്നതെന്ന് അവർ അവകാശപ്പെടുന്നു.) 'വാസൻ ഉത്സവം' വർഷാഗമത്തേയും അതിൻെറ അന്ത്യത്തേയും അനുസ്മരിപ്പിക്കുന്ന ഒരു ഉത്സവമാണ്. രണ്ടു ഭാഗങ്ങളായിട്ടാണ് ഇതു് ആഘോഷിക്കപ്പെടുന്നതു്. മഴക്കാലം ആരംഭിക്കുന്ന സമയത്തു് നടത്തുന്ന ഉത്സവത്തിന് 'ഖൗവാസൻ' എന്നും മഴക്കാലത്തിൻെറ അന്ത്യഘട്ടത്തിൽ നടത്തുന്ന ഉത്സവത്തിന് 'ഓക്ക് വാസൻ' എന്നും പറയുന്നു. ഖൗവാസൻ ജൂലൈമാസത്തിലും ഓക്ക് വാസൻ ഒക്ടോബർ മാസത്തിലുമാണ് ആഘോഷിക്കാറുള്ളതു്. സാധാരണയായി നമ്മുടെ നാട്ടിലെ സന്യാസിമാരും, ഗോസായികളും, ഭിക്ഷുക്കളും മററും മഴക്കാലങ്ങളിൽ ദേശാടനത്തിനും, പുണ്യതീർത്ഥദർശനത്തിനും മററും പോകാതെ അവരവരുടെ സങ്കേതങ്ങളിൽതന്നെ അടങ്ങിയൊതുങ്ങിഇരുന്ന് ഈശ്വരോപാസനയും, പൂജാദികർമ്മങ്ങളും മററും നടത്തുന്നതുപോലെതന്നെയാണ് ശ്യാമീരാജ്യത്തിലെ പുരോഹിതന്മാരും ഭിക്ഷുക്കളും വർഷാരംഭത്തോടുകൂടി തങ്ങളുടെ താവളങ്ങളിൽ മടങ്ങിയെത്തി ഈശ്വരഭജനയിൽതന്നെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതു്. മഴക്കാലം കഴിഞ്ഞു് തണുപ്പുകാലം ആരംഭിക്കുന്നതോടുകൂടിയാണ് അവർ മതപ്രചരണത്തിനും ദേശാടനത്തിനും മററുമായി പുറപ്പെടാറുള്ളതു്. ജൂലൈ മുതൽ ഒക്ടോബർവരെയുള്ള ഈ കാലഘട്ടം പൂജയ്ക്കും, ഹോമ

ത്തിനും, വ്രതത്തിനും, ജപത്തിനും ഏറ്റവും ഉപയുക്തവും, പവിത്രവുമായിട്ടാണു് ശ്യാമീപുരോഹിതന്മാർ കണക്കാക്കിയിരുന്നതു്. വർഷാന്ത്യത്തെ സൂചിപ്പിക്കുന്ന ഓക്ക്‌വാസൻ ഉത്സവദിവസം എല്ലാ അമ്പലങ്ങളിലും വിശേഷാൽ പൂജയും, ഹോമവും, യാഗവും മററും ഏററവും മോടിയായി നടത്താറുണ്ടു്. ആ കർമ്മങ്ങളിൽ ഭരണാധികാരിയായ രാജാവും, രാജകുടുംബാംഗങ്ങളും പങ്കെടുക്കണമെന്നുള്ളതു് നിർബ്ബന്ധമായിരുന്നു. അന്നു് രാജാവു് പ്രധാനപ്പെട്ട എല്ലാ അമ്പലങ്ങളിലും പോയി ദേവദർശനം നടത്തുകയും അവിടത്തെ പുരോഹിതന്മാർക്കു് ധനദാനവും വസ്ത്രദാനവും ചെയ്യുക പതിവായിരുന്നു. ഉത്സവത്തോടനുബന്ധിച്ചുള്ള എല്ലാ ചടങ്ങുകളിലും അതതു സ്ഥലത്തെ ആബാലവൃദ്ധം ജനങ്ങളും ഹൃദയംതുറന്നു് സഹകരിച്ചുകൊണ്ടിരുന്നു. ലക്ഷക്കണക്കിനു് രൂപയാണു് അന്നു് പുരോഹിതന്മാർക്കും, സന്യാസികൾക്കും ദാനമായും മററുതരത്തിലും ലഭിക്കുന്നതു്.

വാസനോത്സവം വാസ്തവത്തിൽ പുരോഹിതന്മാരുടെ ഒരു ഉത്സവമാണു്. അന്നു് പുരോഹിതന്മാരിൽ ഒരു പ്രത്യേക ചൈതന്യവും, ഉത്സാഹവും, ഐക്യവും മററും കാണികൾക്കു് ദർശിക്കുവാൻ സാധിക്കും. സാധാരണക്കാരായ ആളുകളോടു് അന്നു് അവർ കാണിക്കുന്ന മമതയും, താല്പര്യവും, ആദരവും മററും കണ്ടാൽ അവർ വാസ്തവത്തിൽ സർവ്വസംഗപരിത്യാഗികളായ ഋഷിവര്യന്മാരാണോ എന്നു് തോന്നിപ്പോകുമായിരുന്നു. അന്നു് സന്യാസിവേഷംകെട്ടുന്ന സാധാരണക്കാരും വിരളമല്ല. കാരണം വാസനോത്സവത്തിനു് കിട്ടുന്ന ആദായം കൊണ്ടു് പലർക്കും വർഷം മുഴുവൻ സുഭിക്ഷമായി ജീവിയ്ക്കുവാൻ സാധിക്കുമായിരുന്നു.

★

## 2

സാധാരണക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആ ഉത്സവം ആനന്ദിക്കുവാനും ആഹ്ലാദിക്കുവാനും ഉള്ളതായിരുന്നെങ്കിൽ ഭരണാധികാരികളായ ഫ്രഞ്ചുകാരെ സംബന്ധിച്ചിടത്തോളം അതു് തലവേദനയും മനോവിഷമവും ഉണ്ടാക്കുന്ന ഒരു ഉത്സവമായിരുന്നു. വാസനോത്സവദിവസം പുരോഹിതന്മാർ ഏതെങ്കിലുംതരത്തിലുള്ള കുഴപ്പങ്ങൾ കരുതിക്കൂട്ടി ഉണ്ടാക്കുമെന്നുള്ള വാർത്തകൾ പല കേന്ദ്രങ്ങളിൽനിന്നും രഹസ്യമായും പരസ്യമായും ഫ്രഞ്ചുകാർക്കു് ലഭിച്ചിരുന്നു. തങ്ങളുടെ അധീനതയിൽ ഇരിക്കുന്ന സ്ഥലങ്ങളിലേയും, അയൽ രാജ്യങ്ങളിലേയും പുരോഹിതന്മാർക്കിടയിൽ തങ്ങളെപ്പററി വെറുപ്പും അവജ്ഞയും അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും അവർ തങ്ങൾക്കെതിരായി എന്തെങ്കിലും ചെയ്യാതിരിക്കുകയില്ലെന്നും ഫ്രഞ്ചുകാർക്കു് വിശ്വസനീയമായ കേന്ദ്രങ്ങളിൽനിന്നും

അറിവ് ലഭിച്ചിരുന്നെങ്കിലും, പുരോഹിതന്മാർ എന്താണ് ചെയ്യാൻ പോകുന്നതെന്നോ, അതിൻെറ പരിണാമം എന്തായിരിക്കുമെന്നോ അവക്ക് യാതൊരു രൂപവും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഭരണമണ്ഡലത്തിൽ ഏന്തെന്നില്ലാത്ത ഭീതിയും അമ്പരപ്പും ദൃശ്യമായത്.

കഴിഞ്ഞ വൈശാഖോത്സവദിവസം കായീമൗവിലെ പുരോഹിതന്മാർ നടത്തിയ ആഭ്യന്തരകലാപം ഫ്രെഞ്ചുകാർ വിസ്മരിച്ചിരുന്നില്ല. നിഷ്ഠുരമായ മാർഗ്ഗങ്ങൾ അവലംബിച്ചാണ് അവർ ആ കലാപം അടിച്ചമർത്തിയതെങ്കിലും സമരാഗ്നി പൂർണ്ണമായും കെട്ടടങ്ങിയിട്ടില്ലെന്നും, അത് ഇന്നും നീറിപ്പുകഞ്ഞുകൊണ്ടിരിക്കുകയാണെന്നും ഫ്രെഞ്ചുകാക്ക് നല്ലതുപോലെ അറിയാമായിരുന്നു. ഇത്തവണ വാസന്തോത്സവദിവസം ഉണ്ടായേക്കാൻ ഇടയുള്ള കലാപങ്ങളുടേയും അനിഷ്ടസംഭവങ്ങളുടേയും യഥാർത്ഥമായ ഉറവിടം മറേറതോ സ്ഥലമാണെങ്കിലും അതിൻെറ ഉഗ്രമായ ആഘാതം സമസ്ത ഫ്രെഞ്ച് ഇൻഡോ ചൈനയിലും അനുഭവപ്പെട്ടുമെന്ന് അനുമാനിക്കുവാനുള്ള കാരണങ്ങൾ വേണ്ടുവോളം ഉണ്ടായിരുന്നു. കിഴക്കൻ നാട്ടുകളിലെ പുരോഹിതവർഗ്ഗം എത്രമാത്രം ശക്തിശാലികളാണെന്നും ഫ്രെഞ്ച് ഇൻഡോ ചൈനയിലെ പുരോഹിതന്മാക്ക് അവിടത്തെ ജനങ്ങളിൽ എത്രമാത്രം സ്വാധീനശക്തിയുണ്ടെന്നും ഫ്രെഞ്ചുകാക്ക് നല്ലതുപോലെ അറിയാമായിരുന്നു. പുരോഹിതന്മാരുടെ ഈ വമ്പിച്ച ജനസ്വാധീനവും പ്രതാപവും കഴിയുന്നത്ര ഇടിച്ചുതാഴ്ത്തുന്നതിനുവേണ്ടി ഫ്രെഞ്ചുകാർ നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നെങ്കിലും അതിൽ അവക്ക് ഉദ്ദേശിച്ചത്ര വിജയം കൈവരിക്കുവാൻ സാ

ധിച്ചില്ല. എന്നുമാത്രമല്ല, നേരേ എതിരായ ഫലമാണ് അതുകൊണ്ടുണ്ടായതും. കാരണം പുരോഹിതന്മാരുടെ സഹായവും സഹകരണവും കൂടാതെ ജനങ്ങൾക്ക് ഒരു നിമിഷംപോലും ജീവിക്കുവാൻ സാധിക്കുമായിരുന്നില്ല. അവരുടെ സാമൂഹ്യജീവിതക്രമത്തിൽ ആ പുരോഹിതന്മാർ അത്രമാത്രം ഇഴുകിച്ചേർന്ന് കഴിഞ്ഞിരുന്നു. ഒരു കുട്ടി ജനിച്ചാൽ വൃദ്ധനായി മരിക്കുന്നതുവരെയുള്ള വളയിടിൽ, മുണ്ഡനം, ശിഖാധാരണം, നാമകരണം, ശിഖാഛേദനം, വിദ്യാരംഭം, വിവാഹം തുടങ്ങിയ ന്തരന്തര സന്ദർഭങ്ങളിൽ പുരോഹിതന്മാരുടെ സാന്നിദ്ധ്യവും സേവനവും അപരിത്യാജ്യമായിരുന്നു. ഇക്കാരണങ്ങളാൽ ജനഹൃദയങ്ങളിൽ പുരോഹിതന്മാർക്ക് സ്ഥിരപ്രതിഷ്ഠയാണു് ലഭിച്ചിരുന്നതു്. പുരോഹിതന്മാരുടെ ഈ വർദ്ധമാനമായ സ്വാധീനശക്തിക്ക് കോട്ടം തട്ടിക്കുവാനാണു് ഭരണാധികാരികളായ ഫ്രഞ്ചുകാർ നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നതു്. തങ്ങളുടെ ഉദ്ദേശസിദ്ധിക്കുവേണ്ടി അവർ ഒരു പുതിയ വിവാഹ റഗുലേഷൻ പാസ്സാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തു. തന്ത്രപരമായ മാർഗ്ഗങ്ങളിലൂടെയാണു് അവർ ജനങ്ങളെ ആകർഷിക്കുവാൻ ശ്രമിച്ചതു്. അതായതു് ഇപ്പോൾ നിലവിലിരിക്കുന്ന വിവാഹസമ്പ്രദായം ദുർവഹമായ ചിലവുകൾക്ക് ഇടയാക്കുന്നതാണെന്നും, സാധാരണക്കാരെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്ത ഒരു ഭാരമാണു് ഇതെന്നും, അതുകൊണ്ടു് മേലിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്താൽ മതിയെന്നും, അങ്ങനെയുള്ള വിവാഹങ്ങൾ നിയമാനുസരണമുള്ള വിവാഹങ്ങളായി പരിഗണിക്കുന്നതാണെന്നും മററും പറഞ്ഞുകൊണ്ടാണു് പുതിയ വിവാഹ റഗുലേഷൻ നടപ്പിലാക്കിയതു്.

ഇപ്രകാരമുള്ള പുതിയ വിവാഹ രീതികൊണ്ടു് പുരോഹിതന്മാരുടെ വമ്പിച്ച ജനസ്വാധീനത്തിന്ന് കോട്ടം തട്ടുമെന്നു് ഫ്രഞ്ചുകാർ വ്യാമോഹിച്ചു. എന്നാൽ ഈ പുതിയ വിവാഹ റഗുലേഷന്റെ മറപിടിച്ചുകൊണ്ടാണു് വിപ്ലവകാരികൾ പുരോഹിതന്മാരേയും സാധാരണക്കാരേയും പറഞ്ഞിളക്കി ഗവണ്മെന്റിനെതിരായി അണിനിരുത്തിയതും. അങ്ങനെ ഫലത്തിൽ 'ചക്കിന്ന വെച്ചതു് കൊക്കിന്നുകൊണ്ടു' എന്ന അനുഭവമാണു് ഫ്രഞ്ചുകാൎക്കു് ഉണ്ടായതു്. തങ്ങൾ ഉദ്ദേശിച്ചതിന്നു് കടകവിരുദ്ധമായ പ്രതികരണം ഉണ്ടായതു കണ്ടപ്പോൾ അവർ അമ്പരന്നുപോയെങ്കിൽ അതിൽ അത്ഭുതപ്പെട്ടിട്ടു കാൎയ്യമില്ല.

ഫ്രഞ്ചു ഭരണാധികാരികളുടെ ഭയത്തിന്നു മറെറാരു കാരണംകൂടി ഉണ്ടായിരുന്നു. അവിടുത്തെ പുരോഹിതന്മാൎക്കിടയിലുള്ള അനന്യസാധാരണമായ യോജിപ്പും, മമതയും മാത്രമല്ല; അവരുടെ അളവററ ധനവും ശാരീരികശക്തിയും ഫ്രഞ്ചുകാരെ സംബന്ധിച്ചിടത്തോളം ഒരു പേടിസ്വപ്നമായിരുന്നു. മററു സ്ഥലങ്ങളിലുള്ള പുരോഹിതന്മാർ വ്രതം, ഉപവാസം മുതലായ കൎമ്മങ്ങളിലൂടെ ശരീരത്തെ കഴിയുന്നത്ര ശോഷിപ്പിക്കുന്നതിലൂടെ മാത്രമേ മോക്ഷപ്രാപ്തി ഉണ്ടാകുകയുള്ളുവെന്നാണു് ധരിച്ചിരിക്കുന്നതും വിശ്വസിച്ചിരിക്കുന്നതും. ശ്യാമ രാജ്യത്തിലെ പുരോഹിതന്മാരും കുറേക്കാലം മുമ്പുവരെ ഇതേ ധാരണ തന്നെയായിരുന്നു വെച്ചുപുലൎത്തിയിരുന്നതു്. എന്നാൽ കുറഞ്ഞൊരു നാളുകളായിട്ടു് അവരുടെ ഇടയിൽ ദാർശികന്മാരും ദൂരദർശികളുമായ ഏതാനുംപ്രചാരകന്മാർ പുതിയൊരു ആദർശസംഹിത പ്രചരിപ്പിക്കുവാൻ തുടങ്ങിയിരുന്നു. ദുർബലമായ ഒരു

ശരീരത്തിൽ ദുർബ്ബലമായ ഒരു ആത്മാവു മാത്രമേ കുടി കൊള്ളുകയുള്ളുവെന്നും, ആത്മാവിനെ സുശക്തമാക്കുന്നതിനുവേണ്ടി ശരീരം ആരോഗ്യസമ്പന്നമാക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നും, ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും തങ്ങളുടെ പാവനമായ ക്ഷേത്രങ്ങളെയും മഠങ്ങളേയും മററും ഫലപ്രദമായ രീതിയിൽ സംരക്ഷിക്കുന്നതിനു് പുരോഹിതന്മാർ ആയുധാഭ്യാസികളായിതീരേണ്ടതു് വളരെ ആവശ്യമാണെന്നും മററും അവർ യുക്തിയുക്തം പ്രചരണം നടത്തിയതിൻെറ ഫലമായിട്ടു് ഇന്നു് പുരോഹിതന്മാരുടെ പഴയ ചിന്താഗതിയിൽ വളരെയധികം മാററങ്ങൾ ഉണ്ടായിട്ടുണ്ടു്. കിഴക്കും പടിഞ്ഞാറും കൊലയാളികളായ കൊള്ളക്കാർ അവിടുത്തെ പുരോഹിതന്മാരേയും ക്ഷേത്രങ്ങളേയും കൊള്ളയടിച്ചു് ലക്ഷക്കണക്കിനു് രൂപാ വിലപിടിപ്പുള്ള സാധനങ്ങൾ തട്ടിയെടുത്തുകൊണ്ടുപോകുക ഒരു നിത്യസംഭവമായി തീർന്നതോടെ ഈ പുതിയ ചിന്താഗതിക്കു് വളരെവേഗം പ്രതീക്ഷയിലും കവിഞ്ഞ സ്വീകരണമാണു് ലഭിച്ചതു്. ആ കൊള്ളക്കാർ ഇതിനോടകം എത്രയെത്ര അമ്പലങ്ങളും, ദേവവിഗ്രഹങ്ങളുമാണു് തകർത്തു് തരിപ്പണമാക്കിയിട്ടുള്ളതെന്നു് കണക്കും കയ്യുമില്ല. കൊള്ളക്കാരിൽനിന്നും പുരോഹിതന്മാർക്കും സാമാന്യജനങ്ങൾക്കും ആവശ്യമായ സംരക്ഷണം നൽകുന്നതിൽ ഗവൺമെൻറു് തികച്ചും പരാജയമടയുകയാണു് ചെയ്തതു്. തങ്ങളുടെ ജീവധനാദികൾക്കു് ആവശ്യമായ സംരക്ഷണം നൽകുന്നതിൽ ഗവണ്മെൻറിനു് സംഭവിച്ച പരാജയം പുരോഹിതന്മാർ ഗവണ്മെൻറിൻെറ കഴിവുകേടായും അനാസ്ഥയായും വ്യാഖ്യാനിക്കുകയാണു് ചെയ്തതു്. അതോടെ

അവക്ക് ഗവണ്മെൻറിനോട്ട് ഒടുങ്ങാത്ത പകയും അമർഷവും ഉണ്ടായി. തങ്ങളുടെ ജീവധനാദികൾ രക്ഷിക്കുന്നതിനുവേണ്ടി ഗവണ്മെൻറിനെ ആശ്രയിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ലെന്ന് അനുഭവത്തിലൂടെ വ്യക്തമായതിൻ്റെ ഫലമായിട്ട് പുരോഹിതന്മാർ ആക്രമണകാരികളെ തന്നത്താൻ നേരിടുവാൻതന്നെ തീരുമാനിച്ചു. ആയതിലെയ്ക്ക് അവർ ആയോധനമുറകളും അഭ്യാസങ്ങളും മററും പഠിക്കുവാനും ആരംഭിച്ചു. പല സ്ഥലത്തും പുതിയ പുതിയ കളരികൾ സ്ഥാപിക്കപ്പെട്ടു. പുരോഹിതന്മാർ തങ്ങളുടെ ആരോഗ്യസംരക്ഷണത്തിനും, ആയുധാഭ്യാസത്തിനും അമിതമായ പ്രാധാന്യം നൽകുവാൻ തുടങ്ങി. പുരോഹിതന്മാരുടെ ഇടയിൽ ദൃശ്യമായ ഈ പരിവർത്തനം ഫ്രഞ്ചുകാക്ക് തലവേദനയുളവാക്കി. അവരുടെ ഈ പുതിയ നീക്കങ്ങളും സംരംഭങ്ങളും തങ്ങളുടെ നിലനില്പിന്ന് ഇന്നല്ലെങ്കിൽ നാളെ ഹാനികരമായിതീരുമെന്ന് അവർ ന്യായമായിത്തന്നെ അനുമാനിച്ചു. സാധാരണക്കാരായ ആളുകളെ അവക്ക് യാതൊരു ഭയവുമില്ലായിരുന്നു. കാരണം തങ്ങൾക്കെതിരായി അണിനിരക്കുവാനുള്ള ശാരീരികശക്തിയോ, സാമ്പത്തികശേഷിയോ, ഉന്നതവിദ്യാഭ്യാസമോ അവക്കില്ലെന്ന് ഫ്രഞ്ചുകാക്ക് ഉത്തമബോദ്ധ്യം ഉണ്ടായിരുന്നു. പക്ഷേ, ആ പുരോഹിതവർഗ്ഗം എന്തിനും പോരുന്നവരാണെന്ന് അവർക്കു് അറിയാമായിരുന്നു. അവർ സംഘടിച്ചുനിന്ന് കലാപങ്ങൾ ആരംഭിച്ചാൽ കാര്യങ്ങൾ കുഴപ്പത്തിലാകുമെന്നുള്ളതു് തീർച്ചയായിരുന്നു. അങ്ങനെ ഫ്രഞ്ചുകാർ വളരെക്കാലമായി ഭയപ്പെട്ടിരുന്നതു് ഇന്നു് യാഥാർത്ഥ്യമായി പരിണമിച്ചിരി

യ്ക്കുകയാണ്. പുകഞ്ഞുകൊണ്ടിരുന്ന ആ സമരാഗ്നി ആളിക്കത്താൻ തുടങ്ങി.

ഫ്രഞ്ച് ഇൻഡോചൈനയുടെ തലസ്ഥാനമായ സൈഗൺ നഗരത്തിലെ ഗവർണ്ണരുടെ വസതിയിലുള്ള അലംകൃതമായ ഒരു മുറിയിൽ ഇരുന്നുകൊണ്ട് ഏതാനും പ്രധാനപ്പെട്ട ഫ്രഞ്ച് ഓഫീസറന്മാർ ഇതേ വിഷയത്തെക്കുറിച്ച് പരസ്പരം ചർച്ചനടത്തുകയാണ്. നമുക്ക പരിചയമുള്ള പലരും അക്കൂട്ടത്തിലുണ്ട്. അപരിചിതരായ ഉദ്യോഗസ്ഥന്മാരും വിരളമല്ല. മാർഷൽ ഫാക്കിൻെറ അസാന്നിദ്ധ്യം ഒരുപക്ഷേ നമുക്ക് അത്ഭുതകരമായി തോന്നിയേക്കാം. അദ്ദേഹം എവിടെയോ ഏതോ അത്യാവശ്യ കാര്യം പ്രമാണിച്ച് പോയിരിയ്ക്കുകയാണെന്ന് തോന്നുന്നു. ഏതായാലും നമുക്ക് അവരുടെ സംസാരം അല്പനേരം ശ്രദ്ധിക്കാം.

കൗണ്ട്ഷേവർ:—നമ്മുടെ ആൾക്കാർക്ക് അവരുടെ അമ്പലങ്ങളിലും മഠങ്ങളിലും പ്രവേശിക്കുവാൻ നിവൃത്തിയില്ലാത്തതാണ് വിഷമം. അവിടെ കടക്കാൻ സാധിച്ചിരുന്നെങ്കിൽ അവരുടെ രഹസ്യങ്ങൾ മുഴുവൻ നമുക്ക് നിഷ്പ്രയാസം അറിയുവാൻ സാധിക്കുമായിരുന്നു. പുരോഹിതന്മാരല്ലാതെ മററാരെങ്കിലും വിഗ്രഹത്തിൻ്റെ മുമ്പിലെങ്ങാനും പോയാൽ മതി; അതോടെ അതു് അശുദ്ധമായിത്തീരുമെന്നാണ് അവരുടെ വിശ്വാസം. മതത്തെ ഒരു തൊട്ടാവാടിയായിട്ടാണ് അവർ കരുതിയിരിക്കുന്നതു്. എത്ര ശ്രമിച്ചിട്ടും അവരുടെ ആന്തരികരഹസ്യങ്ങളൊന്നും തന്നെ അറിയാൻ സാധിക്കുന്നില്ല. അവർ നടത്താൻപോകുന്ന കലാപം ഖൗവാസന ദിവസമാണോ ഓക്ക്‌വാസന ദിവസമാണോ ആരംഭിക്കുന്നതെന്നുപോലും അറിഞ്ഞുകൂടാ.

വാസനോത്സവദിവസം അനിഷ്ടസംഭവങ്ങൾ ഉണ്ടാകുമെന്നാണ് എല്ലാ സ്ഥലത്തുനിന്നും കേൾക്കുന്നത്. പക്ഷെ, എന്ന്, ഏതു സമയത്ത്, എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് യാതൊരു രൂപവുമില്ല.

ഒരു ഓഫീസർ:—എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത് വാസന്തോത്സവത്തിൻെറ അവസാനദിവസം അവരുടെ രാജാവും, രാജകുടുംബാംഗങ്ങളും; പ്രഭുക്കന്മാരും, മററ് ഉദ്യോഗസ്ഥന്മാരും ക്ഷേത്രദർശനത്തിനുവേണ്ടി പുറപ്പെട്ടപ്പോഴാണ് അവർ കലാപങ്ങൾ ആരംഭിക്കുന്നതെന്നാണ്. എന്തുകൊണ്ടെന്നാൽ അന്ന് എല്ലാ ക്ഷേത്രങ്ങളിലും വമ്പിച്ച തിക്കും തിരക്കും ആൾക്കൂട്ടവും ആയിരിക്കും. സാധാരണക്കാർപോലും അന്ന് ഭക്തിരസത്തിൽ മുഴുകി ഭ്രാന്തരായിതീരാറുണ്ട്. ആ പരിതസ്ഥിതിയിൽ വെറും നിസ്സാരമായ ഏതെങ്കിലും കാരണം മതി, ഭയാനകമായ അഗ്നി പടർന്നുപിടിക്കുവാൻ; ആളുകളെ ഉന്മത്തരാക്കിതീർക്കുവാൻ.

രണ്ടാമതൊരു ഓഫീസർ:—എൻെറയും അഭിപ്രായം ഇതുതന്നെയാണ്. അന്ന് ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ പോലീസുകാരേയും പട്ടണങ്ങളിലെ ആൾക്കൂട്ടം നിയന്ത്രിക്കുവാൻ നിയോഗിക്കാറുള്ളതുകൊണ്ട് ഗ്രാമപ്രദേശങ്ങളിലെങ്ങും ഒററ പോലീസുകാരനും കാണുകയില്ല. അപ്പോൾ അവിടങ്ങളിൽ കലാപം അഴിച്ചുവിടുവാൻ യാതൊരു വിഷമവുമില്ല. മിക്കവാറും ഗ്രാമപ്രദേശങ്ങളിലായിരിക്കും കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാകാൻ ഇടയുള്ളതെന്നാണ് എൻെറ അഭിപ്രായം.

മൂന്നാമതൊരു ഓഫീസർ:—ഞാൻ ആ അഭിപ്രായത്തോട് യോജിക്കുന്നില്ല. കാരണം ഉത്സവദിവസം ഗ്രാമീണരിൽ ഭൂരിഭാഗവും പട്ടണങ്ങളിലെ പ്രധാന

പ്പെട്ട ക്ഷേത്രങ്ങളിൽ തടിച്ചുകൂടാറുണ്ട്. കലാപങ്ങൾ വാസ്തവത്തിൽ ഉണ്ടാകുമെങ്കിൽ അതു് ആൾക്കൂട്ടമുള്ള സ്ഥലങ്ങളിലായിരിക്കാനാണ് കൂടുതൽ സാദ്ധ്യതയുള്ളതു്.

ഷേവർ:—ഞാനും ഈ അഭിപ്രായത്തോടു യോജിക്കുന്നു. എന്നാൽ എനിക്കു് അതിലല്ല അത്ഭുതം തോന്നുന്നതു്. പുരോഹിതന്മാരുടെ ഈ പരിപാടികളെക്കുറിച്ചു് നമ്മുടെ രഹസ്യപ്പോലീസിനു് എന്തുകൊണ്ടു് ഇതുവരെയും അന്വേഷിച്ചറിയുവാൻ സാധിച്ചില്ല? മേജർ ഡ്യൂമറേ! നിങ്ങളുടെ അഭിപ്രായം എന്താണ്? നിങ്ങളുടെ ചാരന്മാർ വസ്തുതകൾ ശേഖരിക്കുന്നതിൽ എന്താണിങ്ങനെ പരാജയപ്പെടുന്നതു്?

മേജർ ഡ്യൂമറെ ഫ്രഞ്ച് ഇൻഡോ ചൈനയിലെ രഹസ്യപ്പോലീസ് വകുപ്പിന്റെ മേധാവിയായിരുന്നു. അയാൾ അതിബുദ്ധിമാനും ദൂരദർശിയും ആയിരുന്നെങ്കിലും അയാൾക്കു് ഒരു വലിയ ദൂഷ്യം ഉണ്ടായിരുന്നു. സ്വന്തം ജാതിയെക്കുറിച്ചു് ഇത്രമാത്രം അഹങ്കാരവും ദുരഭിമാനവും ഉള്ള ഒരു വ്യക്തിയെ മറെറങ്ങും കാണുക സാദ്ധ്യമല്ല. കറുത്ത വർഗ്ഗക്കാരോടു് അയാൾക്കു് അങ്ങേയററത്തെ വെറുപ്പും അമർഷവുമാണ് ഉണ്ടായിരുന്നതു്. അക്കാരണത്താൽ അയാളുടെ കീഴിൽ ജോലി നോക്കിക്കൊണ്ടിരുന്ന നാട്ടുകാരായ ഉദ്യോഗസ്ഥന്മാൎക്കു് അയാളോടു് വലിയ ആദരവും മമതയും ഇല്ലായിരുന്നു വെന്നുമാത്രമല്ല, സാധാരണ രഹസ്യപ്പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ചെയ്യാറുള്ളതുപോലെ അവർ ആത്മാർത്ഥതയോടെ തങ്ങളുടെ ജോലി ചെയ്തിരുന്നുമില്ല. ഗവർണ്ണറുടെ ചോദ്യം കേട്ടിട്ടു് അയാൾ എഴുന്നേററു് ആദരവോടെ ഇങ്ങനെ പറഞ്ഞു. "എന്റെ

അഭിപ്രായത്തിൽ ഖൗവാസൻ ദിവസമായിരിക്കും കലാപങ്ങൾ ഉണ്ടാകുന്നതു്. കാരണം, അന്നു് എല്ലാ പുരോഹിതന്മാരും, സന്യാസിമാരും, കാഷായവസ്ത്രധാരികളും അവരവരുടെ മഠങ്ങളിലേയ്ക്കും ആശ്രമങ്ങളിലേയ്ക്കും തിരിച്ചുപോകണമെന്നുള്ളതു് നിർബന്ധമാണു്. അതുകൊണ്ടു് ആ ദിവസം എല്ലാ അമ്പലങ്ങളിലും ആശ്രമങ്ങളിലും വലിയ തിക്കുംതിരക്കുമായിരിക്കും. അന്നു് അവർക്കു് പരസ്പരം ആശയവിനിമയം ചെയ്യുന്നതിനും, ഒരുമിച്ചു കൂടുന്നതിനും സംഘടിക്കുന്നതിനും വേണ്ടുവോളം സൗകര്യം ലഭിക്കും.

ഷേവർ:–പക്ഷേ, അന്നുമുതൽ ഈ സന്യാസിമാർ അവരുടെ താവളങ്ങളിൽ സ്ഥിരവാസമുറപ്പിക്കുകയല്ലേ ചെയ്യുന്നതു്? ഖൗവാസ ദിവസം മുതൽ ഓക്കു് വാസന ദിവസംവരെ ഒററ പുരോഹിതനും വെളിയിലെങ്ങും ഇറങ്ങുകയില്ലെല്ലോ? ആ പരിതസ്ഥിതിയിൽ അന്നു് കലാപങ്ങൾ എങ്ങനെ ഉണ്ടാകുവാനാണു്?

ഡഫ്രമറെ:—മഠാധിപന്മാരായ പുരോഹിതന്മാരായിരിക്കുകയില്ല കലാപങ്ങൾ സൃഷ്ടിക്കുന്നതു്. കാഷായവസ്ത്രധാരികളെല്ലാം ഒരുമിച്ചുകൂടുമ്പോൾ അധികാരം പ്രകടിപ്പിക്കുവാൻ കഴിവുള്ള സന്യാസിമാരായിരിക്കും കലാപങ്ങൾക്കു് ബീജാവാപം ചെയ്യുന്നതു്. മഠാധിപന്മാരുടെ അഭാവത്തിൽ ജനങ്ങളുടെ കർമ്മങ്ങൾ നടത്തിക്കൊടുക്കുന്നതു് ഈ സന്യാസിമാരാണു്. മററു സന്ദർഭങ്ങളിലാണെങ്കിൽ ദൈവീക കർമ്മങ്ങൾക്കുവേണ്ടി ജനങ്ങൾ സമീപിക്കുന്നതു് പ്രധാനമായും മഠാധിപന്മാരെയാണു്. ഖൗവാസന ദിവസം മുതൽ ഓക്കു് വാസന ദിവസംവരെയുള്ള കാലഘട്ടത്തിൽ സന്യാസിമാരുടെ പ്രതാപം ഒന്നു കാണേണ്ടതാണു്. അന്നു്

അവർ പറയുന്നതനുസരിച്ചേ എന്തും നടക്കുകയുള്ളു. എന്തുകൊണ്ടെന്നാൽ ആ കാലത്തു് പുരോഹിതന്മാരും മഠാധിപന്മാരും യാഗാദികർമ്മങ്ങളിൽതന്നെ മുഴുകിയിരിക്കും.

ഷേവർ:—നിങ്ങൾ എന്തടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നതു്? നിങ്ങൾക്ക് ഇതേക്കുറിച്ചുള്ള പുതിയ വല്ല വിവരവും കിട്ടിയിട്ടുണ്ടോ?

ഡ്യൂമറേ:—ഉവ്വ്. ഇന്നു രാവിലെ എനിക്ക് കിട്ടിയ അറിവ് വാസനോത്സവത്തിൻെറ ആരംഭം മുതൽ അവസാനംവരെ സന്യാസിമാർ മുഴുവൻ അവരവരുടെ സങ്കേതങ്ങളിൽ താമസിച്ചുകൊണ്ടു് ആവശ്യമായ ഒരുക്കങ്ങൾ നടത്തുമെന്നാണ്. ഉത്സവകാലമായ ആ മൂന്നു മാസവും മിക്ക അമ്പലങ്ങളുടേയും മഠങ്ങളുടേയും വെളിയിലേയ്ക്കുള്ള പ്രധാനപ്പെട്ട വാതൽ സ്ഥിരമായി അടച്ചിട്ടിരിക്കുമെന്നുള്ള വസ്തുത അങ്ങേയ്ക്കു് അറിയാമെല്ലോ. അങ്ങനെ വാതൽ അടച്ചുകഴിഞ്ഞാൽ പിന്നെ ഉള്ളിലുള്ളവർക്ക് പുറത്തേയ്ക്കോ പുറത്തുള്ളവർക്ക് ഉള്ളിലേയ്ക്കോ കടക്കുവാൻ സാധിക്കുകയില്ല. ആ ചുററുപാടിൽ ഉള്ളിലിരുന്നുകൊണ്ടു് അവർ എന്തെങ്കിലും മാരകായുധങ്ങൾ നിർമ്മിക്കുകയാണെങ്കിൽ നമുക്ക് അതേപ്പററിയുള്ള യാതൊരു വിവരവും ലഭിക്കുകയില്ല. അങ്ങനെ സന്യാസിമാർ മുഴുവൻ ക്ഷേത്രകവാടങ്ങൾ ബന്ധിച്ച് ഉള്ളിലിരുന്നുകൊണ്ടു് ആവശ്യമായ ഒരുക്കങ്ങൾ നടത്തും. സന്യാസിമാർ വെളിയിൽ നിന്നുകൊണ്ടു് കലാപത്തിനുള്ള കളം ഒരുക്കും. അങ്ങനെ അവർ ജനങ്ങളെ മുഴുവൻ പറഞ്ഞിളക്കുമ്പോഴേയ്ക്കും ഓക്ക് വാസനോത്സവ ദിവസം വന്നുചേരും. അന്ന് കാഷായ വസ്ത്രധാരികളായ ആ സന്യാസിമാർ എല്ലാവിധ ഒരുക്കങ്ങ

ളോട്ടുംകൂടി വെളിയിലിറങ്ങി നമുക്ക് എതിരായി അ ണിനിരക്കും. നമ്മെ വേരോടെ പിഴുതെറിയുവാനായി അവർ അരയും തലയും മുറുക്കി മൈതാനത്തിലിറങ്ങും. (പൊട്ടിച്ചിരിച്ചുകൊണ്ടു്) ഇതാണു് അവരുടെ പ്ലാൻ.

ഷേവർ:—കാര്യം ഇങ്ങനെയാണെങ്കിൽ തന്നെയും നമ്മെ സംബന്ധിച്ചിടത്തോളം ഇതു് അങ്ങേയററം ചിന്താഹ്മമാണു്. ഈ പുരോഹിതവർഗ്ഗത്തിൻെറ മേൽ നമ്മൾ ബലം പ്രയോഗിക്കുകയാണെങ്കിൽ മതാന്ധരായ സാധാരണക്കാരും, ധനികരായ പ്രജകളും ക്ഷോഭിക്കു മെന്നുള്ളതു് തീർച്ചയാണു്. അവർ ശരീരം കൊണ്ട ല്ലെങ്കിൽ തന്നെയും തങ്ങളുടെ അളവററ ധനംകൊണ്ടെ ങ്കിലും അവരെ സഹായിക്കാതിരിക്കുകയില്ല. അടച്ചി ട്ടിരിക്കുന്ന മഠങ്ങളിലും ആശ്രമങ്ങളിലും എന്തൊക്കെ യാണു് നടക്കുന്നതെന്നു് നമുക്കു് ഒരുപിടിയും കിട്ടുകയു മില്ല. നിങ്ങൾക്കു് കിട്ടിയിരിക്കുന്ന അറിവനുസരിച്ചു് സന്യാസികൾ ആയുധം ഉണ്ടാക്കുകയും ഓക്കു് വാസന ദിവസം ആ ആയുധങ്ങളുമായി രംഗത്തിറങ്ങുകയും ചെ യ്താൽ നമ്മുടെ നില പരുങ്ങലിലാകുമെന്നുള്ളതും തീർച്ച യാണു്. നിങ്ങൾക്കു് വിശ്വസനീയമായ ഏതെങ്കിലും കേന്ദ്രത്തിൽ നിന്നാണോ ഈ വിവരം ലഭിച്ചതു്?

"അതേ. ഈ വാർത്ത സത്യമാണെന്നുള്ള കാര്യ ത്തിൽ യാതൊരു സംശയവുമില്ല." എന്നു പറഞ്ഞിട്ടു് ഡ്യൂമറെ കണ്ണുകൊണ്ടു് കാണിച്ച ആ ആംഗ്യം ഷേവ റല്ലാതെ മററാരുംതന്നെ കാണുകയുണ്ടായില്ല. ആ ആംഗ്യത്തിൻെറ പൊരുൾ അദ്ദേഹം പെട്ടെന്നുത ന്നെ മനസ്സിലാക്കുകയും ചെയ്തു. തനിക്കു് ഈ വാർത്ത ലഭിച്ച കേന്ദ്രം അത്രയും ആളുകളുടെ മുമ്പിൽവെച്ചു് വെളിപ്പെടുത്തുവാൻ ഡ്യൂമറേ ഇഷ്ട

പ്പെട്ടുന്നില്ലെന്നു് മനസ്സിലാക്കിയ ഷേവർ അതേപ്പററി എന്തെങ്കിലും കൂടുതലായി ചോദിക്കുന്നതു് ശരിയല്ലെന്നു് വിചാരിച്ചു് മൗനം അവലംബിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ മറെറാരു ഓഫീസർ അവിടുത്തെ നിശ്ശബ്ദതയ്ക്കു് വിരാമമിട്ടു. "അടച്ചിട്ടുന്ന മഠങ്ങളിൽനിന്നും അമ്പലങ്ങളിൽനിന്നും നമുക്കു് അപകടമുണ്ടാകുവാൻ സാദ്ധ്യതയുണ്ടെങ്കിൽ അങ്ങനെയുള്ള സ്ഥലങ്ങളിലെല്ലാം നമ്മുടെ ചാരന്മാരെ രഹസ്യമായി നിയോഗിച്ചാലെന്താണു"?"

ഡ്യൂമറെ:—അതിനുവേണ്ടി ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ എല്ലാ സ്ഥലങ്ങളിലും എന്റെ ചാരന്മാൎക്കു് എത്തിച്ചേരുവാൻ സാധിക്കുമോ എന്നു് ഞാൻ സംശയിക്കുന്നു. ഈ സന്യാസികളിലും അനേകം 'ക്ലാസ്സുകൾ' ഉണ്ടു്. അവരുടെ പൂജാരീതികളിലും കർമ്മാനുഷ്ഠാനങ്ങളിലും വലിയ വ്യത്യാസങ്ങളുണ്ടു്. ഒരു ക്ലാസ്സിൽ നിന്നും അടുത്ത ക്ലാസ്സിൽ എത്തണമെങ്കിൽ മുമ്മൂന്നു വർഷംവീതം കൊടും തപസ്സുചെയ്യണം. അവസാനത്തെ ഏററവും ഉയൎന്ന പത്താമത്തെ ക്ലാസ്സിൽ എത്തിച്ചേരണമെങ്കിൽ കുറഞ്ഞപക്ഷം മുപ്പതുവർഷമെങ്കിലും സന്യാസവൃത്തി അനുഷ്ഠിച്ചിരിക്കണമെന്നു് നിർബന്ധമാണു്. ഇങ്ങനെ മുപ്പതുവർഷക്കാലത്തെ ഉഗ്രമായ തപസ്സിനും, കഷ്ടപ്പാടുകൾക്കും ശേഷം പുരോഹിതപദവി കരസ്ഥമാക്കിയവർ നമ്മുടെ പ്രലോഭനങ്ങളിൽ കുടുങ്ങി നമുക്കു് വശംവദരായിതീരുമെന്നു് വിശ്വസിക്കുവാൻ വിഷമമാണു്. ഇങ്ങനെ ഏററവും ഉയൎന്ന നിലയിൽ എത്തിയ വൃദ്ധപുരോഹിതന്മാർ താമസിക്കുന്ന മഠങ്ങളും ആശ്രമങ്ങളുമാണു് ഖൗവാസൻ മുതൽ ഓക്കു് വാസൻവരെ അടച്ചിട്ടുന്നതു്. ആ സ്ഥല

ങ്ങളിൽ സാധാരണ സന്യാസിമാക്കും, ഭാര്യയോടു പിണങ്ങി കാഷായവസ്ത്രം ധരിച്ച സന്യാസിമാർക്കും എത്തിനോക്കുവാൻപോലും സാധിക്കുകയില്ല.

രണ്ടാമത്തെ ഓഫീസർ:—സന്യാസിമാർ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതു് ഈ നാട്ടിൽ മാത്രമേ ഞാൻ കാണുന്നുള്ളു. ആദ്ധ്യാത്മികകാര്യങ്ങളിൽ തന്നെ ശ്രദ്ധപതിപ്പിച്ചു് മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ ആരായേണ്ട ഈ പുരോഹിതന്മാർ കുഴപ്പംപിടിച്ച രാഷ്ട്രീയകാര്യങ്ങളിൽ തലയിടുന്നതു് ശരിയാണോ?

മൂന്നാമത്തെ ഓഫീസർ:—ഇതു് 'ആ പുതിയ സ്കൂളിൻെറ' പ്രവത്തനഫലമാണു്. അവർ പറയുന്നതും പ്രചരിപ്പിക്കുന്നതും പുരോഹിതന്മാർ ആത്മോന്നതിയ്ക്കുള്ള മാർഗ്ഗങ്ങൾ തേടുന്നതോടൊപ്പം ശാരീരികോന്നതിക്കുള്ള മാർഗ്ഗങ്ങൾകൂടി അവലംബിക്കണമെന്നാണു്. പുരോഹിതന്മാരുടെ ശ്രദ്ധ ആത്മാവിൽ നിന്നും തിരിഞ്ഞു് ശരീരത്തിൽമാത്രം പതിക്കുകയാണെങ്കിൽ പിന്നെ അവിടെ എന്തുതന്നെ നടക്കുകയില്ല!

ഡ്യൂമറെ:—നിങ്ങൾ പറഞ്ഞതു് വളരെ ശരിയാണു്. ആ ചെറുപ്പക്കാർ ഈ പുതിയ സിദ്ധാന്തം പ്രചരിപ്പിക്കുവാൻ തുടങ്ങിയ അന്നുതന്നെ ഞാൻ പറഞ്ഞതാണു് നിയമപരമായ മാഗ്ഗങ്ങളിലൂടെ അവരുടെ ഈ പ്രചരണം തടയണമെന്നു്. പക്ഷേ, ആരു് കേൾക്കാനാണു്? ഇപ്പോൾ അതിൻെറ ഫലം നമ്മൾ കാണുന്നുണ്ടല്ലോ. ഈ അഞ്ചു വർഷത്തിനുള്ളിൽ ഇവിടെ എന്തൊരു പരിവത്തനമാണു് ഉണ്ടായിരിക്കുന്നതു്! വാൾ, റിവാൾവർ, അമ്പു്, വില്ലു്, ഈട്ടി തുടങ്ങിയ ആയുധങ്ങൾ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുവാൻ അറിവില്ലാത്ത ഒററ പുരോഹിതനെയെ

കിലും ഇന്നു് കണ്ടുപിടിക്കുവാൻ വിഷമമമാണു്. ഇതിൻെറയൊക്കെ ഫലമോ? ശരീരം സുശക്തമായി തീരുമ്പോരം ആ ശരീരം ഉപയോഗിക്കുവാനുള്ള ആഗ്രഹവും അതിനനുസരിച്ചു് വദ്ധിക്കും. പുരോഹിതന്മാർ നേരത്തേമുതൽ തന്നെ ധനികരും പ്രതാപശാലികളും ആണു്. ഇപ്പോഴാകട്ടെ, അവർ ശക്തിശാലികളുമായിക്കഴിഞ്ഞു. അങ്ങനെ അവർ ഇന്നു് എല്ലാത്തരത്തിലും നമ്മുടെ പ്രയാണമാർഗ്ഗത്തിലെ ഏററവും വലിയ മുള്ളുകളായിത്തീന്നിരിക്കുകയാണു്.

ഡഘ്യൂമറേയുടെ ഉറച്ച സ്വരത്തിലുള്ള ഈ അഭിപ്രായത്തിൻെറ പ്രതികരണം അവിടെ സന്നിഹിതരായിരുന്നവരിൽ വിഭിന്നരീതിയിലാണു് ഉണ്ടായതു്. അവരെല്ലാവരും ദത്തശ്രദ്ധരായി അയാളുടെ വാക്കുകരം തന്നെ ശ്രവിച്ചുകൊണ്ടിരുന്നു. അല്പനേരത്തേയ്ക്കു് അവിടമാകെ നിശ്ശബ്ദത വ്യാപിച്ചു. അവസാനം കൗണ്ടു് ഷേവർ ആ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് ഇങ്ങനെ ചോദിച്ചു. “വാസനോത്സവം എത്രാം തീയതിയാണു് ആരംഭിക്കുന്നതു്?”

“ഖൗവാസൻ ജൂലായ് പതിമൂന്നാം തീയതിയും ഓക്കു് വാസൻ.......” ഡഘ്യൂമറേയ്ക്കു് ആ വാചകം പൂൎണ്ണമാക്കുവാൻ സാധിക്കുന്നതിനു മുമ്പായി ഒരു പട്ടാള ഉദ്യോഗസ്ഥൻ വെളിയിൽനിന്നും വേഗം ആ മുറിക്കുള്ളിലേയ്ക്കു് കടന്നുവന്നു് ഗവർണറെ സൈനികരീതിയിൽ അഭിവാദനം ചെയ്തതിനുശേഷം ഒരു കത്തു് ഡഘ്യൂമറേയുടെ കയ്യിൽ കൊടുത്തു. ഡഘ്യൂമറേ ഉൽക്കണ്ഠയോടെ കത്തു് പൊട്ടിച്ചു വായിച്ചതിനുശേഷം ഗവർണറുടെ അടുക്കലേയ്ക്കു് കുനിഞ്ഞു് അടക്കിയ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു. “ഒരു പത്തു മിനിററു

സമയത്തേയ്ക്കു് ഞാൻവെളിയിലേയ്ക്കു് പോകുകയാണു്. എന്നെ കാണാനായി ഒരു പുരോഹിതൻ വെളിയിൽ വന്നു് നില്പുണ്ടു്. അയാൾ നമ്മുടെ ആൾക്കാരനാണു്. അയാളിൽനിന്നും നമുക്കു് കലാപങ്ങളുടെ പൂർണ്ണവിവരം മുഴുവൻ അറിയാൻ സാധിച്ചേക്കും."

KOTTAYAM PUBLIC LIBRARY KOTTAYAM
79859

# 3

അവസാനം ചിരകാലപ്രതീക്ഷിതമായ ആ ഭയാനകദിവസവും—ജൂലൈ പതിമൂന്നു്—സമാഗതമായി. യാതൊരു പുതിയ സംഭവവികാസങ്ങൾക്കും സാക്ഷ്യം വഹിക്കാതെ ആ ദിവസം വന്നതുപോലെതന്നെ കടന്നുപോകുകയും ചെയ്തു. ആഡംബരത്തോടും ആഘോഷത്തോടും, വാദ്യമേളങ്ങളോടും, ഘോഷയാത്രകളോടും, വിരുന്നുകളോടും, പൂജാദികർമ്മങ്ങളോടുംകൂടി ശ്യാമിലേയും, അനാമിലേയും, കംബോഡിയായിലേയും, ഫ്രെഞ്ച് ഇൻഡോ ചൈനായിലേയും ജനങ്ങളും പുരോഹിതന്മാരും സന്യാസികളും ഖൗവാസനോത്സവം കൊണ്ടാടിയതിനുശേഷംവിശ്രമസുഖംഅനുഭവിക്കുവാൻതുടങ്ങി. ജനങ്ങൾമുഴുവൻ അവരവരുടെദൈനംദിനജോലികളിൽ വ്യാപൃതരായി.സന്യാസികളുംപുരോഹിതന്മാരുംഅവരവരുടെ സങ്കേതങ്ങളിൽതന്നെ താമസിച്ചുകൊണ്ടു് പൂജകളും ഹോമങ്ങളും മററും മുറപോലെ ആരംഭിച്ചു. അങ്ങനെ പത്തു പന്ത്രണ്ടു ദിവസങ്ങൾ മുന്നോട്ടുനീങ്ങി.

ഫ്രഞ്ച് ഉദ്യോഗസ്ഥന്മാരുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരുന്ന ഭയവും സംശയവും ഉൽക്കണ്ഠയും ഏറെക്കുറെ അവസാനിച്ചു കഴിഞ്ഞപ്പോഴാണ് അപ്രതീക്ഷിതമായി ശത്രുക്കളുടെ ആദ്യത്തെ ആക്രമണം ആരംഭിച്ചതു്. തികച്ചും അത്ഭുതകരമായ രീതിയിൽ ഒരു പ്രേതലീല കണക്കെ, സൈഗൺ ഗവർണ്ണറായ കൗണ്ട് ഷേവർ അപ്രത്യക്ഷനായിപ്പോയി.

സംഭവം ഇങ്ങനെയായിരുന്നു. വാസന്തോത്സവത്തിന്റെ ആരംഭദിവസങ്ങളിൽ ഷേവർ അത്യന്തം ഉൽക്കണ്ഠാകുലനായും ചിന്തിതനായും കഴിയുകയായിരുന്നു. എപ്പോൾ എവിടെക്കൂടി, എങ്ങനെ വിപ്ലവം ആരംഭിക്കുമെന്നുള്ളതു് അദ്ദേഹത്തെ ആശങ്കാകുലനും പരിഭ്രാന്തനുമാക്കി തീർത്തിരുന്നു. എന്നാൽ എട്ടുപത്തു ദിവസം കഴിഞ്ഞിട്ടും യാതൊരു കുഴപ്പവും ഉണ്ടാകാതിരുന്നതിനാൽ, എങ്ങും ശാന്തിയും സമാധാനവും നൃത്തം ചെയ്യുന്നതു കണ്ടപ്പോൾ യാതൊരു തരത്തിലുള്ള ഭയത്തിനും ആശങ്കയ്ക്കും ഇനി കാരണമില്ലെന്നു് ധരിച്ചുപോയ ഷേവർ അല്പം ആശ്വസിച്ചു. അങ്ങനെ സമാധാനചിത്തനായി തീർന്ന ഷേവർ ഒരു ദിവസം മത്സ്യബന്ധനത്തിനുവേണ്ടി പുറപ്പെട്ടു. പൂർവ്വേഷ്യയിൽ മഴ ധാരാളമുള്ളതുകൊണ്ട് നദികൾക്കും തോടുകൾക്കും യാതൊരു ക്ഷാമവുമില്ലല്ലോ. എന്നുമാത്രമല്ല, മഴ ആരംഭിച്ചാൽ പിന്നെ പല സ്ഥലത്തും വെള്ളം കെട്ടിക്കിടന്നു് തടാകങ്ങളുടെ രൂപം കൈക്കൊള്ളാറുമുണ്ട്. മഴക്കാലങ്ങളിൽ റോഡുകളിലും വഴികളിലും മററും വെള്ളം ഉയരാറുള്ളതുകൊണ്ട് പലപ്പോഴും ഗതാഗതംപോലും മുടങ്ങിപ്പോകാറുണ്ട്. വെള്ളപ്പൊക്കത്തോടൊപ്പംതന്നെ മത്സ്യങ്ങളുടെ തള്ളിക്കയററവും ഒരു സാധാരണ സംഭ

വം മാത്രമായിരുന്നു. പലതരത്തിലുള്ള മത്സ്യങ്ങളാണ് മഴക്കാലത്ത് കടലിൽനിന്നും പുതുവെള്ളത്തിലേയ്ക്ക് കുതിച്ചുകയറാറുള്ളത്. അവയിൽ പല ഇനവും സമുദ്ര ജലത്തിൽതന്നെയാണ് കഴിയാറുള്ളതെങ്കിലും മുട്ടയിടുന്നതു് ഉപ്പുരസമില്ലാത്ത നദീജലത്തിലായിരിക്കും. എക്കലും ചെളിയും നിറഞ്ഞ മഴവെള്ളം നദിയിലൂടെ കര കവിഞ്ഞു് സമുദ്രത്തിലേയ്ക്ക് ഒഴുകുമ്പോൾ ആ പുതുവെള്ളപ്പാച്ചിലിനെ പിളന്നുമാററിക്കൊണ്ടു് കോടിക്കണക്കിന് മത്സ്യങ്ങൾ നദികളിലൂടെ മുന്നോട്ട് കുതിച്ചുകയറും. അവസാനം കലക്കലില്ലാത്ത ശുദ്ധജലം കാണുന്നതുവരെ മത്സ്യങ്ങളുടെ ആ നീണ്ട വ്യൂഹം മുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരിക്കും. ശുദ്ധജലം കണ്ടുതുടങ്ങിയാൽ ഉടൻതന്നെ അവ നദീതീരത്തിലുള്ള ചതുപ്പുനിലങ്ങളിൽ മുട്ടയിടുവാൻ ആരംഭിക്കും. മഴക്കാലം അവസാനിക്കുന്നതോടെ അവ തങ്ങളുടെ സ്ഥിരസങ്കേതമായ സമുദ്രത്തിലേയ്ക്ക് മടങ്ങിപ്പോകുകയും ചെയ്യും. സ്വന്തം വംശം നിലനിർത്തുന്നതിനുവേണ്ടി ആ മത്സ്യങ്ങൾക്ക് സഹിക്കേണ്ടി വരുന്ന ബദ്ധപ്പാടുകൾ കാണുമ്പോൾ പ്രകൃതിയുടെ വികൃതിയെക്കുറിച്ചു് ചിന്തിച്ചു് നമ്മൾ അത്ഭുതാധീനരായിപ്പോകും. മഴക്കാലം ആരംഭിക്കുന്നതോടുകൂടി മുക്കുവന്മാരുടേയും മത്സ്യപ്രേമികളുടേയും ഭാഗ്യനക്ഷത്രവും ഉദയം ചെയ്യും. മഴക്കാലത്തോടുകൂടി ആഹാരസാധനങ്ങൾക്ക് വില വർദ്ധിക്കുന്നതിനാൽ ആയിരക്കണക്കിനുള്ള സാധാരണക്കാരുടെ നിത്യജീവിതത്തിനുള്ള ഒരേ ഒരു ഉപാധി മീൻ പിടിത്തം മാത്രമാണു്.

അങ്ങനെ മഴക്കാലം അതിൻെറ മുഴുവൻ പ്രതാപത്തോടുംകൂടി ആരംഭിച്ചു. നദികൾ കരകവിഞ്ഞു്

ആത്തിരമ്പി ഒഴുകുവാൻ തുടങ്ങിയതോടെ മത്സ്യങ്ങളുടെ തള്ളിക്കയററവും ആരംഭിച്ചു. കാറും കോളുമില്ലാതിരുന്ന ഒരു സന്ധ്യാസമയത്ത് കൗണ്ട് ഷേവർ മീൻ പിടിക്കുവാനായി ഏഴെട്ടു് മോട്ടോർ ബോട്ടുകളിൽ തന്റെ അനുയായികളോടുകൂടി പുറപ്പെട്ടു. സൈഗൺ നഗരത്തിൽനിന്നും മുപ്പതു് നാല്പതുമൈൽ അകലെയുള്ള മേക്കോങ്ങ് നദിയിൽ ആ ചെറുബോട്ടുകൾ ഓളപ്പാത്തികളിൽ ആടിക്കളിക്കുവാൻ തുടങ്ങി. ഏററവും മനോഹരവും വലിയതും വേഗം കൂടിയതുമായ ഒരു ബോട്ടിലായിരുന്നു ഷേവർ കയറിയതു്. അദ്ദേഹത്തോടൊപ്പം ആ ബോട്ടിൽ അദ്ദേഹത്തിൻെറ രണ്ടു് ഉററ സ്നേഹിതന്മാരും മൂന്നുനാലു് അംഗരക്ഷകന്മാരും ഏതാനും നാവികരും ഉണ്ടായിരുന്നു. ഏറുളികൾകൊണ്ടും കുന്തങ്ങൾകൊണ്ടും ചൂണ്ടകൾകൊണ്ടും മത്സ്യങ്ങളെ വേട്ടയാടിക്കൊണ്ടു് ആ ചെറുസംഘം മേക്കോങ്ങ് നദിയിൽ അങ്ങോട്ടും ഇങ്ങോട്ടും ചുററിത്തിരിഞ്ഞുകൊണ്ടിരുന്നു. സമുദ്രം വളരെ അടുത്തായിരുന്നതിനാൽ അവിടെ നദിയിലെ ഒഴുക്കിന് പറയത്തക്ക ശക്തി ഉണ്ടായിരുന്നില്ല. അന്നു് ആ ഭാഗത്തു് വളരെയധികം മത്സ്യങ്ങൾ ഉണ്ടായിരുന്നു. അതിനാൽ ഷേവറുടെയും അനുയായികളുടേയും ഉത്സാഹത്തിനും ആവേശത്തിനും അതിരുണ്ടായിരുന്നില്ല. അവർ നദിയിൽ പല ഭാഗങ്ങളിലായി നിന്നുകൊണ്ടു് മീൻ പിടിക്കുവാൻ തുടങ്ങി. ഷേവറുടെ ബോട്ടു് നദിയിൽ ഒരു ഭാഗത്തായി വളന്നുനിന്നിരുന്ന ഒരു് കുററിക്കാടിൻെറ അടുക്കലാണു് അപ്പോൾ നിന്നിരുന്നതു്. സാധാരണയായി ആ ഇനം കുററിക്കാടുകളുടെ സമീപപ്രദേശങ്ങളിലായിരിക്കും മത്സ്യങ്ങൾ കൂട്ടംകൂടി നില്ക്കാറുള്ളതു്. ബോട്ടുകൾ കെട്ടിയിട്ടുകൊണ്ടു് മത്സ്യം

പിടിക്കുവാനും ആ സ്ഥലങ്ങളിൽ മററു സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതൽ സൗകര്യവും ഉണ്ടായിരുന്നു. അങ്ങനെ ഏററവും സൗകര്യപ്രദമായിരുന്ന ആ സ്ഥലത്ത് ചുററിക്കറങ്ങിക്കൊണ്ടിരുന്ന ഷേവറിൻെറ ബോട്ട് നാടകീയമായ രീതിയിൽ അപ്രത്യക്ഷപ്പെടുകയാണ് ചെയ്തത്.

കുറേ സമയത്തേയ്ക്ക് മററു ബോട്ടുകളിലുണ്ടായിരുന്നവക്ക് യാതൊരുവിധ സംശയവും തോന്നിയില്ല. എന്നാൽ വളരെയധികം സമയം കഴിഞ്ഞിട്ടും ഷേവറിൻെറ ബോട്ട് കാണാതായപ്പോഴാണ് അവർ അന്വേഷണം ആരംഭിച്ചത്. അപ്പോഴേയ്ക്കും ഇരുട്ട് വ്യാപിച്ചുകഴിഞ്ഞിരുന്നു. വളരെയധികം അന്വേഷണങ്ങൾ നടത്തിയിട്ടും യാതൊരു പ്രയോജനവും ഉണ്ടായില്ല. സമീപസ്ഥലങ്ങൾ മുഴുവൻ അവർ പരിശോധിച്ചുനോക്കി. അവസാനം പരിഭ്രാന്തരായിത്തീർന്ന അവർ പോലീസിനെ വിവരം അറിയിച്ചു. പോലീസുകാരും യുദ്ധക്കപ്പലുകളും സംഭവസ്ഥലത്ത് പാഞ്ഞെത്തി. കപ്പലുകളുടെ സേർച്ച് ലൈററ് അവിടമാകെ പ്രകാശിപ്പിച്ചുനോക്കി. യാതൊരു ഫലവും ഉണ്ടായില്ല. ഷേവറുടേയോ, അനുയായികളുടേയോ, അവർ സഞ്ചരിച്ചിരുന്ന മോട്ടോർ ബോട്ടിൻെറയോ പൊടിപോലും അവിടെയെങ്ങും കാണപ്പെട്ടില്ല. ഏതോ തരത്തിൽ ബോട്ട് അപകടത്തിൽപ്പെട്ട് മുങ്ങിപ്പോയിരിക്കാണുമെന്ന് അവർ സംശയിച്ചു. പിറേറദിവസം മുങ്ങവിദഗ്ധന്മാരും, വലവീശലിൽ സമത്ഥരായ മുക്കുവന്മാരും ആ നദിയാകെ മുങ്ങിത്തപ്പിയിട്ടും, വലവീശിനോക്കിയിട്ടും യാതൊരു പ്രയോജനവും സിദ്ധിക്കാതെ പോയപ്പോൾ അവരുടെ ചിന്ത മററു വഴികളിലേയ്ക്ക്

തിരിഞ്ഞു. "ഒരുപക്ഷേ, വിപ്ലവകാരികളുടെ വല്ല പ്രവൎത്തനവുമായിരിക്കുമോ ഇതു്?" പലരും പതിഞ്ഞ സ്വരത്തിൽ പരസ്പരം ചോദിക്കുവാൻ തുടങ്ങി.

നാലഞ്ചുദിവസം അന്വേഷണം ഊൎജ്ജിതത്തിൽ നടന്നു. ഭരണാധികാരികൾ മുഴുവൻ വിറച്ചുപോയി. അജ്ഞാതമായ ഒരു ഭയം അവരെ കിടിലംകൊള്ളിച്ചു. അനിഷ്ടശങ്കകൾ അവരെ വലയംചെയ്തു. അധികം താമസിയാതെ തന്നെ രണ്ടാമത്തെ ആക്രമണവും ആരംഭിച്ചു. ഘോരാന്ധകാരത്തിൽ കറുത്തിരുണ്ട ആകാശത്തിൽനിന്നും ഫ്രഞ്ചുകാരുടെ സൈന്യത്തിൻെറമേലും, കോട്ടകളിലും, സൈന്യസംഗ്രഹാലയത്തിലും, കലവറകളിലും എന്നുവേണ്ട, സമരപ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളിലും അശനിപാതമുണ്ടായി. പ്രശാന്തമായിരുന്ന ആകാശത്തിൽ, അങ്ങ് വിദൂരതയിൽ, ആകസ്മികമായി ഒരു മിന്നൽപിണർ ദൃശ്യമായി. നക്ഷത്രം തെറിച്ചുവീഴുന്നതുപോലെ ഒരു ചെറിയ അഗ്നിഗോളം തീജ്വാലകൾ വൎഷിച്ചുകൊണ്ടു് പട്ടാളപ്പാളയങ്ങളുടെ നേൎക്കു് പാഞ്ഞുവന്നു. നിമിഷനേരത്തിനുള്ളിൽ ദിഗന്തം ഭേദിക്കുമാറുള്ള ഒരു പൊട്ടിത്തെറിക്കലും അതേ തുടൎന്നു് അഗ്നിപ്രളയവും ആരംഭിച്ചു. കണ്ണടച്ചു് തുറക്കുന്നതിനു മുമ്പു് ആ പാളയങ്ങൾ മുഴുവൻ ഒരുപിടി ചാമ്പലായിമാറി. നാലുപാടും ദീനരോദനങ്ങളും, കരുണാക്രന്ദനങ്ങളും ഉയൎന്നുപൊങ്ങി.

ആ അഗ്നിസ്ഫുലിംഗങ്ങൾ എവിടെനിന്നു് വന്നുവെന്നോ, അതു് ആരാണു് അയച്ചതെന്നോ ആൎക്കും യാതൊരു പിടിയും കിട്ടിയില്ല. പല സ്ഥലത്തും അതേ രീതിയിലുള്ള അഗ്നിഗോളങ്ങൾ വീണു് പലതും തകൎത്തുകളഞ്ഞുവെന്ന വാൎത്ത ഫ്രഞ്ചു് ഉദ്യോഗസ്ഥന്മാരെ

വികമ്പിതഗാത്രരാക്കിതീർത്തു. ആറുമാസക്കാലം നീണ്ടു നില്ക്കുന്ന ഭയാനകമായ യുദ്ധംകൊണ്ടുണ്ടാകുന്നതിനേക്കാൾ അധികം നാശനഷ്ടങ്ങൾ രണ്ടുമൂന്നു ദിവസം നീണ്ടു നിന്ന ആ അഗ്നിപ്രളയംകൊണ്ടുണ്ടായി എന്നു പറയുമ്പോൾ അതിൻെറ ഭയാനകതയും ഭീകരതയും അനുമാനിക്കാവുന്നതാണെല്ലോ. പട്ടാളകേന്ദ്രങ്ങളിലാകെ ഭീതിയും, അമ്പരപ്പും, വ്യാകുലതയും അലതല്ലുവാൻ തുടങ്ങി.

അങ്ങനെ എങ്ങും പരിഭ്രാന്തിയും, ഭീതിയും അലതല്ലിക്കൊണ്ടിരുന്ന ആ അന്തരീക്ഷത്തിൽ ശത്രുക്കളുടെ മൂന്നാമത്തെ ആക്രമണവും നടന്നു. ഫ്രഞ്ചുകാരുടെവക തുറമുഖങ്ങളിൽ നങ്കൂരമടിച്ചുകിടന്നിരുന്ന യുദ്ധക്കപ്പലുകളിലും ക്രൂസറുകളിലും, സബ്മറൈൻ കപ്പലുകളിലും ഭയങ്കരമായ സ്ഫോടനം ഉണ്ടായി. ഭയാനകമായ ആ സ്ഫോടനത്തിൻെറ ഫലമായി ആ കപ്പൽസമൂഹത്തിൽ പലതും തകർന്ന് തരിപ്പണമായിപ്പോയി. ഒട്ടുവളരെ കപ്പലുകൾക്ക് കേടുപാടുകൾ സംഭവിച്ചു. പല പൊട്ടിത്തെറിക്കലുകളും കപ്പലുകളുടെ എഞ്ചിൻ മുറികൾക്കുള്ളിലാണ് നടന്നതു്. ആധുനികമായ എല്ലാവിധ യുദ്ധസാമഗ്രികളാലും സുസജ്ജിതമായിരുന്ന ആ കപ്പലുകൾ പൊട്ടിത്തകർന്ന് ഇരുമ്പുകഷണങ്ങളുടേയും പലകകളുടേയും ഒരു കൂമ്പാരമായി മാറി. ഈ മൂന്നാമത്തെ ആക്രമണം ആദ്യത്തെ രണ്ട് ആക്രമണങ്ങളേക്കാളും കൂടുതൽ തീഷ്ണതയുള്ളതും, ഫ്രഞ്ചുകാരെ സംബന്ധിച്ചിടത്തോളം നികത്താനാവാത്ത നാശനഷ്ടങ്ങൾക്ക് ഇടവരുത്തിയതും ആയിരുന്നു. കാരണം, ലക്ഷക്കണക്കിന് രൂപാ വിലപിടിപ്പുള്ള കപ്പലുകൾ ഞൊടിയിടകൊണ്ട് തകർന്ന് തരിപ്പണമായിപ്പോയി. കോടി

ക്കണക്കിന് രൂപാ വിലപിടിപ്പുള്ള സാധനങ്ങൾ സമുദ്രാന്തരാളത്തിൽ താണുപോയി. ആ ഭീമമായ നഷ്ടം നികത്തണമെങ്കിൽ ഫ്രഞ്ചുകാർക്ക് വർഷങ്ങളോളം കഠിനാദ്ധ്വാനം ചെയ്യേണ്ടി വരും.

ഈ മൂന്നാമത്തെ ആക്രമണം ഫ്രഞ്ചുകാരെ വാസ്തവത്തിൽ അടിയോടെ സ്തംഭിപ്പിച്ചുകളഞ്ഞു. തങ്ങൾക്ക് അജയ്യരായ ഒരു കൂട്ടം ശത്രുക്കൾ ഉണ്ടായിട്ടുണ്ടെന്നും, അവരെ എതിരിടുവാൻ തങ്ങളെക്കൊണ്ട് ഒരിക്കലും സാദ്ധ്യമാകുകയില്ലെന്നും, ഈ ആക്രമണത്തിൻെറ ഫലമായി ഫ്രഞ്ചുകാർക്ക് നല്ലതുപോലെ മനസ്സിലായി. മർമ്മസ്ഥലങ്ങൾമാത്രം നോക്കിയുള്ള ഈ ആക്രമണം ഫ്രഞ്ചുകാരുടെ എല്ലാ ആശകളേയും തകർത്തുകളഞ്ഞു.

ഫ്രാൻസിനും ഫ്രഞ്ച് ഇൻഡോ ചൈനായ്ക്കും ഇടയ്ക്ക് വായുവേഗത്തിൽ ടെലഗ്രാം സന്ദേശങ്ങളും, ഫോൺ സന്ദേശങ്ങളും പായുവാൻ തുടങ്ങി. എങ്ങും അന്വേഷണങ്ങളുടെ പ്രളയംതന്നെ. ഇതുവരെ അവർ ധരിച്ചിരുന്നതും വിശ്വസിച്ചിരുന്നതും വാസനോത്സവദിവസം കലാപങ്ങൾ ആരംഭിക്കുമെന്നും, കലാപങ്ങൾക്ക് നേതൃത്വം വഹിക്കുന്നതു് പുരോഹിതന്മാരായിരിക്കുമെന്നും മററുമായിരുന്നു. പക്ഷേ, ഇപ്പോൾ നടന്ന ആ മൂന്ന് ആക്രമണങ്ങളും അവരുടെ ധാരണയ്ക്കും വിശ്വാസത്തിനും, പ്രതീക്ഷയ്ക്കും കടകവിരുദ്ധമായിട്ടുള്ളതായിരുന്നു. ഈ ആക്രമണങ്ങൾ നടത്തിയതു് ആരാണെന്നോ, ഏതു കേന്ദ്രത്തിൽനിന്നാണ് ആക്രമണം ഉണ്ടായതെന്നോ എത്ര ശ്രമിച്ചിട്ടും മനസ്സിലാക്കുവാൻ ശക്തിശാലികളായ ഫ്രഞ്ച് ഭരണാധികാരികൾക്ക് സാധിച്ചില്ല.

★

# 4

സാമാന്യം വലിയ ഒരു വിമാനം രാത്രിയുടെ കറുത്ത യവനികയ്ക്കുള്ളിൽ സ്വയം മറഞ്ഞു് വായുവേഗത്തിൽ പറന്നു പൊയ്ക്കൊണ്ടിരുന്നു.

പകൽ സമയമായിരുന്നെങ്കിൽ വായനക്കാർക്ക് ആ വിമാനം പെട്ടെന്നു് തിരിച്ചറിയുവാൻ സാധിക്കുമായിരുന്നു. കാരണം സുപ്രസിദ്ധ ശാസ്ത്രജ്ഞനായ പണ്ഡിററു് ഗോപാൽശങ്കരുടെ പ്രിയപ്പെട്ട 'ടൈഗർ' എന്ന വിമാനമാണു് ആ പൊയ്ക്കൊണ്ടിരിക്കുന്നതു്. ഗോപാൽശങ്കർ കണ്ടുപിടിച്ച റേഡിയംഗൺ ഘടിപ്പിച്ച ആ വിമാനം ഇപ്പോൾ ഓടിച്ചുകൊണ്ടിരിക്കുന്നതു് വായനക്കാർക്ക് പരിചിതനായ ഗോവിന്ദനാണു്. അയാൾ സ്വസ്ഥാനത്തു് ഇരുന്നുകൊണ്ടു് അവധാനതയോടുകൂടി അതിലെ ഓരോ യന്ത്രവും പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുകയാണു്. അയാളുടെ കൂടെക്കൂടെയുള്ള താഴേക്കുള്ള നോട്ടം കണ്ടാൽ അതു് രാത്രിയല്ല; പ്രത്യുത

പകൽ സമയമാണെന്നും, കറുത്തിരുണ്ട ആകാശത്തിലേക്കല്ല; ചിരപരിചിതമായ ഭൂമിയിലേയ്ക്കാണ് ഉററു നോക്കുന്നതെന്നും തോന്നുമായിരുന്നു.

നിങ്ങൾ ആ വിമാനത്തിനുള്ളിൽ അല്ലായിരുന്നെങ്കിൽ, താഴെ എവിടെയെങ്കിലും ആയിരുന്നെങ്കിൽ അഥവാ മറേറതെങ്കിലും വിമാനത്തിലായിരുന്നെങ്കിൽ പകൽ സമയത്താണെങ്കിൽപോലും ഈവക കാര്യങ്ങളൊന്നും അറിയുവാൻ സാധിക്കുമായിരുന്നില്ല. കാരണം ഗോപാൽശങ്കറിൻെറ ചരിത്രപ്രസിദ്ധമായ 'ശ്യാമ' യ്ക്കുണ്ടായിരുന്ന എല്ലാവിധ ഗുണങ്ങളും വിശേഷതകളും ഈ 'ടൈഗറിനും' ഉണ്ടായിരുന്നു. വിമാനം വായുവേഗത്തിൽ പറന്നുകൊണ്ടിരിക്കുകയാണെങ്കിലും അതിൽ നിന്നു് നേരിയ ശബ്ദംപോലും പുറപ്പെട്ടിരുന്നില്ല. ബാഹ്യചക്ഷുസ്സുകൾക്കു് ആ വിമാനം ഗോചരീഭവിച്ചിരുന്നുമില്ല. ശത്രുക്കൾ ഗോപാൽശങ്കറുടെ ശ്യാമയെ തട്ടിയെടുത്തു് അതേ മാതൃകയിൽ സ്വയം അദൃശ്യമാകുവാൻ കഴിവുള്ള അനേകം വിമാനങ്ങൾ നിർമ്മിച്ച വസ്തുത വായനക്കാർക്കു് ഓർമ്മയുണ്ടായിരിക്കുമെല്ലോ. എന്നാൽ ടൈഗറിനു് ശ്യാമയ്ക്കുപോലും ഇല്ലാതിരുന്ന അനേകം ഗുണങ്ങൾ കിട്ടിയിട്ടുണ്ടു്. അതുമായി പരിചയപ്പെടുവാൻ പ്രിയപ്പെട്ട വായനക്കാർക്കു് ഇതുവരെയും സൗകര്യം ലഭിച്ചിട്ടില്ലെങ്കിലും അധികം താമസിയാതെ തന്നെ ടൈഗറിൻെറ വിശേഷതകളുമായി പരിചയപ്പെടുവാനുള്ള സൗഭാഗ്യം ലഭിക്കുമെന്നുള്ളതു് തീർച്ചയാണു്.

വായുവേഗത്തിൽ പറന്നകന്നുകൊണ്ടിരുന്ന ടൈഗറിൽ യാതൊരു തരത്തിലുമുള്ള വെളിച്ചവും ഇല്ലാതിരുന്നതിനാൽ ഗോവിന്ദനെക്കൂടാതെ ആ വിമാനത്തിൽ

വേറെ ആരെല്ലാംകൂടി ഉണ്ടെന്നു് വായനക്കാർക്കു് കണ്ടു പിടിക്കുവാൻ സാദ്ധ്യമല്ല. വായനക്കാർക്കു് പരിചിതരായ രണ്ടു പേർകൂടി ആ വിമാനത്തിലുണ്ടു്. അവരിൽ ഒരാൾ മാഷൽ ഫാക്കും അപരൻ അരക്കിറുക്കനായ പുരോഹിതൻ കിംഗ്ലൂവുമാണു്. കിംഗ്ലൂവിനു് വിപ്ലവകാരികളായ ആ ചെറുപ്പക്കാരോടു് അടങ്ങാത്ത പകയും ഒടുങ്ങാത്ത അമർഷവുമാണു് ഉണ്ടായിരുന്നതു്. തൻെറ ആരാദ്ധ്യദേവതയായ 'സീഹ്ഫുംഗിൻെറ' പാവനമായ ക്ഷേത്രസങ്കേതം അശുദ്ധമാക്കിയ ഗോത്രപ്പുതീററിക്കാരായ ആ ചെറുപ്പക്കാരെ കഴിയുന്നത്ര വേഗത്തിൽ ആട്ടി ഓടിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണു് അയാൾ നടത്തിക്കൊണ്ടിരിക്കുന്നതു്. അവർ രണ്ടുപേരേയും കൂടാതെ മൂന്നാമതൊരു കസേരയിൽ കുറേ വസ്ത്രങ്ങളും ഒന്നുരണ്ടു് പുതപ്പുകളും മററും കിടപ്പുണ്ടു് അതിൽനിന്നും മൂന്നാമതൊരാളെക്കൂടി അവർ പ്രതീക്ഷിക്കുന്നുണ്ടെന്നു് തോന്നുന്നു. ഒരുപക്ഷേ, ആ മൂന്നാമനെ കൂട്ടിക്കൊണ്ടുവരാനായിരിക്കും അവർ പോകുന്നതും.

ഗോവിന്ദൻ തൻെറ സീററിൽ ഇരുന്നുകൊണ്ടു് താഴോട്ടു് കുനിഞ്ഞു് സൂക്ഷിച്ചുനോക്കിയതിനുശേഷം ഫോണിൽകൂടി ഇങ്ങനെ പറഞ്ഞു. "നമ്മൾ ഉദ്ദേശിച്ച സ്ഥലത്തു് എത്തിക്കഴിഞ്ഞു. സീഹ്ഫുംഗിൻെറ ഗുഹ നമ്മുടെ വലത്തുവലത്തു് കേവലം രണ്ടുമൈൽ അകലത്താണു്."

"ഇതു കേട്ടമാത്രയിൽ മാർഷൽ ഫാക്കു് ഒരു ഞെട്ടലോടെ വിമാനത്തിലൂടെ താഴോട്ടു് സൂക്ഷിച്ചുനോക്കി. എന്നാൽ താഴെ കട്ടപിടിച്ച ഇരുട്ടു് വ്യാപിച്ചിരുന്നതിനാൽ അദ്ദേഹത്തിനു് ഒന്നും വ്യക്തമായി കാണു

വാൻ സാധിച്ചില്ല. അദ്ദേഹം വേഗം തിരിഞ്ഞു് ഗോവിന്ദനോടു പറഞ്ഞു. "താഴെ എന്തൊക്കെയാണെന്നു് എനിക്കു് കാണുവാൻ സാധിക്കുന്നില്ലല്ലോ."

ഗോവി:—(ചിരിച്ചുകൊണ്ടു്) എനിക്കു് നല്ലതുപോലെ കാണാം. ഞാൻ പറയുന്നതു് അക്ഷരംപ്രതി ശരിയാണു്. അതാ, നേരെ താഴെക്കാണുന്ന ആ സ്ഥലത്തുവെച്ചാണു് ശത്രുക്കൾ അങ്ങയെ ആക്രമിച്ചതും പൂജാരി അങ്ങയെ രക്ഷിച്ചുകൊണ്ടുപോയി ഒരു ഗുഹയിൽ പാർപ്പിച്ചതും.

മാഷൽ ഫാക്കും കിംഗ്ലൂവും വളരെനേരം താഴോട്ടു് സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നെങ്കിലും അവക്കു് ഒന്നുംതന്നെ വ്യക്തമായി കാണുവാൻ സാധിച്ചില്ല. അവസാനം ഫാക്കു് പറഞ്ഞു. "നിങ്ങൾ എന്തൊക്കെയാണു് പറയുന്നതെന്നു് എനിക്കു് മനസ്സിലാകുന്നില്ല. എത്ര സൂക്ഷിച്ചുനോക്കിയിട്ടും എനിക്കു് ഒന്നുംതന്നെ കാണുവാനോ കേൾക്കുവാനോ സാധിക്കുന്നില്ല. താഴെ നദിയാണോ ഗുഹയാണോ പർവ്വതമാണോ എന്നൊന്നും എനിക്കു് ഒരു രൂപവുമില്ല.

ഗോവി:—(ചിരിച്ചുകൊണ്ടു്) ഇതാ, എന്റെ കാൽച്ചുവട്ടിൽ കുനിഞ്ഞു് താഴോട്ടു് നോക്കണം. അങ്ങേയ്ക്കു് എല്ലാം വ്യക്തമായി കാണുവാൻ സാധിക്കും.

ഇതു കേട്ട ഉടൻതന്നെ ഫാക്കു് സ്വസ്ഥാനത്തുനിന്നും എഴുന്നേറ്റു് ഗോവിന്റെ അടുക്കൽചെന്നു് അയാളുടെ പുറകിൽ നിന്നുകൊണ്ടു് കാൽച്ചുവട്ടിലേയ്ക്കു് സൂക്ഷിച്ചു് നോക്കുവാൻ തുടങ്ങി. അവിടെ കണ്ട കാഴ്ച, അദ്ദേഹത്തെ കോരിത്തരിപ്പിച്ചു. ഗോവിന്ദന്റെ കാൽച്ചുവട്ടിൽ ഏകദേശം മൂന്നടി നീളവും അത്രയുംതന്നെ വീതിയുമുള്ള ഒരു ഗ്ലാസ് ഉണ്ടായിരുന്നു. 'ബയസ്കോ

പ്പിലെ കർട്ടൻ പ്രകാശം പതിക്കുമ്പോൾ മിന്നിത്തിള ങ്ങുന്നതുപോലെ ആ ഗ്ലാസിൽ വിമാനത്തിൻെറ നേരേ ചുവട്ടിലുള്ള ദൃശ്യങ്ങൾ മുഴുവൻ ചലച്ചിത്രത്തിലെന്ന പോലെ തെളിഞ്ഞു് പ്രകാശിച്ചുകൊണ്ടിരുന്നു. അന്ന നിമിഷം കറങ്ങിത്തിരിഞ്ഞു് പുറകോട്ടുപൊയ്ക്കൊണ്ടി രുന്ന വൃക്ഷങ്ങളും പാറക്കെട്ടുകളും നദിയും മററും ആ ഗ്ലാസിൽ വ്യക്തമായി പ്രതിബിംബിക്കുന്നതു് കണ്ട പ്പോഴുണ്ടായ അത്ഭുതത്തോടെ ഫാക്ക് വിളിച്ചുപറഞ്ഞു. "ഇതെന്തൊരു അത്ഭുതമാണു് ഗോവിന്ദൻ? ഏകദേശം രണ്ടുമൈൽ അകലെയുള്ള ദൃശ്യങ്ങൾ മുഴുവൻ ഇതിൽ വ്യക്തമായി പ്രതിഫലിക്കുന്നുണ്ടല്ലോ."

ഗോവി:—ഉവ്വ്. ഇതും പണ്ഡിററ്ജീയുടെ അന ന്യസാധാരണമായ ബുദ്ധിവൈഭവത്തിൻെറ പ്രതീക മാണു്. രാത്രിയിൽ പറക്കുന്നതിനുള്ള സൗകര്യത്തിനു വേണ്ടി അദ്ദേഹം 'ഇൻഫ്രാറെഡ്' കിരണങ്ങളുടെ സഹായത്തോടെ കണ്ടുപിടിച്ച ഒരു ഉപാധിയാണു് ഇതു്. ഇതിൻെറ സഹായത്തോടെ ഘോരാന്ധകാര ത്താലും മൂടൽ മഞ്ഞിനാലും ആവരണംചെയ്യപ്പെട്ടുകിട ക്കുന്ന സാധനങ്ങൾപോലും വ്യക്തമായി കാണുവാൻ സാധിക്കും. അദ്ദേഹം ഇതുപോലെയുള്ള മറെറാരു...." ഇത്രയും പറഞ്ഞപ്പോഴേയ്ക്കും അയാളുടെ തൊണ്ട ഇട റിപ്പോയി. അയാൾ ഇടറിയ കണ്ഠത്തോടെ ഇങ്ങനെ പറഞ്ഞു. "പണ്ഡിററ്ജീ! അങ്ങയെ ഞങ്ങൾക്കു് ജീവനോടെ കിട്ടുമോ?" ഇതിൽ കൂടുതലായിട്ടെന്തെ ങ്കിലും പറയുവാൻ അയാളെക്കൊണ്ടു് സാധിച്ചില്ല. അയാളുടെ ഹൃദയസ്പന്ദനം വർദ്ധിച്ചു. നയനങ്ങൾ ജലാർ ദ്രങ്ങളായിതീർന്നു. മാർഷൽ ഫാക്കിൻെറയും കണ്ണുകൾ നിറഞ്ഞുപോയി. അദ്ദേഹം തികഞ്ഞ നിശ്ശബ്ദത

കൈക്കൊണ്ടു. എന്നാൽ പുരോഹിതനായ കിംഗ്ലൂവിനുമാത്രം യാതൊരു ഭാവവ്യത്യാസവും ഉണ്ടായില്ല. ഒരു നിമിഷനേരത്തേയ്ക്കു് അയാൾ കണ്ണുകളടച്ചു. അതിനുശേഷം എന്തോ ആലോചിച്ചിട്ടു് ഇങ്ങനെ പറഞ്ഞു. "ഗോവിന്ദൻ! പരിഭ്രമിക്കാതിരിക്കൂ. നിങ്ങളുടെ കിരണങ്ങൾക്കും യന്ത്രങ്ങൾക്കും പ്രവൎത്തിക്കുവാൻ സാദ്ധ്യമല്ലാത്ത കാൎയ്യങ്ങൾപോലും എന്റെ മന്ത്രത്തിനു പ്രവൎത്തിക്കുവാൻ സാധിക്കും. പണ്ഡിററ്ജി ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. എന്നാൽ അദ്ദേഹത്തിന്റെ ജീവൻ ഇപ്പോഴും അപകടത്തിലാണെന്നേയുള്ളു."

ഫ്ലാക്കിൻെറ ചുണ്ടുകളിൽനിന്നും ഒരു പ്രാൎത്ഥനയുടെ അസ്പഷ്ടസ്വരങ്ങൾ പുറപ്പെട്ടു. "ഇനി നമുക്ക് എങ്ങോട്ടാണ്പോകേണ്ടതു്?" എന്നുള്ള ഗോവിന്ദന്റെ ചോദ്യത്തിനു മറുപടിയായി പുരോഹിതൻ ഇങ്ങനെ പറഞ്ഞു. "നാം സാധാരണയായി വിമാനം സൂക്ഷിക്കാറുണ്ടായിരുന്ന ആ സ്ഥലത്തേയ്ക്കുതന്നെ പോകട്ടെ. അവിടെ വിമാനം ഇറക്കുവാൻ വിഷമമൊന്നും കാണുകയില്ലല്ലോ." ഗോവിന്ദൻ വേഗം വിമാനം നിലത്തിറക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഫ്ലാക്കും പുരോഹിതനും സ്വസ്ഥാനങ്ങളിൽതന്നെ ചിന്താമൂകരായിരിപ്പുറപ്പിച്ചു. നിമിഷനേരംകൊണ്ടു് വിമാനത്തിന്റെ വേഗത കുറഞ്ഞു് അതു ക്രമേണ താഴുവാൻ ആരംഭിച്ചു. ഫ്ലാക്ക് ജാലകത്തിലൂടെ വെളിയിലേയ്ക്കു് കുനിഞ്ഞു നോക്കുവാൻ തുടങ്ങി. താഴെയുള്ള ദൃശ്യങ്ങൾ മുഴുവൻ അപ്പോൾ അദ്ദേഹത്തിനു് വ്യക്തമായി കാണാമായിരുന്നു. ഉയരംകൂടിയ വൃക്ഷങ്ങളുടെ മുകളിൽകൂടി ടൈഗർ അതിവേഗം ഒരു വശത്തേയ്ക്കു് താഴുകയായിരുന്നു. "ഈ കട്ടപിടിച്ച ഇരുട്ടിൽ ഗോവിന്ദനു് അപ

കടംകൂടാതെ വിമാനം നിലത്തിറക്കുവാൻ . സാധിക്കുമോ?" ഈ ചോദ്യം ഫാക്കിനെ കൂടുതൽ ചിന്താകുലനാക്കിത്തീർത്തു. എന്തെങ്കിലും ചോദിച്ച് ഗോവിന്ദന്റെ ശ്രദ്ധയെ തിരിക്കുന്നതു് ശരിയല്ലെന്നു് അദ്ദേഹത്തിനു് തോന്നി. "വരുന്നതുപോലെ വരട്ടെ"എന്നു് സ്വയം പറഞ്ഞുകൊണ്ടു് അദ്ദേഹം സ്വസ്ഥാനത്തുതന്നെ ഉറച്ചിരുന്നു. ഫാക്കിന്റേയും പുരോഹിതന്റേയും ഹൃദയത്തെ പലതരത്തിലുള്ള ചിന്തകൾ മഥിച്ചുകൊണ്ടിരുന്നെങ്കിലും ഗോവിന്ദനു് ഇക്കാര്യത്തിൽ യാതൊരു ചാഞ്ചല്യവും ഉണ്ടായിരുന്നില്ല. അയാൾ കാൽച്ചുവട്ടിൽ സ്ഥാപിച്ചിരുന്ന ഗ്ലാസ്സിലേയ്ക്കു് സൂക്ഷിച്ചുനോക്കിക്കൊണ്ടു് നിർഭയനായി വിമാനം നിലത്തിറക്കുവാൻ ശ്രമിക്കുകയായിരുന്നു.

പെട്ടെന്നു് അല്പം മുമ്പിലായി ഉയരംകൂടിയ ഏതോ ഒരു കറുത്ത സാധനം ഫാക്കിന്റെ ദൃഷ്ടിയിൽപ്പെട്ടു. അതു് ഏതോ പർവ്വതമാണെന്നു് ധരിച്ച് അദ്ദേഹത്തിന്റെ ശരീരം ആലിലപോലെ വിറച്ചുപോയി. കാരണം അപ്പോൾ ആ വിമാനം മുമ്പിൽ ഉയർന്നുകണ്ട ആ കറുത്ത സാധനത്തിന്റെ നേർക്കായിരുന്നു പറന്നുപൊയ്ക്കൊണ്ടിരുന്നതു്. അടുത്ത നിമിഷം തന്നെ വിമാനം ആ പർവ്വതത്തിൽ ഇടിക്കുമെന്നും അതോടെ അതു് തകരുമെന്നും മററും ഫാക്കു് ആലോചിച്ചുകൊണ്ടിരുന്നതിനിടയ്ക്കു് ടൈഗർ വേഗം കറങ്ങിത്തിരിഞ്ഞു് ആ ഉയരം കൂടിയ കറുത്ത ഭിത്തിയോടു ചേർന്നു് പറക്കുവാൻ തുടങ്ങി. തിരിഞ്ഞുനോക്കിയപ്പോൾ ആ ഭിത്തിക്കു് നേരെ എതിർവശത്തും അതുപോലെതന്നെയുള്ള മറെറാരു ഭിത്തി ഫാക്കിന്റെ ദൃഷ്ടിയിൽപ്പെട്ടു. അതോടെ ആ വിമാനം രണ്ടു് പർവ്വ

തങ്ങൾക്കിടയിലൂടെ മുമ്പോട്ടു പോകുകയാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. അല്പം ഇടത്തോട്ടോ വലത്തോട്ടോ വിമാനം മാറിപ്പോയാൽ സംഭവിക്കാവുന്ന വിപത്തിനെക്കുറിച്ച് ഫാക്ക് ചിന്തിച്ച് അസ്വസ്ഥനാകുന്നതിനിടയിൽ വിമാനത്തിൻെറ എഞ്ചിൻ പ്രവർത്തനം നിശ്ശേഷം നിലയ്ക്കുകയും അത് സാവധാനം താഴോട്ട് താഴ്കയും ചെയ്തു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഒരു വലിയ ഉലച്ചിലോടെ വിമാനം നിലത്തിറങ്ങി. ഗോവിന്ദൻ ആശ്വാസസൂചകമായ ഒരു നെടുവീർപ്പോടെ വിളിച്ചുപറഞ്ഞു. "ഇതാ, നമ്മൾ എത്തിക്കഴിഞ്ഞു." ഏററവും ആദ്യമായി ഗോവിന്ദനും, അയാളുടെ പുറകേ ഫാക്കും, ഏററവും പുറകിലായി പുരോഹിതനും വിമാനത്തിൽനിന്ന് നിലത്തിറങ്ങി. മാർഷൽ ഫാക്ക് ഉല്കണ്ഠയോടെ പുരോഹിതനെ നോക്കിക്കൊണ്ട് ചോദിച്ചു. "ഇനി?" "എൻെറകൂടെ വരണം. ഗോവിന്ദൻ! നിങ്ങൾ ഇവിടെത്തന്നെ നില്ക്കണം. ഞങ്ങൾ പോയി എല്ലാ വിവരങ്ങളും അറിഞ്ഞിട്ട് പത്തുമിനിററിനുള്ളിൽ മടങ്ങിവരാം." ഇത്രയും പറഞ്ഞിട്ട് പുരോഹിതൻ ഇടതുവശത്തേയ്ക്ക് തിരിഞ്ഞ് മുന്നോട്ടുനടന്നു. ഫാക്ക് അയാളെ പിൻതുടന്നു.

ഏകദേശം നൂറു ചുവട് മുന്നോട്ടു പോയതിനു ശേഷം കിംഗ്ലൂ വായിൽ വിരൽകടത്തി ഒരു പ്രത്യേക രീതിയിൽ ചൂളമടിച്ചു. അതു കേട്ടാൽ ഏതോ പക്ഷി കരയുകയാണെന്നേ തോന്നുമായിരുന്നുള്ളൂ. ഒരു നിമിഷനേരത്തേയ്ക്ക് അവിടെ നിശ്ശബ്ദത വ്യാപിച്ചു. അടുത്ത നിമിഷംതന്നെ അകലെ എവിടെയോ നിന്ന് അതേ രീതിയിലുള്ള ചൂളംവിളി ഉയന്നു കേൾക്കപ്പെട്ടു. ഇട

വിട്ടിടവിട്ട് മൂന്നു പ്രാവശ്യം ആ ശബ്ദം കേട്ടപ്പോൾ പുരോഹിതൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു. "ഭഗവാൻ സിഫ്ഫംഗിൻെറ കാരുണ്യത്താൽ പണ്ഡിററ്ജിക്കു യാതൊരു അപകടവും സംഭവിച്ചിട്ടില്ല. വരൂ, എൻെറകൂടെ വരൂ. സൂക്ഷിച്ചേ നടക്കാവൂ." തങ്ങൾ ഒരു തോട്ടിലേയ്ക്കാണു് ഇറങ്ങുന്നതെന്നു് വെള്ളത്തിന്റെ ഇരമ്പലിൽനിന്നും ഫാക്കിനു് മനസ്സിലായി. പുരോഹിതനെ അനുകരിച്ചു് അദ്ദേഹവും നിർഭയനായി തോടിറങ്ങി അക്കരെ കടന്നു് ഒരു ഇടവഴിയിലൂടെ പർവ്വതത്തിൻെറ മുകൾ ഭാഗത്തേയ്ക്കു് കയറുവാൻ തുടങ്ങി. ആ വഴിയിലൂടെ കുറച്ചുദൂരം മുന്നോട്ടുചെന്നപ്പോൾ ഒരു പുതിയ സത്വം ഇരുട്ടിൽനിന്നും മുന്നോട്ടുനീങ്ങി പുരോഹിതന്റെ മുമ്പിൽ വന്നു് നിലകൊണ്ടു. "ആരാണതു്? സാലിനാണോ?" പുരോഹിതൻെറ ചോദ്യത്തിനു മറുപടിയായി ആ ആഗതൻ പറഞ്ഞു. "അതെ. ഗുരോ! ഞാൻ തന്നെയാണു്."

പുരോ:—പണ്ഡിററ്ജിക്കു് എങ്ങനെ ഇരിക്കുന്നു?

സാലിൻ:—കുഴപ്പമൊന്നും ഇല്ല. വലിയ മുറിവാണു് ഏററിരിക്കുന്നതെന്നുമാത്രം.

ഫാക്കു്:—(പരിഭ്രമത്തോടെ) ജീവൻ രക്ഷപെട്ടുമെല്ലോ?

സാലിൻ:—മുറിവിൽനിന്നു് രക്ഷപെടാം. പക്ഷേ, ശത്രുക്കളിൽനിന്നു് രക്ഷപെടുമോ എന്നു് കണ്ടറിയണം. ഈ പർവ്വതത്തിൻെറ ഓരോ മുക്കിലും മൂലയിലും ശത്രുചാരന്മാർ കറങ്ങിനടക്കുകയാണു്. ഇതുവരെ അവർക്കു് ഈ സ്ഥലത്തെക്കുറിച്ചുള്ള യാതൊരു വിവരവും കിട്ടിയിട്ടില്ല. ഏതു നിമിഷവും ശത്രുക്കൾ ഇവിടെ എത്തിച്ചേരാൻ ഇടയുണ്ടു്.

ഫാക്ക്:—എന്നാൽ ഇനി ഒട്ടും താമസിക്കാതെ ഞങ്ങളെ അദ്ദേഹത്തിൻെറ അടുക്കലേയ്ക്കു് കൊണ്ടുപോകണം.

സാലിൻ യാതൊരു മറുപടിയും പറയാതെ വേഗം തിരിഞ്ഞുനടന്നു. ഫാക്കും പുരോഹിതനും അയാളുടെ പുറകേ നടന്നു് അന്ധകാരത്തിൽ മറഞ്ഞു.

* * * * *

ടോർച്ചു് ലൈററിൻെറ പ്രകാശത്തിൽ ഇലകളുടേയും പുല്ലുകളുടെയും പുറത്തു് അവശനിലയിൽ കിടക്കുന്ന ഗോപാൽശങ്കറിൻെറ രൂപം കണ്ടിട്ടു് ഫാക്കിൻെറ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞുതുളുമ്പി. അദ്ദേഹത്തിൻെറ ശരീരം മുഴുവൻ കറുത്തു് കരിവാളിച്ചിരുന്നു. ദൂരെനിന്നു് നോക്കുമ്പോൾ ഏതോ ഈജിപ്ഷ്യൻ മമി (ശവശരീരം) യാണോ എന്നു് തോന്നിക്കുമാറു് അദ്ദേഹത്തിൻെറ ശരീരമാകെ ബാൻഡേജുകൾകൊണ്ടു് മൂടപ്പെട്ടിരുന്നു. എങ്കിൽ തന്നെയും സാക്ഷാൽ മരണത്തെപ്പോലും മന്ദസ്മേരവദനനായി സ്വാഗതം ചെയ്യുവാൻ കഴിവുള്ള അദ്ദേഹത്തിൻെറ കണ്ണുകളിൽ അപ്പോഴും സ്വാഭാവികമായ പ്രകാശവും വിനോദഭാവവും തത്തിക്കളിച്ചുകൊണ്ടിരുന്നു. മാഷ്ൽ ഫാക്കിനെ കണ്ട ഉടൻതന്നെ അദ്ദേഹം പുഞ്ചിരി തൂകികൊണ്ടു് ചോദിച്ചു. "ഓഹോ! നമ്മുടെ സ്നേഹിതനും വന്നുചേന്നോ? ഈ മമിയെ അടക്കം ചെയ്യാനുള്ള പെട്ടിയും കൊണ്ടുവന്നിട്ടില്ലേ?" അദ്ദേഹത്തിൻെറ നേരിയ ചിരിയുടെ പ്രതിദ്ധ്വനി അവിടമാകെ അലതല്ലി. ഫാക്ക് അദ്ദേഹത്തിൻെറ ഒരുവശത്തു് മുട്ടുകുത്തിയിരുന്നതിനു ശേഷം വേദന വിതുമ്പുന്ന സ്വരത്തിൽ ഇങ്ങനെ പറഞ്ഞു, "ഹാ, പണ്ഡിററ്ജീ! താങ്കളുടെ അവസ്ഥ ഇതോ?"

ഗോ-ശങ്കർ:—ഇത്രയല്ലേ പററിയുള്ളു. എൻെറ ശരീരം കഷണം കഷണമായി തെറിച്ചുപോയിരുന്നെങ്കിലോ? ഈ കാണുന്ന വെച്ചുകെട്ടുകൾ ഉണ്ടല്ലോ; എൻെറ സുഹൃത്ത് കിംഗ്സ്‌ലൂ പണ്ടൊരാരോടോ ചെയ്ത ഉപകാരത്തിനു് ഇപ്പോൾ എനിക്കു് ചെയ്തുതന്ന പ്രത്യുപകാരമാണു്. ഏതോ കാട്ടുമരുന്നുകളെല്ലാംകൂടി ഇയാൾ ഇടിച്ചുപിഴിഞ്ഞു് ആ നീരു് ശരീരം മുഴുവൻ പുരട്ടി കെട്ടിവെച്ചിരിക്കുകയാണു്. വാസ്തവം പറയാമെല്ലോ. ഐസ് കട്ടകൾക്കകത്തിരിക്കുന്ന അനുഭവമാണു് എനിക്കു് ഇപ്പോൾ. എന്തൊരു തണുപ്പാണെന്നോ!

കിംഗ്സ്‌ലൂ:—(ഫാക്കിനോടായിട്ടു്) ഇദ്ദേഹത്തിൻെറ ശരീരം മുഴുവൻ തീപ്പൊള്ളലേററു് കരിവാളിച്ചിരുന്നു. കൈതൊടുന്ന സ്ഥലത്തെ തൊലി മുഴുവൻ ഉരിഞ്ഞുപോരുമായിരുന്നു. പക്ഷേ, ഞാൻ പുരട്ടിയിരിക്കുന്ന ഈ പച്ചമരുന്നുണ്ടല്ലോ; തീപ്പൊള്ളലിനു് സിദ്ധൗഷധമാണു്. കെട്ടു് അഴിച്ചുകഴിഞ്ഞാൽ പിന്നെ എവിടെയെല്ലാമാണു് പൊള്ളിയതെന്നു് ഭൂതക്കണ്ണാടി വെച്ചു് നോക്കിയാൽപോലും കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ല.

സാലിൻ:—ഇദ്ദേഹത്തെ കൊണ്ടുപോകാനായിട്ടാണു് നിങ്ങൾ വന്നതെങ്കിൽ ഒരു നിമിഷംപോലും പാഴാക്കാതെ കഴിയുന്നത്ര വേഗത്തിൽ ഇവിടെനിന്നു് കൊണ്ടുപോകണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇവിടം മുഴുവൻ ശത്രുക്കൾ മണത്തുനടക്കുകയാണു്. എപ്പോഴാണു് അവർ ഇവിടെ വന്നു ചാടുന്നതെന്നു് ഒരു രൂപവുമില്ല.

കിംഗ്സ്‌ലൂ:—(പരിഭ്രമത്തോടെ) ങാ, നീ പറഞ്ഞ

തു് ശരിയാണു്. മാർഷൽ! ഇതു് സംസാരിച്ചുകൊണ്ടിരിക്കുവാനുള്ള സമയമല്ല. ഇദ്ദേഹത്തെ വേഗം ഇവിടെ നിന്നു് കൊണ്ടുപോകാൻ നോക്കണം."

അവരെല്ലാവരുംകൂടി ഗോപാൽശങ്കറെ വളരെ കരുതലോടെ താങ്ങിയെടുത്തു് ഗുഹയ്ക്കു വെളിയിൽ കൊണ്ടുവന്നു. അവിടം മുതൽ ടൈഗർ കിടന്ന സ്ഥലം വരെയുള്ള ദൂരം വളരെ വേഗത്തിൽ പിന്നിട്ടു. വിമാനത്തിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന ഒരു കോച്ചിൽ അദ്ദേഹത്തെ കിടത്തി. ആശാതീതമായ വേഗത്തിലും യാതൊരു അപകടവും കൂടാതെയും ഗോപാൽശങ്കറെ വിമാനത്തിൽ എത്തിക്കുവാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യത്തോടെ കിംഗ്ലൂ പറഞ്ഞു. "ഇനി നിങ്ങൾ വേഗം പോകണം. ഞാൻ നിങ്ങളുടെകൂടെ വരണമെന്നു് വിചാരിക്കുന്നില്ല. ഞാൻ എൻെറ താമസസ്ഥലത്തേയ്ക്കു് തിരിച്ചുപോകുകയാണു്." ഗോവിന്ദനു് വിമാനം കൊണ്ടുപോകുവാനുള്ള ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതിനുശേഷം അയാൾ ഫാക്കിനോടും ഗോപാൽശങ്കറോടും യാത്രപറഞ്ഞു് ഇരുട്ടിനുള്ളിൽ മറഞ്ഞു. സാലിൻ അയാളെ അനുഗമിച്ചു. നിമിഷനേരത്തിനുള്ളിൽ ടൈഗർ സാവധാനം ഭൂമിയിൽനിന്നും ആകാശത്തിലേയ്ക്കു് ഉയന്നു.

വിമാനം ആകാശത്തിൽ വളരെയധികം ഉയന്നതിനുശേഷമാണു് ഫാക്കിൻെറ ചങ്കിടിപ്പു് അല്പമായിട്ടെങ്കിലും നിന്നതു്. തങ്ങൾ അപകടമേഖല പൂർണ്ണമായും പിന്നിട്ടു കഴിഞ്ഞുവെന്നു് ബോദ്ധ്യമായപ്പോൾ ഫാക്കു് ആശ്വാസസൂചകമായ ഒരു നെടുവീർപ്പു് ഉതിർത്തുകൊണ്ടു് ഗോപാൽശങ്കറിൻെറ കോച്ചിൻെറ അരി

കിലേയ്ക്കു് ഒന്നുകൂടി ചേൻറിരുന്നതിനുശേഷം ഇങ്ങനെ പറഞ്ഞു. "പണ്ഡിററ്ജീ! ഇനി അവിടെ നടന്നതെന്തെല്ലാമായിരുന്നെന്നു് പറയണം. ശത്രുക്കൾ താങ്കളെ എങ്ങനെ തിരിച്ചറിഞ്ഞു? താങ്കൾക്കു് എങ്ങനെ ഈ അപകടംപററി?"

★

# പൗരസ്ത്യാഭിമാന സംരക്ഷകസംഘം

## 1

വിശാലമായ ഒരു മൈതാനത്തിന്റെ ഏററവും മദ്ധ്യത്തിലായി മൂന്നു നാലു് ചെറിയ കൂടാരങ്ങൾ അടിച്ചിട്ടുണ്ടു്. അതിൽ ഏററവും വലിയ കൂടാരത്തിന്റെ മുമ്പിൽ കുറെ ആളുകൾ നില്ക്കുകയും ഇരിക്കുകയും മററും ചെയ്യുന്നുണ്ടു്. ഒരു മേശപ്പുറത്തു് ഏതാനും കടലാസുകൾ കിടപ്പുണ്ടു്. മേശയ്ക്കു ചുററിനുമായി ഇട്ടിരിക്കുന്ന കസേരകളിൽ ഒരെണ്ണത്തിൽ ഒരു ഫ്രഞ്ചു് ഓഫീസർ ഇരിപ്പുണ്ടു്. അയാൾ വായനക്കാർക്കു് ഇതിനോടകം പരിചിതനായിക്കഴിഞ്ഞ രുക്മസ്സില്ലാതെ മററാരുമായിരുന്നില്ല. ആദ്യം അയാൾ മാർഷൽ ഫാക്കിന്റെ ഏ. ഡി. സി-യായും, പിന്നീടു് സിക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ഇപ്പോൾ അയാൾ ഏതോ രഹസ്യകാരണത്താലാണു് ഇവിടെവന്നു് താവളമടി

ച്ചിരിക്കുന്നതു്. രുക്മസ്സിനെക്കൂടാതെ വേറെയും ഏത്താനും ഫ്രഞ്ചു് ഉദ്യോഗസ്ഥന്മാരെ നമുക്കു് അവിടെ കാണാം. പട്ടാളക്കാരുടെ ഒരു ചെറിയ സംഘം എങ്ങോട്ടോ യാത്രപുറപ്പെടുവാൻ തയാറായി ഒരുവശത്തു് നില്ലുണ്ടു്.

ഏതോ ശബ്ദം കേട്ടിട്ടെന്നപോലെ രുക്മസ്സ് തല ഉയൎത്തി ഒരുവശത്തേയ്ക്കു് നോക്കി. അയാളുടെ ചുററിനും നിന്നിരുന്നവരുടെ ശ്രദ്ധയും ആ ഭാഗത്തേയ്ക്കു് തിരിഞ്ഞു. അങ്ങകലെനിന്നു് അശ്വാരൂഢനായ ഒരാൾ തന്റെ കുതിരയെ മിന്നൽവേഗത്തിൽ പായിച്ചുകൊണ്ടുവരുന്നതു് അവർ കണ്ടു. രുക്മസ്സ് വേഗം ദൂരദർശിനി എടുത്തു് ആ അശ്വാരൂഢനെ സൂക്ഷിച്ചുനോക്കിയതിനുശേഷം പറഞ്ഞു. "ങേ, അതു്...?" രുക്മസ്സ് വേഗം അടുത്തുനിന്നിരുന്ന ഒരു ഉദ്യോഗസ്ഥനെ വിളിച്ചു് അയാളുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. ആ ഉദ്യോഗസ്ഥൻ ഉടൻതന്നെ അല്പം അകലെമാറി നിന്നിരുന്ന ആ പട്ടാളക്കാരുടെ അടുക്കലേയ്ക്കു് ധൃതിയിൽ നടന്നുപോയി. അയാളിൽനിന്നും ഏതോ ഉത്തരവു് ലഭിച്ചിട്ടാണെന്നു തോന്നുന്നു, ആ പട്ടാളക്കാർ എല്ലാവരും ഉടൻതന്നെ തങ്ങളുടെ കുതിരകളുടെ പുറത്തു് ചാടിക്കയറി.

അപ്പോഴേയ്ക്കും അകലെനിന്നു് പാഞ്ഞു വന്നുകൊണ്ടിരുന്ന ആ അശ്വാരൂഢനും അവിടെ എത്തിച്ചേൎന്നു. അയാൾ നേരേ രുക്മസ്സിന്റെ കൂടാരത്തിന്റെ അടുക്കലേക്കാണു് കുതിരയെ നയിച്ചതു്. എന്നാൽ രുക്മസ്സിന്റെ അടുക്കൽ എത്തിച്ചേരുന്നതിനു മുമ്പായി അത്യധികം ക്ഷീണിച്ചിരുന്നതുകൊണ്ടോ അതോ, മുറിവേററിരുന്നതുകൊണ്ടോ എന്താണെന്നറിഞ്ഞുകൂടാ,

അയാളുടെ കയ്യിൽനിന്നും കടിഞ്ഞാൺ വഴുതിപ്പോകുകയും അയാൾ ഒരാർത്തനാദത്തോടെകുതിരപ്പുറത്തുനിന്നു് നിലംപതിക്കുകയും ചെയ്തു. ചിലർ ഓടിച്ചെന്നു് അയാളെ താങ്ങിയെടുത്തു് കൂടാരത്തിനുള്ളിൽ കൊണ്ടുവന്നു് കിടത്തി. പ്രാഥമിക ശുശ്രൂഷകൾ ചെയ്യുവാൻ ആരംഭിച്ചു. അയാൾ തീർത്തും ബോധഹീനനായിരുന്നില്ല. തലയിൽ ഏററിരുന്ന ആഴമേറിയ മുറിവും ദീർഘയാത്രയും നിമിത്തം അയാൾ തളർന്നുപോകുകയാണു് ചെയ്തിരുന്നതു്. മുറിവിൽനിന്നു് അപ്പോഴും രക്തം വാർന്നുകൊണ്ടിരുന്നു. അയാളുടെ വായിൽനിന്നും പുറപ്പെട്ട അസ്പഷ്ടശബ്ദങ്ങളുടെ അർത്ഥം മനസ്സിലാക്കിയ രുക്മസു് അയാളുടെ മുഖത്തേയ്ക്കു് തന്റെ ചെവി അടുപ്പിച്ചു പിടിച്ചു. അയാൾ ഇടറിയതും അസ്പഷ്ടവുമായ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു. "ശത്രുക്കൾക്കു് വിവരം കിട്ടി.....തട്ടിക്കൊണ്ടുപോകുവാൻ തുടങ്ങുന്നു.........നമ്മുടെ.....ആളുകളെ........അയയ്ക്കണം.....ഗോൺഢീപർവ്വതത്തിന്റെ പുറകിലുള്ള വനത്തിൽ.....വേഗം......" ഇത്രയും പറഞ്ഞിട്ടു് അയാൾ കണ്ണുകളടച്ചു. അയാൾ പറഞ്ഞതു മുഴുവൻ രുക്മസ്സിനു് നല്ലതുപോലെ മനസ്സിലായി. രുക്മസു് വേഗം ആ പട്ടാളക്കാരുടെ ഓഫീസറെ വിളിച്ചു് എന്തോ പറഞ്ഞു. ഓഫീസറുടെ ആംഗ്യം കണ്ടമാത്രയിൽ കുതിരപ്പുറത്തു് എന്തിനും സന്നദ്ധരായി ഇരിപ്പുറപ്പിച്ചിരുന്ന പട്ടാളക്കാരുടെ ആ ചെറുസംഘം മിന്നൽവേഗത്തിൽ ഗോൺഢീപർവ്വതം ലക്ഷ്യമാക്കി കുതിരകളെ പായിച്ചു.

★

# 2

രുക്മസ്സിൻേറയും അനുയായികളുടേയും ഹൃദയം തുറന്നുള്ള ശുശ്രൂഷയുടെ ഫലമായി കുറച്ചുസമയം കഴിഞ്ഞപ്പോഴേയ്ക്കും ആ പട്ടാളക്കാരൻെറ തളർച്ചയും ക്ഷീണവും വളരെയധികം കുറഞ്ഞു. അയാഠ സാവധാനം എഴുനേററിരുന്നു. അയാളുടെ ക്ഷീണത്തിനും മററും വളരെ കുറവുണ്ടെന്നു് കേട്ട ഉടനെ രുക്മസ്സ് വേഗം അയാളുടെ അടുക്കൽവന്നു. രുക്മസ്സിൻെറ ആംഗ്യം കണ്ടപ്പോഠ അവിടെ ഉണ്ടായിരുന്നവർ മുഴുവൻ കൂടാരത്തിൽനിന്നും വെളിയിലേയ്ക്കു് ഇറങ്ങിപ്പോയി. എല്ലാവരും പോയിക്കഴിഞ്ഞപ്പോഠ രുക്മസ്സ് അയാളുടെ അടുക്കലേയ്ക്കു് ഒരു കസേര വലിച്ചിട്ടിട്ടു് അതിൽ ഇരുന്നുകൊണ്ടു് ഇങ്ങനെ പറഞ്ഞു. "അവിടെ നടന്ന കായ്യങ്ങഠ മുഴുവൻ അറിയുവാൻ എനിക്കു് തിടുക്കമുണ്ടു്. പറയൂ, എന്താണു് സംഗതി? നീ എന്തെല്ലാം ചെയ്തു? നിനക്കു് എങ്ങനെയാണു് മുറി

വേററതു്? നിനക്കു് ഇപ്പോൾ സംസാരിക്കുവാൻ വിഷമമൊന്നും ഇല്ലെല്ലോ?"

"യാതൊരു വിഷമവുമില്ല. എന്റെ തളർച്ച മുഴുവൻ വിട്ടുമാറി. എന്നാൽ തലയിൽ ഏററിരിക്കുന്ന ഈ മുറിവു കരിയണമെങ്കിൽ ആഴ്ചകൾതന്നെ വേണ്ടിവരുമെന്നു് തോന്നുന്നു." തലയിലെ മുറിവിൽ തടവിക്കൊണ്ടു് അയാൾ (ആൻറണി) പറഞ്ഞു.

രുക്:—ഇവിടെനിന്നും പോയതിൽ പിന്നീടു് നീ എന്തെല്ലാം ചെയ്തു?

ആന്റ്ണി:—ഇവിടെനിന്നും തിരിച്ച ഞാൻ നേരെ അങ്ങു പറഞ്ഞുതന്ന ആ സ്ഥലത്തു് എത്തി. പകൽ മുഴുവൻ ആ ഗുഹാമുഖത്തുതന്നെ ഒളിച്ചിരുന്നു. പകൽ സമയത്തു് ആരും അവിടെ വരികയോ അവിടെനിന്നു് ഇറങ്ങി പോകുകയോ ചെയ്തില്ല. എന്നാൽ സന്ധ്യയായപ്പോൾ ആ ഗുഹയ്ക്കുള്ളിൽനിന്നും കറുത്തു തടിച്ച നഗ്നനായ ഒരു പുരോഹിതൻ വെളിയിലേയ്ക്കു് ഇറങ്ങുന്നതു് ഞാൻ കണ്ടു. അങ്ങു് പറഞ്ഞുതന്നിരുന്ന ആ അടയാളങ്ങളിൽ നിന്നും അയാൾതന്നെയായിരിക്കും പുരോഹിതനായ കിംഗ്ലൂവെന്നു് ഞാൻ ഊഹിച്ചു. എങ്കിലും സംശയം തീക്കുന്നതിനുവേണ്ടി ഞാൻ അങ്ങു പറഞ്ഞുതന്നിരുന്ന ആ ആംഗ്യം കാണിച്ചു. അതിനു ബദലായി അയാൾ കാണിച്ച അടയാളം കണ്ടപ്പോൾ എന്റെ സംശയം മുഴുവൻ തീന്നു. ഞാൻ ഉടൻതന്നെ ആ എഴുത്തു് അയാളെ ഏല്പിച്ചു. എഴുത്തു വായിച്ചു നോക്കിയതിനുശേഷം എന്തോ ആലോചിച്ചിട്ടു് അയാൾ പറഞ്ഞു. "കാര്യം കുറെ കുഴപ്പമുള്ളതാണു്. എങ്കിലും ഞാൻ ശ്രമിച്ചുനോക്കാം. ഏതായാലും ഇരുപത്തിനാലുമണിക്കൂർ നേരത്തെ സാവകാശമെങ്കിലും എ

നിക്കു് കിട്ടണം. നാളെ ഇതേ സമയത്തു് നിങ്ങൾ ഇവിടെവന്നു് എന്നെ കാണണം. കാര്യം സാധിക്കുമെന്നുണ്ടെങ്കിൽ നാളെ പറയാം. "ഇത്രയും പറഞ്ഞിട്ടു് അയാൾ വേഗം ഒരു വശത്തേയ്ക്കു് നടന്നുപോയി. കുറച്ചുസമയത്തിനുശേഷം അയാൾ തിരിച്ചുവന്നു് ചോദിച്ചു. "നിങ്ങൾ തനിച്ചേ ഉള്ളോ? അതോ, വേറെ ആരെങ്കിലും കൂടെയുണ്ടോ?" അഞ്ചു പട്ടാളക്കാർകൂടി എൻെറകൂടെയുണ്ടെന്നും, അവരെ ഞാൻ വനത്തിനു് വെളിയിൽ നിറുത്തിയിട്ടാണു് വന്നിരിക്കുന്നതെന്നും അറിയിച്ചു ഉടനെ ആ പുരോഹിതൻ 'ചിലപ്പോൾ അവരുടെ ആവശ്യം നേരിട്ടേയ്ക്കുമെന്നും, അവരേയും തയാറാക്കി ദൂരെ എവിടെയെങ്കിലും നിറുത്തിക്കൊള്ളണമെന്നും' പറഞ്ഞിട്ടു് വേഗം വന്നവഴിയേതന്നെ തിരിച്ചുപോയി.

പിറേറദിവസം അതേസമയത്തുതന്നെ ഞാൻ അവിടെ എത്തിച്ചേർന്നു. ഞാൻ ചെന്നപ്പോൾ പുരോഹിതൻ എന്നേയും പ്രതീക്ഷിച്ചു് അവിടെത്തന്നെ നില്പുണ്ടായിരുന്നു. എന്നെ കണ്ട ഉടനെ അയാൾ വിളിച്ചു പറഞ്ഞു. "കഷ്ടം. നിങ്ങൾ വളരെ താമസിച്ചുപോയി. ഒരു നല്ല സന്ദർഭം നിങ്ങൾ പാഴാക്കിക്കളഞ്ഞു. നിങ്ങളുടെ ഓഫീസർ അന്വേഷിച്ചുകൊണ്ടിരുന്ന അഞ്ചാറുപേർ ഇപ്പോൾ ഇവിടെക്കൂടെ പോയതേയുള്ളു. അവരിൽ ആരെയെങ്കിലും ഒരാളെ പിടിച്ചിരുന്നെങ്കിൽ നിങ്ങളുടെ കാര്യം നടക്കുമായിരുന്നു. "അയാൾ ഇത്രയും പറഞ്ഞപ്പോഴേയ്ക്കും അടുത്തെവിടെയോനിന്നു് കുതിരക്കുളമ്പുകളുടെ ശബ്ദം കേൾക്കപ്പെട്ടു. അയാൾ എന്നെ വേഗം ഒരു കുററിക്കാടിനുള്ളിൽ ഒളിപ്പിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അശ്വാരൂഢയായ ഒരു സ്ത്രീയും അശ്വാ

വൃദ്ധനായ ഒരു പുരുഷനും അങ്ങകലെനിന്നും വരുന്നതു് ഞാൻ കണ്ടു. രണ്ടുപേരും ചെറുപ്പക്കാരും സുമുഖരും ആയിരുന്നു. വേഷവിധാനങ്ങളിൽനിന്നും അവർ ശ്യാമ രാജ്യക്കാരാണെന്നു് എനിക്കു തോന്നി. അവരെ കണ്ട ഉടൻ ആ പുരോഹിതൻ പെട്ടെന്നു് പരിഭ്രമിച്ചു് കുററി ക്കാടിനുള്ളിലേയ്ക്കു് വലിഞ്ഞുകളഞ്ഞു. അവർ ആരാ ണെന്നു് ഞാൻ ചോദിച്ചപ്പോൾ അയാൾ പറഞ്ഞു. "ആ വിപ്ലവകാരികളുടെ ഏററവും വലിയ കൂട്ടുകാരാ ണു് ഇവർ. ഇവർക്കു് ആ സംഘക്കാരുടെ രഹസ്യങ്ങൾ മുഴുവൻ നല്ലതുപോലെ അറിയാം. ഇവരെ രണ്ടുപേരേ യുമോ, ആരെയെങ്കിലും ഒരാളെയോ പിടിക്കാമെങ്കിൽ നിങ്ങളുടെ ഓഫീസറുടെ ഉദ്ദേശം വളരെ വേഗം സാ ധിക്കും. പക്ഷേ, ഇവരെ പിടിക്കുവാൻ നിങ്ങളെപ്പോ ലെയുള്ളവർക്കു് സാദ്ധ്യമല്ല."

ഇവർ പൗരസ്വാഭിമാനസംരക്ഷക സംഘത്തിലെ അംഗങ്ങളാണോ എന്ന എൻെറ ചോദ്യത്തിനു് മറുപ ടിയായി പുരോഹിതൻ പറഞ്ഞു. "വെറും അംഗങ്ങൾ മാത്രമല്ല; അതിൻെറ നടത്തിപ്പുകാരിൽ പ്രധാനികളു മാണു്. ഇതു കേട്ട ഉടനെ 'ഇവരിൽ ആരെയെങ്കിലും ഒരാളെ ഞാൻ തടവുകാരനാക്കും' എന്നു് ഞാൻ പറ ഞ്ഞതിനു മറുപടിയായി പുരോഹിതൻ പറഞ്ഞതു് 'ശ്രമിച്ചുനോക്കൂ, സാധിച്ചാൽ വമ്പിച്ച വിജയം ആയി രിക്കുമെന്നാണു്.'

ഞാൻ സമയം ഒട്ടും കളയാതെ ആ കുററിക്കാട്ടിൽ നിന്നിറങ്ങി ആ ചെറുപ്പക്കാരെ പിൻതുടൎന്നു. അവർ രണ്ടുപേരും പരസ്പരം സംസാരിച്ചുകൊണ്ടു് നിർഭയരായി മുന്നോട്ടുപോകുകയായിരുന്നു. അവരുടെ ഭാവഹാവാദി കളിൽനിന്നും അവർ പ്രണയബദ്ധരായിരിക്കുമെന്നു്

എനിക്കുതോന്നി. ഭാഗ്യത്തിന്ന് അവർ രണ്ടുപേരും എൻെറ പട്ടാളക്കാർ ഒളിച്ചിരുന്ന ആ സ്ഥലത്തേയ്ക്കു തന്നെയാണ് പൊയ്ക്കൊണ്ടിരുന്നതു്. അവർ ആ സ്ഥലത്തുകൂടിത്തന്നെയായിരിക്കും കടന്നുപോകാൻ ഇട യുള്ളതെന്നു മനസ്സിലാക്കിയ ഞാൻ വേറൊരു വഴിക്കു കൂടി നമ്മുടെ പട്ടാളക്കാരുടെ അടുക്കൽ ചെന്ന് അ വരെ തയാറാക്കി ആ ചെറുപ്പക്കാർ വരുന്നതും പ്രതീ ക്ഷിച്ചുനിന്നു. അധികസമയം കഴിയുന്നതിനുമുമ്പേ തന്നെ അവർ രണ്ടുപേരും അവിടെ എത്തിച്ചേൎന്നു. നേരത്തെ പറഞ്ഞുതീരുമാനിച്ചിരുന്നതനുസരിച്ച് ഞ ങ്ങൾ അവരുടെ കുതിരകളെ ലക്ഷ്യമാക്കി അമ്പ് തൊ ടുത്തുവിട്ടു. കുതിരകൾ രണ്ടും നിലംപതിച്ച നിമിഷം തന്നെ ഞങ്ങൾ മിന്നൽ വേഗത്തിൽ പാഞ്ഞുചെന്ന് ആ ചെറുപ്പക്കാരെ രണ്ടുപേരേയും അറസ്റ്റ്ചെയ്തു തട വിലാക്കി.

അതോടെ തങ്ങളുടെ പണി പററിയെന്നാണ് ഞങ്ങൾ വിചാരിച്ചതു്. ഇനി യാതൊന്നും ഭയപ്പെ ടാതെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുവാൻ സാധിക്കു മെന്ന് ഞങ്ങൾ വിശ്വസിച്ചു. പക്ഷേ, എങ്ങനെയോ അവരുടെ ആൾക്കാൎക്ക് വിവരം കിട്ടി. ശത്രുക്കൾക്ക് യാതൊരുവിധ സംശയവും ഉണ്ടാകാൻ ഇടയാകരുതെ ന്നു കരുതിയാണ് ഞങ്ങൾ റിവാൾവർപോലും ഉപ യോഗിക്കാതിരുന്നതു്. എന്നിട്ടും രണ്ടുമൂന്നു മൈൽ ദൂരംപോയപ്പോഴേയ്ക്കും ശത്രുക്കൾ ഞങ്ങളെ വളഞ്ഞുക ളഞ്ഞു. ഞങ്ങൾ കുതിരകളെ ആവുന്നത്ര വേഗത്തിൽ പായിച്ചു. പക്ഷേ ആ തടവുകാർ കാരണം ഉദ്ദേശി ച്ചത്ര വേഗത്തിൽ മുമ്പോട്ടുപോകുവാൻ ഞങ്ങൾക്കു സാ ധിച്ചില്ല. ഏതായാലും ഗോണ്ഡീ പൎവ്വതത്തിൻെറ

യടുക്കൽ എത്തിച്ചേൎന്നപ്പോഴേയ്ക്കും ശത്രുക്കൾ ഞങ്ങളെ നാലുപാടും വളഞ്ഞു. അവർ പത്തുപന്ത്രണ്ടു പേരുണ്ടായിരുന്നെങ്കിലും മൂന്നുപേൎക്കുമാത്രമേ കുതിരകൾ ഉണ്ടായിരുന്നുള്ളു. ബാക്കിയുള്ളവരെല്ലാം കാൽനടയായിട്ടാണു് അവിടെ വന്നുചേൎന്നതു്. എങ്കിലും ഭയങ്കരമായ ഒരാക്രമണം തന്നെ അവർ നടത്തി. സംഗതികൾ വഷളാകുന്നുവെന്നു് ബോദ്ധ്യമായപ്പോൾ ഞാൻ അങ്ങയെ വിവരം അറിയിക്കുവാനായി ഇങ്ങോട്ടു് പോരികയാണു ചെയ്തതു്. ഇതിനിടയ്ക്കാണു് ശത്രുക്കളുടെ ഒരമ്പു് എന്റെ തലയിൽ കൊണ്ടതു്. കുതിരപ്പുറത്തു് പററിപ്പിടിച്ചിരിക്കുവാനുള്ള കഴിവുമാത്രമേ എനിക്കു് ഉണ്ടായിരുന്നുള്ളു. എന്റെ കുതിരയായതുകൊണ്ടാണു് എന്നെ ഒരുതരത്തിൽ ഇവിടെവരെ കൊണ്ടെത്തിച്ചതു്. ഇത്രയും സംഗതികളാണു് ഇതുവരെ നടന്നതു്. ഇതുവരെയും നമ്മുടെ ആൾക്കാർ മടങ്ങി വരാത്തതിൽ എനിക്കു് വലിയ അത്ഭുതം തോന്നുന്നു. ഭഗാൺഡീ പൎവ്വതം ഇവിടെനിന്നു് അത്ര ദൂരത്തിലൊന്നുമല്ലല്ലോ."

ഇത്രയും പറഞ്ഞുതീരുന്നതിനു മുമ്പായി കൂടാരത്തിനുവെളിയിൽ ശബ്ദകോലാഹലങ്ങൾ ഉയൎന്നു കേൾക്കപ്പെട്ടു. രുക്മസ് വെളിയിലേയ്ക്കു് എത്തിനോക്കിക്കൊണ്ടു പറഞ്ഞു. "നമ്മുടെ പട്ടാളക്കാർ മടങ്ങിവന്നുവെന്നു് തോന്നുന്നു. ഞാൻ പോയി നോക്കിയിട്ടുവരാം. നീ എഴുനേല്ക്കാനൊന്നും ബദ്ധപ്പെടേണ്ടാ. ഇവിടെത്തന്നെ കിടന്നാൽമതി. വിവരം മുഴുവൻ ഞാൻതന്നെ വന്നു പറയാം."

രുക്മസു് വേഗം കൂടാരത്തിനു് വെളിയിലേയ്ക്കു് ഇറങ്ങിപ്പോയി. അപ്പോഴേയ്ക്കും അയാൾ അയച്ചിരുന്ന ആ പട്ടാളക്കാരും ഏതാനും തടവുകാരോടുകൂടി

അവിടെ എത്തിച്ചേർന്നു. ആ തടവുകാരുടെ കൂട്ടത്തിൽ ഒരു സ്ത്രീയെക്കൂടി കണ്ടപ്പോൾ തൻെറ ഉദ്ദേശം സഫലമായെന്നു് അയാൾക്കു് ബോദ്ധ്യമായി. ഹോ! എത്ര ദിവസമായിട്ടു് അയാൾ ആ ഭയാനകമായ സ്ഥലത്തു് ഈ ഒരേ ഒരു ലക്ഷ്യപ്രാപ്തിക്കുവേണ്ടി കഷ്ടപ്പെടുന്നു! അയാൾ അളവററ സന്തോഷത്തോടെ ആ പട്ടാളക്കാരുടെ അടുക്കലേയ്ക്കു് ചെന്നു. പട്ടാളക്കാരുടെ ഓഫീസർ അയാളെ സല്യൂട്ടു് ചെയ്തതിനുശേഷം ഇങ്ങനെ പറഞ്ഞു. "നമ്മുടെ കൂട്ടുകാർ തടവിലാക്കിയ ആ രണ്ടു പേരെക്കൂടാതെ അവരുടെ അനുയായികളിൽ രണ്ടുപേരെക്കൂടി ഞങ്ങൾ തടവുകാരാക്കിക്കൊണ്ടുവന്നിട്ടുണ്ടു്." രുക്മസ്സ് അയാളെ അഭിനന്ദനവചസ്സുകൾകൊണ്ടു് അഭിഷേകം ചെയ്തതിനുശേഷം തടവുകാരുടെ അടുക്കലേയ്ക്കു് നീങ്ങി.

★

# 3

കുറച്ചുസമയത്തേയ്ക്കു് കരളലിയിക്കുന്ന ഒരു കാഴ്ച കാണുവാൻ ഞാൻ വായനക്കാരെ കൊണ്ടുപോകുകയാണു്.

തറയിൽ നാട്ടിനിറുത്തിയിരുന്ന നാലു് തടിത്തൂണുകളിൽ നാലുപേരെ കയറുകൾകൊണ്ടു് വരിഞ്ഞുമുറുക്കി ചാരിനിറുത്തിയിരിക്കുന്നു. ഓരോ തൂണിനും നാലു് അടിവീതം വ്യാസമുണ്ടു്. തറനിരപ്പിൽനിന്നും ഓരോ തൂണിനും ആറടിക്കുമേൽ ഉയരമുണ്ടു്. വെളിയിൽനിന്നു് നോക്കുന്ന ഒരാളിനു് കാണുവാൻ നിവൃത്തിയില്ലാത്ത രീതിയിൽ കട്ടികൂടിയ ഒരിനം കാൻവാസു് കർട്ടൻകൊണ്ടു് ആ തൂണുകൾക്കു് ചുററിനും വേലിപോലെ കെട്ടിമറച്ചിരുന്നു.

ആ നാലു തടവുകാരെക്കൂടാതെ ആ വേലിക്കെട്ടിനകത്തു് മററു രണ്ടു ഫ്രഞ്ചു് ഉദ്യോഗസ്ഥന്മാർകൂടി നില്പുണ്ടു്. അവരിൽ ഒരാൾ രുക്മസും അപരൻ

അയാളേക്കാഠ ഉയന്ന നിലയിലുള്ള ഒരു ഓഫീസറു മാണു്. ആ ഓഫീസറോട്ട് രുക്മസു് വളരെ ഭവ്യ ഭാവത്തിലാണു് സംസാരിക്കുന്നതു്. ഇൻഡോ ചൈനാ യിലെ ഫ്രഞ്ചു് രഹസ്യപ്പോലീസുവകുപ്പ് മേധാവിയായ മേജർ ഡ്യൂമറേയാണു് ആ ഉദ്യോഗസ്ഥൻ. അവർ ആറുപേരല്ലാതെ ആ വേലിക്കെട്ടിനകത്തു് വേറെ ആരും ഉണ്ടായിരുന്നില്ല. വേലിക്കെട്ടിനു വെളിയിൽ ആരെല്ലാം ഉണ്ടെന്നോ, അവിടെ എന്തെല്ലാം ഏർപ്പാടുകളാണു് ചെയ്തിരിക്കുന്നതെന്നോ നമുക്കു് യാതൊരു രൂപവുമില്ല.

ആ നാലു തൂണുകളിൽ ആദ്യത്തെ തൂണിനോടു ചേത്തു് വരിഞ്ഞുമുറുക്കി നിറുത്തിയിരിക്കുന്ന ആ മനു ഷ്യൻെറ അപ്പോഴത്തെ മുഖഭാവം കണ്ടാൽ അയാഠക്കു് താങ്ങാനാവാത്ത ക്ഷതങ്ങഠ ഏതോ ഏററിട്ടുണ്ടെന്നു് വ്യക്തമായിരുന്നു. മരിച്ച മനുഷ്യരുടെ മുഖംപോലെ വിളറിവെളുത്ത മുഖമായിരുന്നു അയാളുടേതു്. അതിൽ നിന്നും അയാഠ ചിലപ്പോഠ മരിച്ചിരിക്കാനും ഇടയു ണ്ടെന്നു് തോന്നിപ്പോകുമായിരുന്നു. അയാളുടെ അർദ്ധ നഗ്നമായ ശരീരത്തിൽ അനേകം അടികളുടെ പാടു കഠ വ്യക്തമായി കാണപ്പെട്ടിരുന്നു. ശരീരം പല സ്ഥലത്തും കീറിമുറിഞ്ഞിരുന്നു. ആ മുറിവുകളിൽ നിന്നും വാന്നു വീണുകൊണ്ടിരുന്ന രക്തത്തുള്ളികഠ അയാളുടെ കാൽച്ചുവട്ടിൽ കട്ടപിടിച്ചു കിടന്നിരുന്നു. അയാളുടെ തല ചത്ത കോഴിയുടെ തലപോലെ ഒരു വശത്തേയ്ക്കു് തൂങ്ങി കിടന്നിരുന്നതിൽ നിന്നും, മുറിവു കളിൽനിന്നുള്ള രക്തപ്രവാഹം അപ്പോഴേയ്ക്കും നില ച്ചിരുന്നതിൽനിന്നും അയാഠ മരിച്ചുവെന്നുള്ള നമ്മുടെ വിശ്വാസം ബലപ്പെടുന്നുണ്ടു്. ഡ്യൂമറേ രണ്ടാമത്തെ തൂണിനോടു ചേത്തു് ബന്ധിച്ചിരുന്ന ആ മനുഷ്യൻെറ

മുമ്പിൽ നിന്നുകൊണ്ടു് അലറുന്ന സ്വരത്തിൽ എന്തൊക്കെയോ ചോദിക്കുകയാണു്.

ഡ്യൂമറേ എന്താണു് ചോദിച്ചതെന്നു് നമുക്കു് അറിഞ്ഞുകൂടാ. എന്നാൽ അയാളുടെ ചോദ്യത്തിനു മറുപടിയായി ആ തടവുകാരൻ നിഷേധഭാവത്തിൽ തലയാട്ടുന്നതു കണ്ടിട്ടു് അയാളുടെ മുഖം കോപംകൊണ്ടു് ചെമന്നുതുടുത്തു. അയാൾ വർദ്ധിച്ച അരിശത്തോടെ ഇങ്ങനെ പറഞ്ഞു· "നിൻെറ കൂട്ടുകാരൻെറ അവസ്ഥ നീ ഇപ്പോൾ നേരിൽ കണ്ടതാണെല്ലോ. പിന്നെയും നിനക്കു് അഹങ്കാരമാണോ? കൗണ്ടു്ഷേവർ ഇപ്പോൾ എവിടെയാണെന്നും, പൗരസ്വാഭിമാന സംരക്ഷകസംഘത്തിന്റെ നേതാക്കന്മാർ ആരെല്ലാമാണെന്നും വേഗം പറഞ്ഞില്ലെങ്കിൽ നിൻെറ കൂട്ടുകാരനെ ചതച്ചതിലും മൃഗീയമായ രീതിയിൽ നിന്നെ ഞാൻ ചതച്ചു് ചമ്മന്തിപ്പരുവമാക്കിക്കളയും. ങും, വേഗം പറയൂ. ഷേവർ ഇപ്പോൾ എവിടെയാണു്?"

ആ തടവുകാരൻ തല സാവധാനം ഉയർത്തി തൊട്ടടുത്ത ആ തൂണിൽ ബന്ധിതനായി നില്ക്കുന്ന തൻെറ കൂട്ടുകാരൻെറ മുഖത്തേയ്ക്കു് ഒരു പ്രാവശ്യം നോക്കിയിട്ടു് തല അതേപടി തന്നെ താഴ്ത്തി. ഡ്യൂമറേ വീണ്ടും അയാളോടു് എന്തോ ചോദിക്കുവാൻ ഭാവിച്ചപ്പോഴേയ്ക്കും രുക്മസു്കുനിഞ്ഞു് ഡ്യൂമറേയുടെ ചെവിയിൽ അടക്കിയ സ്വരത്തിൽ പറഞ്ഞു. "എനിക്കു തോന്നുന്നതു് ആ മൂന്നാമതു നില്ക്കുന്ന മനുഷ്യൻ ഇയാളുടെ നേതാക്കന്മാരിൽ ആരെങ്കിലും ആയിരിക്കുമെന്നാണു്. അയാളുടെ മുമ്പിൽവെച്ചു് ഇയാൾക്കു് പറയുവാൻ ഭയമാണെന്നു തോന്നുന്നു." ഡ്യൂമറേ വെറും നിസ്സാരഭാവത്തിൽ ഇങ്ങനെ പറഞ്ഞു. "സാരമില്ല.

എൻെറ യുക്തി ഇവനെക്കൊണ്ടു് സംസാരിപ്പിക്കു മെന്നു് എനിക്കു് ഉറപ്പുണ്ടു്. (തടവുകാരൻെറ നേക്കു് തിരിഞ്ഞു്) നീ എൻെറ ചോദ്യത്തിനു് മറുപടി പ റയുവാൻ തയാറല്ല. അല്ലേ? എങ്കിൽ കേട്ടുകൊള്ളു. നിനക്കുവേണ്ടി ഞാൻ എൻെറ ബയണററു് ഉപയോ ഗിക്കണമെന്നു് വിചാരിക്കുന്നില്ല. ഇതാ, ഞാൻ എൻെറ റിവാൾവർ എടുക്കുന്നു. ഇതിൽ ആറു് ഉണ്ട കൾ ഉണ്ടു്. ഇതിൽ ഒന്നു് നിൻെറ ഇടത്തെ കാൽവ ണ്ണയിലും, ഒന്നു് വലത്തെ കാൽവണ്ണയിലും, ഒന്നു് വലത്തെ കാൽമുട്ടിലും, ഒന്നു് ഇടത്തെ കാൽമുട്ടിലും, ഒന്നു് ഇടത്തെ തുടയിലും, ആറാമത്തേതു് വലത്തെ തുട യിലും പ്രയോഗിക്കുവാൻ പോകുകയാണു്. ഈ ആറു് വെടികൾ കൊണ്ടാലും നീ വായ് തുറക്കുകയില്ലെന്നു ണ്ടെങ്കിൽ ഞാൻ രണ്ടാമത്തെ റിവാൾവറും എടുക്കും. എന്താ, പറഞ്ഞതു് കേട്ടല്ലോ? ശരി ഇനി പറയൂ. കൗണ്ടു്ഷേവർ ഇപ്പോൾ എവിടെയാണു്?"

ഡ്യൂമറേയുടെ വാക്കുകൾ കേട്ടതോടെ ആ തടവു കാരൻെറ മുഖം വിളറിവെളുത്തു. അയാളുടെ ശരീര മാകെ നേരിയ വിറയൽ ഉണ്ടായി. അയാൾ കടക്കൺ കൊണ്ടു് അടുത്ത തൂണിൽ ബന്ധിക്കപ്പെട്ടിരുന്ന ആ തടവുകാരനെ ഒരിക്കൽകൂടി നോക്കി. അയാൾ കണ്ണു കൾകൊണ്ടു് എന്തോ ആംഗ്യം കാണിച്ചു. നാലു കണ്ണു കൾ തമ്മിലിടഞ്ഞു. കണ്ണുകൾ കണ്ണുകളോടു് സംസാ രിച്ചു. കോപംകൊണ്ടു് കലിതുള്ളുന്ന ഡ്യൂമറേ ആ ആശയവിനിമയരീതി കണ്ടില്ലെങ്കിലും അടുത്തുനിന്നി രുന്ന രുക്മസു് അതു് നല്ലവണ്ണം കാണുകയുണ്ടായി. ആ തടവുകാരൻ എന്തോ പറയുവാനായി ഭാവിച്ച പ്പോഴേയ്ക്കും ഡ്യൂമറേയുടെ കയ്യിലിരുന്ന റിവാൾവറിൽ

നിന്നും ഒരു നിറ ഒഴിഞ്ഞുകഴിഞ്ഞിരുന്നു. ആ വെടിയുണ്ട ഭാഗ്യഹീനനായ ആ തടവുകാരന്റെ ഇടത്തെ കാൽവണ്ണ തുളച്ചു് മറുപുറം കടന്നുപോയി. തകർന്ന എല്ലിൻ കഷണങ്ങൾ പിളന്ന തൊലിയിലൂടെ വെളിയിലേയ്ക്കു് ചാടി. ധാരായന്ത്രത്തിൽ നിന്നെന്നപോലെ രക്തം നാലുപാടും ചീറിപ്പാഞ്ഞു.

ഡ്യൂമറേ വീണ്ടും പിശാചിനെപ്പോലെ അലറി. "ങും, പറയൂ." അപ്പോഴേയ്ക്കും ആ തടവുകാരന്റെ തല ഒരു വശത്തേയ്ക്കു് ചാഞ്ഞുകഴിഞ്ഞിരുന്നു. അയാളുടെ വായിൽനിന്നും ഒരു നേരിയ ഞരക്കം പുറപ്പെട്ടതല്ലാതെ വേറെ ഒററ ശബ്ദംപോലും പുറപ്പെട്ടില്ല. "എന്നാൽ, ഇതാ, പിടിച്ചോളൂ." എന്നലറിക്കൊണ്ടു് ഡ്യൂമറേ രണ്ടാമത്തും നിറയൊഴിച്ചു. ഭാഗ്യഹീനനായ ആ തടവുകാരന്റെ വലത്തെ കാൽവണ്ണയും തകർന്നു തരിപ്പണമായി. അയാളുടെ ശരീരമാകെ മുന്നോട്ടു ചാഞ്ഞു. എന്നിട്ടും അയാളുടെ വായിൽനിന്നും ഒരക്ഷരംപോലും പുറപ്പെട്ടില്ല.

"എന്താ, ഇനിയും പറയുവാൻ ഭാവമില്ലേ? ഞാൻ മൂന്നാമത്തെ നിറയും ഒഴിക്കുവാൻ പോകുകയാണു്." ഡ്യൂമറേയ്ക്കു് ഈ ചോദ്യത്തിനുള്ള മറുപടി ആ തടവുകാരനിൽനിന്നും കേൾക്കുവാൻ കഴിയുന്നതിനു മുമ്പായി അടുത്തെവിടെയോ നിന്നു് ആരോ പൊട്ടിച്ചിരിക്കുന്ന ശബ്ദമാണു് കേൾക്കുവാൻ കഴിഞ്ഞതു്. അയാൾ തിരിഞ്ഞുനോക്കിയപ്പോൾ മൂന്നാമത്തെ തൂണിനോടു ചേർത്തു് ബന്ധിച്ചിരുന്ന ആ തടവുകാരൻ കിലുകിലാരവത്തോടെ ചിരിക്കുന്നതാണു് കണ്ടതു്. ഡ്യൂമറേ തന്റനേരെ നോക്കുന്നതു കണ്ടിട്ടു് അയാൾ ചിരി നിറുത്താതെതന്നെ പറഞ്ഞു. "മേജർ ഡ്യൂമറേ,

എന്തിന് ആ റിവാൾവർ ഇനിയും പാപപങ്കിലമാക്കുന്നു? ഹതഭാഗ്യനായ ആ തടവുകാരൻ ആദ്യത്തെ വെടിയുണ്ട ഏല്ക്കുന്നതിനു മുമ്പുതന്നെ മരിച്ചുകഴിഞ്ഞിരുന്നു."

ഡ്യൂമറേ:—(ഞെട്ടലോടെ) മരിച്ചെന്നോ? ഇല്ല. ഒരിക്കലുമില്ല. ഒരുപക്ഷേ ബോധംകെട്ടതായിരിക്കും. ഈ നിസ്സാരമായ മുറിവുകൊണ്ട് ആരും ഇത്രവേഗം മരിക്കുകയില്ല.

തടവുകാരൻ:—(ചിരിച്ചുകൊണ്ട്) സംശയം ഉണ്ടെങ്കിൽ പരിശോധിച്ചുനോക്കണം.

ഡ്യൂമറേ തിരിഞ്ഞു് രുക്മസ്സിൻെറ നേർക്ക് നോക്കി. ആ നോട്ടത്തിൻെറ അർത്ഥം മനസ്സിലാക്കിയ രുക്മസ്സ് ആ തടവുകാരൻെറ അടുക്കൽചെന്ന് അയാളുടെ ചങ്കിൽ കൈവച്ച് ഹൃദയസ്പന്ദനം പരിശോധിച്ചുനോക്കി. അയാളുടെ നാഡീസ്പന്ദനംകൂടി നോക്കിയതിനുശേഷം രുക്മസ്സ് ഒരു ദീർഘനിശ്വാസത്തോടെ ഇങ്ങനെ പറഞ്ഞു. "ശരിയാണ്. ഇയാൾ മരിച്ചുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഹൃദയസ്പന്ദനം തീർത്തും നിലച്ചിരിക്കുകയാണ്. ശരീരം തണുത്തു് വിറങ്ങലിച്ചുകഴിഞ്ഞു.

"തീരെ ദുർബലമായ ശരീരമായിരുന്നെന്നു് തോന്നുന്നു." ഡ്യൂമറേയുടെ ഈ അഭിപ്രായം കേട്ടിട്ട് ആ മൂന്നാമത്തെ തടവുകാരൻ പുഞ്ചിരിതൂകിക്കൊണ്ട് ഇങ്ങനെ പറഞ്ഞു. "ദുർബലമായ ശരീരത്തോടുകൂടിയ ആളുകളെയല്ല പൗരസ്ത്യാഭിമാനസംരക്ഷകസംഘത്തിൽ അംഗങ്ങളാക്കിയിരിക്കുന്നതു്. അയാൾ മനഃപൂർവ്വം ജീവൻ വെടിഞ്ഞതാണ്."

ഡ്യൂമറേ:—അതെങ്ങനെ? ആത്മഹത്യചെയ്തതാണെന്നാണോ നിങ്ങൾ പറയുന്നതു്?

ആ തടവുകാരൻ യാതൊരു മറുപടിയും പറയാതെ തോളുകൾ ചലിപ്പിക്കുക മാത്രമാണ് ചെയ്തത്. ഡ്യൂമറേ തൻെറ ചോദ്യം വീണ്ടും ആവർത്തിച്ചെങ്കിലും അതിനും മറുപടി പറയുവാൻ ആ തടവുകാരൻ കൂട്ടാക്കുന്നില്ലെന്ന് കണ്ടപ്പോഴുണ്ടായ അരിശത്തോടെ ഡ്യൂമറേ പറഞ്ഞു. "ശരി. അടുത്തത് നിൻെറ ഊഴിയമാണ്. എന്താ, നീയും നിൻെറ ശാഠ്യം ഉപേക്ഷിക്കുവാൻ തയാറില്ലേ?" അയാൾ ആ തടവുകാരൻെറ മുമ്പിലേയ്ക്ക് രണ്ടു ചുവടുകൂടി മാറിനിന്നു.

ആ മൂന്നാമത്തെ തടവുകാരൻെറ മുഖത്തേയ്ക്ക് സൂക്ഷിച്ചുനോക്കുകയാണെങ്കിൽ അയാളെ നമുക്ക് നിഷ്പ്രയാസം തിരിച്ചറിയുവാൻ സാധിക്കും. താരയോടൊപ്പം നാമത്തുവേഷധാരിയായ ഗോപാൽശങ്കറെ ശുശ്രൂഷിക്കുവാൻ ത്രികണ്ടകരാൽ നിയുക്തനായിരുന്ന 'കാംഗാ' എന്ന യുവാവാണ് ആ നില്ക്കുന്നത്. ആ യുവതി താരയുടെ കൂട്ടുകാരിയായ 'ഗാമി'യാണ്. അവളുടെകൂടെയാണ് താര അന്ന് കുളിക്കുവാനായി ഗുഹാന്തർഭാഗത്തുള്ള 'മങ്കയാററിൽ' ഇറങ്ങിയതും ഒഴുക്കിൽപെട്ട് മരണവക്ത്രത്തിലേയ്ക്ക് നീങ്ങിയതും. അമരസിംഹൻ നദിയിലിറങ്ങി താരയെ രക്ഷിച്ചതും മററും വായനക്കാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമെല്ലോ."

ഡ്യൂമറേയുടെ ചോദ്യം കേട്ടിട്ട് കാംഗാ ഒരിക്കൽകൂടി പൊട്ടിച്ചിരിച്ചു. അതിനുശേഷം പറഞ്ഞു. "മി. ഡ്യൂമറേ! നിങ്ങളുടെ ചോദ്യം കേട്ടിട്ട് വാസ്തവത്തിൽ എനിക്കു ചിരിയാണ് വരുന്നത്. നിങ്ങളെപ്പററിയും, നിങ്ങളുടെ ഈ വെളുത്ത തൊലിയെപ്പററിയും, നിങ്ങൾ ഉൾക്കൊള്ളുന്ന ആ വെളുത്തവർഗ്ഗത്തെപ്പററിയും ആലോചിക്കുമ്പോൾ എനിക്ക് ചിരിക്കാതിരിക്കുവാൻ

സാധിക്കുന്നില്ല. സ്പെയിനിലെ 'ഇൻക്വിസിഷനെ'പ്പററിയുള്ള വിവരങ്ങൾ പുസ്തകങ്ങളിൽ വായിച്ചപ്പോൾ ഞാൻ വിചാരിച്ചിരുന്നതു് അതു മുഴുവൻ വെറും അതിശയോക്തിപരമായ വർണ്ണനകളാണെന്നും, മനുഷ്യഹൃദയത്തിന് ഒരിക്കലും അത്രമാത്രം ക്രൂരമായി തീരുവാൻ സാധിക്കുകയില്ലെന്നും മററുമായിരുന്നു. ഏതോ ഒരു പുസ്തകത്തിൽ പോർട്ടുഗീസുകാർ 'മായാ' രാജ്യത്തെ 'ഇൻകാ' ജാതിക്കാരോടു് കാണിച്ച നീചനീചമായ പ്രവൃത്തികളെപ്പററിയും, അവരെ കൊള്ളയടിക്കുവാൻ വേണ്ടി പോർട്ടുഗീസുകാർ കൈക്കൊണ്ട ക്രൂരമായ മർദ്ദന സംവിധാനങ്ങളെപ്പററിയും വായിച്ചപ്പോൾ എൻെറ മനസ്സ് അല്പം വ്യതിചലിക്കാതിരുന്നില്ല. മറെറതോ ഒരു പുസ്തകത്തിൽ ബൽജിയംകാർ ആഫ്രിക്കയിൽ നടത്തിയ പൈശാചികമായ നരവേട്ടയെപ്പററിയും, കറുത്ത വർഗ്ഗക്കാരായ നീഗ്രോകളോടു് ആനക്കൊമ്പിൻെറയും വജ്രങ്ങളുടേയും ഉറവിടം മനസ്സിലാക്കുന്നതിനുവേണ്ടി കൈക്കൊണ്ട ഹൃദയഭേദകമായ മർദ്ദനരീതികളെപ്പററിയും മററും വായിച്ചപ്പോൾ എൻെറ മനസ്സിൻെറ ബാലൻസുതന്നെ തെററിപ്പോയി. അതിനുശേഷമാണ് 'ജർമ്മൻ ഈസ്റ്റാഫ്രിക്കയിൽ' റബ്ബറിനുവേണ്ടി അവിടത്തെ പാവപ്പെട്ട ഇൻഡ്യാക്കാരുടെ മേൽ നിങ്ങളുടെ വർഗ്ഗക്കാർ നടത്തിയ മൃഗീയമായ താണ്ഡവനൃത്തത്തെപ്പററിയുള്ള വിവരങ്ങൾ ഞാൻ പുസ്തകങ്ങളിൽ വായിച്ചതു്. അന്നു മുതൽ ഞാൻ ആലോചിക്കാറുണ്ടു്, ഈ യൂറോപ്യന്മാർ മുഴുവൻ ഇത്രമാത്രം ഹൃദയശൂന്യരായ മൃഗങ്ങളാണോ എന്നു്; ഇവക്കു് എങ്ങനെ സാധുക്കളും നിരായുധരുമായ ജനങ്ങളുടെമേൽ ഇതേ രീതിയിലുള്ള കൊടിയ മർദ്ദനങ്ങൾ നടത്തുവാൻ സാ

ധിക്കുന്നൊന്ന്. എൻെറ ഈ ചോദ്യങ്ങൾക്ക് വിശദമായ മറുപടിയാണ് പിന്നീട്ട് നടന്ന സംഭവവികാസങ്ങൾ എനിക്കു നൽകിയതു്. ഈ ഹതഭാഗ്യരായ രണ്ടു തടവുകാരോട്ട് നിങ്ങൾ ഇപ്പോൾ കാണിച്ച ഈ പൈശാചികമായ പ്രവൃത്തി നിങ്ങളുടെ മാത്രം ഭാവനാശൂന്യമായ മസ്തിഷ്കത്തിൻെറ കണ്ടുപിടിത്തമാണെന്ന് നിങ്ങൾ ഒരു പക്ഷേ കരുതുന്നുണ്ടായിരിക്കാം. പക്ഷേ, നിങ്ങൾക്ക് തെററിപ്പോയി. നിങ്ങളേക്കാൾ ഹൃദയശൂന്യരായ ആളുകൾ ഇതിനേക്കാൾ ക്രൂരമായ മർദ്ദനങ്ങൾ ഇതിനുമുമ്പ് പലപ്പോഴും നടത്തിക്കഴിഞ്ഞിട്ടുണ്ട്. റഷ്യയിൽ അവിടുത്തെ കൃഷിക്കാരും സാധാരണ പട്ടാളക്കാരുംകൂടി ഒരു ആഭ്യന്തരകലാപം ആരംഭിച്ചപ്പോൾ ഭാഗ്യത്തിനു് ഞാനും അന്ന് അവിടെ ഉണ്ടായിരുന്നു. അന്നാണ് ഞാൻ ഈ രംഗം ആദ്യമായി നേരിട്ട് കാണുന്നതു്. വിപ്ലവകാരികളായ പട്ടാളക്കാരുടെ ഒരു ചെറിയ സംഘത്തിൻെറ നേതൃത്വം വഹിച്ചിരുന്നതു് ചെറുപ്പക്കാരിയായ ഒരു സ്ത്രീയായിരുന്നു. ചരിത്രത്തിൻെറ ഏടുകൾ മറിച്ചുനോക്കുകയാണെങ്കിൽ ഇന്നും ആ പിശാചിൻെറ പേരു് എവിടെയെങ്കിലും കാണുവാൻ നിങ്ങൾക്ക് സാധിച്ചെന്നുവരാം. നിങ്ങൾ ശത്രുക്കളുടെ രഹസ്യം അറിയുന്നതിനും, കാണാതായ ഗവർണ്ണറെപ്പററിയുള്ള വിവരങ്ങൾ അറിയുന്നതിനും വേണ്ടിയാണെല്ലോ ഈ മൃഗീയമായ മർദ്ദനരീതി അവലംബിച്ചതു്. എന്നാൽ ഹൃദയശൂന്യയായ ആ സ്ത്രീയാകട്ടെ, തൻെറ മനോവിനോദത്തിനുവേണ്ടി മാത്രമായിരുന്നു നിരായുധരും, നിരാലംബരുമായ ആ പട്ടാളക്കാരുടെ മേൽ ദൈവംപോലും പൊറുക്കാത്ത രീതിയിലുള്ള മർദ്ദനങ്ങൾ നടത്തിയതു്. ഓഫീസറന്മാരുടെ നിർദ്ദേ

ശമനുസരിച്ച് അവർ ഓരോ പട്ടാളക്കാരേയും നിങ്ങൾ ഇപ്പോൾ ചെയ്തതുപോലെതന്നെ തുണിനോട്ടചേത്ത് വരിഞ്ഞുമുറുക്കിയിട്ട് റിവാൾവർകൊണ്ടു് ശരീരത്തിൻെറ ഓരോ ഭാഗത്തും വെടിവെച്ച് രസിച്ചുകൊണ്ടിരുന്നു. എന്നാൽ ക്രൂരതയ്ക്കു് ലോകറിക്കാർഡു ഭേദിച്ച ആ സ്ത്രീപോലും മനുഷ്യന്റെ മമ്മസ്ഥാനങ്ങളിൽ വെടിവെച്ച് നിമിഷനേരത്തിനുള്ളിൽ അവരെ യമപുരിയിലേക്കയയ്ക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. അന്ന് അവർ വെടിവെച്ചപ്പോൾ ഓരോ തടവുകാരൻേറയും വായിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ആത്തനാദത്തിന്റെ അലകൾ ഇന്നും എൻെറ ചെവികളുള്ളിൽ വ്യക്തമായി മുഴങ്ങുന്നുണ്ടു്. ആ ക്രൂരമായ......"

ഇത്രയുമായപ്പോഴേയ്ക്കും അക്ഷമനായിത്തീർന്ന ഡ്യൂമറേ അമർഷത്തോടെ ഇടയ്ക്കുകയറി പറഞ്ഞു. "നിത്തെടാ. അധികമൊന്നും പ്രസംഗിയ്ക്കേണ്ടാ. നീ എന്നെ മാത്രമല്ല, ഫ്രഞ്ചുകാരെ മാത്രമല്ല, സമസ്ത യൂറോപ്യന്മാരേയും 'ചെകുത്താൻ' എന്നല്ലേ സംബോധന ചെയ്തതു്? ശരി, ചെകുത്താന്മാർ തങ്ങളുടെ ഇരയോടു് ഏതു രീതിയിലാണു് പെരുമാറുന്നതെന്നു് ഞാൻ നിനക്കു് കാണിച്ചുതരാം. പറയൂ. കൗണ്ടു്ഷേവറെ നിങ്ങൾ എവിടെയാണു് ഒളിച്ചു വച്ചിരിക്കുന്നതു്? ഉം. പറയൂ! വേഗമാകട്ടെ."

കാംഗാ—(ചിരിച്ചുകൊണ്ടു്) അദ്ദേഹം ഇപ്പോൾ എവിടെയാണെന്നു് എനിക്കു് അറിയാം. പക്ഷേ ആ സ്ഥലം ഞാൻ ഒരിക്കലും പറഞ്ഞുതരികയില്ല. ഞാൻ പൗരസ്വാഭിമാന സംരക്ഷകസംഘത്തിന്റെ സിക്രട്ടറിയും പ്രമുഖ പ്രവത്തകരിൽ ഒരാളുമാണു്. നിങ്ങൾക്കു് വിശ്വാസമാകുന്നില്ലെങ്കിൽ ഞാൻ തെളിവുതരുവാൻ

തയാറാണു്. എന്നാൽ നിങ്ങറം അറിയുവാൻ ആഗ്രഹിക്കുന്ന രഹസ്യങ്ങറം എൻെറ ചുണ്ടുകറം ഒരുതരത്തിലും വെളിപ്പെടുത്തുകയില്ല.

"എന്തു്? നീ ആ സംഘത്തിൻെറ സെക്രട്ടറിയാണെന്നോ?" ഡ്യൂമറേ അത്ഭുതത്തോടെ ചോദിച്ചതിനുശേഷം തിരിഞ്ഞു് രുക്മസ്സിൻെറനേക്കു് നോക്കി. ആ ഭയാനകമായ സംഘത്തിൻെറ നേതാക്കന്മാരിൽ ഒരാളെ തടവുകാരനാക്കത്തക്കവണ്ണം നമ്മറം ഭാഗ്യശാലികളാണോ എന്ന ചോദ്യം ആ നോട്ടത്തിൽ നിഴലിച്ചിരുന്നു.

കാംഗായ്ക്കും ഡ്യൂമറേയുടെ നോട്ടത്തിന്റെ അർത്ഥം മനസ്സിലാകാതെ ഇരുന്നില്ല അയാറം ഒരിക്കൽക്കൂടി പൊട്ടിച്ചിരിച്ചു. അതിനുശേഷം പരുഷമായ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു:- "പൗരസ്വാഭിമാന സംരക്ഷകസംഘത്തെപ്പററിയല്ലേ നിങ്ങറംക്കു് അറിയേണ്ടതു്? പറയാം. കേട്ടുകൊള്ളു. ഞാൻ ആ സംഘത്തിൻെറ സെക്രട്ടറിയാണെന്നു പറഞ്ഞപ്പോറം നിങ്ങറംക്കു് വിശ്വാസമായില്ല. ഇതാ, അതിനുള്ള തെളിവു്. നാമത്തുവേഷംകെട്ടിയ നിങ്ങളുടെ പ്രിയപ്പെട്ട നേതാവു് ഗോപാൽശങ്കറുടെ മേൽനോട്ടത്തിന്റെ ചുമതല മുഴുവൻ എനിക്കായിരുന്നു. എന്താ, ഞെട്ടുന്നതു്? കായീമൗവിൽവെച്ചു് നാമത്തുവിനെ അറസ്ററു ചെയ്തപ്പോഴും അയാറം വാസ്തവത്തിൽ ആരാണെന്നു് നിങ്ങറംക്കു് അറിയാമായിരുന്നില്ല. എന്നാൽ ആഗ്രായിലെ സ്വന്തം വസതിയിൽവെച്ചു് അദ്ദേഹം നാമത്തുവേഷംകെട്ടി പുറപ്പെട്ട അന്നുമുതൽ അദ്ദേഹം ഞങ്ങളുടെ നോട്ടപ്പുള്ളിയായിരുന്നുവെന്നു് കേറംക്കുമ്പോറം നിങ്ങറംക്കു് അത്ഭുതം തോന്നുന്നുണ്ടു്. ഇല്ലേ?"

ഡ്യൂമറേ അത്ഭുതസ്തബ്ധനായി വായും പൊളിച്ചു നിന്നുപോയി. കാംഗാ തൻെറ സംസാരം തുടന്നു. "ഞാൻ പൗരസ്വാഭിമാന സംരക്ഷകസംഘത്തിൻെറ പ്രമുഖ പ്രവൎത്തകരിൽ ഒരാളാണെന്നു് നിങ്ങളെബോദ്ധ്യപ്പെടുത്തുവാൻ വേണ്ടിയാണു് ഇതെല്ലാം പറയുന്നതു്. ആ സംഘത്തിലെ അംഗങ്ങൾ എത്രമാത്രം ധൈര്യശാലികളാണെന്നും, അവർ എങ്ങനെയാണു് സ്വന്തം ജീവനെപ്പോലും തൃണവൽഗണിച്ചുകൊണ്ടു് രഹസ്യങ്ങൾ കാത്തുസൂക്ഷിക്കുന്നതെന്നും നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണു്. ഈ ലോകത്തിലുള്ള യാതൊരു ക്ലേശത്തിനും, കഷ്ടപ്പാടിനും, യാതനയ്ക്കും എൻെറ ഇച്ഛയ്ക്കു് വിപരീതമായി എന്നെക്കൊണ്ടു് ഞങ്ങളുടെ രഹസ്യങ്ങൾ പറയിപ്പിക്കുവാൻ സാദ്ധ്യമല്ല."

ഇതു കേട്ടപ്പോൾ ഡ്യൂമറേ പൊട്ടിച്ചിരിച്ചുപോയി. അദ്ദേഹം പറഞ്ഞു: "ഹേ, ചെറുപ്പക്കാരാ! ഭൂതങ്ങളുടെപോലും വായ് തുറപ്പിക്കുവാനുള്ള കഴിവുണ്ടു് കഷ്ടപ്പാടുകൾക്കു്. പിന്നെയല്ലേ വെറും സാധാരണക്കാരനായ നിങ്ങൾ!"

കാംഗാ:—(അലറുന്ന സ്വരത്തിൽ) നിങ്ങളുടെ ഈ സംശയം ഞാൻ ഇതാ, ഇപ്പോൾതന്നെ ദൂരീകരിച്ചേക്കാം. ഇതാ, ഇതു നോക്കണം.

ഇത്രയും പറഞ്ഞിട്ടു് അയാൾ തൻെറ കഴുത്തു് അല്പമൊന്നു് തിരിച്ചു് ശിരസ്സ് കുനിച്ചു. അതോടൊപ്പംതന്നെ അയാളുടെ വായും അല്പമൊന്നു് തുറന്നു. അയാളുടെ പല്ലുകൾക്കിടയിൽ പെരുമ്പയറിൻെറയത്രയും വലുപ്പമുള്ള കറുത്തുരുണ്ട ഒരു സാധനം ഒരു നിമിഷനേരത്തേയ്ക്കു് കാണപ്പെട്ടു. ആ സാധനം വേഗം വായ്ക്കുള്ളിലാക്കിയിട്ടു് കാംഗാ തുടന്നു. "എന്താ,

കണ്ടോ? എൻെറ വായിൽ കിടക്കുന്ന ഈ സാധനം എന്താണെന്നറിയാമോ? ഇതു് റബ്ബർകൊണ്ടുള്ള ഒരിനം ചെറിയ പന്താണു്. ഇതിൽ 'പൊട്ടാസിയം സൈനൈഡ്' ആണു് നിറച്ചിരിക്കുന്നതു്. ഇതുപോലെയുള്ള ഓരോ ഗുളിക പൗരസ്ത്യാഭിമാന സംരക്ഷക സംഘത്തിലെ ഓരോ അംഗത്തിൻെറയും വായ്ക്കുള്ളിൽ ഉണ്ടായിരിക്കും. സമർത്ഥരായ തടവുകാർ കണ്ഠനാളത്തിൻെറ ഇരുഭാഗത്തും ചിരകാലത്തെ അഭ്യാസത്തിൻെറയും, പരിശ്രമത്തിൻെറയും ഫലമായിട്ടു് നാണയങ്ങളും മററും സൂക്ഷിക്കുന്നതിനുവേണ്ടി ഓരോ കുഴികൾ ഉണ്ടാക്കാറുള്ള വസ്തുത നിങ്ങൾക്കും അറിവുള്ളതാണല്ലോ. ഒരിക്കൽ റഷ്യയിലെ ഒരു തടവുകാരൻ ഇതുപോലെ പതിനൊന്നു് ഗിനികൾ (സ്വർണ്ണനാണയം) തൻെറ കണ്ഠനാളത്തിൽനിന്നുമെടുത്തു് എന്നെ കാണിക്കുകയുണ്ടായി. ഇതേ അഭ്യാസമാണു് പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തിലെ ഓരോ അംഗവും ആദ്യമായി പഠിക്കുന്നതു്. എല്ലാ അംഗങ്ങളുടേയും തൊണ്ടയിൽ ഇതുപോലെയുള്ള വിഷഗുളികകൾ ഉണ്ടായിരിക്കും. ആ നില്ക്കുന്ന ആദ്യത്തെ തടവുകാരൻെറ പക്കൽ ഇതുപോലെയുള്ള വിഷഗുളിക ഇല്ലായിരുന്നു. കാരണം അയാൾ ഞങ്ങളുടെ സംഘത്തിൽപെട്ട ആളല്ലായിരുന്നു. അയാൾ ഞങ്ങളെ സംബന്ധിച്ചിടത്തോളം നിരപരാധിയായ ഒരു അപരിചിതനാണു്. അതുകൊണ്ടാണു് ചെകുത്താന്മാരായ നിങ്ങളിൽനിന്നും ഇത്രമാത്രം വേദനയും കഷ്ടപ്പാടും അയാൾക്കു് അനുഭവിക്കുവാൻ ഇടയായതു്. എന്നാൽ ഈ രണ്ടാമതു നില്ക്കുന്ന ആൾ ഞങ്ങളുടെ സംഘത്തിലെ ഒരംഗമായിരുന്നു. അയാളുടെ വായിലും വിഷഗുളികയുണ്ടായിരുന്നു.

ആദ്യത്തെ വെടി നിങ്ങഠം വെച്ച ഉടൻതന്നെ അവൻ ആ ഗുളിക പൊട്ടിച്ച് ആത്മഹത്യചെയ്യുകയുണ്ടായി. എൻെറ വായിൽ കിടക്കുന്ന ഈ ഗുളിക പല്ലുകൊണ്ട് അല്പമായൊന്ന് അമത്തിയാൽ മതി, ഉടൻതന്നെ എൻെറ ആത്മാവ് പരലോകത്തിലേയ്ക്ക് യാത്രതിരിച്ചുകൊള്ളും. അതോടെ നിങ്ങഠംക്ക് നിരാശയുടെ മടിത്തട്ടിൽ തലചായിക്കേണ്ടതായും വരും. എന്നാൽ ഞാൻ ഈ ഗുളിക തല്ക്കാലം തിന്നുവാൻ ആഗ്രഹിക്കുന്നില്ല. കാരണം, ഞങ്ങളുടെ സംഘത്തിലെ ആളുകഠം ഏതു കൊടിയ യാതനയേയും മന്ദസ്മേരവദനരായി സ്വാഗതം ചെയ്യുവാൻ തയ്യാറുള്ളവരാണെന്ന് നിങ്ങളെ ബോദ്ധ്യപ്പെടുത്തിയതിനുശേഷമേ ഞാൻ മരിക്കുകയുള്ളു. ഇതാ, ഞാൻ എൻെറ വായിൽ കിടക്കുന്ന ഈ വിഷഗുളിക തുപ്പിക്കളയുവാൻ പോകുകയാണ്. ഇനി നിങ്ങഠം നിങ്ങളുടെ ക്രൂരത മുഴുവൻ ഒന്നോടെ എന്നിൽ പരീക്ഷിച്ചുനോക്കിക്കൊള്ളു. പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തിൻെറ സിക്രട്ടറിയും, സാധാരണ അംഗങ്ങളും മരണത്തിൻെറ മടിത്തട്ടിൽ എത്രമാത്രം അചഞ്ചലരായിട്ടാണ് ആരോഹണംചെയ്യുന്നതെന്ന് നേരിൽ കണ്ട് മനസ്സിലാക്കിക്കൊള്ളു. ങാ, വരൂ, എന്തുവേണമെങ്കിലും ചെയ്തുകൊള്ളു. യാതനയുടെ ഭണ്ഡാഗാരത്തിലെ അവസാനത്തെ ആയുധവും പ്രയോഗിച്ചുനോക്കിക്കൊള്ളു. എൻെറ ഹൃദയമാണോ, നിങ്ങളുടെ ആയുധമാണോ വിജയിക്കുന്നതെന്ന് നമുക്കു പരീക്ഷിച്ചുനോക്കാം. വേണ്ടാ. മടിക്കേണ്ടാ. ധൈര്യമായിട്ട് മുന്നോട്ടുവരൂ."

ഇത്രയും പറഞ്ഞിട്ട് അയാഠം തല ഒരു വശത്തേയ്ക്ക് തിരിച്ച് ശക്തിയായി നീട്ടിത്തുപ്പി. പെരുമ്പ

യറിൻെറ വലുപ്പത്തിലുള്ള മൂന്ന് റബ്ബർ ഗുളികകൾ അയാളുടെ വായിൽനിന്നും തെറിച്ച് തറയിൽ വീണ് ഉരുണ്ടു. രുക്മസ് അളവററ അത്ഭുതത്തോടെ ആ ഗുളികകൾ പെറുക്കിയെടുത്തു. നഖംകൊണ്ട് അല്പമൊന്ന് അമർത്തിയപ്പോഴേയ്ക്കും അതിൽ ഒരെണ്ണം പൊട്ടിപ്പോയി. വെളുത്ത നിറത്തിലുള്ള ഒരിനം പൊടി അതിനുള്ളിൽനിന്നും അയാളുടെ വിരലുകളിൽ തെറിച്ചുവീണു. അതിൻെറ രൂക്ഷമായ ഗന്ധത്തിൽനിന്നും അത് വിഷത്തിൽ ഏററവും ഉഗ്രതയേറിയ 'പൊട്ടാസിയം സൈനൈഡാ'ണെന്ന് അയാൾക്ക് ബോദ്ധ്യമായി. എന്നാൽ ഡ്യൂമറേ അതൊന്നും അത്ര ശ്രദ്ധിച്ചില്ല. അയാളുടെ മുഖത്ത് വിജയത്തിൻെറ കുഞ്ഞലകൾ നൃത്തംവച്ചുകൊണ്ടിരുന്നു. അയാൾ ഒരു ചുവടുകൂടി മുന്നോട്ടുനീങ്ങി നിന്നുകൊണ്ട് കാംഗായോടു പറഞ്ഞു. "നിങ്ങളുടെ ഹൃദയം സുശക്തമാണെന്ന് എനിക്കു മനസ്സിലായി. എന്നാൽ സ്വന്തം അഹങ്കാരത്തിൻെറ ഫലമായിട്ട് ആ വിഷഗുളികകൾ തുപ്പിക്കളഞ്ഞ നിങ്ങൾ നിങ്ങളെത്തന്നെ എന്റെ അടിമയാക്കി തീർത്തിരിക്കുകയാണ് ചെയ്തതെന്ന് മറന്നുപോയി. നിങ്ങൾക്ക് ഒരിക്കലും സഹിക്കുവാൻ സാദ്ധ്യമല്ലാത്ത നിങ്ങളുടെ ഏതു നിഗൂഢരഹസ്യത്തേയും വെളിവാക്കുന്ന ഒരു മർദ്ദനരീതിയാണ് ഞാൻ അവലംബിക്കുവാൻ പോകുന്നതു്. നിങ്ങളുടെ പ്രേമഭാജനമായ ഈ യുവതിയിലൂടെ ഞാൻ നിങ്ങളുടെ ഹൃദയത്തിന് ക്ഷതമേല്പിക്കുവാൻ പോകുകയാണ്. നിങ്ങൾ പണിപ്പെട്ടു സൂക്ഷിക്കുന്ന ആ രഹസ്യം മുഴുവൻ ഞാൻ ഈ ചെറുപ്പക്കാരിയെക്കൊണ്ട് പറയിക്കും."

ഡ്യൂമറേ, അവിടെ നടന്ന സംഭവങ്ങൾ മുഴുവൻ

നിശ്ശബ്ദയായി നോക്കിക്കൊണ്ടുനിന്ന ആ യുവതിയുടെ അടുക്കലേയ്ക്കു് മാറിനിന്നു. മററു മൂന്നു തടവുകാരേയും പോലെ തന്നെ അവളേയും തൂണിനോടു് ചേർത്തു് വരിഞ്ഞുമുറുക്കിയിരുന്നു. എന്നാൽ മററുള്ളവരെ അപേക്ഷിച്ചു് ഒരു വ്യത്യാസമുണ്ടായിരുന്നതു് അവളുടെ കൈകൾ രണ്ടും സ്വതന്ത്രമായിരുന്നുവെന്നുള്ളതാണു്. അതിൽ ഒരു കയ്യിൽ പിടിച്ചുകൊണ്ടു് ഡ്യൂമറേ പറഞ്ഞു. "പെണ്ണേ! നിന്റെ ഈ കൈത്തലം എത്ര മൃദുലമായിരിക്കുന്നു! നിന്റെ കാമുകനു് ഈ കൈകൾ എത്ര മാത്രം പ്രിയപ്പെട്ടതായിരിക്കും! (കാംഗായുടെ നേരെ നോക്കിയിട്ടു്) എന്നാൽ ഈ കൈകളിലെ അരുണാഭ അധികം താമസിയാതെതന്നെ കാളിമയായി മാറിപ്പോകും. ഈ മനോഹരമായ കൈകൾ ഞാൻ തീവെച്ചു പൊള്ളിക്കുവാൻ പോകുകയാണു്. നിനക്കു് ആ രംഗം കണ്ടുകൊണ്ടു് നില്ക്കുവാൻ സാധിക്കുമോ? (രുക്മസ്സിനോടു്) എന്റെ ക്രൂടാരത്തിൽ ഇരിക്കുന്ന ആ പെട്രോൾ ടിൻ ഇങ്ങെടുത്തുകൊണ്ടുവരൂ."

ആ യുവതിയുടേയും കാംഗായുടേയും കണ്ണുകൾ തമ്മിലിടഞ്ഞു. രണ്ടുപേരുടേയും മുഖം നിമിഷനേരത്തേയ്ക്കു് വിളറിവെളുത്തതു് ഡ്യൂമറേ കണ്ടു. അതോടെ അയാൾക്കു് തന്റെ പദ്ധതിയുടെ വിജയത്തിൽ പരിപൂർണ്ണവിശ്വാസം തോന്നി. രുക്മസ് വേഗം പെട്രോൾ ടിനുമായി തിരിച്ചുവന്നു. ഡ്യൂമറേ പോക്കററിൽനിന്നും ടൗവ്വൽ എടുത്തു് ഗാമിയുടെ കൈത്തണ്ടിൽ ചുററിയതിനുശേഷം അതിൽ പെട്രോൾ ഒഴിച്ചു് നല്ലതുപോലെ കുതിർത്തു. പോക്കററിൽനിന്നും സിഗററു് ലൈററർ എടുത്തു് നീട്ടിപ്പിടിച്ചുകൊണ്ടു് അയാൾ കാംഗായോടു് ചോദിച്ചു. "എന്താ, ഇനിയും പറയുവാൻ ഒരുക്കമില്ലേ?"

അതോടെ കാംഗായുടെ മുഖം വിവർണ്ണമായിത്തീ ന്നു. നിമിഷനേരത്തേയ്ക്കു് അയാളുടെ ശരീരം വിറച്ചുപോയി. വളരെ പണിപ്പെട്ടു് സ്വയം നിയന്ത്രിച്ചതിനുശേഷം അയാൾ പതറിയ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു. “ദുഷ്ടൻ! രാക്ഷസൻ! ചെകുത്താൻ! അതിസുന്ദരിയായ ഒരു തരുണീമണിയുടെ കോമളകളേബരം നിഷ്കരുണം പെട്രോൾ ഒഴിച്ചു് കത്തിച്ചാണോ നീ നിൻെറ പൗരുഷം പ്രകടിപ്പിക്കുന്നതു്? നിൻെറശരീരത്തിൽ ഹൃദയത്തിൻെറ സ്ഥാനത്തു് കരിങ്കല്ലാണോ പ്രതിഷ്ഠിച്ചിരിക്കുന്നതു്?”

ഡ്യൂമറേ:— (വിജയഗർവ്വോടെ പൊട്ടിച്ചിരിച്ചുകൊണ്ടു്) അല്ല. കല്ലിനേക്കാളും കട്ടപ്പംകൂടിയ സാധനമാണു്. ഉം, എന്താ, എൻെറ ചോദ്യത്തിനു് ഉത്തരം പറയുവാൻ തയാറാണോ?

കാംഗാ ഗാമിയുടെ നേർക്കു് കരുണാമയമായ നയനങ്ങളോടെ നോക്കിക്കൊണ്ടു് പറഞ്ഞു. “പ്രിയപ്പെട്ട ഗാമീ! ഞാൻ കാരണം നിനക്കു് എന്തെല്ലാം കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരുന്നു!

ആദ്യമായിട്ടാണു് ഗാമി വായ് തുറക്കുന്നതു്. അവൾ കോമളസ്വരത്തിൽ പറഞ്ഞു. “പ്രിയപ്പെട്ട കാംഗാ! അങ്ങു് ഭയപ്പെടരുതു്. അങ്ങേയ്ക്കു് ഈ കഷ്ടപ്പാടുകൾ സഹിക്കുവാൻ സാധിക്കുമെങ്കിൽ അങ്ങയുടെ ഗാമിയും ഏതു കഷ്ടപ്പാടും സഹിക്കുവാൻ സന്നദ്ധയാണു്.”

കാംഗാ ഏങ്ങലടിച്ചുകൊണ്ടു് പറഞ്ഞു. “ഏതു നാരകീയമായ യാതന സഹിക്കേണ്ടിവന്നാലും നിൻെറ നാക്കു് ചലിക്കുകയില്ലല്ലോ? ഈ വെളുത്തചെകുത്താൻ നിന്നെക്കൊണ്ടു്...”

ഗാമി:—എൻെറനാക്കോ? എന്നെ ഇഞ്ചിഞ്ചായി അരിഞ്ഞുതള്ളിയാൽപോലും എൻെറ ഈ നാക്കു് ചലിക്കുകയില്ല. എന്താ, അങ്ങേയ്ക്കു് ഭയം തോന്നുന്നുണ്ടോ?

കാംഗാ യാതൊരുമറുപടിയും പറയാതെ ശിരസ്സ് കുനിച്ചു.

ക്രൂരഹൃദയനായ മേജർ ഡ്യൂമറേ ആ യുവമിഥുനങ്ങളുടെ സംസാരം സന്തോഷത്തോടുകൂടി കേട്ടുകൊണ്ടു് നില്ക്കുകയായിരുന്നു. കാംഗാ ശിരസ്സ് കുനിച്ചുകൊണ്ടു് നില്ക്കുന്നതു് കണ്ടപ്പോൾ അയാൾ ഗാമിയോടു് പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു "നിനക്കു് നിൻെറ കഷ്ടപ്പാടുകൾ സഹിക്കുവാൻ സാധിക്കുമെങ്കിലും നിൻെറ കാമുകൻെറ കഷ്ടപ്പാടുകൾ കണ്ടുകൊണ്ടു് നില്ക്കുവാൻ സാധിക്കുമോ? ഞാൻ അവൻെറ നേരെ കൈക്കൊള്ളുവാൻപോകുന്നനടപടികൾ കണ്ണുതുറന്നു് കണ്ടുകൊള്ളൂ." ഇത്രയും പറഞ്ഞിട്ടു് അയാൾ പൈശാചികമായ ഒരു പൊട്ടിച്ചിരിയോടെ പെട്രോൾടാങ്കിലിരുന്ന പെട്രോൾ മുഴുവൻ കാംഗായുടെ ശരീരത്തിൽ ഒഴിച്ചു. ആസന്നമായിരിക്കുന്ന വിപത്തിനെപ്പററി അല്പംപോലും ഗൗനിയ്ക്കാതെ കാംഗാ ഗാമിയോടു് വിളിച്ചുപറഞ്ഞു. "എൻെറ കഷ്ടപ്പാടുകൾ കാണുമ്പോൾ നീ ഒരുതരത്തിലും വ്യതിചലിച്ചുപോകരുതു്. നമ്മെ സംബന്ധിക്കുന്ന രഹസ്യങ്ങൾ എന്നും രഹസ്യമായിത്തന്നെ ഇരിയ്ക്കണം. എല്ലാം ധൈര്യമായി സഹിക്കൂ."

ഗാമി:—അങ്ങു് എന്താണീ പറയുന്നതു്? എനിക്കു് എന്നെ നിയന്ത്രിക്കുവാൻ സാധിക്കുകയില്ലന്നാണോ അങ്ങു് ഇപ്പോഴും കരുതുന്നതു്? (ഡ്യൂമറേയുടെ നേർക്കു് നോക്കിക്കൊണ്ടു്) എടാ, വെളുത്തചെകുത്താനേ! ഇതാ, പിടിച്ചുകൊള്ളൂ.

ഗാമീ വായ്പൊളിച്ച് നാക്ക് വെളിയിലേയ്ക്ക് നീട്ടിയതിനുശേഷം ശക്തിയോടെ വായ് അടച്ചു. അടുത്ത നിമിഷംതന്നെ രക്തം വാർന്നൊഴുകുന്ന ചെമന്ന നിറത്തിലുള്ള ഒരു സാധനം അവളുടെ വായിൽനിന്നും ഡ്യൂമറേയുടെ മുഖത്തേയ്ക്ക് തെറിച്ചുവീണു. തന്റെ മുഖത്ത് വന്നുവീണ സാധനം എന്താണെന്ന് അയാൾ സൂക്ഷിച്ചുനോക്കി. ഗാമിയുടെ നാക്കിന്റെ രണ്ട് ഇഞ്ചോളം നീളമുള്ള തുമ്പാണ് അതെന്ന് അയാൾക്ക് ഒററ നോട്ടത്തിൽതന്നെ മനസ്സിലായി. തന്റെ രഹസ്യം ഒരുതരത്തിലും പുറത്താകാതിരിക്കുവാൻവേണ്ടി അവൾ കണ്ടുപിടിച്ച മാർഗ്ഗമായിരുന്നു അതു്. സ്വന്തം നാക്ക് സ്വയം കടിച്ച് മുറിച്ചുകളയുക! ചെമന്നു തുടുത്ത കണ്ണുകളോടെ അവൾ അലറുന്ന മട്ടിൽ പറഞ്ഞു. "ഇനി എന്റെ രഹസ്യങ്ങൾ ഇയാൾ എന്നെക്കൊണ്ടു് എങ്ങനെയാണ് പറയിക്കുന്നതു്?" പക്ഷേ അവളുടെ വായിൽനിന്നും അർത്ഥമില്ലാത്ത ഏതാനും അപശബ്ദങ്ങൾ മാത്രമാണ് പുറപ്പെട്ടതു്; പൊട്ടന്മാർ സംസാരിക്കുന്നതുപോലെ. അവളുടെ മുറിഞ്ഞ നാക്കിൽനിന്നും രക്തം ധാരധാരയായി പ്രവഹിച്ച് അവളുടെ വസ്ത്രമാകെ അരുണവർണ്ണാഭമാക്കിതീർത്തു.

★

# 4

ടൈഗർ അപ്പോൾ ഭൂമിയിൽനിന്നു് ഏകദേശം അയ്യായിരം അടി ഉയരത്തിൽ പറന്നുകൊണ്ടിരിക്കുകയായിരുന്നു.

സമയം രാവിലെ ഏഴുമണി കഴിഞ്ഞു. ബാലാർക്കന്റെ അരുണകിരണങ്ങളേററു് ആ വിമാനത്തിന്റെ ചിറകുകൾ പ്രകാശിച്ചുകൊണ്ടിരുന്നു. ഫ്രഞ്ച് ഇൻഡോചൈനായുടെ തലസ്ഥാനമായ സൈഗൺ നഗരത്തിലേയ്ക്കു് അവിടെനിന്നു് ഇനി അധിക ദൂരമില്ല. അങ്ങു് അകലെ ചക്രവാളത്തിൽ പച്ച സമുദ്രം തിരയടിക്കുന്നതു് കാണപ്പെട്ടു.

വിമാനത്തിൽ കയറി അധികസമയം കഴിയുന്നതിനു മുമ്പായിത്തന്നെ പണ്ഡിററു് ഗോപാൽശങ്കർ ഗാഢനിദ്രയിൽ ആണ്ടുകഴിഞ്ഞിരുന്നു. അദ്ദേഹത്തെ ഉടനെ ഉണർത്തുന്നതു് ശരിയല്ലെന്നു കരുതി മർഷൽ ഫാക്കു് മൗനം അവലംബിക്കുകയാണു് ചെയ്തതു്.

എന്നാൽ സൂര്യകിരണങ്ങൾ ശരീരത്തിൽ പതിക്കുവാൻ തുടങ്ങിയപ്പോൾ ഗോപാൽശങ്കർ സാവധാനം കണ്ണുതുറന്നു. ഉറക്കമുണർന്ന ഉടൻതന്നെ അദ്ദേഹം കോച്ചിൽ കൊട്ടംകയ്യുംകുത്തി കിടന്നുകൊണ്ടു് തന്റെ കഥ പറയുവാൻ ആരംഭിച്ചു.

"നഗേന്ദ്രനരസിംഹൻ എന്നെ ജാലകത്തിലൂടെ വലിച്ചെറിഞ്ഞപ്പോൾ ഞാൻ വിചാരിച്ചതു് അതോടെ എന്റെ കഥ കഴിയുമെന്നായിരുന്നു. അത്ര ഉയരത്തിൽ നിന്നും താഴെചെന്നു് വീഴുമ്പോഴേയ്ക്കും എന്റെ എല്ലുകൾമുഴുവൻ ക്ഷണംക്ഷണമായി നുറുങ്ങിപ്പോകുമെന്നു് എനിക്കു് അറിയാമായിരുന്നു. ഏതായാലും ഭാഗ്യം എന്നെ വിട്ടുപിരിഞ്ഞിരുന്നില്ല. അതുകൊണ്ടാണു് ഈ കഥ പറയുവാൻ ഇന്നു് ഞാൻ ജീവിച്ചിരിക്കുന്നതു്. പെട്ടെന്നു് എന്റെ താഴോട്ടുള്ള വരവു് നിലച്ചുപോയി. എന്റെ വസ്ത്രങ്ങൾ ഏതോ വള്ളിക്കൂട്ടത്തിൽ ഉടക്കിയതാണെന്നു തോന്നുന്നു. കാട്ടുവള്ളികൾ വളരെയധികം ബലമുള്ളതാണെന്നു് താങ്കൾക്കു് അറിയാമല്ലോ. അങ്ങനെ ബലമുള്ള ഒരു വള്ളിയിൽ വാവലിനെപ്പോലെ തൂങ്ങിക്കിടന്ന ഞാൻ ഓരോ നിമിഷവും ഉടൻ വീഴും ഉടൻ വീഴുമെന്നു് ഭയപ്പെട്ടുകൊണ്ടിരുന്നെങ്കിലും ദൈവാധീനത്തിന്റെ കൂടുതൽകൊണ്ടു് അവിടെ നിന്നു് വീണില്ല. അപ്പോഴത്തെ പരിഭ്രമത്തിനും വേവലാതിക്കും ഇടയ്ക്കു് കയ്യിലിരുന്ന ബോംബു് എങ്ങനെയോ തെറിച്ചുപോയി. അതു ചെന്നുവീണതു് ഒരു പാറപ്പുറത്തായിരുന്നെന്നു് തോന്നുന്നു. ഏതായാലും ഭയങ്കരമായ ഒരു പൊട്ടിത്തെറിക്കലോടെ ആ പർവ്വതമാകെത്തന്നെ കുലുങ്ങിപ്പോയി. അവിടെ നിന്നുയർന്ന തീജ്വാലകൾ ഉയരത്തിൽ തൂങ്ങി കിടന്നിരുന്ന എന്റെ

ശരീരത്തിൽപ്പോലും ഏശുകയുണ്ടായി. അതോടെ എന്റെ ശരീരം മുഴുവൻ പൊള്ളിക്കുടുന്നു. എന്റെ ശരീരത്തുകാണുന്ന ഈ മുറിവുകൾ തീപ്പൊള്ളലുകൊണ്ടുമാത്രം ഉണ്ടായതല്ല; ഞാൻ തൂങ്ങി കിടന്നിരുന്ന ആ കാട്ടുവള്ളിയിൽ മുഴുവൻ ഭയങ്കരമായ മുള്ളുകളുണ്ടായിരുന്നു. ശരീരത്തിൽ പല ഭാഗത്തും ആ മുള്ളുകൾ തറച്ചുകൊണ്ടിരുന്നു.

"ആ ഭയാനകമായ പരിതസ്ഥിതിയിൽപോലും എന്റെ ബോധം എന്നെ വിട്ടുപിരിഞ്ഞിരുന്നില്ലെന്നുള്ളതാണു് ഏററവും ആശ്വാസകരമായ സംഗതി. അധികം താമസിയാതെതന്നെ ത്രികണ്ടകരുടെ ആൾക്കാർ എന്നെ അന്വേഷിച്ചു് അവിടെ വന്നെത്തുമെന്നും, അവർ എന്നെ ജീവനോടെയോ അല്ലാതെയോ അവരുടെ കസ്റ്റഡിയിലാക്കുമെന്നും ഞാൻ തീരുമാനിച്ചു. അവരിൽനിന്നും രക്ഷപെടുന്നതിനുവേണ്ടി ആ വള്ളിക്കൂട്ടത്തിൽനിന്നും ഇറങ്ങിയതുകൊണ്ടോ, പർവ്വതത്തിന്റെ മുകളിലേയ്ക്കു് കയറിപ്പോയതുകൊണ്ടോ യാതൊരു പ്രയോജനവും ഇല്ലെന്നു് എനിക്കു് അറിയാമായിരുന്നു. കാരണം ആ രണ്ടുസ്ഥലത്തും അവർക്കു് ഏതുനിമിഷവും എത്തിച്ചേരാവുന്നതാണു്. എന്നാൽ താഴെയും മുകളിലുമല്ലാതെ ആ വള്ളിക്കൂട്ടത്തിനിടയിൽതന്നെ അതേപടി കിടന്നാൽ അവരുടെ ദൃഷ്ടിയിൽപെടാതെ കഴിക്കുവാൻ സാധിക്കുമെന്നു് എന്റെ ബുദ്ധി എന്നോടു് ഉപദേശിച്ചു. അതിന്റെ ഫലമായി കണ്ടകാകീർണ്ണമായ ആ വള്ളിക്കൂട്ടത്തിനിടയിൽതന്നെ ഞാൻ പതുങ്ങി കിടന്നു. ദേഹം മുഴുവൻ മുള്ളുതറച്ചു കൊള്ളുന്നുണ്ടായിരുന്നെങ്കിലും അതൊന്നും ശ്രദ്ധിക്കാതെ ഞാൻ അടുത്തുനടക്കു

വാൻ പോകുന്ന രംഗവുംകാത്തു് ഒരു കുരങ്ങിനെപ്പോലെ അൗ വള്ളിക്കൂട്ടത്തിനിടയിൽതന്നെ തൂങ്ങിക്കിടന്നു.

"നിമിഷനേരംകൊണ്ടു് താഴെയുള്ള ആ മൈതാനം മുഴവൻ പന്തം വഹിച്ച ആളുകളെക്കൊണ്ടു് നിറയുന്നതു് ഞാൻ കണ്ടു. എന്നെ കണ്ടുപിടിക്കുന്നതിനും ബോംബു പൊട്ടിയതിൻെറ ഫലമായി ഉണ്ടായ നാശനഷ്ടങ്ങൾ നേരിട്ടുകണ്ടുമനസ്സിലാക്കുന്നതിനും വേണ്ടിയാണു് അവർ പന്തങ്ങളുമായി പുറപ്പെട്ടിരിക്കുന്നതെന്നു് ഞാൻ ഊഹിച്ചു. താഴെയുംമുകളിലും ആളുകൾ പരതിനടക്കുന്നുണ്ടായിരുന്നെങ്കിലും ഞാൻ അവരുടെ ആരുടേയും ദൃഷ്ടികളിൽപെട്ടില്ല. ആ ഭയാനകമായ ഗുഹയിൽനിന്നു് അഗാധമായ ഗത്തത്തിലേയ്ക്കു് എറിയപ്പെട്ട ഞാൻ ത്രിശങ്കുസ്വഗ്ഗത്തിലെന്നപോലെ താഴെയും മുകളിലുമല്ലാതെ ഇടയ്ക്കു് എവിടെയെങ്കിലും തൂങ്ങി കിടക്കുവാൻ ഇടയുണ്ടെന്നു് അവക്കു് എങ്ങനെ സങ്കല്പിക്കുവാൻ സാധിക്കും? അങ്ങനെ ഞാൻ അളവററ കൗതുകത്തോടും സന്തോഷത്തോടുംകൂടിമുകളിലേയ്ക്കും താഴോട്ടും മാറിമാറി നോക്കിക്കൊണ്ടു് അവിടെത്തന്നെ പതുങ്ങികിടന്നു.

"ക്രമേണഅവിടുത്തെ ശബ്ദകോലാഹലവും തിക്കുംതിരക്കും കുറയുവാൻ തുടങ്ങി. എന്നെ കണ്ടുപിടിക്കുവാനായി ഇറങ്ങിത്തിരിച്ച ആ ആളുകൾ ഒരു പക്ഷേ ബോംബു പൊട്ടലിൻെറ ഫലമായി ഞാൻ മരിച്ചുകാണുമെന്നു് വിചാരിച്ചിട്ടോ, അതോ പകൽ സമയത്തെങ്ങാനും വന്നു് കണ്ടുപിടിക്കാമെന്നു് കരുതിയിട്ടോ എന്തോ നിരാശരായി അവരവരുടെ സങ്കേതങ്ങളിലേയ്ക്കു് മടങ്ങിപ്പോയി. അങ്ങനെ ഏതാനും മിനിററുകൾ കഴിഞ്ഞപ്പോൾ അവിടമാകെ തികഞ്ഞ നിശ്ശബ്ദത വ്യാ

പിച്ചു. വാസ്തവത്തിൽ എൻെറ ജീവൻ രക്ഷിച്ചതു് ഭാഗ്യഹീനനായ ഒരു സാധു പുരോഹിതനായിരുന്നു വെന്നുള്ള കാര്യം പിന്നീട് എനിക്കു് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഏതോ അത്യാവശ്യത്തിനുവേണ്ടി രാത്രിയിൽ വെളിയിലേയ്ക്കു് എവിടേയോ പോകാനായി ഇറങ്ങി പുറപ്പെട്ട ആ പുരോഹിതന്റെ ശരീരംബോംബുപൊട്ടലിനെ തുടന്നു് ഛിന്നഭിന്നമായിപ്പോയി. എന്നെ അന്വേഷിക്കാനായി വന്ന ശത്രുക്കൾ ആ ശരീരാവശിഷ്ടങ്ങൾ കണ്ടു് അതു് എൻെറ ശരീരത്തിൻെറ അവശിഷ്ടങ്ങളാണെന്നു് തെററിദ്ധരിച്ചു് നിശ്ചിന്തരായി പിരിയുകയാണു് ചെയ്തതു്. വാസ്തവം പറഞ്ഞാൽ ആ സാധു പുരോഹിതനാണു് എൻെറ ജീവൻ രക്ഷിച്ചതു്. ഈ കഥ പിന്നീടാണു് എനിക്കു് മനസ്സിലാക്കുവാൻ സാധിച്ചതെന്നു് ഞാൻ പറഞ്ഞെല്ലോ.

"എന്നെ അന്വേഷിച്ചിറങ്ങിയ ആ ആളുകളെല്ലാം പൊയ്ക്കഴിഞ്ഞപ്പോൾ ഞാൻ രക്ഷപെടാനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിക്കാൻ തുടങ്ങി. നേരം പ്രഭാതമാകുന്നതുവരെ അവിടെത്തന്നെ ഇരുന്നാൽ അതു് കൂട്ടതൽ അപകടകരമായി തീരുമെന്നും, അതുകൊണ്ടു് പ്രഭാതമാകുന്നതിനുമുമ്പു് സുരക്ഷിതമായ ഏതെങ്കിലും ഒരു സ്ഥലത്തു് എത്തിച്ചേരുവാനാണു് നോക്കേണ്ടതെന്നും ഞാൻ തീരുമാനിച്ചു. അതനുസരിച്ചു് ഞാൻ വളരെ കരുതലോടെ ആ വള്ളിക്കൂട്ടത്തിൽ നിന്നും സാവധാനം താഴോട്ടു് ഇറങ്ങുവാൻ തുടങ്ങി. എന്നെ സംബന്ധിച്ചിടത്തോളം ഏററവും വിഷമം പിടിച്ച ഒരു ജോലിയായിരുന്നു അതു്. അപ്പോൾ ഞാൻ അനുഭവിച്ചിടത്തോളം ബുദ്ധിമുട്ടു് ജീവിതത്തിൽ മറെറാരിക്കലും ഞാൻ അനുഭവിച്ചിട്ടില്ല. ആ വള്ളി

കളിൽ അവിടവിടെയായി എഴുന്നുനിന്നിരുന്ന ക്രൂരമുള്ളുകൾ എൻെറ ശരീരമാകെ കീറിമുറിച്ചുകളഞ്ഞു. ശരീരത്തിൻെറ പല ഭാഗത്തുനിന്നും രക്തം വന്നൊഴുകുവാൻ തുടങ്ങി. പക്ഷേ, എന്തുചെയ്യാനാണു്? ജീവൻ രക്ഷിക്കുവാനുള്ള ശ്രമമല്ലേ? അങ്ങനെ ഒരുതരത്തിൽ ഞാൻ ജീവൻ പന്താടിക്കൊണ്ടു് സാവധാനം താഴോട്ടുതന്നെ ഇറങ്ങിക്കൊണ്ടിരുന്നു. താഴെവരെ എത്തിച്ചേരുന്നതിനുമുമ്പായി എൻെറ രക്തത്തിൽ പകുതിയും മാംസത്തിൽ നാലിലൊന്നു ഭാഗവും ആ രക്തദാഹികളായ മുള്ളുകൾക്കു് ആഹാരമായി തീരുമെന്നു് ഞാൻ പരിപൂർണ്ണമായും വിശ്വസിച്ചു.

ഇത്രയും പറഞ്ഞിട്ടു് ഗോപാൽശങ്കർ ഉച്ചത്തിൽ പൊട്ടിച്ചിരിച്ചു. സംഹാരഭ്രുതിസൂചകമായ ഒരു ശബ്ദം മാത്രമാണു് ഹാക്കിൽനിന്നും പുറപ്പെട്ടതു്. കുറച്ചുസമയം വിശ്രമിച്ചതിനുശേഷം ഗോപാൽശങ്കർ തുടന്നു. “എന്നാൽ ആ കഷ്ടപ്പാടുകൾ അധികസമയം നീണ്ടുനിന്നില്ല. കഷ്ടിച്ചു് ഇരുപതു് ഇരുപത്തിയഞ്ചുവാര താഴോട്ടു ചെന്നപ്പോൾ എവിടെനിന്നോ ചൂടുള്ള വായുവും ആരോ സംസാരിക്കുന്നതുപോലെയുള്ള ശബ്ദവും പുറപ്പെടുന്നതായി എനിക്കുതോന്നി. ഞാൻ ആകാംക്ഷയോടെനാലുപാടും സൂക്ഷിച്ചുനോക്കി. എന്റെ തൊട്ടുപുറകിൽ പർവ്വതത്തിന്റെ ഒരു ഭാഗത്തു് ഒരു കറുത്തിരുണ്ട ഗുഹയുടെ പ്രവേശനമാർഗ്ഗമാണു് എനിക്കു് കാണുവാൻ കഴിഞ്ഞതു്. ആ ഗുഹയ്ക്കുള്ളിൽനിന്നാണു് ചൂടുള്ള വായു പുറപ്പെട്ടുകൊണ്ടിരുന്നതു്. അതു കണ്ടപ്പോഴാണു് എനിക്കു് നല്ലജീവൻ വീണതു്. ആ ഗുഹ ആരുതന്നെ താമസിക്കുന്നതാണെങ്കിലും ശരി, മുള്ളുതറച്ചു് മരിക്കുന്നതിൽ ഭേദമാണല്ലോ എന്നു കരുതി ഞാൻ

സാവധാനം ആ ഗുഹയ്ക്കുള്ളിലേയ്ക്ക് കാൽ വലിച്ചുവെച്ച് തപ്പിത്തടഞ്ഞു് മുന്നോട്ടുനീങ്ങി. എന്നാൽ അധികദൂരം മുന്നോട്ടുനടക്കുവാനുള്ള കഴിവ് എനിക്ക് ഉണ്ടായിരുന്നില്ല. ബോംബുപൊട്ടലിനെ തുടൎന്നുണ്ടായ തീപ്പൊള്ളൽ നിമിത്തവും, ശരീരത്തിലാകെ മുള്ളുകൾ തറച്ചുകൊണ്ടു് വളരെയധികം രക്തം വാൎന്നുപോകുകയും ചെയ്തതിനാൽ എൻെറ തല പതുക്കെ കറങ്ങുവാൻ തുടങ്ങി. അധികം താമസിയാതെതന്നെ ഞാൻ ആ ഗുഹയ്ക്കുള്ളിൽ തലകറങ്ങി ബോധഹീനനായി വീണുപോകുകയും ചെയ്തു.

"അതിൽപിന്നെ എന്തെല്ലാമാണ് നടന്നതെന്നുള്ളതിനെപ്പററി എനിക്ക് യാതൊരു വിവരവുമില്ല. കണ്ണുതുറന്നപ്പോൾ ഇപ്പോൾ നിങ്ങൾ എന്നെ കണ്ട ആ സ്ഥലത്തു് ഞാൻ കിടക്കുന്നതാണെന്ന് എനിക്ക് കാണുവാൻ കഴിഞ്ഞതു്. താങ്കളുടെ സ്നേഹിതനായ ആ പുരോഹിതനും അയാളുടെ ശിഷ്യനും എന്റെ അടുത്തു് നില്പുണ്ടായിരുന്നു. ശത്രുക്കളിൽനിന്നും എൻെറ ജീവൻ രക്ഷിച്ചതു് അവർ രണ്ടുപേരുംകൂടിയായിരുന്നുവെന്നുള്ള കാൎയ്യം എനിക്ക് അവരിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. ഞാൻ ബോധംകെട്ടു വീണതു് അവരുടെ താമസസ്ഥലമായ ആ ഗുഹയിലായിരുന്നു. ശബ്ദംകേട്ട് ഓടിവന്നപ്പോൾ ഞാൻ ബോധംകെട്ടു കിടക്കുന്നതാണ് അവർ കണ്ടതു്.' എന്നെ തിരിച്ചറിഞ്ഞ ഉടൻതന്നെ അവർ രണ്ടുപേരുംകൂടി ശത്രുക്കളുടെ ദൃഷ്ടിയിൽപെടാൻ ഇടയാകാതെ എന്നെ സുരക്ഷിതമായ ആ സ്ഥലത്തു് എടുത്തുകൊണ്ടുപോയി കിടത്തുകയാണ് ചെയ്തതു്. അവർ അത്രയുമൊക്കെ ചെയ്തെങ്കിലും ഇന്നലെ താങ്കളും ഗോവിന്ദനും ആ സമയത്തു് എൻെറ അടുത്തു് വന്നു

ഇത് വളരെ നല്ലത്

ചെന്നില്ലായിരുന്നെങ്കിൽ ഞാൻ രക്ഷപെടുന്നകാര്യം സംശയത്തിലായിരുന്നു. കാരണം അപ്പോഴേയ്ക്കും താൻ രക്ഷപെട്ട വിവരം ശത്രുക്കൾക്ക് എങ്ങനെയോ അറിവു കിട്ടി. അവർ എന്നെ കണ്ടുപിടിക്കുവാനായി അരയും തലയും മുറുക്കി ശ്രമിച്ചുകൊണ്ടിരുന്നതിനിടയ്ക്കാണ് നിങ്ങൾ രണ്ടുപേരും വന്നുചേന്നത്. ഇത്രയുമാണ് എന്നെ സംബന്ധിച്ച കഥ ഇനി താങ്കൾ താങ്കളുടെ കഥ പറയണം."

മാർഷൽ ഫാക്ക് ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു. "ഞങ്ങളെ സംബന്ധിച്ചുള്ള കഥകൾ അത്ര സുഖപ്രദങ്ങളല്ല, പണ്ഡിററ്ജീ! താങ്കളെ അന്വേഷിച്ച് ഞാൻ പുറപ്പെട്ടിട്ട് ഇപ്പോൾ അനേകദിവസങ്ങൾ കഴിഞ്ഞതുകൊണ്ട് അവിടെയുള്ള പുതിയ വാർത്തകളെപ്പററി ഒന്നുംതന്നെ അറിഞ്ഞുകൂടാ. എങ്കിലും കൗണ്ട്ഷേവറെ ആ ദുഷ്ടന്മാർ എങ്ങനെയോ തട്ടിക്കൊണ്ടുപോയെന്ന് ഞാൻ കേട്ടു. നമ്മുടെവക അനേകം യുദ്ധക്കപ്പലുകളും അവർ നശിപ്പിച്ചുകളഞ്ഞു.

ഗോ-ശങ്കർ:—(ഞെട്ടിയിട്ട്) യുദ്ധക്കപ്പലുകൾ നശിപ്പിച്ചുകളഞ്ഞെന്നോ? അതെങ്ങനെ?

ഫാക്ക്:—അതെങ്ങനെയാണെന്ന് എത്ര ശ്രമിച്ചിട്ടും ഞങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ആകസ്മികമായി ഏതെങ്കിലും ഒരു കപ്പലിൽ ഒരു സ്ഫോടനം ഉണ്ടാകും, അതേതുടന്ന് ഒന്നുകിൽ ആ കപ്പൽ തകൻ തരിപ്പണമാകും, അല്ലെങ്കിൽ അതിലെ വിലകൂടിയ യന്ത്രങ്ങൾക്ക് എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാകും. ഈ ഏതാനും ദിവസങ്ങൾകൊണ്ട് ഞങ്ങൾക്ക് അനേകകോടി രൂപായുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഗോ-ശങ്കർ:—(എന്തോ ഓർത്തിട്ട്) ഓഹോ, എനിക്ക് മനസ്സിലായി. ഇപ്പോഴാണ് ഞാൻ ഓർമ്മിച്ചത്. വയർലെസ്സിൻെറ സഹായത്തോടെ പൊട്ടിയ്ക്കാവുന്നതരത്തിലുള്ള ഒരിനം പുതിയ ബോംബുകൾ അവർ ഉണ്ടാക്കിയിട്ടുണ്ട്. എപ്പോൾ വേണമെങ്കിലും എത്ര അകലെ നിന്നുകൊണ്ടുവേണമെങ്കിലും ഈ ഇനം ബോംബുകൾ പൊട്ടിക്കുവാൻ സാധിക്കും. ബോംബുകൾ ഉദ്ദിഷ്ടസ്ഥാനത്ത് ഒളിച്ചുവച്ചതിനുശേഷം വയർലെസ്സിൻെറ സഹായത്തോടെ ഒരു പ്രത്യേക തോതിലുള്ള റേഡിയം രശ്മികൾ ആ ബോംബിലേയ്ക്ക് പതിപ്പിക്കുമ്പോൾ അവ സ്വയം പൊട്ടുവാൻ തുടങ്ങും. അവർ തീർച്ചയായും ആ ഇനം ബോംബുകളായിരിക്കും നിങ്ങളുടെ കപ്പലുകൾ തകർക്കുവാൻവേണ്ടി ഉപയോഗിച്ചത്.

ഫാക്ക്:—(ദൈന്യഭാവത്തോടെ) എന്തൊക്കെയാണ് സംഭവിച്ചതെന്ന് ദൈവത്തിനേ അറിയാവൂ. ഒരുപക്ഷേ, താങ്കൾ പറഞ്ഞതുപോലെയായിരിക്കാം സംഭവിച്ചതെന്ന് തോന്നുന്നു. വയർലെസ്സിൻെറ സഹായത്തോടെ പൊട്ടിക്കുവാൻ കഴിവുള്ള ബോംബുകൾ അവർ വാസ്തവത്തിൽ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് നമ്മെ സംബന്ധിച്ചിടത്തോളം വളരെയധികം ആപല്ക്കരമായിരിക്കുമെല്ലോ. നമുക്ക് വിനാശകാരിയായ ആ ബോംബിൽനിന്ന് എങ്ങനെ രക്ഷപെടുവാൻ സാധിക്കും? .

ഗോ-ശങ്കർ:—വളരെ വിഷമമാണ്. വിശേഷിച്ചും ഈ ബോംബുകൾ സാധാരണ ബോംബുകളെ അപേക്ഷിച്ച് കാഴ്ചയ്ക്ക് വളരെ ചെറുതുമാണ്. അത് എവിടെവേണമെങ്കിലും നിഷ്പ്രയാസം ഒളിച്ചുവെയ്ക്കു

വാൻ സാധിക്കും. ഓരോ ബോംബും പ്രത്യേകം പ്രത്യേകം പൊട്ടിക്കുവാനും കഴിയും. അതായതു് പത്തോ നൂറോ ബോംബുകൾ ഒരുമിച്ചുവെച്ചിരിക്കുന്നതിൽ ഇന്ന ബോംബുപൊട്ടിക്കണമെന്നു വിചാരിച്ചാൽ ആ ബോംബുമാത്രം പൊട്ടിക്കുവാൻ സാധിക്കും. ബാക്കിയുള്ള ബോംബുകൾക്കു് യാതൊരു കേടും സംഭവിക്കുകയുമില്ല.

ഫാക്കു്:—അതു് വലിയ വിഷമമുള്ള കാര്യമൊന്നുമല്ല. 'വേവു്ലെന്തു്' കൂട്ടുകയോ കുറയ്ക്കുകയോ ചെയ്താൽ മതിയല്ലോ. പക്ഷേ, ഈ കണ്ടുപിടിത്തത്തിന്റെ അർത്ഥം അവർക്കു് എന്റെ തലയിണയ്ക്കു് അടിയിൽപോലും ഞാനറിയാതെ ആ ഇനം ബോംബുകൾ ഒളിച്ചുവെയ്ക്കുവാൻ സാധിക്കുമെന്നല്ലേ? അങ്ങനെ അവർ വിചാരിക്കുന്ന സമയത്തു് എന്നെ അവർക്കു് നിഷ്പ്രയാസം യമപുരിയിലേയ്ക്കു് അയയ്ക്കുവാൻ കഴിയുമെല്ലോ.

ഗോ-ശങ്കർ:—തീർച്ചയായും. അവരുടെ ഒരു സ്ക്വാഡിൻെറ ജോലി ഇതുമാത്രമാണെന്നാണു് എനിക്കു് അറിയാൻ സാധിച്ചതു്. അതായതു് സമരപ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളിലും ആ ഇനം ബോംബുകൾ ഒളിച്ചുവെയ്ക്കുന്നതിനുവേണ്ടി അവർ ഒരു സ്ക്വാഡിനെ പ്രത്യേകം നിയോഗിച്ചിട്ടുണ്ടു്.

ഫാക്കു്:—(കുറച്ചുസമയം എന്തോ ആലോചിച്ചുകൊണ്ടിരുന്നതിനുശേഷം) ങാ, ഒരു കാര്യം പറയുവാൻ ഞാൻ വിട്ടുപോയി. നമ്മുടെ മേൽ മറെറാരാപത്തുകൂടി വന്നുവീണിട്ടുണ്ടു്. അതേപ്പററി താങ്കളും കേട്ടുകാണുമെന്നു് തോന്നുന്നു.

ഗോ-ശങ്കർ:—എന്താണതു്?

ഫാക്ക്:—ഈയിടെ കുറേദിവസങ്ങളായിട്ട് നമ്മുടെ വക കോട്ടകളിലും വെടിമരുന്നുശാലകളിലും പട്ടാളപ്പാളയങ്ങളിലും ബാരക്കുകളിലും ഇടതടവില്ലാതെ അഗ്നിപ്രളയം നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങു ദൂരെ വളരെ ദൂരെ, ചക്രവാളസീമയിൽ എവിടെയെങ്കിലും അല്പസമയത്തേയ്ക്കു് ശക്തിയേറിയ ഒരിനം പ്രകാശം ഉയർന്നുപൊങ്ങുന്നതു് കാണപ്പെടും. ആ പ്രകാശം അസ്തമിച്ചാലുടനെതന്നെ തീജ്വാലകൾ ഭൂമിയിലേയ്ക്കു് ഊർന്നിറങ്ങുവാൻ തുടങ്ങും. ഈ രീതിയിലുള്ള അഗ്നിപ്രളയംകൊണ്ടു് നമുക്കു് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കുകൂട്ടുവാൻപോലും വിഷമമാണ്. ഈ ആകസ്മികമായ വിപത്തുകാരണം പട്ടാളക്കാരും സാധാരണ ജനങ്ങളും പരിഭ്രാന്തരായി കഴിഞ്ഞുകൂടുകയാണ്. ഹോ! എന്തൊരു ശക്തിയേറിയ തീജ്വാലകളാണ് ആകാശത്തിലൂടെ പാഞ്ഞുവരുന്നതെന്നോ!

ഗോ-ശങ്കർ:—അതിൻെറ രഹസ്യം താങ്കൾക്കു് അറിഞ്ഞുകൂടേ? അതു് റോക്കററുകളുടെ പണിയാണ്. ജർമ്മൻ ശാസ്ത്രജ്ഞനായ 'ഗിൽഡർ' റോക്കററിൻെറ സഹായത്തോടെ ചന്ദ്രനിലേയ്ക്കു് പോകുവാനുള്ള ഒരുക്കങ്ങൾ നടത്തുന്നതായും, മറെറാരു ശാസ്ത്രജ്ഞനായ 'കൗണ്ടു് ഗേഡർ ബൺ' റോക്കററിൻെറ സഹായത്തോടെ സ്വയം പ്രവത്തിക്കുന്ന ഒരിനം കാർ കണ്ടുപിടിച്ചതായും താങ്കൾ പത്രങ്ങളിൽ വായിച്ചുകാണുമെല്ലോ. എന്നാൽ അവക്ക് രണ്ടുപേക്കും ഇതുവരെ തങ്ങളുടെ ലക്ഷ്യത്തിൽ എത്തിച്ചേരുവാൻ കഴിഞ്ഞിട്ടില്ല. അവരുടെ കണ്ടുപിടുത്തങ്ങൾ ഇപ്പോഴും പരീക്ഷണഘട്ടം കഴിഞ്ഞിട്ടില്ല. എന്നാൽ ബുദ്ധിശാലികളായ ത്രികണ്ടകർ അതു് പ്രായോഗികമാക്കിത്തീത്തിരിക്കുക

യാണു്. ഉത്സവസമയത്തും മററും നമ്മൾ ഉപയോഗിക്കാറുള്ളതിനേക്കാൾ നൂറുമടങ്ങു് ശക്തിയും വലുപ്പവുമുള്ള ബാണങ്ങൾ അവർ കണ്ടുപിടിച്ചിട്ടുണ്ടു്. അമ്പതും അറുപതും മൈൽ ഉയരത്തിൽപോലും കുതിച്ചുപായുവാൻതക്ക ശക്തിയുള്ള ബാണങ്ങളാണു് അവ. അവയുടെ ഒരററത്തു് ഒരിനം ഫ്യൂസ് ഘടിപ്പിച്ചിരിക്കും. ആ ഫ്യൂസുകൾക്കു് ഏതു നിമിഷവും പൊട്ടുവാൻ സാധിക്കും. ഫ്യൂസുകൾ പൊട്ടുന്നതോടെ അഗ്നിവർഷവും ആരംഭിക്കും. ഇവയെപ്പററി ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനരീതി ഇതുവരെ നേരിൽ കാണുവാൻ സാധിച്ചിട്ടില്ല. ഇവയ്ക്കു് എത്രമാത്രം നാശനഷ്ടങ്ങൾ വരുത്തുവാൻ സാധിക്കുമെന്നും ഞാൻ ആലോചിച്ചിട്ടില്ല. ഏതായാലും ഇതേപ്പററി കൂടുതൽ പഠിക്കണമെന്നു് ഞാൻ വിചാരിക്കുന്നുണ്ടു്.

ഫാക്ക്:—ഹോ! ഈ ബാണങ്ങൾ വരുത്തിയ നാശനഷ്ടങ്ങളെക്കുറിച്ചു് സങ്കല്പിക്കുവാൻപോലും സാദ്ധ്യമല്ല. ബാണങ്ങൾ പ്രയോഗിക്കുന്നതു് എവിടെനിന്നാണെന്നോ, ആരാണെന്നോ എങ്ങനെയാണെന്നോ ഒന്നും തന്നെ അറിയുവാൻ യാതൊരു നിവൃത്തിയുമില്ല. ഏതായാലും താങ്കളെ ജീവനോടെ തിരിച്ചുകിട്ടിയതിലുള്ള സന്തോഷം മാത്രമേ എനിക്കുള്ളു. താങ്കളുള്ളപ്പോൾ അവരുടെ ഈ മാരകായുധങ്ങളെ അത്രമാത്രം ഭയപ്പെടേണ്ടിവരികയില്ലെന്നു് എനിക്കു് ഉറപ്പുണ്ടു്.

പെട്ടെന്നു് അവരുടെ സംഭാഷണം കുറച്ചുസമയത്തേയ്ക്കു് നിലച്ചുപോയി. ഗോപാൽശങ്കർ ഗോവിന്ദനെ വിളിച്ചു് ചോദിച്ചു. "ഗോവിന്ദാ! വളരെ താമസിക്കുന്നൊന്നു് തോന്നുന്നല്ലോ. നമ്മൾ ഇപ്പോൾ സൈഗൺ നഗരത്തിൽനിന്നു് എന്തുകലത്തിലാണു്?"

"നമ്മൾ ഇപ്പോൾ സൈഗൺ പട്ടണത്തിൻെറ നേരെ മുകളിലാണു്. ഞാൻ വിമാനം നിലത്തിറക്കുവാൻ തുടങ്ങുകയാണു്." ഗോവിന്ദൻ സ്വസ്ഥാനത്തിരുന്നുകൊണ്ടു് ഫോണിലൂടെ വിളിച്ചു പറഞ്ഞു. ഗോപാൽശങ്കർ കോച്ചിൽ എഴുനേററിരുന്നുകൊണ്ടു് വിമാനത്തിൻെറ ജാലകത്തിലൂടെ താഴോട്ടുനോക്കി. അങ്ങു് താഴെ സൈഗൺ നഗരത്തിലെ മണിമാളികകൾ തല ഉയർത്തിനില്ക്കുന്നതും, ടൈഗർ സാവധാനം കറങ്ങി കറങ്ങി താഴുന്നതും അദ്ദേഹം കണ്ടു. ഗോപാൽശങ്കരും ഫാക്കും അളവററ കൌതുകത്തോടെ താഴോട്ടു തന്നെ നോക്കിക്കൊണ്ടിരുന്നു. പെട്ടെന്നു് എന്തോ കണ്ടിട്ടു് ഗോപാൽശങ്കർ പരിഭ്രമത്തോടെ വിളിച്ചു ചോദിച്ചു. "അതെന്താണു്? ആ കാണുന്നതു് എന്താണു്? ഹയ്യോ! അവിടെ എന്താണു് നടക്കുന്നതു്? ഗോവിന്ദാ! ആ ദൂരദർശിനി വേഗമിങ്ങു തരൂ." മാഷ്വൽ ഫാക്കു് ഗോവിന്ദൻ നീട്ടിപ്പിടിച്ച ദൂരദർശിനി വാങ്ങിച്ചു് ഗോപാൽശങ്കറിൻെറ കയ്യിൽ കൊടുത്തതിനുശേഷം ചോദിച്ചു. "എവിടെ എന്തു സംഭവിക്കുന്നെന്നാണു് താങ്കൾ പറയുന്നതു്?"

ഗോ-ശങ്കർ:—അതാ, നേരെ താഴെ, ആ വേലിക്കെട്ടിനകത്തേയ്ക്കു് നോക്കണം. (ദൂരദർശിനിയിലൂടെ സൂക്ഷിച്ചുനോക്കിയിട്ടു്) അയ്യോ, കഷ്ടം! ഏതോ ചെകുത്താൻ ജീവനുള്ള ഒരു മനുഷ്യനെ പെട്രോൾ ഒഴിച്ചു് കത്തിക്കുന്നു! പിശാചു്! ഗോവിന്ദാ! മുമ്പോട്ടുപോകേണ്ടാ. ആ വേലിക്കെട്ടിനടുക്കലെങ്ങാനും വിമാനം ഇറക്കാമോ എന്നു് നോക്കൂ. അതാ, അവിടെ ഒരു വിമാനം കിടപ്പുണ്ടു്. ആ വിമാനത്തിൻെറ അടുക്കൽ എവിടെയെങ്കിലും ഇറക്കിയാൽ മതി.

ഗോപാൽ ശങ്കറിൻെറ നിർദ്ദേശം ലഭിച്ച മാത്രയിൽത്തന്നെ ടൈഗറിന്റെ ഗതി മറെറാരുവശത്തേയ്ക്കു് തിരിഞ്ഞു. ഒന്നുംപിടികിട്ടാത്തമട്ടിൽ ഫാക്കു്പറഞ്ഞു. "എവിടെയാണു്? ഞാൻ ഒന്നും കാണുന്നില്ലെല്ലോ. താങ്കൾ എന്തിനെപ്പററിയാണു് ഈ പറന്നതു്? ആ കത്തുന്ന തീയ് കണ്ടുകൊണ്ടാണോ താങ്കൾ പറഞ്ഞതു്?"

ഗോ-ശങ്കർ:—അതെ. ഇതാ, ഈ ദൂരദർശിനിയിലൂടെ നോക്കണം. ജീവനുള്ള ഒരു മനുഷ്യനെ ജീവനോടെ കത്തിക്കുന്നു. ചെകുത്താന്മാർ! കൊലയാളികൾ!

ഗോപാൽശങ്കർ ദൂരദർശിനി മാർഷൽഫാക്കിന്റെ കയ്യിൽ കൊടുത്തതിനുശേഷം രണ്ടു കൈകൾകൊണ്ടും കണ്ണുകൾ പൊത്തിക്കൊണ്ടു് കോച്ചിലേയ്ക്കു് വീണു.

*  *  *  *

അന്തരീക്ഷത്തിലാകമാനം പൊടിപടലം ഉയർത്തിക്കൊണ്ടു് ടൈഗർ ചെറിയൊരലർച്ചയോടെ ആ മൈതാനത്തിൽ വന്നിറങ്ങി. ഫാക്കു് വളരെയധികം തടഞ്ഞിട്ടും അതൊന്നും ശ്രദ്ധിക്കാതെ ഉൽക്കണ്ഠാകുലനായ ഗോപാൽശങ്കർ ഗോവിന്ദൻെറ തോളിൽ പിടിച്ചുകൊണ്ടു് വിമാനത്തിൽനിന്നും വെളിയിലേയ്ക്കു് ഇറങ്ങി അഗ്നിജ്വാലകൾ ഉൻപൊങ്ങിക്കൊണ്ടിരുന്ന ആ കാൻവാസ് വേലികെട്ടിനടുക്കലുള്ള കൂടാരത്തിലേയ്ക്കു് ദ്രുതിയിൽ നടന്നു.

വാതുക്കൽ കാവൽ നിന്നിരുന്ന സായുധരായ പട്ടാളക്കാർ ഗോപാൽശങ്കറേയും ഗോവിന്ദനേയും തടഞ്ഞു. തങ്ങളുടെ ആജ്ഞ വകവെയ്ക്കാതെ അവർ മുന്നോട്ടു നീങ്ങുന്നതുകണ്ടപ്പോൾ ആ പട്ടാളക്കാർ വെടിവെയ്ക്കു

ന്നതിനായി തോക്കുകൾ നീട്ടിപ്പിടിച്ചു. എന്നാൽ അടുത്തനിമിഷം തന്നെ ധ്രുതിയിൽ നടന്നാടുക്കുന്ന ഫോക്കിനെ കണ്ടമാത്രയിൽ അവർ അല്പം പരുങ്ങിപ്പോയി. ഫോക്കു് പട്ടാളക്കാരോടു് എന്തോ ആംഗ്യം കാണിച്ചു. ആ ആംഗ്യം കണ്ട ഉടനെ പട്ടാളക്കാർ വളരെ ഭവ്യഭാവത്തിൽ ഒരു വശത്തേയ്ക്കു് മാറി നില കൊണ്ടു. ഗോപാൽശങ്കർ കൂടാരത്തിനുള്ളിലേയ്ക്കു് കടന്ന ഉടനെ രുക്മസ് പാഞ്ഞുവന്നു് അദ്ദേഹത്തെ തടഞ്ഞുകൊണ്ടു് ഇങ്ങനെ പറഞ്ഞു. "ആരാണതു്? ഉള്ളിൽ കടക്കുവാൻ ആക്ക്ം അനുവാദമില്ല." ഇത്രയും പറഞ്ഞു തീൎന്നപ്പോഴാണു് അയാളും ഫോക്കിനെ കാണുന്നതു്. അദ്ദേഹത്തെ കണ്ട ഉടനെ അയാൾ സൈനികരീതിയിൽ അഭിവാദനം ചെയ്തതിനുശേഷം ഒരുവശത്തേയ്ക്കു് മാറിനിന്നു. മാർഷൽ ഫോക്കു് വളരെ പരുഷമായ രീതിയിൽ അയാളോടു് ഇങ്ങനെ ചോദിച്ചു. "അവിടെ എന്താണു് നടക്കുന്നതു്?"

രുക്മസ് മറുപടിയൊന്നും പറയാതെ പരുങ്ങിനിന്നു. അവിടെത്തന്നെ നിന്നു് സമയം പാഴാക്കുവാൻ ഗോപാൽശങ്കർ തയാറായില്ല. അദ്ദേഹം വാതുക്കൽ തൂക്കിയിട്ടിരുന്ന കർട്ടൻ ഒരുവശത്തേയ്ക്കു് തള്ളിമാററിയിട്ടു് ആ വേലിക്കെട്ടിനുള്ളിലേയ്ക്കു് കടന്നു. അവിടെ കണ്ട കാഴ്ച അദ്ദേഹത്തെ ഭയപരവശനും, അത്ഭുതസ്തബ്ധനും, രോഷാകുലനുമാക്കിതീൎത്തു.

തടവുകാരനായ കാംഗായുടെ ശരീരത്തു് പെട്രോൾ ഒഴിച്ചു് തീകത്തിച്ചതിനുശേഷം നീളമുള്ള ഒരു ഇരുമ്പുവടികൊണ്ടു് ആ ശരീരത്തിലെ മർമ്മസ്ഥാനങ്ങളിൽ കുത്തിക്കൊണ്ടു് മേജർ ഡ്യൂമറേ ഒരു പിശാചിനെപ്പോലെ തൻെറ ചോദ്യം ആവൎത്തിക്കുകയായിരുന്നു.

"പറയെടാ. ഇനിയെങ്കിലും പറ, കൗണ്ട്ഷേവർ എവിടെയാണെന്നു്." അയാളുടെ അട്ടക്കൽതന്നെ രക്തത്തിൽ സർവ്വത്ര മുങ്ങിക്കുളിച്ചു്, കണ്ണുകൾ ഇറുകെ അടച്ചുകൊണ്ടു് ഗാമീ തൻെറ സ്നേഹഭാജനത്തെ കഴിയുന്നത്ര വേഗത്തിൽ കഷ്ടപ്പാടുകളിൽനിന്നു് മോചിപ്പിക്കുന്നതിനുവേണ്ടി ജഗദീശ്വരനോടു് ഹൃദയംതുറന്നു് പ്രാർത്ഥിച്ചുകൊണ്ടു് തൂണുംചാരി നില്പുണ്ടായിരുന്നു. രണ്ടു തൂണുകളിൽ രണ്ടു് മൃതശരീരങ്ങൾ തൂങ്ങിക്കിടപ്പുണ്ടായിരുന്നു. ഭീകരവും പരിതാപകരവുമായ ആ രംഗം കണ്ടു് ഗോപാൽശങ്കർ സ്തംഭിച്ചു നിന്നുപോയി.

ലോകത്തിൽ പലയിടത്തും നടന്നിട്ടുള്ള പൈശാചികവും ക്രൂരവുമായ മർദ്ദനസംവിധാനങ്ങൾ നേരിൽ കണ്ടറിഞ്ഞിട്ടുള്ള ഗോപാൽശങ്കരുടെ തലപോലും കറങ്ങിപ്പോകത്തക്കരീതിയിൽ അത്രമാത്രം ബീഭത്സവും, ക്രൂരവുമായ ഒരു രംഗമായിരുന്നു അതു്. കോപവും, വെറുപ്പും, ആവേശവുംകൂടി അദ്ദേഹത്തെ നിരുദ്ധകണ്ഠനാക്കിത്തീർത്തു. പുറകിൽ എന്തോ ശബ്ദം കേട്ടതുകൊണ്ടു് 'ആരാണു് അതു്?' എന്നുള്ള ചോദ്യത്തോടെ തിരിഞ്ഞുനോക്കിയ ഡ്യൂമറേ ആകസ്മികമായി ഫാക്കിനേയും ഗോപാൽശങ്കരേയും അവിടെ കണ്ടപ്പോൾ അനന്തരകരണീയംപോലും പാടെ വിസ്മരിച്ചു് സ്തംഭിച്ചുനിന്നുപോയി.

* * * ×

കോപതാപാദികളാൽ അടിമുടി വിറച്ചുകൊണ്ടു് ഗോപാൽശങ്കർ തൻെറ സംസാരം തുടന്നു. "മതിമതി. മേജർ ഡ്യൂമറേ! നിങ്ങൾ നിങ്ങളുടെ ഈ നിരർത്ഥകമായ ജല്പനം അവസാനിപ്പിക്കൂ. സ്വന്തം നിഷ്ഠുരമായ പ്രവൃത്തി സാധൂകരിക്കുവാൻ ഇനിയും നിങ്ങൾ ബദ്ധ

പ്പെടണമെന്നില്ല. ഇമ്മാതിരി പ്രവർത്തികറം ചെയ്യുമ്പോറം സാക്ഷാൽ പിശാചിൻെറപോലും ഹൃദയം വിറച്ചുപോകും. അത്രമാത്രം ഹീനവും ക്രൂരവുമായ പ്രവൃത്തിയായിരുന്നു നിങ്ങളുടേതു്. ഫ്രാൻസിലേയും, ജർമ്മനിയിലേയും രഹസ്യപ്പോലീസുകാർ രഹസ്യം തെളിയിക്കുന്നതിനുവേണ്ടിക്രൂരക്രൂരമായ മർദ്ദനമുറകറം അവലംബിക്കാറുണ്ടെന്നു് ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ അതു് ഇത്രമാത്രം ഭീകരവും പൈശാചികവുമായിരിക്കുമെന്നു് ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ജീവനുള്ള ഒരു മനുഷ്യനെ പെട്ടോറം ഒഴിച്ചു് കത്തിച്ചപ്പോറം നിങ്ങളുടെ ഹൃദയം അല്പംപോലും വിറച്ചില്ലേ? തന്നോടു കാണിക്കുന്ന ക്രൂരമായ മർദ്ദനം തൻെറ രഹസ്യങ്ങളെ വെളിപ്പെടുത്തുമോ എന്നു് ഭയന്നു കോമളാംഗിയായ ഒരു യുവതി സ്വന്തം നാക്കു് അറുത്തു് ദൂരെയെറിയുന്നതു കണ്ടിട്ടും നിങ്ങളുടെ ഹൃദയത്തിൻെറ അഗാധതലത്തിൽ മനുഷ്യത്വത്തിന്റെ കണികപോലും തല ഉയർത്തിയില്ലേ? മി: ഡ്യൂമറേ! നിങ്ങറം ഒരു മനുഷ്യനല്ല. മനുഷ്യവേഷം ധരിച്ചു നടക്കുന്ന ഒരു **"വെളുത്ത ചെകുത്താനാണു്"** വെളുത്ത ചെകുത്താന്മാരുടെ പ്രതിനിധിയാണു് നിങ്ങറം."

ഗോപാൽശങ്കറിൻെറ ഈ വാക്കുകറം കേട്ടപ്പോറം ഡ്യൂമറേയുടെ മുഖം അല്പമൊന്നു് വിളറാതിരുന്നില്ല. എന്നാൽ അടുത്ത ക്ഷണംതന്നെ അയാളുടെ മുഖം കോപംകൊണ്ടു് ചെമന്നുതുടുത്തു. ഗാമിയുടെ വായിൽനിന്നും അല്പസമയംമുമ്പു് കേറംക്കപ്പെട്ട അതേ ഭത്സനങ്ങറംതന്നെ വീണ്ടും കേറംക്കേണ്ടിവന്നപ്പോറം അയാറം അരിശംകൊണ്ടു് എന്തോ പറയുവാനായി ഭാവിച്ചെങ്കിലും മാഷ്ൽ ഫാക്കിൻെറ ആംഗ്യം കണ്ടതിനാൽ

അയാം ആ സംരംഭത്തിൽനിന്നും പിൻവാങ്ങിക്കളഞ്ഞു. ഗോപാൽശങ്കർ ഡ്യൂമറേയുടെ ഭാവവ്യത്യാസങ്ങളെ അതർഹിക്കുന്ന അവജ്ഞയോടെ അവഗണിച്ചുകൊണ്ടു് തൻെറ സംസാരം തുടന്നു.

"ഈ ക്രൂരമായ ഹൃദയവും ഭേസിക്കൊണ്ടാണോ നിങ്ങഠം ജനങ്ങളെ ഭരിച്ചുകളയാമെന്നു് വ്യാമോഹിച്ചു് നടക്കുന്നതു്. നിങ്ങഠം പ്രജാലക്ഷങ്ങളുടെഅന്നദാതാവു് ചമയുകയാണു്. അല്ലേ? പ്രജകഠം മുഴവൻ നിങ്ങളുടെ ഏതാദൃശപ്രവത്തികഠം കണ്ടു് നിങ്ങളെ ഹൃദയംതുറന്നു് സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യണമെന്നല്ലേ നിങ്ങഠം ആഗ്രഹിക്കുന്നതു്? ഇതൊരു ഒററപ്പെട്ട സംഭവമല്ല. നിങ്ങഠം ഇതിനുമുമ്പു് പലപ്പോഴും ചെയ്തിട്ടുള്ളതിൻെറ ഒരു തുടർച്ച മാത്രമാണു് ഇതെന്നു് എനിക്കു് അറിയാം. പക്ഷേ, ആ ചെയ്തികളെ സംബന്ധിച്ചുള്ള വാത്തകഠം മുഴവൻ നിങ്ങഠം വിദശ്ധമായി നിഗ്രഹനം ചെയ്യുകയായിരുന്നു വെന്നു മാത്രം. ഇന്നു് നിങ്ങളുടെ പ്രജകഠം നിങ്ങഠംക്കെതിരായി ശബ്ദം ഉയത്തുന്നുണ്ടെങ്കിൽ, നിങ്ങഠംക്കെതിരായി ആയുധവുമേന്തി അണിനിരക്കുന്നുണ്ടെങ്കിൽ അതിൻെറ പ്രധാനപ്പെട്ട കാരണം നിങ്ങളുടെ ഈ രീതിയിലുള്ള ഹീനപ്രവത്തികളാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

"നിങ്ങഠം നിങ്ങളുടെ ഈ ക്രൂരമായ ഹൃദയവുംകൊണ്ടല്ലേ ആഗ്രഹിക്കുന്നതു് നിങ്ങളുടെ രാജ്യത്തിൻെറ വിസ്തൃതി വദ്ധിപ്പിക്കണമെന്നും, രാജ്യം ദൈനംദിനം പുരോഗമിക്കണമെന്നും മററും. പക്ഷേ, ഒരു കാര്യം നല്ലതുപോലെ ഓർത്തുകൊള്ളൂ. ഇതേ രീതിയിലുള്ള പൈശാചികമായ പ്രവത്തികഠംകൊണ്ടൊന്നും ഒരു രാജ്യവും പുരോഗമിക്കുകയില്ല. നേരേ മറിച്ചു് നശിച്ചു് നാമാവശേഷമാകുകയേ ഉള്ളൂ.

"ഒരു കൊളോണിയൽ ഗവണ്മെൻറ് എങ്ങനെയാണ് ഭരിക്കുന്നതെന്ന് കാണണമെങ്കിൽ നിങ്ങൾ ദൂരെയെങ്ങും പോകേണ്ടാ. തൊട്ടടുത്ത ഇൻഡ്യയിലെയ്ക്കു് നോക്കണം. ഇംഗ്ലീഷുകാർ ഇൻഡ്യാക്കാരോട് എന്താണ് ചെയ്യുന്നതെന്ന് ശ്രദ്ധിച്ചു മനസ്സിലാക്കൂ. അവരുടെ ഭരണവും നിങ്ങളുടെ ഭരണവും തമ്മിൽ എത്രമാത്രം അന്തരമുണ്ടെന്ന് പകൽ വെളിച്ചത്തിൽ യാഥാർത്ഥ്യങ്ങൾ നിരത്തിവെച്ചുകൊണ്ട് പരിശോധിച്ചുനോക്കണം. നിങ്ങൾ ഈ നാട്ടിൽ കാൽകുത്തിയിട്ട് ഇരുനൂറുവർഷങ്ങളിൽ കൂടുതലായെങ്കിലും ഇന്നുവരെ ഈ നാട്ടിലെ ഹതഭാഗ്യരായ ആളുകളോട് നിങ്ങൾ സഹാനുഭൂതിയോടെ എന്തെങ്കിലും പെരുമാറിയതായി നിങ്ങൾക്കൊന്ന് തെളിയിക്കാമോ? ഒരൊററ സംഭവം പറഞ്ഞാൽമതി; ഞാൻ എൻെറ വാക്കുകൾ മുഴുവൻ പിൻവലിക്കാം. നിങ്ങൾ ഇതിനോടകം എന്നെങ്കിലും സ്നേഹത്തോടെ അവരുടെ മുഖത്തേയ്ക്കു് നോക്കിക്കൊണ്ട് ഒററവാക്ക് സംസാരിച്ചിട്ടുണ്ടോ? അവരുടെ ചുവടുകളോടൊപ്പം ചുവടുവെച്ച് നടക്കുവാൻ ഒരിക്കലെങ്കിലും നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഇല്ല. ഒരിക്കലും ഇല്ല. എങ്ങനെ ശ്രമിക്കുവാനാണ്? നിങ്ങളുടെ ഹൃദയത്തിൽ സ്വന്തം ജാതിയുടെ മേന്മയും, ശുദ്ധരക്തത്തിൻേറയും വെളുത്ത തൊലിയുടേയും അഹങ്കാരവും കുടികൊള്ളുകയല്ലേ. പിന്നെങ്ങനെ സാധിക്കാനാണ്? ആ വെളുത്തു തടിച്ച തൊലിക്കെട്ടിനകത്തേയ്ക്കു് സഹാനുഭൂതിയുടേയും കാരുണ്യത്തിൻേറയും കുഞ്ഞലകൾ എങ്ങനെ കടക്കുവാനാണ്? വെളുത്ത വർഗ്ഗംപോലും, വെളുത്തവർഗ്ഗം! വെളുത്ത വർഗ്ഗം! വെളുത്ത വർഗ്ഗമല്ല, വെളുത്ത ചെകുത്താന്മാരുടെ വർഗ്ഗമാണ്. ഈ ഓമനപ്പേരാണ് നിങ്ങൾക്ക് യോജിക്കുന്നതു്."

ഗോപാൽശങ്കറിൻെറ അപ്പോഴത്തെ മുഖഭാവം കണ്ടാൽ അദ്ദേഹത്തിന്ന് ഭ്രാന്തുപിടിച്ചുപോയോ എന്ന് തോന്നുമായിരുന്നു. അദ്ദേഹത്തെ സമാധാനിപ്പിക്കാമെന്നുള്ള വിചാരത്തോടെ മാർഷൽഫോക്കു് അദ്ദേഹത്തിൻെറ തോളിൽ കൈവെച്ചു. ഗോപാൽശങ്കർ ആ കയ്യ് തട്ടിത്തെറിപ്പിച്ചതിനുശേഷം രൂക്ഷമായ കണ്ണുകളോടെ ഡ്യൂമറേയുടെ നേരെ നോക്കിക്കൊണ്ടു് പിന്നെയും പറഞ്ഞു.

“ഇതുവരെയും ഞാൻ വിചാരിച്ചിരുന്നതു് കറുത്ത വർഗ്ഗക്കാരുടേയും മഞ്ഞവർഗ്ഗക്കാരുടേയും മേൽ വെളുത്ത വർഗ്ഗത്തിനുള്ള ആധിപത്യം പ്രകൃതിയുടെ കാരുണ്യത്തിൻെറ ഫലമായി ഉണ്ടായതായിരിക്കുമെന്നാണു്. പ്രകൃതിയുടെ ആ ഔദാര്യത്തിൻെറ ഫലമായി പിന്നോക്കം നില്ക്കുന്ന ആ വർഗ്ഗക്കാർ ഉയരുകയും വളരുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിച്ചു. എന്നാൽ ഇന്നാണു് എനിക്കു് മനസ്സിലായതു് ഈ ആധിപത്യം ഈശ്വരകോപത്തിൻെറ ഫലമാണെന്നു്; ദൈവീകമായ അഭിശാപത്തിൻെറ ഫലമാണെന്നു്. പൗരസ്ത്യാഭിമാന സംരക്ഷകസംഘവുമായുള്ള എൻെറ ഇത്രയും ദിവസത്തെ പരിചയവും, ത്രികണ്ടകരുടെ ഏതാനും വാക്കുകളും വാസ്തവത്തിൽ എൻെറ കണ്ണു് തുറപ്പിക്കുകയാണു് ചെയ്തതു്. എനിക്കു് ഇന്നു് നേരിട്ടു് മനസ്സിലാക്കുവാൻ കഴിഞ്ഞു. ക്രൂരതയിലും, പൈശാചികതയിലും നിങ്ങൾ നാദിർഷായേയും, ചെങ്കിഷ്ഖാനേയും വളരെദൂരം പിന്നിട്ടിരിക്കുന്നുവെന്നു്. മർദ്ദനത്തിനു് ലോകറിക്കാർഡു് സൃഷ്ടിച്ച ആ ചക്രവർത്തിമാർപോലും ശരീരത്തിലെ ആഭരണങ്ങളും വസ്ത്രങ്ങളും മാത്രമേ അഴിച്ചെടുത്തിട്ടുള്ളു. പക്ഷേ, നിങ്ങളാകട്ടെ, മാനവ

ശരീരത്തിലെ രക്തംപോലും ഊററിക്കുടിക്കുകയാണു് ചെയ്തതു്. ശാകന്മാരുടേയും, ഹൂണന്മാരുടേയും കഥ കഠം പ്രാചീനചരിത്രത്തിൻെറ ഏട്ടുകളിൽ അമർന്നു പോയി. എന്നാൽ ഇന്നത്തെ ശാകന്മാരുടേയും ഹൂണ ന്മാരുടേയും സജീവമായ പ്രതിമ മേജർ ഡ്യൂമറേയുടെ വേഷത്തിൽ എൻെറ മുമ്പിൽ നില്ക്കുകയാണു്."

ഡ്യൂമറേ എന്തോ പറയുവാൻ ഭാവിക്കുന്നതു കണ്ടിട്ടു് ഗോപാൽശങ്കർ അരിശംമൂത്തു് അലറി ക്കൊണ്ടു് ഇങ്ങനെ പറഞ്ഞു. "മിണ്ടിപ്പോകരുതു്. എന്നോടു് എന്തെങ്കിലും പറയാമെന്നു് നിങ്ങഠം വ്യാമോഹിക്കേണ്ടാ. നിങ്ങളുടെ ഇതുവരെയുള്ള കള ങ്കപങ്കിലമായ ചെയ്തികളെപ്പററി മുഴവൻ നല്ലതു പോലെ അറിവുള്ള ഒരു വ്യക്തിയാണു് ഞാനെന്നുള്ള കാര്യം നിങ്ങഠം ഓർത്തുകൊള്ളണം. പൗരസ്വാഭിമാന സംരക്ഷകസംഘത്തിൻെറ നിലപാടു് എത്രയോ ശരി യാണു്. നിങ്ങളും നിങ്ങളുടെ ഏജൻറന്മാരുംകൂടി നട ത്തിയിട്ടുള്ള നരവേട്ടകളുടെ ഞെട്ടിപ്പിക്കുന്ന വാർത്തകഠം എനിക്കു് ഇന്നും നല്ലതുപോലെ അറിവുണ്ടു്. കായീമൗ പട്ടണത്തിൽ ആദ്യത്തെ ബോംബിട്ട ആ വെളുത്ത വിമാനത്തെപ്പററി ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കണോ? നിരപരാധികളായ ജനങ്ങഠം താഴെനിന്നു് വെടിവെ ച്ചെന്നു് കള്ളപ്രചരണം നടത്തി നൂററാണ്ടുകാലത്തെ മധുരസ്മരണകഠം തങ്ങിനില്ക്കുന്ന ചരിത്രവും ഭേസി കൊണ്ടു് പ്രശാന്തസുന്ദരമായി സ്ഥിതിചെയ്തിരുന്ന കായീമൗ പട്ടണത്തെ ഞൊടിയിടകൊണ്ടു് ഒരുപിടി ചാമ്പലാക്കിമാററിയ നിങ്ങളുടെ ക്രൗര്യത്തിന്റെ കരുത്തു തടിച്ച പാടു് ചരിത്രത്തിൻെറ ഏട്ടുകളിൽ എന്നു മെന്നും മായാതെ തെളിഞ്ഞു കിടക്കുകതന്നെ ചെയ്യും.

നിങ്ങളുടെ നിഷ്ഠുരമായ പ്രവൃത്തികളുടെ ഒരു നീണ്ട പട്ടികതന്നെ ഞാൻ വേണമെങ്കിൽ........"

ഗോപാൽശങ്കറിൻെറ കോപാഗ്നി അനന്തനിമിഷം ആളിക്കത്തിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ദുർബ്ബലമായ ശരീരം ആവേശാധിക്യത്താൽ വിറയ്ക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഈ ഭാവപ്പകർച്ചകണ്ടു് പരിഭ്രാന്തനായിത്തീർന്ന മാർഷൽഫാക്ക് അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിനായി അദ്ദേഹത്തിന്റെ തോളിൽ തലോടിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു. "പണ്ഡിററ്ജീ! താങ്കൾ സമാധാനമായിരിക്കണം." പക്ഷേ, ഗോപാൽശങ്കറെ ഏതൊരു പ്രേതമാണു് ആവേശിച്ചിരിക്കുന്നതെന്നു് ആൎക്കും പിടികിട്ടിയില്ല. വളരെയധികം പണിപ്പെട്ടതിനുശേഷമാണു് അദ്ദേഹത്തിനു് സ്വയം നിയന്ത്രിക്കുവാൻ കഴിഞ്ഞതു്. കോപത്തിനു് അല്പമൊരു ശമനം ഉണ്ടായപ്പോൾ അദ്ദേഹം ഗോവിന്ദൻെറനേൎക്കു് തിരിഞ്ഞുകൊണ്ടു് ഇങ്ങനെ പറഞ്ഞു. "നാരകീയമായ കൃത്യങ്ങൾക്കു് സാക്ഷ്യംവഹിച്ച ഈ പാപപങ്കിലമായ സ്ഥലത്തു് ഇനി ഒരു നിമിഷംപോലും ഞാൻ താമസിക്കണമെന്നു് വിചാരിക്കുന്നില്ല. ഗോവിന്ദാ! എന്നെ വേഗം താങ്ങിപ്പിടിച്ചു് ഈ കൂടാരത്തിനു് വെളിയിലേയ്ക്കു് കൊണ്ടുപോകു." ഗോവിന്ദൻ അദ്ദേഹത്തെ വേഗം താങ്ങിപ്പിടിച്ചു. വാസ്തവത്തിൽ അദ്ദേഹത്തിനു് അപ്പോൾ അങ്ങനെയൊരു ആശ്രയത്തിൻെറ ഒഴിച്ചുകൂടാൻപാടില്ലാത്ത ആവശ്യംതന്നെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലുകൾ ഇടറുന്നുണ്ടായിരുന്നു. ഏതുനിമിഷവും അദ്ദേഹം നിലംപതിക്കുവാൻ സാദ്ധ്യതയുണ്ടായിരുന്നു. ഗോവിന്ദൻെറ തോളിൽ സ്വശരീരഭാരം അർപ്പിച്ചുകൊണ്ടു് അദ്ദേഹം കൂടാരത്തിനു

വെളിയിലേയ്ക്കു് പോകുവാൻ ചുവടു വെച്ചു. ഫാക്കു് തന്റെപുറകേ വരുവാൻ ഭാവിക്കുന്നതുകണ്ടിട്ടു് അദ്ദേഹം തിരിഞ്ഞു് ഇങ്ങനെ പറഞ്ഞു. "വേണ്ടാ. എന്റെ കൂടെ വരേണ്ട ആവശ്യമില്ല. നിങ്ങളെല്ലാവരും ഇവിടെത്തന്നെ നിന്നുകൊണ്ടാൽ മതി. ഞാൻ എന്റെ വിമാനത്തിൽ പോയിരുന്നു് അല്പമൊന്നു് വിശ്രമിക്കട്ടെ. ഈ പൈശാചികമായ കാഴ്ച എന്റെ ഹൃദയത്തെ അടിയോടെ ഉലച്ചുകളഞ്ഞു. ഞാൻ കുറച്ചു സമയം തനിച്ചിരിക്കുവാനാണു് ആഗ്രഹിക്കുന്നതു്."

ഗോപാൽശങ്കർ ഇത്രയും പറഞ്ഞ രീതി കണ്ടപ്പോഠം മാർഷൽ ഫാക്കിനു് അദ്ദേഹത്തെ അനുഗമിയ്ക്കുവാനുള്ള ധൈര്യം ഉണ്ടായില്ല. ഗോവിന്ദന്റെ തോളിൽ പിടിച്ചുകൊണ്ടു് ഗോപാൽശങ്കർ കൂടാരത്തിനു് വെളിയിലേയ്ക്കു പോയി. ടൈഗർ അപ്പോഴും അവിടെത്തന്നെ കിടപ്പുണ്ടായിരുന്നു. അദ്ദേഹം സാവധാനം വിമാനത്തിനുള്ളിൽ കയറി കോച്ചിൽ കിടന്നതിനുശേഷം ഗോവിന്ദനോടു് പറഞ്ഞു. "വേഗം വിമാനം സ്റ്റാർട്ടാക്കൂ. ഈ പാപികളുടെ ഇടയ്ക്കു് ഇനി ഒരു നിമിഷംപോലും കഴിയുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. വിമാനം നേരേ ആഗ്രായിലേയ്ക്കു് വിട്ടേയ്ക്കൂ. വഴിയ്ക്കു് ഏതെങ്കിലും സൗകര്യമുള്ള താവളത്തിൽ ഇറക്കി പെട്രോഠം നിറച്ചുകൊള്ളണം. എന്നാൽ ഇനി താമസിക്കേണ്ടാ. നമുക്കു് പോകാം."

★

# സൈഗൻ

## 1

നാലുവശവും ഉയരംകൂടിയ മതിലുകളാൽ ചുററപ്പെട്ട വിശാലമായ ഒരു മൈതാനത്തിൽ വളരെയധികം പട്ടാള ഉദ്യോഗസ്ഥന്മാരും സിവിലിയൻ ഉദ്യോഗസ്ഥന്മാരും തിങ്ങിക്കൂടിയിട്ടുണ്ടു്.

ഫ്രഞ്ചുസൈന്യത്തിൽപെട്ട ഉന്നതരായ എല്ലാ ഉദ്യോഗസ്ഥന്മാരും അവിടെ സമ്മേളിച്ചിട്ടുണ്ടെന്നുള്ളതാണു് ആ മീററിംഗിൻെറ ഏററവും വലിയ പ്രത്യേകത. ആ നാട്ടുകാരിൽപ്പെട്ടവർ ആരേയുംതന്നെ അവിടെ കാണാത്തതിൽനിന്നും അത്യന്തം നിഗ്രഢമായ ഏതോ വിഷയത്തെക്കുറിച്ചു് ചർച്ചചെയ്യുവാനായിട്ടാണു് അവരെല്ലാവരും അവിടെ സമ്മേളിച്ചിരിക്കുന്നതെന്നു് നമുക്കു് ന്യായമായി അനുമാനിക്കാം. ആ മൈതാനത്തിലേയ്ക്കു് കടക്കുവാനുള്ള എല്ലാ വാതലുകളിലും

മതിൽക്കെട്ടിനു ചുററും സായുധരായ പട്ടാളക്കാർ കാവൽനില്ക്കുന്നതിൽനിന്നും പരിതസ്ഥിതിയുടെ ഗൗരവം നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

ടീപാർട്ടിക്കെന്നുള്ള വ്യാജേനയാണ് അവർ മുഴുവൻ അവിടെ സമ്മേളിച്ചിരിക്കുന്നതു്. രണ്ടുമൂന്നു പേരൊഴിച്ചു് ബാക്കിയുള്ളവരെല്ലാം നിശബ്ദരായി ഇരിക്കുകയാണ്. ചർച്ചയിൽ സജീവമായി പങ്കെടുത്തുകൊണ്ടിരിക്കുന്ന ആ രണ്ടുപേരിൽ ഏററവും പ്രധാനി മേജർ ഡ്യൂമറേയാണ്. അയാളുടെ കക്കശസ്വരമാണ് അപ്പോഠം അവിടെ മുഴങ്ങി കേട്ടുകൊണ്ടിരുന്നതു്.

"...ഈ സന്ദർഭത്തിൽ നമ്മഠം—ഫ്രഞ്ചുകാർ തലകുനിക്കുകയാണെങ്കിൽ ഈ നാട്ടിൽനിന്നും നമ്മുടെ കാലുകഠം എന്നെന്നേയ്ക്കുമായി ഇളകിപ്പോകുമെന്നു് ഞാൻ ശക്തിയേറിയ ഭാഷയിൽ നിങ്ങഠംക്കു് മുന്നറിയിപ്പുതരികയാണ്. ഏതൊരു കറുത്തവർഗ്ഗത്തെയാണോ നമ്മഠം കഴിഞ്ഞ ഇരുനൂററിൽപരം വർഷങ്ങളായി അടിച്ചമർത്തി ഭരിച്ചുകൊണ്ടിരുന്നതു് ആ കറുത്ത വർഗ്ഗക്കാർ നമ്മുടെ കാലുകഠം ഇടറുന്നുവെന്നു് മനസ്സിലാക്കുന്ന മാത്രയിൽതന്നെ ഉദ്ദണ്ഡരായിത്തീരുമെന്നു്-ക്രൂരന്മാരായി മാറുമെന്നു് എനിക്കു് ഉറപ്പുണ്ടു്. ഇതുവരെ നമുക്കു് ഇവരെ ഭരിക്കുവാൻ സാധിച്ചതു് നമ്മുടെ പ്രഭുത്വവും പ്രതാപവും ഒന്നുകൊണ്ടു് മാത്രമാണെന്നുള്ളതു് സ്പഷ്ടമല്ലേ. ആ പ്രഭുത്വത്തിനു് അല്പമൊരു കോട്ടമോ ഇളക്കമോ സംഭവിച്ചാൽ അതോടെ നമ്മുടെ ആസ്തിത്വവും അസ്തമിക്കും. നാട്ടുകാർ എണ്ണത്തിൽ നമ്മേക്കാഠം വളരെയധികം ഉണ്ടെങ്കിലും നമ്മുടെ കിടയററ ബുദ്ധിവൈഭവമാണ് അവരെ അടക്കി ഭരിക്കുന്നതെങ്കിലും നമ്മുടെ കാലുകഠം അവരാണെന്നുള്ള യാഥാർത്ഥ്യം നാം വിസ്മരി

ച്ചുകൂടാ. നമ്മുടെ പോലീസിലും, പട്ടാളത്തിലും അവരുടെ സംഖ്യയാണു് കൂടുതൽ. ദൈനംദിന ഭരണകാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഡിപ്പാർട്ടുമെൻറുകളിലും അവക്കാണു് ഭൂരിപക്ഷമുള്ളതു്. നമ്മുടെ ദേശീയവരുമാനത്തിൻെറ കാരണക്കാരും അവർതന്നെയാണു്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ രക്തംപോലും ഈ നാട്ടുകാർ തന്നെയാണു്. നമ്മുടെ രക്തം നമുക്കു് എതിരായി ശബ്ദമുയർത്തുന്ന ആ നിമിഷം, ആ രക്തത്തിൽ മാരകമായ വിഷം വ്യാപിക്കുന്ന അതേ മുഹൂർത്തത്തിൽ ഈ ശരീരം മുഴുവൻ നശിച്ചു് നാമാവശേഷമാകുമെന്ന കാര്യത്തിൽ യാതൊരു ശംശയവുമില്ല."

ഇത്രയും പറഞ്ഞിട്ടു് ഡ്യൂമറേ അല്പസമയത്തേയ്ക്കു് തൻെറ സംസാരം നിറുത്തി. ഉടൻതന്നെ അയാളിൽനിന്നും അല്പം അകന്നുമാറി ഇരുന്നിരുന്ന മാർഷൽ ഫാക്കു് എഴുന്നേററു് ഇങ്ങനെ പറഞ്ഞു. "മി: ഡ്യൂമറേ! നിങ്ങൾ പറഞ്ഞതു മുഴുവൻ വളരെ ശരിയാണു്. എന്നാൽ നമ്മൾ എന്താണു് ചെയ്യേണ്ടതെന്നു് മാത്രം നിങ്ങൾ പറഞ്ഞില്ല. നാം എന്താണു് ചെയ്യേണ്ടതെന്നുകൂടി നിങ്ങൾ പറയണം! ഈ നാട്ടിലുടനീളം കൂട്ടക്കൊല നടത്തണമെന്നാണോ നിങ്ങളുടെ അഭിപ്രായം?

ഡ്യൂമറേ:—(ചൊടിച്ചുകൊണ്ടു്) അതെ. അതു തന്നെയാണു് എൻെറ അഭിപ്രായം. നമ്മുടെ സൈന്യത്തിൻേറയും കോട്ടകളുടേയും മേൽ അനുനിമിഷം വർഷിച്ചുകൊണ്ടിരിക്കുന്ന ആ അഗ്നിസ്ഫുലിംഗങ്ങൾ പുരോഹിതന്മാരുടെ താമസസ്ഥലങ്ങളിൽ നിന്നാണു് പുറപ്പെടുന്നതെന്നു് വ്യക്തമായ നിലയ്ക്കു് നമുക്കു് കോടിക്കണക്കിനു് രൂപായുടെ നാശനഷ്ടങ്ങൾക്കിടയാക്കിയ ആ പുരോഹിതന്മാരുടെ ആ വാസസ്ഥലങ്ങൾ മുഴുവൻ

ഒന്നോടെ ഇടിച്ചുനിരത്തണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. നമുക്ക് എതിരായി അയയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന ആ അഗ്നിബാണങ്ങൾക്ക് അമ്പതു് അറുപതു് മൈലിൽ കൂടുതൽ ദൂരത്തിൽ പോകുവാനുള്ള കഴിവില്ലെന്നു് നമുക്ക് അറിയാൻ സാധിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടു് ഈ അമ്പതു് അറുപതു മൈലുകൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന എല്ലാ അമ്പലങ്ങളും മഠങ്ങളും ഉടൻതന്നെ കയ്യടക്കുകയാണ് നമുക്ക് കരണീയമായിട്ടുള്ളതു്. ഏതെങ്കിലും അമ്പലത്തിലോ മഠത്തിലോ വെടിമരുന്നോ മററു മാരകായുധങ്ങളോ കാണപ്പെടുകയാണെങ്കിൽ ആ സ്ഥലം മുഴുവൻ ഇടിച്ചുനിരത്തണം. ഇതിനു് നമ്മൾ തയാറാകുകയാണെങ്കിൽ ആ നിമിഷം തന്നെ നമുക്ക് എതിരായിട്ടുള്ള എല്ലാ പ്രവത്തനങ്ങളും അവസാനിക്കുമെന്നു് എനിക്കു് ഉറപ്പുണ്ടു്. അതോടൊപ്പംതന്നെ നമുക്ക് മറെറാരു നേട്ടവുംകൂടി ഉണ്ടാകും. അതായതു് അപഹരിക്കപ്പെട്ട കൗണ്ടു് ഷേവർ ആ മഠങ്ങളിൽ ഏതെങ്കിലും ഒന്നിൽ കാണുമെന്നുള്ളതു് തീർച്ചയാണു്. അങ്ങനെ ആ മഠങ്ങൾ മുഴുവൻ കയ്യടക്കാമെങ്കിൽ നമുക്ക് ഗവർണറെ അനായാസം കണ്ടുപിടിക്കുവാനും വീണ്ടെടുക്കുവാനും കഴിയും."

ചെറുപ്പക്കാരനായ ഒരു ഓഫീസർ അടുത്തിരുന്ന രുക്മസ്സിനെ തോണ്ടി വിളിച്ചുകൊണ്ടു ചോദിച്ചു. "രുക്മസ്സ്! നമ്മുടെ സൈന്യസങ്കേതങ്ങളിൽ പതിച്ചുകൊണ്ടിരിക്കുന്ന തീജ്വാലകൾ അമ്പലങ്ങളിൽനിന്നും മഠങ്ങളിൽനിന്നുമാണ് വരുന്നതെന്നുള്ള കാര്യം സത്യമാണോ?"

രുക്മസ്:—അതെ. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഓഫീ:—അതെങ്ങനെ മനസ്സിലായി?

രുക്മസ്:—(ചുററിനും നോക്കിയതിനുശേഷം അമന്ന സ്വരത്തിൽ) മാർഷൽ ഫാക്കിൻെറ സ്നേഹിതനായ പുരോഹിതൻ കിംഗ്ലൂവിൽനിന്നാണു് ഇക്കാര്യം അറിയാൻ കഴിഞ്ഞതു്. നിങ്ങൾ മിണ്ടാതിരിക്കൂ. അതാ മി: ഗാമതേ എന്തോ പറയുവാൻ തുടങ്ങുന്നു.

അപ്പോഴേയ്ക്കും മദ്ധ്യപ്രായം കടന്ന ഒരാൾ എഴുനേററു നിന്നുകൊണ്ടു് എന്തോ പറയുവാൻ ഭാവിച്ചിരുന്നു. അയാളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആ ഓഫീസർ രുക്മസ്സിനോടു് വീണ്ടും ചോദിച്ചു. "അദ്ദേഹം ഏതാണു്?"

"കായീമൗവിൽ വിപ്ലവം നടന്നപ്പോൾ ഇദ്ദേഹമായിരുന്നു അവിടത്തെ മജിസ്ട്രേട്ടു്. ഇപ്പോൾ ഇദ്ദേഹം ഗവണ്മെൻറു് സിക്രട്ടറിയാണു്." രുക്മസ്സ് പതിഞ്ഞ സ്വരത്തിൽ മറുപടിപറഞ്ഞു.

ഗാമതേ എഴുനേററുനിന്നുകൊണ്ടു് തൻെറ അഭിപ്രായം പ്രകടിപ്പിച്ചു. "സ്വന്തം അനുഭവത്തിൻെറ വെളിച്ചത്തിൽ ഈ പ്രശ്നത്തെക്കുറിച്ചു് ഒന്നുരണ്ടു കാര്യങ്ങൾ വിശദമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം കായീമൗനഗരത്തിൽ സംഭവിച്ചതു മുഴുവൻ ആദ്യവസാനം നേരിട്ടുകണ്ട ഒരു വ്യക്തിയാണു് ഞാൻ. മേജർ ഡ്യൂമറേ പറയുന്നതു മുഴുവൻ അക്ഷരംപ്രതി ശരിയാണു്. ഈ കിഴക്കൻനാട്ടിലെ ആളുകൾ വിശ്വസിയ്ക്കുവാൻ കൊള്ളരുതാത്തവരും, വഞ്ചകരും, ക്രൂരന്മാരും, തന്ത്രശാലികളുമാണു്. അവരെ അടിച്ചമർത്തിവെച്ചുകൊണ്ടിരുന്നില്ലെങ്കിൽ അവർ നമ്മുടെ തലയിൽകയറി നിരങ്ങുവാൻ തുടങ്ങും. വിപ്ലവം ആരംഭിച്ച ഇടയ്ക്കു് ഞാൻ വളരെ അനുനയഭാവത്തോടെയാണു് അവരു

മായി ഇടപെട്ടുകൊണ്ടിരുന്നതു്. അവർ അതു് ഏതെൻെറ ദൗർബ്ബല്യമായി കണക്കാക്കി തന്നിഷ്ടം പ്രവൎത്തിക്കു വാൻ തുടങ്ങി. എന്നാൽ പട്ടാളഭരണം ആരംഭിച്ച തോടെ, അല്പം കട്ടപ്പത്തിൽ അവരോടു് ഇടപെടുവാൻ തുടങ്ങിയതോടെ, ഏതാനും പൗരമുഖ്യന്മാരെ പൊതു നിരത്തിൽ നിരനിരയായി നിറുത്തി വെടിവെച്ചുകൊ ന്നതോടെ എല്ലാററിൻേറയും ആവേശവും ധൈൎയ്യവും പമ്പകടന്നു. സകലരും പത്തിതാഴ്ത്തി. വിപ്ലവവും അവസാനിച്ചു. ഈ കിഴക്കരുടെ സ്വഭാവമേ ഇതാണു്. ആവേശം കയറിപ്പോയാൽ പിന്നെ അവർ സിംഹങ്ങ ളാണു്. മർദ്ദനം ആരംഭിച്ചാൽ ഉടനെ പൂച്ചയെപ്പോലെ 'മ്യാവൂ മ്യാവൂ' എന്നു് കരയും. ഈ നാട്ടിൽ നമ്മുടെ ഭരണം നിലനിറുത്തിക്കൊണ്ടു പോകണമെന്നാണു് നമ്മൾ ആഗ്രഹിക്കുന്നതെങ്കിൽ അവസരത്തിലും അന വസരത്തിലും ക്രൂരമായ മർദ്ദനമുറകൾ അവലംബിച്ചേ പററുകയുള്ളുവെന്നു് അനുഭവങ്ങൾ നമ്മെ പഠിപ്പിച്ചു കഴിഞ്ഞു. ഡ്യൂമറേ പറഞ്ഞതുപോലെ ഈ മഠങ്ങളും അമ്പലങ്ങളുമെല്ലാം നിർദ്ദയം കയ്യടക്കുകയാണെങ്കിൽ, അവിടെയുള്ള പുരോഹിതന്മാരെ മുഴുവൻ—അവർ എത്ര വലിയവരും ആയിക്കൊള്ളട്ടെ,—തൂക്കിലിട്ടു കൊല്ലുകയാണെങ്കിൽ കുറഞ്ഞപക്ഷം ശത്രുക്കളുടെ ഒരു പ്രവൎത്തി—അതായതു് അഗ്നിബാണങ്ങൾ വിക്ഷേപി ക്കുന്നതു്—എന്നെന്നേയ്ക്കുമായി അവസാനിക്കുമെന്നു ള്ളതു് മൂന്നുതരമാണു്. ഈ നടപടി നാം കൈക്കൊ ണ്ടില്ലെങ്കിൽ ശത്രുക്കളിൽനിന്നു് നമുക്കു് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപത്തുകൾ ഒന്നിനൊന്നു് വൎദ്ധിക്കുകയേ ഉള്ളു."

ഇത്രയും പറഞ്ഞിട്ടു് ഗ്രാമതേസ്വസ്ഥാനത്തിരുന്നു.

ഉടൻതന്നെ വേഷവിധാനങ്ങളിൽനിന്നും പട്ടാളത്തലവന്മാരിൽ ഒരാളാണെന്നു തോന്നിക്കുന്ന വൃദ്ധനായ ഒരാൾ എഴുന്നേററു് തലയാട്ടിക്കൊണ്ടു് പറഞ്ഞു. "പാടില്ല. പാടില്ല. ഒരിക്കലും അങ്ങനെ ചെയ്യുവാൻ പാടില്ല. ഗാമതേയുടെ അഭിപ്രായത്തോടു് യോജിക്കുവാൻ എനിക്കു് നിവൃത്തിയില്ല"

രുക്മസ്സിൻെറ അടുക്കലിരുന്ന ആ ഓഫീസർ രുക്മസ്സിനോടു് അടക്കിയ സ്വരത്തിൽ ചോദിച്ചു. "അതു് ആരാണു്?"

അദ്ദേഹമാണു് ജനറൽ ഫ്രാൻസീസ്. അദ്ദേഹത്തെയാണു് കായീമൗവിലെ വിപ്ലവം അടിച്ചമർത്തുവാനായി ഫ്രഞ്ചു് ഗവണ്മെൻറു് നിയോഗിച്ചിരുന്നതു്. എന്നാൽ അദ്ദേഹത്തിനു് അതിൽ വിജയിക്കുവാൻ സാധിച്ചില്ല. മാർഷൽ ഫാക്കു് നേരിട്ടു് ഇടപെട്ടതിൽ പിന്നീടാണു് ആ വിപ്ലവം അടിച്ചമർത്തപ്പെട്ടതു്." രുക്മസ് മറുപടി പറഞ്ഞു.

ഫാക്കു്:—താങ്കളുടെ അഭിപ്രായം എന്താണു്, മി: ഫ്രാൻസീസ്?

ഫ്രാൻസിസ്:—മററു് യാതൊരു മാർഗ്ഗവുമില്ലെന്നു് പൂർണ്ണ ബോദ്ധ്യമായതിനുശേഷമേ മർദ്ദനമുറകൾ കൈക്കൊള്ളാവൂ എന്നാണു് എൻെറ വിനീതമായ അഭിപ്രായം. മർദ്ദനം എല്ലാത്തരത്തിലും ഗവണ്മെൻറിൻെറ അവസാനത്തെ ആയുധമായിരിക്കണം. ഒരു രാജ്യത്തിൽ തങ്ങളുടെ ഭരണം നിലനില്ക്കണമെന്നാഗ്രഹിക്കുന്ന ഒരു ഗവണ്മെൻറു് ആ ആയുധം വളരെ സൂക്ഷിച്ചും ആലോചിച്ചും മാത്രമേ കൈകാര്യം ചെയ്യാവൂ. വിദേശികൾ പ്രവേശിച്ചാൽ അശുദ്ധമായിതീരുമെന്നു് കരുതപ്പെട്ടുകൊണ്ടിരിക്കുന്ന ആ പവി

ത്രസ്ഥലങ്ങളിൽ നമ്മൾ ബലാല്ക്കാരമായി പ്രവേശി ച്ചാൽ ആ നിമിഷംതന്നെ ജനങ്ങൾ ഒന്നോടെ ക്ഷോഭി ച്ചിളകുമെന്നുള്ളതു് തീർച്ചയാണു്. മതഭ്രാന്തരായ ജനങ്ങൾ മുഴുഭ്രാന്തരായി മാറും. പിന്നെ അവർ എന്തൊക്കെയാണു് ചെയ്യുന്നതെന്നു് നമുക്കു് അനുമാ നിക്കുവാൻ പോലും സാധിക്കുകയില്ല. ഇവിടെ എന്തെല്ലാം നടന്നിട്ടും സാധാരണക്കാരായ ആളുകൾ ഇതുവരെയും ശാന്തരായി കഴിഞ്ഞുകൂടുകയായിരുന്നു. തങ്ങളുടെ പാവനമായ ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു വെന്നറിഞ്ഞാൽ അവരും നമുക്കെതിരായി അണിനി രക്കും. അപ്പോൾ അവരേയും നമുക്കു് അമച്ച്ചെയ്യേണ്ടി വരും. അങ്ങനെ സംഭവിക്കുന്ന ആ നിമിഷമായിരിക്കും ഫ്രഞ്ചുകാർക്കു് ഈ നാട്ടിൽനിന്നു് ഭാണ്ഡവും മുറുക്കി സ്വദേശത്തേയ്ക്കു് പോകേണ്ടി വരുന്നതെന്നുള്ള കാര്യം നിങ്ങളെല്ലാവരും നല്ലതുപോലെ മനസ്സിലാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്."

ഫ്രാൻസിസിൻെറ ഈ അഭിപ്രായം കേട്ടപ്പോൾ ഗാമതേയുടെ മുഖത്തു് അവജ്ഞാസൂചകമായ പുഞ്ചിരി തത്തിക്കളിക്കുന്നതു് കാണപ്പെട്ടു. സദസ്യരിൽ പല രുടേയും മുഖത്തു് വെറുപ്പിൻേറയും നിസാരതയുടേയും ഭാവം ഉദയം ചെയ്യുന്നതു് വ്യക്തമായി കാണാമായി രുന്നു. ഫ്രാൻസിസിനു് എതിരായുള്ള ചില അപശ ബ്ദങ്ങളും സദസ്യരിൽനിന്നു് ഉയരാതിരുന്നില്ല. തന്റെ അഭിപ്രായത്തിൻെറ പ്രതികരണം നല്ലതുപോലെ മന സ്സിലാക്കിയ ആ വൃദ്ധ സേനാപതി അല്പം ചൊടിച്ചു കൊണ്ടു് ഇങ്ങനെ പറഞ്ഞു. "എൻെറ അഭിപ്രായം പുതുരക്തം പ്രവഹിച്ചുകൊണ്ടിരിക്കുന്ന ചെറുപ്പക്കാ രിൽ പലർക്കും രസിച്ചിട്ടില്ലെന്നു് ഞാൻ മനസ്സിലാക്കു

ന്നുണ്ട്. കായീമൗവിൽ പരാജയമടഞ്ഞ ഒരു പടയാളിയാണു് ഞാനെന്നുള്ള വസ്തുതയും ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ, ഇതുകൊണ്ടൊന്നും എന്റെ അഭിപ്രായം ഒരിക്കലും മാറുകയില്ല. ഫ്രഞ്ചുകാർ ഈ നാട്ടിൽ വിരലിലെണ്ണാവുന്നത്രയും മാത്രമേ ഉള്ളവെന്നും, നമ്മുടെ കയ്യും കാലും കണ്ണും രക്തവുമെല്ലാം ഇവിട്ടത്തുകാർതന്നെയാണെന്നും മേജർ ഡ്യൂമറേപോലും സമ്മതിച്ചുകഴിഞ്ഞു. ഈ ചുററുപാടിൽ ഇവിടത്തെ ജനങ്ങൾ ഒന്നടങ്കം നമുക്ക് എതിരായി തിരിയുകയാണെങ്കിൽ ഒരു മണിക്കൂർപോലും നമുക്ക് ഈ നാട്ടിൽ ഉറച്ചുനില്ക്കുവാൻ സാദ്ധ്യമല്ലെന്നുള്ള കാര്യം പകൽപോലെ സ്പഷ്ടമല്ലേ? നിങ്ങൾ ചിരിക്കരുത്. ചങ്കിൽ കൈവെച്ചുകൊണ്ടു് സ്വയം ചോദിച്ചുനോക്കൂ ഞാൻ പറയുന്നതു്. സത്യമാണോ അല്ലയോ എന്നു്. എന്റെ ഈ അഭിപ്രായം നിങ്ങൾ നിസ്സാരമായി കരുതി അവഗണിക്കരുതു്. ഇതേപ്പററി നിങ്ങൾ ഗാഢമായി ചിന്തിച്ചിട്ടു വേണം ഒരന്ത്യതീരുമാനം കൈക്കൊള്ളേണ്ടതെന്നു് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു."

മററാരെങ്കിലും എന്തെങ്കിലും പറയുന്നതിനുമുമ്പായി മേജർ ഡ്യൂമറേ ചാടി എഴുന്നേററുകൊണ്ടു് പറഞ്ഞു. "ജനറൽ! താങ്കൾ പറഞ്ഞതു മുഴുവൻ ശരിയാണു്. പക്ഷേ, ഒരു കാര്യംകൂടി താങ്കൾ ആലോചിക്കണം. നമ്മുടെ സർവ്വസ്വവുമായ ഈ നാട്ടുകാർ നമുക്കുവേണ്ടി പണിയെടുക്കുന്നതു് എന്തുകൊണ്ടാണു്? ഒരേ ഒരു കാരണം മാത്രമാണു് ഇതിനുള്ളതു്. ഭയം. വെറും ഭയം മാത്രം. അവർ നമ്മെ അങ്ങേയററം ഭയപ്പെടുന്നുണ്ടു്. അതുകൊണ്ടാണു് അവർ നമുക്കു് അടിമവേല ചെയ്യുന്നതു്. നമ്മെപ്പററിയുള്ള ഭയം അവരുടെ ഹൃദയത്തിൽ

നിന്നും അന്തർദ്ധാനം ചെയ്യുന്ന ആ നിമിഷം അവർ നമ്മുടെ അടിമകളല്ലാതായി തീരും. ആ ചുററുപാടിൽ നമുക്ക് നമ്മുടെ ജോലികൾ സ്വയം ചെയ്യേണ്ടിവരും."

ഗാമതേ:—(ഉച്ചത്തിൽ) വളരെ ശരിയാണ്. തങ്ങളെ അടിച്ചമർത്തുവാനുള്ള ശക്തി ഫ്രഞ്ചുകാർക്കുണ്ടെന്നുള്ള ഭയം ഒന്നുകൊണ്ടുമാത്രമാണ് ഈ 'കൺട്രികൾ' നമുക്ക് ദാസ്യവേല ചെയ്യുന്നതു്. തങ്ങളുടെ സ്വത്തു് മാത്രമല്ല, ജീവൻപോലും തട്ടിയെടുക്കുവാനുള്ള കരുത്തും കഴിവും നമുക്കുണ്ടെന്നു് പൂർണ്ണബോദ്ധ്യം ഉള്ളതുകൊണ്ടാണ് അവർ അടങ്ങിയൊതുങ്ങി കഴിയുന്നതു്.

ഫ്രാൻ:—ശരിയാണ്. പക്ഷേ മർദ്ദനവും അക്രമവും തമ്മിൽ വ്യത്യാസമുണ്ടു്. ഈ നാട്ടിലെ ദേവാലയങ്ങളും മഠങ്ങളും നശിപ്പിക്കുകയെന്നുവെച്ചാൽ അതു് നാട്ടുകാരോടു കാണിക്കുന്ന അക്രമമാണ്.

ഡ്യൂമറേ:—(ക്രുദ്ധനായിട്ടു്) അതു് അക്രമമല്ല; നയമാണ്.

ഫ്രാൻ:—സംശയമുണ്ടോ? നമ്മുടെ യഥാർത്ഥസഹായിയും, നമുക്ക് എന്തെങ്കിലും സഹായം എത്തിച്ചുതരുവാൻ കഴിവുള്ള ഒരു വ്യക്തിയായിരുന്നു പണ്ഡിററു് ഗോപാൽശങ്കർ. അങ്ങനെയുള്ള അദ്ദേഹത്തെപ്പോലും നമ്മളിൽനിന്നും എന്നെന്നേയ്ക്കുമായി അകററിക്കളഞ്ഞ അതേ നയംപോലെയുള്ള ഒരു നയമാണ് ഇതും.

ഗോപാൽശങ്കറിൻെറ പേരു് കേട്ടതോടെ അന്നു നിമിഷം ചൂടുപിടിച്ചുകൊണ്ടിരുന്ന ആ അന്തരീക്ഷം പെട്ടെന്നു് ശാന്തമായി. വളരെയധികം ശിരസ്സുകൾ സ്വയം കുനിഞ്ഞുപോയി. പല മുഖങ്ങളും വിളറിവെളുത്തു. അവിടമാകെ നിശബ്ദത വ്യാപിച്ചു. അവസാനം ആ നിശബ്ദതയ്ക്കൊരു വിരാമമിട്ടുകൊണ്ടു് ഗാമതേ

പറഞ്ഞു. "ജനറൽ ഫ്രാൻസീസ്! ഏതെങ്കിലും ഒരു വ്യക്തിയെമാത്രം ആശ്രയിച്ചല്ല ഫ്രഞ്ചു ഗവണ്മെൻറ് ഭരണം നടത്തുന്നതു്. ഒരേ ഒരു വ്യക്തിയുടെ സഹായം നമ്മെ നിലനിറുത്തുകയും, ആ വ്യക്തിയുടെ വൈരാഗ്യം നമ്മെ തറപററിക്കുകയും ചെയ്യുന്ന ഒരു മുഹൂർത്തം സമാഗതമാകുകയാണെങ്കിൽ അപ്പോൾ നമ്മൾ തീരുമാനിച്ചുകൊള്ളണം നാം ഭരിക്കുവാൻ അർഹരല്ലാതായിതീർന്നിരിക്കുന്നൊന്നു്. ഒരു ഗോപാൽശങ്കറുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചല്ല ശക്തിശാലികളായ ഫ്രഞ്ചുകാർ ഇത്രയുംകാലം ഭരിച്ചതു്."

"ശരിയാണു്. ഗാമതേയുടെ അഭിപ്രായമാണു് ശരി." പല കണ്ഠങ്ങളിൽനിന്നും ഏകസ്വരത്തിൽ ഈ വാക്കുകൾ പൊട്ടിപ്പുറപ്പെട്ടു. പക്ഷെ, ഫ്രാൻസിസ് ആ ശബ്ദകോലാഹലങ്ങൾക്കിടയിൽ അലറുന്ന സ്വരത്തിൽ വിളിച്ചുപറഞ്ഞു "വളരെയധികം 'ജീവി'കളുടെ ഇടയ്ക്കു് യഥാർത്ഥ മനുഷ്യൻ ഒന്നേ കാണുകയുള്ളു. നെപ്പോളിയൻ ഒന്നേ ഉണ്ടായിട്ടുള്ളു. വാഷിംഗ്ടണും ഒന്നേ ഉണ്ടായിട്ടുള്ളു. ബാക്കിയുള്ളവരെല്ലാം കേവലം സഹായികൾ മാത്രമാണു്; ഉപദേശികൾ മാത്രമാണു്. ആ സമുന്നതമായ പദവിയുടെ പ്രകാശത്തിൽ സ്വന്തം മുഖം പ്രകാശിപ്പിക്കുന്നവരാണു്. അതുപോലെ മേജർ ഡ്യൂമറേയും ഒരാൾ മാത്രമേയുള്ളു.

ഗാമതേ:—(കോപകലുഷിതനായിട്ട് അലറുന്ന സ്വരത്തിൽ) ജനറൽ ഫ്രാൻസീസും ഒരാളെ ഉള്ളു.

വാദപ്രതിവാദം വ്യക്തിപരമായി മാറുന്നതും, വക്താക്കളുടെ സ്വരവും രീതിയും ഒന്നിനൊന്നു് ചൂടാകുന്നതും കണ്ടപ്പോൾ മാർഷൽ ഫാക്കു് എഴുന്നേററു് എല്ലാവരേയും സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു.

"നിങ്ങൾ എല്ലാവരും ഒരുപോലെ ക്ഷോഭിച്ച് സംസാരിച്ചാൽ കാര്യങ്ങൾ എങ്ങനെ ശരിയാകാനാണ്? ശത്രുക്കളെ പരാജയപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിച്ച് തീരുമാനിക്കുവാനായിട്ടാണ് നമ്മൾ ഇവിടെ കൂടിയിരിക്കുന്നത്. അല്ലാതെ പരസ്പരം വക്കാണവും കയ്യേററവും നടത്തുന്നതിനല്ല. ഗോപാൽശങ്കറെ സംബന്ധിച്ച ആ സംഭവം തികച്ചും ആകസ്മികവും ദുഃഖകരവുമായിപ്പോയി. അല്പം കരുതലോടും സമാധാനചിത്തതയോടും ഇടപെട്ടിരുന്നെങ്കിൽ അങ്ങനെയൊരു സംഭവം ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. ആത്മാർത്ഥതയോടെയാണ്, തുറന്ന ഹൃദയത്തോടെയാണ് അദ്ദേഹം നമുക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിക്കൊണ്ടിരുന്നത്. അദ്ദേഹത്തിൻെറ സഹായം അനിവാര്യമായിരിക്കുന്ന സന്ദർഭമാണ് ഇപ്പോൾ സമാഗതമായിരിക്കുന്നത്. നമ്മുടെ ഒരു സുഹൃത്തിൻെറ സമയംതെററിയുള്ളതും എന്നാൽ സകാരണവുമായ കോപവും, മുറിവുകളേററ് തികച്ചും ദുർബലമായിക്കഴിഞ്ഞിരുന്ന ഗോപാൽശങ്കറിൻെറ മസ്തിഷ്കത്തിലുണ്ടായ ആകസ്മികസ്ഫോടനവുമാണ് ദുഃഖകരമായ ആ സംഭവം ഉണ്ടാകുവാൻ കാരണമാക്കിയത്. എന്നാൽ ഞാൻ ഇപ്പോഴും അദ്ദേഹത്തെപ്പററിയുള്ള ആശ കൈവെടിഞ്ഞിട്ടില്ല; അദ്ദേഹത്തിൻെറ പേരു് ഇവിടത്തെ ചർച്ചകൾക്കിടയിൽ അനാവശ്യമായി കൈകാര്യം ചെയ്യരുതെന്ന് എനിക്ക് അഭിപ്രായമുണ്ട്. ഞാൻ നിങ്ങളോട്.. ......"

മാർഷൽ ഫാക്കിന് ആ വാചകം പൂർണ്ണമാക്കുവാൻ കഴിഞ്ഞില്ല. പെട്ടെന്നു് ആകാശത്തിൽ ഒരു ഇരമ്പൽ കേൾക്കപ്പെട്ടു. അതേത്തുടന്നു് മിന്നിത്തിള

KOTTAYAM PUBLIC LIBRARY KOTTAYAM

ങ്ങനെ ഏതോ ഒരു സാധനം മിന്നൽവേഗത്തിൽ ആകാശത്തുനിന്നു് പാഞ്ഞുവന്നു് തറയിൽ തറച്ചുനിന്നു. ഏതോ ലോഹംകൊണ്ടുണ്ടാക്കിയ ഒരു ത്രിശൂലമായിരുന്നു അതു്. അതിന്റെ അടിഭാഗം തറയിൽ തറച്ചു് ഇറങ്ങിയിരുന്നു. മുകളിലത്തെ മൂന്നു മുനകളിലുമായി ചെറിയ പെട്ടിയുടെ ആകൃതിയിലുള്ള ഉരുണ്ടതും കറുത്തതുമായ ഒരു സാധനം വയറുകളുടെ സഹായത്തോടെ തൂങ്ങിക്കിടപ്പുണ്ടായിരുന്നു. അവിടെ ഉണ്ടായിരുന്നവരിൽ ആരുടേയും ശരീരത്തു് ആ ശൂലം തറച്ചുകൊള്ളാതിരുന്നതു് ഭാഗ്യമായി. അല്ലെങ്കിൽ അവിടെ എന്തെന്തു കോലാഹലങ്ങൾ നടക്കുമായിരുന്നില്ല. യാദൃച്ഛികമായി വന്നുവീണ ആ ശൂലത്തിലേയ്ക്കുതന്നെ അവരെല്ലാവരും അത്ഭുതത്തോടും ഭയത്തോടുംകൂടി നോക്കുവാൻ തുടങ്ങി. മാർഷൽഫാക്കു് പരിഭ്രമത്തോടുകൂടി ആരോടെന്നില്ലാതെ ചോദിച്ചുപോയി. "എന്തൊരു ബാധയാണിതു്?"

അത്ഭുതവിസ്ഫാരിതമായ നയനങ്ങൾ ആകാശത്തിലേയ്ക്കു് ഉയർന്നു. പക്ഷെ അപ്പോൾ ആകാശം തികച്ചും ശൂന്യമായിരുന്നു. മേഘത്തിന്റെ ഒരു കഷണംപോലും എങ്ങും കാണപ്പെട്ടില്ല. ആളുകൾ അത്ഭുതത്തോടെ പരസ്പരം ചോദിക്കുവാൻ തുടങ്ങി. "ഇതു് ആരാണു് എറിഞ്ഞതു്? എവിടെനിന്നാണു് എറിഞ്ഞതു്?"

മാർഷൽഫാക്കും മററുചിലരും ധരിച്ചതു് ആ ശൂലം മതിൽക്കെട്ടിനു് വെളിയിൽനിന്നു് ആരോ എറിഞ്ഞതായിരിക്കുമെന്നാണു്. യാഥാർത്ഥ്യം അന്വേഷിച്ചറിയുന്നതിനുവേണ്ടി ഫാക്കു് വാതുക്കൽ കാവൽനിന്നിരുന്ന ഒരു സർജന്റിനെ വിളിച്ചു് അയാളോടു്

എന്തോ പറയുവാൻ തുടങ്ങിയപ്പോഴേയ്ക്കും പെട്ടെന്നു് എന്തോ കേട്ടിട്ടു് തരിച്ചു നിന്നുപോയി. അദ്ദേഹം മാത്രമല്ല; അവിടെ കൂടിയിരുന്നവരെല്ലാവരും തുടിക്കുന്ന ഹൃദയത്തോടെ ത്രിശ്ശൂലത്തിലേയ്ക്കുതന്നെ ഉററുനോക്കുവാൻ തുടങ്ങി. കാരണം ആ ശ്ശൂലത്തിൻെറ അഗ്രഭാഗത്തു് തൂങ്ങിക്കിടന്നിരുന്ന ചെറിയ പെട്ടികളുള്ളിൽ നിന്നും പെട്ടെന്നു് ഒരു പൊട്ടിച്ചിരിയുടെ ശബ്ദം ഉയൎന്നു് അവിടമാകെ മാറെറാലികൊണ്ടു.

മാർഷൽ ഫാക്കു് പരിഭ്രമത്തോടെ ചുററുപാടും നോക്കിക്കൊണ്ടു് ചോദിച്ചു. "ആരാണു് ചിരിച്ചതു്?"

പെട്ടെന്നു് ത്രിശ്ശൂലത്തിൽനിന്നും ഇങ്ങനെ മുഴങ്ങികേട്ടു. "ഞാനാണു്."

എന്തു്? ഫാക്കിൻെറ കണ്ണുകളും ചെവികളും അദ്ദേഹത്തെ വഞ്ചിക്കുകയാണോ? ലോഹംകൊണ്ടുണ്ടാക്കിയ ആ ത്രിശ്ശൂലത്തിനു് സംസാരിക്കുവാൻ സാധിക്കുമോ? ഫാക്കിനു് തൻെറ ഇന്ദ്രിയങ്ങളിൽ വിശ്വാസം തോന്നിയില്ല. അദ്ദേഹം വീണ്ടും ചോദിച്ചു. "ആരാണു് സംസാരിക്കുന്നതു്?"

"ഞാൻ നിങ്ങളോടു് ചില കാൎയ്യങ്ങളെപ്പററി സംസാരിക്കുവാൻ ആഗ്രഹിക്കുന്നു." ത്രിശ്ശൂലത്തിൽ നിന്നു് പിന്നെയും മറുപടി കിട്ടി.

തുടിക്കുന്ന ഹൃദയത്തെ പണിപ്പെട്ടു് അമൎത്തിക്കൊണ്ടു് ഫാക്കു് ചോദിച്ചു. "നിങ്ങൾ ആരാണു്? എവിടെനിന്നാണു് സംസാരിക്കുന്നതു്?"

ത്രിശ്ശൂലം:—ഞാൻ പൗരസ്വാഭിമാന സംരക്ഷകസംഘത്തിൻെറ നേതാക്കന്മാരിൽ ഒരാളാണു്. സ്വയം അദൃശ്യമാകുവാൻ കഴിവുള്ള എൻെറ വിമാനത്തിൽ ഇരുന്നുകൊണ്ടാണു് ഞാൻ സംസാരിക്കുന്നതു്. നിങ്ങ

ളിൽനിന്നും ഏകദേശം രണ്ടായിരം അടി ഉയരത്തിലാണു് ഞാൻ ഇപ്പോൾ ഇരിക്കുന്നതു്.

ഫാക്കു്:—നിങ്ങൾ ഇപ്പോൾ അവിടെ എന്തുചെയ്യുകയാണു്?

ത്രിശ്ശൂലം:—നിങ്ങളുടെ ചൎച്ചകൾ മുഴവൻ ശ്രദ്ധിക്കുവാൻവേണ്ടി എന്നെ നിയോഗിച്ചിരിക്കുകയാണു്. നിങ്ങളെ ഒരുകാൎയ്യം അറിയിച്ചിട്ടു് ഉടൻതന്നെ മടങ്ങിപ്പോകാമെന്നു് ഞാൻ വിചാരിക്കുന്നു.

ഫാക്കു്:—ഇത്ര ഉയരത്തിൽ സ്ഥിതിചെയ്യുന്ന നിങ്ങൾക്കു് ഞങ്ങളുടെ സംഭാഷണം കേൾക്കാൻ സാധിക്കുമോ?

ത്രിശ്ശൂലം:-സാധിക്കുമോ, എന്നോ? വളരെ വ്യക്തമായി കേൾക്കാം.

ഫാക്കു്:—അപ്പോൾ ഈ ശൂലം നിങ്ങൾ എന്തിനാണു് അയച്ചിരിക്കുന്നതു്?

ത്രിശ്ശൂലം:—എനിക്കു് പറയുവാനുള്ളതു് നിങ്ങൾക്കു് കേൾക്കുവാൻവേണ്ടി. ഞങ്ങളുടെ കൈവശമുള്ള യന്ത്രങ്ങളുടെ സഹായത്തോടെ നിങ്ങൾ പറയുന്നതു് മുഴവൻ ഞങ്ങൾക്കു് കേൾക്കുവാൻ സാധിക്കും. എന്നാൽ ഞങ്ങൾ പറയുന്നതു് നിങ്ങൾക്കു് കേൾക്കുവാൻ ഉപകരിക്കുന്ന യന്ത്രമാണു് ആ ശൂലത്തിൽ തൂക്കിയിട്ടിരിക്കുന്നതു്.

ഫാക്കു്:—ശരി. നിങ്ങൾക്കു് പറയാനുള്ളതു് എന്താണെന്നുവെച്ചാൽ പറയു.

ത്രിശ്ശൂലം:-നിങ്ങളുടെ ധൂമകേതു ഞങ്ങളുടെ സംഘത്തിൽപെട്ട നാലുപേരെ ഏററവും നീചമായ രീതിയിൽ കൊല്ലാക്കൊല ചെയ്തു. അതുകൊണ്ടു് അയാളേയും അതേ രീതിയിൽതന്നെ കൊല്ലുവാനാണു് ഞങ്ങ

ളുടെ സംഘം തീരുമാനിച്ചിരിക്കുന്നതു്. അഞ്ചുമിനിററു സമയത്തെ സാവകാശം ഞങ്ങൾ അയാൾക്കു് കൊടുക്കുന്നു. ഈ സമയംകൊണ്ടു് അയാൾക്കു് സ്വരക്ഷയ്ക്കാവശ്യമായ എന്തു് ഏർപ്പാടു വേണമെങ്കിലും ഇഷ്ടംപോലെ ചെയ്യാവുന്നതാണു്. അഞ്ചുമിനിററു കഴിഞ്ഞാലുടൻ തന്നെ ഞാൻ അയാളെ കസ്റ്റഡിയിലാക്കും.

ഇതു കേട്ടതോടെ അവിടമാകെ ശ്മശാനമൂകത വ്യാപിച്ചു. ആളുകൾ പരസ്പരം മുഖത്തോടുമുഖം നോക്കുവാൻ തുടങ്ങി. കുറച്ചുസമയത്തേയ്ക്കു് ആരും ഒന്നും സംസാരിച്ചില്ല. അവസാനം ആരോ ഒരാൾ ഡ്യൂമറേയോടു് ചോദിച്ചു. "താങ്കൾ ഉള്ളിൽ എവിടെയെങ്കിലും പോയി ഇരിക്കണമെന്നു് വിചാരിക്കുന്നുണ്ടോ?" കോപാധിക്യത്താൽ ചെമന്നു തുടുത്ത കണ്ണുകളോടെ ഡ്യൂമറേ നിഷേധഭാവത്തിൽ തലയാട്ടിക്കൊണ്ടു് പറഞ്ഞു. "ഇല്ല. ഒരിക്കലുമില്ല."

"നമ്മൾ ഇത്ര്യും പേർ ഇവിടെ ജീവനോടെ ഇരിക്കുമ്പോൾ നമ്മുടെ ഇടയ്ക്കുനിന്നും മേജറെ തട്ടിക്കൊണ്ടു പോകുവാനുള്ള ചങ്കൂററം ആർക്കാണുള്ളതു്?" ഗാമതേ പുരുഷസ്വരത്തിൽ ചോദിച്ചു.

"അതിനുള്ള തൻേറടം ഈ ലോകത്തിൽ ആർക്കും ഇല്ല." പലരും തങ്ങളുടെ അഭിപ്രായം വിളിച്ചുപറഞ്ഞു. ചെറുപ്പക്കാരനും അഹങ്കാരിയുമായ ഒരു ഓഫീസർ ചാടി എഴുന്നേററു് ത്രിശ്ശൂലം വലിച്ചു് ദൂരെ എറിയുന്നതിനുവേണ്ടി അതിൽ കടന്നു പിടിച്ചതും ഒരു ആർത്തനാദത്തോടെ അയാൾ നിലംപതിച്ചതും ഒരുമിച്ചു കഴിഞ്ഞു. അയാളെ താങ്ങി എടുക്കുവാനായി പലരും മുന്നോട്ടുപാഞ്ഞു. പക്ഷേ, അപ്പോഴേയ്ക്കും അയാൾ ഇഹലോകവാസം വെടിഞ്ഞുകഴിഞ്ഞിരുന്നു.

പെട്ടെന്ന് ത്രിശ്ശൂലത്തിൽനിന്ന് ആരോ വിളിച്ചു പറയുന്നതു് കേൾക്കപ്പെട്ടു. "സൂക്ഷിച്ചുകൊള്ളു. ആ ത്രിശ്ശൂലത്തിൽ തൊടുവാൻ ശ്രമിക്കുന്നതിൻെറ ഫലം മരണമായിരിക്കും." എല്ലാവരും ഭീതമായ നയനങ്ങളോടെ ത്രിശ്ശൂലത്തിലേയ്ക്കു് തന്നെ സൂക്ഷിച്ചുനോക്കി. ആൎക്കും ഒന്നും സംസാരിക്കുവാൻ കഴിഞ്ഞില്ല. എന്താണു് ചെയ്യേണ്ടതെന്നു് ആൎക്കും യാതൊരു രൂപവുംഉണ്ടായിരുന്നില്ല. വെറും ലോഹനിർമ്മിതമായ ഒരു ത്രിശ്ശൂലത്തെ ഭയന്നു് ഫ്രഞ്ചു് പട്ടാളത്തിലെ ഉന്നതരായ ഉദ്യോഗസ്ഥന്മാർ ആ സ്ഥലംവിട്ടു് ഓടുകയോ? ഭീരുത്വമല്ലേ അതു്? അവിടെത്തന്നെ ഇരിക്കാമെന്നുവെച്ചാൽ അദൃശ്യനായ ആ ശത്രു ഇനി എന്തെല്ലാമാണു് ചെയ്യാൻ പോകുന്നതെന്നു് ആൎക്കു് പ്രവചിക്കുവാൻ സാധിക്കും? എല്ലാവരും ഇതികൎത്തവ്യതാമൂഢരായി സ്വസ്ഥാനങ്ങളിൽതന്നെ നിശ്ചേഷ്ടരായി ഇരുന്നുപോയി.

"ഇതാ, അഞ്ചുമിനിറവു് സമയം തീൎന്നിരിക്കുന്നു. ഡ്യൂമറേ! മുന്നോട്ടു് നീങ്ങിനില്ക്കൂ." ത്രിശ്ശൂലത്തിൽനിന്നും ആജ്ഞ പുറപ്പെട്ടു. അടുത്ത നിമിഷംതന്നെ ആകാശത്തിൽനിന്നും മിന്നിത്തിളങ്ങുന്ന മറെറാരു സാധനം വായുവേഗത്തിൽ താഴോട്ടു് പാഞ്ഞുവന്നു. അതു് ഏതോ വൈദ്യുതപ്രവാഹമായിരിക്കുമെന്നാണു് അവർ വിചാരിച്ചതു്. പക്ഷേ അവൎക്കു് തെററിപ്പോയി. അതു് ഒരു ഉരുക്കുമുഷ്ടിയായിരുന്നു. നീണ്ടുനിവൎന്ന വിരലുകളോടുകൂടിയ ആ ഉരുക്കുമുഷ്ടി മിന്നൽ വേഗത്തിൽ ഡ്യൂമറേയുടെ ശരീരത്തിൽ വന്നുപതിച്ചു. പരുന്തു് കോഴിക്കുഞ്ഞുങ്ങളെ ഞൊടിയിടകൊണ്ടു് റാഞ്ചി ഉയരുന്നതുപോലെ ആ ഉരുക്കുമുഷ്ടി ഡ്യൂമറേയുടെ ശരീരത്തു പതിച്ചതും അയാളുടെ ശരീരത്തിൽതറച്ചുകയറിയതും

അയാളേയുംകൊണ്ടു് മിന്നൽ വേഗത്തിൽമുകളിലേയ്ക്കു് ഉയൎന്നതുമെല്ലാം നിമിഷനേരത്തിനുള്ളിൽ കഴിഞ്ഞു. ആ ഉരുക്കുമുഷ്ടിയോടൊപ്പം കാണപ്പെട്ട വയറിൽനിന്നും അതു് ആ വയറിൽ തൂക്കിയിട്ടിരിക്കുകയാണെന്നു് ഒററ നോട്ടത്തിൽതന്നെ ബാക്കിയുള്ളവൎക്കു് മനസ്സിലായി. ആ വയർ കണ്ടമാത്രയിൽതന്നെ രുക്'മസ്' ഉറയിൽ നിന്നും വാഠം വലിച്ചൂരി ആ വയർ ലക്ഷ്യമാക്കി സർവ്വ ശക്തിയും സംഭരിച്ച് ആഞ്ഞുവെട്ടി. പക്ഷേ, അല്പം താമസിച്ചുപോയി. അപ്പോഴേയ്ക്കും ഡ്യൂമറേ തറ യിൽനിന്നും ഏതാനും വാര ഉയരത്തിൽ എത്തിക്കഴി ഞ്ഞിരുന്നു. രണ്ടു കയ്യും രണ്ടു കാലും താഴോട്ടു് തൂങ്ങി വളഞ്ഞു ഉയരുന്ന ഡ്യൂമറേയുടെ അപ്പോഴത്തെ അവ സ്ഥ വളരെ പരിതാപകരമായിരുന്നു.

നൂറുകണക്കിനു് റിവാഠംവറുകഠം ആകാശത്തി ലേയ്ക്കു് ഉയൎന്നു. ഇടതടവില്ലാതെ പുറപ്പെട്ടുകൊണ്ടി രുന്ന വെടികളുടെ ശബ്ദംകൊണ്ടു് അന്തരീക്ഷമാകെ മാറെറാലിക്കൊണ്ടു. പക്ഷേ, അതുകൊണ്ടൊന്നും ഉദ്ദേ ശിച്ച പ്രയോജനം ഉണ്ടായില്ല. ഡ്യൂമറേ ക്രമേണ ഉയ ൎന്നുയൎന്നു് ഒരു ചെറിയ പക്ഷിയുടെ ആകൃതിയിൽ ആകാശത്തിൽ കാണപ്പെട്ടു.

ആളുകളുടെ ഹൃദയാന്തരാളങ്ങളിൽനിന്നും നെടു നിശ്വാസങ്ങഠം ഉയൎന്നു. "നമ്മഠം ഇത്രയുംപേർ നോക്കി നില്ക്കെ ശത്രുക്കഠം തങ്ങളുടെ ഇരയേയും റാഞ്ചിക്കൊണ്ടു് കടന്നുകളഞ്ഞല്ലോ. നമ്മെക്കൊണ്ടു് ഒന്നും ചെയ്യുവാൻ സാധിച്ചില്ലല്ലോ. "പലരും പരസ്പരം അഭിപ്രായ പ്പെട്ടു. പലരും തങ്ങളുടെ കഴിവുകേടിൽ പരിതപി ച്ചു. പെട്ടെന്നു് അവരുടെയെല്ലാം ശ്രദ്ധ ത്രിശൂലത്തി ലേയ്ക്കു് തിരിഞ്ഞു. എൻെറ ജോലി അവസാനിച്ചി

രിക്കുന്നു. ഇനി ഞാൻ പോകുകയാണു്. നിങ്ങൾക്കു് എൻെറ നമസ്കാരം.” ത്രിശൂലത്തിൽനിന്നും ഊറിയ ചിരിയുടെ ശബ്ദം വ്യക്തമായി കേൾക്കപ്പെട്ടു.

ഫാക്കു്:—ഡ്യൂമറേ നിങ്ങളുടെ വിമാനത്തിൽ എത്തിച്ചേർന്നോ?

ത്രിശൂലം:-ഉവ്വു്. യാതൊരു അപകടവും കൂടാതെ.

ഫാക്കു്:—നിങ്ങളുടെ ആ ഉരുക്കുമുഷ്ടിയുടെ ശക്തി അത്ഭുതകരവും പ്രവർത്തനം വിചിത്രവുമായിരിക്കുന്നു.

ത്രിശൂലം:—അതിൽ ഇത്രമാത്രം അത്ഭുതപ്പെടാൻ എന്താണുള്ളതു്? സ്വയം അദൃശ്യമാകുവാൻ കഴിവുള്ള ഞങ്ങളുടെ വിമാനങ്ങൾക്കു് ശൂന്യാകാശത്തിൽ നിശ്ചലമായി നില്ക്കുവാൻ സാധിക്കുമെന്നു് കേൾക്കുമ്പോൾ നിങ്ങൾക്കു് എന്തുതോന്നും? ഈ അത്ഭുതകരമായ സിദ്ധിയുടെ ഫലമായി ഞങ്ങൾക്കു് ഏതു ലക്ഷ്യത്തിലും ഇഷ്ടംപോലെ ബോംബുകൾ എറിയുവാൻ സാധിക്കും. അധികം താമസിയാതെതന്നെ നിങ്ങൾക്കു് അതും നേരിൽ കാണുവാൻ സാധിക്കും. പരിഭ്രമിക്കരുതു്.” ഇത്രയും പറഞ്ഞുതീർന്നതോടെ ത്രിശൂലത്തിൽനിന്നും ഒരു പൊട്ടിച്ചിരി കേൾക്കപ്പെട്ടു. ആകാശത്തിൽ എവിടെയോ വണ്ടു് മൂളുന്നതുപോലെയുള്ള ഒരു ഇരമ്പൽ ശബ്ദം അനുഭവപ്പെട്ടു. ആകാശത്തിൻെറ ഒരു ഭാഗത്തു് അല്പം നേരിയ പുകയുടെ അവ്യക്തമായ ഛായ കാണപ്പെട്ടു.

അങ്ങനെ ഫാക്കും അനുയായികളും ആകാശത്തിലേയ്ക്കുതന്നെ ദത്തശ്രദ്ധരായി നോക്കിക്കൊണ്ടിരിക്കെ പെട്ടെന്നു് തറയിലും തീക്ഷ്ണമായ ഒരു ശബ്ദം കേൾക്കപ്പെട്ടു. ആ ത്രിശൂലത്തിൽ തൂക്കിയിട്ടിരുന്ന

ചെറിയ പെട്ടിയിൽനിന്നും തീജ്വാലകൾ പുറപ്പെട്ടുന്നതും ഞൊടിയിടകൊണ്ടു് ആ പെട്ടിമുഴുവൻ കരിഞ്ഞു് ചാമ്പലാകുന്നതും അവർ കണ്ടു. അവസാനം ത്രികണ്ടകരുടെ സ്മാരകമെന്നതുപോലെ ആ ശൂലംമാത്രം തറയിൽ ഉയൻനിന്നു.

★

## 2

പ്രഭാതകാലത്തെ കാർമേഘയവനികയ്ക്കുള്ളിൽ നിന്നും നവവധുവിനെപ്പോലെ എത്തിനോക്കുന്ന അരുണാഭയെ ആലിംഗനം ചെയ്തുകൊണ്ടു് രണ്ടു് അശ്വാരൂഢർ തങ്ങളുടെ കുതിരകളെ അതിവേഗം പായിച്ചു പൊയ്ക്കൊണ്ടിരുന്നു.

അവർ എവിടെനിന്നു വരികയാണെന്നോ, എങ്ങോട്ടു് പോകുകയാണെന്നോ നമുക്കു് അറിഞ്ഞുകൂടാ. എന്നാൽ അവർ ആരാണെന്നു് നമുക്കു് അറിയാം. മാർഷൽ ഫാക്കും ഗവണ്മെൻറു് സിക്രട്ടറിയായ ഗാമതേയുമാണു് ആ അശ്വാരൂഢർ. അവരുടെ അപ്പോഴത്തെ ഭാവവും മറവും കണ്ടാൽ അവർ വളരെ ദൂരെ എവിടെനിന്നോ വരികയാണെന്നു് തോന്നുമായിരുന്നു. അങ്ങകലെക്കാണുന്ന ആ മൊട്ടക്കുന്നുകളായിരിക്കും അവരുടെ ലക്ഷ്യമെന്നു് നമുക്കു് അനുമാനിക്കാം.

ആകാശത്തിലേയ്ക്കു് സൂക്ഷിച്ചുനോക്കിയതിനുശേ

ഷം ഫാക്ക് നിരാശാപൂണ്ണമായ സ്വരത്തിൽ പറഞ്ഞു "ഇത്രമാത്രം ധൃതിവെച്ചിട്ടും നമ്മൾ കുറച്ച് താമസിച്ചുപോയെന്ന് തോന്നുന്നല്ലോ."

ഗാമതേ:—പാറക്കല്ലുകൾ ഉയന്നുനില്ക്കുന്ന ഈ കാട്ടുവഴികളിലൂടെ ഇതിൽ കൂടുതൽ വേഗത്തിൽ കുതിരകളെ എങ്ങനെ ഓടിക്കാനാണ്?

ഫാക്ക്:—ഇവിടം മുതൽ ഇനി നിരപ്പുള്ള മൈതാനമാണ്. വെളിച്ചവും ആവശ്യത്തിനുണ്ടല്ലോ. കുതിരയെ ഒന്നുകൂടി വേഗത്തിൽ ഓടിയ്ക്കൂ.

"ഓഹോ. ഞാൻ തയാറാണ്." എന്നുപറഞ്ഞുകൊണ്ട് ഗാമതേ തൻെറ കുതിരയെ ഇളക്കിവിട്ടു. രണ്ടു കുതിരകളും പൊടിപടലം ഉയത്തിക്കൊണ്ട് മിന്നൽ വേഗത്തിൽ മുമ്പോട്ടുപാഞ്ഞു.

പ്രഭാതസൂര്യൻെറ ആദ്യകിരണങ്ങൾ ആ പവ്വതത്തിന്റെ കൊടുമുടികളിൽ പതിച്ച ഉടൻതന്നെ ഫാക്കും ഗാമതേയും പർവ്വതത്തിൻെറ അടിവാരത്തിൽ എത്തിച്ചേന്നു. അവർ കുതിരകളെ ഒരു വലിയ പാറയുടെ അടുക്കലേയ്ക്ക് മാററി നിറുത്തി. നെററിയിലൂടെ ഒഴുകിക്കൊണ്ടിരുന്ന വിയപ്പുതുള്ളികൾ തുടച്ചുമാററിക്കൊണ്ട് ഫാക്ക് പറഞ്ഞു. "ഏതായാലും കുറച്ചുസമയം നമുക്ക് ഇവിടെ നില്ക്കാം. ചിലപ്പോൾ പുരോഹിതനെ കാണാൻ സാധിച്ചേക്കും.

ഗാമതേ:—വിസിലടിച്ചുനോക്കിയാലോ?

ഫാക്ക്:—വേണ്ടാ. അയാൾ ഇവിടെ എവിടെയെങ്കിലും പതുങ്ങി ഇരിപ്പുണ്ടെങ്കിൽ നമ്മളെ ഇതിനോടകം തന്നെ കണ്ടുകാണണം. ഏതായാലും അയാൾ അധികം താമസിക്കാതെ വന്നുചേരുമെന്ന് പ്രതീക്ഷിക്കാം.

മാർഷൽ ഫാക്കിൻെറ വാക്കുകറം അവസാനിച്ചു ഉടൻതന്നെ അടുത്തുള്ള ഒരു പാറക്കൂട്ടത്തിനിടയ്ക്കുനിന്നും പുരോഹിതനായ കിംഗ്ലൂ നടന്നുവരുന്നതു് അവരുടെ ദൃഷ്ടിയിൽപെട്ടു. അയാളെ കണ്ട ഉടനെ ഫാക്കും, ഫാക്കിനെ അനുകരിച്ചു് ഗാമതേയും കുതിരപ്പുറത്തുനിന്നും താഴെ ഇറങ്ങി. കിംഗ്ലൂ അടുത്തെത്തിക്കഴിഞ്ഞപ്പോറം ഫാക്കു് വളരെ ഭവ്യഭാവത്തോടെ അയാളുടെ കയ്യ്ക്കു് പിടിച്ചു് കുലുക്കിക്കൊണ്ടു് കുശലപ്രശ്നം ആരംഭിച്ചു "ഗുഡ്മോണിംഗ് കിംഗ്ലൂ. വിശേഷം എന്തെല്ലാം ഉണ്ടു്?"

ഗാമതേയുടെ നേക്കു് സംശയത്തോടെ നോക്കിക്കൊണ്ടു് കിംഗ്ലൂ ചോദിച്ചു. "ഇദ്ദേഹം......?"

ഫാക്കു്:—ഇദ്ദേഹത്തെ നിങ്ങറക്കു് അറിഞ്ഞുകൂടേ? ഇദ്ദേഹം കായീമൗവിലെ മജിസ്ട്രേട്ടായിരുന്നു. ഇപ്പോറം ഏതാനും ദിവസങ്ങളായിട്ടു് കൗണ്ടു് ഷേവറിൻെറ ചാർജ്ജു് വഹിക്കുകയാണു്. ഇദ്ദേഹത്തിന്റെ മുമ്പിൽവെച്ചു് എന്തും തുറന്നുപറയുവാൻ മടിക്കേണ്ട ആവശ്യമില്ല. നിങ്ങറക്കു് എന്തെങ്കിലും പറയുവാനുണ്ടെങ്കിൽ വേഗം പറയണം.

കിംഗ്ലൂ:—(ചുററുപാടും സൂക്ഷിച്ചുനോക്കിയതിനുശേഷം) എന്തെങ്കിലും അല്ല; വളരെ കാര്യ്യങ്ങറം പറയാനുണ്ടു്. ശ്യാമ രാജാവായ മഹാവജ്രായുധനെ സ്ഥാനഭ്രഷ്ടനാക്കിയിട്ടു് പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തിലെ ആരേയോ മഹാരാജാവായി അഭിഷേകം ചെയ്യിക്കുവാനുള്ള ഒരുക്കങ്ങളാണു് ഇപ്പോറം നടന്നുകൊണ്ടിരിക്കുന്നതു്.

ഇതു കേട്ടമാത്രയിൽ ഫാക്കു് തരിച്ചു നിന്നുപോയി. ഫാക്കിൻേറയും ഗാമതേയുടേയും കണ്ണുകറം തമ്മി

ലിടഞ്ഞു. "ഇങ്ങനെ തീരുമാനിക്കുവാനുള്ള കാരണം എന്താണു്?" ഫാക്കു് ജിജ്ഞാസാഭരിതനായി ചോദിച്ചു.

കിംഗ്:—ആ ചെറുപ്പക്കാരുടെ അഭിപ്രായം ഇപ്പോഴത്തെ മഹാരാജാവു് നിങ്ങളോടു് വേണ്ടത്ര കക്ശമായി പെരുമാറുന്നില്ലെന്നാണു്.

ഫാക്കു്:—അദ്ദേഹത്തെ മാററിയിട്ടു് പകരം ആരെയാണു് രാജാവാക്കുന്നതു്? യുവരാജാവായ കുലവർമ്മൻ അഞ്ചാമനെയാണോ?

കിംഗ്:—അല്ല. അദ്ദേഹം രാജാവാകുവാൻ ആഗ്രഹിക്കുന്നില്ലെന്നു് വ്യക്തമാക്കിക്കഴിഞ്ഞു. ഇപ്പോഴത്തെ മഹാരാജാവിനെ ഏതെങ്കിലും കൊട്ടാരത്തിൽ തടവുകാരനായി പാർപ്പിക്കും. അദ്ദേഹത്തിൻെറ സ്ഥാനത്തു് അദ്ദേഹത്തിൻെറ സഹോദരൻെറ മകനായ ഒരു മംഗർഷിയെയാണു് രാജാവാക്കുവാൻ പോകുന്നതു്. ഇപ്പോഴത്തെ മഹാരാജാവു് കുറേക്കാലമായി ഈ മംഗഷിയെ ഏതോ കാരണത്താൽ നാടുകടത്തിയിരിക്കുകയായിരുന്നു. എന്നാൽ ഏതാനും ദിവസങ്ങൾക്കുമുമ്പു് അദ്ദേഹം നാട്ടിൽ വന്നുചേർന്നിട്ടുണ്ടു്.

ഫാക്കു്:—(പരിഭ്രമത്തോടെ) മംഗർഷിയെ രാജാവാക്കുവാൻ പോകുകയാണോ?

കിംഗ്:—അതെ. വാസ്തവത്തിൽ അദ്ദേഹമാണല്ലോ യഥാർത്ഥ രാജ്യാവകാശി. ഇവിടുത്തെ ജനങ്ങൾക്കും പട്ടാളക്കാർക്കും അദ്ദേഹത്തോടു് എത്രമാത്രം സ്നേഹവും ആദരവും താല്പര്യവുമാണുള്ളതെന്നു് താങ്കൾക്കു തന്നെ നല്ലതുപോലെ അറിയാമെല്ലോ. മംഗർഷി നിങ്ങളെ ഏതു രീതിയിലാണു് വീക്ഷിക്കുന്നതെന്നും താങ്കൾക്കു് നല്ലതുപോലെ അറിയാമെല്ലോ.

ഫാക്ക്:—ഉവ്വ്. നല്ലതുപോലെ അറിയാം. കംബോഡിയാ യുദ്ധത്തിൽ അയാൾ ജയിച്ചതോടെ അയാളുടെ പേരും പെരുമയും പ്രതാപവും പൊതുജന സമ്മതിയും വർദ്ധിക്കുന്നതു കണ്ടപ്പോൾ ഫ്രഞ്ചു ഗവണ്മെന്റ് ഇപ്പോഴത്തെ രാജാവിന്റെ മേൽ എത്രമാത്രം സമ്മർദ്ദവും സ്വാധീനവും ചെലുത്തിയതിന്റെ ഫലമായിട്ടാണ് അദ്ദേഹം അയാളെ നാടുകടത്തിയതെന്ന് ഞങ്ങൾക്കേ അറിയാവൂ. അയാൾക്ക് ഞങ്ങളെ കണ്ണെടുത്താൽ കണ്ടുകൂടാ. നിങ്ങൾ ഈ പറയുന്നതു് ശരിയാണോ? അയാളെ രാജാവാക്കുവാനുള്ള ഒരുക്കങ്ങൾ വാസ്തവത്തിൽ നടക്കുന്നുണ്ടോ?

കിംഗ്:—ഒരുക്കങ്ങൾ നടക്കുന്നുണ്ടെന്നോ? എല്ലാ ഒരുക്കങ്ങളും പൂർത്തിയായിക്കഴിഞ്ഞു. ഇപ്പോഴത്തെ മഹാരാജാവ് മംഗർഷിക്കുവേണ്ടി രാജ്യം ഒഴിഞ്ഞുകൊടുക്കുവാൻ സ്വമേധയാ തയാറായിരിക്കുന്നുവെന്നുള്ളതാണ് സത്യം. അദ്ദേഹത്തിന്ന് രണ്ടുവശത്തുനിന്നും കഷ്ടപ്പാടുകൾ മാത്രമാണ് മിച്ചമുള്ളതു്. ഒരുവശത്തുകൂടി ഫ്രഞ്ചുകാരായ നിങ്ങൾ അദ്ദേഹത്തിൽ അനർഹമായ രീതിയിൽ സമ്മർദ്ദം ചെലുത്തുവാനും, അദ്ദേഹത്തെ ഭീഷണിപ്പെടുത്തുവാനും ശ്രമിക്കുന്നു. മറുവശത്തുകൂടി അദ്ദേഹത്തിന്റെ സ്വന്തം സർദാർമാരും പ്രജകളും. എല്ലാത്തരത്തിലും അദ്ദേഹം ഇപ്പോൾ മനക്ലേശം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് അദ്ദേഹം സ്വമേധയാ സിംഹാസനം ഒഴിഞ്ഞുകൊടുക്കുവാൻ തയാറായതു്.

ഫാക്ക്:—പ്രജകളോ? ശ്യാമിലെ പ്രജകൾ...?

കിംഗ്:—മംഗർഷി ശ്യാമ രാജാവായി അഭിഷേകം ചെയ്യപ്പെട്ടുവെന്നറിഞ്ഞാൽ അവർ ആ നിമിഷം ഹർഷപുളകിതഗാത്രരായിത്തീരും.

ഫാക്ക്:—(അല്പസമയം എന്തോ ആലോചിച്ച തിനുശേഷം) അതിരിക്കട്ടെ. വേറെ എന്തെല്ലാമുണ്ട് വിശേഷങ്ങൾ?

കിംഗ്:—മംഗർഷി സിംഹാസനാരോഹണം ചെയ്തുകഴിഞ്ഞാലുടൻതന്നെ നിങ്ങൾക്കെതിരായിട്ട് യുദ്ധം ആരംഭിക്കും. അതുവരെ ആ പൗരസ്വാഭിമാന സംരക്ഷകസംഘം നിങ്ങളെ എല്ലാ തരത്തിലും ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും. ത്രികണ്ടകരിൽനിന്നും ലഭിച്ചിട്ടുള്ള മാരകായുധങ്ങളുടെ സഹായത്തോടെ അവർ നിങ്ങളെക്കൊണ്ട് ഒന്നുകിൽ ശ്യാമ രാജാവിൻെറ ആജ്ഞകൾ അനുസരിപ്പിക്കും. അല്ലെങ്കിൽ ഇരുവശത്തുനിന്നുമുള്ള ആക്രമണംകൊണ്ട് നിങ്ങളെ പൊറുതിമുട്ടിക്കും.

ഫാക്ക്:—(പല്ല് ഞെരിച്ചുകൊണ്ട്) ആരു് ആരെയാണു് പൊറുതിമുട്ടിക്കാൻ പോകുന്നതെന്നു് ഇപ്പോഴേ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ.

കിംഗ്:—മൂന്നുദിവസത്തിനുള്ളിൽ അവർ നിങ്ങളുടെ സൈന്യത്തെ പുതിയൊരു രീതിയിൽ ആക്രമിക്കുന്നതായിരിക്കും. നിങ്ങളുടെ എല്ലാവിധ യുദ്ധസാമഗ്രികളും അവർ താറുമാറാക്കിക്കളയും. കായീമൗനഗരം നിങ്ങൾ ബോംബിട്ട് നശിപ്പിച്ചതിൻെറ പ്രതികാരമായി അവർ ഫ്രഞ്ച് ഇൻഡോ ചൈനായുടെ തലസ്ഥാനമായ സൈഗൺ നഗരം ബോംബിട്ടു തകർക്കുവാൻ പോകുകയാണെന്നാണു് എനിക്കു് അറിയാൻ കഴിഞ്ഞതു്.

ഫാക്ക്:—(മീശ പിരിച്ചു് മുറുക്കിക്കൊണ്ടു്) ഹും, കൊള്ളാം. പിന്നെന്തുണ്ടു് വിശേഷം?

കിംഗ്ലീ:—ഇനി എന്നെക്കൊണ്ടു് നിങ്ങൾക്കു് യാതൊരുതരത്തിലുള്ള പ്രയോജനവും ഉണ്ടാകുവാൻ

പോകുന്നില്ല. ആരംഭം മുതൽതന്നെ അവക്ക് എന്റെ മേൽ ബലമായ സംശയം ഉണ്ടായിരുന്നു. ഇന്നലെ എനിക്ക് പൗരസ്ത്യാഭിമാന സംരക്ഷക സംഘത്തിൽനിന്നും ഒരു ഓർഡർ കിട്ടിയിട്ടുണ്ട്. അതിൽ അവർ പറഞ്ഞിരിക്കുന്നതു് നാല്പത്തിയെട്ടു് മണിയ്ക്കൂറിനുള്ളിൽ ഞാൻ മരണഗഹ്വരം വിട്ടു് ഈ രാജ്യത്തിന്റെ അതിർത്തിക്കു വെളിയിൽ പോയില്ലെങ്കിൽ അവർ എന്റെ കണ്ണുകൾ രണ്ടും ചൂഴിഞ്ഞെടുക്കുമെന്നും, ചെവി പൊട്ടിക്കുമെന്നും, കൈകൾ വെട്ടിമുറിക്കുമെന്നുമാണ്. അങ്ങനെ അവരുടെ രഹസ്യങ്ങൾ അന്യരെ അറിയിക്കുവാൻ നിവൃത്തിയില്ലാത്ത രീതിയിൽ അവർ എന്നെ വികലാംഗനാക്കി തീർക്കുമെന്നു്.

ഫാക്ക്:—(ഉദ്വേഗത്തോടെ) ങേ? അങ്ങനെയാണോ?

കിംഗ്:—അതെ. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഫാക്ക്:—അപ്പോൾ നിങ്ങൾ എന്തു തീരുമാനിച്ചു?

കിംഗ്:—ഞാൻ ഭഗവാൻ സീഹ്ഫംഗിനെ പ്രസാദിപ്പിച്ചു് അദ്ദേഹത്തിന്റെ അഭിപ്രായം ആരായുകയുണ്ടായി. കഴിയുന്നത്ര വേഗത്തിൽ സ്ഥലം വിട്ടു പൊയ്ക്കൊള്ളുവാനാണ് അദ്ദേഹം ആജ്ഞാപിച്ചിരിക്കുന്നതു്. അതുകൊണ്ടു് ഞാൻ ഈ രാജ്യാതിർത്തിക്കു വെളിയിൽ പോകുവാൻതന്നെയാണ് തീരുമാനിച്ചിരിക്കുന്നതു്. പക്ഷേ, ഒരു വിഷമമുള്ളതു് മകൾ താരയുടെ കാര്യത്തിലാണ്.

ഫാക്ക്:—അതെന്താണ്?

കിംഗ്:—അവൾ എന്നോടൊപ്പം പോരുവാൻ

തയാറല്ല. സീഹ്ഫുംഗിനെ ഉപേക്ഷിച്ചിട്ടുപോകുവാൻ അവൾക്ക് സാദ്ധ്യമല്ലെന്ന്. അബോധയും നിസഹായയുമായ ആ പെൺകുട്ടിയെ വിദേശികളായ ആ മൃഗങ്ങളുടെ ഇടയ്ക്ക് ഉപേക്ഷിച്ചിട്ട് ഞാൻ എങ്ങനെ പോകും? ഈ ഒരു വിഷമം മാത്രമേ എനിക്കുള്ളു.

ഫാക്ക്:—ഒരിക്കൽ നിങ്ങൾ ആ പെൺകുട്ടിയെപ്പറ്റി എന്നോട്ട് സംസാരിക്കുകയുണ്ടായല്ലോ. അവൾ വിപ്ലവകാരികളായ ആ ചെറുപ്പക്കാരുമായി വലിയ ലോഹ്യത്തിലാണ് കഴിയുന്നതെന്നും, ഏതോ ഒരു ചെറുപ്പക്കാരനുമായി പ്രേമ......

കിംഗ്:—(കോപസ്വരത്തിൽ) അതെ. അമരസിംഹനെന്നോ മറേറാ പേരുള്ള ഒരു ചെറുപ്പക്കാരനുമായി അവൾ വളരെ അടുത്താണ് പെരുമാറിക്കൊണ്ടിരുന്നതു്. എന്നാൽ ഞാൻ അതിന് ഒരു പ്രതിവിധി കണ്ടുപിടിച്ചു. എന്നെ ഭയന്ന് അവൾ ഇപ്പോൾ അവനോട്ട് സംസാരിക്കുകപോലും ഇല്ല. തമ്മിൽ കണ്ടാൽപോലും അവൾ ഒഴിഞ്ഞുമാറിക്കളയും. ഏതായാലും ജനിച്ചുവളൎന്ന ആ ഗ്രഹയും, അതിലെ പ്രതിഷ്ഠാമൂൎത്തിയായ സീഹ്ഫുംഗിനേയും ഉപേക്ഷിച്ച് എവിടെയെങ്കിലും പോകുവാൻ തയാറല്ലെന്ന് അവൾ തീൎത്തു പറഞ്ഞിരിക്കുകയാണു്.

ഫാക്ക്:—വാസ്തവത്തിൽ ദുഃഖകരമായ ഒരു വാൎത്തയാണിതു്. നിങ്ങളുടെ അഭാവത്തോടെ ഞങ്ങളുടെ വലംകയ്യാണ് നഷ്ടപ്പെടുന്നതു്. നിങ്ങളെ എന്തെങ്കിലും ഉപദേശിക്കേണ്ട ആവശ്യമില്ല. കാരണം നിങ്ങൾ ബുദ്ധിമാനാണ്. സന്ദർഭം മനസ്സിലാക്കി പ്രവൎത്തിക്കുവാനുള്ള കഴിവ് നിങ്ങൾക്ക് ഉണ്ടു്. എങ്കിലും ഒരു കാൎയ്യം നിങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുക

യാണ്. അതായത് നിങ്ങൾ ഞങ്ങളോടൊപ്പം പോരുവാൻ തയാറാണെങ്കിൽ നിങ്ങളുടെ രക്ഷയ്ക്കാവശ്യമായ എല്ലാ ഏർപ്പാടുകളും ഞങ്ങൾ......

ആ വാചകം പറഞ്ഞുതീരുന്നതിനുമുമ്പായി അടുത്തെവിടെയോനിന്ന് ആരോ വിളിച്ചുപറയുന്നത് കേൾക്കപ്പെട്ടു. "നിങ്ങൾ പുരോഹിതനെ എങ്ങനെ രക്ഷിക്കുമെന്നാണ് പറയുന്നത്? അന്യനെ രക്ഷിക്കാൻ ബദ്ധപ്പെടുന്നതിനുമുമ്പ് സ്വയം രക്ഷിക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കൂ." ഇത്രയും പറഞ്ഞു തീർന്നതോടെ ആരോ പൊട്ടിച്ചിരിക്കുന്ന ശബ്ദവും കേൾക്കപ്പെട്ടു. ആ ശബ്ദം കേട്ടമാത്രയിൽതന്നെ പുരോഹിതൻ വിളറിവെളുത്തുപോയി. ഫാക്കും ഗാമതേയും ചുററുപാടും സൂക്ഷിച്ചുനോക്കി. പെട്ടെന്ന് അകലെക്കൂടി ആരോ ഓടിമറയുന്നത് ഫാക്കിൻെറ ദൃഷ്ടിയിൽപ്പെട്ടു. റിവാൾവർ ഉറയിൽ നിന്നെടുക്കുവാൻ ഫാക്കിന് സാധിക്കുന്നതിനുമുമ്പേതന്നെ ആ മനുഷ്യൻ വൃക്ഷക്കൂട്ടത്തിനുള്ളിൽ മറഞ്ഞുകഴിഞ്ഞിരുന്നു.

"നമ്മളെ ശത്രുക്കൾ കണ്ടുകഴിഞ്ഞിരിക്കുന്നു. തിരിച്ചുപോകുന്നവഴിക്ക് അവർ നമ്മെ ആക്രമിക്കാതിരിക്കുകയില്ല." അല്പമൊരു പരിഭ്രമത്തോടെ ഗാമതേ പറഞ്ഞു.

"ഞാൻ നിങ്ങളോട് സംസാരിക്കുന്നത് അവർ കണ്ടു. ഇതുവരെ അവർക്ക് എന്നിൽ സംശയം മാത്രമേ ഉണ്ടായിരുന്നുള്ളു. ആ സംശയം ഇപ്പോൾ ബലപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് അവർ ഇനി എന്നോട് എന്തെല്ലാമാണ് ചെയ്യാൻ പോകുന്നതെന്ന് ദൈവത്തിനു മാത്രമേ അറിയാവൂ." കിംഗ്ലൂ അത്യന്തം ദീനസ്വരത്തിൽ ഫാക്കിനോട് പറഞ്ഞു.

പെട്ടെന്നു് എന്തൊക്കെയോ ആലോചിച്ചുറച്ചിട്ടു് ഫാക്കു് പറഞ്ഞു. "ഈ സന്ദർഭത്തിൽ ഏററവും യുക്തമായിട്ടുള്ളതു് നിങ്ങളും ഞങ്ങളുടെകൂടെ പോരികയാണു്. ഇവിടെനിന്നു് കഷ്ടിച്ചു് പത്തുമൈൽ അകലെ അമ്പതു പട്ടാളക്കാരുള്ള ഒരു ട്രൂപ്പു് ഞങ്ങളേയും പ്രതീക്ഷിച്ചു് നില്പുണ്ടു്. അവിടെവരെ എത്തിച്ചേരാൻ കഴിഞ്ഞാൽ പിന്നെ നിങ്ങളേയോ ഞങ്ങളേയോ ശത്രുക്കൾക്കൊന്നും........

കിംഗ്:—(തലയാട്ടിക്കൊണ്ടു്) വേണ്ട. എനിക്കു് ഇവിടെ വളരെയധികം കാര്യങ്ങൾ ചെയ്തുതീർക്കുവാനുണ്ടു്. എന്റെ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ ഞാൻ സ്വയം കണ്ടുപിടിച്ചുകൊള്ളാം. നിങ്ങൾ ഇനി ഒരു നിമിഷം പോലും ഇവിടെ നില്ക്കരുതു്. കഴിയുന്നത്ര വേഗത്തിൽ തിരിച്ചുപോകുവാനാണു് നോക്കേണ്ടതു്. സൗകര്യപ്പെട്ടമെങ്കിൽ മറെറന്നാൾ എന്തെങ്കിലുമൊരു സമയത്തു് ഞാൻ താങ്കളെ വന്നു് കണ്ടുകൊള്ളാം.

ഫാക്കും കിംഗ്ലൂവും തമ്മിൽ വളരെ പെട്ടെന്നു് എന്തൊക്കെയോ സംസാരിച്ചു. സംസാരം അവസാനിച്ചുകഴിഞ്ഞപ്പോൾ ഇരുകൂട്ടരും രണ്ടുവഴിക്കു് പിരിഞ്ഞു. പുരോഹിതൻ പുറകോട്ടതിരിഞ്ഞു് പാറക്കെട്ടുകൾക്കിടയിലൂടെ നടന്നു് ഏതോ രഹസ്യമാർഗ്ഗത്തിലൂടെ ഒരു ഗുഹയ്ക്കുള്ളിലേയ്ക്കു് കയറിപ്പോയി. ഗാമതേയും ഫാക്കും കുതിരപ്പുറത്തു കയറി വന്നവഴിയേതന്നെ തിരിച്ചുപോയി. ക്ഷീണിച്ചുതളൎന്ന ആ കുതിരകൾ അവർ ആഗ്രഹിച്ചത്ര വേഗത്തിൽ മുമ്പോട്ടുപോയില്ല. എങ്കിൽതന്നെയും ആ പത്തുമൈൽ ദൂരം അവർ വളരെ വേഗം പിന്നിട്ടു് പട്ടാളക്കാരുടെ ആ ചെറുസംഘത്തിന്റെ അടുക്കൽ എത്തിച്ചേൎന്നു. ഏതു നിമി

ഷവും ശത്രുക്കളുടെ ആക്രമണം ഉണ്ടായേക്കുമെന്ന് അവർ ഭയപ്പെട്ടിരുന്നെങ്കിലും ശത്രുക്കളിൽനിന്ന് യാതൊരുവിധ ഉപദ്രവവും അവൎക്ക് നേരിട്ടില്ല. കുറച്ചു സമയം വിശ്രമിച്ചതിനുശേഷം തങ്ങളുടെ കുതിരകളെ മാററി പകരം പുതിയ കുതിരകളുടെ പുറത്തുകയറി ഹാക്കം ഗാമത്തേയും പട്ടാളക്കാരോടുകൂടി സൈഗൺ നഗരത്തിലേയ്ക്കു് പാഞ്ഞുപോയി.

★

# 3

അതിവേഗം മുമ്പോട്ടു പാഞ്ഞുപൊയ്ക്കൊണ്ടിരുന്ന ഫാക്കിന്റെ കുതിര എന്തോ കണ്ടിട്ടെന്നമട്ടിൽ പെട്ടെന്നു് നിന്നുകളഞ്ഞു. ഫാക്കു് ഒരു ഞെട്ടലോടെ മുമ്പോട്ടു സൂക്ഷിച്ചുനോക്കി. വഴിയരികിലുള്ള ഒരു കിടങ്ങിൽനിന്നും പ്രാകൃതവേഷത്തിലുള്ള ഒരാറം എഴുന്നേറ്റു് തങ്ങളുടെനേക്കു് നടന്നുവരുന്നതു് ഫാക്കു് കണ്ടു. കുറച്ചുസമയം ആ മനുഷ്യന്റെ മുഖത്തേയ്ക്കു് നിർന്നിമേഷനായി നോക്കിയതിനുശേഷം ഫാക്കു് ഒരു ഭ്രാന്തനെപ്പോലെ സ്വയം തലയ്ക്കടിച്ചുകൊണ്ടു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "കൗണ്ടു്ഷേവർ! താങ്കളുടെ അവസ്ഥ ഇതോ?" ഇത്രയും ഒരുതരത്തിൽ പറഞ്ഞൊപ്പിച്ചതിനു ശേഷം അദ്ദേഹം കുതിരപ്പുറത്തുനിന്നും ചാടി ഇറങ്ങി ആ മനുഷ്യന്റെ അടുക്കലേയ്ക്കു് പാഞ്ഞുചെന്നു.

അതു് വാസ്തവത്തിൽ സൈഗൺ ഗവർണറായ കൗണ്ടു്ഷേവർ തന്നെയായിരുന്നു. എന്നാൽ അപ്പോ

ഴത്തെ അദ്ദേഹത്തിൻെറ അവസ്ഥ തികച്ചും ദയനീയ മായിരുന്നു. അരയ്ക്കു മുകളിൾഭാഗം മുഴുവൻ നഗ്നമായി രുന്നു. അരയിൽ ധരിച്ചിരുന്ന ഹാഫ് പാൻറുതന്നെ അവിടവിടെ കീറി അഴുക്ക് കട്ടപിടിച്ച് മലീമസമാ യിരുന്നു. നീണ്ടുവളൎന്ന താടിയും, പാറിപ്പറക്കുന്ന തല മുടിയും, കുഴിഞ്ഞുതാണ കണ്ണുകളും, ഒട്ടിയ കവിൾത്തട ങ്ങളും, വികൃതമായ മുഖവും അദ്ദേഹത്തെ അങ്ങേയററം വിരൂപനാക്കിത്തീർത്തിരുന്നു. ശരീരംമുഴുവൻ പൊടിയും മണ്ണും കട്ടപിടിച്ചിരുന്നതിനാൽ ശരീരത്തിൽ പല ഭാഗത്തും ഏററിരുന്ന മുറിവുകൾ മുഴുവൻ പഴുത്ത് ദുർ ഗന്ധം വമിച്ചുകൊണ്ടിരുന്നു. കൗണ്ട് ഷേവറിൻെറ ആ ദയനീയവും ബീഭത്സവുമായ രൂപം കണ്ടിട്ട് ഫാക്ക് വ്യഗ്രതയോടെ ചോദിച്ചു. "ഷേവർ! താങ്കൾക്ക് എന്തുപററി? താങ്കൾ ഇവിടെ എങ്ങനെ വന്നുചേൎന്നു? ശത്രുക്കളൊണോ താങ്കളോട് ഈ കട്ടംകയ്യ് കാണി ച്ചതു്?"

ഷേവർ:—അല്ല. എന്നെ ഒരു കാട്ടാന ഓടിച്ചു. ആനയിൽനിന്നും രക്ഷപെടുന്നതിനുവേണ്ടി ഞാൻ മറെറാരു മാർഗ്ഗവും കാണാഞ്ഞിട്ട് ഒരു പാമ്പിൻ പൊത്തിൽ വലിഞ്ഞുകയറി. അങ്ങനെ പററിയ മുറി വുകളാണു് ഈ കാണുന്നതു്.

ഫാക്ക് വേഗം തൻെറ കോട്ട് ഊരിക്കൊടുക്കുന്ന തിനിടയ്ക്കു് ചോദിച്ചു. "താങ്കളുടെ വസ്ത്രങ്ങൾ എവിടെ?" "അതു മുഴുവൻ ശത്രുക്കൾ അഴിച്ചെടുത്തു." ഒരു ദീർഘനിശ്വാസത്തോടെ അദ്ദേഹം ഇത്രയും പറ ഞ്ഞപ്പോഴേയ്ക്കും ഏതോ ദുഃഖകരമായ സംഭവം ഓൎമ്മി ച്ചിട്ടെന്നപോലെ അദ്ദേഹത്തിൻെറ ശരീരം അടിമുടി വിറച്ചുപോയി. അല്പസമയത്തേയ്ക്കു് അദ്ദേഹം തൻെറ

കണ്ണുകൾ ഇറുകെ അടച്ചു. അദ്ദേഹത്തിൻെറ ഈ ദയനീയാവസ്ഥ കണ്ടിട്ട് ഫാക്ക് തൻെറ അനുയായികളുടെനേൎക്ക് തിരിഞ്ഞു് ഇങ്ങനെ പറഞ്ഞു. "നമുക്ക് ഇന്നു് ഇവിടെ എവിടെയെങ്കിലും താവളമടിക്കണം. അതിനുള്ള ഒരുക്കങ്ങൾ വേഗം ചെയ്യണം. (ഒരുവശത്തേയ്ക്കു് കൈ ചൂണ്ടിക്കാണിച്ചുകൊണ്ടു്) അതാ, അവിടെ ഒരു ചെറിയ ഗ്രാമം ഉണ്ടു്. അവിടെച്ചെന്നു് ഒന്നുരണ്ടു് കട്ടിലുകളും, ആഹാരസാധനങ്ങളും മററും വാങ്ങിച്ചുകൊണ്ടുവരണം. ഇദ്ദേഹം നല്ലതുപോലെ വിശ്രമിച്ചതിനുശേഷമേ ഇനി യാത്ര തുടരുന്നൊള്ളൂ."

ഏതാനും പട്ടാളക്കാർ ഗ്രാമം ലക്ഷ്യമാക്കി കുതിരകളെ പായിച്ചു. ബാക്കിയുള്ളവർ കാട്ടുകമ്പുകളും മററും വെട്ടി ഒരു ചെറിയ കുടിൽ ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. പനയോലയ്ക്കു് അവിടെ യാതൊരു ക്ഷാമവും ഉണ്ടായിരുന്നില്ല. നിമിഷനേരം കൊണ്ടു് അവിടെ പനയോലകളും മററും കൊണ്ടു് മറച്ചു ഒരു കൊച്ചു കുടിൽ ഉയൎന്നുവന്നു. അധികം ദൂരത്തല്ലാതെ ഒരു ചെറിയ കാട്ടരുവി ഒഴുകുന്നുണ്ടായിരുന്നു. ഫാക്ക് ഷേവറെ ആ അരുവിയിൽകൊണ്ടുപോയി നല്ലതുപോലെ കുളിപ്പിച്ചതിനുശേഷം പുതിയ വസ്ത്രങ്ങൾ ധരിക്കുവാൻ കൊടുത്തു. അപ്പോഴേയ്ക്കും കട്ടിലും മെത്തയും മററും വന്നുചേൎന്നു കഴിഞ്ഞിരുന്നു. ഷേവറെ കുടിലിനുള്ളിൽ മെത്തയിൽ കിടത്തിയിട്ടു് അദ്ദേഹത്തിൻെറ വിശ്രമത്തിനു് ആവശ്യമായ ഏൎപ്പാടുകൾ ചെയ്തതിനുശേഷം ഫാക്ക് കുടിലിൽനിന്നും വെളിയിലേയ്ക്കു് ഇറങ്ങി. ഷേവറോടു് അദ്ദേഹം ആദ്യം ചോദിച്ച ഒന്നുരണ്ടു ചോദ്യങ്ങളല്ലാതെ മറെറാന്നും ചോദിച്ചില്ല. കാരണം ഷേവരുടെ അപ്പോഴത്തെ

അവസ്ഥയിൽനിന്നും അദ്ദേഹത്തിനു 'ഏതോ ദുഃഖകരമായ അനുഭവങ്ങളെല്ലാം ഉണ്ടായിട്ടുണ്ടെന്നു് ഫാക്കിനു് ബോദ്ധ്യമായിരുന്നു. അല്പനേരമെങ്കിലും വിശ്രമിക്കുവാൻ അനുവദിക്കാതെ അദ്ദേഹത്തോടു് എന്തെങ്കിലും ചോദിച്ചാൽ അതു് കൂടുതൽ ക്ലേശങ്ങൾക്കിടയാക്കുമെന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു.

*　　*　　*　　*

കട്ടിലിൽ കിടന്ന ഉടൻതന്നെ കൗണ്ടു്ഷേവർ ഗാഢനിദ്രയിൽ ലയിച്ചുപോയി. ഏകദേശം നാലുമണിക്കൂറുകൾക്കുശേഷമാണു് അദ്ദേഹം ഉണന്നതു്. ഫാക്കു് അദ്ദേഹത്തോടു് ഒരുമിച്ചു് ആഹാരവും മററും കഴിച്ചതിനുശേഷം സംഭാഷണത്തിൽ ഏർപ്പെട്ടു. ഒരു സിഗററു് കൗണ്ടു്ഷേവറിന്റെനേക്കു് നീട്ടിക്കൊണ്ടു് ഫാക്കു് പറഞ്ഞു. "താങ്കൾക്കു് പറയത്തക്ക മററു് അസുഖമൊന്നും ഇല്ലെങ്കിൽ നമുക്കു് യാത്ര തുടരുകയല്ലേ നല്ലതു്?"

ആ സമയത്തു് അവർ രണ്ടുപേരുമല്ലാതെ ആ ചെറിയ കുടിലിൽ വേറെ ആരും ഉണ്ടായിരുന്നില്ല. ഷേവർ ചുററുപാടും സൂക്ഷിച്ചുനോക്കിയതിനുശേഷം ഫാക്കിനോടു് തന്റെ കട്ടിലിൽ ഇരിക്കുവാൻ ആംഗ്യം കാണിച്ചിട്ടു് പറഞ്ഞു. "യാത്രചെയ്യുവാൻ എനിക്കു് യാതൊരു വിഷമവുമില്ല. എന്നാൽ അതിനു മുമ്പു് ഞാൻ എന്റെ കഥ മുഴുവൻ താങ്കളെ പറഞ്ഞുകേൾപ്പിക്കാമെന്നു് വിചാരിക്കുന്നു."

ഷേവറുടെ നിർദ്ദേശമനുസരിച്ചു് ഫാക്കു് അദ്ദേഹത്തിന്റെ കട്ടിലിൽചെന്നിരുന്നു. ഷേവറുടെ ശരീരം ഒരുതവണ വല്ലാതെ വിറച്ചു. അതിൽനിന്നും അദ്ദേഹം അപ്പോഴും കഴിഞ്ഞകാലസംഭവങ്ങൾ ഓർത്തു് ഭയപ്പെട്ടുന്നുണ്ടെന്നു് ഫാക്കിനു് മനസ്സിലായി. ഒരുപക്ഷേ,

തന്റെ കഥ മുഴുവൻ പറഞ്ഞുകേൾപ്പിച്ചാൽ അതോടെ മാനസികക്ലേശം അല്പമെങ്കിലും കുറയുമല്ലോ എന്നു കരുതിയായിരിക്കാം ഷേവർ തൻെറ കഥ പറയുവാൻ മുൻകയ്യെടുത്തതെന്നു് തോന്നുന്നു. ഷേവറുടെ മാനസികാസ്വാസ്ഥ്യം അദ്ദേഹത്തിൻെറ ഭാവഹാവാദികളിൽ നിന്നു് ഊഹിച്ചറിഞ്ഞ ഫാക്കു് ചെറിയൊരു പുഞ്ചിരിയോടെ പറഞ്ഞു. "താങ്കളുടെ കഥ കേൾക്കുവാൻ എനിക്കു് അതിയായ താല്പര്യമുണ്ടു്. മത്സ്യബന്ധനത്തിനു വേണ്ടി പുറപ്പെട്ട താങ്കൾ എങ്ങനെ, എവിടെവെച്ചു് അദൃശ്യനായിത്തീൎന്നു? താങ്കളുടെ കൂട്ടുകാരേയോ താങ്കൾ സഞ്ചരിച്ചിരുന്ന ബോട്ടോ എത്ര ശ്രമിച്ചിട്ടും കണ്ടുപിടിക്കുവാൻ സാധിച്ചില്ലല്ലോ."

ഷേവർ:—എൻെറ ബോട്ടിൽ എന്നോടൊപ്പം മൂന്നു് നാവികരും, ഒരു ബോട്ടു് ഡ്രൈവറും, നാലു് അംഗരക്ഷകന്മാരും, എൻെറ മൂന്നു് ജർമ്മൻ സ്നേഹിതന്മാരും ഉണ്ടായിരുന്ന വസ്തുത താങ്കൾക്കു് ഓർമ്മയുണ്ടായിരിക്കുമല്ലോ.

ഫാക്കു്:—ഉവ്വു്. നല്ലതുപോലെ ഓർമ്മയുണ്ടു്. അവൎക്കെല്ലാവൎക്കും എന്തുപററിയെന്നു് ഞാൻ ചോദിക്കുവാൻ തുടങ്ങുകയായിരുന്നു.

ഷേവർ:—അവരെപ്പററി എനിക്കു് യാതൊരു വിവരവും ഇല്ല. എന്നെ തടവുകാരനാക്കിയതിൽപ്പിന്നീടു് ഞാൻ അവരെ ആരേയും ഇതുവരെ കണ്ടിട്ടില്ല. അവരെല്ലാവരും ഇപ്പോഴും ശത്രുക്കളുടെ അധീനതയിൽ തന്നെ കഴിയുകയായിരിക്കുമെന്നാണു് എനിക്കു് തോന്നുന്നതു്.

ഫാക്കു്:—ആരാണു് താങ്കളെ അറസ്ററുചെയ്തതു്?

ഷേവർ:—പൗരസ്ത്യാഭിമാന സംരക്ഷക സംഘക്കാർ.

ഫാക്ക്:—(പല്ല് ഞെരിച്ചുകൊണ്ടു്) ശരി. പിന്നെ എന്തു സംഭവിച്ചു?

ഷേവർ:—മത്സ്യങ്ങളെ പിടിക്കുവാൻ കൂടുതൽ സൗകര്യമുണ്ടല്ലോ എന്നു കരുതി ഞാൻ എന്റെ ബോട്ട് ആ കുററിക്കാട്ടുകളുടെ ഇടയിലേയ്ക്കു് കയററിവിട്ടു. എഞ്ചിൻ നിറുത്തിയിട്ട് ഞങ്ങൾ മീൻപിടുത്തം ആരംഭിച്ചു. മീൻപിടുത്തത്തിൽ തന്നെ ലയിച്ചിരുന്നതുകൊണ്ടു് ബോട്ട് എങ്ങോട്ടാണു് പോകുന്നതെന്നു പോലും ഞങ്ങളാരും ശ്രദ്ധിച്ചില്ല. അതു് എവിടെയെങ്കിലും ഒഴുകിപ്പോകുമെന്നുള്ള ഭയമേ ഞങ്ങൾക്കുണ്ടായിരുന്നില്ല. കാരണം ബോട്ട് നിറുത്തിയിരുന്ന സ്ഥലത്തിനു ചുററും ഇടതൂർന്നു് വളർന്നു നില്ക്കുന്ന കുററിക്കാട്ടുകളായിരുന്നു. അവിടെ ഒഴുക്കും കാര്യമായിട്ടില്ലായിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ 'അയ്യോ' നമ്മുടെ ബോട്ട് ഇവിടെ എങ്ങനെ വന്നുചേർന്നു വെന്നുള്ള ഡ്രൈവറുടെ അത്ഭുതത്തോടെയുള്ള ചോദ്യം കേട്ടപ്പോഴാണു് ഞങ്ങൾ ബോട്ടിനെപ്പററി ശ്രദ്ധിക്കുന്നതു്. ഞങ്ങൾ നിറുത്തിയിരുന്ന സ്ഥലത്തുനിന്നും വളരെ അകലെയായിരുന്നു അപ്പോൾ ആ ബോട്ട് കിടന്നിരുന്നതു്. എന്നു മാത്രമല്ല; ഏതോ മന്ത്രശക്തിയാലെന്നപോലെ ബോട്ട് സാവധാനം നദിയിൽ മുകളിലേയ്ക്കുതന്നെ പൊയ്ക്കൊണ്ടിരുന്നു. "നമ്മൾ നിറുത്തിയിരുന്ന സ്ഥലത്തുനിന്നും ഏകദേശം ഒരു മൈൽ അകലത്തിലാണു് ഇപ്പോൾ ബോട്ട് നില്ക്കുന്നതു്." നാവികരിൽ ഒരാൾ ചുററുപാടും സൂക്ഷിച്ചുനോക്കിയതിനുശേഷം പറഞ്ഞു. ഞാൻ ബോട്ടിൻെറ പുറകുഭാഗത്തുള്ള ക്യാബിനിൽ

ഇരിക്കുകയായിരുന്നു. ചുററിനും നില്ക്കുന്ന കുററിക്കാട്ട കൾ പതുക്കെപ്പതുക്കെ പുറകോട്ടു് തെന്നി മാറുന്നതു കണ്ടപ്പോഴാണു് ഞാൻ ആലോചിക്കാൻ തുടങ്ങിയതു് നിറുത്തിയിരുന്ന ബോട്ടു് എങ്ങനെയാണു് ഇങ്ങനെ സഞ്ചരിക്കുന്നതെന്നു്. എത്ര ആലോചിച്ചിട്ടും എനിക്കു് ഒന്നും മനസ്സിലായില്ല. അവസാനം എഞ്ചിൻ സ്റ്റാർ ട്ടാക്കുവാൻ ഞാൻ ഡ്രൈവറോട്ട പറഞ്ഞു. എഞ്ചിൻ സ്റ്റാർട്ടായെങ്കിലും പഠിച്ച പണി പതിനെട്ടും നോക്കി യിട്ടും ബോട്ടിൻെറ മുന്നോട്ടുള്ള ഗതി തടയുവാൻ ഡ്രൈവറെക്കൊണ്ടു് സാധിച്ചില്ല. എന്നു മാത്രമല്ല; ക്രമേണ അതിൻെറ വേഗത വദ്ധിച്ചുവദ്ധിച്ചു് അവ സാനം പൂണ്ണവേഗതയിൽ ഓളപ്പാത്തികൾ പിളർന്നു മാററിക്കൊണ്ടു് ബോട്ടു് മുന്നോട്ടുതന്നെ പോകുവാനും തുടങ്ങി. ബോട്ടിൻെറ മുൻഭാഗത്തു് വെള്ളത്തിനടിയി ലുള്ള ഒരു കൊളുത്തിൽ കെട്ടിയിരുന്ന തടിച്ച ഒരു വട മാണു് ഞങ്ങളുടെ ബോട്ടിനെ മുന്നോട്ടു വലിച്ചുകൊണ്ടു പോകുന്നതെന്നു് അധികം താമസിക്കാതെ ഞങ്ങൾക്കു് മനസ്സിലായി. എഞ്ചിൻ സ്റ്റാർട്ടായി ബോട്ടു് പുറ കോട്ടു പായുവാൻ ആഞ്ഞപ്പോഴാണു് അതുവരെ വെള്ള ത്തിൽ താണുകിടന്നിരുന്ന വടം വലിഞ്ഞുമുറുകി വെള്ള നിരപ്പിൽനിന്നു് ഉയന്നുകാണപ്പെട്ടതു്. ആ വടത്തിൻെറ മറേറ തല എവിടെയാണെന്നു് അറിയുവാനായി ഞങ്ങൾ മുന്നോട്ടു നോക്കിയെങ്കിലും ആ വടത്തിൻെറ സഹായത്തോടെ ഞങ്ങളുടെ ബോട്ടിനെ വലിച്ചുകൊണ്ടു പോകുന്ന വ്യക്തിയേയോ ശക്തിയേയോ കണ്ടുപിടിക്കു വാൻ ഞങ്ങൾക്കു് സാധിച്ചില്ല. എഞ്ചിൻ ആവുന്നത്ര ശക്തിയോടെ പ്രവത്തിച്ചിട്ടും ഞങ്ങളുടെ ബോട്ടു് പുറ കോട്ടു പോകുന്നില്ലെന്നു് കണ്ടപ്പോൾ ആ വടം മുറിച്ചു

കളയുവാൻ ഞാൻ ഉത്തരവുകൊടുത്തു. രണ്ടുപേർ കോടാലിയുടെ സഹായത്തോടെ ആ വടത്തിൽ ആഞ്ഞു വെട്ടുവാൻ തുടങ്ങി. ഒന്നുരണ്ടു് പ്രാവശ്യം വെട്ടിക്കഴിഞ്ഞതപ്പോഴാണു് അതു് ചണംകൊണ്ടോ കയറുകൊണ്ടോ ഉണ്ടാക്കിയ വടമല്ലെന്നും, പ്രത്യുത നേരിയ കമ്പികൾ പിരിച്ചു മുറുക്കി ഉണ്ടാക്കിയ ശക്തിയേറിയ വടമാണെന്നും ഞങ്ങൾക്കു് മനസ്സിലായതു്. ആ വടം ഞങ്ങളുടെ ബോട്ടിൽ കൊണ്ടുവന്നു് കെട്ടിയതു് ആരാണെന്നോ, എപ്പോഴാണെന്നോ ആർക്കും യാതൊരു രൂപവും ഇല്ലായിരുന്നു. വളരെയധികം ശ്രമിച്ചിട്ടും കോടാലികൊണ്ടു് ആ വടം മുറിച്ചുമാററുവാൻ ആ ജോലിക്കാർക്കു് കഴിഞ്ഞില്ല.

"ഞാൻ എൻെറ സ്നേഹിതന്മാരുമായി അനന്തരകരണീയത്തെക്കുറിച്ചു് ചർച്ചചെയ്തുകൊണ്ടിരിക്കുന്നതിനിടയ്ക്കു് ഏതോ ഒരു സാധനം ഞങ്ങളുടെ ബോട്ടിൻെറ അടുക്കലേയ്ക്കു് ഒഴുകി വരുന്നതു് എൻെറ ദൃഷ്ടിയിൽ പെട്ടു. അകലെവച്ചു് എനിക്കു് തോന്നിയതു് അതു് പിഴുതുവീണ വല്ല മരവും ആയിരിക്കുമെന്നാണു്. എന്നാൽ അടുത്തു വന്നുകഴിഞ്ഞപ്പോഴാണു് അതു് ലോഹനിർമ്മിതമായ ഒരു ചെറിയ വള്ളമാണെന്നു് എനിക്കു് മനസ്സിലായതു്. ഒരു വലിയ ചുരുട്ടിൻെറ ആകൃതിയിലുള്ള ആ വള്ളം എല്ലാ വശവും മൂടപ്പെട്ടതായിരുന്നു. ഏതൊരു അദൃശ്യശക്തിയുടെ സഹായത്താലാണു് ആ വള്ളം പാഞ്ഞുവന്നുകൊണ്ടിരുന്നതെന്നു് ഞങ്ങൾക്കു് പിടികിട്ടിയില്ല. നിമിഷനേരംകൊണ്ടു് വിചിത്രാകൃതിയിലുള്ള ആ വള്ളം ഞങ്ങളുടെ ബോട്ടിൻെറ അടുക്കൽ എത്തിച്ചേർന്നു. അതു് കണ്ണടയ്ക്കുന്നതിനു മുമ്പു് എന്നപോലെ... 

"ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആ വള്ളത്തിന്റെ മൂടിയിരുന്ന മുകൾഭാഗത്തു് ഒരു ചെറിയ കിളിവാതൽ തുറക്കപ്പെട്ടു. ആ ചെറിയ വാതലിലൂടെ കനംകുറഞ്ഞ ഒരു ട്യൂബ്ബ് സാവധാനം ഉയൎന്നുയൎന്നു് ഞങ്ങളുടെ ബോട്ടിൻെറ ഉള്ളിൽവരെ എത്തിച്ചേൎന്നു എന്താണു് ചെയ്യേണ്ടതെന്നു് ആലോചിച്ചു് തീരുമാനിക്കുവാൻ സാധിക്കുന്നതിനുമുമ്പായി ധാരായന്ത്രത്തിൽ നിന്നും വെള്ളം ചീറുന്നതുപോലെ ഒരിനം ദ്രാവകം ആ ട്യൂബ്ബിലൂടെ ബോട്ടിനകത്തേയ്ക്കു് ചീറിപ്പായുവാൻ തുടങ്ങി. ആ ദ്രാവകം വായുവിൽ ലയിച്ചു ഉടൻതന്നെ ഗ്യാസായി പരിണമിച്ചു് നാലുപാടും വ്യാപിച്ചു. ആ ഗ്യാസ് ഏററ ഉടൻതന്നെ ഞാൻ ബോധംകെട്ടു് ബോട്ടിൽ വീണുപോയി. മററുള്ളവൎക്കു് എന്തു സംഭവിച്ചുവെന്നു് എനിക്കു് അറിഞ്ഞുകൂടാ. അതിൽ പിന്നീടു് ഇതുവരെ ആ ബോട്ടോ, അതിൽ ഉണ്ടായിരുന്ന എൻെറ കൂട്ടുകാരേയോ ഞാൻ കണ്ടിട്ടില്ല."

ഇത്രയും പറഞ്ഞിട്ടു് ഷേവർ അല്പസമയത്തേയ്ക്കു് ആ കഥ നിറുത്തി. അദ്ദേഹത്തിൻെറ കണ്ണുകൾ സാവധാനം അടയുന്നതും, ഓരോ അവയവവും വിറകൊള്ളുന്നതും ഫാക്കിൻെറ സൂക്ഷ്മനയനങ്ങൾ കണ്ടുപിടിച്ചു. അദ്ദേഹം യാതൊന്നും പറയാതെ സ്വസ്ഥാനത്തുതന്നെ നിശ്ചേഷ്ടനായി ഇരുന്നു. കുറച്ചുസമയം കഴിഞ്ഞപ്പോൾ ഷേവർ പിന്നെയും തൻെറ കഥ തുടൎന്നു. "എനിക്കു് ബോധം വീണപ്പോൾ ഞാൻ തികച്ചും അപരിചിതമായ ഒരു സ്ഥലത്തു് കിടക്കുന്നതാണു് കാണപ്പെട്ടതു്. മുകളിലും താഴെയും, ചുററുപാടും കറുത്ത കാൻവാസ്സുകൊണ്ടു് മറച്ചിരുന്നതിനാൽ അതു് എങ്ങനെയുള്ള സ്ഥലമാണെന്നോ അതു് കെട്ടിടമാണോ അതോ മുറി

യാണോ, പർവ്വതമാണോ അതോ ഗുഹയാണോ എന്നൊന്നും തിരിച്ചറിയുവാൻ സാധിക്കുമായിരുന്നില്ല. അങ്ങകലെ കത്തിക്കൊണ്ടിരുന്ന ഒരു പന്തത്തിൽനിന്ന് പുറപ്പെട്ടുകൊണ്ടിരുന്ന മങ്ങിയ വെളിച്ചം മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. പന്തത്തിനു ചുററും ചെമന്ന ഗ്ലാസ് ഉണ്ടായിരുന്നതിനാൽ വെളിച്ചത്തിന്റെ ശക്തി വളരെ കുറവായിരുന്നു. അവിടമാകെ തികഞ്ഞ നിശബ്ദത വ്യാപിച്ചിരുന്നു. ഒററ മനുഷ്യജീവിയെപ്പോലും അവിടെയെങ്ങും കാണുവാൻ സാധിച്ചില്ല. അങ്ങനെ കുറച്ചുസമയം കഴിഞ്ഞപ്പോൾ അടുത്തെവിടെയോ ഭാരിച്ച യന്ത്രങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിപ്പുണ്ടെന്ന് എനിക്ക് മനസ്സിലായി. കാരണം എഞ്ചിന്റെ അവ്യക്തമായ മുഴക്കം അവിടെ കിടന്നുകൊണ്ട് കേൾക്കാമായിരുന്നു.

“ഞാൻ അപ്പോൾ എവിടെയാണ് കിടക്കുന്നതെന്നും, ആ മുഴക്കം എവിടെനിന്നാണ് പുറപ്പെടുന്നതെന്നും മററും ആലോചിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് അടുത്തെവിടെയോ കൈ ഞൊടിക്കുന്നതുപോലെയുള്ള ശബ്ദം എന്റെ ചെവിയിൽ പതിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ ഒരു വശത്തെ കാൻവാസ് ഒരു വശത്തേയ്ക്ക് കുറച്ചുമാറി. ആ കാൻവാസിന് അപ്പുറത്തു കണ്ട കാഴ്ച എന്നെ അടിമുടി വിറപ്പിച്ചുകളഞ്ഞു. കാരണം ഏകദേശം അഞ്ചാറുവാര അകലെയായി ശരീരമാകെ കറുത്ത വസ്ത്രങ്ങൾകൊണ്ട് മൂടപ്പെട്ട മൂന്നുപേർ കസേരകളിൽ ഇരിക്കുന്നതാണ് ആ അരണ്ട വെളിച്ചത്തിൽ എനിക്ക് കാണുവാൻ കഴിഞ്ഞത്. അവർ മൂന്നുപേരും കറുത്ത നിറത്തിലുള്ള മുഖംമൂടിയും ധരിച്ചിരുന്നു. ഞാൻ അവരുടെനേക്ക് കണ്ണിമയ്ക്കാതെ നോക്കുവാൻ തുടങ്ങി.

അവരായിരിക്കുമോ പ്രസിദ്ധരായ 'ത്രികണ്ടകർ' എന്ന് ഞാൻ ആലോചിച്ചുകൊണ്ടിരുന്നതിനിടയ്ക്ക് അവരിൽ ഒരാൾ ഇങ്ങനെ പറഞ്ഞു. "കൗണ്ട് ഷേവർ! ഞങ്ങൾ ആരാണെന്നും, ഞങ്ങൾ നിങ്ങളെ തടവുകാരനാക്കിയത് എന്തിനാണെന്നും നിങ്ങൾ ആലോചിക്കുകയായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ആദ്യമായി ഞാൻ നിങ്ങളുടെ സംശയം ദൂരീകരിക്കാം. ഫ്രഞ്ചുകാരുടെ ഉരുക്കുമുഷ്ടികളിൽനിന്നും ഈ രാജ്യത്തെ മോചിപ്പിച്ചേ അടങ്ങുകയുള്ളുവെന്ന് ഉഗ്രപ്രതിജ്ഞചെയ്ത് തദനുസരണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൗരസ്വാഭിമാന സംരക്ഷകസംഘത്തിന്റെ പ്രതിനിധികളാണ് ഞങ്ങൾ. ഞങ്ങൾ മാഷൽ ഫാക്ക് മുഖേനയും, മററു പലതരത്തിലും പലതവണയും നിങ്ങളെ ഞങ്ങളുടെ സന്ദേശങ്ങൾ അറിയിച്ചിട്ടുണ്ട്. പക്ഷേ, നിങ്ങൾ അതേപ്പററി അല്പം പോലും കാര്യമാക്കിയില്ല. അതുകൊണ്ട് ഞങ്ങൾക്ക് പറയുവാനുള്ള കാര്യങ്ങൾ മുഴുവൻ ഭരണത്തലവനായ നിങ്ങളെ നേരിട്ട് അറിയിക്കാമെന്നുദ്ദേശിച്ചാണ് ഇങ്ങോട്ട് കൂട്ടിക്കൊണ്ടു വന്നിരിക്കുന്നത്. ഞങ്ങൾ വെറും സാധാരണ നിലയിലുള്ള വിപ്ലവകാരികളായിരിക്കുമെന്ന് ധരിച്ച് നിങ്ങൾ ഞങ്ങളുടെ നിർദ്ദേശങ്ങളെ അർഹിക്കുന്ന ഗൗരവത്തോടെ കൈകാര്യം ചെയ്യുകയില്ലെന്ന് ഞങ്ങൾക്ക് തോന്നി. അതുകൊണ്ട് ഞങ്ങളുടെ ശക്തിയും ഞങ്ങളുടെ തീരുമാനവും നേരിൽ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് നിങ്ങളെ ഇത്രമാത്രം ബുദ്ധിമുട്ടിക്കാൻ ഇടയായത്."

ഞാൻ എന്തെങ്കിലും പറയുകയോ ചോദിക്കുകയോ ചെയ്യുന്നുണ്ടോ എന്നറിയുവാനായി അയാൾ സ്വല്പസമയത്തേയ്ക്ക് സംസാരം നിറുത്തി. എന്നാൽ

ഞാൻ നിശബ്ദനായി ഇരിക്കുന്നതു് കണ്ടപ്പോൾ അയാൾ സംസാരം പിന്നെയും തുടൻ. "നിങ്ങളെ ഇവിടെ കൊണ്ടുവരാൻ ഞങ്ങൾ അവലംബിച്ച മാർഗ്ഗത്തിൽ നിന്നും ഞങ്ങളുടെ ശക്തി എന്താണെന്നു് നിങ്ങൾക്കു് മനസ്സിലായിക്കാണുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ ചാരന്മാർ എവിടെയെല്ലാം എത്തിയിട്ടുണ്ടെന്നും നിങ്ങൾക്കു് അനുമാനിക്കുവാൻ സാധിക്കും. നിങ്ങൾ ഏററവും രഹസ്യമായി സൂക്ഷിച്ചിരിക്കുന്ന കാര്യങ്ങൾപോലും ഞങ്ങൾക്കു് പകൽ പോലെ സ്പഷ്ടമാണെന്നു് അറിയാമെ ല്ലാ. നിങ്ങൾ വെറും മൂന്നുപേർ മാത്രം പങ്കുകൊണ്ട ആ രഹസ്യയോഗത്തിന്റെ വിശദവിവരങ്ങൾപോലും ഞങ്ങൾക്കു ലഭിച്ചിട്ടുണ്ടെന്നു് അറിയുമ്പോൾ ഒരുപക്ഷേ നിങ്ങൾക്കു് അത്ഭുതം തോന്നിയേക്കും. നിങ്ങളുടെ പേക്കു് ഫ്രാൻസിലെ പ്രസിഡൻറു് അയച്ച വ്യക്തിപരമായ കത്തും അതിലെ ഉള്ളടക്കവും ഞങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ശ്യാമരാജാവു് നിങ്ങളുടെ ആജ്ഞയ്ക്കു് വഴങ്ങുന്നില്ലെങ്കിൽ, പുതിയ റയിൽവേലൈനിന്റെ നിർമ്മാണത്തിൽ തടസ്സങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ അദ്ദേഹത്തെ അറസ്ററുചെയ്യണമെന്നും, അവിടുത്തെ ഭരണം നേരിട്ടു് ഏറെറടുക്കണമെന്നും മററുമല്ലേ ആ കത്തിൽ എഴുതിയിരുന്നതു്? കഴിഞ്ഞ കുറേ ദിവസങ്ങളായി നിങ്ങൾ ആ കത്തനുസരിച്ചു് ശ്യാമരാജാവിനെ അറസ്ററുചെയ്യുന്നതിനുള്ള ഒരുക്കങ്ങളല്ലേ നടത്തിക്കൊണ്ടിരുന്നതു്?"

ഇതു കേട്ടമാത്രയിൽ ഞാൻ ഞെട്ടിപ്പോയി. എന്റെ പേക്കുവന്ന ആ എഴുത്തു് എത്രമാത്രം രഹസ്യപൂർണ്ണമായിരുന്നുവെന്നും, നമ്മൾ എത്രമാത്രം രഹസ്യമായിട്ടാണു് ആ യോഗംകൂടിയതെന്നും ഉള്ള കാര്യം താങ്കൾക്കു്

അറിവുള്ളതാണെല്ലോ. ആ രഹസ്യയോഗത്തിൻെറ പോലും വിവരങ്ങൾ അവക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ നമ്മെപ്പററിയുള്ള എന്തെന്തു രഹസ്യങ്ങളായിരിക്കും അവർ ഇതിനൊടകം അറിഞ്ഞിരിക്കുന്നതു്! ഇതോർത്താണ് ഞാൻ ഞെട്ടിപ്പോയതു്. പക്ഷേ, എൻെറ ഭാവഭേദമൊന്നും അത്ര കാൎയ്യമാക്കാതെ അയാൾ സംസാരം തുടരുകയാണ് ചെയ്തതു്.

"നിങ്ങളെ ഇവിടെ കൂട്ടിക്കൊണ്ടുവന്നതിനു് മറെറാരുദ്ദേശംകൂടിയുണ്ടു്. നിങ്ങളുടെ മർമ്മപ്രധാനമായ കേന്ദ്രങ്ങളിൽ നിങ്ങളുടെ രഹസ്യങ്ങൾ ചോർത്തിയെടുക്കുന്നതിനുവേണ്ടി കടന്നുകൂടിയിട്ടുള്ള ഞങ്ങളുടെ നൂറുകണക്കിനു് ചാരന്മാർ യാതൊരു അപകടവും കൂടാതെ തിരിച്ചെത്തുന്നതുവരെ നിങ്ങളെ തടവിൽ വെച്ചുകൊണ്ടിരിക്കുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതു്. അവരിൽ ആരെങ്കിലും എപ്പോഴാണ് നിങ്ങളുടെ വലയിൽ കുടുങ്ങുന്നതെന്നു് യാതൊരു രൂപവുമില്ല. അങ്ങനെ ഞങ്ങളുടെ ആൾക്കാരിൽ ആരെങ്കിലും നിങ്ങളുടെ പിടിയിൽ അകപ്പെട്ടുപോയാൽ നിങ്ങളുടെ ജീവൻെറപേരിൽ ഞങ്ങൾക്കു് അവരെ മോചിപ്പിക്കുവാൻ സാധിക്കും. ഞങ്ങളുടെ ആൾക്കാരോടു് നിങ്ങളുടെ ആൾക്കാർ എന്തെങ്കിലും അക്രമം കാണിക്കുകയാണെങ്കിൽ അതേ അക്രമം നിങ്ങളോടും കാണിച്ചു് ഞങ്ങൾ അതിനു പ്രതീകാരം ചെയ്യും. ഇതേക്കുറിച്ചു് ഇത്രയും മാത്രമേ പറയുവാനുള്ളു. ഇനി ഞാൻ പറയുവാൻ പോകുന്നതു് ശ്രദ്ധിച്ചുകേൾക്കണം."

"ഞങ്ങളുടെ രാജ്യത്തെ നിങ്ങൾ ആക്രമിക്കുന്നതിനു മുമ്പു് കംബോഡിയായേയും, അന്നാംരാജ്യത്തേയും നിങ്ങൾ തകർത്തു തരിപ്പണമാക്കിയതുപോലെ നിങ്ങ

ളുടെ രാജ്യത്തെ ആക്രമിച്ചു് നിങ്ങളുടെ ശക്തി ക്ഷയിപ്പിക്കുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതു്. അതുകൊണ്ടാണ് നിങ്ങളെ അറസ്ററു ചെയ്തതോടൊപ്പം ഞങ്ങൾ മററു ചില പ്രവത്തികളും ചെയ്തതു്. നിങ്ങളുടെവക യുദ്ധക്കപ്പലുകൾ മുഴുവൻ ഞങ്ങൾ നശിപ്പിച്ചു കളഞ്ഞു. അനേകം കോട്ടകളും, വെടിമരുന്നുശാലകളും, ബാരക്കുകളും ഞങ്ങൾ ഭസ്മീകരിച്ചു. ഏതാനും വിമാനത്താവളങ്ങൾ നിലംപരിശാക്കിക്കളഞ്ഞു ഇനി കുറേക്കാലത്തേയ്ക്കു് നിങ്ങളുടെ ഗവണ്മെൻറു് ശ്യാമരാജ്യത്തെ ആക്രമിക്കുവാൻ ഒരുമ്പെടുകയില്ലെന്നു് ഞങ്ങൾക്കു് ഉറപ്പുണ്ടു്.

"ഇത്രയും ചെയ്തതുകൊണ്ടുമാത്രം ഞങ്ങൾ അടങ്ങിയിരിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. ഒരു ആക്രമണം കൂടി നടത്തുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ടു്. അതു് വളരെ വേഗംതന്നെ നടത്തുകയും ചെയ്യും. അതിൻെറ മുന്നോടിയായി നിങ്ങൾ ശ്യാമരാജ്യത്തു് ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന പുതിയ റയിൽവേലൈൻ മുഴുവൻ ഞങ്ങൾ കയ്യടക്കുവാൻ പോകുകയാണു്."

തൻെറ അഭിപ്രായത്തിന്റെ പ്രതികരണം എന്താണെന്നറിയുവാനായിട്ടാണെന്നുതോന്നുന്നു അയാൾ സ്വല്പസമയത്തേയ്ക്കു് പ്രസംഗം അവസാനിപ്പിച്ചിട്ടു് എന്റെ മുഖത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. ഉള്ളിൽ കോപാഗ്നി ആളിക്കത്തിക്കൊണ്ടിരുന്നെങ്കിലും ഞാൻ മൗനം അവലംബിക്കുകയാണു് ചെയ്തതു്. ഞാൻ യാതൊന്നും പറയുന്നില്ലെന്നു് കണ്ടപ്പോൾ അയാൾ പിന്നെയും തുടൎന്നു.

"ഞങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഞങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആയുധങ്ങളെപ്പററി,

നിങ്ങൾക്ക് ഇതിനോടകം നല്ലതുപോലെ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ വെറും ഭീഷണി പുറപ്പെടുവിക്കുന്ന ഒരു കൂട്ടം വിപ്ലവകാരികളാണെന്നും, ഒന്നോ രണ്ടോ കൊലപാതകങ്ങൾ നടത്തിയിട്ടുള്ളതല്ലാതെ ഇതുവരെ കാര്യമായ യാതൊരു നേട്ടവും ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ലാത്തവരാണെന്നും നിങ്ങളോ നിങ്ങളുടെ ഗവണ്മെൻറാ തെററിദ്ധരിക്കുകയില്ലെന്നും ഞങ്ങൾക്ക് ഉറപ്പുണ്ട്. നിങ്ങളുടെ ഗവണ്മെൻറ് എത്ര ശ്രമിച്ചാലും പരാജയപ്പെടുത്തുവാൻ സാദ്ധ്യമല്ലാത്ത ഒരുശക്തിയായി ഞങ്ങൾ വളന്നിട്ടുണ്ടെന്ന് ഞങ്ങൾ അഭിമാനിക്കുന്നു. ഞങ്ങളുടെ അദൃശ്യമാകുവാൻ കഴിവുള്ള വിമാനങ്ങൾക്കും, ആറ്റോമിക് ഗണ്ണുകൾക്കും, ആറ്റോമിക് പൈലററുകൾക്കും നിമിഷനേരംകൊണ്ട് നിങ്ങളെ താറുമാറാക്കുവാൻ സാധിക്കും. നിങ്ങളെ ഇവിടെ കൂട്ടിക്കൊണ്ടുവന്നതിൻെറ പുറകിലുള്ള മറെറാരു ഉദ്ദേശംകൂടി ഞാൻ വ്യക്തമാക്കാം. അനിവാര്യമായ ഈ യുദ്ധം ഏതെങ്കിലും തരത്തിൽ ഒഴിവാക്കുവാൻ സാധിക്കുമെങ്കിൽ അതിന് ഞങ്ങൾ തയാറാണ്. നിരപരാധികളായ ആയിരക്കണക്കിനുള്ള ജനങ്ങളുടെ ചുടുചോരകൊണ്ട് പ്രശാന്തസുന്ദരമായ ഈ രാജ്യത്തെ അഭിഷേകം ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള ഒരു ഒത്തുതീപ്പിന് സാദ്ധ്യതയുണ്ടോ എന്ന് ആരായുന്നതിനുവേണ്ടിക്കൂടിയാണ് ഞങ്ങൾ നിങ്ങളെ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. നിങ്ങൾ ഫ്രഞ്ച് ഇൻഡോ ചൈനയിലെ ഭരണാധികാരിയാണ്. ആ നിലയ്ക്കു് നമുക്ക് ഹൃദയം തുറന്ന് സംസാരിച്ചാൽ ഭയാനകമായ ഒരു

യുദ്ധം ഒഴിവാക്കുവാൻ സാധിക്കുമെങ്കിൽ അതല്ലേ നല്ലതു്?"

ഇത്രയും കേട്ടപ്പോഴേയ്ക്കും എനിക്കു് അടങ്ങിയിരിക്കുവാൻ സാധിച്ചില്ല. ഞാൻ കോപത്തോടെ വിളിച്ചുപറഞ്ഞു. "സാദ്ധ്യമല്ല. ഫ്രഞ്ചു്ഗവണ്മെൻറു് കൊള്ളക്കാരോടും കൊലപാതകികളോടും സന്ധിക്കു് ഒരിക്കലും തയ്യാറാകുകയില്ല" എൻെറ ഈ വാക്കുകൾ കേട്ടിട്ടു് അയാൾ പുഞ്ചിരി തൂകിക്കൊണ്ടു് പറഞ്ഞു. "ഇതുതന്നെയാണു് ഞങ്ങൾക്കും പറയുവാനുള്ളതു്. ഞങ്ങളുടെ ദൃഷ്ടിയിൽ നിങ്ങളാണു് ഞങ്ങളേക്കാൾ വലിയ കൊള്ളക്കാരും കൊലപാതകികളും. നിങ്ങൾ ബുദ്ധിമാനും ഉത്തരവാദിത്വബോധമുള്ളവനുമായ ഒരു വ്യക്തിയല്ലേ? സാധാരണ ഫ്രഞ്ചുപട്ടാളക്കാരെ അപേക്ഷിച്ചു് ചരിത്രം നല്ലതുപോലെ പഠിച്ചിട്ടുള്ള ആളല്ലേ? നിങ്ങൾ അവിവേകം പ്രവർത്തിക്കുകയില്ലെന്നും, ആയിരക്കണക്കിനുള്ള നാട്ടുകാരെ ഓർത്തില്ലെങ്കിലും നൂറുകണക്കിനുള്ള ഫ്രഞ്ചുകാരെ കരുതിയെങ്കിലും നിങ്ങൾ ഒരു യുദ്ധം ഒഴിവാക്കുവാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കുവാൻ തയാറാകുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഒരു യുദ്ധം ഉണ്ടാകുകയാണെങ്കിൽ നിരപരാധികളായ എത്രയെത്ര മനുഷ്യരായിരിക്കും ചത്തൊടുങ്ങുന്നതെന്നു് നിങ്ങൾ ശാന്തനായിരുന്നു് ആലോചിക്കൂ."

ഞാൻ അല്പം ശാന്തനായി പറഞ്ഞു. "നിങ്ങൾ എന്നിൽനിന്നു് എന്താണു് ആഗ്രഹിക്കുന്നതെന്നു് പറയൂ. അതറിഞ്ഞിട്ടു് ഞാൻ എൻെറ അഭിപ്രായം പറയാം."

ആ കറുത്ത മുഖംമൂടി ധരിച്ച മനുഷ്യൻ തുടർന്നു. "ആദ്യം ഞങ്ങൾ ഉദ്ദേശിച്ചിരുന്നതു് ഫ്രഞ്ചുകാർ അന

ഹമായി കയ്യടക്കി വെച്ചിരിക്കുന്ന 'ഫ്രഞ്ച് ഇൻഡോചൈനാ' മുഴുവൻ തിരിച്ചെടുക്കണമെന്നായിരുന്നു. പക്ഷേ, ഞങ്ങൾക്ക് ഞങ്ങളുടെ ശക്തിയുടെ പരിമിതിയെപ്പററി വളരെവേഗം ബോദ്ധ്യമായി. ഇത്ര വിശാലമായ ഒരു ഭൂവിഭാഗം മുഴുവൻ അടക്കി ഭരിക്കത്തക്ക രീതിയിൽ ഞങ്ങൾ വളൎന്നിട്ടില്ലെന്നും ഞങ്ങൾക്ക് മനസ്സിലായി. അതുകൂടാതെ ഞങ്ങൾ ഉദ്ദേശിച്ചതുപോലെ ഞങ്ങൾക്ക് ഞങ്ങളുടെ സംഘടനയിൽ ആന്തരികമായ ഭദ്രത കൈവരുത്തുവാനും സാധിച്ചിട്ടില്ല. അതുകൊണ്ട് വളരെയധികം ആലോചിച്ചതിനുശേഷം ഞങ്ങൾ കടിഞ്ഞാൺ അല്പംകൂടി മുറുക്കി. ഇപ്പോൾ ഞങ്ങൾ വെറും രണ്ട് കാൎയ്യങ്ങൾ മാത്രമേ ആഗ്രഹിക്കുന്നുള്ളു. അതിൽ ഒന്ന് നിങ്ങൾ അയൽരാജ്യമായ ശ്യാമ രാജ്യത്തിലെ ആഭ്യന്തര കാൎയ്യത്തിൽ അനൎഹമായി കൈകടത്തുന്നതു് അവസാനിപ്പിക്കണം. സ്വയം നന്നാകുവാനോ നശിക്കുവാനോ ആയി അവരെ യഥേഷ്ടം വിട്ടേയ്ക്കുക. രണ്ടാമത്തേതു് ശ്യാമ രാജ്യത്തിലെ സമുദ്രതീരത്തിൽനിന്നും പൎവ്വതംവരെ നിങ്ങൾ നിൎമ്മിച്ചുകൊണ്ടിരിക്കുന്ന ആ പുതിയ റയിൽവേ ലൈനിന്റെ പണികൾ മുഴുവൻ നിറുത്തിവെച്ച് നിങ്ങൾ ഉടൻതന്നെ ആ സംരംഭത്തിൽനിന്നും പിൻവാങ്ങണം. ഈ രണ്ടുകാൎയ്യങ്ങൾ നിങ്ങൾ ചെയ്യാമെങ്കിൽ അതോടെ ഞങ്ങൾ അടങ്ങിയൊതുങ്ങി ഇരുന്നുകൊള്ളാം. ഇതൊരു വലിയ കാൎയ്യമല്ലെന്ന് ഞങ്ങൾക്ക് അറിയാം. ഈ രണ്ടു കാൎയ്യങ്ങൾക്കുവേണ്ടി നിങ്ങൾ ആയിരക്കണക്കിന് മനുഷ്യരുടെ വിലയേറിയ ജീവനും കോടിക്കണക്കിന് രൂപാ വിലപിടിപ്പുള്ള യുദ്ധസാമഗ്രികളും സ്ഥാവരജംഗമസ്വത്തുക്കളും നശിപ്പിക്കുവാൻ തയ്യാറാകുകയില്ലെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു."

KOTTAYAM

"ഞങ്ങളെക്കൊണ്ട് നിങ്ങളുടെ ഈ നിർദ്ദേശങ്ങൾ അംഗീകരിപ്പിക്കത്തക്ക രീതിയിൽ നിങ്ങൾക്ക് എന്തു് ശക്തിയാണുള്ളതു്?" ഞാൻ ഇടയ്ക്കുകയറി ചോദിച്ചു. എൻെറ ഈ ചോദ്യത്തിനു മറുപടിയായി അയാൾ അല്പം ആവേശത്തോടെ പറഞ്ഞു. "എന്തു ശക്തിയുണ്ടെന്നോ? ഈ നിമിഷം ഇവിടെ ഇരുന്നുകൊണ്ട് നിങ്ങളുടെ രാജധാനിയായി 'സൈഗൺ നഗരത്തെ ഒരുപിടി ചാമ്പലാക്കി മാററുവാനുള്ള ശക്തി ഇന്ന് ഞങ്ങൾക്കു് ഉണ്ടു്. കോടിക്കണക്കിനു് രൂപാ ചിലവാക്കി നിങ്ങൾ തയാറാക്കിക്കൊണ്ടിരിക്കുന്ന ആ റയിൽവേ ലൈൻ മുഴുവൻ ഇവിടെ ഇരുന്നുകൊണ്ടു് ഞൊടിയിടകൊണ്ടു് തകർത്തു് തരിപ്പണമാക്കുവാനുള്ള ശക്തി ഞങ്ങൾക്കു് ഉണ്ടു്. ആ അജയ്യമായ ശക്തി ആദ്യമായി ഞങ്ങൾതന്നെ പരീക്ഷിച്ചു് കാണിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. എന്നാൽ അതിനുള്ള പരിതഃസ്ഥിതി നിങ്ങൾ സംജാതമാക്കുകയാണെങ്കിൽ ഞങ്ങൾ പുറകോട്ടുപോകുകയുമില്ല. അധികം കഷ്ടനഷ്ടങ്ങൾക്കിടയാക്കാതെ, അധികം രക്തച്ചൊരിച്ചിലിനു് ഇടയാക്കാതെ കാര്യങ്ങൾ സമാധാനപരമായി തീർക്കണമെന്നാണു് ഞങ്ങൾ ആഗ്രഹിക്കുന്നതു്. അതുകൊണ്ടാണു് ഞങ്ങൾ നിങ്ങളുടെ മുമ്പിൽ ഈ നിർദ്ദേശം വെയ്ക്കുന്നതു്. ഞങ്ങളുടെ ഈ നിർദ്ദേശങ്ങൾ മാനിക്കുകയോ മാനിക്കാതിരിക്കുകയോ ചെയ്യുവാൻ നിങ്ങൾക്കു് പൂർണ്ണസ്വാതന്ത്ര്യമുണ്ടു്. നിങ്ങൾ സ്വാഭാവികമായും സമാധാനകാംക്ഷിയായ ഒരു രാജ്യതന്ത്രജ്ഞനാണെന്നും, നിങ്ങളുടെ അഭിപ്രായങ്ങൾക്കു് പാരീസിലെ ഔദ്യോഗിക വൃത്തങ്ങൾ അമിതമായ പ്രാധാന്യം കല്പിക്കാറുണ്ടെന്നും അറിഞ്ഞതുകൊണ്ടാണു് നിങ്ങളോടു

ഇത്രയും കാര്യങ്ങഠം പറഞ്ഞതു്. അല്ലെങ്കിൽ ഇക്കാര്യം ഞങ്ങഠം നിങ്ങളോട്ട് ഒരിക്കലും പറയുമായിരുന്നില്ല."

മി: ഫാക്ക്! ചുരുക്കത്തിൽ ഞാനും അവരും തമ്മിൽ ഇക്കാര്യത്തെക്കുറിച്ച് വളരെനേരം സംസാരിച്ചുകൊണ്ടിരുന്നു. അവർ പറഞ്ഞതിൻെറ രത്നചുരുക്കം ഇതായിരുന്നു. നമ്മഠം ആ പുതിയ റയിൽവേലൈനിൻെറ പണികഠം അവസാനിപ്പിക്കുകയാണെങ്കിൽ, ശ്യാമരാജ്യത്തിൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതിരിക്കുകയാണെങ്കിൽ അവർ എന്നെയും എൻെറ സ്നേഹിതന്മാരെയും മോചിപ്പിക്കുമെന്നു മാത്രമല്ല; ഫ്രാൻസിനെതിരായുള്ള എല്ലാ സംരഭങ്ങളിൽനിന്നും പിൻമാറുവാനും തയാറാണെന്നു് അറിയിച്ചു. അവരുടെ സംസാരരീതിയും, ഉയന്നനിലവാരത്തിലുള്ള പെരുമാററവും മററും കണ്ടപ്പോഠം എനിക്കു് അവരോട്ട് ആദ്യം തോന്നിയ വെറുപ്പും വിദേഷവും, പകയുമെല്ലാം പമ്പകടന്നു. അവരുടെ നിർദ്ദേശങ്ങഠം അതേപടി അംഗീകരിക്കുകയാണു് ബുദ്ധിപൂർവ്വമായ പ്രവൎത്തിയെന്നും ഞാൻ വിചാരിക്കാതിരുന്നില്ല.

അങ്ങനെ പലതും സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു് അവിചാരിതമായി ഞങ്ങളുടെ സംഭാഷണത്തിനു് ഒരു തടസ്സമുണ്ടായി. അവർ മൂന്നുപേരുടേയും മുമ്പിൽ മേശപ്പുറത്തു് ഒരു ചെറിയ പെട്ടി വെച്ചിട്ടുണ്ടായിരുന്നു. ആ പെട്ടിയിൽനിന്നും എന്തോ ശബ്ദം പുറപ്പെടുവാൻ തുടങ്ങി. ഉടൻതന്നെ അവരിൽ ഒരാഠം അതിൻെറ അടപ്പു് തുറന്നു് അതിനുള്ളിൽനിന്നും ഫോൺ റസീവർപോലെയുള്ള ഒരു സാധനമെടുത്തു് ചെവിയോടടുപ്പിച്ചു. അതു് ഒരു വയർലെസ്സ് ടെലി

ഫോണാണെന്ന് എനിക്ക് പെട്ടെന്ന് മനസ്സിലായി. ആ ഫോൺസന്ദേശം കുറച്ചു സമയം ശ്രദ്ധിച്ചപ്പോഴേയ്ക്കും അയാൾ വല്ലാതെ പരിഭ്രമിക്കുന്നത് ഞാൻ കണ്ടു. അയാൾ ആ റസീവർ അടുത്തിരുന്ന ആളിന്റെ ചെവിയോടടുപ്പിച്ചുപിടിച്ചു. അങ്ങനെ മാറി മാറി മൂന്നുപേരും ഫോൺസന്ദേശം കേട്ടുകഴിഞ്ഞപ്പോൾ അവരിൽ ഒരാൾ എന്നോടു് പറഞ്ഞു. "അത്യധികം ഭയാനകമായ ഒരു വാർത്തയാണ് ഞങ്ങൾക്ക് ഇപ്പോൾ കേൾക്കാൻ ഇടയായതു്. ഈ വാർത്ത സത്യമാണെങ്കിൽ ഇതിന്റെ ഭവിഷ്യൽഫലം എന്തായിരിക്കുമെന്ന് ഇപ്പോൾ പ്രവചിക്കുവാൻ സാദ്ധ്യമല്ല. ഏതായാലും നമ്മുടെ സംഭാഷണം തല്ക്കാലം അവസാനിപ്പിക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരായി തീർന്നിരിക്കുകയാണ്. സൗകര്യം കിട്ടുമ്പോൾ നമുക്ക് ഇതേപ്പററി ഇനിയും സംസാരിക്കാവുന്നതാണ്. ഞങ്ങൾ ഇപ്പോൾ പോകുകയാണ്. മടങ്ങിവരുന്നതുവരെ ഈ സ്ഥലം നിങ്ങൾ നിങ്ങളുടെ വീടായിട്ടോ ജയിലായിട്ടോ കരുതി സമാധാനമായി കഴിയുക. നിങ്ങളുടെ എല്ലാ ആവശ്യങ്ങളും ഞങ്ങളുടെ ആൾക്കാർ നിറവേററിത്തരുന്നതായിരിക്കും. പക്ഷേ, ഒരു കാര്യം. നിങ്ങൾ ഇവിടെനിന്ന് രക്ഷപ്പെടുവാൻ ഒരിക്കലും ശ്രമിക്കരുതു്. ഈ കറുത്ത കാൻവാസുകളിൽ സ്പർശിക്കുകപോലും ചെയ്യരുതു്. കാരണം ഇതിൽ ഇരുപത്തിനാലുമണിക്കൂറും വൈദ്യുതി പ്രവഹിച്ചുകൊണ്ടിരിക്കും. ഇതിൽ തൊട്ടാലുടൻതന്നെ നിങ്ങൾ മരിക്കുകയോ അംഗവിഹീനനായിതീരുകയോ ചെയ്യും."

ഇത്രയും പറഞ്ഞിട്ടു് അയാൾ വിരൽ ഞൊടിച്ചു. ഉടൻതന്നെ അകന്നുമാറി നിന്നിരുന്ന ആ കാൻവാസ്

കർട്ടൻ പഴയമട്ടിൽ ഞങ്ങളുടെ ഇടയ്ക്കു് നിരങ്ങി വീണു. അങ്ങനെ അവർ മൂന്നുപേരും ആ കർട്ടന്റെ അപ്പുറത്തു് അദൃശ്യരായിതീൎന്നു. അവർ എങ്ങോട്ടു പോയെന്നോ എന്തു ചെയ്യുന്നോ എനിക്കു് യാതൊരു രൂപവുമില്ലായിരുന്നു. ഞാൻ സ്വസ്ഥാനത്തു തന്നെ ഇരുന്നുകൊണ്ടു് പലതും ആലോചിക്കുവാൻ തുടങ്ങി."

ഇത്രയും പറഞ്ഞിട്ടു് കൗണ്ട് ഷേവർ കുറച്ചുസമയത്തേയ്ക്കു് നിശബ്ദത അവലംബിച്ചു. മാർഷൽ ഫാക്കു് അസ്വസ്ഥമായ ഹൃദയത്തോടെ അദ്ദേഹത്തിന്റെ മുഖത്തേയ്ക്കുതന്നെ നിർന്നിമേഷനായി നോക്കിക്കൊണ്ടിരുന്നു. അദ്ദേഹം ഷേവറോടു് യാതൊന്നും ചോദിച്ചില്ല. കുറച്ചുസമയത്തെ നിശബ്ദതയ്ക്കുശേഷം ഷേവർ പിന്നെയും തന്റെ കഥ തുടൎന്നു.

"ആ ഇരുട്ടറയിൽ എത്ര ദിവസം അങ്ങനെ കഴിയേണ്ടിവന്നുവെന്നു് എനിക്കു് യാതൊരു രൂപവുമില്ല. കാരണം സമയം അറിയുവാനുള്ള യാതൊരുപാധിയും അവിടെ ഉണ്ടായിരുന്നില്ല. കറുത്ത മുഖംമൂടിധരിച്ച ഒരുത്തൻ കൂടെക്കൂടെ ആ മുറിയിൽ വരും. എനിക്കു് ആവശ്യമുള്ള സാധനങ്ങൾ ചോദിച്ചറിഞ്ഞു് അതെല്ലാം കൃത്യമായും കൊണ്ടുതന്നിട്ടു് അയാൾ മടങ്ങിപ്പോകും. ഇതിൽ കൂടുതലായി അയാൾ എന്നോടു് എന്തെങ്കിലും സംസാരിക്കുകയോ എന്റെ ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ മിനക്കെടുകയോ ചെയ്തിരുന്നില്ല. ആ മുറിയിൽതന്നെ എനിക്കു് കുളിക്കുന്നതിനും മററുമുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിരുന്നു. ഉറക്കം വരുമ്പോൾ ഞാൻ കിടന്നു് ഉറങ്ങും. വിശക്കുമ്പോൾ ആഹാരം കഴിക്കും. ബാക്കിയുള്ള സമയം മുഴുവൻ പലതും ആലോചിച്ചുകൊണ്ടിരിക്കും. എന്റെ വക

വസ്ത്രങ്ങൾപോലും അവർ അഴിച്ചുമാററിയിരുന്നു. സമയം അറിയുവാൻ വാച്ചുപോലും ഉണ്ടായിരുന്നില്ല. ഒരിക്കൽ ഞാൻ ആ കറുത്ത കർട്ടൻ പൊക്കിമാററി രക്ഷപെടാമോ എന്നു് നോക്കി. അതിൽ തൊട്ടമാത്രയിൽ ഞാൻ വൈദ്യുതാഘാതമേററു് നിലംപതിച്ചുപോയി. അതിൽ പിന്നീടു് അതിനും ശ്രമിച്ചിട്ടില്ല.

ഒരു തവണ ഞാൻ ആ മുറിയിൽ കൂട്ടിലിട്ട വെരുകിനെപ്പോലെ അസ്വസ്ഥനായി അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയായിരുന്നു. ആ കർട്ടൻകൊണ്ടു് ശരീരമാകെ ചുററി ആത്മഹത്യ ചെയ്താലെന്താണെന്നു് ഞാൻ ആലോചിക്കുന്നതിനിടയ്ക്കു് പെട്ടെന്നു് അടുത്തെവിടെയോ മണി മുഴങ്ങുന്നതും അതേ തുടർന്നു് ആരോ ചിലർ സംസാരിക്കുന്നതും ഞാൻ കേട്ടു. കുറച്ചു സമയം കഴിഞ്ഞപ്പോൾ ആദ്യത്തേതുപോലെ ആ കർട്ടൻ ഒരു വശത്തേയ്ക്കു് സാവധാനം ഇഴഞ്ഞുനീങ്ങി. കർട്ടൻെറ മറുഭാഗത്തു് അന്നത്തെ ആ മൂന്നുപേരും അതേ വേഷത്തിൽതന്നെ ഇരിപ്പുണ്ടായിരുന്നു. അവരുടെ ഭാവത്തിൽ എന്തോ പന്തികേടുണ്ടെന്നു് എനിക്കു് ആദ്യനോട്ടത്തിൽ തന്നെ മനസ്സിലായി. ഞാൻ അവരെ സൂക്ഷിച്ചുനോക്കുന്നതിനിടയ്ക്കു് അവരിൽ ഒരാൾ പരുഷമായ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു. "മി. കൗണ്ടു്! നിങ്ങളുടെ ആൾക്കാർ ഞങ്ങളുടെ അനുയായികളോടു് എത്ര പൈശാചികമായ രീതിയിലാണു് പെരുമാറിയതെന്നു് നിങ്ങൾക്കു് അറിയാമോ?"

"ഇതു് പകലാണോ അതോ രാത്രിയാണോ എന്നറിയുവാൻപോലുംനിവൃത്തിയില്ലാതെ കഴിയുന്നഞാൻ വെളിയിലുള്ള കാര്യങ്ങൾ എങ്ങനെഅറിയുവാനാണു്?" ഞാൻ ജിജ്ഞാസാഭരിതനായി ചോദിച്ചു. എൻെറ

ചോദ്യത്തിന്ന് മറുപടിയായി അയാൾ പറഞ്ഞു. "നിങ്ങളുടെ മേജർ ഡ്യൂമറേ ഞങ്ങളുടെ ആൾക്കാരിൽ മൂന്നുപേരെ തടവിലാക്കി. അവരിൽ ഒരാൾ ഒരു ചെറുപ്പക്കാരിയായിരുന്നു. അവരിൽ ഒരാളുടെ എല്ലു മുഴുവൻ ആ ദുഷ്ടൻ വെടിവെച്ച് തകർത്തു. രണ്ടാമനെ ജീവനോടെ പെട്രോൾ ഒഴിച്ച് കത്തിച്ചു. അയാൾ കാരണം ആ ചെറുപ്പക്കാരിക്ക് സ്വന്തം നാക്ക് അറുത്തു ദൂരെ എറിയേണ്ടിവന്നു. എന്തിനാണ് ഇതൊക്കെ ചെയ്തതെന്നോ? അവർ ഞങ്ങളെ സംബന്ധിക്കുന്ന രഹസ്യങ്ങൾ പറയുവാൻ വിസമ്മതിച്ചതിന്ന് നൽകിയ ശിക്ഷയായിരുന്നു അത്."

"ഇല്ല. അങ്ങനെ സംഭവിക്കുവാൻ ഇടയില്ല" എന്ന എന്റെ അഭിപ്രായം കേട്ടിട്ട് അയാൾ ഏതാനും ഫോട്ടോ ഗ്രാഫുകൾ എന്റെ മുമ്പിലേയ്ക്ക് എറിഞ്ഞു. മി. ഫാക്ക്! ആ ഫോട്ടോ കണ്ടപ്പോൾ എനിക്കുണ്ടായ മനോവിഷമം പറഞ്ഞറിയിക്കുവാൻ വിഷമമാണ്.

"ആ ഫോട്ടോ ആരുടേതായിരുന്നു?" ഫാക്ക് പതിഞ്ഞ സ്വരത്തിൽ ചോദിച്ചു.

ഷേവർ:—ആകാശത്തുനിന്നും എടുത്ത ഏതാനും ഫോട്ടോകളായിരുന്നു അത്. വേലികൊണ്ട് ചുററപ്പെട്ട ഒരു മൈതാനത്തിന്റെ ഫോട്ടോയും അക്കൂട്ടത്തിലുണ്ടായിരുന്നു. ആ മൈതാനത്തിൽ നാല്യ തൂണുകൾ നാട്ടിനിറുത്തിയിരുന്നു. ഓരോ തൂണിലും ഓരോ ആളിനെ വീതം വരിഞ്ഞുമുറുക്കി നിറുത്തിയിരുന്നു. അതിൽ ഒന്ന് ഒരു സ്ത്രീയായിരുന്നു. ഒരുത്തന്റെ ശരീരത്തിൽ നിന്നും തീജ്വാലകൾ ആളിക്കത്തിക്കൊണ്ടിരുന്നു. ആ ഫോട്ടോ കാണുന്ന ഏതൊരാളിന്റേയും ഹൃദയം ആ കാഴ്ച കണ്ടു് തകരുമായിരുന്നു. അവനെ ജീവനോടെ

കത്തിക്കുകയാണു് ചെയ്തതെന്നുള്ള ആ മുഖംമൂടിയുടെ അഭിപ്രായം ശരിയായിരിക്കാൻ ഇടയുണ്ടെന്നു് എനിക്കു് തോന്നി.

ഇത്രയും പറഞ്ഞിട്ടു് ഷേവർ കണ്ണുകൾ ഇറുകെ അടച്ചു. അദ്ദേഹത്തിൻെറ ശരീരം മുഴവൻ വിറച്ചു പോയി. പക്ഷേ, ഫാക്കു് നിശ്ചേഷ്ടനായി, നിശബ്ദനായി ഇരിക്കുകയാണു് ചെയ്തതു്. കുറച്ചുസമയം കഴിഞ്ഞപ്പോൾ ഷേവർ പിന്നെയും കഥ പറയുവാൻ തുടങ്ങി. ആ ഫോട്ടോഗ്രാഫുകൾ എന്റെ മുമ്പിലേയ്ക്കു് എറിഞ്ഞുതന്നതിനുശേഷം ആ മുഖംമൂടി എന്നോടു പറഞ്ഞു:- "ആ പൈശാചിക കൃത്യം നടന്ന സ്ഥലത്തു് എൻെറ ആൾക്കാർ അല്പം താമസിച്ചാണു് എത്തിച്ചേർന്നതു്. ആ നിഷ്ഠുരകൃത്യത്തിനു് ഞങ്ങൾക്കു് പൂർണ്ണമായും പ്രതികാരം ചെയ്യുവാൻ സാധിച്ചില്ലെങ്കിലും അല്പമൊക്കെ ചെയ്യുവാൻ ഞങ്ങളെക്കൊണ്ടു് സാധിച്ചുവെന്നു് പ്രസ്താവിക്കുവാൻ സന്തോഷമുണ്ടു്. ആ ക്രൂരകൃത്യത്തിനു് സൂത്രധാരത്വം വഹിച്ച മേജർ ഡ്യൂമറേയെ ഞങ്ങൾ തടവുകാരനാക്കി. അവൻ ചെയ്ത അതേ പ്രവൃത്തികളാണു് ഞങ്ങൾ അവനോടും ചെയ്തതു്. ആദ്യമായി ഞങ്ങൾ അവനെ ചൂരൽകൊണ്ടു് അടിച്ചടിച്ചു് അവൻെറ തൊലി മുഴവൻ ഉരിച്ചു. അതിനുശേഷം വെടിവെച്ചു് അവൻെറ എല്ലുകൾ മുഴവൻ തകർത്തു. അവൻെറ നാക്കു് അരിഞ്ഞുവീഴ്ത്തി അവസാനം ശരീരമാസകലം പെട്രോൾ ഒഴിച്ചു് കത്തിച്ചു. ഇപ്പോൾ അവൻെറ ആത്മാവു് നരകത്തിൻെറ വാതലിൽ ആഞ്ഞുമുട്ടുകയായിരിക്കും, ഉള്ളിൽ കടന്നു് വിശ്രമിക്കുന്നതിനുവേണ്ടി."

അയാളുടെ ഓരോ വാക്കിൽനിന്നും പ്രതീകാരാ

ഗ്നിയുടെ ഉൗഷ്മളജ്വാലകൾ വമിക്കുന്നതായി എനിക്കു തോന്നി. ഞാൻ എന്തെങ്കിലും പറയുന്നതിനുമുമ്പായി അവരിൽ വേറൊരാൾ ഇങ്ങനെ പറഞ്ഞു. "ഇത്രയും മാത്രം ചെയ്തതുകൊണ്ടു് ഞങ്ങൾ അടങ്ങി ഇരിക്കുകയില്ല. അവൻ നിരപരാധികളായ നാലുപേരെയാണു് കൊല്ലാക്കൊല ചെയ്തതു്. അതിനു് ബദലായി നിങ്ങളുടെ ആൾക്കാരിൽ നാലുപേരെ ഞങ്ങൾ അതേ രീതിയിൽ തന്നെ കൊല്ലും. എന്നാൽ ഉടനടി. ആ ഘോരകൃത്യം നടത്തണമെന്നു് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ വീണ്ടും നിങ്ങളോടു് ചോദിക്കുകയാണു്; ഞങ്ങളുടെ നിർദ്ദേശമനുസരിച്ചു് നിങ്ങൾ ഒരു ഒത്തുതീർപ്പിനു് തയാറുണ്ടോ? ഇതറിഞ്ഞിട്ടുവേണം മററു കാര്യങ്ങൾ തീരുമാനിക്കുവാൻ.

ഞാൻ അല്പം ആലോചിച്ചതിനുശേഷം മറുപടി പറഞ്ഞു. "ഇക്കാര്യത്തിൽ എനിക്കു് സ്വമേധയാ എന്തെങ്കിലും മറുപടി പറയുവാൻ സാധിക്കുമോ? ഫ്രഞ്ചു ഗവണ്മെൻറുമായി ആലോചിക്കാതെ, അവരുടെ അറിവും സമ്മതവും കൂടാതെ ഞാൻ എന്തെങ്കിലും പറഞ്ഞാൽ തന്നെയും അതിനു് എന്തുവിലയാണുള്ളതു്?"

"അതു് ഞങ്ങൾക്കും അറിയാം." അയാൾ തുടന്നു. അതുകൊണ്ടു് ഒരാഴ്ചത്തേയ്ക്കു് ഞങ്ങൾ നിങ്ങളെ മോചിപ്പിക്കുവാൻ പോകുകയാണു്. നിങ്ങൾ രാജധാനിയിൽ ചെന്നു് ഓഫീസർമാരോടും, പാരീസിലെ ഫ്രഞ്ച് അധികാരികളോടും ഇതേപ്പററി സംസാരിക്കുക. അവസാന തീരുമാനം കഴിയുന്നത്ര വേഗത്തിൽ ഞങ്ങളെ അറിയിക്കണം. നിങ്ങൾ ഒരു ഒത്തുതീപ്പിനാണു് തയാറാകുന്നതെങ്കിൽ ഞങ്ങൾക്കു് വളരെ സന്തോഷമായിരിക്കും. അതോടെ നിങ്ങളെ എന്നെന്നേയ്ക്കുമായി

ഞങ്ങൾ മോചിപ്പിക്കുകയും ചെയ്യും. അതല്ല- യുദ്ധം തുടരുവാൻതന്നെയാണു് തീരുമാനിക്കുന്നതെങ്കിൽ ഞങ്ങൾ നിങ്ങളെ വീണ്ടും ഈ മരണമുറിയിൽ അടയ്ക്കുന്നതായിരിക്കും. ഞങ്ങളുടെ രണ്ടു വ്യവസ്ഥകളും നിങ്ങൾ ഓർമ്മിക്കുന്നുണ്ടല്ലോ. മറന്നുപോകരുതു്. നിങ്ങളെ ഞങ്ങൾ മോചിപ്പിക്കുവാൻ പോകുകയാണു്. ഒരാഴ്ചയ്ക്കുള്ളിൽ നിങ്ങളുടെ തീരുമാനം ഞങ്ങളെ വയർലെസ്സ് മുഖേന അറിയിക്കണം. C. C. 3 എന്ന നമ്പരിൽ എന്തുപറഞ്ഞാലും അതു് ഞങ്ങൾക്കു് കേൾക്കുവാൻ സാധിക്കും. നിങ്ങളുടെ തീരുമാനം നിഷേധാത്മകമാണെങ്കിൽ നിങ്ങളെ വീണ്ടും ഞങ്ങൾ തടവുകാരനാക്കും. ഞങ്ങളെ ബദ്ധപ്പെടുത്താതെ നിങ്ങൾ നേരിട്ടു് അറസ്റ്റുവരിക്കുന്നതായിരിക്കും നല്ലതു്. കാരണം നിങ്ങളെ തല്ക്കാലം ഞങ്ങൾ പരോളിൽ വിടുവാനാണു് ആഗ്രഹിക്കുന്നതു്."

ഇത്രയും പറഞ്ഞിട്ടു് അയാൾ കൈ ഞൊടിച്ചു. ഞങ്ങളുടെ ഇടയ്ക്കു് കർട്ടൻ പിന്നെയും വീണു. അധികം താമസിയാതെതന്നെ രണ്ടുപേർ എൻെറ മുറിക്കുള്ളിൽ കടന്നുവന്നു് എൻെറ ഇരുവശവും നിലയുറപ്പിച്ചു. എൻെറ കണ്ണുകൾ നല്ലതുപോലെ വരിഞ്ഞുകെട്ടിയതിനുശേഷം അവർ വളഞ്ഞുതിരഞ്ഞ വഴികളിലൂടെ എന്നെ വെളിയിൽ കൊണ്ടുവന്നു. എൻെറ ശരീരത്തിൽ വന്നടിച്ചുകൊണ്ടിരുന്ന ശുദ്ധവായുവിൽനിന്നും അപ്പോൾ ഞങ്ങൾ ഏതോ മൈതാനത്തിലാണു് നില്ക്കുന്നതെന്നു് എനിക്കു് മനസ്സിലായി. പെട്ടെന്നു് എൻ്റെ മുഖത്തു് ആരോ സുഗന്ധമുള്ള ഒരിനം വെള്ളം തളിച്ചു. അതോടെ ഞാൻ ബോധഹീനനായിതീരുകയും ചെയ്തു. അതിൽ പിന്നീടുള്ള യാത്രയെപ്പററി എനിക്കു്

യാതൊരു വിവരവും ഉണ്ടായിരുന്നില്ല. ഇതിനിടയ്ക്ക് അവർ എന്നെ ധരിപ്പിച്ചിരുന്ന വസ്ത്രങ്ങൾ മുഴുവൻ അഴിച്ചെടുത്തുകഴിഞ്ഞിരുന്നു. ഈ ഹാഫ് പാൻറല്ലാതെ എന്റെ ശരീരത്തിൽ വേറെ യാതൊരു വസ്ത്രവും ഉണ്ടായിരുന്നില്ല.

എനിക്ക് ബോധം വീണപ്പോൾ ഞാൻ ഈ വേഷത്തിൽ ഒരു വേലിക്കെട്ടിനു് വെളിയിൽ കിടക്കുന്നതാണു് കണ്ടതു്. നേരം പ്രഭാതമാകുന്നതേ ഉണ്ടായിരുന്നുള്ളു. ആ വേലിക്കെട്ടിനകത്തു് എന്തായിരിക്കുമെന്നു് അറിയുവാനുള്ള എൻെറ ജിജ്ഞാസ വൎദ്ധിച്ചു. ഞാൻ എഴുനേററു് ആ വേലിക്കുചുററും നടക്കുവാൻ തുടങ്ങി. അവിടെ ഒരു വശത്തു് കാണപ്പെട്ട വാതൽ തുറന്നു് ഞാൻ ഉള്ളിൽകടന്നു. അവിടെ കണ്ട കാഴ്ച എന്നെ സ്തംഭിപ്പിച്ചുകളഞ്ഞു. അവിടെ ഒരു തൂണോടു ചേത്തു് ഡഡ്യൂമറേയെ വരിഞ്ഞുമുറുക്കി നിറുത്തിയിരുന്നു. ആ ദുഷ്ടന്മാർ വൎണ്ണിച്ചതുപോലെയുള്ള നിഷ്ഠുരമായ കൃത്യങ്ങൾ തന്നെയാണു് ഡഡ്യൂമറേയുടെമേൽ അവർ നടത്തിയതു്. ശരീരം മുഴുവൻ വെന്തുകരിഞ്ഞിരുന്നെങ്കിലും മുഖത്തിനു് പറയത്തക്ക യാതൊരു മാററവും സംഭവിച്ചിരുന്നില്ല."

ഇത്രയും പറഞ്ഞിട്ടു് ഷേവർ രണ്ടു കൈകൾ കൊണ്ടും കണ്ണു് പൊത്തി. അദ്ദേഹത്തിൻെറ ശരീരം കിടുകിടെ വിറച്ചുപോയി. വളരെ പണിപ്പെട്ടു് സ്വയം നിയന്ത്രിച്ചുകൊണ്ടു് അദ്ദേഹം തുടന്നു. "ആ ഭയാനകവും, ബീഭത്സവുമായ കാഴ്ച കണ്ടപ്പോൾ എന്റെ തല കറങ്ങിപ്പോയി. പിന്നെ ഒരു നിമിഷംപോലും എനിക്ക് അവിടെ നില്ക്കുവാൻ കഴിഞ്ഞില്ല. ഞാൻ കഴിയുന്നത്ര വേഗത്തിൽ അവിടെനിന്നും ഇറങ്ങി ഓടു

വാൻ തുടങ്ങി. അങ്ങനെ ഓടി ഓടി ഞാൻ വളരെദ്ദൂരം പിന്നിട്ടു. അവസാനം ക്ഷീണിച്ചുതളൎന്നു ഞാൻ ഒരിടത്തു് ഇരുന്നു് വിശ്രമിക്കുവാൻ തുടങ്ങി. ആകസ്മികമായിട്ടാണു് ആ കാട്ടാന അവിടെ വന്നുചേൎന്നതു്. അതിനെ കണ്ടമാത്രയിൽ എൻെറ പകുതി ജീവനും നഷ്ടപ്പെട്ടു. ശേഷിച്ച ജീവനുംകൊണ്ടു് ഞാൻ പിന്നെയും ഓടി. ആന പുറകേയും. അവസാനം ഗത്യന്തരമില്ലാതായപ്പോഠം അടുത്തുകണ്ട ഒരു പാമ്പിൻ പൊത്തിലേയ്ക്കു് ഞാൻ ഇഴഞ്ഞുകയറി. അങ്ങനെയാണു് ശരീരത്തു മുഴുവൻ മുറിവേററതു്. ആ ഇടുങ്ങിയ പാറക്കൂട്ടത്തിനുള്ളിൽ ഇഴഞ്ഞുകയറിയില്ലായിരുന്നെങ്കിൽ ആ നശിച്ച ആന എന്നെ ചവുട്ടിമെതിക്കുമായിരുന്നു. എന്റെ ശവശരീരംപോലും നിങ്ങളുടെ ദൃഷ്ടിയിൽപ്പെടുമായിരുന്നില്ല."

കൗണ്ടു് ഷേവർ കുറച്ചുസമയത്തേയ്ക്കു് നിശബ്ദനായി ഇരുന്നു. ഡ്യൂമറേയെ ഏതു സ്ഥലത്തുവെച്ചാണു് വധിച്ചതെന്നു് ചോദിക്കുവാൻ ഫാക്കു് ആഗ്രഹിച്ചെങ്കിലും ആ ദുഃഖകരമായ സംഭവത്തെ വീണ്ടും അനുസ്മരിപ്പിച്ചു് ഷേവറെ ഭയവിഹ്വലനാക്കുവാൻ അദ്ദേഹം തയാറായില്ല. അദ്ദേഹം പലവിധ ചിന്തകളിൽ മുഴുകി അങ്ങനെ ഇരിക്കുമ്പോഠം വെളിയിൽ എവിടെയോ ഒരു വിമാനത്തിൻെറ ഇരമ്പൽകേട്ടു് ഞെട്ടിപ്പോയി. ഷേവറുടെ ശ്രദ്ധയും ആ ഭാഗത്തേയ്ക്കു് തിരിഞ്ഞു. അദ്ദേഹം കട്ടിലിൽ കിടന്നുകൊണ്ടുതന്നെ വെളിയിലേയ്ക്കു് എത്തിനോക്കി. അതു കണ്ടുകൊണ്ടു് ഫാക്കു് പറഞ്ഞു. "ഞാൻ വെളിയിലിറങ്ങി അന്വേഷിച്ചിട്ടുവരാം. താങ്കഠം ഇവിടെത്തന്നെ സമാധാനമായിട്ടു് കിടക്കണം." ഇത്രയും പറഞ്ഞിട്ടു് അദ്ദേഹം എഴുനേററു് വെളിയിലേയ്ക്കു് പോയി.

ഫാക്ക് പോയതിനുശേഷം ഷേവർ കട്ടിലിൽ തന്നെ തളൎന്നമട്ടിൽ കിടന്നു. വാസ്തവത്തിൽ അദ്ദേഹത്തിൻെറ മനസ്സ് അപ്പോഠം തികച്ചും ഉദ്വിഗ്നമായിരുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങഠംക്കുള്ളിൽ നടന്ന ആകസ്മികമായ സംഭവപരമ്പരകഠം അദ്ദേഹത്തിൻെറ പ്രശാന്തമായിരുന്ന മസ്തിഷ്കത്തിൽ അസ്വാസ്ഥ്യത്തിൻെറ വേലിയേററംതന്നെ സൃഷ്ടിച്ചിരുന്നു. വെളിയിലിറങ്ങി ആ വിമാനം ആരുടേതാണെന്ന് അന്വേഷിക്കുവാൻ പോലും കഴിവില്ലാത്തരീതിയിൽ അദ്ദേഹത്തിൻെറ ഹൃദയം ദുർബ്ബലമായിക്കഴിഞ്ഞിരുന്നു. വിമാനത്തിൻെറ ശബ്ദത്തിൽനിന്നും അതു് അവിടെ എവിടെയോ ഇറങ്ങുവാൻ വട്ടംക്രുട്ടുകയാണെന്ന് അദ്ദേഹം അനുമാനിച്ചു. അദ്ദേഹം കണ്ണുകളടച്ചുകൊണ്ടു് പലതും ആലോചിക്കുവാൻ തുടങ്ങി.

അദ്ദേഹത്തിന്ന് അധികസമയം അഃതരീതിയിൽ കിടക്കുവാൻ കഴിഞ്ഞില്ല. ഏതാനും മിനിററുകഠം കഴിഞ്ഞപ്പോഠഴേയ്ക്കും ഫാക്ക് മടങ്ങിവന്നു. വിളറിവെളുത്തിരുന്ന അദ്ദേഹത്തിൻെറ മുഖഭാവത്തിൽനിന്നും ഏതോ അസുഖകരമായ വാൎത്തയുമായിട്ടാണു് അദ്ദേഹം വരുന്നതെന്ന് ഷേവർ അനുമാനിച്ചു. കുടിലിനുള്ളിൽ കടന്ന് ഉടൻതന്നെ ഒരു ദീർഘനിശ്വാസത്തോടെ ഫാക്ക് പറഞ്ഞു. "ഷേവർ! ഏററവും ദുഃഖകരമായ ഒരു വാൎത്തയാണു്." ഷേവർ പ്രശ്നസൂചകമായ നയനങ്ങളോടെ ഫാക്കിനെ നോക്കി. അദ്ദേഹം തുടൎന്നു. "അതേപ്പററി പറയുവാൻപോലും ഞാൻ ഭയപ്പെടുന്നു. കാരണം താങ്കഠംക്ക് ഈ വേദനക്കൂടി സഹിക്കുവാൻ കഴിവില്ലെന്ന് എനിക്ക് അറിയാം. ശത്രുക്കഠം അവരുടെ ഭീഷണി നടപ്പിലാക്കി. നമ്മുടെ വക എല്ലാ

വിമാനങ്ങളും അവർ തകർത്തു തരിപ്പണമാക്കിക്കളഞ്ഞു. ഇന്നലെ രാത്രി പന്ത്രണ്ടുമണിയോടുകൂടി ഫ്രഞ്ച് ഇൻഡോ ചൈനയിലെ എല്ലാ വിമാനത്താവളങ്ങളിലും ആ താവളങ്ങളിൽ ഉണ്ടായിരുന്ന വിമാനങ്ങളിലും ഭയാനകമായ സ്ഫോടനങ്ങൾ ഉണ്ടായിപോലും. കോടിക്കണക്കിന് രൂപാ ചിലവാക്കി പണിയിച്ചിരുന്ന എല്ലാ താവളങ്ങളും വിമാനങ്ങളും നശിച്ച് നാമാവശേഷമായിപ്പോയി. ഭാഗ്യത്തിന് ഒരു വിമാനത്തിന് മാത്രം അപകടം ഒന്നും പററിയില്ല. കാരണം അത് നമ്മുടെ വക ഒരു രഹസ്യസന്ദേശവുമായി ശ്യാമ രാജധാനിയായ ബങ്കിംഗിലെ നമ്മുടെ പ്രതിനിധിയുടെ അടുക്കൽപോയിരിക്കുകയായിരുന്നു. ഇന്നു രാവിലെയാണ് അത് ബങ്കിംഗിൽനിന്ന് തിരിച്ചുവന്നത്. അതുകൊണ്ടാണ് അതിനുമാത്രം അപകടം ഒന്നും പററാതിരുന്നത്."

"ഒരെണ്ണമൊഴിച്ച് നമ്മുടെ വകയായി ഉണ്ടായിരുന്ന അറുപത്തിഒൻപത് യുദ്ധവിമാനങ്ങളും തകർന്നുപോയെന്നാണോ താങ്കൾ പറയുന്നത്?" പതറിയ സ്വരത്തിൽ ഷേവർ ചോദിച്ചു.

അതെ. അററകുററപ്പണികൾക്കുവേണ്ടി ഷെഡ്ഡിൽ കയററി ഇട്ടിരുന്ന വിമാനങ്ങൾപോലും തകർന്നുപോയെന്ന് പറഞ്ഞാൽ അവിടെ നടന്ന പൊട്ടിത്തെറിക്കലിനെപ്പററി ഏറെക്കുറെ അനുമാനിക്കാവുന്നതാണെല്ലോ. ഫാക്ക് ദീർഘനിശ്വാസത്തോടെ പറഞ്ഞു. കുറച്ചുസമയത്തേയ്ക്ക് ഷേവറിനും ഒന്നും സംസാരിക്കുവാൻ സാധിച്ചില്ല. അവസാനം അദ്ദേഹം പണിപ്പെട്ട് സ്വയം നിയന്ത്രിച്ചുകൊണ്ട് ചോദിച്ചു. ഈ വിമാനം ഇപ്പോൾ എവിടുന്നാണ് വരുന്നത്?"

ഫാക്ക്:-ബങ്കിംഗിലെ നമ്മുടെ പ്രതിനിധിയായ ക്യാപ്റ്റൻ മൌണ്ട് മോറീസൻെറ മറുപടിയുമായി ഇന്നു രാവിലെ സൈഗൺ നഗരത്തിൽ മടങ്ങിയെത്തിയ വിമാനമാണ്, ഇതു്. താങ്കൾ ഈ വഴിക്ക് വന്നിട്ടുണ്ടെന്നും താങ്കളുടെ ജീവൻ അപകടത്തിലാണെന്നും, ആരോ സൈഗൺ പ്രതിപുരുഷാലയത്തിൽ വയർലെസ് ടെലിഫോണിലൂടെ അറിയിച്ചതിൻെറ ഫലമായി താങ്കളെ അന്വേഷിച്ച് കണ്ടുപിടിക്കുവാനായി സൈഗൺ നഗരത്തിൽനിന്നും അയച്ച വിമാനമാണ് ഇതു്. താങ്കളെ കണ്ടുകിട്ടിയാൽ കഴിയുന്നത്ര വേഗത്തിൽ കൂട്ടിക്കൊണ്ടു ചെല്ലണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. കാരണം ഇപ്പോൾ അവിടെ താങ്കളുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായി തീർന്നിരിക്കുകയാണ്."

മാർഷൽ ഫാക്ക് പറഞ്ഞതിലും ഉപരിയായി സൈഗൺ നഗരത്തിൽ എന്തോ അനിഷ്ടസംഭവങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതു് തീർച്ചയായിരുന്നു. അല്ലെങ്കിൽ ഇത്ര ബദ്ധപ്പെട്ട് ഷേവറെ കണ്ടുപിടിക്കുവാനും കൂട്ടിക്കൊണ്ടുപോകുവാനുമായി അവർ വിമാനം അയയ്ക്കുമായിരുന്നുവോ എന്നു് സംശയമാണ്. എന്തെല്ലാമാണ് അവിടെ നടന്നതെന്നുള്ളതു് നമുക്ക് വഴിയേ വിശദമായി അറിയാവുന്നതാണ്.

*×*

## 4

ഗോർബാട്ട് ജയിലിലെ വാർഡറായ രഘുനാഥ ശർമ്മായുടെ കൈകളിലകപ്പെട്ട ദ്വാരകനാഥ മുതലാളിയെ ധനികർ തങ്ങളുടെ പ്രതിജ്ഞകൾ വളരെവേഗം മറക്കുന്നതുപോലെ വായനക്കാരും മറന്നുകാണാൻ ഇടയുണ്ട്. ഇപ്പോൾ അയാളെപ്പററിയുള്ള ഏതാനും വിവരങ്ങൾ അറിയാതെ നമുക്ക് മുമ്പോട്ടുപോകുവാൻ നിവത്തിയില്ല.

മുതലാളിയെ തടവിൽനിന്നു് മോചിപ്പിക്കുവാനുള്ള ദിവസം അടുത്തടുത്തു് വരികയാണു്. അയാളുടെ ശിക്ഷയുടെ കാലാവധി മിക്കവാറും തീരാറായി. ഒഴിവുദിവസങ്ങളും വിശേഷദിവസങ്ങളും എല്ലാം കഴിച്ചു് ഇനി ഏതാനും മാസങ്ങൾ മാത്രമേ ബാക്കിയുള്ളു. പക്ഷെ, മുതലാളിയെ സംബന്ധിച്ചിടത്തോളം ഈ അവസാനനിമിഷങ്ങൾ കഴിച്ചുകൂട്ടുന്നതായിരുന്നു അത്യന്തം ദുഷ്കരമായ പ്രവൃത്തി. ദിവസവും സൂര്യൻ ഉദിക്കു

മ്പോഠ അയാഠ ബാക്കിയുള്ള ദിവസങ്ങഠ വിരലിൽ എണ്ണിനോക്കും. കാലാവധിയുടെ അവസാന ദിവസങ്ങഠ തടവുകാരെ സംബന്ധിച്ചിടത്തോളം കൂടുതൽ ദൈർഘ്യമേറിയതാണു്; വിശേഷിച്ചും ദീർഘകാല തടവുകാരെ സംബന്ധിച്ചിടത്തോളം ഓരോ ദിവസവും ഓരോ യുഗംപോലെയാണു്. ഇങ്ങനെയുള്ള തടവുകാർ പലപ്പോഴും കാലാവധിയുടെ അവസാനദിവസങ്ങഠ അടുക്കുമ്പോഠ ജയിൽചാടി രക്ഷപെടുവാൻ ശ്രമിക്കാറുണ്ടു്. ജയിൽചാടി രക്ഷപെട്ടിട്ടുള്ള തടവുകാരുടെ ഒരു സ്ഥിതിവിവരക്കണക്കു് എടുക്കുകയാണെങ്കിൽ അവരിൽ തൊണ്ണൂറുശതമാനം ആളുകളും കാലാവധിയോടടുത്ത ദിവസങ്ങഠ കഴിച്ചുകൂട്ടാൻ വിഷമംതോന്നിയിട്ടു് ജയിൽചാടി രക്ഷപെട്ടവരാണെന്നു് നമുക്കു് മനസ്സിലാക്കുവാൻ സാധിക്കും.

മുതലാളിയെ സംബന്ധിച്ചിടത്തോളവും ഈ വസ്തുത ഒരു യാഥാർത്ഥ്യമായിരുന്നു. ദിവസങ്ങഠ അടുക്കുംതോറും അയാഠ കൂട്ടിലടയ്ക്കപ്പെട്ടിരിക്കുന്ന കിളി ചുററിനും തീ പടൎന്നുപിടിക്കുന്നതു കാണുമ്പോഠ രക്ഷപെടുവാൻവേണ്ടി പാടുപെടുന്നതുപോലെ ജയിൽ മുറിക്കുള്ളിൽ അസ്വസ്ഥനായി അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നു. ഈയിടെയായി അയാഠ ശർമ്മായെ മുഖസ്തുതികൊണ്ടു് അഭിഷേകം ചെയ്യുന്നതിൽ യാതൊരു കുറവും കാണിച്ചിരുന്നില്ല. ശർമ്മായുടെ ഏതൊരാജ്ഞയും അയാഠ ഉടനടി നിറവേററിക്കൊണ്ടിരുന്നു. പക്ഷേ, ഉദ്ദേശിച്ചതിനു വിപരീതമായ ഫലമാണുണ്ടായതെന്നുമാത്രം. തൻെറ പൊൻമുട്ട ഇടുന്ന താറാവു് തൻെറ പിടിവിട്ടു പോകുവാൻ തുടങ്ങുന്നുവെന്നു് മനസ്സിലാക്കിയ ശർമ്മാ ആ താറാവിൻെറ

വയർ പിളർന്ന് ഉള്ള മുട്ട മുഴുവൻ ഒരുമിച്ച് തട്ടിയെടു ക്കുവാൻ അഹോരാത്രം ശ്രമിച്ചുകൊണ്ടിരുന്നു.

ജയിലിലെ തടവുകാരിൽ പലരേയും ജയിലിലെ അവരുടെ പെരുമാററത്തെ അടിസ്ഥാനമാക്കി ജയി ലിൽതന്നെ ചെറിയ ചെറിയ ജോലികളിൽ നിയമി ക്കുക പതിവായിരുന്നു. മുതലാളിക്കും കുറേ ദിവസങ്ങ ളായി അങ്ങനെയുള്ള ഒരു ചെറിയ ജോലി കിട്ടിയിട്ടു ണ്ടു്. ഇന്നു് അയാൾ ജയിലിലെ ധാന്യപ്പുരയുടെ അ സിസ്റ്റൻറു് കീപ്പറായി ജോലി നോക്കുകയാണു്. ദിവ സവും തടവുകാർക്ക് ആവശ്യമുള്ളിടത്തോളം ധാന്യങ്ങൾ അളക്കുകയും തൂക്കുകയും അതിൻെറ കണക്കു് കുറിക്കുക യും മററുമാണു് അയാളുടെ ജോലി. ഈ ജോലിക്കു വേണ്ടി ഗവണ്മെൻറിൽനിന്നും പ്രത്യേകം ആളിനെ നിയമിച്ചിട്ടുണ്ടെങ്കിലും ശർമ്മായുടെ ഔദാര്യത്തിൻെറ ഫലമായിട്ടാണു് മുതലാളിക്കു് ആ സ്ഥാനം ലഭിച്ചതു്. സ്റ്റോർ കീപ്പർ അവധിയിൽ പോയിരുന്നതിനാൽ ആ ചുമതലകൂടി വാസ്തവത്തിൽ വഹിക്കേണ്ടതു് വാർഡർ, ശർമ്മായായിരുന്നു. ആ ഭാരമേറിയ ജോലിനോക്കുവാൻ പററിയ ആൾ തടവുകാരിൽ മുതലാളിമാത്രമാണെന്നു മനസ്സിലാക്കിയ ശർമ്മാ അക്കാര്യ്യം അയാളെ ഭാരമേല്പി ക്കുകയാണു് ചെയ്തതു്. എന്നാൽ രജിസ്റ്ററിൽ ഒപ്പിടു ന്നതും മററും ശർമ്മാതന്നെയായിരുന്നു.

ജയിലിലെ സ്റ്റോറിൻെറ ചാർജ്ജുവഹിക്കുന്ന ഉദ്യോ ഗസ്ഥനാണു് സൂപ്രണ്ടും ജയിലറും കഴിഞ്ഞാൽ പിന്നെ ജയിലിലെ പരമാധികാരി. അയാളുടെ പ്രതാപവും പ്രൗഢിയും ഒന്നു വേറെതന്നെയാണു്. ജയിൽ നിയമ മനുസരിച്ചു് ഓരോ തടവുകാരനും അനുവദിച്ചിട്ടുള്ളിട ത്തോളം ധാന്യങ്ങൾ മുഴുവൻ കൊടുക്കുകയാണെങ്കിൽ

എത്ര വലിയ ശാരീരികാദ്ധ്വാനം ചെയ്യുന്ന തടവുകാരനാണെങ്കിലും ശരി, അതിൽ ഒരു നല്ല പങ്ക് മിച്ചം വരുമെന്നുള്ളതു് തീർച്ചയാണു്. എന്നാൽ ഒററ ജയിലിൽപോലും തടവുകാർക്കു് അനുവദിച്ചിട്ടുള്ളിടത്തോളം ആഹാരസാധനങ്ങൾ കൊടുക്കാറില്ലെന്നുള്ളതാണു് പരമാർത്ഥം. മരിക്കാതിരിക്കാൻ മാത്രം പര്യാപ്തമായ ആഹാരസാധനങ്ങളെ എല്ലാ ജയിലിലും തടവുകാർക്കു് കൊടുക്കാറുള്ളു. അങ്ങനെ തടവുകാരെ കബളിപ്പിച്ചു് മിച്ചം എടുക്കുന്ന സാധനങ്ങൾ മുഴുവൻ ജയിൽ ഉദ്യോഗസ്ഥന്മാരുടെ വീടുകളിലേയ്ക്കു് പുറം വാതലിലൂടെ പോകുകയാണു് പതിവു്. സ്റ്റോർ കീപ്പറുടെ അറിവും സമ്മതവും കൂടാതെ ഈ പണിയൊട്ടു നടക്കുകയുമില്ല. അതുകൊണ്ടു് ജയിലിലെ വലിയ ഉദ്യോഗസ്ഥന്മാർ പോലും സാധാരണ ഗതിയിൽ സ്റ്റോർ കീപ്പറുടെ അപ്രീതിക്കു് ഇടയാക്കുന്ന യാതൊരു പ്രവൃത്തിയും ചെയ്യാറില്ല.

സ്റ്റോർ കീപ്പറുടെ അമിതമായ പ്രതാപത്തിനു് മറെറാരു കാരണംകൂടിയുണ്ടു്. തടവുകാർ മുഴുവൻ അയാളുടെ ഇംഗിതത്തിനനുസരിച്ചു് പ്രവൃത്തിക്കുവാൻ സദാ സന്നദ്ധമായിരിക്കും. കാരണം തടവുകാർക്കു് അറിയാം സ്റ്റോർ കീപ്പറുടെ പ്രീതിക്കു് പാത്രമായാൽ ചക്കാത്തിനു് പല സാധനങ്ങളും സ്റ്റോറിൽനിന്നു് കിട്ടുമെന്നു്. സ്വന്തം വീടുകളിൽ സ്വാതന്ത്ര്യത്തോടുകൂടി കഴിയുമ്പോൾ നോക്കുവാൻപോലും അറയ്ക്കാറുള്ള സാധനങ്ങൾ ജയിലിലായിരിക്കുമ്പോൾ അങ്ങേയററം സ്വാദിഷ്ടങ്ങളായി തോന്നാറുണ്ടു്. അങ്ങനെയുള്ള സാധനങ്ങൾക്കുവേണ്ടി ആരുടെയെല്ലാം മുമ്പിൽ മുഖസ്തുതി പറയണമെന്നോ. മുഖസ്തുതി പറഞ്ഞാലും പലപ്പോഴും

ആ സാധനങ്ങൾ കിട്ടിയില്ലെന്നുവരാം. അതുകൊണ്ട് തടവുകാർ മുഴുവൻ സ്റ്റോർ കീപ്പറെ വശത്താക്കുവാൻ വേണ്ടി എന്തും ചെയ്യുവാൻ തയാറായിരിക്കും. അങ്ങനെ നമ്മുടെ മുതലാളി ഇന്ന് ആ ജയിലിലെ തടവുകാരുടെ മുഴുവൻ ആരാധനാപാത്രമായി മാറിയിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ഇന്ന് ഗോർബാദ്ര് ജയിലിനുള്ളിൽ മുതലാളിയുടെ ഭരണമാണ് നടക്കുന്നതു്. ഇടയ്ക്കിടയ്ക്കു് ശർമ്മാജി അയാളുടെ ഹൃദയത്തിൽ പരിഭവങ്ങളുടെ ശൂലംകൊണ്ട് കുത്തുന്നില്ലായിരുന്നെങ്കിൽ ഇന്ന് അയാൾ ആകാശത്തുകൂടി മാത്രമേ സഞ്ചരിക്കുമായിരുന്നുള്ളു.

രോഗിയായ ഒരു തടവുകാരനുവേണ്ടി കുറച്ചു് ചൗവ്വരി എടുക്കുവാൻ മുതലാളി സ്റ്റോർ തുറന്ന് ഉള്ളിൽ കടന്ന് നിരനിരയായി വെച്ചിരുന്ന ഭരണികളിൽ ഓരോന്നിലും തപ്പുവാൻ തുടങ്ങി. ചൗവ്വരി ഏതു ഭരണിയിലാണ് സൂക്ഷിക്കുന്നതെന്ന് അയാൾക്ക് പിടികിട്ടിയിരുന്നില്ല. അങ്ങനെ ചൗവ്വരി നോക്കുന്നതിനിടയ്ക്കു് വേറൊരു തടവുകാരൻ ആ സ്റ്റോറിന്റെ വാതുക്കൽവന്നു നിന്നു. ആ തടവുകാരന്റെ പേരു് ഭോലാ എന്നായിരുന്നു. ഭോലായും മുതലാളിയും തമ്മിൽ അത്ര ലോഹ്യത്തിലല്ലായിരുന്നു കഴിഞ്ഞുകൂടിക്കൊണ്ടിരുന്നതു്. കാരണം ശർമ്മായുടെ സേവകന്മാരിൽ ഒരാൾകൂടിയായിരുന്നു ഭോലാ. ജയിലിലെ കൃഷിത്തോട്ടത്തിൽനിന്നും പലപ്പോഴും പച്ചക്കറികളും മററും ശർമ്മായുടെ വീട്ടിൽ കൊണ്ടുപോയി കൊടുക്കാറുള്ളതു് ഈ ഭോലായായിരുന്നു. അവിടെ ചെല്ലുമ്പോൾ ശർമ്മായുടെ ഭാര്യ അയാളെക്കൊണ്ട് വെള്ളംകോരിക്കുകയും വിറകുവെട്ടിക്കുകയും, വീട്ടുജോലികൾ ചെയ്യിക്കുകയും മററും ചെയ്യുമായിരുന്നു. അ

ങ്ങനെ ജയിലിനു വെളിയിൽ ഇറങ്ങുവാനും അവിടുത്തെ വായു ശ്വാസിക്കുവാനുമുള്ള സൗകര്യം ഭോലായ്ക്കു് ഇഷ്ടം പോലെ ലഭിച്ചിരുന്നതിനാൽ മുതലാളിക്കു് അയാളോടു് വാസ്തവത്തിൽ അരിശമാണുണ്ടായിരുന്നതു്. എന്നാൽ ശർമ്മായെപ്പററി ഓക്കുമ്പോഠം മുതലാളിക്കു് ഭോലായോടു് നേരിട്ടു് തൻെറ അരിശം പ്രകടിപ്പിക്കുവാനും സാധിച്ചിരുന്നില്ല. മുതലാളി തിടുക്കത്തിൽ എന്തോ തിരയുന്നതു കണ്ടിട്ടു് ഭോലാ വെളിയിൽനിന്നുകൊണ്ടു തന്നെ വിളിച്ചുചോദിച്ചു. "മുതലാളീ! എന്തോന്നാ ഇത്ര ബദ്ധപ്പെട്ടു് നോക്കുന്നതു്?"

"ആശുപത്രിയിൽ കിടക്കുന്ന 'ദ്വാരി'ക്കുവേണ്ടി കുറച്ചു് ചൗവ്വരിഎടുത്തുകൊണ്ടുചെല്ലാൻ ഡാക്കുരദ്ദേഹം പറഞ്ഞു. ഞാൻ ഇവിടെ മുഴുവൻ നോക്കിയിട്ടും ചൗവ്വരിപ്പാത്രം കാണുന്നില്ല" മുതലാളി അല്പമൊരു വിഷമത്തോടെ പറഞ്ഞു.

"ചൗവ്വരിയാണോ? അതു് അതാ, അവിടെ ആ മൂലയ്ക്കു് ഇരിക്കുന്ന ഭരണിയിലാണു്." ഭോലാ ഒരു ഭാഗത്തേയ്ക്കു് കൈചൂണ്ടിക്കാണിച്ചുകൊണ്ടു് പറഞ്ഞതിനുശേഷം നേരെ സ്റ്റോറിൽ കടന്നുചെന്നു് ചൗവ്വരിവെച്ചിരുന്ന ഭരണി തൊട്ടുകാണിച്ചുകൊടുത്തു. ഭരണിയിൽനിന്നും ചൌവ്വരി എടുക്കുന്നതിനുവേണ്ടി മുതലാളി കുനിഞ്ഞ ഉടൻതന്നെ ഭോലാ തൻെറ ചെരിപ്പിൻെറ ഉള്ളിൽനിന്നും ചുരുട്ടിക്കൂട്ടിയ ഒരു കടലാസ്സെടുത്തു് മുതലാളിയുടെ മുമ്പിലേയ്ക്കു് ഇട്ടിട്ടു് സാവധാനം സ്റ്റോറിൽ നിന്നും വെളിയിലേയ്ക്കു് ഇറങ്ങിപ്പോയി.

മുതലാളി തുടിക്കുന്ന ഹൃദയത്തോടെ ഒരു കൈകൊണ്ടു് ആ ചുരുട്ടിക്കൂട്ടിയ കടലാസെടുത്തു നിവത്തു് അതിലേയ്ക്കു് സൂക്ഷിച്ചുനോക്കി. അപ്പോഴം അയാഠം

ഭരണിക്കുള്ളിൽനിന്നു് മററെ കയ്യ് വെളിയിൽ എടു ത്തിരുന്നില്ല. ദൂരെനിന്നു് നോക്കിയാൽ മുതലാളി കുനി ഞ്ഞു് എന്തോ തപ്പിയെടുക്കുകയാണെന്നേ ആർക്കും തോ ന്നുമായിരുന്നുള്ളു. ആ കടലാസിൽ ഇത്രയും മാത്രമാണു് എഴുതിയിരുന്നതു്. "എന്താ, വേഗം ജയിലിൽനിന്നു് രക്ഷപെടണമെന്നുണ്ടോ? രത്നസിംഹൻ."

ഈ വാചകം വായിച്ചുതീർന്നതോടെ മുതലാളി യുടെ ഹൃദയം ശക്തിയായി തുടിക്കുവാൻ തുടങ്ങി. ആ കത്തിൻെറ അവസാനം എഴുതിയിരുന്ന പേരും ആ കത്തിൻെറ ഉള്ളടക്കവും അയാളുടെ ഹൃദയത്തിൽ ആകസ്മികമായി സൃഷ്ടിച്ച വികാരസംഘട്ടനത്തിൻെറ ഫലമായി മുതലാളിയുടെ കൈതട്ടി ചൌവ്വരി വെച്ചി രുന്ന ഭരണി പെട്ടെന്നു് ഒരു വശത്തേയ്ക്കു് മറിയുകയും അതിലുണ്ടായിരുന്ന ചൌവ്വരി മുഴുവൻ നിലത്താകെ ചിതറി വീഴുകയും ചെയ്തു. "എന്തുപററി? എന്തു പററി?" എന്നു ചോദിച്ചുകൊണ്ടു് ഭോലാ വേഗം മുറി ക്കുള്ളിലേയ്ക്കു് ഓടിവന്നു. ചൌവ്വരി തൂത്തുവാരുന്നതി നിടയ്ക്കു് അയാറം പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. "മറുപടി എന്തെങ്കിലും തരാനുണ്ടെങ്കിൽ ഉടൻതന്നെ തരണം. ആറം വെളിയിൽ കാത്തുനില്പുണ്ടു്." മുതലാളി അത്ഭുതത്തോടെ ചോദിച്ചു. "രത്നസിംഹൻ തന്നെ യാണോ?"

ഭോലാ:—അല്ല. അദ്ദേഹം അയച്ച ഒരാളാണു്.

രണ്ടുപേരുംകൂടി ചൌവ്വരി തൂത്തുകൂട്ടുന്നമട്ടിൽ അ ടക്കിയ സ്വരത്തിൽ സംഭാഷണം തുടന്നു.

മുത:-കടലാസിൽ എന്താണു് എഴുതിയിരിക്കുന്ന തെന്നു് നീ വായിച്ചുനോക്കിയോ?

ഭോലാ:—ഉവ്വ്. എൻെറ മുമ്പിൽവെച്ചാണു്

എഴുതിയതു്. മറുപടി നേരിട്ടു പറഞ്ഞാൽ മതിയെന്നും പറഞ്ഞു.

മുത:—ജയിലിൽനിന്നും രക്ഷപെടാൻ ആഗ്രഹിക്കാത്ത വിഢികൾ ആരെങ്കിലും ഉണ്ടോ? എന്റെ കാലാവധി തീരാൻ ഇനിയും നാലരമാസം കൂടിയുണ്ടു്. കാലാവധി തീരുന്നതിനുമുമ്പായി ശർമ്മാ എന്നെ വിടുന്ന ലക്ഷണം കാണുന്നില്ല. ഈയിടെയായി എന്നോടു് അത്ര ലോഹ്യത്തിലല്ലെന്നു തോന്നുന്നു.

ഭോലാ:—അയാൾക്കു് ശർമ്മായുമായി വലിയ പരിചയമാണെന്നു തോന്നുന്നു.

മുത:—ഏതായാലും 'അതെ' എന്നു് മറുപടികൊടുത്തു. പക്ഷേ രത്നസിംഹൻ ചെയ്തതുപോലെ പാറാവുകാരിൽ ആരെയെങ്കിലും കൊന്നിട്ടോ, സ്വന്തം ജീവൻ അപകടത്തിലാക്കിയിട്ടോ രക്ഷപെടണമെന്നു് ഞാൻ വിചാരിക്കുന്നില്ലെന്നുകൂടി പറഞ്ഞേക്കണം.

ഭോലാ:—അതാണു് അദ്ദേഹത്തിനു് അറിയേണ്ടതും. ഏതായാലും ഞാൻ നിങ്ങളുടെ അഭിപ്രായം അദ്ദേഹത്തെ അറിയിക്കാം.

ഇത്രയും പറഞ്ഞിട്ടു് ഭോലാ ചൗധരി മുഴുവൻ തുത്തുകൂട്ടി ഭരണിയിൽ വാരി ഇട്ടതിനുശേഷം ശർമ്മായുടെ കുതിരയ്ക്കുവേണ്ടി കടലയും വാങ്ങിച്ചുകൊണ്ടു് ഗേററിന്റെ അടുക്കലേയ്ക്കുപോയി. മുതലാളി തുടിക്കുന്ന ഹൃദയത്തോടുകൂടി രജിസ്റ്ററിൽ അന്നു് വിതരണം ചെയ്ത സാധനങ്ങളുടെ ഇനവിവരവും തൂക്കവും അളവും മററും കുറിക്കുവാൻ തുടങ്ങി. "രത്നസിംഹൻ നേരിട്ടു് വന്നിരിക്കുകയാണോ? പോലീസുകാർക്കു് ഇതേപ്പററിയുള്ള വല്ല വിവരവും കിട്ടിപ്പോയാലുള്ള അവസ്ഥ എന്തായിരിക്കും?" മുതലാളിയുടെ മസ്തിഷ്കത്തിലൂടെ ഇതു

പോലെയുള്ള സംശയങ്ങളുടെ ഒരു നീണ്ട ശൃംഖല മി ന്നൽ വേഗത്തിൽ കടന്നുപോയി.

അന്നത്തെ പകലും രാത്രിയും എങ്ങനെ കഴിച്ചുകൂട്ടിയെന്നു് മുതലാളിക്കുമാത്രമേ അറിയാവൂ. അഴുത്ത ദിവസം രാവിലെ സ്റ്റോറിലേയ്ക്കു പോകുവാൻ തുടങ്ങുമ്പോൾ ഒരു ജമേദാർ ധൃതിയിൽ നടന്നുവന്നു് അയാളോടു പറഞ്ഞു. "മുതലാളീ! ഗേററിന്റെ അടുക്കൽവരെ വരണം. ആരോ കാണാൻ വന്നു നില്പുണ്ടു്." ഇതു കേട്ടമാത്രയിൽ മുതലാളിയുടെ ഹൃദയം ശക്തിയായി തുടിച്ചു. അയാൾ ഒററ കുതിക്കു് ഗേററിൽ എത്തിച്ചേർന്നു. അവിടെ ചെന്നപ്പോൾ ഒരു പോലീസുകാരൻ അയാളെ ജയിലറുടെ ഓഫീസിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ജയിലിൽ ശർമ്മാ തന്റെ തൊട്ടടുത്തുള്ള കസേരയിൽ ഇരിക്കുന്ന ഒരാളോടു് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ മനുഷ്യനെ മുതലാളി അതിനുമുമ്പു് ഒരിക്കലും കണ്ടിട്ടുണ്ടായിരുന്നില്ല. മുതലാളി കടന്നുചെന്ന ഉടൻതന്നെ ശർമ്മാ മുതലാളിയെ നോക്കിക്കൊണ്ടു പറഞ്ഞു. "ഇതാ, നിങ്ങളുടെ കൂട്ടുകാരൻ വന്നിരിക്കുന്നു. നിങ്ങളോടു് എന്തോ പറഞ്ഞതിന്ശേഷം ഉടൻതന്നെ പോകണമെന്നാണു് പറയുന്നതു്. അതുകൊണ്ടു് വല്ലതും സംസാരിക്കാനുണ്ടെങ്കിൽ വേഗം സംസാരിച്ചുകൊള്ളണം. അല്ലെങ്കിൽ സ്റ്റോറിലെ കാര്യങ്ങൾക്കു് തടസ്സമുണ്ടാകും." ഇത്രയും പറഞ്ഞിട്ടു് ശർമ്മാ മേശപ്പുറത്തുനിന്നും ഒരു രജിസ്റ്റർ എടുത്തു തുറന്നു് അതിൽ എന്തൊക്കെയോ എഴുതുവാൻ ആരംഭിച്ചു. മുതലാളിയെ കാണുവാനായി വന്ന ആ മനുഷ്യൻ കസേര നീക്കി മുതലാളിയുടെ അടുക്കലേയ്ക്കു് ഇട്ടിട്ടു് ശർമ്മായ്ക്കു് പുറംതിരിഞ്ഞു് ഇരുന്നുകൊണ്ടു് വളരെ പതിഞ്ഞ സ്വരത്തിൽ മുതലാ

ളിയോട്ട് സംസാരിക്കുവാൻ തുടങ്ങി.

ആഗതൻ:—എന്നെ രത്നസിംഹനാണ് ഇങ്ങോട്ട് അയച്ചിരിക്കുന്നതു്.

മുത:—അദ്ദേഹം ഇപ്പോഠം എവിടെയാണ്?

ആഗ:—ബർമ്മയിലാണ്.

മുത:-വല്ലയിടത്തും ഒളിച്ചു താമസിക്കുകയാണോ?

ആഗ:—അല്ല അദ്ദേഹത്തിന് ഒരു വലിയ രാജ്യം കിട്ടിയിട്ടുണ്ടു്. ഇപ്പോഠം അവിടെ ഒരു രാജാവിനെപ്പോലെ കഴിയുകയാണ്. അദ്ദേഹത്തിന് ഒരു വലിയ കാൎയ്യം സാധിക്കുന്നതിനുവേണ്ടി നിങ്ങളുടെ സഹായം ആവശ്യമായി വന്നിരിക്കുന്നു. ഏതെങ്കിലും തരത്തിൽ നിങ്ങഠം കഴിയുന്നത്ര വേഗത്തിൽ അദ്ദേഹത്തിൻെറ അടുക്കൽ എത്തിച്ചേരണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നതു്.

മുത:—അദ്ദേഹത്തിൻെറയടുക്കൽ ചെല്ലുന്നതിന് എനിക്ക് സന്തോഷമേയുള്ളു. അദ്ദേഹത്തോടുള്ള എൻെറ കടപ്പാട് പറഞ്ഞറിയിക്കുവാൻ വിഷമമാണ്. പക്ഷേ, എൻെറ കാലാവധി തീരുവാൻ ഇനിയും മൂന്നു നാല് മാസങ്ങഠം കൂടിയുണ്ടല്ലോ.

ആഗ:—അദ്ദേഹം ധരിച്ചിരിക്കുന്നതു് നിങ്ങഠം ജയിലിൽനിന്നും ഇറങ്ങിക്കാണുമെന്നാണ്. അതുകൊണ്ടാണ് അദ്ദേഹം എന്നെ നേരെ നിങ്ങളുടെ വീട്ടിലേയ്ക്കു് അയച്ചതു്. നിങ്ങഠം പോരുവാൻ തയാറാണെങ്കിൽ ഞാൻ നിങ്ങളെ ഉടൻതന്നെ എൻെറകൂടെ കൊണ്ടുപോകുവാൻ തയാറാണ്.

മുത:—(തുടിക്കുന്ന ഹൃദയത്തോടെ) അതെങ്ങനെ?

ആഗ:—എങ്ങനെയുമാകട്ടെ. നിങ്ങഠം പോരാൻ തയാറാണോ അല്ലയോ എന്നു മാത്രം പറയൂ.

മുത:—നിയമാനുസരണം ഇവിടെനിന്നു് മോചിപ്പിക്കുകയാണെങ്കിൽ ഞാൻ പോരാൻ തയാറാണു്. മറേറതെങ്കിലും തരത്തിലാണെങ്കിൽ....

ആഗ:—അക്കാര്യം ഇന്നലെത്തന്നെ ഭോലാ ഏന്നോടു പറഞ്ഞിരുന്നു. ഞാൻ നിങ്ങളെ നിയമാനുസരണം തന്നെ മോചിപ്പിക്കാം.

മുത:—അങ്ങനെയാണെങ്കിൽ പിന്നെ ആരെങ്കിലും ഏതിരു പറയുമോ? ഇതെങ്ങനെ സാധിക്കുമെന്നാണു് നിങ്ങൾ പറയുന്നതു്?

ആഗ:—പറയുന്നതു് ശരിയല്ല. രഹസ്യമായി വെച്ചുകൊള്ളാമെന്നുണ്ടെങ്കിൽ ഞാൻ ചില അടയാളങ്ങൾ മാത്രം പറയാം.

മുത:—തീർച്ചയായും. എൻെറ നാക്കിൽനിന്നും ഇക്കാര്യം മൂന്നാമതൊരാൾ അറിയുകയില്ല.

ആഗ:—(പതിഞ്ഞ സ്വരത്തിൽ) ആദ്യം ഞാൻ നിങ്ങളെ ജയിലിൽനിന്നും തട്ടിക്കൊണ്ടുപോകാമെന്നാണു് വിചാരിച്ചതു്. നിങ്ങളുടെ സ്നേഹിതൻെറ നിർദ്ദേശവും അതുതന്നെയായിരുന്നു. പക്ഷേ, നിങ്ങൾ അതിനു് തയാറല്ലെന്നു് അറിഞ്ഞപ്പോൾ ഞാൻ മറെറാരു പോംവഴി കണ്ടുപിടിച്ചു. ജയിൽ ഡോക്കുരേയും ജയിലരേയും സൂപ്രണ്ടിനേയും ഞാൻ വശത്താക്കിയിരിക്കുകയാണു്. കഠിനമായ സുഖക്കേടാണെന്നുള്ള ഭാവേന നിങ്ങളെ കാലാവധിക്കു മുമ്പുതന്നെ മോചിപ്പിക്കാവുന്നതാണു്.

ഇതു കേട്ടതോടെ മുതലാളിയുടെ ഹൃദയം ശക്തിയായി തുടിച്ചു. കാലാവധി അവസാനിക്കുന്നതിനു് വളരെ മുമ്പുതന്നെ മോചിപ്പിക്കാമെന്നു് പറയുമ്പോൾ ഏതൊരു തടവുകാരനാണു് സന്തോഷംകൊണ്ടു് തുള്ളി

ച്ചാടാത്തതു്? തൻെറ ഹൃദയവികാരങ്ങളെ പണിപ്പെട്ടു് അമത്തിക്കൊണ്ടു് മുതലാളി ചോദിച്ചു. "അവർ ഇതിന്നു് എങ്ങനെ സമ്മതിച്ചു?"

ഇതിന്ന മറുപടിയായി ചൂണ്ടുവിരലിൽ തള്ളവിരൽ അല്പം മടക്കി രണ്ടുമൂന്നുപ്രാവശ്യം തട്ടിത്തെറിപ്പിച്ചു കാണിച്ചുകൊണ്ടു് ആഗതൻ പറഞ്ഞു. "ഇതുണ്ടെങ്കിൽ (പണം) സാധിക്കാത്ത കാര്യം വല്ലതും ഉണ്ടോ? ജയിലധികൃതരെല്ലാം സമ്മതിച്ചു കഴിഞ്ഞു. ഇനി നിങ്ങളുടെ സമ്മതം മാത്രംമതി. കാരണം ഇതിന്നുവേണ്ടി നിങ്ങളും ചിലതെല്ലാം ചെയ്യുകയും അല്പസ്വല്പം ബുദ്ധിമുട്ടുകൾ സഹിക്കുകയും വേണം.

മുത:—(ഇടറിയ കണ്ഠത്തോടെ) ഞാൻ എന്തും ചെയ്യുവാൻ തയാറാണു്. എന്താണു് ചെയ്യേണ്ടതെന്നുവെച്ചാൽ പറയണം.

ആഗ:—നിങ്ങൾക്കു് അറിയാമോ എന്നു് എനിക്കു് നിശ്ചയമില്ല. ഇവിടത്തെ ആശുപത്രിയിൽ ഒരാൾ ക്ഷയരോഗബാധിതനായി കിടപ്പുണ്ടു്. അയാളുടെ പേരും ദ്വാരകാനാഥൻ എന്നാണു്.

മുത:—ഉവ്വു്. അയാളെ എനിക്കു് അറിയാം. അയാൾക്കു് സുഖക്കേടായിട്ടു് വളരെക്കാലം ആയല്ലോ. ഇനി അധിക ദിവസം ജീവിച്ചിരിക്കുമെന്നും തോന്നുന്നില്ല. ഞാനാണു് അയാൾക്കുവേണ്ടി ദിവസവും ചൗവ്വരിയും മററും കൊടുത്തയയ്ക്കുന്നതു്. അയാളുടെ പേരും എൻെറ പേരും ഒന്നുതന്നെയാണെന്നും എനിക്കു് അറിയാം.

ആഗ:—അതെ. അയാളുടെ സ്ഥാനത്തു് നിങ്ങളെ കിടത്തും. നിങ്ങൾ ജീവിക്കുന്ന കാര്യം സംശയത്തിലാണെന്നു് ഡോക്ടരെക്കൊണ്ടു് സർട്ടിഫൈ ചെയ്യിക്കും.

അങ്ങനെ ജയിലറും സൂപ്രണ്ടും നിങ്ങളെ കാലാവധിക്കു മുമ്പുതന്നെ മോചിപ്പിക്കുവാൻ ശുപാർശയും ചെയ്യും.

മുത:—എന്നെ ജയിലിൽനിന്നു് വിടണമെങ്കിൽ ഇൻസ്പെക്ടർ ജനറലിൻെറ അനുവാദം ആവശ്യമില്ലേ? അതിനുവേണ്ടി ഒരു വലിയ തുക ചിലവാക്കേണ്ടി വരികയില്ലേ?

ആഗ:—ഞാൻ നേരത്തേതന്നെ പറഞ്ഞില്ലേ നിങ്ങളുടെ സ്നേഹിതനു് ഇപ്പോൾ പണത്തിനു് യാതൊരു പഞ്ഞവുമില്ലെന്നു്. പക്ഷേ, ഇതിനു് ഒരു വ്യവസ്ഥകൂടി നിങ്ങൾ സമ്മതിക്കണം.

മുത:—എന്താണു് ആ വ്യവസ്ഥ?

ആഗ:—ഇക്കാര്യം നിങ്ങളുടെ ബന്ധുക്കൾ ഒരുതരത്തിലും അറിയാൻ പാടില്ല. ഞാൻ പറയുന്നതു മുഴുവൻ നിങ്ങൾ ചെയ്യണം. ഇവിടെനിന്നിറങ്ങിയാൽ ഉടനെ വീട്ടിലേയ്ക്കു പോകുവാൻ പററുകയില്ല. എൻെറ കൂടെ നേരേ ബർമ്മായ്ക്കു പോരണം. അദ്ദേഹം അനുവദിച്ചതിനുശേഷമേ നിങ്ങൾ സ്വന്തം വീട്ടിൽ പോകാവൂ.

മുത:—അതിനെന്താണു് വിഷമം? ഞാൻ നിങ്ങളുടെ ഏതു വ്യവസ്ഥയും അംഗീകരിക്കുവാൻ തയാറാണു്. ബർമ്മായിൽ എനിക്കു് അധികദിവസം താമസിക്കേണ്ടിവരുമോ?

ആഗ:—ഇല്ല. കൂടിയാൽ പതിനഞ്ചോ ഇരുപതോ ദിവസം താമസിക്കേണ്ടിവരും. അതുകഴിഞ്ഞാൽ ഞാൻതന്നെ നിങ്ങളെ നിങ്ങൾ പറയുന്ന സ്ഥലത്തു് കൊണ്ടുപോയി വിടാം.

മുത:—അതുമതി. എനിക്കു് ഇനി യാതൊരു തടസ്സവുമില്ല. നിങ്ങൾക്കു് ചെയ്യാനുള്ളതു് എന്താണെന്നുവെച്ചാൽ ചെയ്തുകൊള്ളു.

"ശരി, ഇനി ഞാൻ ശർമ്മായുമായിട്ടു് സംസാരിക്കട്ടെ." എന്നു പറഞ്ഞിട്ടു് അയാൾ കസേര നീക്കി പഴയ സ്ഥാനത്തു് ഇട്ടിട്ടു് ശർമ്മായുടെ മുഖത്തേയ്ക്കു നോക്കി. അങ്ങനെ രണ്ടുപേർ ആ മുറിക്കുള്ളിൽ സംസാരിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യംപോലും മറന്നുപോയമട്ടിൽ ശർമ്മാ അപ്പോഴും രജിസ്റ്ററിലേയ്ക്കു് കുനിഞ്ഞു് എന്തോ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു.

★

# 5

വെളിയിലത്തെ വരാന്തയിൽനിന്നുയന്ന ഘണ്ഡാരവം ആ കെട്ടിടത്തിലാകെ മാറെറാലിക്കൊണ്ടു.

പണ്ഡിററു് ഗോപാൽശങ്കറിന്റെ മനോഹരമായ ആ മാളിക കുറേക്കാലമായി ഒഴിഞ്ഞുകിടക്കുകയായിരുന്നു. ഏതാനും ഭൃത്യന്മാരല്ലാതെ അവിടെ അപ്പോൾ വേറെ ആരും ഉണ്ടായിരുന്നില്ല. കാരണം ഗോപാൽ ശങ്കർ ഭാര്യ റോസിനേയും, ഓമനപ്പുത്രനേയും കൂട്ടിക്കൊണ്ടു് കാശ്മീരിലേയ്ക്കു് പോയിരിക്കുകയാണു്. ഇനിയും ഒന്നുരണ്ടുമാസംകൂടി കഴിഞ്ഞേ അദ്ദേഹം തിരിച്ചു വരികയുള്ളു.

ആദ്യത്തെ മണി കേട്ടപ്പോൾ മുരാരി അല്പമൊന്നു് പകച്ചുപോയി. എന്നാൽ രണ്ടാമത്തും മണിയടിക്കുന്നതു കേട്ടപ്പോൾ അയാൾ കണ്ണും തിരുമ്മിത്തുടച്ചുകൊണ്ടു് എഴുനേററു് ഭിത്തിയിൽ തൂക്കിയിട്ടിരുന്ന ക്ലോക്കിലേയ്ക്കുനോക്കി. അപ്പോൾ സമയം പന്ത്രണ്ടു പത്തു്

കഴിഞ്ഞിരുന്നു. ഈ അർദ്ധരാത്രി സമയത്ത് ആരായിരിക്കും വിളിക്കുന്നത്? മുരാരി അത്ഭുതത്തോടുകൂടി വെളിയിലേയ്ക്കുള്ള വാതലിന്റെ അടുക്കൽ ചെന്ന് ഉറച്ച സ്വരത്തിൽ ചോദിച്ചു. "ആരാണ്?"

"വാതൽ തുറക്കൂ. പണ്ഡിററ്ജിയുടെ ഒരു അടിയന്തിര സന്ദേശമുണ്ട്." വെളിയിൽനിന്ന് ഒരാൾ വിളിച്ചുപറഞ്ഞു. മുരാരി വേഗം വാതൽ തുറന്നു. വേഷവിധാനങ്ങളിൽനിന്നും ഏതോ പട്ടാള ഉദ്യോഗസ്ഥനാണെന്ന് തോന്നിക്കുന്ന ഒരാൾ മുറിക്കുള്ളിലേയ്ക്ക് കടന്ന് ഇങ്ങനെ ചോദിച്ചു. "മുരാരി എവിടെയാണ്? അയാളെ ഒന്നു വിളിപ്പിക്കാമോ?"

"ഞാനാണ് മുരാരി. താങ്കൾക്ക് എന്താണു വേണ്ടത്?" മുരാരി അത്ഭുതത്തോടെ ചോദിച്ചു. ആഗതൻ പാൻറിന്റെ പോക്കററിൽനിന്നും ഒട്ടിച്ച ഒരു കവർ എടുത്ത് മുരാരിയുടെ നേർക്ക് നീട്ടിക്കൊണ്ട് പറഞ്ഞു. "അദ്ദേഹം തന്നയച്ചതാണ്. ഇതിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഉടനെ പ്രവർത്തിക്കണം."

കവറിന്റെ പുറത്ത്ഗോപാൽശങ്കറിന്റെ കൈപ്പടയിൽ 'വളരെ അത്യാവശ്യം' എന്നും'മുരാരി' എന്നും എഴുതിയിരിക്കുന്നതു കണ്ടപ്പോൾ മുരാരി ഒരു ഞെട്ടലോടെ കൈനീട്ടി ആ കവർ വാങ്ങിച്ചു. അതിനു ശേഷം അടുത്തുകിടന്ന കോച്ചിന്റെനേർക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് അയാൾ പറഞ്ഞു. "താങ്കൾ ഈ കോച്ചിൽ ഇരിക്കണം. ഞാൻ ഈ എഴുത്തൊന്ന് വായിച്ചുനോക്കട്ടെ."

"എനിക്ക് ഒരു നിമിഷംപോലും കാത്തുനില്ക്കുവാൻ സാദ്ധ്യമല്ല. നിങ്ങൾ എന്നെപ്പററിയുള്ള ചിന്ത വിട്ടിട്ട് വേഗം കത്ത് വായിച്ചുനോക്കൂ. എന്നിട്ട്

അതിൽ പറഞ്ഞിരിക്കുന്നതുപോലെ ചെയ്യണം" ആഗതൻ അസ്വാസ്ഥ്യം സ്ഫുരിക്കുന്നമട്ടിൽ പറഞ്ഞു. മുരാരി ലൈററിൻെറ അടുക്കലേയ്ക്കു് മാറിനിന്നു് കവർ പൊട്ടിച്ചു് എഴുത്തെടുത്തു് വായിക്കുവാൻ തുടങ്ങി. അതിൽ ഗോപാൽശങ്കർ സ്വന്തം കൈപ്പടയിൽ ഇപ്രകാരം എഴുതിയിരുന്നു.

"മുരാരീ!

എൻെറ ആദ്യത്തെ എഴുത്തു് നിനക്കു് കിട്ടിക്കാണുമെന്നു് വിശ്വസിക്കുന്നു. അതിൽ ടൈഗറിനെ ഏതുനിമിഷവും പറക്കുവാൻ സജ്ജമാക്കി നിറുത്തിക്കൊള്ളണമെന്നു് പ്രത്യേകം എഴുതിയിരുന്നതു് ഓർമ്മിക്കുന്നുണ്ടല്ലോ. ഇപ്പോഠം എനിക്കു് ടൈഗറിൻെറ ആവശ്യംനേരിട്ടിരിക്കുന്നു. ക്യാപ്ററൻജീവൻറാമാണു് ഈ കത്തുമായി വരുന്നതു്. ടൈഗറിനെ അദ്ദേഹത്തെ ഏല്പിച്ചുകൊടുക്കുക. തകരാറൊന്നും കാണുകയില്ലെന്നു് വിശ്വസിക്കുന്നു.

(ഗോപാൽശങ്കർ. ഒപ്പ്)

മുരാരി ആ എഴുത്തു് ഒരിക്കൽക്കൂടി സൂക്ഷിച്ചു നോക്കി. അതു് ഗോപാൽശങ്കറിൻെറ കത്തല്ലെന്നു് സംശയിക്കത്തക്ക യാതൊരു ന്യായവും ഉണ്ടായിരുന്നില്ല. ആ കൈപ്പട മുരാരിക്കു് ചിരപരിചിതമായിരുന്നു. കൂടാതെ രണ്ടുദിവസം മുമ്പാണു് ഗോപാൽശങ്കറിൻെറ ആദ്യത്തെ കത്തു്. മുരാരിക്കു് കിട്ടിയതും. അതിൽ വിമാനം ഏതുനിമിഷവും പറക്കത്തക്ക രീതിയിൽ തയാറാക്കി നിറുത്തിക്കൊള്ളണമെന്നു് ഗോപാൽശങ്കർ പ്രത്യേകം എഴുതിയിരുന്നു. അതുകൊണ്ടു് ആ കത്തിൻെറ സാധുതയിൽ സംശയിക്കാതെ മുരാരി തിരിഞ്ഞു് ആഗതനോടു് പറഞ്ഞു. "വിമാനം തയാ

റായിരിക്കുകയാണു്. താങ്കൾക്കു് എപ്പോഴാണു് വേണ്ടതു്?"

ജീവൻറാം:—ഇപ്പോൾത്തന്നെ വേണം.

മുരാരി:—ഈ അർദ്ധരാത്രിക്കോ?

ജീവൻ:—എന്താ, വല്ല തകരാറും ഉണ്ടോ?

മുരാരി:—അതുകൊണ്ടല്ല നേരം വെളുത്തിട്ടായിരുന്നെങ്കിൽ അതു് ഒരിക്കൽക്കൂടി പരിശോധിച്ചുനോക്കാമെല്ലോ എന്നു വിചാരിച്ചു് ചോദിച്ചതാണു്.

ജീവൻ:—വിമാനം ഇപ്പോൾത്തന്നെ വേണം. അതിലെ യന്ത്രങ്ങളും, പീരങ്കികളും മററും ശരിയായ 'വർക്കിംഗു് കണ്ടീഷനിലാണോ' എന്നു മാത്രം പറഞ്ഞാൽ മതി.

മുരാരി:—വർക്കിംഗു് കണ്ടീഷനിലാണെന്നാണു് എനിക്കു് തോന്നുന്നതു്. ചിലപ്പോൾ പെട്രോൾ കുറച്ചുകൂടി നിറയ്ക്കേണ്ടിവരുമെന്നു തോന്നുന്നു.

"അതു സാരമില്ല. പെട്രോൾ ഞാൻ ഇടയ്ക്കു് എവിടെനിന്നെങ്കിലും നിറച്ചുകൊള്ളാം." എന്നു പറഞ്ഞിട്ടു് അയാൾ വേഗം വരാന്തയിലേയ്ക്കു് ഇറങ്ങി. മുരാരി പുറകിൽ നിന്നുകൊണ്ടു് വിളിച്ചുപറഞ്ഞു. "ഒന്നു നില്ക്കണേ. ഞാൻ ഷെഡ്ഡിൻെറ താക്കോൽ എടുത്തുകൊണ്ടുവരട്ടെ."

"ങാ, എന്നാൽ വേഗമാകട്ടെ." എന്നു പറഞ്ഞുകൊണ്ടു് ജീവൻറാം വാച്ചിലേയ്ക്കു് അസ്വസ്ഥനായി നോക്കി.

ഏതാനും മിനിററുകൾക്കുള്ളിൽ മുരാരി താക്കോലുമായി തിരിച്ചുവന്നു് ജീവൻറാമിനോടു് പറഞ്ഞു. "ഇനി നമുക്കു് പോകാം താങ്കൾ മുമ്പേ നടക്കണം." രണ്ടുപേരും വരാന്തയിൽ നിന്നും വെളിയിലേയ്ക്കു്

ഇറങ്ങി. ആ മാളികയുടെ തെക്കുഭാഗത്തുള്ള സാമാന്യം വിശാലമായ മൈതാനത്തിൻെറ മരു മൂലയ്ക്കായിരുന്നു വിമാനത്തിൻെറ ഷെഡ്ഡ്. ആ മൈതാനത്തിൽ പല യിടത്തും അപ്പോഴും വൈദ്യുതവിളക്കുകൾ പ്രകാശിച്ചു കൊണ്ടിരുന്നു. ഏതാനും ഭൃത്യന്മാർ കണ്ണുംതിരുമ്മി ഷെഡ്ഡിൻെറ അടുക്കലേയ്ക്കു് പോകുന്നതു് ജീവൻറാം കണ്ടു. താക്കോൽ എടുക്കാൻപോയ കൂട്ടത്തിൽ മുരാരി ഭൃത്യന്മാരെ വിളിച്ചുണർത്തിയതായിരിക്കുമെന്നു് അ യാൾ അനുമാനിച്ചു.

ഷെഡ്ഡിൻെറ ഭാരിച്ച വാതൽ തുറക്കപ്പെട്ടു. ഭൃത്യ ന്മാരെല്ലാവരുംകൂടി വിമാനം ഉന്തിത്തള്ളി മൈതാന ത്തിലേയ്ക്കു് ഇറക്കി. സാധാരണയായി ഷെഡ്ഡിൽ കിട ക്കുമ്പോൾ ടൈഗറിനെ ഒരു വലിയ കാൻവാസ് കവർ കൊണ്ടു് മൂടുക പതിവായിരുന്നു. എന്നാൽ രണ്ടു ദിവസം മുമ്പുകിട്ടിയ ഗോപാൽശങ്കറിൻെറ കത്തനുസരിച്ചു് അതു് തുത്തുതുടച്ചു് വൃത്തിയാക്കിയ സന്ദർഭത്തിൽ മുരാ രി കവർ എടുത്തു് മാററിവെച്ചിരിക്കുകയായിരുന്നു. വൈദ്യുതവിളക്കുകളുടെ ശക്തിയേറിയ പ്രകാശത്തിൽ ആ വിമാനവും അതിൻെറ മുൻഭാഗത്തു് ഘടിപ്പിച്ചി രുന്ന റേഡിയം ഗണ്ണും പളപളായമാനമായി മിന്നി ത്തിളങ്ങി.

ക്യാപ്റ്റൻ ജീവൻറാം പൈലററിൻെറ സീററിൽ കയറി ഇരുന്നു. അയാളുടെ നിർദ്ദേശമനുസരിച്ചു് മു രാരി വിമാനത്തിൻെറ പങ്കാപിടിച്ചു് ശക്തിയായി കറക്കി. ചെറിയൊരു ഇരമ്പലോടെ വിമാനത്തിൻെറ എഞ്ചിൻ സ്റ്റാർട്ടായി. വിമാനം സാവധാനം തറയിൽ കൂടി മുമ്പോട്ടു് പായുവാൻ തുടങ്ങി.

വൈദ്യുതവിളക്കുകൾ ആ മൈതാനത്തെ പകൽ

പോലെ പ്രകാശമുള്ളതാക്കിത്തീർത്തിരുന്നു. ക്രമേണ വിമാനത്തിൻെറ വേഗത കൂടിക്കൂടി അതു് തറയിൽനിന്നു് കറങ്ങിക്കറങ്ങി ഉയരുവാൻ തുടങ്ങി. ഏകദേശം പത്തുമിനിററു് കഴിഞ്ഞപ്പോഴേയ്ക്കും ടൈഗർ ആകാശത്തിൽ വളരെയധികം ഉയന്നു് അദൃശ്യമായിതീൻ്നു. കുറച്ചുസമയംകൂടി ആ എഞ്ചിൻെറ ശബ്ദം താഴെ നില്ക്കുന്നവക്കു് കേൾക്കുവാൻ സാധിച്ചു. ക്രമേണ ആ ശബ്ദവും അന്തരീക്ഷത്തിൽ ലയിച്ചുപോയി.

മുരാരി ഷെഡ്ഡിൻ്റെ വാതൽ അടച്ചുപൂട്ടി. മൈതാനത്തിലെ വിളക്കുകൾ മുഴുവൻ അണച്ചു. ഭൃത്യന്മാരെയെല്ലാം പറഞ്ഞയച്ചതിനുശേഷം മുരാരിയും മാളികയിലുള്ള തൻെറ മുറിയിൽചെന്നു് കട്ടിലിൽ കിടന്നു. അല്പസമയത്തേയ്ക്കു് ശബ്ദമുഖരിതമായിതീന്ന ആ ക്രൂരൻ മാളിക വീണ്ടും നിശബ്ദതയുടെ വിരിമാറിൽ തലചായ്ച്ചു.

*  *  *  *

മുരാരിക്കു് അന്നു് ഉറങ്ങുവാൻ വിധി ഉണ്ടായിരുന്നില്ല. അയാൾ കിടന്നു് കഷ്ടിച്ചു് പതിനഞ്ചു് മിനിററുപോലും കഴിയുന്നതിനു മുമ്പായി വീണ്ടും വരാന്തയിലെ മണി ഉച്ചത്തിൽ മുഴങ്ങി. ഗാഢനിദ്രയിലാണ്ടുപോകുവാനുള്ള സമയം ആയിട്ടില്ലായിരുന്നതിനാൽ ആദ്യത്തെ മണി കേട്ടപ്പോൾതന്നെ മുരാരി കട്ടിലിൽ നിന്നെഴുനേററു. "ഒന്നു് ഉറങ്ങുവാൻപോലും സമ്മതിക്കുകയില്ലെല്ലോ." എന്നു് സ്വയം പിറുപിറുത്തുകൊണ്ടു് അയാൾ വരാന്തയിലേയ്ക്കുള്ള വാതലിൻെറ അടുക്കൽ ചെന്നു. അവിടെ ചെന്ന ഉടൻതന്നെ അയാളുടെ ഉറക്കവും ആലസ്യവുമെല്ലാം പമ്പകടന്നു. വെളിയിൽ ഗോപാൽശങ്കറിൻെറചിരപരിചിതമായ ശബ്ദ

മാണ് മുരാരിക്ക് കേൾക്കവാൻ കഴിഞ്ഞത്. അദ്ദേഹം അപ്പോൾ ആരോടോ പറയുകയായിരുന്നു. "അല്ല. നമ്മൾ കണ്ട വെളിച്ചം ഇവിടുത്തേതായിരുന്നുവെന്ന് തോന്നുന്നില്ല. ഇവിടെ എല്ലാവരും നല്ല ഉറക്കമാണ്."

മുരാരി വേഗം വാതൽ തുറന്ന് വരാന്തയിലെ ലൈററ് ഇട്ടതിനുശേഷം അത്ഭുതത്തോടെ ചോദിച്ചു. "അങ്ങോ? ഇത്രവേഗം തിരിച്ചുപോന്നോ?"

ഗോ-ശങ്കർ:—അതെ, മുരാരി! ഒരു അത്യാവശ്യ കാര്യം ഉണ്ടായതുകൊണ്ടു് എനിക്ക് വേഗം തിരിച്ചു പോരേണ്ടിവന്നു. ഞാൻ ഇവിടെ താമസിക്കുവാൻ വന്നതല്ല. അല്പം ജോലി ഇവിടെ ചെയ്തുതീക്കാനുണ്ടു്. അതു് തീന്നാലുടൻതന്നെ ഞാൻ പോകും. ഇവിടെ എവിടെയോ അല്പസമയം മുമ്പു് നല്ല പ്രകാശം കണ്ടല്ലോ. എവിടെയായിരുന്നു അതു്? നിനക്കു് വല്ലതും അറിയാമോ?

മുരാരി:—കുറച്ചുസമയം മുമ്പു് ഞാൻ താവളത്തിലെ വിളക്കുകൾ മുഴുവൻ കത്തിച്ചു. ഒരുപക്ഷേ, ആ വെളിച്ചമായിരിക്കുമോ അങ്ങ് കണ്ടതു്?

ഗോ-ശങ്കർ:—(ധൃതിയിൽ) താവളത്തിലെ വിളക്കുകളോ? എന്തിനാണ് ഈ അർദ്ധരാത്രിക്ക് അവിടുത്തെ വിളക്കുകൾ കത്തിച്ചതു്?

മുരാരി:—വിമാനം കൊടുത്തയയ്ക്കുന്നതിനുവേണ്ടിയായിരുന്നു. അങ്ങയുടെ കത്തുമായിവന്ന ക്യാപ്റ്റൻ ജീവൻറാം വിമാനം കൊണ്ടുപോയിട്ടു് കഷ്ടിച്ച് ഇരുപതു് മിനിററോളം ആയിക്കാണും.

തൻെറ കാൽച്ചുവട്ടിൽനിന്നും ഭൂമി ഇളകി നീങ്ങുന്നതുപോലെ ഗോപാൽശങ്കറിനു് തോന്നി. വർദ്ധിച്ച പരിഭ്രമത്തോടെ അദ്ദേഹം ചോദിച്ചു. "നീ എന്താണീ

പറയുന്നതു്? വിമാനം ആരു കൊണ്ടുപോയെന്നാണു് പറയുന്നതു്? ക്യാപ്റ്റൻ ജീവൻറാംമാണു് ഈ നില്ക്കുന്നതു്."

ഇതു കേട്ടമാത്രയിൽ മുരാരി അടിമുടി വിറച്ചുപോയി. "വിമാനം ഉടൻതന്നെ കൊടുത്തയയ്ക്കണമെന്നു കാണിച്ചു് ഒരെഴുത്തുമായി അങ്ങു് ആരേയും ഇങ്ങോട്ടു് അയച്ചിട്ടില്ലായിരുന്നോ?" മുരാരി വിറയ്ക്കുന്ന സ്വരത്തിൽ ചോദിച്ചു. ഗോപാൽശങ്കർ നിഷേധഭാവത്തിൽ തലയാട്ടിക്കൊണ്ടു് പറഞ്ഞു. "ഇല്ല. ഞാൻ കത്തുംകൊടുത്തു് ആരേയും അയച്ചിട്ടില്ല. നിനക്കു് ഭ്രാന്തു് പിടിച്ചിട്ടില്ലല്ലോ? നീ വിമാനം കൊടുത്തയച്ചെന്നു തന്നെയാണോ പറയുന്നതു്?

മുരാരി വേഗം ഷർട്ടിൻെറ പോക്കററിൽനിന്നും ആ കവർ എടുത്തു് ഗോപാൽശങ്കറിൻെറ കയ്യിൽ കൊടുത്തിട്ടു് പറഞ്ഞു. "ഈ കത്തുമായിട്ടു് ജീവൻറാം ഇവിടെ വന്നിട്ടു് അരമണിക്കൂർപോലും ആയില്ല. അയാഠം വിമാനം കൊണ്ടുപോയിട്ടു് ഇപ്പോഠം കഷ്ടിച്ചു് ഇരുപതു് മിനിററായിക്കാണും."

ഗോപാൽശങ്കറിൻെറ നെററിത്തടത്തിൽ വിയർപ്പുതുള്ളികഠം പൊടിഞ്ഞുവന്നു. അദ്ദേഹം പരിഭ്രമത്താൽ ഇടറിയ സ്വരത്തിൽ അസ്പഷ്ടമായിട്ടു് ഇങ്ങനെ പറഞ്ഞു. "മുരാരീ! നിനക്കും ചതിവുപററിയോ? ഇതാ, ഈ നില്ക്കുന്ന ആളാണു് യഥാൎത്ഥത്തിലുള്ള ക്യാപ്റ്റൻ ജീവൻറാം. ഞങ്ങഠം രണ്ടുപേരും ഇപ്പോഠം ഒരുമിച്ചാണു് വരുന്നതു്."

"അങ്ങു് ആ എഴുത്തൊന്നു വായിച്ചുനോക്കണം...? മുരാരി പതറിയ സ്വരത്തിൽ പറഞ്ഞു.

ഗോപാൽശങ്കർ ഹൃദയവികാരങ്ങളെ പണിപ്പെട്ടു്

അമത്തിക്കൊണ്ടു് കത്തെടുത്തു് വായിച്ചുനോക്കി. ആ കത്തിൽ തൻെറ കൈപ്പട കണ്ടപ്പോൾ അദ്ദേഹം തരിച്ചു് നിന്നുപോയി. അത്ഭുതവിസ്ഫാരിതമായ നയനങ്ങളോടെ അദ്ദേഹം ആ എഴുത്തു മുഴുവൻ വായിച്ചുനോക്കി. അദ്ദേഹത്തിൻെറ ആശ്ചര്യത്തിനു് അതിരുണ്ടായിരുന്നില്ല. "മുരാരീ! ഈ കൈപ്പട എൻേറതുതന്നെയാണു്. എന്നാൽ ഞാൻ ഉറപ്പിച്ചു പറയുന്നു, ഈ കത്തു് ഞാൻ എഴുതിയതല്ലെന്നു്. ഇതിൻെറ പുറകിൽ ഏതോ വലിയ വഞ്ചന പതിയിരിപ്പുണ്ടു്. കൊടിയ വഞ്ചന! ഹോ, ഇനി ഞാൻ എന്തു ചെയ്യാനാണു്?" ഗോപാൽശങ്കർ തലയ്ക്കടിച്ചുകൊണ്ടു് ദൈന്യഭാവത്തിൽ പറഞ്ഞു.

മുരാരി:—വിമാനം തയാറാക്കി നിറുത്തിക്കൊള്ളണമെന്നു കാണിച്ചു് അങ്ങു് അയച്ച ആദ്യത്തെ എഴുത്തു് മിനിഞ്ഞാന്നാണു് എനിക്കു് കിട്ടിയതു്. അതുകൊണ്ടാണു് ഈ എഴുത്തു കണ്ടപ്പോൾ എനിക്കു് യാതൊരു സംശയവും തോന്നാതിരുന്നതു്.

ഗോ-ശങ്കർ:—ഞാൻ നിൻെറ പേക്കു് ഇതുവരെയും ഒററ കത്തുപോലും അയച്ചിട്ടില്ല. അങ്ങനെ ഒരു കത്തു് കിട്ടിയിട്ടുണ്ടെങ്കിൽ അതും കൃത്രിമമാണു്. ഇതു മുഴുവൻ ഏതോ ഒരു വലിയ വഞ്ചനയുടെ ഏതാനും ഭാഗങ്ങൾ മാത്രമാണെന്നു് തോന്നുന്നു.

മുരാരി മേശവലിപ്പു തുറന്നു് അതിൽനിന്നും രണ്ടു ദിവസം മുമ്പു കിട്ടിയ ആ കത്തും എടുത്തു് ഗോപാൽശങ്കറിൻെറ കയ്യിൽ കൊടുത്തു. അതിലെ കൈപ്പടയിലും സംശയിക്കത്തക്ക യാതൊന്നും ഉണ്ടായിരുന്നില്ല. "ഇതും ഞാൻ എഴുതിയതാണെന്നേ ആരും പറയുകയുള്ളു. എന്നാൽ ഇതു ഞാൻ എഴുതിയതല്ലെന്നുള്ളതാ

ണു് യാഥാർത്ഥ്യം" ഗോപാൽശങ്കർ ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു.

മുരാരി:—ഈ കത്തുകളിൽ ഞാൻ എങ്ങനെസംശയിക്കാനാണു്? ഈ ആദ്യത്തെ കത്തു് കിട്ടിയ ഉടൻതന്നെ ഞാൻ അങ്ങയുടെ പേക്കു് ഗുൽബർഗിലേയ്ക്കു് ഫോൺ വിളിക്കുകയും ചെയ്തു. എഴുത്തു് വാസ്തവമാണോ എന്നറിയുവാൻ വേണ്ടിയാണു് ഫോൺ ചെയ്തതു്. ആ കത്തു് ശരിയാണെന്നു് അങ്ങു് ഫോണിൽ കൂടി വിളിച്ചുപറയുകയും ചെയ്തു. ഈ ചുറവുപാടിൽ രണ്ടാമത്തെ എഴുത്തു് ഞാൻ എങ്ങനെ വിശ്വസിക്കാതിരിക്കും?

ഗോ-ശങ്കർ:— (പരിഭ്രമത്തോടെ) ഫോണിനു് മറുപടി പറയാൻ ഞാൻ ഗുൽബർഗിൽ ഇല്ലായിരുന്നല്ലോ. അവിടെനിന്നും ഞാൻ അനന്തനാഗിലേയ്ക്കു് പോയിട്ടു് എത്രയോ ദിവസങ്ങളായി! റോസിനെ അനന്തനാഗിൽ താമസിപ്പിച്ചിട്ടാണു് ഞാൻ ഇപ്പോൾ ഇങ്ങോട്ടു വന്നിരിക്കുന്നതു്. മേലാൽ എന്റെ പേക്കു് അനന്തനാഗിലെമേൽവിലാസത്തിലേകത്തുകളയയ്ക്കാവൂ എന്നു കാണിച്ചുകൊണ്ടുള്ള ഒരു കത്തു് ഞാൻ നിന്റെ പേക്കു് അയച്ചിരുന്നു.

മുരാരി:—അങ്ങനെയുള്ള ഒരു കത്തു് എനിക്കു് ഇതുവരെ കിട്ടിയിട്ടേ ഇല്ല.

ഗോ-ശങ്കർ:—ഫോണിലൂടെ കേട്ട ശബ്ദം എന്റേതുതന്നെയായിരുന്നുവെന്നു് നിനക്കു് ഉറപ്പുണ്ടോ?

മുരാരി മറുപടി പറയുവാൻ ഭാവിച്ചപ്പോഴേയ്ക്കും ഭിത്തിയോടു ചേർത്തുവെച്ചിരുന്ന ഫോണിൽ മണി അടിക്കുന്നതു കേട്ടുകൊണ്ടു് മറുപടി പറയാതെ ആ വശത്തേയ്ക്കു തിരിഞ്ഞു. "ആരാണു് സംസാരിക്കുന്നതെ

ന്ന് ശ്രദ്ധിയ്ക്കു എന്നുള്ള ഗോപാൽശങ്കറിന്റെ നിർദ്ദേശമനുസരിച്ച് അയാൾ റസീവർ എടുത്ത് ചെവിയോടടുപ്പിച്ചു. കുറച്ചുസമയം കഴിഞ്ഞപ്പോൾ റസീവർ ഗോപാൽശങ്കറിന്റെ നേർക്ക് നീട്ടിക്കൊണ്ട് മുരാരി പറഞ്ഞു. "ആരോ അങ്ങയോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്നു." ഗോപാൽശങ്കർ റസീവർ വാങ്ങി ചെവിയോടടുപ്പിച്ചു പിടിച്ചുകൊണ്ട് ചോദിച്ചു. "ഹല്ലോ! ആരാണ് അത്?" മറുപടിയായി ഫോണിലൂടെ ആരോ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു. "ആര്? ഗോപാൽശങ്കറാണോ അറന്റ് ചെയ്യുന്നത്?" "അതെ. ഞാൻതന്നെയാണ്. എന്തുവേണം?" ഗോപാൽശങ്കർ പരുക്കൻ മട്ടിൽ പറഞ്ഞു. "പണ്ഡിററ്ജീ! നമസ്കാരമുണ്ട്. ടൈഗറിനെപ്പററിയുള്ള ചിന്ത മുഴുവൻ വിട്ടേക്കണം. വേറെ ഏതെങ്കിലും വിമാനം വരുത്തി അതിൽ ഞങ്ങളെ പിൻതുടന്നുകൊള്ളാൻ ക്യാപ്റ്റൻ ജീവൻ റാമിനോട് പറയണം. അദ്ദേഹത്തെ സ്വാഗതം ചെയ്യുവാൻ ഞങ്ങൾ തയാറായി നില്ക്കുകയാണെന്നുകൂടി അറിയിച്ചേക്കണം." ചിരികൾക്കിടയിൽ ആരോ പറഞ്ഞു.

ഗോപാൽശങ്കർ കോപാധിക്യത്താൽ അടിമുടി വിറച്ചുകൊണ്ടു ചോദിച്ചു. "നിങ്ങൾ ആരാണ്?"

"ഏ, ഇതുവരെയും മനസ്സിലായില്ലേ? താങ്കളുടെ സുഹൃത്തുക്കളായ ത്രികണ്ടകർ." പൊട്ടിച്ചിരിയും അതേത്തുടന്ന് ഫോൺ താഴെ വയ്ക്കുന്ന ശബ്ദവും ഗോപാൽശങ്കർ റസീവറിലൂടെ കേട്ട് സ്തംഭിച്ചു നിന്നുപോയി.

★

## 6

ആകാശത്തിൽ വളരെ ഉയരത്തിലായി കേൾക്കപ്പെട്ട ആ ശബ്ദം ആ മുറിയിൽ ഉണ്ടായിരുന്നവരുടെയെല്ലാം ശ്രദ്ധയെ ആകർഷിച്ചു. ചെറുപ്പക്കാരായ ഏതാനും ഓഫീസറന്മാർ ജന്നലുകളുടെ അടുക്കൽ ചെന്നു നിന്നുകൊണ്ടു് വെളിയിലേയ്ക്കു് എത്തിവലിഞ്ഞു നോക്കുവാൻ തുടങ്ങി.

ഫ്രഞ്ച് ഇൻഡോ ചൈനായുടെ തലസ്ഥാനമായ സൈഗൺ നഗരത്തിലെ ഗവർണ്ണരുടെ വസതിയായ ബൽവേഡിയർ പാലസ്സിൽ ഈ സമയത്തു് ഏതാനും തിരഞ്ഞെടുക്കപ്പെട്ട ഓഫീസറന്മാർ ചേൎന്നു് ഏതോ ഗഹനമായ വിഷയത്തെക്കുറിച്ചു് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണു്. അവരുടെ എല്ലാവരുടേയും മുഖത്തു് നിഴലിച്ചു കാണുന്ന പരിഭ്രമവും പാരവശ്യവും കണ്ടാൽ ഏതോ ദുഃഖകരവും, ചിന്താജനകവുമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് **വ്യക്തമായിരുന്നു. അതുകൊണ്ടാ**

KOTTAYAM ... LIBRARY KOTTAYAM.

യിരിക്കണം അവരെല്ലാവരും ആ മുറിയിൽ ഒരുമിച്ചു കൂടി രഹസ്യമായി ചർച്ചകൾ നടത്തുന്നതു്.

"അതാ, അതാ പോകുന്നു." ഒരു ഭാഗത്തേയ്ക്കു കൈചൂണ്ടികാണിച്ചുകൊണ്ടു് ഒരു ഓഫീസർ വിളിച്ചു പറഞ്ഞു. അയാൾ കൈചൂണ്ടിക്കാണിച്ച ഭാഗത്തേയ്ക്കു് പലരും സൂക്ഷിച്ചുനോക്കി. ദൂരദർശിനിയിലൂടെ ആകാശത്തിലേയ്ക്കു് നോക്കിക്കൊണ്ടിരുന്ന ഒരാൾ അല്പസമയത്തിനുശേഷം പറഞ്ഞു. "ശരിയാണു്. അതു് നമ്മുടെ വിമാനംതന്നെയാണു്. കൌണ്ടു്ഷേവരേയും കൊണ്ടു് വരികയാണെന്നു് തോന്നുന്നു." ഇതു കേട്ട മാത്രയിൽ അവിടെ ഉണ്ടായിരുന്നവരെല്ലാം ജന്നലുകളുടെ അടുക്കൽ തടിച്ചുകൂടി. അതോടെ അവിടെ നടന്നുകൊണ്ടിരുന്ന ചർച്ചയും താല്ക്കാലികമായി അവസാനിച്ചു.

അതിവേഗം പറന്നടുത്തുകൊണ്ടിരുന്ന ആ വിമാനം നിമിഷനേരംകൊണ്ടു് ആ പാലസ്സിനോടു തൊട്ടു് ചേർന്നുകിടന്നിരുന്ന വിശാലമായ മൈതാനത്തിന്റെ മുകളിൽ എത്തിച്ചേർന്നു. ഒന്നുരണ്ടു തവണ മൈതാനത്തിനു മുകളിൽ വട്ടമിട്ടു് കറങ്ങിയതിനുശേഷം അതു് സാവധാനം നിലത്തിറങ്ങി. മുറിയ്ക്കുള്ളിലുണ്ടായിരുന്നവരിൽ ഏതാനും പേർ ആ മൈതാനത്തിലേയ്ക്കു് പാഞ്ഞുപോയി. ബാക്കിയുള്ളവർ അവിടെത്തന്നെ നിന്നുകൊണ്ടു് പരസ്പരം പലതും സംസാരിക്കുവാൻ തുടങ്ങി.

കുറച്ചുസമയം കഴിഞ്ഞപ്പോൾ മാർഷൽഫോക്കിനോടുകൂടി കൌണ്ടു്ഷേവർ നടന്നുവരുന്നതു കണ്ടപ്പോൾ അവരെല്ലാവരും പലതരത്തിൽ തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുവാൻ തുടങ്ങി. പലരുടേയും ഹൃദയത്തിൽ

കുടികൊണ്ടിരുന്ന അസ്വാസ്ഥ്യം പമ്പകടന്നു. ഉത്തര വാദിത്വമെന്നു പറയുന്നതു് ഒരു മുൾക്കിരീടമാണു്. അതിൻെറ ഭാരം ചുമക്കുവാൻ എല്ലാവരേയുംകൊണ്ടു് സാദ്ധ്യമല്ല.

കൗണ്ടു്ഷേവർ പുഞ്ചിരിതൂകിക്കൊണ്ടു് എല്ലാവർക്കും ഹസ്തദാനംചെയ്തു. പലരേയും അദ്ദേഹം സന്തോഷാധിക്യത്താൽ ആലിംഗനംചെയ്തു. പക്ഷേ അതു് സന്തോഷം കൊണ്ടാടുവാനുള്ള സമയം ആയിരുന്നില്ല. അപകടസമ്പൂർണ്ണമായ ആ പരിതസ്ഥിതിയിൽ സന്തോഷപ്രകടനങ്ങൾ നടത്തുന്നതു് അവിവേകത്തിൻെറ ലക്ഷണമാണു്. അതു് മനസ്സിലാക്കിയ ഷേവർ വേഗം കുശലാന്വേഷണങ്ങളും മററും അവസാനിപ്പിച്ചിട്ടു് ഒരു വശത്തേയ്ക്കു് മാറി നിന്നുകൊണ്ടു് പറഞ്ഞു.

"ഞാൻ സുശക്തരായ ഒരുക്കൂട്ടം ശത്രുക്കളുടെ പിടിയിൽനിന്നു് രക്ഷപെട്ടു വന്നിരിക്കുകയാണു്. അതിൽ ഞാനും നിങ്ങളും സന്തോഷിക്കുക സ്വാഭാവികമാണു്. എന്നാൽ ഇതു് സന്തോഷം കൊണ്ടാടുവാനുള്ള സന്ദർഭമല്ല. കഴിഞ്ഞ ഇരുന്തൂറിൽപരം വർഷത്തെ ഭരണത്തിനിടയ്ക്കു് ഫ്രഞ്ചുഗവണ്മെൻറിനു് ഒരിക്കൽപോലും അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ലാത്ത രീതിയിൽ അത്രമാത്രം പ്രബലരും ശക്തിശാലികളുമായ ഒരുക്കൂട്ടം ശത്രുക്കളുടെ ആക്രമണത്തെയാണു് നമുക്കു് ഇന്നു് അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നതു്. അതുകൊണ്ടു് ഇന്നു് പ്രവർത്തിയാണു് നമുക്കു് ആവശ്യമായിട്ടുള്ളതു്. ഞാൻ എങ്ങനെയാണു് അപ്രത്യക്ഷനായതെന്നും, എവിടെയാണു് ഇതുവരെയും കുടുങ്ങി കിടന്നതെന്നും, അവസാനം എങ്ങനെയാണു് രക്ഷപെട്ടതെന്നും മററും അറിയുവാൻ നിങ്ങൾക്കു് അതിയായ താല്പര്യം ഉണ്ടായിരി

യ്ക്കുമെന്നു് എനിക്കു് അറിയാം. അതൊരു നീണ്ട കഥയാണു്. ആ കഥ മുഴുവൻ സവിസ്തരം പറയുവാനുള്ള സന്ദർഭം ഇപ്പോൾ നമുക്കില്ലല്ലോ. അതിനുള്ള ആവശ്യവും ഉണ്ടെന്നു തോന്നുന്നില്ല. ചുരുക്കത്തിൽ ശത്രുക്കളാണു് എന്നെ തട്ടിക്കൊണ്ടുപോയതെന്നും, അവർതന്നെയാണു് എന്നെ ഇപ്പോൾ മോചിപ്പിച്ചിരിക്കുന്നതെന്നും മാത്രം നിങ്ങൾ മനസ്സിലാക്കുക. ബാക്കിയുള്ള കാര്യങ്ങൾ മുഴുവൻ ഞാൻ സൗകര്യംപോലെ നിങ്ങളെ പറഞ്ഞുകേൾപ്പിക്കാം. നിങ്ങൾ ശത്രുക്കളുടെ അടവുകളെ അഭിമുഖീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിക്കാനാണു് ഇവിടെ കൂടിയിരിക്കുന്നതെന്നു് ഞാൻ അറിഞ്ഞു. ഏതായാലും നമുക്കു് ആ ജോലി തുടരാം. നിങ്ങളുടെ ചർച്ചകൾ എത്രമാത്രം പുരോഗമിച്ചുവെന്നു് അറിയുവാൻ എനിക്കു് ആഗ്രഹമുണ്ടു്. ജനറൽ ഫ്രാൻസീസ്! നിങ്ങൾ ചുരുക്കത്തിൽ കാര്യങ്ങൾ മുഴുവൻ പറയണം. നിങ്ങൾ എല്ലാവരും ഇരിക്കൂ."

എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ ഫ്രാൻസീസ് പറയുവാൻ തുടങ്ങി. "മി: ഷേവർ! അങ്ങേയ്ക്കു് സംഭവങ്ങൾ എത്രമാത്രം അറിയാമെന്നു് എനിക്കു് നിശ്ചയമില്ല. അതുകൊണ്ടു് ആദ്യംമുതൽതന്നെ പറയാമെന്നു് ഞാൻ വിചാരിക്കുന്നു."

"മത്സ്യബന്ധനത്തിനുവേണ്ടി പുറപ്പെട്ട അങ്ങയെ ബോട്ടിലുണ്ടായിരുന്ന ആൾക്കാരോടുകൂടി ശത്രുക്കൾ തട്ടിക്കൊണ്ടുപോയ അന്നുമുതൽതന്നെ അവർ ആക്രമണത്തിനുമേൽ ആക്രമണം ആരംഭിച്ചു. അങ്ങയുടെ അപഹരണം അവരുടെ യുദ്ധപ്രഖ്യാപനമായിരുന്നെന്നു്

തോന്നുന്നു. ഞങ്ങൾക്കു് സമാധാനമായിരുന്നു് ആലോചിച്ചു് തീരുമാനിക്കുന്നതിനുള്ള സാവകാശംപോലും തരാതെയാണു് അവർ ഇടതടവില്ലാതെ ആക്രമണം ആരംഭിച്ചതു്.

"അങ്ങയെ തട്ടിക്കൊണ്ടുപോയതിൻെറ രണ്ടാമത്തെ ദിവസമാണു് ശത്രുക്കളുടെ രണ്ടാമത്തെ ആക്രമണം നടന്നതു്. നമ്മുടെ സൈനികത്താവളങ്ങളിലും, കോട്ടകളിലും, കൊത്തളങ്ങളിലും, വെടിമരുന്നുശാലകളിലും മററും അവർ അഗ്നിജ്വാലകൾ വർഷിക്കുവാൻ തുടങ്ങി പ്രശാന്തസുന്ദരമായ ആകാശത്തു് ആകസ്മികമായി ഒരു പുതിയ പ്രകാശം ക്ഷണനേരത്തേയ്ക്കു് വ്യാപിക്കും. അതേ തുടന്നു് അസ്ത്രത്തിൻെറ വേഗത്തിൽ തീജ്വാലകൾ പാഞ്ഞുവന്നു് നമ്മുടെമേൽ പതിക്കും. അതിൻെറ മാരകമായ ചൂടിൽ സവ്വവും നീറിനീറി നശിക്കും. നമ്മുടെ എത്രയെത്ര താവളങ്ങളാണു് ഇങ്ങനെ നശിച്ചതെന്നോ! എത്രയെത്ര ഗോഡൗൺ തീപിടിച്ചു നശിച്ചു! എത്രയെത്ര കൂടാരങ്ങളും, ആയുധങ്ങളും, യന്ത്രസാമഗ്രികളും നശിച്ചു് നാമാവശേഷമായി! പട്ടണങ്ങളിലും ഗ്രാമങ്ങളിലും എത്രയെത്ര സ്ഥലങ്ങളിലാണു് തീപിടുത്തത്തിൻെറ ഫലമായി വമ്പിച്ച നാശനഷ്ടങ്ങൾ ഉണ്ടായതെന്നു് യാതൊരു രൂപവുമില്ല. കോടിക്കണക്കിനു് രൂപായ്ക്കുള്ള നഷ്ടമാണു് ഈ ആക്രമണത്തിൻെറ ഫലമായി നമുക്കും നാട്ടുകാക്കും ഉണ്ടായിരിക്കുന്നതു്. ആ അഗ്നിജ്വാലകളുടെ മാരകമായ പ്രവത്തനങ്ങളെപ്പററി കണ്ടും കേട്ടും ജനങ്ങളും പട്ടാളക്കാരും ഒരുപോലെ ഭയവിഹ്വലരായി കഴിയുകയാണു്.

"ഇതിനുശേഷമാണു ശത്രുക്കളുടെ മൂന്നാമത്തെ

ആക്രമണം നടന്നതു്. നമ്മുടെ യുദ്ധക്കപ്പലുകളിലും, തുറമുഖങ്ങളിലും, തുറമുഖങ്ങളോടുചേൎന്ന സ്ഥലങ്ങളിലും ഭയാനകമായ സ്ഫോടനങ്ങൾ ഉണ്ടായി. ആദ്യമായി നമ്മുടെ ക്രൂസറുകളിലും, സബ്മറൈൻ കപ്പലുകളിലും, ഡിസ്ട്രോയർ ബോട്ടുകളിലുമാണു് സ്ഫോടനം ഉണ്ടായതു്. അതിൻെറ ഫലമായി നമ്മുടെ യുദ്ധക്കപ്പലുകളിൽ മുക്കാൽ ഭാഗവും നശിച്ചുപോയി. തുറമുഖങ്ങളുടേയും ഗോഡൗണുകളുടേയും കസ്റ്റംസ് ഓഫീസുകളുടേയും ഊഴിയമായിരുന്നു അടുത്തതു്. ഫ്രഞ്ച് ഇൻഡോ ചൈനയുടെ തെക്കൻതീരത്തു് കപ്പലുകൾക്കു് നിർബാധം അടുക്കുവാൻ പററിയ ഒററ തുറമുഖംപോലും ഇന്നു് ഇല്ലാതായി തീൎന്നിരിക്കുകയാണു്. നൂറുചാക്കു് ധാന്യങ്ങൾ ഒരുമിച്ചു് സൂക്ഷിക്കുവാൻ കൊള്ളാവുന്ന ഒററ ധാന്യസംഭരണശാലപോലും ഇന്നു് ഈ നാട്ടിൽ അവശേഷിച്ചിട്ടില്ല. അങ്ങനെ എല്ലാംകൂടി ഏതാണ്ടു് നൂറുകോടിരൂപായുടെ നാശനഷ്ടങ്ങൾ ഉണ്ടായിക്കാണുമെന്നാണു് നമ്മുടെ സാമ്പത്തിക വിദഗ്ദ്ധന്മാരുടെ അഭിപ്രായം.

"ഈ അഗ്നിജ്വാലകൾ എവിടെനിന്നാണു് വരുന്നതെന്നോ, ഈ സ്ഫോടനങ്ങൾ എങ്ങനെയാണു് ഉണ്ടാകുന്നതെന്നോ ഇതുവരെയും നമുക്കു് കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണു് ഏററവും പരിതാപകരമായ സംഗതി. പലരുടെയും അഭിപ്രായം വാസനോത്സവദിവസം സാധാരണ അടച്ചിടാറുള്ള പുരോഹിതന്മാരുടെ മഠങ്ങളിൽനിന്നും ആശ്രമങ്ങളിൽനിന്നുമാണു് ഈ തീജ്വാലകൾ പുറപ്പെട്ടന്നതെന്നായിരുന്നു. അതിൻെറ യാഥാൎത്ഥ്യം അറിയുന്നതിനുവേണ്ടി പല പ്രധാനപ്പെട്ട മഠങ്ങളും നമ്മുടെ പട്ടാളക്കാർ കയ്യേറുക

യുണ്ടായി. പക്ഷെ, അവിടുത്തെ അന്തേവാസികളായ പുരോഹിതന്മാരുടെ ശാപവചനങ്ങളും മതാന്ധരായ സാധാരണ ജനങ്ങളുടെ ഭത്സനങ്ങളും കേൾക്കുവാൻ കഴിഞ്ഞുവെന്നുള്ളതിൽക്കവിഞ്ഞു് യാതൊരുപ്രയോജനവും അതുകൊണ്ടു് ഉണ്ടായില്ല. സംശയിക്കത്തക്ക രീതിയിലുള്ള യാതൊരു തെളിവും അവിടെ നിന്നൊന്നും കിട്ടിയില്ല. സ്ഫോടനത്തെക്കുറിച്ചുള്ള അന്വേഷണത്തിൻെറ ഫലവും ഇതുതന്നെയായിരുന്നു. ദിവസവും നാലും അഞ്ചും സ്ഥലങ്ങളിൽ പൊട്ടിത്തെറിക്കലുകൾ ഉണ്ടാകും. ബോംബു പൊട്ടുന്നതാണെന്നാണു് ഞങ്ങളുടെ ബലമായ സംശയം. ഓരോ പൊട്ടിത്തെറിക്കൽ കഴിയുമ്പോഴും നമുക്കു് ലക്ഷക്കണക്കിനു് രൂപായുടെ നഷ്ടമാണു് ഉണ്ടാകുന്നതു്. എത്ര ശ്രമിച്ചിട്ടും ആ സ്ഫോടനങ്ങളുടെ കാരണം കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല. പൊട്ടിത്തെറിക്കൽ ഉണ്ടാകാൻ ഇടയുള്ള സ്ഥലങ്ങൾ മുഴുവൻ നമ്മുടെ ആൾക്കാർ നല്ലതുപോലെ പരിശോധിച്ചുനോക്കും. സംശയിക്കത്തക്ക യാതൊരു സാഹചര്യവും ഇല്ലെന്നു് പൂർണ്ണബോദ്ധ്യം ഉണ്ടായതിനുശേഷമേ അവർ ആ സ്ഥലം വിട്ടുപോകുകയുള്ളൂ. പക്ഷെ, അവർ പോകേണ്ട താമസമേ ഉള്ളൂ; അടുത്ത നിമിഷംതന്നെ അവിടെ പൊട്ടിത്തെറിക്കലും ഉണ്ടാകും. മറെറാരു തരത്തിൽ പറഞ്ഞാൽ നമ്മേയും നമ്മുടെ ആൾക്കാരേയും വിഡ്ഢിവേഷം കെട്ടിച്ചുകൊണ്ടാണു് അവർ മാരകമായ ആ ആക്രമണങ്ങൾ നടത്തിയതു്.

“ഇതേ തുടന്നു് ശത്രുക്കൾ നമ്മുടെ നേക്കു് രണ്ടു ആക്രമണങ്ങൾകൂടി നടത്തി. ആ ആക്രമണങ്ങൾ നമ്മുടെ ശേഷിച്ച ആശയും അടിയോടെ തകർത്തുകളഞ്ഞു. അങ്ങയെ കണ്ടുപിടിക്കുന്നതിനും ആ തീജ്വാലയുടേയും

സ്ഫോടനത്തിൻെറയും കാരണങ്ങൾ കണ്ടുപിടിക്കുന്ന തിനുംവേണ്ടി നമ്മുടെ രഹസ്യപ്പോലീസുകാർക്ക് അല്പം നിർദ്ദയമായി പെരുമാറേണ്ടിവന്നു. അതിൽ ക്ഷുഭിത രായിത്തീന്ന ശത്രുക്കൾ നമ്മുടെ ഡ്യൂമറേയോടാണ് അരിശം തീത്തതു്. അന്യരാജ്യങ്ങളെ അടിച്ചമത്തി ഭരിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രത്തിലെ പൗരന്മാർക്ക് സ്വന്തം ജീവനെക്കൊണ്ടു് പന്താടേണ്ടിവരുമെന്നു് നമു ക്കു് അറിയാം. പക്ഷേ, ഡ്യൂമറേയെ തട്ടിക്കൊണ്ടു പോകുവാൻ അവർ കൈക്കൊണ്ട രീതി നമ്മുടെ അഭി മാനത്തോടുള്ള ഒരു വെല്ലുവിളിയായിരുന്നു. പുറകില ത്തെ ഉദ്യാനത്തിൽ ഞങ്ങൾ ഒരു ചായ സൽക്കാരം നട ത്തിക്കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നു് ഞങ്ങളുടെ ഇടയ്ക്കുനിന്നും ശത്രുക്കൾ ഡ്യൂമറേയെ റാഞ്ചിയെടുത്തു കൊണ്ടു് പോകുകയാണു് ചെയ്തതു്. ഞങ്ങൾ ഇതി കത്തവ്യതാവിമൂഢരായി ഇരുന്നുപോയി."

ആ സംഭവത്തെപ്പററി ഓത്തപ്പോഴേയ്ക്കും ജനറൽ ഫ്രാൻസിസിൻെറ തൊണ്ട ഇടറിപ്പോയി. പലരുടേയും ഹൃദയാന്തരാളത്തിൽനിന്നും ചുടുനിശ്വാസങ്ങൾ ഉയന്നു. പലരുടേയും മുഖം കോപംകൊണ്ടു് ചെമന്നു തുടുത്തു; വളരെ പണിപ്പെട്ടു് സ്വയം നിയന്ത്രിച്ചതിനുശേഷം ഫ്രാൻസിസ് തുടന്നു.

"മേജർ ഡ്യൂമറേയുടെ തിരോധാനത്തോടെ ഞ ങ്ങൾ അധീരരായി തീന്നു. അതേ തുടന്നു് ഞങ്ങൾ മർദ്ദനനയം തന്നെയാണു് അവലംബിച്ചതു്. ശത്രുക്ക ളുടെ ചാരന്മാരാണെന്നു് സംശയം തോന്നിയ ആളുക ളെ മുഴുവൻ അറസ്ററുചെയ്തു് വെടിവെച്ചു കൊന്നു. അനേകം മഠങ്ങളും ക്ഷേത്രങ്ങളും ഇടിച്ചുനിരത്തി. അ നേകം ഗ്രാമങ്ങൾ തകത്തു തരിപ്പണമാക്കി. ശ്യാമ

രാജ്യം ശത്രുക്കളുടെ പ്രവത്തനങ്ങൾക്കു് ആവശ്യമായ പ്രേരണയും പ്രോത്സാഹനവും സഹായവും നൽകുന്നുവെന്നു് സംശയം തോന്നിയതിനാൽ ശത്രുക്കളുടെ പ്രവത്തനങ്ങൾ ഉടനടി അവസാനിപ്പിക്കുവാൻ ആവശ്യമായ സത്വരനടപടികൾ കൈക്കൊള്ളാത്തപക്ഷം അവിടുത്തെ ഭരണം നമ്മൾ നേരിട്ടു് ഏറെറടുക്കുന്നതായിരിക്കുമെന്നു് അവിടുത്തെ രാജാവിനെ രേഖാമൂലം അറിയിച്ചു. പക്ഷേ, നമ്മുടെ ഈ പ്രവത്തനത്തിന്റെ ഫലം ഉദ്ദേശിച്ചതിനു നേരെ വിപരീതമായിരുന്നു. ശത്രുക്കൾ ഭയങ്കരമായ ഒരു ആക്രമണമാണു് നമ്മുടെ മേൽ നടത്തിയതു്. ഇരുപത്തിനാലു മണിക്കൂർ സമയം കൊണ്ടു് ഫ്രഞ്ചു് ഇൻഡോ ചൈനയിൽ ഫ്രഞ്ചുകാരുടെ വകയായുണ്ടായിരുന്ന എല്ലാ വിമാനങ്ങളും, വിമാനത്താവളങ്ങളും അവർ ഒന്നോടെ തകത്തുകളഞ്ഞു. കണികാണാൻപോലും ഒരു വിമാനം അവർ ബാക്കി വെച്ചിട്ടില്ല. എത്രയെത്ര ടൺകകളാണു് ആ ആക്രമണത്തിന്റെ ഫലമായി നശിച്ചതെന്നു് കണക്കില്ല. അങ്ങനെ നമ്മുടെ സൈനിക ശക്തി എന്നന്നേയ്ക്കുമായിട്ടല്ലെങ്കിലും കുറേ വഷക്കാലത്തേയ്ക്കു് അവർ തകത്തുകളഞ്ഞു. വെടിമരുന്നും വെടിമരുന്നുശാലകളും സ്വന്തമായിട്ടില്ലാത്ത ഒരു രാഷ്ട്രം, കോട്ടയും കൊത്തളങ്ങളുമില്ലാത്ത ഒരു രാഷ്ട്രം, യുദ്ധവിമാനങ്ങളും യുദ്ധക്കപ്പലുകളും ഇല്ലാത്ത ഒരു രാഷ്ട്രം, ടൺകകളും ജീപ്പുകളും ഇല്ലാത്ത ഒരു രാഷ്ട്രം എങ്ങനെ പ്രബലനായ ഒരു ശത്രുവിനെ നേരിടും? എങ്ങനെ സ്വരക്ഷയ്ക്കാവശ്യമായ കരുതൽ നടപടികൾ കൈക്കൊള്ളും? ശ്യാമരാജാവായ മഹാവജ്രായുധനു് എതിരായിട്ടു് അവിടുത്തെ ജനങ്ങളും സർദാർമാരും, പുരോഹിതന്മാരുംകൂടി ഒരുവിപ്ലവം നടത്തുകയും, രാജാ

വിനെ സിംഹാസനഭ്രഷ്ടനാക്കിയിട്ട് ദിവംഗതനായ മഹാരാജാവിന്റെ മൂത്ത പുത്രനും, മുൻ സൈന്യാധിപനുമായിരുന്ന മംഗർഷിയെ രാജാവായി അഭിഷേകം ചെയ്യുകയും ചെയ്തു. നമ്മുടെ സമ്മർദ്ദത്തിന്റേയും പ്രേരണയുടേയും ഫലമായിട്ടായിരുന്നു ഇപ്പോഴത്തെ മഹാരാജാവ് മംഗർഷിയെ നാടുകടത്തിയിരുന്നത്. ഈ സന്ദർഭത്തിൽ അദ്ദേഹം എവിടെനിന്നു് വന്നുചേർന്നോ എന്തോ? മിന്നൽവേഗത്തിലാണു് ഈ സംഭവവികാസങ്ങൾ അവിടെ നടന്നതു്. ഇരുപത്തിനാലു് മണിക്കൂറിനുള്ളിൽ ശ്യാമരാജ്യത്തിലുണ്ടായ മാററങ്ങൾ വിശ്വസിക്കുവാൻപോലും വിഷമമാണു്. മഹാവജ്രായുധനെ ഒരു കപ്പലിൽ കയററി എങ്ങോട്ടോ അയച്ചിരിക്കുകയാണു്. ശ്യാമരാജധാനിയായ ബങ്കിംഗിൽ ഇന്നു് രാജ്യാഭിഷേകച്ചടങ്ങുകൾ നടക്കുകയാണു്. 'മംഗർഷി നരേന്ദ്രൻ രണ്ടാമൻ' എന്ന പേരിൽ മംഗർഷി ഇന്നു് സിംഹാസനാരോഹണം ചെയ്യും. ശ്യാമിലെ നമ്മുടെ പ്രതിനിധിയായ മൗണ്ട്മോറീസന്റെ അടുക്കലേയ്ക്കു് നമ്മുടെ ഒരു സന്ദേശവുമായി പോയിരുന്ന ആ വിമാനത്തിലാണു് അങ്ങു് ഇപ്പോൾ ഇവിടെ എത്തിച്ചേർന്നതു്. ആ വിമാനം ബങ്കിംഗിൽവെച്ചു് മംഗർഷിയുടെ ആൾക്കാർ പിടിച്ചെടുക്കുകയുണ്ടായി. പക്ഷേ, എന്തു കാരണത്താലോ അവർ അതു് വിട്ടയയ്ക്കുകയാണു ചെയ്തതു്. ആ വിമാനത്തിന്റെ പൈലററ്വശം മംഗർഷി നമ്മുടെപേക്ക് ഒരു സന്ദേശം കൊടുത്തയച്ചിട്ടുണ്ടു്. ആ സന്ദേശത്തെപ്പററി ചർച്ചചെയ്യുവാനായിട്ടാണു് ഞങ്ങൾ ഇവിടെ കൂടിയിരിക്കുന്നതു്. ചുരുക്കത്തിൽ പറഞ്ഞാൽ ഇത്രയും കാര്യങ്ങളാണു് അങ്ങു പോയതിനുശേഷം ഇതുവരെയായി ഇവിടെ നടന്നതു്."

ജനറൽ ഫ്രാൻസിസ് ഒരു ദീർഘനിശ്വാസത്തോടെ സ്വസ്ഥാനത്തു് ഇരുന്നു. ആ സദസ്സിൽ അല്പസമയത്തേയ്ക്കു് നിശബ്ദത വ്യാപിച്ചു. അവസാനം കൗണ്ടു് ഷേവർ പറഞ്ഞു. "മംഗർഷി കൊടുത്തയച്ചിരിക്കുന്ന ആ സന്ദേശം എന്താണു്? അതറിഞ്ഞിട്ടുവേണമെല്ലോ അതേപ്പററി അഭിപ്രായം പറയേണ്ടതു്."

ജനറൽ ഫ്രാൻസിസ് അടുത്തിരുന്ന വൃദ്ധനായ ഒരു ഓഫീസറുടെനേക്കു് തിരിഞ്ഞു. അയാൾ ഒരു ബാഗിൽനിന്നും രണ്ടു കവർ എടുത്തു് ഫ്രാൻസിസിൻെറ കയ്യിൽ കൊടുത്തു. അതിൽ ഒരു കവറിൽനിന്നും ഒരു കത്തെടുത്തു് ഫ്രാൻസിസ് ഉറക്കെ വായിച്ചു.

"കുറേക്കാലമായിട്ടു് മഹാരാജാവായ മഹാവജ്രായുധനു് തീർത്ഥസ്ഥാനങ്ങളും, പ്രസിദ്ധ ദേവാലയങ്ങളും സന്ദർശിക്കണമെന്നു് അതിരററ ആഗ്രഹം തോന്നിയിരുന്നു. എന്നാൽ അനുനിമിഷം വർദ്ധിച്ചുകൊണ്ടിരുന്ന ഭരണഭാരം അദ്ദേഹത്തിൻെറ ആഗ്രഹത്തിനു മുമ്പിൽ വിഘ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. തൻെറ ചിരകാലാഭിലാഷം നിറവേററുന്നതിനുവേണ്ടി അദ്ദേഹം തന്റെ ദാസനും, വിനീതസേവകനുമായ മംഗർഷിയോടു് രാജ്യഭാരം ഏറെറടുക്കണമെന്നു് ആവശ്യപ്പെട്ടു. സ്വന്തം പിതാവിനെക്കാളും പൂജ്യനായ മഹാരാജാവിന്റെ ആഗ്രഹത്തിനു മുമ്പിൽ തലകുനിക്കുവാൻ നിർബ്ബന്ധിതനായിത്തീന്ന മംഗർഷി ഒഴിഞ്ഞുമാറുവാൻ ആവുന്നത്ര ശ്രമിച്ചെങ്കിലും അതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകാതിരുന്നതിനാൽ അവസാനം രാജാജ്ഞയ്ക്കു് വഴങ്ങിക്കൊടുത്തു. മഹാരാജാ മഹാവജ്രായുധൻ തീർത്ഥാടനംകഴിഞ്ഞു മടങ്ങിവന്നു് രാജ്യഭാരം ഏറെറടുക്കുന്നതുവരെ മഹാരാജാവിൻെറ റസിഡൻറു് എന്നുള്ള

നിലയിൽ ശ്യാമരാജ്യത്തിന്റെ ഭരണം ഏറെറടുക്കാമെന്നു് മംഗർഷി സമ്മതിച്ചു.

ഇന്നു മുതൽ ശ്യാമരാജ്യത്തിൽ മഹാമഹിമാവാൻ മംഗർഷി നരേന്ദ്രൻ രണ്ടാമന്റെ ഭരണമായിരിക്കും നടക്കുന്നതു്. അയൽരാജ്യങ്ങളുമായി മൈത്രീബന്ധത്തിൽ കഴിയണമെന്നാണു് മംഗർഷി ആഗ്രഹിക്കുന്നതു്. ആ ബന്ധം തുല്യനിലയിലുള്ളതായിരിക്കണമെന്നും അദ്ദേഹിത്തിനു് നിർബന്ധമുണ്ടു്. എല്ലാ അയൽരാജ്യങ്ങളുമായി ഇപ്പോഴും മൈത്രീബന്ധം നിലനില്ക്കുന്നുണ്ടെങ്കിലും ഫ്രഞ്ചു് ഇൻഡോ ചൈനായുമായുള്ള ബന്ധത്തിൽ അവിടുത്തെ ഭരണാധികാരികളുടെ ഏതാനും പ്രവൃത്തികളാൽ അല്പം ശൈഥില്യം നേരിട്ടിട്ടുണ്ടെന്നു് തോന്നുന്നു. ശ്യാമരാജ്യത്തിലെ വ്യാപാരത്തെ മുഴുവൻ സാരമായി സ്പർശിക്കുവാനും, ഉലയ്ക്കുവാനും ഇടയുള്ള രീതിയിൽ ഫ്രഞ്ചുകാർ ശ്യാമരാജ്യത്തിനുള്ളിൽക്കൂടി ഒരു പുതിയ റയിൽവേ ലൈൻ നിർമ്മിച്ചുകൊണ്ടിരിക്കുന്നതിനെ മംഗർഷി ഗൗരവപൂർവ്വമാണു് വീക്ഷിക്കുന്നതു്. ഇരുരാജ്യങ്ങളുമായുള്ള മൈത്രി കൂടുതൽ സുദൃഢമാക്കുന്നതിനുവേണ്ടി ആ റയിൽവേ ലൈനിന്റെ തുടർന്നുള്ള പണികൾ നിറുത്തിവെയ്ക്കണമെന്നും, പണി തീർന്നിടത്തോളം റയിൽവേ ലൈൻ ഉടൻതന്നെ ഇളക്കിമാററണമെന്നും മംഗർഷി നരേന്ദ്രൻ രണ്ടാമൻ രാജകീയമായ അധികാരാവകാശങ്ങളോടെ ഗവർണർ കൗണ്ടു്ഷേവരോടു് അഭ്യർത്ഥിക്കുകയാണു്. ഈ അഭ്യർത്ഥന നിരസിക്കുകയാണെങ്കിൽ ഇരുരാജ്യങ്ങളും തമ്മിൽ ഇപ്പോൾ നിലവിലിരിക്കുന്ന മൈത്രീബന്ധത്തിനു് ഉലച്ചിൽ തട്ടുവാൻ ഇടയുണ്ടെന്നും അറിയിച്ചുകൊള്ളുന്നു.”

ആ കത്തിൻെറ ചുവട്ടിൽ ചെമന്ന നിറത്തിലുള്ള ഒരു വലിയ മുദ്രയും മുകളിൽ മംഗർഷിയുടെ ഔദ്യോഗിക സ്ഥാനമാനങ്ങളെ സൂചിപ്പിക്കുന്ന മുദ്രയും കുത്തിയിട്ടുണ്ടായിരുന്നു. ആ മുദ്രകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഫ്രാൻസീസ് പറഞ്ഞു. "മംഗർഷി നമ്മുടെ പൈലററിനെ ഏല്പിച്ചുകൊടുത്ത ഔദ്യോഗികമായ കത്താണ് ഇത്. ഈ കത്തിനോടൊപ്പംതന്നെ ഫ്രഞ്ച് പ്രതിനിധിയായ മൗണ്ട്മോറീസൺ കൊടുത്തയച്ച മറെറാരു കത്തും ഇവിടെ കിട്ടിയിട്ടുണ്ട്. ആ കത്തു കൂടി വായിച്ചാൽ അവിടുത്തെ ഇപ്പോഴത്തെ ചുററുപാടുകളെക്കുറിച്ച് നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. ഇതാണ് ആ കത്ത്. ഇതുകൂടി ഞാൻ വായിക്കാം."

രണ്ടാമത്തെ കവറിൽനിന്നും എഴുത്ത് എടുത്ത് ഫ്രാൻസീസ് വായിക്കുവാൻ തുടങ്ങി.

മി: കൗണ്ട് ഷേവർ അറിയുന്നതിന്.

ശ്യാമ രാജ്യത്തിൽ രക്തച്ചൊരിച്ചിൽകൂടാതെയുള്ള ഒരു വിപ്ലവം നടന്നിരിക്കുന്നു. മഹാരാജാവിനെ മാററിയിട്ട് പകരം മംഗർഷി രാജ്യഭാരം ഏറെറടുത്തിരിക്കുന്നു. മഹാരാജാവിനെ കരുതൽ തടങ്കലിലാക്കിയിരിക്കുകയാണ്. പ്രജകളും സൈന്യവും സാമന്തന്മാരും പുരോഹിതന്മാരും എല്ലാം മംഗർഷിയുടെ പക്ഷത്താണ്. പഴയ മഹാരാജാവ് ഫ്രഞ്ചുകാരുടെ പക്ഷത്താണെന്ന് തെററിദ്ധരിച്ചതിൻെറ ഫലമായിട്ടാണ് ജനങ്ങൾ മുഴുവൻ അദ്ദേത്തിന് എതിരായി തിരിഞ്ഞത്. അതുകൊണ്ട് അദ്ദേഹത്തെ സിംഹാസനത്തിൽനിന്ന് നീക്കുന്നതിനുവേണ്ടി ഒരു തുള്ളി രക്തം പോലും ചൊരിയേണ്ടി വന്നില്ല; ഒററവെടിപോലും വെയ്ക്കേണ്ടിവന്നില്ല.

"പുതിയ രാജാവിന്റെ ആവിർഭാവം ഫ്രാൻസിനെ സംബന്ധിച്ചിടത്തോളം അത്ര ശ്രേയസ്കരമായിരിക്കുമെന്നു് എനിക്കു് അഭിപ്രായമില്ല. അദ്ദേഹം ഫ്രാൻസിന്റെ ജന്മശത്രുവാണു്. അനാമിലേയും കംബോഡിയായിലേയും ജനങ്ങൾ ഒന്നടങ്കമായിട്ടല്ലെങ്കിൽതന്നെയും 1809 മുതൽ നമ്മുടെ അധീനതയിലിരിക്കുന്ന 'പ്രാതബാംഗിലെ' ജനങ്ങൾ മുഴുവൻ നമുക്കു് എതിരായി ഒരു വിപ്ലവം ആരംഭിക്കുവാൻ ഇടയുണ്ടു്. അതുകൊണ്ടു് എങ്ങനെയെങ്കിലും മംഗർഷിയെ സിംഹാസനത്തിൽനിന്നു് ഇറക്കിയില്ലെങ്കിൽ അതു് നമുക്കു് അപകടകരമായി പരിണമിച്ചേക്കാൻ ഇടയുണ്ടു്. ഇതേക്കുറിച്ചു് അങ്ങു് ഗവണ്മെന്റുമായി ഉടൻതന്നെ ആലോചിക്കണമെന്നു് എനിക്കു് അഭിപ്രായമുണ്ടു്. ഞാൻ ഒരുതരത്തിൽ തടങ്കലിൽ കഴിയുകയാണു്. എനിക്കു് സ്വൈരമായി സഞ്ചരിക്കുവാനും ജനങ്ങളുമായി ഇഷ്ടംപോലെ ഇടപെടുവാനും യാതൊരു സ്വാതന്ത്ര്യവുമില്ല. പ്രക്ഷുബ്ധരായജനങ്ങൾ ഫ്രെഞ്ച്പ്രതിപുരുഷാലയം ആക്രമിക്കുവാൻ ഇടയുണ്ടെന്നുള്ള ഭാവേന അവർ എന്റെ ഓഫീസിനു ചുററും സുശക്തമായ സൈനികകാവൽ ഏർപ്പെടുത്തിയിരിക്കുകയാണു്. ഈ സൈനികവലയം ഭേദിച്ചു് ഈ കത്തു് അങ്ങയുടെ അടുക്കൽവരെ എത്തിച്ചേരുമോ എന്നുപോലും ഞാൻ സംശയിക്കുന്നു.

"മംഗർഷിയെ സിംഹാസനത്തിൽ നിന്നിറക്കുന്നതു് അത്ര ക്ഷിപ്രസാദ്ധ്യമായ ഒരു പ്രവത്തിയല്ലെന്നുകൂടി ഞാൻ അറിയിച്ചുകൊള്ളട്ടെ. വളരെയധികം ആലോചിച്ചു് പ്രവത്തിച്ചെങ്കിൽ മാത്രമേ നമുക്കു് വിജയിക്കുവാൻ സാധിക്കുകയുള്ളു. അദ്ദേഹം സ്വതേതന്നെ അസാമാന്യ ധൈര്യശാലിയും വീരനുമാണു്.

ഇപ്പോൾ സൈന്യത്തിൻേറയും ജനങ്ങളുടേയും സുശക്ത മായ പിൻതുണയുംകൂടിയുണ്ട്. ശക്തിശാലികളായ ത്രികണ്ടകർ അദ്ദേഹത്തിന് എന്തു സഹായവും ചെയ്തുകൊടുക്കുവാൻ സദാ സന്നദ്ധരായി നിലകൊള്ളുകയാണ്. അത്യന്തം സംഭ്രമജനകമായ ഒരു വാർത്തകൂടി എനിക്ക് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. മഹാവജ്രായുധൻെറ മന്ത്രിസഭയിലെ ഒരംഗവും ഇപ്പോഴത്തെ രാജസദസ്സിൽ സദാ പങ്കുകൊള്ളുകയും ചെയ്തുകൊണ്ടിരിക്കുന്ന എൻെറ ഒരു സുഹൃത്തിൽനിന്നാണ് ഈ വാർത്ത എനിക്ക് അറിയുവാൻ കഴിഞ്ഞതു്. അതായതു് ഗോപാൽശങ്കറിൻെറ 'ടൈഗർ' എന്ന വിമാനം അതിലെ എല്ലാവിധ ആയുധ സന്നാഹങ്ങളോടുംകൂടി ത്രികണ്ടകർ കൈവശപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നുവെന്ന്. ആ വിമാനം ഇപ്പോൾ മംഗർഷിയുടെ പക്കലുണ്ട്. അതിൻെറ സഹായത്തോടെ അദ്ദേഹത്തിന് ചെയ്യുവാൻ സാദ്ധ്യമല്ലാത്ത കാര്യങ്ങളൊന്നുമില്ല. നമ്മുടെ വിമാനങ്ങളെ റേഡിയം ഗണ്ണിൻെറ മാരകമായ ആക്രമണത്തിൽനിന്നു് രക്ഷിക്കുവാനാവശ്യമായ സത്വര നടപടികൾ അങ്ങു് കൈക്കൊള്ളാത്തപക്ഷം അതു് നമ്മെ സംബന്ധിച്ചിടത്തോളം വിനാശകരമായി പരിണമിക്കും. ഇതിൻെറ......"

ഇത്രയും വായിച്ചതിനുശേഷം ഫ്രാൻസിസ് ഷേവറുടെ മുഖത്തേയ്ക്കു് നോക്കിക്കൊണ്ടു് പറഞ്ഞു. "ഇത്രയുംകൊണ്ടു് എഴുത്തു് അപൂർണ്ണമായി അവസാനിപ്പിച്ചിരിക്കുകയാണ്. ഇതിൽ കൂടുതൽ എഴുതുവാനുള്ള സൗകര്യവും സാവകാശവും മോറിസിനു് കിട്ടിയില്ലെന്നു തോന്നുന്നു. ഈ എഴുത്തിൽ നിന്നും എനിക്കു് തോന്നുന്നതു് നമ്മുടെ വിമാനങ്ങളെ മുഴുവൻ തകർത്തു്

ആ ടൈഗറോ അതിൽ ഘടിപ്പിച്ചിരിക്കുന്ന റേഡിയം ഗണ്ണോ ആണെന്നാണ്. ശത്രുക്കളുടെ കയ്യിൽ ആ രണ്ടു സാധനങ്ങളും അകപ്പെട്ടതു് നമ്മെ സംബന്ധിച്ചിടത്തോളം എത്രമാത്രം അപകടകരമാണെന്ന് മനസ്സിലാക്കുവാൻ അധികം ആലോചിക്കേണ്ട ആവശ്യമില്ല. നമ്മുടെ വിമാനങ്ങളും ലോറികളും ഒന്നോടെ നശിച്ചതിൽനിന്നും ആ ഗണ്ണിൻെറ മാരകമായ ശക്തി എന്താണെന്ന് നമുക്ക് അനുമാനിക്കുവാൻ സാധിക്കും. ആ ഒററ വിമാനത്തിൻെറ സഹായത്തോടുകൂടി യാതൊരു വിമാനവുമില്ലാത്ത നമ്മെ അവക്ക് ഏതു നിമിഷവും ആക്രമിച്ച് അധീനപ്പെടുത്തുവാൻ സാധിക്കും. ഈ പരിതസ്ഥിതിയിൽ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ നാം ശ്യാമ രാജ്യത്തോടു് ഏതു രീതിയിലുള്ള നയമാണ് അവലംബിക്കേണ്ടതെന്നും മംഗഷിയുടെ കത്തിനു് എന്തു മറുപടിയാണു് കൊടുക്കേണ്ടതെന്നും കഴിയുന്നത്ര വേഗം ആലോചിച്ച് തീരുമാനിക്കണം. നമ്മുടെ പ്രതിനിധിയായ ക്യാപ്റ്റൻ മൗണ്ടു് മോറീസൻെറ ജീവൻ അപകടത്തിലാണെന്നും എനിക്കു് അഭിപ്രായമുണ്ടു്. അയാളുടെ ജീവൻെറ രക്ഷയ്ക്കാവശ്യമായ ഏർപ്പാടുകളും ഉടനടി ചെയ്യേണ്ടതുണ്ടു്."

ഇത്രയും പറഞ്ഞിട്ടു് ജനറൽ ഫ്രാൻസീസു് സ്വസ്ഥാനത്തു് ഇരുന്നു.

കുറച്ചുസമയത്തേയ്ക്കു് അവിടമാകെ നിശബ്ദത വ്യാപിച്ചു. ആരും ഒന്നും സംസാരിച്ചില്ല. എല്ലാവരും പലതരത്തിലുള്ള ചിന്തകളിൽ മുഴുകി ഇരിക്കുകയാണു് ചെയ്തതു്. അവസാനം കൗണ്ടു് ഷേവർ ആ മൂകതയ്ക്കു് വിരാമമിട്ടുകൊണ്ടു് പറയുവാൻ തുടങ്ങി.

"നമ്മുടെ അവഗാഢമായ ചർച്ചയ്ക്കുവേണ്ടി ഫ്രാൻ

സീസ് അവതരിപ്പിച്ചിരിക്കുന്ന പ്രശ്നം വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. എന്നാൽ ആ വിഷയത്തെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിക്കുന്നതിനു മുമ്പായി ഞാൻ തടവിൽ കഴിഞ്ഞപ്പോഴും, അതിനു മുമ്പും പിമ്പും വിഭിന്നകേന്ദ്രങ്ങളിൽ നിന്നും എനിക്ക് അറിയുവാൻ ഇടയായ ചില കാര്യങ്ങൾകൂടി നിങ്ങൾ അറിഞ്ഞിരിക്കുകയാണെങ്കിൽ അത് നമ്മുടെ ചർച്ചകളുടെ സുഗമമായ പോക്കിന് കൂടുതൽ സഹായകരമായിരിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

നമ്മുടെ ശത്രുക്കൾ തങ്ങൾ സമസ്തഏഷ്യയുടേയും അഭ്യുദയകാംക്ഷികളും, ചിരന്തനസുഹൃത്തുക്കളുമാണെന്ന് നടിക്കുകയും അവകാശപ്പെടുകയും ചെയ്യുന്ന—ആയിരക്കണക്കിന് വിലയേറിയ മാനവജീവിതം ഹോമിച്ചും കോടിക്കണക്കിന് രൂപാ ചിലവാക്കിയും നമ്മൾ കയ്യടക്കിവെച്ചിരിക്കുന്ന ഈ ഇൻഡോ ചൈനായെ സ്വതന്ത്രമാക്കുകയാണ് തങ്ങളുടെ പ്രഥമലക്ഷ്യമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന—ത്രികണ്ടകരാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഈ ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിനുവേണ്ടി അവർ പ്രത്യക്ഷമായും പരോക്ഷമായും ഉചിതവും അനുചിതവുമായിട്ടുള്ള എല്ലാ ഉപായങ്ങളും അവലംബിക്കുവാൻ തയാറാകുക മാത്രമല്ല ചെയ്തതു്; പ്രത്യുത, ആ ഉപായങ്ങൾ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ സാധിക്കുമോ ആ മാർഗ്ഗങ്ങളിലൂടെയെല്ലാം പ്രായോഗികമാക്കുകയുമാണ് ചെയ്തിരിക്കുന്നതു്. നമ്മെക്കൊണ്ടു് ഒരുതരത്തിലും എതിരിടുവാൻ സാദ്ധ്യമല്ലാത്ത രീതിയിലുള്ള ആയുധങ്ങളാണ് അവർ

നിർമ്മിച്ചിരിക്കുന്നതു്. അവർ ഉണ്ടാക്കിയിട്ടുള്ള അത്ഭുതകരമായ സിദ്ധികളുള്ള വിമാനങ്ങളെപ്പററിയും, ആറേറാമിക് പൈലററിനെപ്പററിയും, ഗണ്ണുകളെപ്പററിയും ഇതിനോടകം നിങ്ങൾ പലപ്പോഴും കേട്ടിട്ടുണ്ടല്ലോ. ഈ ആയുധങ്ങൾക്കുടാതെ വേറെയും ഏതാനും ആയുധങ്ങൾകൂടി അവർ കണ്ടുപിടിച്ചിട്ടുണ്ട്. അവയിൽ ഏററവും പ്രധാനം വയർലെസ്സ് ബോംബാണ്. ഏതു് ആകൃതിയിൽ വേണമെങ്കിലും നിർമ്മിക്കാമെന്നുള്ളതാണ് അതിൻെറ പ്രത്യേകത. വയർലെസ്സ് രശ്മികൾ ഏൽപ്പിച്ചാണ് ആ ബോംബുകൾ പൊട്ടിയ്ക്കുന്നതു്. നമ്മുടെ യുദ്ധക്കപ്പലുകളിലും, തുറമുഖങ്ങളിലും, വിമാനങ്ങളിലും നടന്ന സ്ഫോടനങ്ങൾ ഈ ബോംബുകളുടെ പ്രവർത്തനഫലമാണ്. ത്രികണ്ടകരുടെ മറെറാരു പ്രധാനപ്പെട്ട കണ്ടുപിടിത്തമാണ് 'ഗൺകോട്ടൺ റോക്കററ്സ്.' പഞ്ഞിയിൽനിന്നെടുക്കുന്ന വെടിമരുന്ന് ചെമ്പുകൊണ്ടുള്ള ട്യൂബുകളിൽ നിറച്ച് അതിന്റെ മുൻഭാഗത്തു് തീപിടിപ്പിക്കുവാൻ കഴിവുള്ള മിശ്രിതങ്ങൾ വെച്ചുപിടിപ്പിച്ചാണ് ഈ ഇനം റോക്കററുകൾ ഉണ്ടാക്കുന്നതു്. വെടിമരുന്നിൻെറ സ്ഫോടനത്തിൻെറ ഫലമായിട്ടാണ് ഇതു് പ്രവർത്തിക്കുന്നതും. ഇതൊരു പുതിയ കണ്ടുപിടിത്തമല്ല. ജർമ്മനിയിലെ ഏതാനും ശാസ്ത്രജ്ഞന്മാർ ഇതുപോലെയുള്ള റോക്കററുകൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇവ യുദ്ധത്തിനു് ഉപയോഗിക്കത്തക്കരീതിയിൽ ആദ്യമായി നിർമ്മിച്ചതു്. ത്രികണ്ടകരാണ്.

ഇത്രമാത്രം മാരകായുധങ്ങൾ നിർമ്മിക്കുകയും അവയുടെ സഹായത്തോടെ ഉദ്ദേശിക്കുന്ന കാര്യങ്ങൾ മുഴവൻ നിഷ്പ്രയാസം നേടുകയും ചെയ്യുന്ന ത്രികണ്ടകർ നമ്മെ

സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രബലന്മാരായ ശത്രുക്കളാണെന്നുള്ള കാര്യം മേജർ ഡ്യൂമറേയുടെ അപഹരണത്തിൽനിന്നുമാത്രം സ്പഷ്ടമായി മനസ്സിലാക്കുവാൻ സാധിക്കും. മേജർ ഡ്യൂമറേയ്ക്കു് എന്തു സംഭവിച്ചെന്നുള്ള കാര്യം എനിക്കു് മാത്രമേ അറിയാവൂ. (ഇടറിയ സ്വരത്തിൽ) ത്രികണ്ടകർ അയാളെ തൂണോടുചേർത്തു് വരിഞ്ഞുമുറുക്കി ഇഞ്ചിഞ്ചായി കൊന്നുകളഞ്ഞു. എന്നിട്ടും അരിശം തീരാഞ്ഞിട്ടു് അവർ അയാളുടെ ശരീരത്തിൽ പെട്രോൾ ഒഴിച്ചു് തീകൊളുത്തി.

ഇതിനേക്കാളെല്ലാം ഉപരിയായ ഒരു സംഭവമാണു് ശ്യാമരാജ്യത്തുനടന്ന രക്തരഹിതമായ വിപ്ലവവും, പുതിയ രാജാവിൻെറ ആവിർഭാവവും. ആ പുതിയ രാജാവോ? നമ്മുടെ ജന്മശത്രുക്കളിൽ ഏററവും പ്രധാനി! നമ്മെ സംബന്ധിച്ചിടത്തോളം ഇതു് ഒരു അശുഭലക്ഷണമാണു്. അതും പോരാഞ്ഞിട്ടു് അയാൾ ഗോപാൽശങ്കറിൻെറ വിമാനം റേഡിയം ഗണ്ണോടുകൂടി തട്ടിയെടുക്കുകയും ചെയ്തിരിക്കുന്നെന്നു്! ആ വിമാനത്തിൻെറ സഹായത്തോടെ അയാൾ ഇനി എന്തെല്ലാം ചെയ്യുമോ എന്തോ? ദൈവത്തിനേ അറിയാവൂ.

ഇത്രമാത്രം പ്രബലരായ ശത്രുക്കളോടു് നമുക്കു് എതിർത്തുനില്ക്കുവാൻ സാധിക്കുമോ? അവരോടു് യുദ്ധം ചെയ്യുന്നതുകൊണ്ടു് വല്ല പ്രയോജനവും ഉണ്ടാകുമോ? എല്ലാത്തരത്തിലും ശക്തി ക്ഷയിച്ചിരിക്കുന്ന നമുക്കു് അവരോടു് എന്തുചെയ്യുവാൻ സാധിക്കും? ഈ മൂന്നു ചോദ്യങ്ങൾക്കാണു് നമുക്കു് ഉത്തരം കണ്ടുപിടിക്കേണ്ടതു്."

ഷേവർ അല്പസമയത്തേയ്ക്കു് സംസാരം നിറുത്തി. സദസ്സിൽ വീണ്ടും നിശബ്ദത വ്യാപിച്ചു. ക്രമേണ

ആളുകൾ അടക്കിയ സ്വരത്തിൽ പരസ്പരം സംസാരിയ്ക്കുവാൻ തുടങ്ങി. സംസാരം ക്രമേണ വർദ്ധിച്ചുവർദ്ധിച്ച് അവസാനം വാദപ്രതിവാദത്തിലേയ്ക്കും അവിടെനിന്ന് വഴക്കിലേയ്ക്കും കടക്കുവാൻ തുടങ്ങി. അവിടെ ഉണ്ടായിരുന്നവർ മുഴുവൻ വ്യക്തമായും രണ്ടു ചേരിയായിതിരിഞ്ഞു. ഏതുവിധത്തിലായാലും വേണ്ടില്ല; ശത്രുക്കളോട് പകരംവീട്ടുകതന്നെ വേണമെന്ന ചിന്താഗതിക്കാരായ ചെറുപ്പക്കാർ ഒരുവശത്തും, തല്ക്കാലം വഴക്കിനും വയ്യാവേലിക്കുമൊന്നും പോകാതെ നഷ്ടപ്പെട്ട ശക്തി വീണ്ടെടുത്തിട്ട് തക്കംപോലെ ശത്രുക്കളെ ആക്രമിച്ചാൽ മതിയെന്ന ചിന്താഗതിക്കാരായ വൃദ്ധന്മാർ മറുവശത്തുമായി വാദപ്രതിവാദങ്ങൾ ആരംഭിച്ചു. ഷേവർ ആഗ്രഹിച്ചതും അതുതന്നെയായിരുന്നു. ആ വാദപ്രതിവാദത്തിൽ ജയിക്കുന്നപക്ഷക്കാരുടെ അഭിപ്രായമനുസരിച്ചുവേണം ഭാവികാര്യങ്ങൾ തീരുമാനിക്കേണ്ടതെന്ന് അദ്ദേഹം മനസ്സാ നിശ്ചയിച്ചു. അതിൻെറ ഫലമായി ആ വാദപ്രതിവാദങ്ങൾക്ക് യാതൊരു വിഘാതവും ഉണ്ടാക്കാതെ കുറച്ചുസമയം കഴിച്ചുകൂട്ടിയതിനുശേഷം അദ്ദേഹം പിന്നെയും തുടന്നു. "സ്നേഹിതരെ! ഓരോ സംഗതിക്കും ഒന്നിലധികം വശങ്ങളും, ഓരോ ചോദ്യത്തിന്നും ഒന്നിലധികം ഉത്തരങ്ങളും ഉണ്ടാവുക സ്വാഭാവികം മാത്രമാണ്. ഇപ്പോൾ നമുക്ക് ചർച്ചചെയ്യേണ്ട പ്രശ്നത്തിനും ഒന്നിലധികം വശങ്ങൾ ഉണ്ടായേക്കാം. നാം അവലംബിക്കേണ്ട മാർഗ്ഗങ്ങളെപ്പററിയും വിഭിന്നാഭിപ്രായങ്ങൾ ഉണ്ടായേക്കാം. അതുകൊണ്ട് എല്ലാ അഭിപ്രായങ്ങളും കേട്ടതിനുശേഷം എല്ലാ ദൃഷ്ടികളിലൂടെയും പ്രശ്നങ്ങളെ നോക്കിക്കണ്ടതിനുശേഷം ഒരന്ത്യതീരുമാനത്തിൽ എത്തിച്ചേരുന്നതായിരിക്കും. അഭിലഷണീയ

മായ പ്രവൎത്തി. എനിക്കു് എല്ലാവരുടേയും അഭിപ്രായം അറിയുവാൻ ആഗ്രഹമുണ്ടു്. ആദ്യമായി ഇവിടെ ഇരിക്കുന്നവരിൽ ചെറുപ്പക്കാരുടെ അഭിപ്രായം കേൾക്കട്ടെ. ലഫ്ററനൻറു് കമ്മത്തു്! ഇക്കാൎയ്യത്തിൽ നിങ്ങളുടെ അഭിപ്രായം എന്താണു്?”

ലഫ്ററനൻറു് കമ്മത്തു് ബുദ്ധിമാനും സമൎത്ഥനുമായ ഒരു ചെറുപ്പക്കാരനായിരുന്നു. അയാൾ കൗണ്ടു് ഷേവറിൻെറ ഏ. ഡി. സി-കളിൽ ഒരാളും, വിശ്വസ്ഥരായ ചുരുക്കം ചില ഓഫീസറന്മാരിൽ ഒരാളും ആയിരുന്നു. എന്നു മാത്രമല്ല; അയാളുടെ അഛനപ്പൂപ്പന്മാരും മററു ബന്ധുക്കളും ഫ്റാൻസിലെ ഉയൎന്ന ഉദ്യോഗങ്ങളിൽ ഇരുന്നിട്ടുള്ളവരും സ്ഥാനമാനികളും ആയിരുന്നു. ഇപ്പോഴും അയാളുടെ ബന്ധുക്കളിൽ പലരും ഫ്റഞ്ചുഗവണ്മെൻറിൽ ഉയൎന്നനിലകളിൽ ജോലിനോക്കുന്നുണ്ടു്. ഷേവറുടെ ചോദ്യംകേട്ടിട്ടു് അയാൾ എഴുനേററു് ഇങ്ങനെ പറഞ്ഞു. മി. കൗണ്ടു്! ഞാൻ ഒരു പടയാളിയാണു്. ഓഫീസറന്മാരുടെ ഉത്തരവനുസരിച്ചു് പ്രവൎത്തിക്കുകയാണു് എൻെറ ജോലി. എൻെറ അഭിപ്രായം ചോദിച്ച സ്ഥിതിക്കു് ഒന്നുരണ്ടു വാക്കുകളിൽ ഞാൻ എൻെറ അഭിപ്രായം പറഞ്ഞേക്കാം. ഈ സന്ദൎഭത്തിൽ പുറകോട്ടുമാറുന്നതു് ഭീരുത്വമാണു്. ശത്രുക്കളെ പേടിച്ചു് പിൻതിരിഞ്ഞു് ഓടുന്നതിൽ ഭേദം വിരിമാറു കാണിച്ചു് മുന്നോട്ടുചെന്നു് വെടിയുണ്ട ഏററു് മരിക്കുന്നതാണു് എനിക്കു് ഇഷ്ടം. നമ്മുടെ വക ഏതാനും യുദ്ധക്കപ്പലുകളും വിമാനങ്ങളും താവളങ്ങളുമല്ലേ ഇതുവരെ ശത്രുക്കൾ നശിപ്പിച്ചിട്ടുള്ളു. അതിൽ കൂടുതലായിട്ടു് അവർ ഒന്നും ചെയ്തിട്ടില്ലല്ലോ. ഫ്റഞ്ചുഗവണ്മെൻറിനു് യുദ്ധക്കപ്പലുകൾക്കും വിമാന

ങ്ങൾക്കും ഇതുവരെ ക്ഷാമമൊന്നും ഉണ്ടായിട്ടില്ല. ഫ്രഞ്ചുകാരുടെ ധമനികളിൽ ഇപ്പോഴും ചുടുചോരയാണു് പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്. അവരുടെ കൈകൾക്കു് ഇപ്പോഴും കാഞ്ചിവലിക്കുവാനാവശ്യമായ ശക്തിയുണ്ടു്. ഇതു രണ്ടും ഉള്ള സ്ഥിതിക്കു് നമ്മെക്കൊണ്ടു് പരാജയം സമ്മതിപ്പിക്കുവാൻതക്ക ധൈര്യമുള്ള ശത്രുക്കൾ ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല."

"തീർച്ചയായും. തീർച്ചയായും. കമ്മത്തു് പറഞ്ഞതാണു് ശരി. ഞങ്ങളുടേയും അഭിപ്രായം ഇതുതന്നെയാണു്." പല ചെറുപ്പക്കാരും ആവേശഭരിതരായി ചാടി എഴുന്നേററു് മേശപ്പുറത്തിടിച്ചുകൊണ്ടു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഷേവർ കുറച്ചുസമയത്തേയ്ക്കു് അവനമ്രശിരസ്കനായി എന്തോ ആലോചിച്ചുകൊണ്ടിരുന്നു. അവസാനം അദ്ദേഹം ജനറൽ ഫ്രാൻസീസിന്റെ നേർക്കു് നോക്കിക്കൊണ്ടു് ചോദിച്ചു.

"ജനറൽ ഫ്രാൻസീസ്! താങ്കളുടെ അഭിപ്രായം എന്താണു്?"

ഫ്രാൻസീസ് സാവധാനം എഴുന്നേററു് തന്റെ ചുററിലും ഇരിക്കുന്ന ചെറുപ്പക്കാരുടെ ആവേശസമ്പൂർണ്ണമായ മുഖങ്ങളിലേയ്ക്കു് ഏതാനും നിമിഷനേരം മാറി മാറി നോക്കിയതിനുശേഷം ശാന്ത സ്വരത്തിൽ പറയുവാൻ തുടങ്ങി. "ലഫ്റററനന്റു് കമ്മത്തിന്റെ അഭിപ്രായംതന്നെയാണു് എനിക്കുമുള്ളതു്. പരാജയം സമ്മതിച്ചു് പിൻവാങ്ങുന്നതിനേക്കാൾ എനിക്കു് ഇഷ്ടമായിട്ടുള്ളതു് സ്വസ്ഥാനത്തു് ഉറച്ചുനിന്നു് അടരാടി വീരചരമം പ്രാപിക്കുന്നതാണു്. എന്നാൽ ഈശ്വരദത്തമായിട്ടുള്ള ബുദ്ധിയെ പാടെ വിഗണിച്ചുകൊണ്ടു് ഒരു കാലത്തും പ്രവർത്തിക്കുവാൻ പാടില്ലെന്നും എനിക്കു് അഭിപ്രായമുണ്ടു്. നമ്മുടെ ചെറുപ്പക്കാരായ സ്നേഹിത

ന്മാർ ഒരു കാര്യത്തെക്കുറിച്ചു് ശ്രദ്ധിച്ചിട്ടില്ലെന്നു് എനിക്കു തോന്നുന്നു. യുദ്ധം ചെയ്യണമെങ്കിലും പകരം വീടണമെങ്കിലും ശത്രുക്കൾ നേരേ മുമ്പിലുണ്ടെങ്കിലല്ലേ സാധിക്കൂ. പക്ഷെ, നമ്മുടെ ശത്രുക്കളാകട്ടെ, യവനികയ്ക്കുള്ളിൽ മറഞ്ഞുനിന്നുകൊണ്ടാണു് നമ്മെ ആക്രമിക്കുന്നതു്. ചതിവും വഞ്ചനയും ഉപയോഗിച്ചാണു് അവർ നമ്മെ എതിരിടുന്നതു്. നമ്മുടെ എഴുപതു് വിമാനങ്ങൾ നശിപ്പിച്ചതുപോലെതന്നെ എഴുന്നൂറോ ഏഴായിരമോ വിമാനങ്ങൾ നശിപ്പിക്കുവാൻ അവർക്കു് യാതൊരു വിഷമവുമില്ല. ഈ പരിതസ്ഥിതിയിൽ പാരീസിൽ നിന്നും ഇനിയും വിമാനങ്ങൾ വരുത്തുന്നതു് ഫലപ്രദവും ബുദ്ധിപൂർവ്വകവുമായ പ്രവർത്തി ആയിരിക്കുമോ?"

ഫ്റാൻസീസിൻെറ ഈ ചോദ്യം കേട്ടപ്പോൾ ആവേശഭരിതരായിത്തീർന്ന പല ചെറുപ്പക്കാരുടേയും മുഖം താനേ താണുപോയി. വാസ്തവത്തിൽ ചിന്താർഹമായ ഒരു ചോദ്യമായിരുന്നു അതു്. ജനറൽ ഫ്റാൻസീസ് അല്പനേരത്തെ മൗനത്തിനുശേഷം വീണ്ടും പറഞ്ഞു. "അടിക്കുന്നവനെ തിരിഞ്ഞു് അടിക്കുകയെന്നുള്ളതു് പട്ടാളധർമ്മമാണു്." പക്ഷേ, മറഞ്ഞിരുന്നു് ആക്രമിക്കുന്നവരെ എതിരിടുന്നതു് പട്ടാളക്കാരുടെ ജോലിയല്ല, രഹസ്യപ്പോലീസുകാരുടേയും അപസർപ്പകവിദഗ്ദ്ധന്മാരുടേയും ജോലിയാണു്. ഞാൻ ശക്തിയായ ഭാഷയിൽ പറയുന്നതു് ഇതാണു്. നിങ്ങൾ ആദ്യമായി നിങ്ങളുടെ ശത്രുക്കളെ കണ്ടുപിടിക്കുക. അവരുടെ ആക്രമണരീതിയും അടവുകളും മനസ്സിലാക്കുക. എന്നിട്ടു് പരിപൂർണ്ണമായ ഒരുക്കങ്ങളോടെ അവരെ അടിച്ചമർത്തുവാൻ ശ്രമിക്കുക. അല്ലാതെ ഒന്നും മനസ്സിലാക്കാതെ, ശത്രുക്കളെ നേരിൽ കാണാതെ, ശത്രുക്കളുടെ സങ്കേതങ്ങൾ മനസ്സിലാക്കാതെ അന്ധന്മാരെപ്പോലെ ആക്രമി

ക്കുവാൻ കോപ്പുംകൂട്ടി ഇറങ്ങുന്നതു് ഒരു പക്ഷേ ധീരമായ പ്രവർത്തിയായിരിക്കാം. പക്ഷേ ബുദ്ധിപൂർവ്വമായ പ്രവർത്തിയായിരിക്കുമെന്നു് എനിക്കു് അഭിപ്രായമില്ല. തല്ക്കാലം എനിക്കു് ഇതിൽ കൂടുതലായിട്ടൊന്നും പറയുവാനില്ല."

ഫ്രാൻസീസ് സ്വസ്ഥാനത്തു് ഇരുന്നു കഴിഞ്ഞ ഉടനെ ഷേവർ മറെറാരു ഓഫീസറുടെ നേർക്കു് നോക്കിക്കൊണ്ടു ചോദിച്ചു. "കേണൽ വെയിററു്! താങ്കളുടെ അഭിപ്രായം എന്താണു്?"

കേണൽവെയിററു് പക്വമതിയും, അനുഭവസമ്പന്നനുമായ ഒരു വൃദ്ധ പടയാളി ആയിരുന്നു. അയാൾ കുറച്ചുസമയം ഏകാന്താ ആലോചിച്ചതിനുശേഷം പറഞ്ഞു. "ഇപ്രകാരം വാദപ്രതിവാദം നടത്തുന്നതുകൊണ്ടു് വെറുതെ സമയം പാഴാക്കാമെന്നല്ലാതെ വേറെ പ്രയോജനമൊന്നും ഉണ്ടാകാനിടയില്ല. എൻെറ അഭിപ്രായത്തിൽ എല്ലാ വിഭാഗത്തിലുംപെട്ട ആളുകളടങ്ങിയ ഒരു കമ്മററി രൂപീകരിച്ചു് ആ കമ്മററിയുടെ സുചിന്തിതമായ അഭിപ്രായം അനുസരിച്ചു് മുന്നോട്ടുപോകുന്നതാണു് നല്ലതു്."

"ശരിയാണു്. കേണലിൻെറ അഭിപ്രായം വളരെ ശരിയാണു്." പലരും ഏകസ്വരത്തിൽ വിളിച്ചുപറഞ്ഞു. കൗണ്ടു്ഷേവറിനും ഈ അഭിപ്രായം വളരെ ശരിയാണെന്നു് തോന്നി. "സുഹൃത്തുക്കളെ! കേണലിൻെറ അഭിപ്രായം വളരെ ശരിയാണു്." ഷേവർ പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു. "നിങ്ങൾ ഏഴുപേരടങ്ങുന്ന ഒരു കമ്മററി രൂപീകരിക്കണം. ആ കമ്മററി ഭാവി കാര്യങ്ങൾ നല്ലതുപോലെ ആലോചിച്ചു് തീരുമാനിക്കട്ടെ. അവരുടെ തീരുമാനം അനുസരിച്ചു് നമുക്കു പ്രവർത്തിക്കാം."

★

# 7

ശ്യാമരാജ്യത്തിൽ നടന്ന ആ രക്തരഹിതമായ വിപ്ലവം വാസ്തവത്തിൽ ആശ്ചര്യകരമായ ഒരു സംഭവമായിരുന്നു. ഒരുതുള്ളി രക്തംപോലും ചൊരിയേണ്ടിവന്നില്ല; ഒരു വെടിപോലും വെയ്ക്കേണ്ടിവന്നില്ല; ഒററ വാൾപോലും ഉറയിൽനിന്ന് ഊരേണ്ടിവന്നില്ല; വിപ്ലവം ജയിച്ചു. ഇതെങ്ങനെ സാധിച്ചു?

ഇതിൻെറ കാരണം കണ്ടുപിടിക്കുവാൻ പാശ്ചർ പടിപ്പുരവരെ പോകേണ്ട ആവശ്യമില്ല. ശ്യാമിലെ സമസ്തജനങ്ങളും ഫ്രഞ്ചുകാരുടെ നിഷ്ഠുരമായ പ്രവൃത്തികളാലും, നയവൈകല്യത്താലും ക്ഷുഭിതരായി കഴിയുകയായിരുന്നു. ഉചിതവും അനുചിതവുമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും ഫ്രഞ്ചുകാർ തങ്ങളുടെ ആധിപത്യം ഉറപ്പിക്കുവാൻ അരയും തലയും മുറുക്കി ശ്രമിച്ചുകൊണ്ടിരുന്നു. ശ്യാമരാജ്യത്ത് അങ്ങോളമിങ്ങോളം ഫ്റഞ്ചുകാരുടെവക അനേകം മണിമാളികകളും, വ്യവസായ

ശാലകളും ഉണ്ടായിരുന്നു. അവയേക്കാളെല്ലാം ഏററവും വലുതായിരുന്നു അവരുടെ ഒടുങ്ങാത്ത അഭിലാഷം. ആ അഭിലാഷനിർവ്വഹണത്തിനുവേണ്ടി അവർ മുൻപിൽ നോക്കാതെ എന്തും ചെയ്തുകൊണ്ടിരുന്നു. തങ്ങളുടെ ഉദ്ദേശം ശ്യാമരാജ്യക്കാർ മനസ്സിലാക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി അവർ ചിന്തിച്ചിരുന്നതേയില്ല. ഇതുവരെയും ഫ്രഞ്ച് ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ദൂഷണത്തെപ്പററി ചിരപരിചിതരായ ശ്യാമരാജ്യക്കാർക്ക് പരാതിപ്പെടുവാനുള്ള അവസരം പോലും കൊടുക്കാതെ തന്ത്രപരമായിട്ടാണ് തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നത്. എന്നാൽ അടുത്തകാലത്തായിട്ട് പുതിയതായി നിയമിക്കപ്പെട്ട ഫ്രഞ്ച് ഉദ്യോഗസ്ഥന്മാരുടെ വിവേകമില്ലാത്ത പ്രവർത്തനങ്ങളുടെയും, നയമില്ലായ്മയുടെയും ഫലമായിട്ട് ജനലക്ഷങ്ങളുടെ ഹൃദയാന്തരാളത്തിൽ പുകഞ്ഞുകൊണ്ടിരുന്ന അഗ്നിയുടെ ഉഗ്രജ്വാലകൾ ഹൃദയഭിത്തികൾ ഭേദിച്ച് വെളിയിലേയ്ക്ക് പായുവാൻ തുടങ്ങിയിരുന്നു. ശ്യാമിൽനടന്ന ദേശീയസമരത്തിൻെറ പശ്ചാത്തലം ഇതായിരുന്നു. എന്നാൽ ഈ കാരണങ്ങൾ ഊതിവീർപ്പിച്ച് ഒരു സമരത്തിൻെറ നടുവിലേയ്ക്ക് ജനങ്ങളെ ആനയിച്ചതു ത്രികണ്ടകരായിരുന്നു. അതിൽ അവർക്ക് അങ്ങേയററം വിജയിക്കുവാനും സാധിച്ചു.

ശ്യാമരാജ്യത്തിൽ എന്തെല്ലാമാണ് നടന്നതെന്നുള്ളതും, മഹാരാജാവായ മഹാവജ്രായുധൻ പ്രത്യക്ഷത്തിൽ തൻെറ സാമന്തന്മാരുടെ സമ്മർദ്ദത്തിൻെറ ഫലമായിട്ടും, പരോക്ഷത്തിൽ തൻെറ പ്രിയപുത്രനായ കുലവർമ്മൻ അഞ്ചാമൻെറ ആത്മാർത്ഥമായ ആഗ്രഹത്തിൻെറ ഫലമായിട്ടും എങ്ങനെ രാജ്യം ഉപേക്ഷിച്ച് പോയെന്നുള്ളതും, തൻെറ ബാഹുബലത്താൽ കംബോ

ഢിയായുദ്ധത്തിൽ വിജയപതാക പാറിപ്പിച്ച മംഗർഷിയെ ആനന്ദോന്മത്തരായ ജനാവലിയും, സൈന്യങ്ങളുംകൂടി എങ്ങനെയാണ് ശ്യാമരാജ്യ സിംഹാസനത്തിൽ അവരോധിച്ചതെന്നും മററുമുള്ള കാര്യങ്ങൾ ചരിത്രപ്രസിദ്ധമായ സംഭവങ്ങളായതുകൊണ്ട് അവയെപ്പററി ഇവിടെ എന്തെങ്കിലും പ്രതിപാദിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. എന്നാൽ രാജകൊട്ടാരത്തിൽ നടന്ന ഒരു സംഭവത്തെപ്പററി അല്പംവൎണ്ണിക്കാതെ മുന്നോട്ടുപോകുന്നതും ശരിയല്ല.

ബങ്കിംഗ് രാജകൊട്ടാരത്തിലെ മനോഹരമായ ഒരു മുറിയിൽ പുതിയരാജാവായ മംഗർഷി ഒരുഉയൎന്ന സിംഹാസനത്തിൽ ഇരിക്കുന്നു. അദ്ദേഹത്തിൻെറ മുമ്പിൽ മന്ത്രിമാർ, സേനാപതി, സർദാർമാർ, സാമന്തന്മാർ തുടങ്ങിയ അനേകം ഉദ്യോഗസ്ഥന്മാർ യഥാസ്ഥാനങ്ങളിൽ ഇരിപ്പുണ്ട്. ഏതോ ഗഹനമായ വിഷയത്തെക്കുറിച്ച് അവർ ചർച്ചനടത്തുകയാണെന്ന് തോന്നുന്നു. ഇടയ്ക്ക് ഒരു വില്ലാശിപായി കടന്നുവന്ന് മഹാരാജാവിനെ താണു തൊഴുതതിനുശേഷം ഇങ്ങനെ പറഞ്ഞു. “രാജകുമാരൻ കുലവർമ്മൻ അഞ്ചാമൻ തൻെറ ഒരു സ്നേഹിതനോടുകൂടി തിരുമനസ്സിനെ കാണുവാനായി വെളിയിൽവന്നു നില്ക്കുന്നു.” അദ്ദേഹത്തെ വേഗം കൂട്ടിക്കൊണ്ടുവരൂ. എന്നു പറഞ്ഞതിനുശേഷം കുലവർമ്മന് ഇരിക്കുന്നതിനുവേണ്ടി തൻെറ അടുക്കൽ തന്നെ പ്രത്യേകം ഇരിപ്പടം സജ്ജമാക്കുവാൻ മംഗഷി ഭൃത്യന്മാൎക്ക് നിർദ്ദേശംകൊടുത്തു.

ഏതാനും മിനിററുകൾ കഴിഞ്ഞപ്പോൾ രാജകുമാരനായ കുലവർമ്മൻ അഞ്ചാമനും, അദ്ദേഹത്തിൻെറ പുറകേ മുഖംമൂടിധരിച്ച വേറൊരാളും ആ മുറിയിലേയ്ക്ക് കടന്നുവന്നു. രണ്ടുപേരും മഹാരാജാവിനെ

അഭിവാദനം ചെയ്തതിനുശേഷം അദ്ദേഹം ചൂണ്ടിക്കാണിച്ച ഇരിപ്പിടങ്ങളിൽ ഇരുന്നു. മംഗർഷി ആ മുഖംമൂടിധരിച്ച മനുഷ്യനെ ലക്ഷ്യമാക്കിക്കൊണ്ടു് കുലവർമ്മനോടു് ചോദിച്ചു. "ഇദ്ദേഹമാണോ ആ........"

കുലവർമ്മൻ:—അതെ. നമുക്കു് ആവശ്യമായ ഉപദേശങ്ങൾ തരുന്നതിനുവേണ്ടി പൗരസ്ത്യാഭിമാന സംരക്ഷകസംഘക്കാർ അയച്ചിരിക്കുന്ന പ്രതിനിധിയാണു് ഇദ്ദേഹം. ഇദ്ദേഹം ഇവിടെ താമസിച്ചുകൊണ്ടു് നമുക്കു് ആവശ്യമായ സഹായങ്ങൾ ചെയ്തുതരും.

മംഗർഷി:—ഞാൻ ഇദ്ദേഹത്തെ സ്വാഗതം ചെയ്യുന്നു. ശ്യാമരാജ്യത്തിൻെറ പ്രാചീന ഗൗരവം അഭംഗുരം നിലനിർത്തിക്കൊണ്ടു് കഴിയുന്നിടത്തോളം ത്രികണ്ടകരുടെ ആജ്ഞാനുസരണം പ്രവർത്തിക്കുവാൻ ഞാൻ ശ്രമിക്കുന്നതായിരിക്കുമെന്നു് താങ്കൾക്കു് ഉറപ്പുതരുന്നു. താങ്കളെ പരിചയപ്പെടുത്താമെന്നുദ്ദേശിച്ചാണു് ഞാൻ ഏററവും വിശ്വസ്തരായ എൻെറ ഈ ഉദ്യോഗസ്ഥന്മാരെ ഇവിടെ വിളിച്ചുകൂട്ടിയിരിക്കുന്നതു്. ഇവരിൽ ആരെയെങ്കിലുംപററി താങ്കൾക്കു് എതിരഭിപ്രായമുണ്ടെങ്കിൽ അങ്ങനെയുള്ളവരെ ഉടൻതന്നെ ഇവിടെനിന്നും പറഞ്ഞയയ്ക്കുവാൻ ഞാൻ തയാറാണു്. പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തിൻെറ ചാരന്മാർ എല്ലാ സ്ഥലങ്ങളിലും കടന്നുകൂടിയിട്ടുണ്ടെന്നും, ആളുകളുടെ മുഖം മാത്രമല്ല, ഹൃദയംപോലും പരിശോധിച്ചുനോക്കുന്നവരാണു് അവരെന്നും എനിക്കു് നല്ലതുപോലെ അറിയാം."

കുലവർമ്മൻ മുഖംമൂടിയുടെ നേക്കു് നോക്കി. ആംഗ്യത്തിൻെറ സഹായത്താൽ അവർ പരസ്പരം ആശയവിനിമയം ചെയ്തു. അവസാനം അദ്ദേഹം പറ

ഞ്ഞു. "ഇവിടെ ഇപ്പോഠം സന്നിഹിതരായിരിക്കുന്ന എല്ലാ ആളുകളേയും നമ്മുടെ ഈ സ്നേഹിതന്ന് നല്ലതു പോലെ അറിയാം. ഇവരിൽ ആരെപ്പററിയും ഇദ്ദേഹത്തിന്ന് യാതൊരുവിധ സംശയമോ എതിരഭിപ്രായമോ ഇല്ല."

മംഗർഷി:—അങ്ങനെയാണെങ്കിൽ ഇദ്ദേഹം എന്നോടോ എന്റെ ആഠംക്കാരോടോ അന്യനെന്നുള്ള നിലയിൽ പെരുമാറുകയില്ലെന്നും ഇദ്ദേഹത്തെ പരിചയപ്പെടുവാനുള്ള അവസരം നമുക്ക് തരുമെന്നും ഞാൻ ആശിക്കുന്നു.

"തീർച്ചയായും" എന്നുപറഞ്ഞുകൊണ്ടു് രാജകുമാരൻ മുഖംമൂടിയുടെ നേക്കു് വീണ്ടും നോക്കി. ആ മനുഷ്യൻ ഉടൻതന്നെ തന്റെ മുഖംമൂടി എടുത്തുമാററി. എന്തു്? അമരസിംഹനോ? അതെ. ആ മുഖംമൂടി അമരസിംഹൻ തന്നെയായിരുന്നു. അമരസിംഹൻ ശ്യാമരാജ്യത്തിലെ ആചാരക്രമമനുസരിച്ചു് എഴുനേററു് മസ്തകം നിലത്തുതൊടുമാറു് മഹാരാജാവിനെ താണുതൊഴുതു. അതിനുശേഷം അവിടെ കൂടിയിരുന്നവരെ മുഴുവൻ അഭിവാദനം ചെയ്തിട്ടു് സ്വസ്ഥാനത്തു് ഇരുന്നു. രാജകുമാരനാണു് അമരസിംഹനെ സദസ്യക്കു് പരിചയപ്പെടുത്തിയതു്. "ഇദ്ദേഹത്തിന്റെ പേരു് അമരസിംഹനെന്നാണു്. ഇദ്ദേഹത്തിന്റെ ധൈര്യത്തെപ്പററിയും പരാക്രമത്തെപ്പററിയും കേഠംക്കുമ്പോഠം നിങ്ങഠം അത്ഭുതപ്പെട്ടുപോകും. എന്നാൽ ഇപ്പോഠം അതിനുള്ള സമയമല്ല. കാരണം ഇദ്ദേഹത്തിന്ന് വളരെയധികം കാര്യങ്ങഠം പറയുവാനും ഭാവികാര്യങ്ങഠം ആലോചിച്ചു് തീരുമാനിക്കുവാനും ഉണ്ടു്."

മംഗ:—എനിക്കും ഇദ്ദേഹത്തിൽനിന്നു് പല കാ

ര്യങ്ങളും അറിയാൻണ്ടു്. 'ശുഭസ്യശീഘ്രം' എന്നല്ലേ പ്രമാണം.

രാജക:—ഇദ്ദേഹത്തിനു് പറയാനുള്ളതു് പറയുന്നതിനുമുമ്പു് എനിക്കു് ഒന്നുരണ്ടു് കാര്യങ്ങൾ അറിയിക്കുവാനുണ്ടു്.

മംഗ:—എന്താണെന്നുവെച്ചാൽ പറഞ്ഞുകൊള്ളു.

രാജക:—ഇന്നു് ഇവിടെ വന്ന ഉടൻതന്നെ ഞാൻ കേൾക്കുകയുണ്ടായി. അങ്ങ് സിംഹാസനത്തിൻെറ അനന്തരാവകാശത്തെപ്പററി ഏതോ പ്രഖ്യാപനം നടത്തിയെന്നും, എനിക്കു് യുവരാജപദവിയും അങ്ങേയ്ക്കുശേഷം സിംഹാസനത്തിൻെറ അവകാശവും പ്രദാനം ചെയ്തിരിക്കുകയാണെന്നും മററും. ഇതു് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാമായിരുന്നു.

മംഗ:—(പുഞ്ചിരിതൂകിക്കൊണ്ടു്) അതെ. എന്താ, നിങ്ങളുടെ സ്നേഹിതന്മാരായ ത്രികണ്ടകർക്കു് ഇതിൽ വല്ല എതിർപ്പുമുണ്ടോ?

രാജക:—ത്രികണ്ടകർക്കു് എതിർപ്പുണ്ടെങ്കിലും കൊള്ളാം ഇല്ലെങ്കിലും കൊള്ളാം; എന്നാൽ എനിക്കു് ഇക്കാര്യത്തിൽ എതിർപ്പുണ്ടു്.

മംഗ:—നിങ്ങൾക്കോ? അതെന്താണു്?

രാജക:—എൻെറ അവിവേകം ക്ഷമിക്കുമെങ്കിൽ പറയാം.

മംഗ:—തീർച്ചയായും. പറയണം.

രാജക:—എനിക്കു് രാജ്യം ഭരിക്കണമെന്നു് അശേഷം ആഗ്രഹമില്ല. അങ്ങയുടെ ഈ പ്രഖ്യാപനം കൊണ്ടു് ഭാവിയിൽ പല കലാപങ്ങളും ഉണ്ടാകുവാൻ ഇടയുണ്ടു്.

മംഗ:—രാഷ്ട്രീയത്തിൽ ഉൾപ്പെട്ടാൽ പല കാര്യ

ങ്ങളും ഇഛരയ്ക്കു് വിപരീതമായി ചെയ്യേണ്ടിവരും. നിങ്ങളും ഈ നിയമത്തിൽനിന്നു് വ്യതിരിക്തനല്ല. കലാപത്തിൻെറ കാര്യം കളയൂ. അങ്ങനെ എന്തെങ്കിലും ഒരു കലാപം ഉണ്ടാകുവാനുള്ള വിദൂരസാദ്ധ്യത പോലും ഇല്ല. അഥവാ ഉണ്ടാകുകയാണെങ്കിൽ തന്നെയും ധീരനായ ഒരു പടയാളിയെപ്പോലെ ആ കലാപങ്ങൾ അടിച്ചമത്തുവാൻ നിങ്ങൾ ശ്രമിക്കണം.

രാജകു:—പക്ഷേ......

മംഗ:—നിങ്ങളുടെ ആശയം എനിക്കു് മനസ്സിലായി. ഞാൻ വിവാഹം ചെയ്യുകയാണെങ്കിൽ, അതിൽനിന്നും കുട്ടികൾ ഉണ്ടാകുകയാണെങ്കിൽ ആ കുട്ടികൾ സിംഹാസനത്തിനുവേണ്ടി അവകാശവാദം ഉന്നയിച്ചാൽ എന്തുചെയ്യുമെന്നല്ലേ നിങ്ങൾ ആലോചിക്കുന്നതു്?

രാജകു:—അ...തെ.....

മംഗ:—അങ്ങനെയുള്ള ഒരു സാഹചര്യം ഉണ്ടാകുവാനേ ഞാൻ അനുവദിക്കുകയില്ല. ശ്യാമരാജ്യത്തിലെ സിംഹാസനത്തിൽ ഇരിക്കുന്നിടത്തോളംകാലം വിവാഹം കഴിക്കുകയില്ലെന്നു് ഞാൻ തീരുമാനിച്ചിരിക്കുകയാണു്.

രാജ:—അതു് അങ്ങു് അങ്ങയോടുതന്നെ ചെയ്യുന്ന ഒരു അനീതിയാണു്

മംഗ:—രാജ്യത്തിൻെറ നന്മയ്ക്കുവേണ്ടി ഞാൻ നിങ്ങളുടെ അഛൻെറ അവകാശം തട്ടിയെടുത്തിരിക്കുകയാണു്. എന്നാൽ നിങ്ങളുടെ അധികാരാവകാശങ്ങൾ ഞാൻ ഒരിക്കലും തട്ടിയെടുക്കുകയില്ല. നിങ്ങൾ ശാന്തനായിരുന്നു് ആലോചിക്കുമ്പോൾ എൻെറ ഈ തീരുമാനത്തിൻെറാ സധുതയും, പൊരുളും

നിങ്ങൾക്ക് വ്യക്തമായി ബോദ്ധ്യപ്പെടും. ഈ തീരുമാനത്തിന്റെ ഫലമായി യാതൊരുവിധ കലാപവും ഉണ്ടാകുകയില്ലെന്നു മാത്രമല്ല; വളരെയധികം കലാപങ്ങൾ ഒഴിവാക്കുവാനും, വളരെയധികം കലാപങ്ങളിൽ നിന്ന് രക്ഷപെടുവാനും സാധിക്കും. വളരെ ആലോചിച്ചതിനുശേഷമാണ് ഞാൻ ഈ തീരുമാനം കൈക്കൊണ്ടതു്. ഇനി ഈ തീരുമാനം മാററണമെന്നും ഞാൻ വിചാരിക്കുന്നില്ല. നിങ്ങൾക്ക് ഈ വിഷയത്തെക്കുറിച്ചല്ലാതെ മററു വല്ലതും പറയാനുണ്ടെങ്കിൽ പറയു.

രാജകുമാരൻ വളരെയധികം അനുനയവാക്കുകൾ പറഞ്ഞിട്ടും മംഗർഷിയെ അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തിൽനിന്നും പിൻതിരിപ്പിക്കുവാൻ കഴിഞ്ഞില്ല. അവസാനം മംഗർഷി വിഷയംമാററുന്നതിനുവേണ്ടി അമരസിംഹന്റെനേക്കു തിരിഞ്ഞു് പറഞ്ഞു. "താങ്കളുടെ പേരു കേട്ടിട്ട് എനിക്ക് കൗതുകം തോന്നുന്നു. താങ്കൾക്ക് എതിരൊന്നും ഇല്ലെങ്കിൽ എനിക്ക് ഒന്നു രണ്ടു കാര്യങ്ങൾ അറിഞ്ഞാൽ കൊള്ളാമായിരുന്നു."

അമര:—അങ്ങേയ്ക്കു് എന്താണ് അറിയേണ്ടതെന്നുവെച്ചാൽ ചോദിക്കാമെല്ലോ.

മംഗ:—കൊലമരത്തിൽനിന്നും അത്ഭുതകരമായ രീതിയിൽ രക്ഷപെട്ടുപോയ ആ അമരസിംഹൻ തന്നെയാണോ താങ്കൾ?

അമ:—അതെ. ഞാൻ തന്നെയാണ് ആ അമരസിംഹൻ. അന്ന് അങ്ങും ആ ജയിലിൽതന്നെ ഉണ്ടായിരുന്നുവെന്നു് ഞാൻ കേട്ടിട്ടുണ്ടു്.

മംഗ:—(ചിരിച്ചുകൊണ്ടു്) അപ്പോൾ നമ്മൾ പഴയ സ്നേഹിതന്മാരാണെല്ലോ. നമ്മൾ തമ്മിൽ പല കാര്യത്തിലും യോജിച്ചുപോകുമെന്നു് തോന്നുന്നു.

അമ:—(പുഞ്ചിരിതൂകിക്കൊണ്ടു്) തീർച്ചയായും. അന്നു് ജയിലിൽവെച്ചു് നമ്മെ രണ്ടുപേരേയും ആനന്ദിപ്പിച്ചുകൊണ്ടിരുന്ന നമ്മുടെ മറെറാരു സ്നേഹിതൻ കൂടി ഇവിടെ ഇപ്പോൾ വന്നിട്ടുണ്ടു്.

മംഗ:—അതു് ആരാണു്?

അമ:—ദ്വാരകാനാഥ മുതലാളിയെപ്പററിയാണു് ഞാൻ പറയുന്നതു്. ഞാൻ ഇങ്ങോട്ടു വരുമ്പോൾ അയാൾ താഴെയുള്ള ഉദ്യാനത്തിൽ ഉലാത്തുന്നതു കണ്ടു.

മംഗ:—ഓഹോ! നമ്മുടെ ആ മുതലാളിയല്ലേ. അയാളുടെ കാൎയ്യമേ ഞാനങ്ങു മറന്നുപോയി. ഒരു വിചിത്രമനുഷ്യനാണു് അയാൾ. അയാളെക്കൊണ്ടു് നമ്മൾ സാധിച്ച കാൎയ്യം താങ്കളും അറിഞ്ഞുകാണുമെന്നു് വിശ്വസിക്കുന്നു.

അമ:—ഉവ്വു്. അയാളെക്കൊണ്ടു് ഗോപാൽശങ്കരുടെ കൈപ്പിടയിലുള്ള കള്ളക്കത്തെഴുതിച്ചു് അദ്ദേഹത്തിൻെറ 'ടൈഗറെ' തട്ടിയെടുത്ത കഥ രാജകുമാരൻ വഴിക്കുവെച്ചു് എന്നോടു് പറയുകയുണ്ടായി.

മംഗ:—(ചിരിച്ചുകൊണ്ടു്) രാഷ്ട്രീയത്തിലെ ഒന്നാമത്തെ ആയുധമാണു് ചതിവും വഞ്ചനയും. അതുകൊണ്ടാണു് എൻെറ ഭരണത്തിൻെറ ആരംഭം ആ ആയുധത്തിൻെറ സഹായത്തോടെ തുടങ്ങിയതു്.

അമ:—അങ്ങു് ചെയ്തതു് ഏതായാലും വളരെ ഉപകാരമായി. ടൈഗർ വന്ന ഉടൻതന്നെ എന്തൊരു സഹായമാണു് നമുക്കു് ചെയ്തുതന്നതു്! ഇനിയും അതുകൊണ്ടു് നമുക്കു് മഹാകാൎയ്യങ്ങൾ സാധിക്കുവാനുണ്ടു്. അതു് കൈവിട്ടുപോകാൻ ഇടയാകാതെ സൂക്ഷിക്കണമെന്നു് എനിക്കു് പ്രത്യേകം അപേക്ഷയുണ്ടു്.

മംഗ:—ആവശ്യമായ എല്ലാ സംരക്ഷണനടപടി

കളും ഞാൻ കൈക്കൊണ്ടിട്ടുണ്ട്. വല്ല പോരായ്മയും ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചുതന്നാൽ ഉടൻ നികത്തുവാനും ഞാൻ തയാറാണ്. അന്തഃപുരത്തിലെ മൈതാനത്തിലാണ് ആ വിമാനം സൂക്ഷിച്ചിരിക്കുന്നത്. പുരുഷന്മാക്ക് ആക്കുംതന്നെ അവിടെ പ്രവേശനം ഇല്ല. രാജകുമാരനാണ് അതിൻെറ കാവലിൻെറ ചുമതല മുഴുവൻ ഏറെറടുത്തിരിക്കുന്നത്.

അമ:—എങ്കിൽപ്പിന്നെ ഭയപ്പെടാനില്ല.

മംഗ:—അതിരിക്കട്ടെ. സൈഗൺനഗരത്തിൽ വിശേഷം വല്ലതും ഉണ്ടോ? അവിടുത്തെ കാര്യങ്ങഠം അറിയുവാൻ എനിക്ക് അതിയായ താല്പര്യം ഉണ്ട്.

അമ:—ഭാവി കാര്യങ്ങഠം തീരുമാനിക്കുന്നതിനു വേണ്ടി ഷേവർ ഒരു കമ്മററി ഉണ്ടാക്കിയിട്ടുണ്ട്. ആ കമ്മററി അങ്ങ് കൊടുത്തയച്ച ആ എഴുത്തിൻെറ മറുപടിയെപ്പററിയും, ശ്യാമരാജ്യത്തോട് ഫ്രാൻസ് അവലംബിക്കേണ്ട നയത്തെപ്പററിയും മററും ആലോചിച്ച് തീരുമാനിക്കുന്നതായിരിക്കും. വളരെ സമയത്തെ ചൂടുപിടിച്ച വാദപ്രതിവാദങ്ങഠംക്കും, ആലോചനയ്ക്കും ശേഷം ആ കമ്മററിക്കാർ എടുത്ത തീരുമാനത്തെപ്പററി നമ്മുടെ ആഠംക്കാക്ക് അറിവുകിട്ടിയിട്ടുണ്ട്.

മംഗ:—എന്താണ് അവരുടെ തീരുമാനം?

അമ:—റയിൽവേലൈനിൻെറ പണികഠം തുടന്നു നടത്തേണ്ടതാണെന്നും, അങ്ങ് തടസ്സപ്പെടുത്തുകയാണെങ്കിൽ അങ്ങയോട് യുദ്ധംചെയ്യണമെന്നും, കഴിയുമെങ്കിൽ അങ്ങയെ സിംഹാസനഭ്രഷ്ടനാക്കിയിട്ട് ഇവിടുത്തെ ഭരണം ഏറെറടുക്കണമെന്നും; അതിലേയ്ക്കാവശ്യമായ സൈനികശക്തി ഉടനടി സംഭരിക്കണമെന്നും മററുമാണ് അവർ തീരുമാനിച്ചിരിക്കുന്നത്.

മംഗ:—(കോപത്തോടെ) ഈ രാജ്യത്തെ ഭരണം ഏറ്റെടുക്കുമെന്നോ?

അമ:—അതെ.

മംഗ:—(മന്ത്രിമാരുടെയും സാമന്തന്മാരുടെയും നേരേ നോക്കിക്കൊണ്ടു്) എന്താ, നിങ്ങളെല്ലാവരും കേട്ടല്ലോ? എന്റെ ചാരന്മാൎക്കു് കിട്ടിയ അറിവു് ശരിയായിരുന്നു.

അമ:—(ആശ്ചര്യത്തോടെ) എന്തു്? ഇതേക്കുറിച്ചുള്ള വിവരം അങ്ങയുടെ ചാരന്മാൎക്കും കിട്ടിക്കഴിഞ്ഞോ?

മംഗ:—ഉവ്വ്. എന്റെ ഏതാനും ചാരന്മാർ ഇപ്പോഴും ബൽവേഡിയർ പാലസ്സിൽ കടന്നു് തങ്ങളുടെ ജോലി ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്. അവരും ഇതുതന്നെയാണു് എന്നെ അറിയിച്ചിരിക്കുന്നതു്. താങ്കൾ പറഞ്ഞ കാര്യം കൂടാതെ മറ്റൊരു കാര്യംകൂടി അവർ എന്നെ അറിയിച്ചിട്ടുണ്ടു്. അതായതു് വേണ്ടുവോളം സൈനികശക്തി സംഭരിക്കുന്നതുവരെ അവർ എന്നോടു് കൃത്രിമമായ മൈത്രി അഭിനയിക്കുവാനും, അവരുടെ ഒരുക്കങ്ങളെല്ലാം പൂൎണ്ണമായിക്കഴിയുമ്പോൾ ആകസ്മികമായി എന്നെ ആക്രമിക്കുവാനുമാണു് അവർ പ്ലാനിട്ടിരിക്കുന്നതു്.

അമ:—അതെ. ഇക്കാര്യവും ഞാൻ അറിയിക്കുവാൻ തുടങ്ങുകയായിരുന്നു. എന്നാൽ അങ്ങേയ്ക്കു് അങ്ങയുടെ ചാരന്മാരിൽനിന്നു് ഈ വിവരം ഞങ്ങളുടെ ചാരന്മാൎക്കു് കിട്ടുന്നതിനുമുമ്പു് കിട്ടിയെങ്കിൽ ഞാൻ അങ്ങയുടെ ചാരന്മാരുടെ കൎമ്മകുശലതയേയും ബുദ്ധിസാമൎത്ഥ്യത്തേയും അങ്ങേയറ്റം പ്രകീൎത്തിക്കുന്നതോടൊപ്പം ഇത്രമാത്രം സമൎത്ഥരായ ചാരന്മാരെ സംരക്ഷി

ച്ചുകൊണ്ടിരിക്കുന്ന അങ്ങയെ അഭിനന്ദിക്കുകയും ചെയ്യുന്നു.

മംഗ:—ഈ പരിതസ്ഥിതിയിൽ നാം എന്താണു് ചെയ്യേണ്ടതെന്നു് വളരെയധികം ആലോചിച്ചു് തീരുമാനിക്കേണ്ടിയിരിക്കുന്നു. ഫ്രഞ്ചുകാരുമായി ഏററുമുട്ടത്തക്ക രീതിയിൽ ശ്യാമരാജ്യം ഇന്നും വളൎന്നിട്ടില്ലെന്നുള്ള കാര്യം താങ്കൾക്കു് നല്ലതുപോലെ അറിയാമെല്ലോ. (സാമന്തന്മാരുടെ നേരെ നോക്കിക്കൊണ്ടു്) എന്താ, അങ്ങനെയല്ലേ?

അമ:—അങ്ങയുടെ മുഖത്തുനിന്നും ഇങ്ങനെയുള്ള വാക്കുകൾ കേട്ടിട്ടു് എനിക്കു് വിഷമം തോന്നുന്നു. ഒരുപക്ഷേ, അങ്ങു് അങ്ങയുടെ ചിരന്തന സുഹൃത്തുക്കളും, അഭ്യുദയകാംക്ഷികളുമായ പൗരസ്വാതന്ത്ര്യാഭിമാന സംരക്ഷകസംഘത്തിലെ അംഗങ്ങളുടെ ശക്തിയെപ്പററി ചിന്തിക്കാതെയാണു് ഇതു പറഞ്ഞതെന്നു് തോന്നുന്നു. അങ്ങു് അനുവദിക്കുകയാണെങ്കിൽ ഞാൻ ഒരു കാൎയ്യം പറയാം.

മംഗ:—എന്താണു്?

അമ:—ആ കമ്മററിയുടെ തീരുമാനം അറിഞ്ഞ ഉടൻതന്നെ ആ റയിൽവേ ലൈൻ മുഴുവൻ ഒരേ സമയത്തുതന്നെ തകൎത്തുകളയണമെന്നാണു് ഞങ്ങളുടെ സംഘം തീരുമാനിച്ചിരിക്കുന്നതു്. അതോടെ അവരുടെ ഇത്രയും കാലത്തെ പരിശ്രമവും ചിലവാക്കിയ കോടിക്കണക്കിനു് രൂപായും സാധനങ്ങളും ജോലിയിൽ ഏൎപ്പെട്ടിരിക്കുന്ന നൂറുകണക്കിനു് ആളുകളും എല്ലാം ഒന്നോടെ തകൎന്നു് തരിപ്പണമായിക്കൊള്ളും.

മംഗ:—(ആശ്ചൎയ്യത്തോടെ) അങ്ങനെ ചെയ്യാൻ സാധിക്കുമോ?

അമ:—തീർച്ചയായും. സാധിക്കുമെന്നുമാത്രമല്ല; അതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തുകഴിഞ്ഞു. ആ റയിൽവേ ലൈനിൽ ഇരുന്നൂറുവാരവീതം അകലത്തിൽ വയർലെസ് കിരണങ്ങളേററാൽ പൊട്ടുന്നതരത്തിലുള്ള ബോംബുകൾ ഭൂമിക്കടിയിൽ നിക്ഷേപിച്ചും കഴിഞ്ഞു. നാം ആഗ്രഹിക്കുന്ന മാത്രയിൽ ആകാശത്തുനിന്നും റേഡിയം രശ്മികൾ അയച്ചാൽ ഉടൻതന്നെ ആ ബോംബുകൾ മുഴുവൻ പൊട്ടിക്കൊള്ളും.

മംഗ:—അങ്ങനെയോ?

അമ:—അതെ. അങ്ങയുടെ അനുവാദത്തിനുവേണ്ടി മാത്രമാണു് ഞങ്ങൾ കാത്തുനില്ക്കുന്നതു്. കാരണം ശ്യാമ രാജ്യത്തിലെ ഭരണാധികാരിയുടെ അറിവും സമ്മതവും കൂടാതെ ഈ രാജ്യത്തു് യാതൊരു പ്രവർത്തനവും നടത്തുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല.

മംഗ:—അനേക മൈൽ നീളത്തിൽ നിർമ്മിച്ചു കഴിഞ്ഞിരിക്കുന്ന ആ ലൈൻ മുഴുവൻ നിമിഷനേരം കൊണ്ടു് നിങ്ങൾക്കു് നിലംപരിശാക്കുവാൻ സാധിക്കുമെങ്കിൽ പിന്നെ ഞാൻ എന്തു പറയാനാണു്?

അമ:—ഇതിൽ പല കാര്യങ്ങളും ആലോചിക്കുവാനുണ്ടു്. അതിൽ ഏററവും പ്രധാനമായിട്ടുള്ളതു് ഇതാണു്. അതായതു് ആ ജോലി അങ്ങയുടെ പേരിലാണോ ചെയ്യേണ്ടതു് അതോ പൗരസ്ത്യാഭിമാന സംരക്ഷക സംഘത്തിൻെറ പേരിലാണോ ചെയ്യേണ്ടതു്?

മംഗ:—താങ്കളുടെ ഉദ്ദേശം എനിക്കു് മനസ്സിലാകുന്നില്ല.

അമ:—ആ റയിൽവേ ലൈനിനെക്കുറിച്ചുള്ള ഞങ്ങളുടെ അഭിപ്രായം ഞങ്ങൾ ഷേവറെ അറിയിച്ചിട്ടുണ്ടു്. അങ്ങു് അങ്ങയുടെ അഭിപ്രായവും അറിയിച്ചിട്ടുണ്ടു്. ആ ജോലി ഞങ്ങൾ ചെയ്യുകയാണെങ്കിൽ ശ്യാമ

രാജ്യത്തിന്ന് എതിരായിട്ട് ഏതെങ്കിലും നടപടി കൈക്കൊള്ളുവാൻ ഫ്രഞ്ചുകാൎക്ക് യാതൊരു ന്യായീകരണവും പറയുവാൻ സാധിക്കുകയില്ല നേരെമറിച്ച് ആ ജോലി അങ്ങയുടെ പേരിൽ ചെയ്യുകയാണെങ്കിൽ അങ്ങേയ്ക്ക് എതിരായി യുദ്ധം ചെയ്യുവാനുള്ള ഒരു നല്ല കാരണം ഫ്രഞ്ചുകാൎക്ക് ഉയൎത്തിക്കാണിക്കുവാൻ സാധിക്കും.

മംഗ:—അതെ. അത് ശരിയാണ്. ഫ്രഞ്ചുകാരുമായി യുദ്ധം ചെയ്യേണ്ടിവരികയാണെങ്കിൽതന്നെയും ഞാൻ പുറകോട്ടുമാറുകയില്ല. എന്നാൽ പല കാൎയ്യങ്ങളെക്കുറിച്ചും ദീർഘമായി ആലോചിച്ചതിന്റെ ഫലമായിട്ട് എനിക്കു തോന്നുന്നത് കുറെക്കാലത്തേയ്ക്ക് എന്റെ നില ഉറപ്പിക്കുവാനാവശ്യമായ സാവകാശവും സന്ദർഭവും ലഭിക്കുകയാണെങ്കിൽ നന്നായിരുന്നുവെന്നാണ്.

അമ:—ഞങ്ങളും അതുതന്നെയാണ് ആലോചിക്കുന്നത്. ഇതു കൂടാതെ മറെറാരു കാൎയ്യംകൂടിയുണ്ട്.

മംഗ:—അതെന്താണ്?

അമ:—(ചുററിനും നോക്കിയിട്ട്) ആ കാൎയ്യം ഞാൻ അങ്ങയോട് രഹസ്യമായിട്ട് പറയുവാനാണ് ആഗ്രഹിക്കുന്നത്.

ഇതു കേട്ട ഉടൻതന്നെ മംഗർഷി സദസ്യരുടെ നേൎക്കുനോക്കി. അദ്ദേഹത്തിന്റെ ഉദ്ദേശം മനസ്സിലാക്കിയ സദസ്യർ വേഗം എഴുന്നേററ് മുറിക്കുള്ളിൽനിന്നും വെളിയിലേയ്ക്കുപോയി. അമരസിംഹൻ മംഗർഷിയുടെ അടുക്കലേയ്ക്ക് അല്പംകൂടി നീങ്ങി ഇരുന്നതിനുശേഷം വളരെ പരിഞ്ഞ സ്വരത്തിൽ അദ്ദേഹത്തോട് എന്തൊക്കെയോ പറയുവാൻ തുടങ്ങി.

*o*

# 8

കൗണ്ട് ഷേവർ തന്റെ സ്വരം അല്പം ഉയർത്തി ഇങ്ങനെ പറഞ്ഞു. "സുഹൃത്തുക്കളെ! വളരെ തിടുക്കത്തിലാണ് നിങ്ങളെ മുഴുവൻ ഇവിടെ വിളിച്ചുകൂട്ടേണ്ടിവന്നതു്. ഞാൻ നിങ്ങളോടു് പറയുവാൻ പോകുന്ന കാര്യം കേൾക്കുമ്പോൾ അതിന്റെ പ്രാധാന്യം എന്താണെന്നു് നിങ്ങൾക്കു് വളരെ വേഗം മനസ്സിലാക്കുവാൻ സാധിക്കും."

നിദ്രാലസമായ മുഖങ്ങൾ ഷേവറുടെ നേർക്കു് തിരിഞ്ഞു. സ്ഥലം ഗവർണറുടെ വസതിയായ ബൽവേഡിയർ പാലസ്സ് തന്നെയാണ്. തന്റെ ഏററവും വിശ്വസ്ഥരായ ഉദ്യോഗസ്ഥന്മാരെയാണ് ഷേവർ അവിടെ വിളിച്ചു കൂട്ടിയിരിക്കുന്നതു്. അവരിൽ പലരും വായനക്കാർക്കു് പരിചിതരുമാണ്. ഷേവർ തന്റെ സംസാരം തുടർന്നു. "രാത്രി ഏകദേശം രണ്ടു മണി ആയപ്പോൾ ഗാഢനിദ്രയിൽ ലയിച്ചിരുന്ന ഞാൻ എന്തോ ശബ്ദം കേട്ടിട്ടു പെട്ടെന്നു് ഞെട്ടി ഉണർന്നു

പോയി. എൻെറ നിദ്രയ്ക്കു് ഭംഗമുണ്ടാക്കിയ ശബ്ദ ത്തിൻെറ കാരണം കണ്ടുപിടിക്കുന്നതിനായി ഞാൻ കിടന്ന കിടപ്പിൽതന്നെ കിടന്നുകൊണ്ടു് ചുററിനും കണ്ണോടിച്ചുനോക്കി. എൻെറ കട്ടിലിൻെറ കാല്ക്കൽ നിന്നുകൊണ്ടു് മുഖംമൂടിധരിച്ച ഒരു മനുഷ്യൻ എന്റെ മുഖത്തേയ്ക്കുതന്നെ സൂക്ഷിച്ചു നോക്കുന്നതാണു് എനിക്കു് കാണുവാൻ കഴിഞ്ഞതു്. ഞാൻ ഉടൻതന്നെ ചാടി എഴുന്നേററു് അയാളോടു് ചോദിച്ചു. "നിങ്ങൾ ആരാണു്? എന്തിനു് ഈ മുറിക്കുള്ളിൽ കടന്നു?" മറു പടിയെന്നവണ്ണം ഈ എഴുത്തു് അയാൾ എൻെറ മുമ്പി ലേയ്ക്കു് വലിച്ചെറിഞ്ഞതിനുശേഷം കട്ടിലിൻെറ തല യ്ക്കലേയ്ക്കു് വിരൽ ചൂണ്ടിക്കാണിച്ചിട്ടു് വേഗം മുറിക്കു ള്ളിൽനിന്നും വെളിയിലേയ്ക്കു് ഇറങ്ങി. ഞാൻ തല യിണയ്ക്കടിയിൽനിന്നും റിവാൾവർ എടുത്തു് നീട്ടിപ്പി ടിച്ചുകൊണ്ടു് പറഞ്ഞു. "നില്ക്കു് അവിടെ. അനങ്ങി പ്പോയാൽ ആ നിമിഷം തകർത്തുകളയും." ഇതു കേട്ട പ്പോൾ ആ മനുഷ്യൻ നിസ്സാരഭാവത്തിൽ പൊട്ടിച്ചി രിച്ചുകൊണ്ടു് വീണ്ടും കട്ടിലിൻെറ തലയ്ക്കലേയ്ക്കു് കൈചൂണ്ടിക്കാണിച്ചു. കട്ടിലിൻെറ തലയ്ക്കൽ എന്താ യിരിക്കുമെന്നു് അറിയുവാനായി ഞാൻ തിരിഞ്ഞു് ആ ഭാഗത്തേയ്ക്കു നോക്കി. അവിടെ കണ്ടകാഴ്ച എന്നെ പരിഭ്രാന്തനാക്കി തീർത്തു.

"കട്ടിലിൻെറ തലയ്ക്കൽ ഏകദേശം രണ്ടു് അടി അകലത്തായി ഒരു ത്രിശ്ശൂലം തറയിൽ തറച്ചുനില്ക്കുന്ന താണു് എനിക്കു് കാണുവാൻ കഴിഞ്ഞതു്. അതിന്റെ അഗ്രഭാഗത്തു് വയറുകൾ ഘടിപ്പിച്ചതും റസീവർ പോലെ തോന്നിക്കുന്നതുമായ ഒരു ചെറിയപെട്ടി തൂങ്ങി ക്കിടപ്പുണ്ടായിരുന്നു. ഞാൻ കൗതുകത്തോടും ജിജ്ഞാ

സഭയോടുംകൂടി ആ ശൂലത്തിലേയ്ക്കു തന്നെ നോക്കി ക്കൊണ്ടു നില്ക്കുന്നതിനിടയ്ക്കു് ശൂലത്തിൽ തൂങ്ങിക്കിട ന്നിരുന്ന ആ പെട്ടിയിൽ നിന്നും ശബ്ദം പുറപ്പെടുവാൻ തുടങ്ങി. "കൗണ്ടു്ഷേവർ! നിങ്ങളെ ഒരാഴ്ചക്കാല ത്തേയ്ക്കു് ഞങ്ങൾ പരോളിൽ വിട്ടതാണെന്നും, ഞങ്ങ ളുടെ നിർദ്ദേശങ്ങൾ നിങ്ങളുടെ ഗവണ്മെൻറിനെ അറി യിച്ചിട്ടു് അവരുടെ തീരുമാനം ഒരാഴ്ചയ്ക്കുള്ളിൽ ഞങ്ങളെ നേരിട്ടു് അറിയിക്കണമെന്നു് ഞങ്ങൾ നിർ ദ്ദേശിച്ചിരുന്നതും നിങ്ങൾ മറന്നുപോയെന്നു തോന്നു ന്നല്ലോ."

ഞാൻ അത്ഭുതത്തോടെ ആ റസീവറിലേയ്ക്കു് നോക്കിക്കൊണ്ടു് ചോദിച്ചു. "നിങ്ങൾ ആരാണു്? ഇപ്പോൾ എവിടെ ഇരുന്നുകൊണ്ടാണു് സംസാരിക്കു ന്നതു്?

"ഞാൻ പൗരസ്വാഭിമാനസംരക്ഷകസംഘത്തിൻ്റെ ഓഫീസിൽ ഇരുന്നുകൊണ്ടാണു് സംസാരിക്കുന്നതു്. നിങ്ങൾ ഞങ്ങളുടെ തടവിലായിരുന്നപ്പോൾ നിങ്ങ ളോടു് രണ്ടു പ്രാവശ്യം നേരിട്ടു സംസാരിച്ച ആ മൂന്നു പേരിൽ ഒരാളാണു് ഞാൻ."

വാസ്തവത്തിൽ ആ സ്വരം എനിക്കു് പരിചിത മായിരുന്നു. ഒരാഴ്ചയ്ക്കുശേഷം അർദ്ധരാത്രിക്കു് ആ ത്രിശൂ ലത്തിൽനിന്നും പുറപ്പെട്ട ശബ്ദം എനിക്കു് പെട്ടെന്നു് തിരിച്ചറിയുവാൻ സാധിച്ചു. ആ മുഖംമൂടിധരിച്ച മനുഷ്യനോടു് ഒരുകാര്യം ചോദിച്ചറിയുവാനായി ഞാൻ തിരിഞ്ഞു. പക്ഷേ, അയാൾ അപ്പോഴേയ്ക്കും എവി ടെയോ പോയി മറഞ്ഞുകഴിഞ്ഞിരുന്നു. എൻ്റെ മുറി യുടെ വരാന്തയിൽ ഇരുപത്തിനാലുമണിക്കൂറും സൈനി കകാവൽ ഉണ്ടായിരുന്നിട്ടും അങ്ങനെ ഒരുത്തൻ എൻ്റെ

മുറിയിലേയ്ക്ക് കടക്കുന്നതോ മുറിയിൽനിന്ന് ഇറങ്ങി പ്പോകുന്നതോ ആരും കണ്ടില്ലെന്ന്! ഞാൻ അയാളെ കണ്ടുപിടിക്കാനായി മുറിയിൽനിന്ന് വെളിയിലേയ്ക്ക് ഇറങ്ങാൻ തുടങ്ങിയ ഉടനെ ആ റസീവറിൽനിന്നും വീണ്ടും ശബ്ദം പുറപ്പെടുന്നതു് കേൾക്കപ്പെട്ടു. "നിങ്ങൾ എന്താണ് തീരുമാനിച്ചിരിക്കുന്നതെന്ന് പറയൂ. ഞങ്ങ ളുടെ നിർദ്ദേശം സ്വീകരിക്കുന്നോ അതോ യുദ്ധത്തിനു തന്നെ പുറപ്പെടുന്നോ?"

"ഞങ്ങൾ മനഃപൂർവ്വം ആരിൽനിന്നും യുദ്ധം വില യ്ക്കുവാങ്ങുവാൻ ആഗ്രഹിക്കുന്നില്ല." ഞാൻ പറഞ്ഞു. "എന്നാൽ ആരെങ്കിലും ഭീഷണിപ്പെടുത്തി ബലാല്ക്കാരം ഞങ്ങളെക്കൊണ്ടു് തങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരി പ്പിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ ആ ശ്രമത്തെ ഞങ്ങൾ സർവ്വശക്തിയും ഉപയോഗിച്ച് തടയുകതന്നെ ചെയ്യും. റയിൽവേലൈൻ നിർമ്മിക്കുന്നതിനുവേണ്ടി ഞങ്ങൾ ഇതിനോടകം ചിലവാക്കിയിട്ടുള്ള തുക മുഴു വൻ പലിശസഹിതം തിരിച്ചുടയ്ക്കുവാൻ ശ്യാമരാജ്യം തയാറാകുകയാണെങ്കിൽ ഞങ്ങൾ തുടർന്നുള്ള പണികൾ നിറുത്തിവെയ്ക്കുവാൻ തയാറാണ്. ഇതാണ് ഞങ്ങൾ എടുത്തിരിക്കുന്ന തീരുമാനം."

കുറച്ചുസമയം വിശ്രമിച്ചതിനുശേഷം ഷേവർ തുടർന്നു. "സുഹൃത്തുക്കളെ! നമ്മൾ കൈക്കൊണ്ട തീരു മാനം ഇതുതന്നെയല്ലേ? സമയം നീട്ടിക്കൊണ്ടുപോകു വാൻ ഇതിനേക്കാൾ പററിയ ഒരു മാർഗ്ഗം എത്ര ആലോചിച്ചിട്ടും നമുക്ക് കണ്ടുപിടിക്കുവാൻ സാധിച്ചി ട്ടില്ലല്ലോ?"

"ശ്യാമരാജ്യത്തിന് ഇത്ര വലിയ ഒരു തുക ഉട നടി മടക്കിത്തരുവാൻ സാധിക്കുകയില്ലെന്ന് അറിഞ്ഞു

കൊണ്ടല്ലേ നമ്മൾ ഈ തീരുമാനമെടുത്തത്." സദസ്യരിൽ ഒരാൾ പറഞ്ഞു.

ഷേവർ:—അതെ, എന്നാൽ എൻെറ ഈ അഭിപ്രായത്തിന് റസീവറിൽനിന്നും കിട്ടിയ മറുപടി കേട്ടപ്പോൾ ഞാൻ വാസ്തവത്തിൽ സ്തംഭിച്ചുപോയി. ആ മറുപടി ഇതായിരുന്നു. "ഈ തീരുമാനം നിങ്ങൾ എന്തിനുവേണ്ടിയാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് ഞങ്ങൾക്കു നല്ലതുപോലെ അറിയാം. ഇത്രയും വലിയ ഒരു തുക ഉടനടി മടക്കിത്തരുവാൻ ശ്യാമരാജ്യത്തെക്കൊണ്ട് സാധിക്കുകയില്ലെന്നും ഈ ഒഴികഴിവിലൂടേ സമയം നീട്ടിക്കൊണ്ടുപോകാമെന്നും, അതിനിടയ്ക്കു് ഫ്രാൻസിൽനിന്നും ആവശ്യമായ സൈനിക സഹായം വരുത്താമെന്നും നിങ്ങൾ വ്യാമോഹിക്കുന്നുണ്ട്. ഇല്ലേ? പക്ഷേ, നിങ്ങളുടെ ആ ധാരണ തെററിപ്പോയി. നിങ്ങൾ ആവശ്യപ്പെട്ടനിടത്തോളം രൂപാ ഏതു നിമിഷവും തരുവാൻ ഞങ്ങൾ തയാറാണ്. കൂടാതെ ഫ്രഞ്ച് അധീനതയിലുള്ള സകല സൈന്യത്തേയും ഞൊടിയിടകൊണ്ട് തകർത്തു തരിപ്പണമാക്കുവാവനുള്ള ആയുധശക്തി ഇന്ന് പൗരസ്വാതന്ത്ര്യാഭിമാന സംരക്ഷകസംഘത്തിന് ഉണ്ട്. പക്ഷേ, ഈ ഏടാകൂടങ്ങളിലെല്ലാം തലയിടണമെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. ശ്യാമ രാജ്യത്തിൻ്റെ അറിവും സമ്മതവും കൂടാതെ ആ രാജ്യത്തിലൂടെ നിങ്ങൾ ധിക്കാരപൂർവ്വം പണിതീർത്തിരിക്കുന്ന ആറെയിൽവേ ലൈൻ വിലയ്ക്കെടുത്ത് നിങ്ങളെ ഇനിയും കോടീശ്വരന്മാരാക്കി തീർക്കണമെന്നും ഞങ്ങൾ വിചാരിക്കുന്നില്ല. കാരണം അങ്ങനെ ഒരു റെയിൽവേ ലൈനിൻ്റെ ആവശ്യം ഇന്ന് ശ്യാമ രാജ്യത്തിനില്ല. ആ റയിൽവേ ലൈൻ ആവശ്യമായിരുന്നെങ്കിൽ എന്തു വിലകൊട

ത്തും ഞങ്ങൾ അതു് തീർച്ചയായും വിലയ്ക്കുവാങ്ങമായിരുന്നു. അതുകൊണ്ടു് ഇനിയും നിങ്ങൾക്കു് ഞങ്ങളെ വഞ്ചിക്കുവാൻ സാദ്ധ്യമല്ല. നേരം വെളുക്കുമ്പോൾ— കൃത്യം ആറുമണിക്കു്—ആ റെയിൽവേ ലൈൻ മുഴുവൻ ഒന്നോടെ പൊടിപോലും അവശേഷിക്കാത്ത രീതിയിൽ ഞങ്ങൾ തകക്കുന്നതായിരിക്കും. അതോടൊപ്പം തന്നെ നിങ്ങളുടെ വഞ്ചനയ്ക്കു് ഒരു ചെറിയ ശിക്ഷയും കൂടി തരണമെന്നു് ഞങ്ങൾ വിചാരിക്കുന്നു. കൃത്യം ആറേകാൽ മണിക്കു് നിങ്ങൾ താമസിക്കുന്ന ബൽവേഡിയർ പാലസ്സും, ആററമണിക്കു് സൈഗൺ നഗരത്തിലുള്ള എല്ലാ ഗവണ്മെൻറു് മന്ദിരങ്ങളും ഞങ്ങൾ തകക്കുന്നതായിരിക്കും. ഇതാ നാലുമണിക്കൂർ മുമ്പേ മുന്നറിയിപ്പു തന്നിരിക്കുന്നു. സ്വരക്ഷയ്ക്കുള്ള വല്ല ഏർപ്പാടുകളും ചെയ്യുവാൻ കഴിവുണ്ടെങ്കിൽ ചെയ്തുകൊള്ളു. ഇനിയും നാലുമണിക്കൂർ സമയമുണ്ടു്."

"സുഹൃത്തുക്കളെ! ഈ സന്ദേശം നിങ്ങളെ അറിയിക്കുന്നതിനുവേണ്ടിയാണു് ഈ സമയത്തു് ഞാൻ നിങ്ങളെ വിളിച്ചുണത്തിയതു്. ഇപ്പോൾ മണി നാലായി. ആ ഭീഷണി ശരിയാണെങ്കിൽ രണ്ടുമണിക്കൂറിനുള്ളിൽ ശത്രുക്കൾ അവരുടെ പ്രവത്തനങ്ങൾ ആരംഭിക്കും. നിങ്ങൾക്കു് ഇക്കാര്യത്തിൽ വല്ലതും പറയാനുണ്ടെങ്കിൽ പറയുക."

ഇതേത്തുടന്നു് ശ്മശാന മൂകതയാണു് അവരുടെ ഇടയിൽ വ്യാപിച്ചതു്. നിമിഷനേരംകൊണ്ടു് എന്തെങ്കിലും മറുപടി പറയാവുന്ന ഒരു പ്രശ്നമായിരുന്നില്ല അതു്. നേരിൽ കാണുവാൻ സാദ്ധ്യമല്ലാത്ത ശത്രുക്കളെ ശതക്കണക്കിനു് മൈൽ അകലെ ഇരുന്നുകൊണ്ടു് ആകസ്മികമായി ആക്രമിക്കുന്ന ശത്രുക്കളെ എങ്ങനെ

എതിരിടുവാൻ സാധിക്കും? അങ്ങനെ കുറച്ചുസമയം കഴിഞ്ഞപ്പോൾ സദസ്യരിൽ ഒരാൾ ചോദിച്ചു. "ആ ത്രിശ്ശൂലം ഇപ്പോഴും അവിടെത്തന്നെയുണ്ടോ? നമുക്ക് ചില കാര്യങ്ങൾകൂടി അറിയാനുണ്ടായിരുന്നു."

ഷേവർ:—(ഉദാസീനഭാവത്തിൽ) എന്താണ് നിങ്ങൾക്ക് കൂടുതലായി അറിയാനുള്ളത്?

"ഏതെങ്കിലും വ്യവസ്ഥയിൽ അവർ പിന്മാറുവാൻ തയ്യാറുണ്ടോ എന്നറിഞ്ഞാൽകൊള്ളാമായിരുന്നു." അയാൾ ജിജ്ഞാസയോടുപറഞ്ഞു.

ഷേവർ!—ഇല്ല. സംഭാഷണം അവസാനിച്ചു ഉടൻതന്നെ ആ റസീവർ സ്വയം തീപിടിച്ച് ഭസ്മമായിപ്പോയി.

ഈ മറുപടി കേട്ടതോടെ പിന്നെയും കുറച്ചു സമയത്തേയ്ക്ക് അവിടെ നിശബ്ദത വ്യാപിച്ചു. ക്രമേണ അവർ പരസ്പരം അമന്ദസ്വരത്തിൽ സംസാരിക്കുവാൻ തുടങ്ങി. പലരും പലവിധത്തിലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. എല്ലാ അഭിപ്രായങ്ങളും പരസ്പര വിരുദ്ധമായിരുന്നു. ആശാപ്രദമായ ഒരു വാക്ക് ആരിൽ നിന്നും പുറപ്പെട്ടില്ല പൗരസ്ത്യാഭിമാന സംരക്ഷക സംഘത്തെ പഴിച്ചു പറയുവാൻ അവർ സർവ്വ കഴിവും ഉപയോഗിച്ചെങ്കിലും വരാൻപോകുന്ന വിപത്തൊഴിവാക്കുവാൻ ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അവരിൽ ആരെക്കൊണ്ടും സാധിച്ചില്ല.

* * * *

അനാവശ്യമായ വാദപ്രതിവാദങ്ങളിൽ വിലയേറിയ രണ്ടുമണിക്കൂർ സമയം പാഴായിപ്പോയി. ഭിത്തിയിൽ തൂക്കിയിട്ടിരുന്ന ക്ലോക്കിൽനിന്നും 'ടൻ ടൻ' എന്ന് ആറുപ്രാവശ്യം ശബ്ദം പുറപ്പെട്ടു. ആ ശബ്ദ ശ്രു

വണ്ണമാത്രയിൽ അവിടെ ഉണ്ടായിരുന്നവരുടെയെല്ലാം ഹൃദയം ശക്തിയായി തുടിച്ചു. പലരുടേയും മുഖം ആസന്നമായ വിപത്തിനെപ്പററി ചിന്തിച്ചു് വിവർണ്ണമായിത്തീൎന്നു. ആൎക്കും സ്വസ്ഥാനങ്ങളിൽനിന്നു് എഴുന്നേൽക്കുവാൻപോലും സാധിച്ചില്ല. പെട്ടെന്നു് ആകാശത്തിൽ അല്പം വടക്കുമാറി അത്യുജ്ജ്വലമായ തീജ്ജ്വാലകഠം ഉയരുന്നതു് അവരുടെ ദൃഷ്ടിയിൽപെട്ടു. അതു കണ്ടമാത്രയിൽ അവരെല്ലാവരും ജന്നലുകളുടെ അടുക്കലേയ്ക്കു് ഓടി. ക്രമേണ ആകാശം കറുത്തിരുണ്ട ധൂമപടലങ്ങളാൽ ആവൃതമായി. അധികം കഴിയുന്നതിനു മുമ്പായിത്തന്നെ ദിഗന്തം ഭേദിക്കുമാറുള്ള ഒരു പൊട്ടിത്തെറിക്കൽ ഉണ്ടായി. തറയിൽനിന്നും പലതരത്തിലുള്ള സാധനങ്ങഠം ആയിരമായിരം അടി ഉയരത്തിൽ തെറിച്ചുപൊങ്ങുന്നതു് വ്യക്തമായി കാണപ്പെട്ടു. കൗണ്ടു് ഷേവർ ഒരു ദീൎഘനിശ്വാസത്തോടെ ആരോടെന്നില്ലാതെ പറഞ്ഞു. "ആ റയിൽവേ ലൈനിലെ ആദ്യത്തെ സ്റ്റേഷനായ 'കോക്നോഠം' തകൎന്നെന്നു തോന്നുന്നു. അധികം താമസിയാതെതന്നെ മററു സ്റ്റേഷനുകളും തകൎന്ന വിവരം നമുക്കു് കേഠംക്കുവാൻ സാധിക്കും."

ഷേവറിൻെറ അനുമാനം തെററിയില്ല. ഏതാണ്ടു് അഞ്ചുമിനിററു് കഴിഞ്ഞപ്പോഴേയ്ക്കും ബൽവേഡിയർ പാലസിലേയ്ക്കു് ഫോൺ സന്ദേശങ്ങളും കമ്പിസന്ദേശങ്ങളും പ്രവഹിക്കുവാൻ തുടങ്ങി. പക്ഷേ, ആ സന്ദേശങ്ങഠം ശ്രവിക്കുവാനുള്ള സമയമായിരുന്നില്ല. പൗരസ്വാതന്ത്ര്യാഭിമാന സംരക്ഷകസംഘത്തിൻെറ രണ്ടാമത്തെ ഭീഷണിയും ഉടൻതന്നെ നടപ്പിലാകുമെന്നു് അവിടെ ഉണ്ടായിരുന്നവർതീരുമാനിച്ചു.എല്ലാവരും അ

വരവരുടെ രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിക്കുവാൻ തുടങ്ങി. ആ കൊട്ടാരത്തിലുണ്ടായിരുന്ന വിലയേറിയ സാധനങ്ങൾ നീക്കംചെയ്യപ്പെട്ടു. സ്ത്രീകളേയും കുട്ടികളേയും മററു സ്ഥലങ്ങളിലേയ്ക്കു് മാററിയതിനു ശേഷം അവിടെ ഉണ്ടായിരുന്നവർ മുഴുവൻ ട്രക്കുകളിലും ജീപ്പുകളിലുമായി സ്ഥലംവിട്ടു.

ത്രിശ്ശൂലത്തിൽനിന്നും കേൾക്കപ്പെട്ട ഓരോ വാക്കും അക്ഷരംപ്രതി ശരിയായിരുന്നുവെന്നു് അനുഭവത്തിൽ നിന്നും തെളിഞ്ഞു. കൃത്യം ആറേകാൽ മണിക്കു് പ്രൗഢഗംഭീരമായിരുന്ന ബൽവേഡിയർ പാലസ്സു് മൺക്കുമ്പാരമായി മാറി. ആറരമണിക്കു് സൈഗൺ നഗരത്തിലുണ്ടായിരുന്ന എല്ലാ ഗവണ്മെൻറു് മന്ദിരങ്ങളും ഇടിഞ്ഞുതകർന്നു് നിലംപതിച്ചു. പ്രശാന്തസുന്ദരമായിരുന്ന ആ രാജധാനി ഒരു ശ്മശാനമായി മാറി. ആർത്തനാദങ്ങളും, ദീനരോദനങ്ങളുംകൊണ്ടു് അന്തരീക്ഷം മുഖരിതമായിത്തീർന്നു.

പൗരസ്വാഭിമാന സംരക്ഷകസംഘത്തിൻെറ ആ ആക്രമണം അത്യധികം കഠോരവും നിർദ്ദയവുമായിരുന്നു. അവരുടെ ആ നിഷ്ഠുരമായ പ്രവൃത്തിയുടെ ഫലമായി എത്രായിരം മനുഷ്യരാണു് നിർദ്ദയം കൊല്ലപ്പെട്ടതെന്നും, എത്രയെത്ര കുടുംബങ്ങളാണു് വഴിയാധാരമായതെന്നും യാതൊരു രൂപവുമുണ്ടായിരുന്നില്ല.

★

# കിംഗ്ലൂ

## 1

മരണഗഹ്വരത്തിൽ പോയിട്ടുള്ള വായനക്കാൎക്ക് യുദ്ധദേവതയായ മാഹ്ജ്ഞംഗിൻെറ അവതാരമായ 'സീഹ്ഫുംഗി'നേയും, പുരോഹിതനായ 'കിംഗ്ലൂ'വിനേയും നല്ലതുപോലെ അറിയാമെന്ന് വിശ്വസിക്കുന്നു. കുറേ ദിവസങ്ങളായിട്ട് ഭഗവാൻ സീഹ്ഫുംഗിൻെറ പൂജാകൎമ്മങ്ങൾ നടത്തുന്നതു് പുരോഹിതനായ കിംഗ്ലൂവല്ല. പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തിൻെറ ആജ്ഞയനുസരിച്ച് അയാൾ എവിടെയോ പോയിരിക്കുകയാണ്. അയാൾ എപ്പോഴാണ് പോയതെന്നോ, എവിടെയാണ് പോയിരിക്കുന്നതെന്നോ ആൎക്കും അറിഞ്ഞുകൂടാ. ഇന്ന് ആ ക്ഷേത്രത്തിൽ പൂജയും മററും നടത്തുന്നതു് അയാളുടെ മകളായ താരയാണ്.

അർദ്ധരാത്രിയാകുവാൻ ഏതാനും നിമിഷങ്ങൾ മാത്രമേബാക്കിയുള്ളൂ. താര അത്താഴപ്പൂജയും കഴിഞ്ഞു് അമ്പലത്തിൻെറ വാതുക്കൽ തൂക്കിയിട്ടിരുന്ന കർട്ടൻ നിവർത്തിട്ടതിനുശേഷം വിഗ്രഹത്തിൻെറ അടുക്കലിട്ടിരുന്ന ഒരു പീഠത്തിൽചെന്നിരുന്നു. ഇനി നേരം വെളുക്കുന്നതുവരെ അവൾക്കു് വിശ്രമിക്കുവാനുള്ള സമയമാണു്. എന്നാൽ ആ ചുരുങ്ങിയ സമയം വിശ്രമിയ്ക്കുവാൻവേണ്ടി ഉപയോഗിക്കാതെ അവൾ പീഠത്തിൽതന്നെ ഇരുന്നുകൊണ്ടു് താടിക്കു് കയ്യുംകൊട്ടത്തു് മുമ്പിലുള്ള അഗ്നികുണ്ഡത്തിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ഹോമധൂമത്തിലേയ്ക്കു തന്നെ നിർന്നിമേഷയായി നോക്കുകയാണു് ചെയ്തതു്. അവളുടെ ആയതലോചനങ്ങൾ ധൂമപടലത്തിൽതന്നെയാണു് പതിച്ചിരുന്നതെങ്കിലും മനസ്സ് മറെറവിടെയോ ആണു് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതെന്നുള്ളതു് വ്യക്തമായിരുന്നു. അകലെ എവിടെയോ പോയിരിക്കുന്ന തൻെറ ഹൃദയേശ്വരനായ അമരസിംഹനെപ്പററി അവൾ മോഹനസ്വപ്നങ്ങൾ കാണുകയാണോ? ആണെങ്കിൽതന്നെയും അതിൽ അത്ഭുതപ്പെട്ടിട്ടു് കാര്യമില്ല.

പെട്ടെന്നു് അവളുടെ വിചാരശൃംഖലയ്ക്കു് ഇളക്കം തട്ടി. അവൾ ഒരു ഞെട്ടലോടെ തലതിരിച്ചു് അവിടെയും ഇവിടെയും നോക്കുവാൻ തുടങ്ങി. ഏതോ ശബ്ദം അവളുടെ ചെവികളിൽ വന്നലച്ചു. എവിടെയോ ആരോ സംസാരിക്കുന്നതുപോലെ അവൾക്കു് തോന്നി. ഒരുപക്ഷെ വെളിയിൽ ആരെങ്കിലും നടക്കുകയായിരിക്കുമെന്നു് അവൾ സംശയിച്ചു. അല്ല. അവളുടെ ധാരണ തെററിപ്പോയി. വിഗ്രഹത്തിന്റെ തൊട്ടുപുറകിലുള്ള ഭിത്തിയിൽ എവിടെയോ പാറക്കഷണ

ങ്ങഠം ഇളക്കിമാററുന്ന ശബ്ദം കേഠംക്കപ്പെട്ടതും, അതേ തുടന്നു് ഭയാനകമായ ഒരു സത്വം അവളുടെ മുമ്പിൽ ആവിർഭവിച്ചതും ഒരുമിച്ചായിരുന്നു. ആപാദചൂഡം കറുത്ത വസ്ത്രത്താൽ ആച്ഛാദനംചെയ്യപ്പെട്ട ആ സത്വം കയ്യിൽ ഊരിപ്പിടിച്ച വാളുമായിട്ടാണു് അവളുടെ മുമ്പിൽ നിലകൊണ്ടതു്. ആ വാളിൽനിന്നും അപ്പോഴും ഇററിററു വീണുകൊണ്ടിരുന്ന രക്തത്തുള്ളികളിൽ നിന്നും അയാഠം ആരേയോ വധിച്ചിട്ടു് വരികയാണെന്നുള്ളതു് വ്യക്തമായിരുന്നു.

ആകസ്മികമായി ആവിർഭവിച്ച ആ കറുത്ത സത്വത്തെ കണ്ടമാത്രയിൽ താര അടിമുടി വിറച്ചു പോയി. ഭയംകൊണ്ടു് അവളുടെ വായിൽനിന്നും ശബ്ദമേ പുറപ്പെട്ടില്ല. അവഠം പരിഭ്രാന്തയായി ആ സത്വത്തിൻെറ മുഖത്തേയ്ക്കുതന്നെ നിർന്നിമേഷയായി നോക്കിക്കൊണ്ടിരുന്നു. അടുത്ത നിമിഷംതന്നെ ആ സത്വം മിന്നൽവേഗത്തിൽ മുന്നോട്ടാഞ്ഞു് അവളുടെ കഴുത്തിൽ ഞെക്കിപ്പിടിച്ചുകൊണ്ടു് കക്കശസ്വരത്തിൽ പറഞ്ഞു. "മിണ്ടിപ്പോകരുതു്. മിണ്ടിപ്പോയാൽ രക്തത്തിൽ കുളിച്ച ഈ വാഠം നിൻെറ കഴുത്തിലൂടെ മറുവശം കടന്നുപോകും. ഓർമ്മയിരിക്കട്ടെ."

ഭയവും പരിഭ്രമവും താരയെ അപ്പോഴേയ്ക്കും തികച്ചും അവശയാക്കിക്കഴിഞ്ഞിരുന്നു. എങ്കിലും പണിപ്പെട്ടു് സ്വയം നിയന്ത്രിച്ചുകൊണ്ടു് വിറയ്ക്കുന്ന സ്വരത്തിൽ അവഠം ഒരുവിധത്തിൽ ഇങ്ങനെ ചോദിച്ചു. "നിങ്ങഠം ആരാണു്? നിങ്ങഠംക്കു് എന്തുവേണം?"

"അതു് ഉടൻതന്നെ മനസ്സിലായിക്കൊള്ളും." എന്നു പറഞ്ഞുകൊണ്ടു് ആ സത്വം കയ്യിലിരുന്ന വാഠം നിലത്തുവെച്ചതിനുശേഷം പോക്കററിൽനിന്നും ഒരു

ടൗവ്വൽ എടുത്തു് അതു് താരയുടെ വായിൽ ബലാല്കാരമായി തിരുകിക്കയററി. അതിനുശേഷം അവൾക്കു് ശ്വാസിക്കുവാൻമാത്രം പഴുതു് ഇട്ടുകൊണ്ടു്, എന്നാൽ സംസാരിക്കുവാൻ നിവൃത്തിയില്ലാത്ത രീതിയിൽ അവളുടെ വായ് ഒരു തോർത്തുകൊണ്ടു് ബലമായി മൂടിക്കെട്ടി. നിമിഷനേരംകൊണ്ടു് ഇത്രയും കാര്യങ്ങൾ ചെയ്തതിനുശേഷം ആ കറുത്ത സത്വം താരയെ തൂക്കിയെടുത്തുകൊണ്ടു് വിഗ്രഹത്തിൻെറ പുറകിലുള്ള രഹസ്യമാർഗ്ഗത്തിലൂടെ ഒരു തുരങ്കത്തിനുള്ളിലേയ്ക്കു് ഇറങ്ങിപ്പോയി. ആ തുരങ്കത്തിൽക്കൂടിയാണു് ഗോപാൽ ശങ്കരും, റോബർട്ടും, മുരാരിയും ത്രികണ്ടരുടെ ആൾക്കാർക്കു് പിടികൊടുക്കാതെ ഒരിക്കൽ രക്ഷപെട്ടുപോയതു്.

ആ തുരങ്കത്തിനുള്ളിൽ സർവ്വത്ര ഇരുട്ടായിരുന്നു. തന്നെ എടുത്തുകൊണ്ടുപോകുന്ന ആളിനെക്കൂടാതെ ആ തുരങ്കത്തിൽ വേറെയും ആളുകളുണ്ടെന്നു് താരയ്ക്കു് ചുററുപാടിൽ നിന്നും മനസ്സിലായി. കാരണം കുറച്ചുദൂരം മുന്നോട്ടു ചെന്നുകഴിഞ്ഞപ്പോൾ ആ കറുത്ത സത്വം താരയെ നിലത്തു നിറുത്തിയിട്ടു് ആരോടോ പറഞ്ഞു. ഇവളെ മാത്രമേ കിട്ടിയുള്ളു. ഏതായാലും ഇവളെ കസ്റ്റഡിയിൽ വെച്ചുകൊള്ളു. മററേ സാധനംകൂടി കിട്ടുമോ എന്നു് ഞാൻ നോക്കിയിട്ടുവരാം." ലോഹസമാനമായ ഒരുകയ്യ് താരയെ ബലമായിപ്പിടിച്ചു. "അനങ്ങിപ്പോകരുതു്. ഇവിടെക്കിടന്നു നിലവിളിച്ചു് ആളു കൂട്ടാമെന്നൊന്നും വിചാരിക്കരുതു്." ഇടിവെട്ടുന്ന സ്വരത്തിൽ ആ കയ്യുടെ ഉടമസ്ഥൻ വിളിച്ചുപറഞ്ഞു. താരയുടെ വായ് നേരത്തെതന്നെ മൂടിക്കെട്ടിയിരിക്കുകയാണെന്നുള്ള കാര്യം അയാൾക്കു് മനസ്സിലായില്ലെന്നു് തോന്നുന്നു.

താരയെ കൂട്ടുകാരൻെറ കയ്യിൽ ഏൽപ്പിച്ചു കൊ

ട്ടത്തതിനുശേഷം ആ കറുത്ത സത്വം വീണ്ടും അമ്പലം സ്ഥിതിചെയ്യുന്ന ഗുഹയിലേയ്ക്ക് മടങ്ങിപ്പോയി. ഗുഹയുടെ വാതൽ അപ്പോൾ ഉള്ളിൽ നിന്നും അടച്ചിരിക്കുകയായിരുന്നു. അയാൾ കയ്യിലിരുന്ന വാൾ വസ്ത്രങ്ങൾക്കുള്ളിൽ മറച്ചുവെച്ചതിനുശേഷം വളരെ സാവധാനം വാതൽ തുറന്ന് വെളിയിലേയ്ക്ക് എത്തിനോക്കി. കട്ടപിടിച്ച അന്ധകാരവും തികഞ്ഞ നിശബ്ദതയും അവിടമാകെ വ്യാപിച്ചിരുന്നു. എങ്ങും യാതൊരുവിധ ശബ്ദവും കേൾക്കുന്നില്ലെന്ന് ബോദ്ധ്യമായപ്പോൾ ആ കറുത്ത സത്വം വാതലിനു വെളിയിലേയ്ക്ക് കാൽ വെച്ചു. ഊഹംകൊണ്ടു് തപ്പിയും തടഞ്ഞും അമന്ന പാദങ്ങളോടെ അയാൾ ഒരുവശത്തേയ്ക്ക് നടക്കുവാൻ തുടങ്ങി.

ആ ഗുഹയാകെ പരിചയമുള്ള ഒരാളാണ് ആ കറുത്ത സത്വമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഉണ്ടായിരുന്നില്ല. കാരണം ദുർഗ്ഗമമായ ആ വഴി അയാളുടെ മുന്നോട്ടുള്ള പോക്കിന് യാതൊരു വിഘാതവും സൃഷ്ടിച്ചില്ല. അങ്ങനെ അയാൾ സാവധാനം നടന്നുനടന്ന് ഗുഹയുടെ പ്രധാനപ്പെട്ട വാതലിന്റെ അടുക്കൽ എത്തിച്ചേർന്നു. ആ വാതലും സാധാരണ നിലയിലുള്ള ഒരിനം കതകുകൾകൊണ്ടു് അടയ്ക്കപ്പെട്ടിരിക്കുകയായിരുന്നു. അയാൾ എങ്ങനെയോ ആ വാതലും തുറന്നു മറെറാരു ഗുഹയ്ക്കുള്ളിലേയ്ക്ക് കടന്നു. അവിടെ അയാൾ പത്തുമിനിററിലധികം സമയം താമസിച്ചില്ല. ഉള്ളിൽ കടന്ന് അയാൾ എന്താണ് ചെയ്തതെന്ന് നമുക്ക് യാതൊരു രൂപവും ഇല്ല. എന്നാൽ അവിടെ നിന്നും വെളിയിലേയ്ക്ക് ഇറങ്ങിയപ്പോൾ അയാളുടെ കയ്യിൽ ഒരു ചെറിയ ഭാണ്ഡമുണ്ടായിരുന്നു. ഗുഹയിൽ

നിന്നും വെളിയിൽ കടന്നതിനുശേഷം അയാ൦ വാതൽ പഴയപടി പൂട്ടി. ഭാണ്ഡം വസ്ത്രങ്ങ൦ക്കുള്ളിൽ മറച്ചു വെച്ചതിനുശേഷം അയാ൦ തിരിഞ്ഞു് വന്നവഴിയേതന്നെ നടന്നു. അധികം താമസിയാതെ അയാ൦ സീഫ് ഫംഗിൻെറ ഗുഹയിൽ എത്തിച്ചേൻറു. അവിടെയും അയാ൦ അധികം സമയമൊന്നും താമസിച്ചില്ല. വാതൽ അടയ്ക്കുകയും ഗുഹയ്ക്കുള്ളിൽ കത്തിക്കൊണ്ടിരുന്ന വിളക്ക് അണയ്ക്കുകയും ചെയ്തതിനുശേഷം അയാ൦ വിഗ്രഹത്തിൻെറ പുറകിലുള്ള രഹസ്യമാർഗ്ഗത്തിലൂടെ തുരങ്കത്തിനുള്ളിലേയ്ക്ക് ഇറങ്ങിപ്പോവുകയും ചെയ്തു. ഏതാനും ചുവടുകൾ മുന്നോട്ടുവെച്ചതിനുശേഷം അയാ൦ വിളിച്ചുചോദിച്ചു. "സാലിൻ! കുഴപ്പമൊന്നും ഇല്ലല്ലോ?

തൻെറ ചോദ്യത്തിന് യാതൊരു മറുപടിയും കിട്ടാതായപ്പോ൦ ആ കറുത്ത സത്വം ആശ്ചര്യപ്പെട്ടുപോയി. അയാ൦ വീണ്ടും ഉച്ചത്തിൽ വിളിച്ചുചോദിച്ചു. സാലിൻ! നീ എവിടെയാണു്?"ആ ഇരുളടഞ്ഞ ഗുഹയ്ക്കുള്ളിൽ അയാളുടെ ശബ്ദം പ്രതിധ്വനിച്ചു. അയാ൦ക്ക് യാതൊരു മറുപടിയും കിട്ടിയില്ല. അയാ൦ മൂന്നാമതൊരിക്കൽക്കൂടി തൻെറ ചോദ്യം ആവത്തിച്ചു. പക്ഷേ, അപ്പോഴും ഫലം ആ പ്രതിധ്വനി മാത്രമായിരുന്നു. അവസാനം അയാ൦ സ്വയം പിറുപിറുത്തു. "സാലിൻ എവിടെയാണു്? ഒരു പക്ഷേ മുന്നോട്ടു്പോയതായിരിക്കുമോ?"

ആ കറുത്ത സത്വത്തിന് ആ സ്ഥലത്തു് ഒരുതരത്തിലും ഭയപ്പെടേണ്ട ആവശ്യമില്ലെന്നു തോന്നുന്നു. കാരണം അയാ൦ വസ്ത്രത്തിനുള്ളിൽനിന്നും ഒരു ടോർച്ചു് എടുത്തു് അതിൻെറ പ്രകാശത്തിൽ നാലുപാടും സൂക്ഷി

ച്ചുനോക്കി. അവിടെ കണ്ട കാഴ്ച അയാളെ വികമ്പിതഗാത്രനാക്കിത്തീർത്തു. തറയാകെ ചുടുചോര തളംകെട്ടിക്കിടന്നിരുന്നു. എന്നാൽ ഏതെങ്കിലും മനുഷ്യന്റെ പൊടിപോലും അവിടെയെങ്ങും കാണപ്പെട്ടതുമില്ല.

"ശത്രുക്കളും വല്ലവരും ഇവിടെ എത്തിയിട്ടുണ്ടോ?" അയാൾ അത്ഭുതത്തോടെ സ്വയം ചോദിച്ചു. അയാൾ ചുററുപാടും ഒരിക്കൽകൂടി സൂക്ഷിച്ചുനോക്കി. ആ നീണ്ട തുരങ്കം തികച്ചും വിജനവും നിശബ്ദവും നിസ്തബ്ധവുമായിരുന്നു. അല്പസമയത്തെ തന്റെ അസാന്നിദ്ധ്യത്തിൽ അവിടെ എന്താണു് നടന്നതെന്നു് അയാൾക്കു് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല. അവിടെത്തന്നെ അങ്ങനെ നോക്കിനില്ക്കുന്നതും അപകടകരമാണു്. അയാൾ വേഗം കയ്യിലിരുന്ന ഭാണ്ഡം അരയോടു ചേർത്തു ബലമായി കെട്ടി. അതിനുശേഷം ഇടത്തു കയ്യിൽ ടോർച്ചും വലതു കയ്യിൽ ഊരിപ്പിടിച്ച വാളുമായി ആ കറുത്ത സത്വം മുമ്പോട്ടുനീങ്ങി.

★ "I love you"

Tara

## 2

മിന്നിത്തിളങ്ങുന്ന ബയണററു് ധരിച്ചു് കാവൽ നില്ക്കുന്ന ഫ്രഞ്ചു് പട്ടാളക്കാരാൽ വലയം ചെയ്യപ്പെട്ടിരിക്കുന്ന ഒരു വലിയ കൂടാരത്തിനുള്ളിൽ ഏതാനും സൈനികോദ്യോഗസ്ഥന്മാർ ഗൗരവമേറിയ ഏതോ വിഷയത്തെക്കുറിച്ചു് ഗഹനമായി ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അവരിൽ കൗണ്ടു് ഷേവരേയും മാർഷൽ ഫാക്കിനേയും വായനക്കാർ ഒററ നോട്ടത്തിൽ തന്നെ തിരിച്ചറിയും. എന്നാൽ അവരുടെ അടുത്തിരിക്കുന്ന ആ രണ്ടുപേർ വായനക്കാർക്കു് അപരിചിതരാണു്. മഞ്ഞമുഖവും ചെറിയ ക്രുത്ത കണ്ണുകളും, പൊക്കം കുറഞ്ഞ ശരീരവും അവർ ജപ്പാൻകാരാണെന്നുള്ള വസ്തുത വെളിവാക്കുന്നുണ്ടു്! അവരിൽ ഒരാൾ സുപ്രസിദ്ധ ജപ്പാൻ ജനറലായ 'കോമറാ'യും അപരൻ ലോകപ്രസിദ്ധനായ ജപ്പാൻ ശാസ്ത്രജ്ഞൻ 'സൗച്ചൂക്കു'മാണു്. അവർ നാലുപേരും ഒരു മേശയ്ക്കു് ചുററിനു

മായിട്ടാണ് ഇരിക്കുന്നതു്. ആ മേശപ്പുറത്തു് ഒരു ഭൂപടം നിവർത്തി ഇട്ടിട്ടുണ്ടു്. അവരിൽനിന്നു് അകന്നു് ഏതാനും ജപ്പാൻ പട്ടാള ഉദ്യോഗസ്ഥന്മാരും, ഫ്രഞ്ച് ഉദ്യോഗസ്ഥന്മാരും ഇരിപ്പുണ്ടു്. അവരിൽ ചിലർ കൂടെക്കൂടെ കൂടാരത്തിൽനിന്നും വെളിയിലേയ്ക്കു് ഇറങ്ങിപ്പോകുകയും, വെളിയിലുള്ള പാറാവും മററും ചുററിനടന്നു് വീക്ഷിച്ചതിനുശേഷം മടങ്ങിവന്നു് സ്വസ്ഥാനങ്ങളിൽ ഇരിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതിൽനിന്നും അവിടെ നടക്കുന്ന ചർച്ചയെപ്പററിയുള്ള വിവരം വെളിയിൽ ആരുംതന്നെ അറിയാൻ ഇടയാകരുതെന്നു് അവർക്കു് വലിയ നിർബന്ധമുള്ളതായി തോന്നുമായിരുന്നു.

ജനറൽ കോമുറാ മുന്നോട്ടല്പം ആഞ്ഞു് ഷേവറോട്ടു് സംസാരിച്ചുകൊണ്ടിരിക്കുകയാണു്. “താങ്കളുടെ അഭിപ്രായം ശരിയാണു്. ആവശ്യമായ ഏർപ്പാടുകൾ ഉടനടി ചെയ്യില്ലെങ്കിൽ ഈ ത്രികണ്ടകർ ഒരു മഹാവ്യാധിയെപ്പോലെ നമ്മുടെ പുറകിൽനിന്നും മാറാതെ നമ്മെ പററിക്കൂടും. ചിംഗ്പോയിൽ കലാപം നടന്നപ്പോൾ ഇവർ അവിടത്തെ ജനങ്ങളെ വല്ലാതെ പറഞ്ഞിളക്കിയിരുന്നു. ഇവരുടെ പ്രേരണയുടെ ഫലമായിട്ടു് ഉത്തേജിതരായിത്തീർന്ന ജനങ്ങൾ ഞങ്ങളുടെ പ്രസിദ്ധ ജനറലായ മിത്സുകിയെ പട്ടാപ്പകൽ വധിച്ചുകളഞ്ഞു. അന്വേഷണത്തിൽനിന്നും ജനറലിനെ വധിച്ചതു് ത്രികണ്ടകരുടെ ഏതോ ഒരു ചാരനാണെന്നുള്ള വിവരം ഞങ്ങൾക്കു് മനസ്സിലായി.

ഫാക്കു്:—ആ സംഭവം എനിക്കു് നല്ലതുപോലെ ഓർമ്മയുണ്ടു്. ഇതുവരെ താങ്കൾക്കു് അറിയാൻ സാധിച്ചിട്ടില്ലാത്ത ഒരു കാര്യംകൂടി ഞാൻ താങ്കളെ

അറിയിക്കാം. നിങ്ങളുടെ അധീനതയിലിരിക്കുന്ന കൊറിയൻ തുറമുഖമായ 'ഫൂസാനിൽ' ത്രികണ്ടകരുടെ വക്രദൃഷ്ടി പതിഞ്ഞിട്ടുണ്ടു്. അധികം താമസിയാതെ തന്നെ അവർ ആ തുറമുഖം തകൎക്കുവാൻ പോകുകയാണു്.

കോമുറാ:—(പരിഭ്രമത്തോടെ) താങ്കൾ സത്യമാണോ ഈ പറയുന്നതു്? അവർ ഫൂസാൻ തുറമുഖം നശിപ്പിക്കുമെന്നോ? അവിടെ......

ഫാക്കു്:—അതെ. അവിടെയുള്ള നിങ്ങളുടെ പുതിയ സംരംഭങ്ങൾ മുഴുവൻ നശിപ്പിക്കുന്നതിനുവേണ്ടിയാണു് അവർ ഈ തീരുമാനം കൈക്കൊണ്ടിരിക്കുന്നതു്. ഇതേക്കുറിച്ചുള്ള വിശദവിവരങ്ങൾ മുഴുവൻ പിന്നീടു് എപ്പോഴെങ്കിലും ഞാൻ പറഞ്ഞുകേൾപ്പിക്കാം. ഇപ്പോൾ നമുക്കു് ഈ ആലോചിച്ചുകൊണ്ടിരിക്കുന്ന കാൎയ്യംതന്നെ തീരുമാനിക്കാം.

കോമുറാ:—(ഷേവറുടെ നേൎക്കു് നോക്കിക്കൊണ്ടു്) ശരിയാണു്. നമുക്കു് ഇനി കാൎയ്യത്തിലേയ്ക്കു കടക്കാം. 'ഹൈനാൻ' ദ്വീപിൽ ഞങ്ങൾക്കു് ഒരു കോട്ട നിൎമ്മിക്കുന്നതിനുള്ള അനുവാദം തരാൻ തയാറാണോ?

ഷേവർ:—തയാറാണു്. പക്ഷേ, അതിനു് രണ്ടു് വ്യവസ്ഥകൾ അംഗീകരിക്കണം.

കോമുറാ:—എന്താണു് ആ വ്യവസ്ഥകൾ?

ഷേവർ:—ത്രികണ്ടകരുടെ പ്രശ്നത്തിൽ നമ്മൾ രണ്ടുകൂട്ടരും ഒരുമിച്ചു് ചേൎന്നുവേണം പ്രവൎത്തിക്കേണ്ടതു്. ത്രികണ്ടകർ താവളമടിച്ചിരിക്കുന്ന മിത്‌കോനദിയിലെ ആ ദ്വീപു് ഞങ്ങൾക്കു്—ഫ്രഞ്ചുകാൎക്കു്—വേണ്ടി വിട്ടുതരുവാൻ നിങ്ങൾ ചൈനായുടെമേൽ സമ്മൎദ്ദം ചെലുത്തണം. അല്ലെങ്കിൽ ഫ്രാൻസുകാർ

ആ ദ്വീപ് അധീനപ്പെടുത്തുന്നതിൽ ചൈനാക്കാർ തടസ്സം പറയുവാൻ പാടില്ല.

കോമുറാ:—ശരി. സമ്മതിച്ചിരിക്കുന്നു. രണ്ടാമത്തെ വ്യവസ്ഥ എന്താണ്?

ഷേവർ:—ഹൈനാൻ ദ്വീപിൽ നിങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കോട്ടയും തുറമുഖവും ദ്വീപിന്റെ കിഴക്കൻ തീരത്തായിരിക്കണം. പടിഞ്ഞാറൻതീരം നിങ്ങൾ ഒരുതരത്തിലും കയ്യേറുവാൻ പാടില്ല. കഴിയുമെങ്കിൽ ആ ഭാഗം ചൈനാക്കാർക്കുവേണ്ടി വിട്ടുകൊടുക്കുകയും വേണം.

കോമുറാ:—താങ്കളുടെ ഉദ്ദേശം എനിക്കു മനസ്സിലായി. ആ വ്യവസ്ഥയും ഞാൻ സമ്മതിച്ചിരിക്കുന്നു. ഈ രണ്ടു വ്യവസ്ഥകൾ മാത്രമല്ലേ ഉള്ളു?

ഷേവർ:—അതെ. ഈ രണ്ടു വ്യവസ്ഥകൾ മാത്രമേ ഉള്ളു.

കോമുറാ:—എന്നാൽ ഇനി ഞങ്ങളുടെ വ്യവസ്ഥകൾകൂടി കേൾക്കണം.

ഷേവർ:—പറയണം. എന്താണ്?

കോമുറാ:—അമേരിക്കയുമായി ഞങ്ങൾക്കു ഒരു യുദ്ധം ചെയ്യേണ്ടിവരികയാണെങ്കിൽ ആ സന്ദർഭത്തിൽ നിങ്ങൾ-ഫ്രഞ്ചുകാർ-ഞങ്ങൾക്കു ആവശ്യമായ എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുതരണം. യുദ്ധം നടന്നില്ലെങ്കിൽ മററു കാര്യങ്ങളിൽ നിങ്ങൾ ജപ്പാൻകാരെ സഹായിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കും.

ഷേവർ:—താങ്കളുടെ ഈ വ്യവസ്ഥ അംഗീകരിക്കുവാൻ ഞങ്ങൾ തയാറാണ്. പക്ഷേ, ഇതേക്കുറിച്ചുള്ള വിശദാംശങ്ങൾക്കുവേണ്ടി താങ്കൾ പാരീസുമായി സമ്പർക്കം പുലർത്തണം. കാരണം സന്ധിവ്യവ

സ്ഥകൾ അംഗീകരിക്കുവാനുള്ള പരമാധികാരം അവ ക്കാണെല്ലോ ഉള്ളതു്!

കോമുറാ:—അതെ ഞാൻ അവരുമായി സമ്പക്കം പുലത്തിക്കൊള്ളാം. അപ്പോൾ ഈ കാര്യങ്ങൾ തീരു മാനിച്ചു കഴിഞ്ഞല്ലോ.

ഷേവർ:—ഉവ്വ്. തീരുമാനിച്ചുകഴിഞ്ഞു.

കോമുറാ:—ഇതേസംബന്ധിച്ചുള്ള എഴുത്തുകുത്തു കൾ നമുക്കു് പുറകേ നടത്താവുന്നതാണു്. ഇപ്പോൾ 'വാക്കാൽ കരാർ' മാത്രം മതിയെല്ലോ?

ഷേവർ:—ധാരാളം.

കോമുറാ:—ഷേവറിനും ഫാക്കിനും മാറി മാറി ഹസ്തദാനം ചെയ്തതിനുശേഷം സ്വസ്ഥാനത്തു് ഇരുന്നു കൊണ്ടു് വീണ്ടും സംഭാഷണം ആരംഭിച്ചു. "ശരി. ഇനി നമുക്കു് നടക്കേണ്ട കാര്യങ്ങളെക്കുറിച്ചു് ആലോചിക്കാം. ത്രികണ്ടകർ കയ്യടക്കിവെച്ചിരിക്കുന്ന ആ ദ്വീപു് അധീ നപ്പെടുത്തുന്നതിൽ നിങ്ങൾക്കു് ആവശ്യമായ സഹായ ങ്ങൾ ചെയ്തുതരുന്നപക്ഷം ഫ്റാൻസിന്റേയും, ചൈ നായുടേയും, ബർമ്മായുടേയും അതിത്തിയിൽ സ്ഥിതി ചെയ്യുന്ന ആ സ്ഥലത്തിന്മേലുള്ള ബർമ്മായുടെ അവകാ ശവാദം പിൻവലിപ്പിക്കുവാൻ നിങ്ങൾഎന്തുനടപടിയാ യിരിക്കും കൈക്കൊള്ളുന്നതു്?"

ഷേവർ:—അതേപ്പററിയും ഞങ്ങൾ തീരുമാനി ച്ചുകഴിഞ്ഞു. ബർമ്മാഗവണ്മെൻറിന്റെ ഒരു സന്ദേശം ഇന്നലെ എനിക്കു് കിട്ടിയിട്ടുണ്ടു്. അതിൽ ഗവർണർ എഴുതിയിരിക്കുന്നതു് ത്രികണ്ടകർ കയ്യടക്കിവെച്ചിരി ക്കുന്ന ആ സ്ഥലത്തിന്മേലുള്ള തങ്ങളുടെ അവകാശവാ ദം ചൈനാ ഉപേക്ഷിക്കുവാൻ തയാറാണെങ്കിൽ ബർ മ്മായും അതിന്നു് തയാറാണെന്നാണു്.

കോമുറാ:—അപ്പോൾ പിന്നെ ഭയപ്പെടാനൊന്നും ഇല്ലെല്ലോ. ബർമ്മായുടെ കാര്യത്തിലേ എനിക്കു് സംശയം ഉണ്ടായിരുന്നുള്ളു.

ഷേവർ:—ഇല്ല. അക്കാര്യം തീരുമാനിച്ചുകഴിഞ്ഞു. അതുകൊണ്ടല്ലേ ചൈനയുടെ മേൽ സമ്മർദ്ദം ചെലുത്തണമെന്നു് ഞങ്ങൾ താങ്കളോടു് ആവശ്യപ്പെട്ടതു്.

കോമുറാ:—സമ്മർദ്ദം ചെലുത്തേണ്ടകാര്യമൊന്നും ഇതിലില്ല അക്കാര്യം സാധിച്ചതായിത്തന്നെ കരുതണം. കാരണം ദക്ഷിണ ചൈനയിലെ ഭരണത്തലവനായ 'കിംഗുമായീസൺ' കുറേക്കാലമായി ഞങ്ങളുടെ പക്ഷത്താണു്. ഞങ്ങൾ ആവശ്യപ്പെടുന്നതൊന്നും അദ്ദേഹം നിരാകരിക്കാറില്ല.

ഷേവർ:—(പുഞ്ചിരി തൂകിക്കൊണ്ടു്) നിങ്ങൾ അദ്ദേഹത്തിനു ഒരു വലിയ തുക കടമായി കൊടുത്തിട്ടുണ്ടെന്നു് കേട്ടല്ലോ.

കോമുറാ:—കടമായിട്ടാണോ ദാനമായിട്ടാണോ കൊടുക്കുന്നതെന്നുള്ള കാര്യം ഭാവിയാണു് തീരുമാനിക്കുന്നതു്. ഏതായാലും ഇപ്പോൾ അദ്ദേഹം ഞങ്ങൾ പറയുന്നതുപോലെ ചെയ്യാറുള്ളു. താങ്കളുടെ ആ ചിരകാലാഭിലാഷം ഏത്രയും വേഗംതന്നെ സാധിതപ്രായമാകും. എന്നാൽ താങ്കൾ ആ ദ്വീപു് എങ്ങനെയാണു് കൈവശപ്പെടുത്തുവാൻ പോകുന്നതെന്നുള്ള കാര്യം എനിക്കു് ഇതുവരെയും മനസ്സിലായില്ല. അവർ ഇതിനോടകം ഉണ്ടാക്കിയിട്ടുള്ള ആയുധങ്ങളെപ്പററിയും, ചെയ്തിട്ടുള്ള ഭീകരപ്രവർത്തനങ്ങളെപ്പററിയും മററും, കേട്ടിട്ടു് നിങ്ങൾക്കു് ത്രികണ്ടകരുടെ കൈവശത്തിലിരിക്കുന്ന ആ ദ്വീപു് എങ്ങനെ കയ്യടക്കുവാൻ സാധിക്കുമെന്നു് എനിക്കു് പിടികിട്ടുന്നില്ല.

ഷേവർ:—വളരെയധികം ബുദ്ധിമുട്ടിയെങ്കിലേ ആ കാര്യം സാധിക്കു എന്നു് ഞങ്ങൾക്കും അറിയാം. അതു കൊണ്ടാണെല്ലോ ഞാൻ ഈ കാര്യത്തിൽ താങ്കളിൽ നിന്നും സൈനിക സഹായം ആവശ്യപ്പെട്ടതു്.

കോമ്രറാ:—ആ ദ്വീപ് എങ്ങനെ കൈവശപ്പെടുത്തുവാനാണു് നിങ്ങൾ പ്ലാനിട്ടിരിക്കുന്നതു്?

ഷേവർ:—(ഫാക്കിൻെറനേക്കു് നോക്കിക്കൊണ്ടു്) മി. ഫാക്കു്. താങ്കൾ ആ പ്ലാൻ ഒന്നു വിശദീകരിച്ചു കൊടുക്കു.

ഫാക്കു്:—(മേശപ്പുറത്തു് നിവർത്തി ഇട്ടിരിക്കുന്ന ഭൂപടത്തിൽ ഒരു ഭാഗത്തു് വിരൽ ചൂണ്ടിക്കാണിച്ചു കൊണ്ടു്) ഇതാ, ഇവിടെയാണു് ആ ദ്വീപു്.

കോമ്രറാ:—അതേ. അവിടെ വെച്ചാണല്ലോ മിത്കോ നദി രണ്ടു ശാഖകളായി തിരിയുന്നതു്. ഇവിടെനിന്നും രണ്ടുശാഖകളായി പിരിഞ്ഞു് മുന്നോട്ടു് കുറേദൂരം പോയിക്കഴിയുമ്പോഴല്ലേ രണ്ടു ശാഖകളുംകൂടി വീണ്ടും ചേർന്നു മേക്കോങ്ങു് നദിയായി തീരുന്നതു്?

ഫാക്കു്:—അതെ. ഈ സ്ഥലത്തിനു് ഒരു പ്രത്യേകതയുണ്ടു്. മിത്കോ നദിയും മേക്കോംഗ് നദിയും തമ്മിൽ ചേരുന്ന സ്ഥലത്തുനിന്നും കുറച്ചുകൂടി മുന്നോട്ടു പോകുമ്പോൾ ഒരു വലിയ വെള്ളച്ചാട്ടമുണ്ടു്. ആ വെള്ളച്ചാട്ടത്തിനു് ഏകദേശം എഴുന്നൂറു അടിയോളം ഉയരം വരും. മിത്കോ നദിയിലെ ആ ദ്വീപു മുതൽ ആ വെള്ളച്ചാട്ടം വരെയുള്ള സ്ഥലത്തിനിടയ്ക്കു് അത്യന്തം സുരക്ഷിതമായ ഒരു തുരങ്കമുണ്ടു്. ആ തുരങ്കത്തിലേയ്ക്കുള്ള പ്രവേശനമാർഗ്ഗം വെള്ളച്ചാട്ടത്തിനടുക്കൽ എവിടെയോ ആണു്. വളരെയധികം ശ്രമിച്ചിട്ടും ആ മാർഗ്ഗം കണ്ടുപിടിക്കുവാൻ ഇതുവരെയും ഞങ്ങളെക്കൊണ്ടു് സാധിച്ചിട്ടില്ല.

കോമുറാ:—അതെങ്ങനെയും ഇരിക്കട്ടെ. നിങ്ങളുടെ പ്ലാൻ എന്താണെന്നു പറയൂ.

ഫാക്ക്:—എൻെറ പ്ലാൻ ഇതാണു്. അതായതു് ആ ദ്വീപിൻെറ മുകൾഭാഗത്തായിട്ടു് മിത്കോനദിയിൽ ഒരു അണകെട്ടി അതിലെ ഒഴുക്കു് തടയണം. ഈ സ്ഥലത്തു് വെള്ളച്ചാട്ടത്തിൻെറ തൊട്ടമുകളിലായിട്ടു് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുവാനെന്നുള്ള വ്യാജേന ഒരു അണകെട്ടി നദിയുടെ ഒഴുക്കു് ഇതാ ഈ ഭാഗത്തേയ്ക്കു് തിരിച്ചുവിടണം. അങ്ങനെ ചെയ്താൽ ആ വെള്ളച്ചാട്ടം നമുക്കു് ഇല്ലാതാക്കുവാൻ സാധിക്കും. വെള്ളച്ചാട്ടം ഇല്ലാതായാൽ ഉടൻതന്നെ നമുക്കു് ആ തുരങ്കത്തിൻെറ വാതൽ നിഷ്പ്രയാസം കണ്ടുപിടിക്കുവാൻ സാധിക്കും. തുരങ്കത്തിൻെറ വാതൽ കണ്ടുപിടിക്കുവാൻ കഴിഞ്ഞാൽ അതോടെ ത്രികണ്ടകരേയും ത്രികണ്ടകരുടെ രഹസ്യസങ്കേതത്തേയും നമുക്കു് ഞൊടിയിടകൊണ്ടു് ആക്രമിച്ചു് അധീനപ്പെടുത്തുവാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല.

കോമുറാ:—താങ്കളുടെ ഈ പദ്ധതി വിജയിക്കുമെന്നു് എനിക്കു് വിശ്വാസമില്ല. സാമാന്യദൃഷ്ടിയിൽ നോക്കിയാൽപോലും ഇതിൽ രണ്ടു് വലിയ തകരാറുകൾ കണ്ടുപിടിക്കുവാൻ സാധിക്കും.

ഫാക്ക്:—എന്താണതു്?

കോമുറാ:-പട്ടാപ്പകൽ ആയുധധാരികളായ ഫ്രഞ്ച് സൈനിക മേധാവികൾ മുഴുവൻ നോക്കി ഇരിക്കെ അവരുടെ ഇടയിൽനിന്നും മേജർ ഡ്യൂമറേയെ റാഞ്ചിക്കൊണ്ടുപോയ ത്രികണ്ടകർ നിങ്ങൾ നദിയിൽ അണകെട്ടുന്നതും കണ്ടുകൊണ്ടു് കയ്യുംകെട്ടി വെറുതേ ഇരിക്കുമെന്നാണോ താങ്കൾ കരുതുന്നതു്? ആ ഭാഗത്തേയ്ക്കു്

എത്തിനോക്കുവാൻപോലും അവർ സമ്മതിക്കുമോ? പോകട്ടെ; അവർ ഇക്കാര്യത്തിൽ നിങ്ങളെ തടസ്സപ്പെടുത്തുന്നില്ലെന്നുതന്നെ വിചാരിക്കുക. എത്ര വർഷം വേണം ഈ **അണ** കെട്ടി തീരുവാൻ? കുറഞ്ഞതു് രണ്ടു മൂന്നു് വർഷമെങ്കിലും വേണ്ടിവരില്ലേ? അപ്പോഴേയ്ക്കും ഇവിടെ എന്തെല്ലാമാണു് സംഭവിക്കുന്നതെന്നു് ആർക്കു് അറിയാം. മംഗർഷി അതിനിടയ്ക്കു് ഫ്രഞ്ചു് ഇൻഡോ ചൈനയിൽനിന്നും നിങ്ങളെ തുരത്തുകയില്ലെന്നുള്ളതിനു് എന്തുറപ്പാണുള്ളതു്? പിന്നെയല്ലേ അണ പൂർത്തിയാക്കുന്ന കാര്യം.

ഫാക്കു്:—അക്കാര്യം ആലോചിക്കാതെയല്ല ഈ പദ്ധതി തയാറാക്കിയതു്. അതേക്കുറിച്ചും നല്ലതുപോലെ ആലോചിച്ചിട്ടുണ്ടു്. അതിനുള്ള ഏർപ്പാടുകളും ചെയ്തുകഴിഞ്ഞു. പത്തുവർഷത്തേയ്ക്കു് യാതൊരു കാരണവശാലും പരസ്പരം ആക്രമിക്കുന്നതല്ലെന്നു് കാണിച്ചുകൊണ്ടുള്ള ഒരു അനാക്രമണസന്ധിയിൽ രണ്ടുമൂന്നു ദിവസത്തിനകം മംഗർഷിയും ഫ്രഞ്ചുഗവണ്മെന്റും തമ്മിൽ ഒപ്പുവെയ്ക്കുന്നതായിരിക്കും. അണക്കെട്ടിന്റെ ജോലി പൂർത്തിയാക്കുവാൻ വർഷങ്ങളോ മാസങ്ങളോ ആവശ്യമില്ല. ഏതാനും ദിവസങ്ങൾ മാത്രം മതി. ഇതു കേട്ടിട്ടു് താങ്കൾക്കു് അത്ഭുതം തോന്നുന്നുണ്ടു് ഇല്ലേ? അതെങ്ങനെ സാധിക്കുമെന്നു് ഞാൻ പറയാം. കേട്ടുകൊള്ളണം.

മാർഷൽ ഫാക്കു് കോമുറായുടെ അടുക്കലേയ്ക്കു് ഒന്നുകൂടി നീങ്ങി ഇരുന്നതിനുശേഷം വളരെ പതിഞ്ഞ സ്വരത്തിൽ തന്റെ പദ്ധതിയുടെ പൂർണ്ണരൂപം അദ്ദേഹത്തിനു് വിശദീകരിച്ചുകൊടുക്കുവാൻ തുടങ്ങി.

★

# 3

വളരെ വിശാലവും ഏഷ്യൻ കലാവിരുതുകൾക്ക് മകുടോദാഹരണവുമായ ഒരു തോട്ടത്തിനുള്ളിൽ ചെറുതെങ്കിലും ചേതോഹരമായ ഒരു മണിമാളിക അങ്ങനെ തല ഉയർത്തി നില്ക്കുന്നു.

സമയം അർദ്ധരാത്രി കഴിഞ്ഞിട്ടുണ്ട്. ആ മാളികയിലാകെ നിശബ്ദത കളിയാടുകയാണ്. ആരുടെയെങ്കിലും പാദപതനശബ്ദമോ, സംസാരമോപോലും എങ്ങും കേൾക്കുവാനില്ല. ആ മാളികയിൽ ആരാണ് താമസിക്കുന്നതെന്നോ, എങ്ങനെയുള്ള ആളുകളാണ് താമസിക്കുന്നതെന്നോ അറിയുവാൻ യാതൊരു നിവർത്തിയുമില്ല. എന്നാൽ ആ മാളിക കുറേ ദിവസങ്ങളായിട്ട് അമരസിംഹൻെറ അധീനതയിലാണെന്നുള്ള യാഥാർത്ഥ്യം വളരെ കുറച്ചുപേർക്കേ അറിയാവൂ. മഹാരാജാ മംഗർഷിയുടെ ഉററ സ്നേഹിതന്മാരിൽ ഒരാളാണെന്നുള്ള നിലയ്ക്കാണ് അമരസിംഹൻ അവിടെ താമ

സമൎപ്പിച്ചിരിക്കുന്നതു്. എന്നാൽ പൗരസ്വാഭിമാന സംരക്ഷകസംഘത്തിന്റെ ഒരു ദൂതൻ എന്നുള്ള നിലയ്ക്കു് രാജ്യത്തിലുണ്ടാകുന്ന പരിവർത്തനങ്ങൾ സസൂക്ഷ്മം വീക്ഷിക്കുകയായിരുന്നു അയാളുടെ മുഖ്യമായ ജോലി. അയാൾ ഏകാകിയായിട്ടല്ല അവിടെ താമസിച്ചിരുന്നതു്. മംഗർഷി അമരസിംഹന്റെ സഹായത്തിനു വേണ്ടി വളരെയധികം ജോലിക്കാരെ വിട്ടുകൊടുത്തിരുന്നെങ്കിലും അവരിൽ ഭൂരിഭാഗവും അമരസിംഹന്റെ സ്വന്തം ആൾക്കാർ തന്നെയായിരുന്നു. തന്റെ രഹസ്യമായ ജോലികൾ മുഴുവൻ അമരസിംഹൻ വിശ്വസ്ഥരായ തന്റെ അനുയായികളെക്കൊണ്ടാണു് ചെയ്യിച്ചുകൊണ്ടിരുന്നതു്. മറെറാരുതരത്തിൽ പറഞ്ഞാൽ രഹസ്യപ്പോലീസുകാരുടെ ജോലിയാണു് ബർമ്മാക്കാരായ ആ ഭൃത്യന്മാർ നിൎവ്വഹിച്ചുകൊണ്ടിരുന്നതു്. അമരസിംഹന്റെ അംഗരക്ഷകന്മാരായിട്ടും അവർ പ്രവർത്തിച്ചുകൊണ്ടിരുന്നു.

നാലുപാടും നിറഞ്ഞുനില്ക്കുന്ന ആ അന്ധകാരത്തിൽ ആ മാളികയിലേയ്ക്കുള്ള വഴികൾ കണ്ടുപിടിയ്ക്കുക തികച്ചും ദുഷ്കരമായ ഒരു പ്രവൎത്തിയായിരുന്നു. എങ്കിലും ഞാൻ വായനക്കാരെ ഏററവും മുകളിലത്തെ നിലയിലുള്ള മനോഹരമായ ഒരു മുറിയിലേയ്ക്കു് കൂട്ടിക്കൊണ്ടു് പോകുകയാണു്. ആ മുറിയിൽ ഒരു കട്ടിലിൽ അമരസിംഹൻ നിദ്രാധീനനായി കിടക്കുകയാണു്. ഭിത്തിയോടു് ചേൎത്തുവെച്ചിരിക്കുന്ന ബഡ്റൂം വിളക്കിൽനിന്നും പുറപ്പെട്ടുകൊണ്ടിരിക്കുന്ന മങ്ങിയ വെളിച്ചത്തിൽ ആ മുറിയുടെ വാതലിനു വെളിയിൽ വരാന്തയിൽ ഗാഢനിദ്രയിൽ ലയിച്ചുകിടക്കുന്ന രണ്ടു് ഭൃത്യന്മാരേയും മുറിക്കുള്ളിൽ കട്ടിലിൽ കൊതുകുവലയ്ക്കുള്ളിൽ

മോഹനസ്വപ്നങ്ങളിൽ മുഴുകി കിടക്കുന്ന അമരസിംഹനേയും അവ്യക്തമായിട്ടാണെങ്കിൽതന്നെയും കാണാൻ സാധിക്കുമായിരുന്നു. ആ അരണ്ട വെളിച്ചത്തിൽ ജന്നലിനുവെളിയിൽ ജന്നൽകമ്പികളിൽ പിടിച്ചുകൊണ്ടു് ഉള്ളിലേയ്ക്കു് ജാഗ്രതയോടെ എത്തിനോക്കിക്കൊണ്ടിരിക്കുന്ന മുഖംമൂടിധരിച്ച ഒരു മനുഷ്യനെക്കൂടി നമ്മുടെ ദൃഷ്ടികൾക്കു് വിഷയീഭവിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. ആ മുറിക്കുള്ളിലെ അപ്പോഴത്തെ ചുററുപാടുകൾമുഴുവൻ അയാൾ സശ്രദ്ധം നോക്കിക്കാണുകയാണു്.

തനിക്കു് ഭയപ്പെടത്തക്ക യാതൊരു സാഹചര്യവും ഇല്ലെന്നു് പൂണ്ണബോദ്ധ്യമായതോടെ ആ മുഖംമൂടി സാവധാനം മുറിക്കുള്ളിലേയ്ക്കു് കടന്നു. മുറിയിൽ നിന്നും വെളിയിലേയ്ക്കു് ഇറങ്ങുവാനുള്ള വാതൽ യാതൊരു ശബ്ദവും കേൾപ്പിക്കാതെ അത്യന്തം സൂക്ഷ്മതയോടെ അടച്ചതിനുശേഷം അയാൾ കട്ടിലിൻെറ അടുക്കൽ ചെന്നു് കൊതുകുവല മാററിയിട്ടു് അമരസിംഹൻെറ കാലിൽപിടിച്ചു് സാവധാനം കുലുക്കി. അമരസിംഹൻ ഒരമ്പരപ്പോടെ കണ്ണുകൾ തുറന്നു. തൻെറ കാൽച്ചുവട്ടിൽ മുഖംമൂടിധരിച്ച ഒരാൾ നില്ക്കുന്നതു കണ്ടു ഉടനേതന്നെ അമരസിംഹൻെറ വലതുകൈ വേഗം തലയിണയ്ക്കടിയിലേയ്ക്കു് പോയി. "നിങ്ങൾ ആരാണു്?" അയാൾ ചൊടിച്ചുകൊണ്ടു് മുഖംമൂടിയോടു് ചോദിച്ചു.

ചുണ്ടിൽ വിരൽചേത്തു് നിശബ്ദനായിരിക്കുവാൻ ആംഗ്യം കാണിച്ചതിനുശേഷം അയാൾ തൻെറ വസ്ത്രത്തിനുള്ളിൽനിന്നും ഏതോ ഒരു സാധനം വെളിയ്ക്കെടുത്തു് അമരസിംഹനെ കാണിച്ചു. അതു് കണ്ടമാത്രയിൽ അമരസിംഹൻ ഞെട്ടിപ്പോയി. അയാൾ

ഒരിക്കൽക്കൂടി ആ സാധനത്തിലേയ്ക്കു് എത്തിവലിഞ്ഞു നോക്കി. അതിനുശേഷം കയ്യിലിരുന്ന റിവാൾവർ കട്ടിലിൽ ഇട്ടിട്ടു് എഴുന്നേററിരുന്നു. "ങേ? അങ്ങോ? ഇവിടെ എന്തിനു വന്നു? എല്ലാവർക്കും സുഖമല്ലേ?" അയാൾ അത്ഭുതാദരവോടെ ചോദിച്ചു.

മുഖംമൂടി:—(അടക്കിയ സ്വരത്തിൽ) നമുക്കു് സംസാരിക്കാൻ പററിയ സ്ഥലമല്ല ഇതു്. നിങ്ങളുടെ ആൾക്കാർ ആരെങ്കിലും ഞാൻ ഇവിടെയുള്ള കാര്യം അറിയുന്നതു് എനിക്കു് ഇഷ്ടമല്ല. ആർക്കും സംശയം തോന്നാത്ത രീതിയിൽ നമുക്കു് ഈ കെട്ടിടത്തിൽ നിന്നും വെളിയിലേയ്ക്കു് ഇറങ്ങിപ്പോകുവാനുള്ള സൗകര്യം ഉണ്ടോ?

അമ:—അതിനു് യാതൊരു വിഷമവുമില്ല. കെട്ടിടത്തിനു് വെളിയിൽത്തന്നെ പോകണമെന്നുണ്ടോ? അതോ, സുരക്ഷിതവും സൗകര്യപ്രദവുമായ മറേറതെങ്കിലും സ്ഥലം കിട്ടിയാൽ മതിയോ?

മുഖംമൂടി:—വെളിയിൽതന്നെ പോകണം. പക്ഷേ, ആരും അറിയാൻ പാടില്ല.

"എന്നാൽ ഇതിലേവരണം" എന്നു പറഞ്ഞുകൊണ്ടു് അമരസിംഹൻ അടച്ചിട്ടിരുന്ന മറെറാരു വാതലിൻെറ അടുക്കലേയ്ക്കു് നീങ്ങി. അയാൾ ശബ്ദം കേൾപ്പിക്കാതെ ആ വാതിൽ തുറന്നു. അതു് ഒരു കുളിമുറിയായിരുന്നു. ആ കുളിമുറിയുടെ ഒരു മൂലയ്ക്കു് താഴോട്ടു് ഇറങ്ങുവാനുള്ള പടികൾ ഉണ്ടായിരുന്നു. അവിടെയും നേരിയ പ്രകാശം ഉണ്ടായിരുന്നു. ആ വെളിച്ചത്തിൻെറ സഹായത്തോടെ അമരസിംഹൻ കോണിപ്പടികളുടെ അടുക്കലേയ്ക്കു് നടന്നുചെന്നിട്ടു് മുഖംമൂടിയോടു് പറഞ്ഞു "ഇടുങ്ങിയ പടികളാണു്. താഴെ

ഇരുട്ടമാണ്. വളരെ സൂക്ഷിച്ചുവേണം ഇറങ്ങാൻ." രണ്ടുപേരുംകൂടി സാവധാനം പടികഠം ഇറങ്ങുവാൻ തുടങ്ങി. മൂന്നുനാലു പടികഠം ഇറങ്ങിക്കഴിഞ്ഞപ്പോഠം അമരസിംഹൻ തിരിഞ്ഞുനിന്നുകൊണ്ടു് പറഞ്ഞു. "ടോർച്ചു കൂടി എടുത്താൽ നന്നായിരുന്നെന്നു തോന്നുന്നു." "വേണ്ടാ. വഴി അറിയാമെങ്കിൽ നേരെ പൊയ്ക്കൊള്ളു. ഞാൻ നിങ്ങളുടെ പുറകേ എങ്ങനെയും വന്നുകൊള്ളാം." മുഖംമൂടിയുടെ ഈ അഭിപ്രായം കേട്ടിട്ട് അമരസിംഹൻ വീണ്ടും പടികഠം ഇറങ്ങുവാൻ തുടങ്ങി. മുഖംമൂടി അയാളെ അനുഗമിച്ചു.

അങ്ങനെ കട്ടപിടിച്ച ഇരുട്ടിൽ തപ്പിയും തടഞ്ഞും അവസാനം അവർ രണ്ടുപേരുംകൂടി ആരുടേയും ദൃഷ്ടിയിൽപ്പെടാതെ ഉദ്യാനത്തിൽ എത്തിച്ചേൎന്നു. മുഖംമൂടി പറഞ്ഞു. "നിങ്ങഠം വരാന്തയിലെ ആ വാതൽ അടച്ചേക്കൂ. നമുക്കു് ആ വൃക്ഷക്കൂട്ടത്തിനുള്ളിലേയ്ക്കു പോകാം. അവിടെ ഇരുന്നു് സംസാരിക്കുവാൻ കൂടുതൽ സൗകര്യമുണ്ടു്." അമരസിംഹൻ വാതൽ അടച്ചതിനുശേഷം മുഖംമൂടിയെ പിന്തുടൎന്നു് അല്പം അകലെയുള്ള ആ വൃക്ഷക്കൂട്ടത്തിനടുക്കലേയ്ക്കുപോയി. അവിടെ ഉണ്ടായിരുന്ന ഒരു പാറപ്പുറത്തു് ഇരുന്നുകൊണ്ടു് അവർ സംഭാഷണം ആരംഭിച്ചു.

അമ:—അങ്ങയുടെ ഈ അസമയത്തുള്ള വരവും മുഖഭാവവും മററും കണ്ടിട്ടു് എന്റെ ഹൃദയം ആശങ്കാകുലമായിത്തീരുന്നു. എന്താ, വല്ല പുതിയ സംഭവവികാസങ്ങളും ഉണ്ടായോ?

മുഖം:—വല്ലതുമല്ല; വലിയ വലിയ സംഭവവികാസങ്ങഠം. ഞാൻ നിങ്ങളെ വെറുതെയല്ല ഈ അൎദ്ധരാ

ത്തിക്ക് വിളിച്ചുണർത്തി ഇവിടെ കൂട്ടിക്കൊണ്ടുവന്നതെന്ന് അറിയാമല്ലോ. നമ്മുടെ ഇങ്ങോട്ടുള്ള വരവ് ആരും കണ്ടിട്ടില്ലെങ്കിൽ അധികം താമസിയാതെതന്നെ നിങ്ങളുടെ ജീവൻ അപഹരിക്കുവാനുള്ള ശ്രമം നടക്കുമെന്നുള്ള കാര്യം നല്ലതുപോലെ മനസ്സിലാക്കിക്കൊള്ളു.

അമര:—എന്റെ ജീവൻ അപഹരിക്കുവാനുള്ള ശ്രമമോ? ആര്? എന്തിനുവേണ്ടി?

മുഖം:—അതെല്ലാം ഏതാനും മിനിററുകൾക്കുള്ളിൽ മനസ്സിലാക്കാം. ഏതായാലും ഞാൻ പറയാൻ പോകുന്നതു് ശ്രദ്ധിച്ചുകേട്ടുകൊള്ളു. താര ഇപ്പോൾ എവിടെയാണെന്ന് നിങ്ങൾക്ക് വല്ല രൂപവുമുണ്ടോ?

അമ:—(ഞെട്ടലോടെ) താരയോ? അവൾ മരണഗഹ്വരത്തിലല്ലേ? അവളെ കൂട്ടിക്കൊണ്ടുപോരാനായിട്ട് എന്റെ ഒരു ചാരൻ പോയിട്ടുണ്ട്. അയാൾ കഴിയുന്നത്ര വേഗത്തിൽ അവളേയുംകൊണ്ട് ഇവിടെ എത്തിച്ചേരുമെന്ന് എനിക്ക് വിശ്വാസമുണ്ട്.

മുഖം:—നിങ്ങൾക്ക് തെററിപ്പോയി. താര ശത്രുക്കളുടെ കയ്യിൽ അകപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അവളോടൊപ്പംതന്നെ മൃത്യുകിരണത്തെ സംബന്ധിച്ചുള്ള സകല രേഖകളും അവർ തട്ടിക്കൊണ്ട് പോയിരിക്കുകയാണ്.

അമ:—(അളവററ പരിഭ്രമത്തോടെ)ങേ? അങ്ങ് എന്താണീ പറയുന്നതു്? വളരെ സുരക്ഷിതമായ ഒരു സ്ഥലത്താണല്ലോ ഞാൻ ആ സ്കെച്ചുകളും രേഖകളും മററും വച്ചിരുന്നതു്.

മുഖം:—ആയിരിക്കാം. പക്ഷേ ശത്രുക്കൾ അതു മുഴുവൻ തട്ടിയെടുത്തുകഴിഞ്ഞു. ആ സ്കെച്ചിന്റേയും മററും സഹായത്തോടെ അവർ ഇതിനോടകം മൃത്യുകിരണം ഉണ്ടാക്കുവാൻ ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല.

അമ:-(അസ്വാസ്ഥ്യത്തോടെ) ഇതെങ്ങനെ സംഭവിച്ചുവെന്നു് ദയവുചെയ്തു് പറഞ്ഞാട്ടെ, അങ്ങയുടെ വാക്കുകൾ കേട്ടിട്ടു് എൻെറ ഹൃദയം തുടിക്കുന്നു. ഇതു് ആരുടെ പണിയാണു്?

മുഖം:—ജപ്പാൻകാരുടെ.

അമ:—ജപ്പാൻകാരുടേയോ? അവക്കു് ഇക്കാര്യത്തിൽ എന്താണിത്ര താല്പര്യം?

മുഖം:—നിങ്ങൾക്കു് അവിടെ നടക്കുന്ന സംഭവങ്ങളെപ്പററി യാതൊരു വിവരവും ഇല്ല. നിങ്ങളുടെ ചാരന്മാർ വഞ്ചിക്കപ്പെട്ടിരിക്കുന്നു. ജപ്പാൻകാരും ഫ്രഞ്ചുകാരും തമ്മിൽ അത്യന്തം രഹസ്യമായ ഒരു സന്ധി ഉണ്ടാക്കിയിട്ടുണ്ടു്. ആ സന്ധി അനുസരിച്ചു് പരസ്പരം സഹായിക്കുവാൻ അവർ കടപ്പെട്ടിരിക്കുന്നു. അവർ രണ്ടുപേരുംകൂടി അധികം താമസിയാതെ നിങ്ങളുടെ കേന്ദ്രം ആക്രമിക്കുവാൻ പോകുകയാണു്. ആ ആക്രമണം നിങ്ങളെ സംബന്ധിച്ചിടത്തോളം മാരകമായിരിക്കും. അതിൻെറ ഏററവും വലിയ തെളിവാണു് ഇതു്.

അമ:—നമ്മുടെ കേന്ദ്രം ആക്രമിക്കണമെങ്കിൽ അവക്കു് മരണഗഹ്വരത്തിൽ പോകുകയും അവിടെ...

പെട്ടെന്നു് അമരസിംഹനെകയ്യുപിടിച്ചു് തൻെറ അടുക്കലേയ്ക്കു് മാററി നിറുത്തിയിട്ടു് ആ മുഖംമൂടി അയാളുടെ ചെവിയിൽ പറഞ്ഞു. “അതാ, നോക്കൂ.” അമരസിംഹൻ വേഗം തിരിഞ്ഞു് മുഖംമൂടി കൈചൂണ്ടിക്കാണിച്ച സ്ഥലത്തേയ്ക്കു് നോക്കി. അന്ധകാരം കൊണ്ടു് ആദ്യം ഒന്നും വ്യക്തമായി കാണുവാൻ കഴിഞ്ഞില്ലെങ്കിലും അല്പസമയം ഇരുട്ടുമായി പരിചയിച്ചു കഴിഞ്ഞപ്പോൾ തങ്ങൾ കുറച്ചുമുമ്പു് ഇറങ്ങിവന്ന ആ

സ്ഥലത്തു് ഭിത്തിയോടു ചേൻ്റ്‌ രണ്ടുപേർ നില്ക്കുന്നതു് അമരസിംഹൻെറ സൂക്ഷ്മനയനങ്ങൾക്കു് കാണുവാൻ കഴിഞ്ഞു. അമരസിംഹൻ ആ ഭാഗത്തേയ്ക്കു് അത്ഭുതത്തോടെ ഉററുനോക്കുന്നതിനിടയ്ക്കു് മുഖംമൂടി അടക്കിയ സ്വരത്തിൽ പറഞ്ഞു. "ശത്രുക്കൾ അവരുടെ അടവുകൾ ആരംഭിച്ചുകഴിഞ്ഞു. ഞാൻ ഇവിടെ വന്നിട്ടുള്ളതോ, നിങ്ങളെ ഇങ്ങോട്ടു് വിളിച്ചുകൊണ്ടുപോന്നതോ അവർ അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു. അതു് ഏതായാലും നന്നായി. കരുതി നിന്നുകൊള്ളണം. ഇതാ, ഈ മറവിലേയ്ക്കു് മാറിനില്ക്കു്. അവർ ഇനി എന്താണു് ചെയ്വാൻ പോകുന്നതെന്നു് എനിക്കു് യാതൊരു രൂപവുമില്ല."

അമരസിംഹനും ആ മുഖംമൂടിയും വൃക്ഷക്കൂട്ടത്തിനുള്ളിലേയ്ക്കു് ഒന്നുകൂടി മാറിനിന്നതിനുശേഷം മാളികയുടെ ആ ഭാഗത്തേയ്ക്കു് സൂക്ഷിച്ചുനോക്കുവാൻ തുടങ്ങി. അജ്ഞാതരായ ആ രണ്ടു് ആളുകൾ കയറുകളുടെയോ നൂലേണിയുടേയോ സഹായത്തോടെ അമരസിംഹൻ ഉറങ്ങിക്കൊണ്ടിരുന്ന ആ മുറിയുടെ ജന്നലിൽ കയറുവാനുള്ള ശ്രമമാണു് നടത്തിക്കൊണ്ടിരിക്കുന്നതെന്നു് അമരസിംഹനും മുഖംമൂടിക്കും മനസ്സിലായി. ആ മുറിക്കുള്ളിലെ അരണ്ട വെളിച്ചത്തിൻെറ സഹായത്തിൽ നൂലേണി ഏതോതരത്തിൽ ജന്നലിൽ ഉടക്കിയതും ആ ഏണിയിലൂടെ ഒരാൾ മുകളിലേയ്ക്കു് വലിഞ്ഞുകയറുന്നതും അവർ കണ്ടു. നിമിഷനേരംകൊണ്ടു് ആ മനുഷ്യൻ കുരങ്ങിനെപ്പോലെ നൂലേണിയിലൂടെ ജന്നലിൻെറ അടുക്കൽ എത്തിച്ചേൻ്റിട്ടു് ജന്നലഴികളിൽ പിടിച്ചുകൊണ്ടു് ഏതോ ഒരു സാധനം മുറിക്കുള്ളിലേയ്ക്കു് വലിച്ചെറിഞ്ഞു. അത്രയുംമാത്രം ചെയ്യു

ന്നതിനുവേണ്ടിയാണു് അയാൾ അത്രമാത്രം ബദ്ധപ്പെട്ടതെന്നു് തോന്നുന്നു. കാരണം കയ്യിലിരുന്ന ആ സാധനം മുറിക്കുള്ളിലേയ്ക്കു് എറിഞ്ഞതിനു ശേഷം അയാൾ അതിവേഗത്തിൽ താഴെ ഇറങ്ങിവന്നു് തന്റെ കൂട്ടുകാരനോടു് എന്തോ സംസാരിക്കുവാൻ തുടങ്ങി.

അയാൾ ആരാണെന്നും എന്തിനുവേണ്ടി മുകളിൽ കയറിയെന്നും, അയാൾ അവിടെ എന്താണു് ചെയ്തതെന്നും മററും അമരസിംഹൻ അത്ഭുതത്തോടെ ആലോചിക്കുന്നതിനിട്ടയ്ക്കു് മുഖംമൂടി പെട്ടെന്നു് അയാളുടെ കയ്യുംപിടിച്ചു് പത്തുക്കെ അമർത്തി മുകളിലേയ്ക്കു് നോക്കുവാൻ ആംഗ്യം കാണിച്ചു. കുരവപ്പൂവ് കത്തുന്നതു പോലെയുള്ള ഒരിനം പ്രകാശം തൻെറ മുറിക്കുള്ളിൽ നിന്നും പുറപ്പെടുന്നതു് അമരസിംഹൻ കണ്ടു. അയാൾ എന്തോ ചോദിക്കുവാനായി മുഖംമൂടിയുടെ നേർക്കു് തിരിഞ്ഞപ്പോഴേയ്ക്കും മുറിക്കുള്ളിൽ ഭൂമിപോലും കിടുങ്ങത്തക്ക രീതിയിലുള്ള ഒരു പൊട്ടിത്തെറിക്കൽ ഉണ്ടായി. അതേത്തുടന്നു് അഗ്നിജ്വാലകൾ ജാലകത്തിലൂടെ വെളിയിലേയ്ക്കു് ചീറിപ്പായുന്നതും അയാൾ കണ്ടു.

കൈബോംബു് എറിഞ്ഞു് ആരോ തന്നെ കൊല്ലുവാനാണു് ശ്രമിച്ചതെന്നു് അമരസിംഹനു് ചുററുപാടുകളിൽനിന്നും മനസ്സിലായി. മുഖംമൂടിയുടെ തീരുമാനം എന്താണെന്നറിയുവാനായി തിരിഞ്ഞ ഉടൻതന്നെ തൻെറ അടുക്കൽ ഇടവിട്ടു് ഇടവിട്ടു് രണ്ടു പ്രാവശ്യം റിവാൾവറിൽനിന്നും നിറയൊഴിയുന്നതു് അമരസിംഹൻ കേട്ടു. അകലേയ്ക്കു് നോക്കിയപ്പോൾ ബോംബു പൊട്ടലിനെ തുടന്നു് ഓടി രക്ഷപെടുവാൻ ശ്രമിച്ച ആ ദുഷ്ടന്മാർ രണ്ടുപേരും ആത്തനാദത്തോടെ നിലത്തു

വീണുകിടന്നു് പിടയ്ക്കുന്നതാണു് അമരസിംഹനു് കാണുവാൻ സാധിച്ചതു്. തന്റെ വെടി ലക്ഷ്യസ്ഥാനത്തുതന്നെ കൊണ്ടതിലുള്ള ചാരിതാൎത്ഥ്യത്തോടെ മുഖംമൂടി പറഞ്ഞു. "നിങ്ങളുടെ ആരംക്കാർ മുഴുവൻ ഉണൎന്നുകഴിഞ്ഞു. അവർ ഇപ്പോരം നിങ്ങളെ കണ്ടു പിടിക്കുവാൻ ശ്രമിക്കുകയായിരിക്കും. നിങ്ങരം അതേപ്പററിയുള്ള ചിന്തമുഴുവൻ ഉപേക്ഷിച്ചിട്ടു് ഞാൻ പറയുന്നതു് ശ്രദ്ധിച്ചു കേരംക്കു. കാരണം ഇനി കുറേക്കാലത്തേയ്ക്കു് നമുക്കു തമ്മിൽ കാണുവാൻ സാധിച്ചില്ലെന്നു് വന്നേക്കാം."

അപ്പോഴേയ്ക്കും ആ മാളികയിൽ ആളുകരം അങ്ങോട്ടും ഇങ്ങോട്ടും പരക്കംപായുവാൻ ആരംഭിച്ചു കഴിഞ്ഞിരുന്നു. സംഭ്രാന്തരായിത്തീൎന്ന ആളുകരം യാഥാൎത്ഥ്യം അറിയാതെ ഇടറുന്ന സ്വരത്തിൽ പരസ്പരം ചോദിച്ചു. "എന്തുപററി? എവിടെയാണു് പൊട്ടിത്തെറിക്കൽ ഉണ്ടായതു്?" അടച്ചിട്ടിരുന്ന വാതലുകളും ജന്നലുകളും തുറക്കപ്പെട്ടു. വൈദ്യുതപ്രകാശത്തിൽ ആ മാളിക മുഴുവൻ പകൽപോലെ വ്യക്തമായി കാണപ്പെട്ടു. എന്നാൽ അതൊന്നും ശ്രദ്ധിക്കാതെ അമരസിംഹൻ മുഖംമൂടി പറഞ്ഞുകൊണ്ടിരുന്ന കാൎയ്യങ്ങരം മുഴുവൻ ശ്രദ്ധാപൂൎവ്വം കേട്ടുകൊണ്ടിരിക്കുകയാണു് ചെയ്തതു്.

—.x:—

# 4

അതു് ഏതു സ്ഥലമാണെന്നും, സമയം എന്തായെന്നും പറയുവാൻ വിഷമമാണു്. ഏററവും മദ്ധ്യത്തിലായി സ്ഥാപിച്ചിരുന്ന യാഗവേദിയിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ധൂമപടലങ്ങൾകൊണ്ടു് അവിടെയുള്ള സാധനങ്ങൾപോലും വ്യക്തമായി കാണുവാൻ സാധിച്ചിരുന്നില്ല. എന്നു മാത്രമല്ല; ആ പുകപടലത്തിൽ തങ്ങിനിന്നിരുന്ന രൂക്ഷമായ ഗന്ധം ശ്വാസോച്ഛ്വാസത്തിനുപോലും തടസ്സമുണ്ടാക്കിക്കൊണ്ടിരുന്നു.

കൂടെക്കൂടെ അഗ്നികുണ്ഡത്തിൽനിന്നും തീജ്വാലകൾ ഉയരുന്നുണ്ടായിരുന്നു. ആ വെളിച്ചത്തിൽ അവിടെയുള്ള വിചിത്രവും ഭയാനകവുമായ സാധനങ്ങൾ അല്പനേരത്തേയ്ക്കു് വ്യക്തമായി കാണപ്പെട്ടിരുന്നു. അല്പം അകലെയായി മങ്ങിമങ്ങി കത്തിക്കൊണ്ടിരുന്ന വിളക്കിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന അരണ്ട വെളിച്ചം ധൂമപടലങ്ങളെ ഭേദിച്ചു് അവിടെയുള്ള

സാധനങ്ങൾ മുഴുവൻ വ്യക്തമായി പ്രതിബിംബിപ്പിക്കുവാൻ പൎയ്യാപ്തമായിരുന്നില്ല.

സംഭവവികാസങ്ങൾ നമ്മെ ആ സ്ഥലത്തേയ്ക്കു കൂട്ടിക്കൊണ്ടുവന്നിരിക്കുകയാണു്. അതുകൊണ്ടു് നമുക്കു് ഒരുവശത്തേയ്ക്കു് അല്പം മാറിനിന്നു് അവിടെ നടക്കുന്ന കാൎയ്യങ്ങൾ മുഴുവൻ നോക്കിക്കാണാം. അവിടുത്തെ കട്ട പിടിച്ച പുകയും, ആ പുകയിൽ തങ്ങിനില്ക്കുന്ന രൂക്ഷമായ ഗന്ധവും നമ്മെ വിഷമിപ്പിക്കുന്നുണ്ടെങ്കിലും കുറച്ചു സമയം നമുക്കു് അവിടെത്തന്നെ നില്ക്കാതെ നിവൃത്തിയില്ല.

ഏററവും മദ്ധ്യത്തിലായി അഗ്നികുണ്ഡത്തിൻെറ മുമ്പിൽ ഏകദേശം മൂന്നു് അടിയോളം ഉയരമുള്ള ഒരു വിഗ്രഹം നമുക്കു് സൂക്ഷിച്ചുനോക്കിയാൽ കാണാം. യുദ്ധദേവതയായ സീഹ്ഫംഗിൻെറ വിഗ്രഹമാണു് അതെന്നു് നമുക്കു് അറിയാം. ആ വിഗ്രഹത്തിൻെറ ഇടതുവശത്തായി ഒരു ഉയൎന്ന പീഠത്തിൽ ചെമന്ന പട്ടുവസ്ത്രത്താൽ ശരീരമാസകലം മറച്ചിരിക്കുന്ന ഒരു വ്യക്തി ഇരിപ്പുണ്ടു്. അയാളെ വായനക്കാൎക്കു് പെട്ടെന്നു് തിരിച്ചറിയുവാൻ സാദ്ധ്യമല്ല. സുപ്രസിദ്ധ ജൎമ്മൻ ശാസ്ത്രജ്ഞനായ 'സൗചൂക്കു്' ആണു് ആ ഇരിക്കുന്ന മനുഷ്യൻ. അന്നു് ആ സൈനിക ക്യാമ്പിൽവെച്ചു് കോമുറായോടും ഫാക്കിനോടും ഷേവറോടും ഒപ്പം അയാളെ കണ്ടതിൽ നിന്നും ഇപ്പോൾ എന്തു മാററമാണു് അയാളുടെ ആകൃതിയിൽ വന്നിരിക്കുന്നതു്. അപ്പോഴത്തെ അയാളുടെ സൗമ്യമായ ആകൃതിയും പരിഷ്കൃതമായ വേഷവിധാനങ്ങളും കണ്ടാൽ അയാൾ ഒരു പൗരസ്ത്യ തത്വചിന്തകനും, ശാസ്ത്രജ്ഞനുമാണെന്നേ തോന്നുമായിരുന്നുള്ളു. പക്ഷേ, ഇപ്പോഴത്തെ വികാരാളമായ ആകൃതിയും പാ

റിപ്പറന്നുകിടക്കുന്ന തലമുടിയും, ചെമന്നു തുടുത്ത കണ്ണുകളും, വളഞ്ഞുയൎന്നുനില്ക്കുന്ന പുരികക്കൊടികളും ഭീകരമായ മുഖഭാവവും കണ്ടാൽ അയാൾ ഭയങ്കരനായ ഒരു മന്ത്രവാദിയാണെന്നേ ആരും പറയുകയുള്ളു. അയാളുടെ ഇപ്പോഴത്തെ മുഖമുദ്രയും ഹാവഭാവാദികളും സൂക്ഷിച്ചുനോക്കിയാൽ ശാന്തനും, സമാധാനചിത്തനും, സൂക്ഷ്മദർശിയുമായ ഒരു ശാസ്ത്രജ്ഞനാണെന്നു് ഒരു വിദൂരധാരണപോലും കാണികൾക്കു് ഉണ്ടാകുകയില്ല.

സൗചൂക്കിൻെറ ഇടതുവശത്തു് സീഹ്ഫംഗിൻെറ വിഗ്രഹത്തിൻെറ തൊട്ടുമുമ്പിലുള്ള അഗ്നികുണ്ഡത്തിൻെറ മറുഭാഗത്തു് വീരാസനത്തിൽ ചമ്രം പടിഞ്ഞിരിക്കുന്ന ആ മനുഷ്യനെ വായനക്കാൎക്കു് പെട്ടെന്നു് തിരിച്ചറിയുവാൻ സാധിക്കും. അരക്കിറുക്കനായിരുന്ന ആ പുരോഹിതൻ ഇപ്പോൾ മുഴക്കിറുക്കനായി മാറിയിട്ടുണ്ടെങ്കിലും നമുക്കു് അയാളെ തിരിച്ചറിയുന്നതിൽ പ്രമാദം പററുകയില്ല. അതു് താരയുടെ പിതാവായ കിംഗ്ളൂവല്ലാതെ മററാരുമായിരുന്നില്ല. താന്ത്രികാചാര്യനായ സൗചൂക്കിൻെറ നിർദ്ദേശാനുസരണം ഹോമകർമ്മങ്ങൾ ചെയ്തതിനുശേഷം അയാൾ പൂജ താല്ക്കാലികമായി അവസാനിപ്പിക്കുവാൻ തുടങ്ങുകയായിരുന്നു. പൂജാന്ത്യത്തെ സൂചിപ്പിക്കുന്ന അർഘ്യം അയാൾ അഗ്നികുണ്ഡത്തിലേയ്ക്കു് ഒഴിച്ചതും തീജ്വാലകൾ ആളി ഉയൎന്നതും ഒരുമിച്ചായിരുന്നു. കാരണം ആ അർഘ്യത്തിൽ നെയ്യുടെ അംശമാണു് കൂടുതൽ ഉണ്ടായിരുന്നതു്. അഗ്നികുണ്ഡത്തിൽനിന്നുയൎന്ന തീജ്വാല അവിടുത്തെ അന്ധകാരത്തെ തെല്ലുനേരത്തേയ്ക്കു് ദൂരീകരിച്ചു.

കിംഗ്ളൂവിൻെറ തൊട്ടു് ഇടതുവശത്തു് അനേക

തരത്തിലുള്ള സാധനങ്ങൾ നിരത്തിവെച്ചിരിക്കുന്നതിന്റെ മദ്ധ്യത്തിലായി ഇരിക്കുന്നതു് കിംഗ്ലൂവിന്റെ ശിഷ്യന്മാരിൽ പ്രമുഖനും സന്തതസഹചാരിയുമായ സാംഗ്ലിയാണു്. അയാൾ കിംഗ്ലൂ ചോദിക്കുന്ന ഓരോ സാധനവും അതതു സമയത്തു് എടുത്തുകൊടുത്തും മററുതരത്തിലും പൂജയിൽ കിംഗ്ലൂവിനെ സഹായിച്ചുകൊണ്ടിരിക്കുകയാണു്. അപ്പോൾ നടന്നുകൊണ്ടിരുന്ന പൂജാവിധികളാൽ ഉല്പന്നമായ ഭാവാവേശം അയാളേയും വല്ലാതെ ബാധിച്ചിരുന്നതിനാൽ അയാളുടേയും കണ്ണുകൾ ചെമന്നുതുടുത്തിരുന്നു. സൗചൂക്ക് ഇടയ്ക്കിടെ ഉച്ചരിക്കുന്ന ചൈനീസ് ഭാഷയിലുള്ള മന്ത്രങ്ങൾ അയാൾക്കും അറിയാമായിരുന്നെങ്കിൽ അയാളും അതു് ഏററുചൊല്ലുമായിരുന്നു. പക്ഷെ, അപ്പോഴത്തെ പൂജാരീതികൾ അയാളുടെ ശക്തിക്കു് അതീതമായിട്ടുള്ളതായിരുന്നു. ഉഗ്രമായ ആ താന്ത്രിക വിധികൾ അയാളുടെ ഊഷരമായ മസ്തിഷ്കത്തെ പ്രവൎത്തനരഹിതമാക്കിയിരുന്നു.

അവസാനത്തെ അൎഘ്യാൎപ്പണകൎമ്മവും അവസാനിച്ചു. ഉയൎന്നുപൊങ്ങിയ തീജ്വാലകൾ ക്രമേണ കെട്ടടങ്ങി. ഒരിനം കറുത്ത പുക അഗ്നികുണ്ഡത്തിൽ നിന്നു് ഉയൎന്നു് അവിടമാകെ വ്യാപിച്ചു. കിംഗ്ലൂ ഭഗവാൻ സീഹ്ഹംഗിനേയും ആചാര്യപ്രമുഖനായ സൗചൂക്കിനേയും മാറിമാറി ദണ്ഡനമസ്കാരം ചെയ്തതിനുശേഷം സൗചൂക്കിന്റെ മുഖത്തേയ്ക്കു് പ്രശ്നസൂചകമായി നോക്കി. സൗചൂക്ക് തന്റെ കയ്യിലിരുന്ന ഒരു ഗ്രന്ഥം അടുത്തിരുന്ന വിളക്കിന്റെ പ്രകാശത്തിൽ അടുപ്പിച്ചു പിടിച്ചുകൊണ്ടു് അതിൽ സൂക്ഷിച്ചുനോക്കിയതിനുശേഷം ചൈനീസ് ഭാഷയിൽ ഇങ്ങനെ പറഞ്ഞു.

"കിംഗ്ല്യൂ! നിങ്ങളുടെ പൂജ അവസാനിച്ചിരിക്കുന്നു. ഭഗവാൻ സീഹ്ഫംഗ് അങ്ങേയററം പ്രസാദിച്ചിരിക്കുകയാണു്. ഇനി നിങ്ങൾക്കു് ബാക്കിയുള്ള ജോലികൾ ചെയ്യാം. എന്താ, ആ സാധനം വരുത്തട്ടെയോ? നിങ്ങൾക്കു് ഭയമൊന്നും ഇല്ലല്ലോ?"

കിംഗ്ല്യൂ മുകുളിതഹസ്തനായി വിനീതഭാവത്തോടെ പറഞ്ഞു. "ആ പാദ്യനുള്ളപ്പോൾ ഭയമോ?" ഇതുകേട്ടു് സൗച്യൂക്കു് പുഞ്ചിരിതൂകി. അയാൾ പുറകോട്ടുതിരിഞ്ഞു് ഗംഭീരസ്വരത്തിൽ വിളിച്ചുപറഞ്ഞു. "ങ്ും, കൊണ്ടുവരൂ."

ആ സ്വരവീചികൾ അന്തരീക്ഷത്തിൽ വിലയം പ്രാപിക്കുന്നതിനുമുമ്പായി രണ്ടുപേർകൂടി ഏതോ ഭാരമുള്ള ഒരു സാധനം താങ്ങി എടുത്തുകൊണ്ടു വരുന്നതു് കാണപ്പെട്ടു. ങേ, എന്താണതു്? ഏതോ മനുഷ്യന്റെ ശവശരീരമാണു് അതെന്നു് തോന്നുന്നല്ലോ. ദേവപൂജ നടക്കുന്ന ആ പാവനമായ സ്ഥലത്താണോ നിഷിദ്ധമായി കരുതപ്പെടുന്ന ശവശരീരവുമായി അവർ കടന്നു വരുന്നതു്? ധൃതിവെയ്ക്കാതിരിക്കൂ. പതറാത്ത ഹൃദയവുമായി നോക്കിനില്ക്കൂ, എന്താണു് സംഭവിക്കുവാൻ പോകുന്നതെന്നു്.

സൗച്യൂക്കു് എന്തോ ആംഗ്യംകാണിച്ചു. സാംഗ്ലി ചുററിനും ഇരുന്ന സാധനങ്ങൾ പെറുക്കിമാററി ആവശ്യമായ സ്ഥലം ഉണ്ടാക്കിക്കൊടുത്തു. ശവശരീരം അഗ്നികുണ്ഡത്തിന്റെ അടുക്കൽ കിടത്തിയതിനുശേഷം അതു കൊണ്ടുവന്ന രണ്ടുപേരും നിശബ്ദരായി അവിടെനിന്നും വെളിയിലേയ്ക്കു് ഇറങ്ങിപ്പോയി. വിളക്കിന്റെ ദീപം ഒന്നുകൂടി ഉയർത്തപ്പെട്ടു. സൗച്യൂക്കിന്റെ നിർദ്ദേശമനുസരിച്ചും, അയാൾ വായിച്ചുകൊടുക്കുന്ന ചൈനീ

സ് ഭാഷയിലുള്ള മന്ത്രത്തിൻെറ സഹായത്താലും ശവപൂജ വിധിപൂർവ്വം ആരംഭിച്ചു. അളവററ വിശ്വാസത്തോടും കഠോര ഹൃദയത്തോടുംകൂടി കിംഗ്‌ലൂ സൗചൂക്ക് പറഞ്ഞുകൊടുക്കുന്നതുപോലെയുള്ള കർമ്മങ്ങൾ ചെയ്യുവാൻ തുടങ്ങി. ആദ്യമായി ശവശരീരം മുഴുവൻ എണ്ണയും കുഴമ്പും പുരട്ടി കുളിപ്പിച്ചതിനുശേഷം അതിൽ ചന്ദനവും മററു സുഗന്ധസാധനങ്ങളും പൂശി. പൂണുനൂൽപോലെയുള്ള ഒരിനം നൂലും പുഷ്പമാല്യങ്ങളും ആ ശവത്തിൻെറ കഴുത്തിൽ അർപ്പിക്കപ്പെട്ടു. അതിനുശേഷം അലക്കിയ ഒരു നേരിയതുകൊണ്ടു് ആ ശരീരമാകെ മൂടിയതിനുശേഷം പൂക്കിഠ ഭാഗത്തു് ഒരു മൃഗചർമ്മം വിരിച്ചു് അതിൻെറ മുകളിൽ ചമ്പ്രംപടിഞ്ഞിരുന്നുകൊണ്ടു് സൗചൂക്ക് പറഞ്ഞുകൊടുക്കുന്ന രീതിയിൽ കിംഗ്‌ലൂ പൂജ ആരംഭിച്ചു. അങ്ങനെ ആ ശവപൂജ കുറച്ചധിക സമയത്തേയ്ക്കു് നീണ്ടുനിന്നു.

ശവപൂജ പുരോഗമിക്കുന്നതോടൊപ്പം അവിടുത്തെ വായുമണ്ഡലം എന്തുകൊണ്ടോ ഭയാനകവും അന്ധകാരപൂർണ്ണവുമായിക്കൊണ്ടിരുന്നു. നാലുപാടുനിന്നും അസ്പഷ്ടശബ്ദങ്ങൾ ഉയരുന്നതുപോലെയും, അദൃശ്യദേവതകൾ ചുററിനും ഓടിനടക്കുന്നതുപോലെയും തോന്നിക്കപ്പെട്ടു. പക്ഷേ പുരോഹിതനോ, പുരോഹിതാചാര്യനായ സൗചൂക്കോ അതൊന്നും ശ്രദ്ധിച്ചതേയില്ല. അവർ അവരുടെ ജോലിയിൽതന്നെ ദത്തശ്രദ്ധരായിരുന്നു. ഭാവാവേശം അവരെയെല്ലാം ഉന്മത്തരാക്കിതീർത്തിരുന്നു.

പെട്ടെന്നു് സൗചൂക്ക് പുറകോട്ടുതിരിഞ്ഞു് ചൈനീസ്" ഭാഷയിൽ പറഞ്ഞു. "ശവബലി തയാറാ

ക്കിവെയ്ക്കു ഞാൻ കൈനീട്ടിയാലുടൻ തന്നെ ബലി മൃഗത്തിന്റെ കരം എന്റെ കയ്യിൽ കിട്ടിയിരിക്കണം." പുറകിൽനിന്നും മറുപടിയെന്നവണ്ണം അസ്പഷ്ടമായ ഏതോ സ്വരം പുറപ്പെട്ടു. സൗചൂക്ക് കറുത്ത എള്ളുകൊണ്ടു് നിറച്ച ഒരു പാത്രം കയ്യിൽ ഉയർത്തി എടുത്തു. ഏതോ മന്ത്രോച്ചാരണത്തോടുകൂടി അയാൾ ആ എള്ളു് കുറേശ്ശ എടുത്തു് ശവത്തിന്റെ മുഖത്തേയ്ക്കു് എറിയുവാൻ തുടങ്ങി. കിംഗ്ലൂവും ആ മന്ത്രം ഏററുപറഞ്ഞുകൊണ്ടു് അതേ ക്രിയതന്നെ ചെയ്തുകൊണ്ടിരുന്നു.

എന്തു്? നമ്മുടെ കണ്ണുകൾക്കു് പററിയ പ്രമാദമാണോ ഇതു്? അതോ, വാസ്തവത്തിൽ ആ ശവശരീരം അല്പമൊന്നു് ഇളകിയോ? അല്ല. അതു് നമുക്കു് പററിയ പ്രമാദമല്ല. എള്ളു് എറിയുംതോറും ആ ശവശരീരത്തിൽ നേരിയ സ്പന്ദനവും ഉണ്ടായിക്കൊണ്ടിരുന്നു. അതോടെ അതിന്റെ മുകളിൽ ഇരുന്നിരുന്ന കിംഗ്ലൂവിന്റെ ആസനവും ഇളകുവാൻ തുടങ്ങി.

അവസാനം വളരെ ഉച്ചത്തിൽ ഏതോ മന്ത്രം ജപിച്ചുകൊണ്ടു് സൗചൂക്ക് ഒരുപിടി എള്ളെടുത്തു് ആ ശവത്തിന്റെ മുഖത്തേയ്ക്കു് ശക്തിയായി എറിഞ്ഞു. ആശ്ചര്യമെന്നല്ലാതെ എന്തു പറയാനാണു്? എള്ളു ചെന്നു് വീണ ഉടൻതന്നെ ആ ശവം സാവധാനം വായ് തുറന്നു. അതു കണ്ട ഉടനെ സൗചൂക്ക് കയ്യ് പുറകോട്ടുനീട്ടി എന്തോ വിളിച്ചുപറഞ്ഞു. രക്തത്തുള്ളികൾ ഇററിററു വീഴുന്ന ഒരു കരം അയാളുടെ കൈവെള്ളയിലേയ്ക്കു് ആരോ വെച്ചുകൊടുത്തു. ആ കരത്തിലേയ്ക്കു് മന്ത്രോച്ചാരണത്തോടുകൂടി കുറച്ചു് എള്ളു് എറിഞ്ഞതിനുശേഷം അതു് കിംഗ്ലൂവിന്റെ കയ്യിൽ കൊടുത്തിട്ടു് അയാൾ പറഞ്ഞു. "ശവദേവതയുടെ വായിൽ

കൊട്ടക്കു." ശവത്തിൻെറ തുറന്നിരുന്ന വായിലേയ്ക്ക് ആ കരംവെച്ചു കൊട്ടക്കപ്പെട്ടു. അതോടെ പിന്നെയും മന്ത്രോച്ചാരണവും എള്ളുകൊണ്ടുള്ള പൂജയും ആരംഭിച്ചു.

സാംഗ്ലീ അടിമുടി വിറച്ചുപോയി. അയാൾ കണ്ണ് തിരുമ്മിത്തുടച്ചുകൊണ്ടു് ആ ശവത്തിലേയ്ക്ക് ഒന്നുകൂടി നോക്കി. ആ മൃതശരീരം കണ്ണുകൾതുറന്നു് പിടലിതിരിച്ചു് ചുററിനും നോക്കുന്ന ഭയാനകമായ കാഴ്ചയാണു് അയാൾ കണ്ടതു്. അതോടെ സൗച്ചൂക്ക് സ്വരം ഒന്നുകൂടി ഉയർത്തി മന്ത്രം ജപിച്ചുകൊണ്ടു് എള്ള് ആഞ്ഞാഞ്ഞു് എറിയുവാൻ തുടങ്ങി.

ശവശരീരം ക്രമേണ ഇടവിട്ടു് വിറയ്ക്കുവാൻ തുടങ്ങി. നദിയിൽ തിരയടിക്കുന്ന പ്രതീതിയാണു് ആ മൂടിയിരിക്കുന്ന മുണ്ടിനു മുകളിലേയ്ക്ക് നോക്കിയാൽ ഉണ്ടാകുന്നതു്. എന്നു മാത്രമല്ല; ആ ശവത്തിൻെറ ഉന്തിയ കണ്ണുകൾ ഒന്നിനൊന്നു് രൂക്ഷമാകുവാനുംതുടങ്ങി. അതു കണ്ടപ്പോൾ കിംഗ്ലൂവും സാംഗ്ലീയും കിടുകിടെ വിറച്ചുപോയി. കിംഗ്ലൂ സ്പന്ദിക്കുന്ന ഹൃദയത്തോടും, കാതരമായ നേത്രങ്ങളോടുംകൂടി സൗച്ചൂക്കിൻെറ മുഖത്തേയ്ക്ക് നോക്കി. എന്നാൽ ഇതുകൊണ്ടൊന്നും അയാളുടെ മുഖത്തു് യാതൊരു ഭാവഭേദവും ഉണ്ടായില്ല. ഭയത്തിൻേറയോ ചാഞ്ചല്യത്തിൻേറയോ നേരിയ രേഖപോലും ആ മുഖത്തെങ്ങും കാണപ്പെട്ടില്ല. അയാൾ ഒരു കൈകൊണ്ടു് കിംഗ്ലൂവിനോടു് ശാന്തനായി ഇരിക്കുവാൻ ആംഗ്യംകാണിച്ചിട്ടു് മററെ കൈകൊണ്ടു് കുറച്ചു് എള്ളെടുത്തു് ശവത്തിലേയ്ക്ക് ആഞ്ഞു് എറിഞ്ഞിട്ടു ചോദിച്ചു "ശവദേവതേ! എന്താ, തൃപ്തിയായോ?"

ശവത്തിൻെറ കണ്ണുകൾ സൗചൂക്കിൻെറനേക്ക് തിരിഞ്ഞു. അതിൻെറ ഒരുകൈ ഉയൎന്ന് വായുടെ അടുക്കൽ വരെ എത്തി. സൗചൂക്ക് കൈ പുറകോട്ട് നീട്ടി. ഒരു കുപ്പി ആരോ കൈവെള്ളയിൽ വെച്ചു കൊടുത്തു. ആ കുപ്പി കിംഗ്ലൂവിൻെറനേക്ക് നീട്ടി ക്കൊണ്ട് അയാൾ പറഞ്ഞു. "ഈ മദ്യം അയാളുടെ വായിലേയ്ക്കു് ഒഴിച്ചുകൊടുക്കു." കിംഗ്ലൂ കുപ്പി തുറന്ന് മദ്യം ശവത്തിൻെറ വായിലേയ്ക്കു് ഒഴിച്ചു കൊടുത്തു.

ആശ്ചയ്യകരമായ ഏതോ ശക്തിവിശേഷം ആ ശരീരത്തിൽ ഉണ്ടായി. ഒന്നിനു പുറകേ ഒന്നായി പത്തുകുപ്പി മദ്യം ആ ശവം കുടിച്ചുതീൎത്തു. പതിനൊ ന്നാമത്തെ കുപ്പി മദ്യം കിംഗ്ലൂവിൻെറ നേക്ക് നീട്ടി യപ്പോഴേയ്ക്കും താന്ത്രികാചാര്യനായ സൗചൂക്കിൻെറ നെററിത്തടത്തിൽ ചിന്തയുടെ ചാലുകൾ തെളിഞ്ഞു. കാരണം പതിനൊന്നു കുപ്പി മദ്യം മാത്രമേ അയാൾ കരുതിയിരുന്നുള്ളു. അതുകൊണ്ടും ദാഹം ശമിച്ചില്ലെ ങ്കിൽ ആ ശവം എന്തെല്ലാം ഉപദ്രവങ്ങളായിരിക്കും ചെയ്യുവാൻ പോകുന്നതെന്ന് അയാൾക്കു് അറിയാമാ യിരുന്നു. എന്നാൽ അയാളുടെ ആ ഭയം അസ്ഥാന ത്തായിരുന്നുവെന്ന് വേഗം തെളിഞ്ഞു. പതിനൊ ന്നാമത്തെ കുപ്പി മദ്യം പകുതി കുടിച്ചപ്പോഴേയ്ക്കും ആ ശവം മതിയെന്നുള്ള നിലയിൽ തലകുലുക്കി. അതോടെ മിച്ചം വന്ന മദ്യം വായിലൂടെ വെളിയിലേ യ്ക്കു് ഒഴുകുവാനും തുടങ്ങി. കുപ്പിമാററുവാൻ സൗചൂക്ക് കിംഗ്ലൂവിനെ ആംഗ്യം കാണിച്ചു. വീണ്ടും കുറച്ച് എള്ളുകൂടി എടുത്തു് എറിഞ്ഞതിനുശേഷം അയാൾ ചോദിച്ചു. "ശവദേവതേ! സന്തോഷമായോ?" പൈ

ശാചികമായ രീതിയിൽ ആ ശവം പൊട്ടിച്ചിരിച്ചു. "എല്ലാത്തരത്തിലും തൃപ്തിയായോ" സൗചൂക്ക് വീണ്ടും ചോദിച്ചു. ശവം പിന്നെയും പൊട്ടിച്ചിരിച്ചു. "നിന്റെ പൂജാരിക്കുവേണ്ടി ചില കാര്യങ്ങൾ ചെയ്തുകൊടുക്കുവാൻ നീ തയാറാണോ?" ശവം മൂന്നാമതും പൊട്ടിച്ചിരിച്ചു. ആ ചിരിയുടെ പ്രതിദ്ധ്വനിയിൽ ആ സ്ഥലത്തു് തടിച്ചുകൂടി നില്ക്കുന്ന നൂറുകണക്കിനു് പിശാചുക്കൾ അട്ടഹസിക്കുന്നതുപോലെ തോന്നി.

"നിൻെറ പൂജാരി നിന്നെക്കൊണ്ടു് ചില ജോലികൾ ചെയ്യിക്കാൻ ആഗ്രഹിക്കുന്നു." സൗചൂക്ക് പറഞ്ഞു. "ആ ജോലി ചെയ്യാമെന്നുണ്ടെങ്കിൽ എല്ലാത്തരത്തിലും നിന്നെ സന്തോഷിപ്പിക്കുവാൻ അയാൾ തയാറാണു്." ശവത്തിൻെറ ചുണ്ടുകൾ സാവധാനം ചലിച്ചു. ആദ്യം ഏതാനും അസ്പഷ്ടസ്വരങ്ങൾ അയാളുടെ വായിൽ നിന്നും പുറപ്പെട്ടു. ക്രമേണ ശബ്ദം സ്പഷ്ടമായി. "എന്താണു് വേണ്ടതു്?" സൗചൂക്ക് കിംഗ്ലൂവിനെ നോക്കി ആംഗ്യം കാണിച്ചു. കിംഗ്ലൂ വിറയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു. "ദേവതേ! ഞാൻ എന്റെ ശത്രുക്കളെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നു."

ശവം:—നിങ്ങളുടെ ശത്രുക്കൾ ആരാണു്?

കിംഗ്ലൂ:—പൗരസ്വാതന്ത്ര്യാഭിമാന സംരക്ഷകസംഘക്കാർ. അവർ ഞങ്ങളുടെ പവിത്രമായ ക്ഷേത്രസങ്കേതങ്ങൾ മുഴുവൻ അശുദ്ധമാക്കി. അവർ കാരണം ദേവപൂജ മുഴുവൻ മുടങ്ങി. അവർ പരിശുദ്ധമായ 'മങ്കയാറു്' തീണ്ടി നശിപ്പിച്ചു. യുദ്ധദേവതയായ മാഹ്ജുംഗിന്റെ പാവനമായ ഇരിപ്പിടം അശുദ്ധമാക്കി. അദ്ദേഹത്തിൻെറ ശരീരത്തു് സ്പർശിച്ചു് അതിൻെറ പാവനത്വം നശിപ്പിച്ചു. ആ പാപികളും ദുഷ്ടാത്മാക്കളും അന്യാ

യികളുമായ ചെറുപ്പക്കാരെ നശിപ്പാക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ശവരാജൻ! ഈ ജോലി നിങ്ങൾക്കു് ചെയ്യുവാൻ സാധിക്കുമോ?

ശവം:—(ഭയാനകമായ രീതിയിൽ പൊട്ടിച്ചിരിച്ചതിനുശേഷം) എന്നെക്കൊണ്ടു് സാദ്ധ്യമല്ലാത്ത ഒരു ജോലി ഈ ലോകത്തിലുണ്ടോ?

കിംഗ്:—(പ്രസന്നാവദനനായിട്ടു്) എങ്കിൽ മതി. ഞങ്ങളുടെ ഈ പാവനമായ നാടിനെ നശിപ്പിച്ച ആ പാപികളുടെ വംശവിഛേദംതന്നെ വരുത്തുക. അവരുടെ പൊടിപോലും കാണാത്ത രീതിയിൽ അവരെ നശിപ്പിക്കാമെങ്കിൽ ഞാൻ നിങ്ങൾക്കു് എന്തുവേണമെങ്കിലും ചെയ്തുതരാം.

ഇതിനു മറുപടിയായി ശവം ചിരിക്കുകയാകട്ടെ, എന്തെങ്കിലും പറയുകയാകട്ടെ ചെയ്തില്ല. അതു കണ്ടപ്പോൾ കിംഗ്ല്യ സൗച്യൂക്കിൻെറ മുഖത്തേയ്ക്കു് നോക്കി. അയാൾ വീണ്ടും മന്ത്രം ജപിച്ചുകൊണ്ടു് കുറച്ചു് എള്ളുകൂടി ആ ശവശരീരത്തിലേയ്ക്കു് എറിഞ്ഞു. ഒരു പുതിയ ജീവൻ വീണതുപോലെ ആ ശവം അടിമുടി വിറച്ചു. അതിൻെറ വായിൽനിന്നും ശബ്ദം പുറപ്പെടുവാൻ തുടങ്ങി. "നശിപ്പിക്കുകയെന്നു പറഞ്ഞാൽ നിങ്ങൾ എന്താണു് അൎത്ഥമാക്കുന്നതു്?"

കിംഗ്:—അവരുടെ രഹസ്യങ്ങൾ മുഴുവൻ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്കു അവരുടെ രഹസ്യസങ്കേതങ്ങൾ നേരിട്ടുകാണണം. അവരുടെ രഹസ്യ ചർച്ചകളും ഭാഷയും സാങ്കേതിക ചിഹ്നവും മററും എനിക്കു് അറിയുവാൻ ആഗ്രഹമുണ്ടു്. ഇതെല്ലാം അറിയാൻ കഴിഞ്ഞാൽ എനിക്കു് അവരെ നിമിഷനേരംകൊണ്ടു് നശിപ്പിക്കുവാൻ സാധിക്കും. പാപികൾ!

ദുഷ്ടന്മാർ! വഞ്ചകർ!! സീഹ്ഫ്ംഗിനെ പൂജിക്കുവാൻ പോലും അവർ എന്നെ അനുവദിച്ചില്ല. അവരെ മുഴുവൻ ഞെരിച്ചുകൊല്ലുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. പറയൂ, ശവരാജൻ! പറയൂ. നിങ്ങളെക്കൊണ്ടു് ഇതു് സാധിക്കുമോ?"

ശവം:—നിങ്ങൾ പറയുന്ന സ്ഥലത്തു് ഞാൻ നിങ്ങളെ കൊണ്ടുചെന്നാക്കാം. ആരെ വേണമെങ്കിലും നിങ്ങളുടെ മുമ്പിൽ ഹാജരാക്കാം. ബാക്കിയുള്ള കാൎയ്യങ്ങൾ നിങ്ങൾ തന്നത്താൻ ചെയ്തുകൊള്ളണം.

കിംഗ്:—(ആവേശത്തോടെ) എന്നെ അവരുടെ രഹസ്യസങ്കേതത്തിലേയ്ക്കു് കൊണ്ടുപോകണം. ആ പാപികളുടെ നേതാക്കന്മാരായ ത്രികണ്ടകർ ഇരിക്കുന്ന സ്ഥലത്തേയ്ക്കാണ് എന്നെ കൊണ്ടുപോകേണ്ടതു്. ആ സ്ഥലം എവിടെയാണെന്നും അങ്ങോട്ടു് പോകാനുള്ള വഴി ഏതാണെന്നും നിങ്ങൾ കാണിച്ചുതരണം. പറയൂ. എന്താ സാധിക്കുമോ?

ശവം കുറച്ചുസമയത്തേയ്ക്കു് ഒന്നും പറഞ്ഞില്ല. സൗചുക്ക് വീണ്ടും മന്ത്രപൂരിതമായ എള്ളു് ശവത്തിൻെറ നേൎക്ക് എറിഞ്ഞു. "സാധിക്കും." ശവം ഒരു വിറയലോടെ തുടൎന്നു. "നിങ്ങൾക്കു് എൻെറ ശരീരത്തിൽ പററിപ്പിടിച്ചിരിക്കാമെന്നുണ്ടെങ്കിൽ നിങ്ങൾ പറയുന്ന ഏതു സ്ഥലത്തും ഞാൻ നിങ്ങളെ കൊണ്ടുപോകാം. പക്ഷേ, എൻെറ ഈ ജോലിക്കു് തക്കതായ പ്രതിഫലം തരുവാൻ നിങ്ങൾ ബാദ്ധ്യസ്ഥനായിരിക്കും.

കിംഗ്:—(നെഞ്ചത്തു് കൈവെച്ചുകൊണ്ടു്) നിങ്ങൾ ആവശ്യപ്പെടുന്നതെന്തും ചെയ്തുതരുവാൻ ഞാൻ തയാറാണ്.

ശവം:—(പൈശാചികമായി പൊട്ടിച്ചിരിച്ചു

കൊണ്ടു്) ശരി. നിങ്ങൾ നിങ്ങളുടെ വാക്കു് പാലിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഇതാ, ഞാൻ തയാറായിരിക്കുന്നു.

കിംഗ്ലൂ സൗച്ചൂക്കിന്റെ നേക്കു് നോക്കി. ആ നോട്ടത്തിന്റെ ഉദ്ദേശം മനസ്സിലാക്കിയ സൗച്ചൂക്കു് ഇങ്ങനെ പറഞ്ഞു. "യാതൊന്നും ഭയപ്പെടേണ്ടാ. ഇപ്പോൾ പോയി സ്ഥലങ്ങളെല്ലാം കണ്ടിട്ടുവരൂ. ഇപ്പോൾ വിശേഷിച്ചു് എന്തെങ്കിലും ചെയ്യുവാൻ ഞാൻ പറയുന്നില്ല. കാരണം അതിൽ അപകടമുണ്ടു്. വല്ലതും ചെയ്യണമെന്നു് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പിന്നീടു് എപ്പോഴെങ്കിലും സൗകര്യംപോലെ ചെയ്യാമെല്ലോ. ഇപ്പോൾ അവരുടെ രഹസ്യസങ്കേതത്തിൽ വരെ പോയിട്ടുവന്നാൽ മതി. (ശവത്തിലേയ്ക്കു് കുറച്ചു് എള്ളുക്കൂടി എറിഞ്ഞിട്ടു്) ശവരാജൻ! പോക്കൂ നിന്റെ പുരോഹിതൻ കാണാൻ ആഗ്രഹിക്കുന്ന സ്ഥലങ്ങൾ മുഴുവൻ കൊണ്ടുപോയി കാണിക്കൂ. ഒരു കാര്യം സൂക്ഷിച്ചുകൊള്ളണം. അപകടമൊന്നും പററരുതു്."

പെട്ടെന്നു് ആ ശവം അടിമുടി ഇളകി. ഒരിനം ഹുങ്കാരശബ്ദം അവിടമാകെ വ്യാപിച്ചു. ആകസ്മികമായ രീതിയിൽ ഒരു കൊടുങ്കാററു വന്നു് ആ ശവത്തേയും ശവത്തിന്റെ മുകളിലിരുന്ന പുരോഹിതനേയും പറപ്പിച്ചുകൊണ്ടുപോയതുപോലെ സാംഗ്ലീക്കു് തോന്നി. അയാൾ ഒരിക്കൽക്കൂടി കണ്ണുതിരുമ്മി സൂക്ഷിച്ചുനോക്കി. ഇല്ല. ശവവും കിംഗ്ലൂവും അവിടെയെങ്ങും കാണപ്പെട്ടില്ല. നിമിഷനേരത്തേയ്ക്കു് ആ ഗുഹാന്തർഭാഗത്തു് പലതരത്തിലുള്ള ദീനരോദനങ്ങളും ആർത്തനാദങ്ങളും ഉയൻപൊങ്ങി അലയടിച്ചു. മങ്ങി മങ്ങി കത്തിക്കൊണ്ടിരുന്ന ആ ചെറിയ വിളക്കു് അണ

ഞ്ഞുപോയി. നാലുപാട്ടും കട്ടപിടിച്ച ഇരുട്ട വ്യാപിച്ചു. ഭയപരവശനായിത്തീൎന്ന സാംഗ്ലീയുടെ ഇടറുന്ന കണ്ഠത്തിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന മന്ത്രോച്ചാരണത്തിന്റെ നേരിയ ശബ്ദം അവിടെമാകെ അലയടിച്ചുകൊണ്ടിരുന്നു.

—*—

## 5

സാമാന്യത്തിലധികം വലുപ്പമുള്ള ആ കൂടാരത്തിനുള്ളിൽ ഇരുന്നു് മൂന്നുപേർ സംസാരിക്കുന്നുണ്ട്. ആ കൂടാരത്തിനുചുററും സുശക്തമായ സൈനിക കാവൽ ഏർപ്പെടുത്തിയിട്ടുണ്ടു്. മാർഷൽ ഫാക്കും, കൗണ്ടു് ഷേവറും, ജനറൽ കോമുറായുമാണു് അവിടെ സംസാരിച്ചുകൊണ്ടിരിക്കുന്ന ആ മൂന്നുപേർ. സമയം സന്ധ്യയോടടുത്തു. ഇരുട്ടിനു് ക്രമേണ ശക്തികൂടുവാൻ തുടങ്ങി. ആ കൂടാരത്തിൽനിന്നു് അല്പം അകലെമാറി അടിച്ചിരിക്കുന്ന കൂടാരങ്ങളിലെല്ലാം വിളക്കുകൾ പ്രകാശിക്കുവാൻ തുടങ്ങിയിരുന്നു. എന്നാൽ ആ വലിയ കൂടാരത്തിൽമാത്രം യാതൊരുതരത്തിലുള്ള പ്രകാശവും ഉണ്ടായിരുന്നില്ല. അടുത്ത കൂടാരങ്ങളിൽ കത്തികൊണ്ടിരുന്ന വിളക്കുകളുടെ പ്രകാശം ആ കൂടാരത്തിലും അവിടവിടെയായി പതിച്ചിരുന്നതുകൊണ്ടു് ഇരുട്ടിന്റെ കാഠിന്യം അവിടെ അത്രമാത്രം അനുഭവപ്പെട്ടിരുന്നില്ല.

അവർ മൂന്നുപേരും അടക്കിയ സ്വരത്തിലാണ് സംസാരിക്കുന്നതെങ്കിലും ശ്രദ്ധിച്ചാൽ നമുക്ക് അവരുടെ സംഭാഷണം കേൾക്കുവാൻ സാധിക്കും. ജനറൽ കോമുറായാണ് സംസാരിച്ചുകൊണ്ടിരുന്നതു്. "മേക്കംഗ് നദിയിലെ ആ ഭയാനകമായ ജലപ്രപാതത്തിനടുക്കലുള്ള ഏതോ രഹസ്യമായ ഒരു സ്ഥലത്താണ് ത്രികണ്ടകർ താവളമടിച്ചിരിക്കുന്നതു്. കിഴക്കൻ രാജ്യങ്ങളെ സഹായിക്കുന്നതിനുവേണ്ടി അവർ പതിനൊന്നു പേരടങ്ങുന്ന ഒരു കമ്മററി രൂപീകരിച്ചിട്ടുണ്ടു്. അവരിൽ അഞ്ചുപേർ ത്രികണ്ടകരുടെ ആൾക്കാരും, അഞ്ചുപേർ ഈ കിഴക്കൻ രാജ്യങ്ങളുടെ പ്രതിനിധികളും, ഒരാൾ അവരുടെയെല്ലാം നേതാവുമാണ്. ഈ പതിനൊന്നുപേരാണ് പൗരസ്ത്യാഭിമാന സംരക്ഷകസംഘമെന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി ഈ കിഴക്കൻ രാജ്യങ്ങളിൽ അരാജകത്വം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതും, പാശ്ചാത്യരാജ്യങ്ങളെ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നതും. ആ പതിനൊന്നാമത്തെ ആൾ—അതായതു് അവരുടെയെല്ലാം നേതാവ്—ത്രികണ്ടകരിൽ ആരോ ഒരാളാണെന്നും, അയാൾ വളരെ രഹസ്യമായ രീതിയിലാണ് ജീവിക്കുന്നതെന്നും, ആ സംഘത്തിൽപെട്ട വളരെ കുറച്ചുപേർ മാത്രമേ അയാളെ ഇതുവരെയും നേരിൽ കണ്ടിട്ടുള്ളുവെന്നും എനിക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

പതിനൊന്നുപേരടങ്ങിയ ആ കമ്മററിക്കാർ 'ഏകാദശരുദ്രന്മാരെ'ന്ന പേരിലാണ് അറിയപ്പെടുന്നതു്. ത്രികണ്ടകർ അവർക്ക് ആവശ്യമുള്ളിടത്തോളം ധനവും, ആയുധസാമഗ്രികളും നൽകിയിട്ടുണ്ടു്. അതിൽ കൂട്ടതലൊന്നും ആവശ്യപ്പെടുവാൻ പടില്ലെന്നും,

അതിൽ കവിഞ്ഞു് യാതൊരു സഹായവും ചെയ്തുകൊ ടുക്കുന്നതല്ലെന്നും ത്രികണ്ടകർ മുന്നറിയിപ്പുനൽകിയി ട്ടുണ്ടു്. കാരണം ലോകത്തെ മുഴുവൻ ഉദ്ധരിക്കുവാ നാണു് അവർ വ്രതം എടുത്തിരിക്കുന്നതു്. അതിൻെറ ചിഹ്നങ്ങളാണു് ഇപ്പോൾ ഏഷ്യയിൽ പല ഭാഗത്തും കാണപ്പെടുന്നതു്. അതുകൊണ്ടു് ഏകാദശരുദ്രന്മാരട ങ്ങിയ ആ പൗരസ്വാഭിമാന സംരക്ഷകസംഘത്തെ നിങ്ങൾക്കു് നശിപ്പിക്കുവാൻ സാധിച്ചാൽ, അവരുടെ കൈവശമുള്ള ആയുധസാമഗ്രികൾ മുഴുവൻ പിടിച്ചെടു ക്കുവാൻ സാധിക്കുമെങ്കിൽ നിങ്ങൾക്കു് പിന്നെ കുറേ കാലത്തേയ്ക്കു് ഒന്നും ഭയപ്പെടേണ്ടിവരികയില്ല. കാര ണം ത്രികണ്ടകർ അവക്കു് ഇനി യാതൊരുവിധ സഹാ യവും ചെയ്തുകൊടുക്കുകയില്ലെന്നുള്ളതു് സുനിശ്ചിത മാണു്. പ്രസിദ്ധ യുദ്ധദേവതയായ മാഹ്ജുംഗിൻെറ ആ ഗുഹയാണു് ഏകാദശരുദ്രന്മാർ തങ്ങളുടെ പ്രവൎത്ത നകേന്ദ്രമാക്കിയിരിക്കുന്നതെന്നും എനിക്കു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ആ ഗുഹ ആക്രമിച്ചു് അധീനപ്പെടു ത്താമെങ്കിൽ, അവിടെയുള്ള ആളുകളെ മുഴുവൻ അറ സ്റ്റുചെയ്വാൻ സാധിച്ചാൽ അതോടെ പൗരസ്വാഭി മാന സംരക്ഷകസംഘത്തിൻെറ പ്രവൎത്തനങ്ങളും അവ സാനിച്ചുകൊള്ളും. എന്നാൽ ഇതു് അത്ര എളുപ്പ മുള്ള കാൎയ്യമല്ല. കാരണം ശ്യാമരാജ്യത്തെ ഇപ്പോ ഴത്തെ മഹാരാജാവായ മംഗർഷിയുടെ പക്കൽനിന്നും അവർ ആ സ്ഥലം മുഴുവൻ പട്ടയമെഴുതി വാങ്ങിച്ചിരി ക്കുകയാണു്. അവരുടെ ഒരു പ്രതിനിധി രാജദർബാ റിൽ സ്ഥിരതാമസവും തുടങ്ങിയിട്ടുണ്ടു്. അയാളുടെ പേരു് അമരസിംഹനെന്നാണു്. അയാൾ മഹാകൗശ ലക്കാരനും ബുദ്ധിമാനും ധൈൎയ്യശാലിയുമാണു്. അയാ

ളമായി ആലോചിക്കാതെ മഹാരാജാവു് ഒരു കാൎയ്യവും ചെയ്യാറില്ല. കാരണം അവർ മഹാരാജാവുമായി പരസ്പരം ഒരു അനാക്രമണ സന്ധിയിൽ ഒപ്പുവച്ചിട്ടുണ്ടു്. ഇക്കാരണത്താൽ നിങ്ങൾക്കു് ശ്യാമരാജ്യാതിൎത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മരണഗഹ്വരം ഒരു കാലത്തും ആക്രമിച്ചധീനപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നു മാത്രമല്ല; പ്രത്യക്ഷത്തിൽ നിങ്ങൾക്കെതിരായി ഒരു സംഘം ആളുകൾ അവിടെ താവളമടിച്ചുകൊണ്ടു് പ്രവൎത്തനങ്ങൾ നടത്തുന്നതായി തെളിയിക്കുവാനും നിങ്ങൾക്കു് സാദ്ധ്യമല്ല അാ സ്ഥലം ആക്രമിക്കുകയെന്നുവെച്ചാൽ ശ്യാമ രാജ്യത്തെ ആക്രമിക്കുകയെന്നാണു് അൎത്ഥം. ശ്യാമ രാജ്യവുമായി ഒരു യുദ്ധം ചെയ്യുവാനുള്ള കഴിവും നിങ്ങൾക്കു് തല്ക്കാലം ഇല്ലാതെയാണു് ഇരിക്കുന്നതു്. എന്താ, ഞാൻ പറയുന്നതു് മനസ്സിലാകുന്നുണ്ടോ?

ഷേവർ:—ഉണ്ടു്. താങ്കൾ പറയുന്നതു് വളരെ ശരിയാണു്.

ഫാക്കു്:—അക്കാൎയ്യത്തിൽ യാതൊരു സംശയവുമില്ല.

കോമുറാ:—എന്നാൽ നമുക്കു് ഒരു കാൎയ്യം ചെയ്യുവാൻ സാധിക്കും. അതായതു് ത്രികണ്ടകർ കൊട്ടത്തിരിക്കുന്ന ആയുധസാമഗ്രികളും അദൃശ്യമാകുന്ന വിമാനങ്ങളും ആറ്റോമിക് ഗണ്ണും മററും അവർ എവിടെയാണു് സൂക്ഷിച്ചിരിക്കുന്നതെന്നു് രഹസ്യമായി കണ്ടുപിടിക്കുകയും അവ മുഴുവൻ ഏതെങ്കിലുംവിധത്തിൽ നശിപ്പിക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്യുകയുമാണെങ്കിൽ പിന്നെ അടുത്തകാലത്തെങ്ങും ഈ പൗരസ്വാഭിമാന സംരക്ഷക സംഘത്തിൽനിന്നും നമുക്കു് യാതൊരു വിധമായ ആക്രമണത്തെപ്പററിയും ഭയപ്പെടുവാനില്ല.

കാരണം അവക്ക് കൊട്ടക്കാമെന്നേററിരുന്നിടത്തോളം സാധനങ്ങൾ ത്രികണ്ടകർ കൊടുത്തുകഴിഞ്ഞു. അതിൽ കൂടുതലായിട്ട് അവർ ഇനിയും യാതൊരു സഹായവും ചെയ്യുകയില്ല. അങ്ങനെ ഏതെങ്കിലും തരത്തിൽ പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തിൻെറ കൈവശമുള്ള ആയുധങ്ങൾ നശിപ്പിക്കുവാൻ സാധിച്ചാൽ അതോടെ അവർ മുട്ടുകുത്തിക്കൊള്ളും. അങ്ങനെ സുശക്തനായ ഒരു ശത്രുവിൻെറ ആക്രമണത്തെപ്പററിയുള്ള ഭയത്തിൽനിന്നും നിങ്ങൾക്ക് മോചനം പ്രാപിക്കുവാനും സാധിക്കും.

ഷേവർ:—താങ്കൾ പറയുന്നതു് അക്ഷരംപ്രതി ശരിയാണു്. പക്ഷേ, അവർ തങ്ങളുടെ ആയുധങ്ങളും മററും സൂക്ഷിച്ചുവെച്ചിരിക്കുന്ന സ്ഥലം ഞങ്ങൾ എങ്ങനെ കണ്ടുപിടിക്കും? അവർ ആ സാധനങ്ങൾ മുഴുവൻ അത്യന്തം ഗോപ്യവും സുരക്ഷിതവുമായ ഏതെങ്കിലും സ്ഥലത്തായിരിക്കും വെച്ചിരിക്കുന്നതു്. അതേ സംബന്ധിച്ചുള്ള വിവരങ്ങൾ അവർ അങ്ങേയററം രഹസ്യമായിട്ടായിരിക്കും സൂക്ഷിച്ചുവെച്ചിരിക്കുന്നതു്.

ഫാക്ക്:—ആ സാധനങ്ങൾ മുഴുവൻ അവർ ഒരു സ്ഥലത്തുതന്നെയായിരിക്കും സൂക്ഷിച്ചുവെച്ചിരിക്കുന്നതെന്നും വിശ്വസിക്കുവാൻ നിവൃത്തിയില്ല. തീർച്ചയായും ഓരോ ആയുധവും ഓരോ സ്ഥലത്തായിരിക്കും ഒളിച്ചുവെച്ചിരിക്കുന്നതു്. ആ സ്ഥലങ്ങൾ മുഴുവൻ ഒററയടിക്ക് കണ്ടുപിടിക്കാമെന്നുള്ള ആശ നിരാശയായി പരിണമിക്കുവാനാണു് ഇടയുള്ളതെന്നു് തോന്നുന്നു.

കോമററാ:—(പുഞ്ചിരി തൂകിക്കൊണ്ടു്) താങ്കളുടെ ധാരണ തെററിപ്പോയി. ആ സ്ഥലങ്ങൾ മുഴുവൻ കണ്ടുപിടിക്കുവാൻ സാധിക്കുമെന്നുതന്നെയാണു് എൻെറ

വിശ്വാസം. മാത്രമല്ല, ആ സ്ഥലങ്ങളിൽ ചിലതിനെപ്പററിയുള്ള വിവരംപോലും എനിക്കു് കിട്ടിക്കഴിഞ്ഞിട്ടുമുണ്ടു്.

ഷേവറും ഫാക്കും ഒരുമിച്ചു് ആകാംക്ഷയോടെ ചോദിച്ചു. "അതെങ്ങനെ?"

കോമുറാ:—അക്കാര്യത്തെപ്പററി പറയുവാനും, അതിൻെറ അടിസ്ഥാനത്തിൽ ഭാവിപ്രവത്തനങ്ങൾക്കു് രൂപം കൊടുക്കുവാനുമായിട്ടല്ലേ ഞാൻ നിങ്ങളെ രണ്ടുപേരേയും ഇത്രയും ബുദ്ധിമുട്ടിച്ചതു്.

ഫാക്കു്:—താങ്കൾക്കു് എന്തെല്ലാമാണു് അറിയുവാൻ സാധിച്ചതെന്നും എങ്ങനെയാണു് അതെല്ലാം അറിഞ്ഞതെന്നും വേഗം പറയണം.

കോമുറാ:—(ചിരിച്ചുകൊണ്ടു്) ധൃതിവെയ്ക്കാതിരിക്കൂ. എല്ലാ കാര്യങ്ങളും ഞാൻ വിശദമായി പറഞ്ഞു കേൾപ്പിക്കാം. ഒന്നും മറച്ചു പിടിക്കുകയില്ല. ഇതേപ്പററിയുള്ള എല്ലാ വിവരങ്ങളും അന്വേഷിച്ചറിഞ്ഞതു് എൻെറ സ്നേഹിതനായ പ്രൊഫസർ സൗച്ചൂക്കാണു്.

ഷേവർ:—സൗച്ചൂക്കോ? അതെങ്ങനെ സാധിച്ചു? പ്രൊഫസർ ഒരു ശാസ്ത്രജ്ഞനും ഗണിതജ്ഞനുമല്ലേ? അദ്ദേഹം ഒരു ഡിററക്ടീവുകൂടിയാണെന്നുള്ള കാര്യം ഞാൻ ഇപ്പോഴാണു് അറിയുന്നതു്.

കോമുറാ:—(പുഞ്ചിരിച്ചുകൊണ്ടു്) ഡിററക്ടീവാണെന്നു മാത്രമല്ല, ഇന്നത്തെ ഡിററക്ടീവുകളുടെ ചക്രവത്തിയുമാണു് അദ്ദേഹം. സൗച്ചൂക്കിനു് മെസ്മറിസത്തിലും ഹിപ്നോട്ടിസത്തിലും അഗാധമായ പാണ്ഡിത്യവും പരിജ്ഞാനവും ഉണ്ടെന്നുള്ള വസ്തുത ഒരുപക്ഷേ നിങ്ങൾക്കു് അറിവില്ലായിരിക്കും. പ്രേതവിദ്യയിൽ അദ്ദേഹത്തെ വെല്ലുവിളിക്കുവാൻ ഇന്നു് ഈ ഭൂമുഖത്തു് ആരുംതന്നെയില്ല.

ഷേവർ:—ഇതെല്ലാം ഞങ്ങൾ ഇപ്പോഴാണ് അറിയുന്നതു്. ഇതുവരെയും ഞങ്ങൾ ധരിച്ചിരുന്നതു് അദ്ദേഹം ഒരു ശാസ്ത്രജ്ഞൻ മാത്രമാണെന്നാണ്.

കോമ്റാ:—അദ്ദേഹം ജനിച്ചതുതന്നെ പ്രസിദ്ധമായ ഒരു താന്ത്രിക കുടുംബത്തിലാണ്. അദ്ദേഹത്തിന്റെ അച്ഛനും പേരുകേട്ട ഒരു താന്ത്രികനായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ മുററമടിക്കുന്നതുപോലും ഭൂതപ്രേതാദികളാണെന്നായിരുന്നു പരക്കെയുള്ള ധാരണ. അദ്ദേഹം പോകുന്നിടത്തെല്ലാം പ്രേതങ്ങളും പിശാചുക്കളും അദ്ദേഹത്തെ അകമ്പടി സേവിച്ചിരുന്നുപോലും.

ഫാക്ക്:—(ചിരിച്ചുകൊണ്ടു്) ജനറൽ! താങ്കൾ ഇരുപതാം നൂററാണ്ടിൽനിന്നും പതിമൂന്നാം നൂററാണ്ടിലേയ്ക്കു് പുറംതിരിഞ്ഞു് ഓടുകയാണെന്നു് തോന്നുന്നല്ലോ.

കോമ്റാ:—സൌച്ചൂക്കിന്റെ പ്രവൃത്തികൾ നേരിട്ടു കണ്ടിട്ടില്ലാത്തവർ ഇതൊന്നും വിശ്വസിക്കുകയില്ലെന്നു് എനിക്കു് അറിയാം. പക്ഷേ, ഞാൻ പറയുന്നതു് അക്ഷരംപ്രതി ശരിയാണ്. അദ്ദേഹത്തിന്റെ മാന്ത്രികവേലകൾ നേരിട്ടുകണ്ടാൽ നിങ്ങൾ അത്ഭുതസ്തബ്ധരായി നിന്നുപോകും. അദ്ദേഹത്തിന്റെ അത്ഭുതകരമായ മാന്ത്രികകർമ്മങ്ങളുടെ സഹായം ഒന്നുകൊണ്ടുമാത്രമാണ് പൗരസ്വാഭിമാന സംരക്ഷകസംഘത്തെപ്പററിയുള്ള ഇത്രയും വിവരങ്ങൾ എനിക്കു് വിശദമായി മനസ്സിലാക്കുവാൻ സാധിച്ചതു്. സുശക്തമായ സൈനികകാവലിനാൽ സുരക്ഷിതമായ ഈ സ്ഥലത്തുപോലും തങ്ങളുടെ ചാരന്മാരെ അയച്ചു് നമ്മുടെ രഹസ്യങ്ങൾ ചോർത്തിയെടുക്കുവാൻതക്ക ശേഷിയും ശേമുഷിയുമുള്ള

ത്രികണ്ടകരുടെ ആഭ്യന്തരകാര്യങ്ങഠം വെളിപ്പെടുത്തു വാൻ സൗചൂക്കിന്റെ മാന്ത്രികപ്രവൎത്തനങ്ങഠംക്കല്ലാതെ മററൊന്നിനും സാദ്ധ്യമല്ല.

കോമുറായുടെ വാക്കുകഠം കേട്ടിട്ട് ഷേവറും ഫാക്കും ഭയഭീതമായ കണ്ണുകളോടെ ചുററിനും നോക്കുവാൻ തുടങ്ങി. കാരണം അപ്പോഴേയ്ക്കും അവിടെ ഇരുട്ട് നല്ലതുപോലെ വ്യാപിച്ചുകഴിഞ്ഞിരുന്നു. അവരുടെ ഭയപ്പാടുകണ്ടിട്ട് കോമുറാ പുഞ്ചിരിതൂകിക്കൊണ്ടു് പറഞ്ഞു. "ഭയപ്പെടുകയും മററും വേണ്ടാ. ഞാൻ ഒരു ഉദാഹരണം പറഞ്ഞെന്നേ ഉള്ളു. അല്ലാതെ ത്രികണ്ട കരുടെ ചാരന്മാർ ഇവിടെ എവിടെയെങ്കിലും പതുങ്ങി ഇരിപ്പുണ്ടെന്നു് അതിനു് അൎത്ഥമില്ല."

ഷേവർ:—പ്രൊഫസർ ഇതെല്ലാം എങ്ങനെ യാണു് മനസ്സിലാക്കിയതെന്നുകൂടി പറയണം.

കോമുറാ:—ആ കഥ ഞാൻ ആരംഭം മുതൽ പറ ഞ്ഞുകേഠംപ്പിക്കാം. മി: ഫാക്കു്! താങ്കഠം ഒരു പുരോ ഹിതനെ എന്റെ അടുക്കലേയ്ക്കു് അയച്ചിരുന്നല്ലോ. ഒരു കിംഗ്ലൂ. അയാഠംക്കു് താരയെന്നു് പേരുള്ള ഒരു മകളുണ്ടു് അവളെ ഒരുപക്ഷേ, താങ്കഠം കണ്ടുകാണു മെന്നു് തോന്നുന്നു.

ഫാക്കു്:—ഉവ്വ്. എനിക്കു് അവളെ അറിയാം.

കോമുറാ:—പൗരസ്വാതന്ത്ര്യാഭിമാന സംരക്ഷകസംഘ ക്കാർ കിംഗ്ലൂവിനെ മരണഗഹ്വരത്തിൽനിന്നു് ഓടി ച്ചപ്പോഠം അയാളുടെ മകഠം താര അയാളോടൊപ്പം പോകുവാൻ തയാറായില്ല. പലതരത്തിലുള്ള ഒഴികഴിവുകഠം പറഞ്ഞു് അവഠം അവിടെത്തന്നെ ചുററി ക്കൂടി. പുരോഹിതൻ അവളെ ആദ്യത്തെ അരിശ ത്തിനും ആവേശത്തിനും അവിടെത്തന്നെ വിട്ടിട്ടു്

പോകുകയാണു് ചെയ്തതു്. എന്നാൽ ദിവസങ്ങൾ കഴിയുന്തോറും അയാൾക്കു് മകളെക്കുറിച്ചുള്ള ചിന്തയും ദുഃഖവും വർദ്ധിക്കുവാൻ തുടങ്ങി. ഒരു ദിവസം സംഭാഷണത്തിനിടയ്ക്കു് അയാൾ ഇക്കാര്യം എന്നോടു സൂചിപ്പിച്ചു. ആ പെണ്ണ് പൗരസ്ത്യാഭിമാന സംരക്ഷകസംഘക്കാരുമായി വളരെ ലോഹ്യത്തിലും, അടുപ്പത്തിലുമാണു് കഴിയുന്നതെന്നും അയാളുടെ സംഭാഷണത്തിൽ നിന്നും ഞാൻ മനസ്സിലാക്കി. അവസാനം അയാളെ സമാധാനിപ്പിക്കുന്നതിനുവേണ്ടി ഞാൻ അയാളുടെ മകൾ താരയെ എന്റെ ഏതാനും ആൾക്കാരെ അയച്ചു് മരണഗഹ്വരത്തിൽനിന്നും എന്റെ കസ്റ്റടിയിലാക്കി. അവളോടൊപ്പംതന്നെ മൃത്യുകിരണം ഉണ്ടാക്കുന്ന മാർഗ്ഗങ്ങളെപ്പറ്റി വിവരിക്കുന്ന ഏതാനും സുപ്രധാന രേഖകളും ഞങ്ങൾ കൈവശപ്പെടുത്തുകയുണ്ടായി. ആ പ്രയത്നത്തിൽ ഞങ്ങളുടെ ആൾക്കാരിൽ ഒരാൾ കൊല്ലപ്പെട്ടെങ്കിലും ആ രേഖകൾ നമ്മെ സംബന്ധിച്ചിത്തോളം വിലതീരാത്തവയാണു്.

ഫാക്ക്:—മൃത്യുകിരണത്തെ സംബന്ധിക്കുന്ന രേഖകളോ? അതേക്കുറിച്ചു് താങ്കൾക്കു് എങ്ങനെ അറിവുകിട്ടി?

കോമൂറാ:—ഞങ്ങളുടെ നാട്ടിൽ ഒരുകാലത്തു് വിപ്ലവകാരികളുടെ ഒരു സംഘം ഉടലെടുത്തതും, അവർ മൃത്യുകിരണം എന്ന പേരോടുകൂടിയ ഒരിനം മാരകമായ രശ്മികൾ കണ്ടുപിടിച്ചു് അന്നത്തെ ഗവൺമെൻറിനെ വളരെയധികം ബുദ്ധിമുട്ടിച്ചതും മററുമായ കഥ താങ്കൾ ഇത്രവേഗം മറന്നുപോയോ? മി: ഷേവർ! ഈ കഥ താങ്കൾ കേട്ടിട്ടില്ലേ?

ഷേവർ:—കേട്ടിട്ടില്ലേ എന്നോ? ആ സമരത്തെ

പ്പററിയുള്ള ചരിത്രം മുഴുവൻ എനിക്കു് ഇന്നും കാണാപ്പാഠമാണു്.

ഫാക്കു്:—ഞാൻ കേൾക്കാഞ്ഞിട്ടല്ല അങ്ങനെ ചോദിച്ചതു്. മൃത്യുകിരണം ഉണ്ടാക്കുന്ന യന്ത്രങ്ങളും അതേസംബന്ധിച്ചുള്ള രേഖകളും എങ്ങനെയോ നശിച്ചുപോയെന്നു് ഞാൻ അന്നു് കേട്ടിരുന്നു. അങ്ങനെ നശിച്ചുപോയ ആ സാധനങ്ങൾ മരണഗഹ്വരത്തിൽ എങ്ങനെ വന്നുചേൎന്നുവെന്നുള്ളതാണു് എനിക്കു് മനസ്സിലാകാത്തതു്.

കോമൂറാ:—പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തിൻെറ ജീവനാഡിയായ അമരസിംഹനു് ആ കിരണങ്ങൾ ഉണ്ടാക്കുവാനുള്ള മാൎഗ്ഗങ്ങൾ എങ്ങനെയോ അറിവുകിട്ടി. അയാൾ സ്വന്തം മേധാശക്തി ഉപയോഗിച്ചു് ആ യന്ത്രങ്ങളുടെ മോഡലും അതു് ഉണ്ടാക്കുവാനുള്ള മാൎഗ്ഗങ്ങളും മററും കണ്ടുപിടിച്ചു. അതേസംബന്ധിക്കുന്ന വിവരങ്ങൾ മുഴുവൻ അയാൾ ഒരു ബുക്കിൽ എഴുതി സൂക്ഷിച്ചിരുന്നു. ആ ബുക്കാണു് ഞങ്ങൾ കൈവശപ്പെടുത്തിയതു്.

ഫാക്കു്:—ഓഹോ. അങ്ങനെയാണു് കാൎയ്യങ്ങളുടെ കിടപ്പു്. അല്ലേ?

ഷേവർ:—അമരസിംഹൻെറ പക്കൽ ഈ രേഖകൾ ഉണ്ടെന്നു് താങ്കൾക്കു് എങ്ങനെ മനസ്സിലായി?

കോമൂറാ:—കിംഗ്ലൂവിൻെറയും അയാളുടെ ശിഷ്യന്മാരായ സാലിന്റേയും സാംഗ്ലീയുടേയും വാക്കുകളിൽ നിന്നു്. കുറെക്കാലമായിട്ടു് അവർ അമരസിംഹനെ സൂക്ഷിക്കുന്നുണ്ടായിരുന്നു. കാരണം താരയും അമരസിംഹനും തമ്മിൽ പ്രേമമാണെന്നു് അവൎക്കു് എങ്ങനെയോ അറിവുകിട്ടി. ആ ബന്ധം തങ്ങൾക്കു്

അപമാനകരമായി അവർ കരുതി. അങ്ങനെ അമര സിംഹനെ പിൻതുടൎന്നുകൊണ്ടിരിക്കുന്നതിനിടയിൽ അയാൾ അത്ഭുതകരമായ ഏതോ യന്ത്രങ്ങൾ നിർമ്മിക്കുന്നതിൽ മുഴുകിയിരിക്കുകയാണെന്നു് അവൎക്കു് അറിയാൻ സാധിച്ചു. അങ്ങനെ അവരുടേയുംകൂടെ സഹായത്തോടെയാണു് എനിക്കു് താരയോടൊപ്പം ആ രേഖകളും തട്ടിയെടുക്കുവാൻ സാധിച്ചതു്.

ഷേവർ:—ങാ; എന്നിട്ടു്?

ഫാക്കു്:—ഇടയ്ക്കു് ഒരു കാൎയ്യം ചോദിച്ചുകൊള്ളട്ടെ. ആ രേഖകൾ ഇപ്പോൾ എവിടെയാണു്?

കോമുറാ:—ശാസ്ത്രജ്ഞന്മാരെക്കൊണ്ടു് പരിശോധിപ്പിച്ചു് അതിൽ പറഞ്ഞിരിക്കുന്ന കാൎയ്യങ്ങൾ സത്യമാണോ അതോ വെറും ഭാവനാസൃഷ്ടി മാത്രമാണോ എന്നറിയുന്നതിനുവേണ്ടി അതു് ഞാൻ എന്റെ ഗവണ്മെന്റിലേയ്ക്കു് അയച്ചുകൊടുത്തു.

ഫാക്കു്:—ഹാ! അതു് സത്യമായി പരിണമിച്ചെങ്കിൽ! അതിന്റെ സഹായത്തോടെ നമുക്കു് മൃത്യുകിരണം ഉണ്ടാക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ!

ഷേവർ:—എങ്കിൽ ജപ്പാൻകാർ ഈ ഭൂലോകം മുഴുവൻ ജയിച്ചടക്കും. (ചിരിച്ചുകൊണ്ടു്) അന്നു് പാവപ്പെട്ട ഫ്രാൻസിനെ അവർ ഏതു രീതിയിലായിരിക്കുമോ വീക്ഷിക്കുന്നതു്? ആരറിഞ്ഞു?

കോമുറാ:—പാവപ്പെട്ടഫ്രാൻസോ? മൃത്യുകിരണംകൊണ്ടു് എന്തുപ്രയോജനം ഉണ്ടായാൽതന്നെയും അതു് ഫ്രാൻസും ജപ്പാനുംകൂടി വീതിച്ചെടുക്കും. മൃത്യുകിരണത്തിന്റെ സഹായത്തോടെ ജപ്പാൻ ലോകത്തെ ജയിച്ചടക്കുവാൻ സാധിച്ചാൽ അതിന്റെ ഒരു പങ്കു് ഫ്രാൻസിനും തീർച്ചയായും ലഭിക്കുകതന്നെ ചെയ്യും. അന്നു് ലോകം രണ്ടു് അൎദ്ധഗോളങ്ങളായി വിഭജിക്കപ്പെടും.

ഫാക്ക്:—(സന്തോഷാധികൃത്താൽ തുള്ളിച്ചാടി ക്കൊണ്ടു്) കിഴക്കൻ ഗോളാൎദ്ധം ജപ്പാന്റേയും പടിഞ്ഞാറൻ ഗോളാൎദ്ധം ഫ്രാൻസിന്റേയും വകയായിരിക്കും.

കോമുറാ:—സംശയമുണ്ടോ? പക്ഷേ, ഇപ്പോഴേ അതേപ്പററി ചിന്തിച്ചു് സങ്കല്പസാമ്രാജ്യം കെട്ടിപ്പടുക്കേണ്ട ആവശ്യമുണ്ടോ? ആ രേഖകൾ യാഥാൎത്ഥ്യമായി പരിണമിക്കട്ടെ. എന്നിട്ടാകാം വിഭജനവും തിരഞ്ഞെടുപ്പും മററും.

ഷേവർ:—വരാനിരിക്കുന്ന കാര്യങ്ങളെപ്പററി നമുക്കു് വഴിയേ ചിന്തിക്കാം. താങ്കൾ ആ കഥ തുടൎന്നു് പറയണം. താരയെ കസ്റ്റഡിയിലാക്കിയതിനുശേഷം എന്തുചെയ്തു?

കോമുറാ:—ഞാൻ അവളെ പ്രൊഫസർ സൗച്ചൂക്കിനെ ഏല്പിച്ചുകൊടുത്തു. അവൾ അമരസിംഹൻെറ പ്രേമഭാജനമാണെന്നു് എനിക്കു് മനസ്സിലായി. അവൾക്കു് പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തെപ്പററി തീൎച്ചയായും പലതും അറിയാമായിരിക്കുമെന്നു് ഞാൻ ഊഹിച്ചു. അതുകൊണ്ടു് അവളിൽ മെസ്മറിസവും ഹിപ്നോട്ടിസവും പ്രയോഗിച്ചു് അവൾക്കു് അറിയാവുന്നിടത്തോളം കാര്യങ്ങൾ പുറത്തുകൊണ്ടുവരുന്നതിനുവേണ്ടിയാണു് ഞാൻ അവളെ സൗച്ചൂക്കിനെ ഏല്പിച്ചുകൊടുത്തതു്.

ഷേവർ:—(ഉൽക്കണ്ഠയോടെ) ഓഹാ! എന്നിട്ടു്? പ്രൊഫസർ എന്തുചെയ്തു?

കോമുറാ:—പ്രൊഫസർ അവളെ മെസ്മറിസത്തിനും ഹിപ്നോട്ടിസത്തിനും വിധേയയാക്കി. അവൾക്കു് അറിയാവുന്നിടത്തോളം കാര്യങ്ങൾ അദ്ദേഹം അ

വളെക്കൊണ്ടു് പറയിച്ചു. അല്പസമയം മുമ്പു് ത്രികണ്ട കരെപ്പററിയും പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തെപ്പററിയും ഞാൻ നിങ്ങളോടു് പറഞ്ഞ കാര്യങ്ങൾ മുഴുവൻ അങ്ങനെ അവളിൽനിന്നും അറിഞ്ഞതാണു്.

ഷേവർ:—കൊള്ളാം. സന്തോഷകരമായ ഒരു വാത്തയാണു് ഇതു്. ഇതുകൂടാതെ വേറേയും പല കാര്യങ്ങളും താങ്കൾ അറിഞ്ഞുകാണുമെല്ലോ.

കോമുറാ:—അവൾക്കു് അറിയാവുന്നിടത്തോളം കാര്യങ്ങൾ അവളെക്കൊണ്ടു് പറയിച്ചുവെന്നു് ഞാൻ പറഞ്ഞതല്ലോ. പക്ഷേ, അവൾക്കു് ഞങ്ങൾ ഉദ്ദേശിച്ചിരുന്നതുപോലെ കൂടുതൽ കാര്യങ്ങളൊന്നും അറിയാമായിരുന്നില്ല. അമരസിംഹൻപോലും ആ സംഘത്തെപ്പററി അവളെ കൂടുതലായിട്ടൊന്നും അറിയിച്ചിരുന്നില്ല. എങ്കിലും അറിയാൻ കഴിഞ്ഞിടത്തോളം കാര്യങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം അങ്ങേയററം പ്രയോജനം ചെയ്യുന്നവയാണു്. അതിൻെറ അടിസ്ഥാനത്തിൽ നമുക്കു് ഇനി പലതും ചെയ്യുവാൻ സാധിക്കും.

ഫാക്കു്:—തീർച്ചയായും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതെല്ലാം പ്രൊഫസർ എങ്ങനെയാണു് ചെയ്യുന്നതെന്നറിയുവാൻ എനിക്കു് താല്പര്യമുണ്ടു്. എപ്പോഴെങ്കിലും......

കോമുറാ:—ഇപ്പോൾ പ്രൊഫസർ ആ പെൺകുട്ടിയുടെ മേൽ ഏതോ പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണു്. താങ്കൾക്കു് അത്രമാത്രം താല്പര്യമുണ്ടെങ്കിൽ അതു് താങ്കളെക്കൂടി കാണിക്കുന്നതിൽ വല്ല വിരോധവുമുണ്ടോ, എന്നു് ഞാൻപോയി ചോദിച്ചു് അറിഞ്ഞുകൊണ്ടുവരാം.

"ഞങ്ങൾക്കു് വളരെയധികം താല്പര്യമുണ്ടു്" ഷേവറും ഫാക്കും ഏകസ്വരത്തിൽ വിളിച്ചുപറഞ്ഞു.

അവരുടെ അഭിപ്രായം കേട്ട ഉടനെ ജനറൽ കോമുറാ എഴുന്നേററു് ആ മുറിയുടെ ഒരു ഭാഗത്തായി തൂക്കിയിട്ടിരുന്ന ഒരു കർട്ടൻെറ അടുക്കലേയ്ക്കുപോയി. ഇരുട്ടുകൊണ്ടു് ആ വാതൽ ഫാക്കിനും ഷേവറിനും വ്യക്തമായി കാണുവാൻ സാധിച്ചില്ല. കോമുറാ മൂന്നു് നാലു് ചുവടു് മുന്നോട്ടുവെച്ചപ്പോഴേയ്ക്കും കൂടാരത്തിൻ വെളിയിൽ ഏതോ ശബ്ദം കേൾക്കപ്പെട്ടു. അതേ തുടന്നു് രണ്ടു ജപ്പാൻ ഓഫീസറന്മാർ വാതുക്കൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. കോമുറാ വേഗം തിരിഞ്ഞുനിന്നു് അവരോടു ചോദിച്ചു. "ങും, എന്താണു് സംഗതി?" "ബങ്കിംഗിൽനിന്നും നമ്മുടെ രണ്ടു ചാരന്മാർ വന്നിട്ടുണ്ടു്." അവരിൽ ഒരാൾ കോമുറായെ സല്യൂട്ടു് ചെയ്തതിനുശേഷം പറഞ്ഞു. ഇതു കേട്ടപ്പോൾ കോമുറാ വീണ്ടും സ്വസ്ഥാനത്തുവന്നു് ഇരുന്നിട്ടു പറഞ്ഞു. "അ്വരെ വേഗം ഇങ്ങോട്ടയക്കൂ. ഒരു വിളക്കുകൂടി കൊണ്ടുവരാൻ ആരോടെങ്കിലും പറയൂ. അധികം വെളിച്ചമുള്ളതായിരിക്കരുതു്. ഇടത്തരം വെളിച്ചം കിട്ടുന്ന വിളക്കുമതി. (ഫാക്കിൻേറയും ഷേവറുടേയും നേക്കു തിരിഞ്ഞു്) ശക്തിയേറിയ വെളിച്ചം പ്രൊഫസറുടെ ജോലിക്കു് തടസ്സമായിത്തീരും. അതുകൊണ്ടാണു് നിങ്ങളെ രണ്ടുപേരേയും ഞാൻ ഇതുവരെ ഈ ഇരുട്ടത്തു് ഇരുത്തിയതു്."

അധികം താമസിയാതെതന്നെ ഒരു പട്ടാളക്കാരൻ ഒരു വിളക്കു കൊണ്ടുവന്നു് മേശപ്പുറത്തു് തിരിതാഴ്ത്തി വെച്ചിട്ടുപോയി. അയാൾ പോയിക്കഴിഞ്ഞ ഉടൻതന്നെ ആ രണ്ടു ചാരന്മാരും മുറിക്കുള്ളിൽ ഹാജരാക്ക

പ്പെട്ട. വാസ്തവത്തിൽ അവർ രണ്ടുപേരും ജപ്പാൻകാരാ യിരുന്നെങ്കിലും ഉന്നതകുലജാതരായ ശ്യാമികളെപ്പോ ലെയാണു് അവർ രണ്ടുപേരും വസ്ത്രധാരണംചെയ്തിരു ന്നതു്. ഒററ നോട്ടത്തിനു് അവർ രണ്ടുപേരും ശ്യാമി കളാണെന്നേ ആരും പറയുമായിരുന്നുള്ളു. മുറിക്കുള്ളിൽ കടന്ന ഉടൻതന്നെ രണ്ടുപേരും കോമുറായെ അഭിവാദ നംചെയ്തു. അവരെ കണ്ട ഉടനെ കോമുറാ ചോദിച്ചു. "എന്തൊക്കെയാണു് വിശേഷങ്ങൾ? പോയകാര്യം സാ ധിച്ചോ?"

അവരിൽ ഒരാൾ ഉദാസീനമട്ടിൽ ഇങ്ങനെ പറ ഞ്ഞു. "ഇല്ല. അവർ വളരെ കരുതലോടെയാണു് ഇരു ന്നതു്. അമരസിംഹനെ പിടിക്കാനുള്ള എല്ലാ ശ്രമങ്ങ ളും പരാജയമടയുകയാണു് ചെയ്തതു്. അയാളെ ഒരുത രത്തിലും പിടിക്കുവാൻ സാധിച്ചില്ല."

കോമുറാ:—അതെന്താ?

ചാരൻ:—അയാളും അയാളുടെ ആൾക്കാർ മുഴു വനും എപ്പോഴും കരുതലോടെയാണു് ഇരിക്കുന്നതു്. വേട്ടയാടിക്കൊണ്ടിരിക്കുന്നതിനിടയ്ക്കു് രണ്ടു പ്രാവശ്യം നമ്മുടെ ആൾക്കാർ അയാളെ വളഞ്ഞു. രണ്ടു പ്രാവശ്യ വും അയാൾ രക്ഷപ്പെട്ടുപോയി.

കോമുറാ:—(കോപത്തോടെ) അവനെ വെടിവെ ച്ചു് തുലയ്ക്കുവാനും നിങ്ങൾക്കു് സാധിച്ചില്ലേ? ജീവ നോടെയോ അല്ലാതെയോ അവനെ എന്റെ മുമ്പിൽ ഹാജരാക്കണമെന്നല്ലേ ഞാൻ പറഞ്ഞിരുന്നതു്?

ചാരൻ:—(ഭയഭീതമായ സ്വരത്തിൽ) അതിനും ഞങ്ങൾ ശ്രമിക്കാതിരുന്നില്ല. പക്ഷേ, അതുകൊണ്ടൊ ന്നും ഒരു പ്രയോജനവും ഉണ്ടായില്ല. രണ്ടുപേരെ ബോംബും കൊടുത്തു് ഞങ്ങൾ അയാളുടെ ഉറക്കറയി

ലേയ്ക്കു് അയച്ചു. അവർ അവിടെ ചെല്ലുകയും ബോംബു് എറിയുകയും ചെയ്തു. പക്ഷേ, അയാറം അവിടെ നിന്നു് എങ്ങനെയോ രക്ഷപെട്ടു. ബോംബെറിയുവാൻ പോയവർ രണ്ടും വെടിയേററു് മരിക്കുകയും ചെയ്തു.

കോമുറാ:—അവൻ എങ്ങനെ രക്ഷപെട്ടു? ബോംബു് പൊട്ടിയില്ലേ?

ചാരൻ:—ബോംബു പൊട്ടി. എന്നിട്ടും അയാറം എങ്ങനെയോ രക്ഷപെട്ടു. അയാളുടെ ആറംക്കാരാണു് നമ്മുടെ ആ രണ്ടുപേരേയും വെടിവെച്ചു് കൊന്നതു്.

കോമുറാ:—നിങ്ങറം ഒന്നിനും കൊള്ളരുതാത്ത കഴുതകളായിപ്പോയല്ലോ. തന്നെ കൊല്ലാൻ ശത്രുക്കറം ആരോ ശ്രമിക്കുന്നുണ്ടെന്നു് അവനു് ഇപ്പോറം മനസ്സിലായിക്കാണുകയില്ലേ? അതുകൊണ്ടു് അവൻ ഇനി മേലാൽ വളരെ കരുതലോടെ നടക്കുകയുള്ളു. ഞാൻ പലതവണ പറഞ്ഞിട്ടുള്ളതല്ലേ വളരെ സൂക്ഷിച്ചേ ഓരോ ചുവടും മുന്നോട്ടുവെയ്ക്കാവൂ എന്നു്. അവനെ കൊല്ലാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടെന്നു് അവൻ ഒരുതരത്തിലും അറിയാൻ ഇടയാകരുതെന്നു് ഞാൻ ഇരുവതവണ മുന്നറിയിപ്പുതന്നിരുന്നതാണു്. ഇനി പറഞ്ഞിട്ടു് എന്താണു് പ്രയോജനം?

ചാരൻ:—ഇതുകൊണ്ടൊന്നും അയാറം കുലുങ്ങിയിട്ടേയില്ല. ഇപ്പോഴും അയാറം പഴയപടിതന്നെ നിർഭയനായിട്ടാണു് സഞ്ചരിക്കുന്നതു്. എന്തിനുവേണ്ടിയോ അയാറം ഇങ്ങോട്ടു പുറപ്പെട്ടിട്ടുണ്ടു്. ഇന്നു് ഉച്ചയ്ക്കു് ഇവിടെനിന്നു് ഏകദേശം പത്തുമൈൽ അകലെവെച്ചു് അയാളെ ഞങ്ങറം കണ്ടു. അയാളുടെകൂടെ വേറൊരാളും ഉണ്ടു്. രണ്ടുപേരും അശ്വാരൂഢരാണു്.

കോമുറാ:—ഇവിടെനിന്നു് പത്തുമൈൽ അകലെ വെച്ചോ? അവർ അവിടെ എന്തുചെയ്യുകയായിരുന്നു?

ചാരൻ:—ഒരു പവ്വതത്തിന്റെ അടിവാരത്തിൽ വിശ്രമിക്കുകയായിരുന്നു.

കോമുറാ:—(എന്തോ ആലോചിച്ചിട്ട്) അവൻ എന്തിന് അവിടെ വന്നു? അവന് വിവരം വല്ലതും കിട്ടിക്കാണുമോ? ഏതായാലും വിവരം പ്രൊഫസറെ അറിയിക്കണം. (ചാരന്മാരോടായിട്ട്) ശരി, നിങ്ങൾ വെളിയിൽപോയി കുറച്ചുസമയംവിശ്രമിക്കു. എനിക്ക് നിങ്ങളോടു വേറെയും ചില കാര്യ്യങ്ങൾ ചോദിച്ചറിയുവാനുണ്ടു്.

ചാരന്മാർ രണ്ടുപേരും കോമുറായെ സല്യൂട്ട് ചെയ്തതിനുശേഷം അവിടെനിന്നിറങ്ങിപ്പോയി. കോമുറാ വീണ്ടും എഴന്നേററു് കർട്ടന്റെ അടുക്കലേയ്ക്കു പോയി. കർട്ടൻ സാവധാനം ഒരുവശത്തേയ്ക്കു് മാററിയിട്ട് അദ്ദേഹം ഉള്ളിലുള്ള ആരോടോ എന്തോ സംസാരിച്ചു. ഏതാനും മിനിററുസമയം അവിടെത്തന്നെ കാത്തുനിന്നതിനുശേഷം അദ്ദേഹം തിരിച്ചുവന്നു. അദ്ദേഹത്തോടൊപ്പം സൗചൂക്കും ഉണ്ടായിരുന്നു.

പ്രൊഫസറെ കണ്ട ഉടൻ ഷേവറും ഫാക്കും ആദരവോടുകൂടി എഴന്നേററുനിന്നു. എല്ലാവരും പരസ്പരം ഹസ്തദാനം ചെയ്തതിനുശേഷം ജനറൽ കോമുറാ പറഞ്ഞു. "പ്രൊഫസർ! നമ്മുടെ ഈ സ്നേഹിതന്മാർ താങ്കളുടെ അത്ഭുതകരമായ പ്രവൎത്തികളുടെ ഏതാനും മതൃകകൾ കാണുവാൻ ആഗ്രഹിക്കുന്നു. അതേപ്പററി നമുക്ക് പിന്നീട് സംസാരിക്കാം. ദുഃഖകരമായ ഒരു വാൎത്തകൂടി താങ്കളെ അറിയിക്കുവാനുണ്ടു്. ഏതൊരു അമരസിംഹനെ തടവിലാക്കുവാനാണോ താങ്കൾ ഹൃദയംതുറന്നു് ആഗ്രഹിക്കുകയും തദനുസരണം പ്രവൎത്തിക്കുകയും ചെയ്തുകൊണ്ടിരുന്നതു് — ആ അമരസിംഹൻ

നമ്മുടെ വലയിൽനിന്നും ചാടിപ്പോയിരിക്കുന്നു. എന്നു മാത്രമല്ല; അയാളെ തടവിലാക്കുവാനുള്ള ശ്രമത്തിൽ നമ്മുടെ ഏതാനും ആൾക്കാർ കൊല്ലപ്പെട്ടുകയും ചെയ്തു."

ചാരന്മാരിൽനിന്നും അറിയാൻ കഴിഞ്ഞിടത്തോളം കാര്യങ്ങൾ പ്രൊഫസറെ വിശദമായി പറഞ്ഞു കേൾപ്പിച്ചതിനുശേഷം കോമുറാ തുടൎന്നു. "അമരസിംഹൻ എന്തിനുവേണ്ടിയോ ഇങ്ങോട്ടു് പുറപ്പെട്ടിട്ടുണ്ടെന്നാണു് ചാരൻ പറയുന്നതു്. ഇന്നു് ഉച്ചയ്ക്കു് അവർ അവനെ ഇവിടെനിന്നു് ഏകദേശം പത്തു മൈൽ അകലെവച്ചു് കണ്ടുവോലും.

സൗച്ചൂക്കു്:—(ഞെട്ടലോടെ) ഇവിടെനിന്നും പത്തു മൈൽ അകലെയോ?

കോമുറാ:—അതെ.

സൗച്ചൂക്കു്:—അങ്ങനെയാണെങ്കിൽ എനിക്കു് അവനെ ഇവിടെ ഇരുന്നുകൊണ്ടുതന്നെ നിഷ്പ്രയാസം തടവിലാക്കുവാൻ സാധിക്കുമെല്ലോ.

കോമുറാ:—(അത്ഭുതത്തോടെ) അതെങ്ങനെ?

സൗച്ചൂക്കു്:—(ആ ചോദ്യത്തിനു് മറുപടി പറയാതെ ഷേവറുടേയും ഫാക്കിന്റേയും നേരെ നോക്കികൊണ്ടു്) സുഹൃത്തുക്കളെ! നിങ്ങൾക്കു് എന്റെ മെസ്മറിസവും ഹിപ്നോട്ടിസവും നേരിൽ കാണണമെന്നുണ്ടോ?

ഷേവറും ഫാക്കും ഒരുമിച്ചു് പറഞ്ഞു. ഉണ്ടു്. താങ്കൾക്കു് അതുകൊണ്ടു് വിശേഷാൽ ബുദ്ധിമുട്ടൊന്നും ഇല്ലെങ്കിൽ മതി.

സൗച്ചൂക്കു്:—ഓ, യാതൊരു ബുദ്ധിമുട്ടും ഇല്ല. ഞാൻ ആ ജോലി ചെയ്വാൻ തുടങ്ങിയപ്പോഴാണു് ജനറൽ എന്നെ ഇങ്ങോട്ടുവിളിച്ചതു്. ഞാൻ താരയെ

ഹിപ്നോട്ടിസത്തിന് വിധേയയാക്കി അവളുടെ ആത്മാവിനെ മരണഗഹ്വരത്തിലേയ്ക്ക് അയയ്ക്കുവാൻ തുടങ്ങുകയായിരുന്നു. എന്നാൽ ഇപ്പോൾ ഭാഗ്യത്തിന് അതിനേക്കാൾ പ്രയോജനകരമായ ഒരു സന്ദർഭമാണ് കൈവന്നിരിക്കുന്നതു്. (കോമുറായുടെ നേക്ക് തിരിഞ്ഞു്) അമരസിംഹനെ അറസ്റ്റുചെയ്തു് അയാളുടെമേൽ ഹിപ്നോട്ടിസം പ്രയോഗിച്ചുനോക്കിയാൽ എങ്ങനെ ഇരിക്കും? അയാൾക്കു് പൗരസ്ത്യാഭിമാന സംരക്ഷകസംഘത്തെപ്പററിയും ത്രികണ്ടകരെപ്പററിയും പലതും അറിയാമായിരിക്കുമെല്ലോ. അയാളിലൂടെ നമുക്കു് വളരെയധികം കാര്യങ്ങൾ അറിയാൻ സാധിക്കും.

കോമുറാ:—അതിൽ യാതൊരു സംശയവുമില്ല. പക്ഷെ, അമരസിംഹനെ നമുക്കു് എങ്ങനെ കസ്റ്റഡിയിലാക്കുവാൻ സാധിക്കും?

സൗച്ചൂക്ക്:—അതു് കണ്ടു മനസ്സിലാക്കിക്കൊള്ളു. കുറച്ചുസമയത്തേയ്ക്കു് ഞാൻ മുറിക്കുള്ളിലേയ്ക്കു് പോകുകയാണു്.

ഇത്രയും പറഞ്ഞിട്ടു് സൗച്ചൂക്ക് തന്റെ മുറിയിലേയ്ക്കുപോയി. കുറച്ചുസമയത്തേയ്ക്കു് അവിടെ മൂകത വ്യാപിച്ചു. ഏതാണ്ടു് പതിനഞ്ചു് ഇരുപതു മിനിറേറാളം അങ്ങനെ നിശബ്ദമായി കഴിഞ്ഞപ്പോൾ സൗച്ചൂക്ക് മടങ്ങിവരുന്നതു് കാണപ്പെട്ടു. അദ്ദേഹത്തോടൊപ്പം താരയും ഉണ്ടായിരുന്നു. സ്വന്തം യജമാനന്റെ പുറകെ വാലാട്ടി അനുസരണശീലത്തോടെ നടന്നുപോകുന്ന ഒരു പട്ടിയെപ്പോലെ താര ശിരസ്സു കുനിച്ചു് ഇടം വലം നോക്കാതെ സൗച്ചൂക്കിന്റെ കാലടികൾ പിൻതുടരുകയാണു് ചെയ്തുകൊണ്ടിരുന്നതു്.

കോമളാംഗിയായ താരയെ നാം ഇപ്പോൾ വളരെ

ദിവസങ്ങൾക്കശേഷമാണു് കാണുന്നതു്. ഇപ്പോഴത്തെ അവളുടെ നില അത്യന്തം പരിതാപകരമാണു്: ആ വെഞ്ചുണ്ടുകൾ ഉണങ്ങി വരണ്ടിരുന്നു. മുഖമാകെ വിളറിവെളുത്തിരുന്നു. കണ്ണുകൾ കുഴിഞ്ഞുപോയിരുന്നു. മാസങ്ങളോളം രോഗശയ്യയിലായിരുന്നോ അവളെന്നു തോന്നുമായിരുന്നു അവളുടെ അപ്പോഴത്തെ പ്രകൃതം കണ്ടാൽ. എന്തൊരു ദയനീയമായ പരിവത്തനമാണു് അവളിൽ ഉണ്ടായിരിക്കുന്നതു്! കഷ്ടമെന്നല്ലാതെ എന്തു പറയട്ടെ.

പ്രൊഫസർ സൗച്ചൂക്ക് ഒരു കസേര മുന്നോട്ടുവലിച്ചിട്ടിട്ടു് അതിൽ ഇരിക്കുവാൻ താരയോടു് പറഞ്ഞു. യന്ത്രചാലിതമായ ഒരു പാവയെപ്പോലെ അവൾ അദ്ദേഹത്തിന്റെ നിർദ്ദേശം അതേപടി അനുസരിച്ചു. അവളെ ഒരു തവണ രൂക്ഷമായ ദൃഷ്ടികളോടെ നോക്കിയതിനുശേഷം അവളുടെ പുറത്തു് വാത്സല്യപൂർവ്വം തലോടിക്കൊണ്ടു് പ്രൊഫസർ ചോദിച്ചു. "താരേ! നിനക്കു് സുഖമല്ലേ? വിശേഷിച്ചു് ബുദ്ധിമുട്ടുകളൊന്നും ഇല്ലല്ലോ?" താര സമ്മതസൂചകമായ രീതിയിൽ തലയാട്ടുന്നതു കണ്ടിട്ടു് പ്രൊഫസർ വീണ്ടും ചോദിച്ചു. തലയ്ക്കും ശരീരത്തിനുമൊന്നും വേദന ഇല്ലല്ലോ? തല കറങ്ങുന്നുണ്ടോ? "താര വീണ്ടും തലയാട്ടി. പ്രൊഫസർ പിന്നെയും തുടന്നു. "ഞാൻ നിന്നോടു് ചില കാര്യങ്ങൾ ചോദിക്കട്ടെ? ഉത്തരം പറയാമോ?" താര തലകുലുക്കി സമ്മതം പ്രകടിപ്പിച്ചു.

ഈ ചോദ്യങ്ങൾ ചോദിക്കുന്നതിനിടയ്ക്കു് സൗച്ചൂക്കു് തന്റെ കൈകൊണ്ടു് താരയുടെ ശരീരത്തിലും മുഖത്തും തടവിക്കൊണ്ടിരുന്നു. ക്രമേണ താരയുടെ കണ്ണുകൾ അടയുവാൻ തുടങ്ങി. ശരീരം തളരുന്നതുപോലെ

തോന്നിച്ചു. ഒരിക്കൽകൂടി രൂക്ഷമായ നയനങ്ങളോടെ അവളെ നോക്കിയതിനുശേഷം പ്രൊഫസർ പറഞ്ഞു. "ഞാൻ നിന്നെ ഒരു സ്ഥലംവരെ അയയ്ക്കുവാൻ ആഗ്രഹിക്കുന്നു." താര ശിരസ്സു കുനിച്ചു. അപ്പോഴേയ്ക്കും അവിളുടെ അന്തഃക്കരണം എല്ലാ തരത്തിലും പ്രൊഫസർക്ക് അധീനമായിക്കഴിഞ്ഞിരുന്നു.

പെട്ടെന്ന് പ്രൊഫസർ തരിച്ചുനിന്നുപോയി. അയാളുടെ പുറകിൽ തൂക്കിയിട്ടിരുന്ന കർട്ടൻ സാവധാനം മാററിയിട്ട് ഒരാൾ അയാളുടെ അടുക്കലേയ്ക്ക് നടന്നുവന്നു. പുരോഹിതനായ കിംഗ്ലൂവായിരുന്നു അതു്. എന്തുകൊണ്ടോ അയാൾ വളരെയധികം ഉത്തേജിതനായി കാണപ്പെട്ടു. പ്രൊഫസർ അരിശത്തോടു കൂടി അയാളുടെ മുഖത്തേയ്ക്കുനോക്കി. കിംഗ്ലൂ കൈകൂപ്പിക്കൊണ്ടു് അയാളോട്ട് ഇങ്ങനെപറഞ്ഞു. "ഗുരോ! അങ്ങ് കൊണ്ടുവരുവാൻ പറഞ്ഞസാധനം വളരെ കഷ്ടപ്പെട്ടതിൻെറ ഫലമായിട്ടു് കൊണ്ടുവരുവാൻ സാധിച്ചു. ഇനി നമുക്കു് പൂജ തുടരരുതോ".

സൗച്ചൂക്ക്:—(ഞെട്ടലോടെ) എന്തു സാധനം? ശവമോ?

കിംഗ്:—അതേ. അങ്ങ പറഞ്ഞ അതേ ലക്ഷണങ്ങളോടുകൂടിയ ശവമാണ്. നമ്മുടെ കാര്യസാദ്ധ്യത്തിനു് വളരെ പ്രയോജനപ്പെടുമെന്നു് തോന്നുന്നു.

സൗച്ചൂക്ക്:—അവൻ എങ്ങനെ മരിച്ചെന്നു് വല്ലതും മനസ്സിലായോ?

കിംഗ്:—ഭിത്തിഇടിഞ്ഞു് ദേഹത്തു് വീണതിൻെറ ഫലമായിട്ടു് മരിച്ചതാണെന്നാ പറഞ്ഞതു്.

സൗച്ചൂക്ക്:—അംഗഭംഗമോ ചതവോ മുറിവോ വല്ലതും പററിയിട്ടുണ്ടോ.

കിംഗ്:—ഇല്ല. കണ്ടാൽ കിടന്ന് ഉറങ്ങുകയാണെന്നേ തോന്നുകയുള്ളു. ഒരു പോറലുപോലും ശരീരത്തിനില്ല. ശ്വാസംമുട്ടി മരിച്ചതാണെന്നാ തോന്നുന്നത്.

സൗചൃക്ക്:—ആ പ്രയോഗത്തിന് നിങ്ങൾ തയ്യാറാണെല്ലോ? പലപ്പോഴും അപകടം പററുവാൻ സാദ്ധ്യതയുണ്ട്.

കിംഗ്:—(നെഞ്ചത്തു കൈവെച്ചുകൊണ്ട്) ഏതു് അപകടത്തേയും അഭിമുഖീകരിക്കുവാൻ ഞാൻ തയ്യാറാണ്. എൻെറ ആഗ്രഹം നിറവേററുമെന്നുണ്ടെങ്കിൽ അതിനുവേണ്ടി മരിക്കുവാൻപോലും ഞാൻ ഒരുക്കമാണ്.

സൗചൃക്ക്:—(എന്തോ ആലോചിച്ചിട്ട്) അങ്ങനെയാണെങ്കിൽ നിങ്ങൾ അമ്പലത്തിലേയ്ക്ക് പൊയ്ക്കോളു. പൂജയ്ക്കുള്ള സാധനങ്ങൾ മുഴുവൻ ഒരുക്കിവെയ്ക്കണം. ഞാൻ വളരെ വേഗം അവിടെ എത്തിക്കൊള്ളാം.

"എന്നാൻ ഞാൻ പോകുകയാണ്" എന്നു പറഞ്ഞുകൊണ്ട് അയാൾ തിരിഞ്ഞു നടക്കുവാൻ തുടങ്ങി. അയാൾ തൻെറ ഓമനപ്പുത്രിയുടെ നേക്ക് ഒന്നു നോക്കുകപോലും ചെയ്തില്ല. എന്തൊരു മാന്ത്രികപ്രയോഗമാണ് സൗചൃക്ക് അവരുടെമേൽ നടത്തിയിരിക്കുന്നതെന്ന് ദൈവത്തിനേ അറിയാവൂ. സ്വന്തം രക്തത്തിൻെറ രക്തവും, മാംസത്തിൻെറ മാംസവുമായ ഓമനമകളെ കണ്ടിട്ട് തിരിഞ്ഞുനോക്കാതെ ഒരു പിതാവു പോകണമെങ്കിൽ ആ പിതാവ് ഏതോ വശീകരണ ശക്തിക്ക് അടിമപ്പെട്ടിരിക്കുകയാണെന്നുള്ളതു് തീർച്ചയല്ലേ?

കിംഗ്ലൂ പൊയ്ക്കഴിഞ്ഞപ്പോൾ സൗച്ചൂക്ക് വീണ്ടും താരയുടെനേക്ക് തിരിഞ്ഞു. അപ്പോഴേയ്ക്കും അവളുടെ ആലസ്യം അല്പം വിട്ടുമാറിയിരുന്നു. അവളുടെ കണ്ണുകൾ കുറേശ്ശ തുറന്നു. ഒന്നുരണ്ടു മിനിററുസമയം കൈമുദ്രകൾ കാണിച്ചപ്പോഴേയ്ക്കും അവൾ പഴയപടി ആലസ്യാധീനയായിത്തീൎന്നു. പിന്നെയും കുറച്ചു സമയംകൂടി പ്രൊഫസർ അവളുടെമേൽ തൻെറ മനഃശക്തിപ്രയോഗം നടത്തിക്കൊണ്ടിരുന്നു. അവസാനം ഗംഭീരസ്വരത്തിൽ അയാൾ ചോദിച്ചു. "താരേ! നീ എന്താണു് ഇപ്പോൾ കാണുന്നതു്?" കുറച്ചുസമയം നിശബ്ദയായിരുന്നതിനുശേഷം താര പറഞ്ഞു. "എനിക്കു് ഒന്നും കാണുവാൻ സാധിക്കുന്നില്ല." അവളുടെ ശബ്ദം അപ്പോൾ വല്ലാതെ പതറിയിരുന്നു. ആ ശബ്ദം താരയുടെ വായിൽനിന്നല്ല; പ്രത്യുത, മററാരുടേയോ വായിൽനിന്നാണു് പുറപ്പെടുന്നതെന്നു് തോന്നുമായിരുന്നു. ഏതാനും നിമിഷനേരം താരയെ സൂക്ഷിച്ചുനോക്കിയതിനുശേഷം സൗച്ചൂക്ക് പറഞ്ഞു. "നീ ഇവിടെനിന്നു് ഏകദേശം പത്തുമൈൽ കിഴക്കുമാറിയുള്ള ഒരു പൎവ്വതത്തിന്റെ താഴ്വരയിലാണു് ഇപ്പോൾ നില്ക്കുന്നതു്. ഇപ്പോൾ ഇരുട്ടു് വ്യാപിച്ചുകഴിഞ്ഞെങ്കിലും നിനക്കു് അവിടം മുഴുവൻ നല്ലതുപോലെ കാണുവാൻ സാധിക്കും. അവിടെ എവിടെയോ രണ്ടു് കുതിരസവാരിക്കാർ ഇരിപ്പുണ്ടു്. അവരെ നീ കാണുന്നുണ്ടല്ലോ?"

താരയുടെ ശരീരം ക്രമേണ വിറയ്ക്കുവാൻ തുടങ്ങി. കുറച്ചു സമയത്തേയ്ക്കു് അവൾ നിശബ്ദയായി ഇരുന്നു. അതിനുശേഷം പതിഞ്ഞ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു. "ഉവ്വ്, ഞാൻ അവരെ കണ്ടു. അവർ കുതിരപ്പുറത്തു കയറി ഇങ്ങോട്ടു വരുന്നുണ്ടു്."

സൗചൃക്ക്:—നിനക്ക് അവരെ തിരിച്ചറിയുവാൻ സാധിക്കുന്നുണ്ടോ?

താര നിഷേധഭാവത്തിൽ തലയാട്ടി.

സൗചൃക്ക്:—അവരിൽ ഒരാൾ അമരസിംഹനും, മറേറതു് അയാളുടെ ഒരു ഭൃത്യനുമാണു്.

താരയുടെ ശരീരം നിമിഷനേരത്തേയ്ക്കു് അടിമുടി വിറച്ചുപോയി. കുളിർ കോരിയിട്ടന്നതുപോലെയുള്ള ഒരനുഭവമാണു് അവളിൽ ഉണ്ടായതു്. അവൾ ഒരു ഭ്രാന്തിയെപ്പോലെ പുലമ്പി. "അതെ."

സൗചൃക്ക്:—നീ വേഗം അമരസിംഹൻെറ അടുക്കൽചെന്നു് അയാളെ ഇവിടെ കൂട്ടിക്കൊണ്ടുവരണം. എന്താ, നിന്നെക്കൊണ്ടു് ഈ ജോലി സാധിക്കുമോ?

താര നിഷേധഭാവത്തിൽ തലയാട്ടി. സൗചൃക്ക് ഒന്നുരണ്ടു തവണ കൈപ്പത്തികൊണ്ടു് അവളുടെ നെററിത്തടത്തിൽ തടവിയതിനുശേഷം കക്കശസ്വരത്തിൽ പറഞ്ഞു. "സാധിക്കുകയില്ലേ? നീ പറഞ്ഞാൽ ഉടൻതന്നെ അയാൾ ഇവിടെ വരും. അയാളെ ഇവിടെ കൂട്ടിക്കൊണ്ടുവരുന്നതുവരെ നിൻെറ ഈ തന്ദ്ര നിന്നെ വിട്ടുമാറുകയില്ല. ശരി. പോകൂ. അയാളെ വേഗം എൻെറ അടുക്കൽ കൂട്ടിക്കൊണ്ടുവരണം. അബദ്ധം പററാതെ സൂക്ഷിച്ചുകൊള്ളണം. എങ്ങനെയാണെങ്കിലും വേണ്ടില്ല, അയാളെ ഇവിടെ കൊണ്ടുവരണം. ശരി, ഇനി എഴുന്നേല്ക്കൂ. വേഗം പൊയ്ക്കൊള്ളൂ. നിനക്കു് ആവശ്യമുള്ളിടത്തോളം ബോധം ഉണ്ടായിരിക്കും. എന്നാൽ ഞങ്ങളെപ്പററി യാതൊരു ഓമ്മയും ഉണ്ടായിരിക്കുകയില്ല. ഞാൻ പറഞ്ഞ കാര്യം മാത്രമേ നീ ഓക്കുകയുള്ളൂ."

സൗചൃക്ക് വീണ്ടും കൈമുദ്രകളുടെ സഹായ

ത്തോടെ താരയുടെ മുഖത്തിനു നേരേ മുമ്പിൽ എന്തൊക്കെയോ മാന്ത്രികവേലകൾ ചെയ്തു. അതോടെ അവൾക്ക് ബോധം തെളിയുവാൻ തുടങ്ങി. പലതവണ അവളുടെ ശരീരം കോരിത്തരിച്ചു. മൂന്നുനാലു തവണ ഇമകൾ അടയുകയും തുറക്കുകയും ചെയ്തു. അവസാനം ആ കണ്ണുകൾ പൂർണ്ണമായും തുറന്നു. അവൾ നാലുപാടും സൂക്ഷിച്ചുനോക്കി. അവളെ ബാധിച്ചിരുന്ന ആലസ്യം മുഴുവൻ വിട്ടുമാറിയതുപോലെ കാണപ്പെട്ടു. ക്രമേണ അവളുടെ കവിൾത്തടങ്ങൾ ചെമന്നു തുടുത്തു. ഏതോ ചില മാസ്മരവിദ്യകൾ പ്രയോഗിച്ചതിനുശേഷമാണ് പ്രൊഫസർ അവളെ അവിടെ കൂട്ടിക്കൊണ്ടുവന്നതെന്ന് തോന്നുന്നു. കാരണം അപ്പോഴത്തെ വിളർച്ചയും, വൈവശ്യവും അവളിൽ ഇപ്പോൾ കാണാൻ സാധിച്ചില്ല. ഇപ്പോൾ ആരുകണ്ടാലും അവളെ പെട്ടെന്ന് തിരിച്ചറിയുമായിരുന്നു.

ചുററുപാടും ഇരുന്ന ആളുകളുടെ മുഖത്തേയ്ക്ക് ഒരിക്കൽക്കൂടി സൂക്ഷിച്ചുനോക്കിയതിനുശേഷം താര ഒന്നും പറയാതെ സ്വസ്ഥാനത്തുനിന്നും എഴുന്നേററു. സൗചൃക്ക് അവളുടെ കൈയ്ക്ക് കടന്നുപിടിച്ചുകൊണ്ട് ചോദിച്ചു. "താരേ! നീ എവിടെ പോകുകയാണ്?" പ്രൊഫസറുടെ പിടിയിൽനിന്നും തൻെറ കൈ വിടുവിക്കുവാൻ ശ്രമിക്കുന്നതിനിടയിൽ താര പറഞ്ഞു. "ഒരു അത്യാവശ്യകാര്യത്തിനുവേണ്ടി ഞാൻ പോകുകയാണ്"

സൗചൃക്ക്:—ഞാൻ പറയാൻപോകുന്ന ഒരു കാര്യംകൂടി കേട്ടിട്ടു പോകൂ.

സൗചൃക്കിൻെറ പിടിയിൽ നിന്നും കുതറിമാറിക്കൊണ്ട് താര പറഞ്ഞു. "ഞാൻ വന്നിട്ടു കേട്ടു

കൊള്ളാം. ഇപ്പോഠം എനിക്കു് അതിനുള്ള സമയമില്ല.” ഇത്രയും പറഞ്ഞിട്ടു് താര തിരിഞ്ഞുപോലും നോക്കാതെ മിന്നൽവേഗത്തിൽ ക്രൂടാരത്തിൽനിന്നും വെളിയിലേക്കു് പാഞ്ഞു. അവളെ അപ്പോഠം കണ്ടാൽ അവഠം ഹിപ്നോട്ടിസത്തിനു് വിധേയയായി പ്രൊഫസർ സൗച്ചൂക്കിന്റെ ആഗ്രഹാഭിലാഷങ്ങഠംക്കനുസരണമായി പ്രവത്തിക്കുകയാണെന്നു് ആരും പറയുമായിരുന്നില്ല.

താര ക്രൂടാരത്തിൽനിന്നും വെളിയിലേയ്ക്കു് പൊയ്ക്കഴിഞ്ഞപ്പോഠം സൗച്ചൂക്കു് കോമുറയോടു് പറഞ്ഞു. “സമത്ഥരായ രണ്ടുപേരെക്കൂടി അവളുടെ പുറകെ അയയ്ക്കണം. അവഠം നേരെ അമരസിംഹന്റെ അടുക്കലേക്കായിരിക്കും പോകുന്നതു്. അവഠം ഏതുവിധവും അയാളെ ഇവിടെ കൊണ്ടുവരാതിരിക്കുകയില്ല. അമരസിംഹനെ കയ്യിൽ കിട്ടിക്കഴിഞ്ഞാൽ പിന്നെ അയാളെക്കൊണ്ടു് ഞാൻ എല്ലാക്കാര്യങ്ങളും പറയിച്ചുകൊള്ളാം. പക്ഷെ, വഴിയിൽ അവഠംക്കു് യാതൊരു അപകടവും പററാതെ നമ്മഠം നോക്കണം. അവളുടെക്രൂടെ പോകുന്നവർ എപ്പോഴും അകന്നു് മറഞ്ഞുനിന്നുകൊള്ളണമെന്നും അവളെ കാര്യമായി സൂക്ഷിച്ചുകൊള്ളണമെന്നും പ്രത്യേകം പറയണം.”

കോമുറാ:—ഞാൻ ഉടൻതന്നെ വേണ്ട ഏർപ്പാടുകഠം ചെയ്തുകൊള്ളാം. ഇനി താങ്കഠം എന്തുചെയ്യുവാൻ പോകുകയാണു്?

സൗച്യൂക്കു്:—ഞാൻ ചില മാന്ത്രിക പ്രയോഗങ്ങഠം ചെയ്യുവാൻ പോകുകയാണു്. എനിക്കു് ശവസിദ്ധി ഉണ്ടെന്നുള്ള കാര്യം അറിയാമല്ലോ. കിംഗ്ല്യൂവിനെക്കൂടി ആ വിദ്യ പഠിപ്പിക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇനി മൂന്നുനാലു മണിക്കൂർ സമയ

ത്തേയ്ക്കു് എനിക്കു് ഇങ്ങോട്ടുവരാൻ സാദ്ധ്യമല്ല. ആരും എൻെറ ജോലിക്കു് തടസമുണ്ടാക്കാതെ നോക്കിക്കൊള്ളണം.

കോമുറ:—ഷേവറിനും ഫാക്കിനും താങ്കളുടെ അത്ഭുതകരമായ വിദ്യകളെപ്പററി എന്തൊക്കെയോ ചോദിച്ചറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഇപ്പോഠം അതിനുള്ള സമയം കാണുമോ?

സൗചൂക്കു്:—ഇപ്പോഠം അതിനു് യാതൊരു സൗകയ്യവും ഇല്ലല്ലോ. പിന്നീടു് എപ്പോഴെങ്കിലും ആകട്ടെ. ഇപ്പോഠം ഇവർ ഇവരുടെ ക്യമ്പിലേയ്ക്കു് പോകട്ടെ. വെളിയിലുള്ളവർ ഇവിടെ ഇരുന്നാൽ അതു് എൻെറ ജോലിക്കു് തടസ്സമായിത്തീരും. ഇന്നു് എനിക്കു് എൻെറ സമസ്തശക്തിയും ഏകാഗ്രമാക്കിക്കൊണ്ടു വേണം ജോലിചെയ്യേണ്ടതു്. ഇന്നു് പ്രതീക്ഷിക്കാത്ത പലതും സംഭവിക്കുമെന്നു് എൻെറ അന്തരാത്മാവു് എന്നോടു മന്ത്രിക്കുന്നു.

ഇത്രയും പറഞ്ഞിട്ടു് അയാഠം ഇടവലം നോക്കാതെ തൻെറ മുറിക്കുള്ളിലേയ്ക്കു് നടന്നുപോയി. അയാഠം പൊയ്ക്കഴിഞ്ഞപ്പോഠം കോമുറാ തൻെറ അതിഥികളോടായിട്ടു് പറഞ്ഞു. "നിങ്ങളുടെ ആഗ്രഹം പൂർണ്ണമാക്കിത്തരുവാൻ സാധിക്കാതെ പോയതിൽ എനിക്കു് അളവററ കുണ്ഠിതമുണ്ടു്. ഇപ്പോഠം പ്രൊഫസർ പറഞ്ഞതുപോലെ ചെയ്യുന്നതാണു് നല്ലതെന്നു് തോന്നുന്നു.

ഷേവർ:—ഓഹോ, അതുമതി. ഇപ്പോഠം സമയവും വളരെ വൈകിയില്ലേ? വിശേഷം വല്ലതും ഉണ്ടെങ്കിൽ ഉടൻതന്നെ ഞങ്ങളെക്കൂടി അറിയിക്കണം.

കോമുറാ:—സൗകര്യം കിട്ടുകയാണെങ്കിൽ നാളയോ മററന്നാളോ ഞാൻ താങ്കളുടെ ക്യാമ്പിൽ വന്നു്

താങ്കളെ കണ്ടുകൊള്ളാം. വല്ല വിശേഷവും ഉണ്ടെങ്കിൽ അപ്പോൾ പറയാമല്ലോ.

ജനറൽ കോമുറായ്ക്കു് ഹസ്തദാനം ചെയ്തതിനുശേഷം ഷേവറും ഫാക്കും യാത്ര പറഞ്ഞു് കൂടാരത്തിൽ നിന്നു് വെളിയിലേയ്ക്കു് ഇറങ്ങി. അവരെ രണ്ടുപേരേയും യാത്ര അയച്ചതിനുശേഷം ജനറൽ കോമുറാ വീണ്ടും തിരിച്ചുവന്നു് സ്വസ്ഥാനത്തു് ഇരുന്നുകൊണ്ടു് എന്തൊക്കെയോ ആലോചിക്കുവാൻ തുടങ്ങി. കുറച്ചു സമയം കഴിഞ്ഞപ്പോൾ അകലെനിന്നും ഉയൻ കേൾക്കപ്പെട്ട കുതിരക്കുളമ്പുകളുടെ ശബ്ദത്തിൽനിന്നും ഷേവറും ഫാക്കും തങ്ങളുടെ അനുയായികളോടുകൂടി അവരുടെ ക്യാമ്പിലേയ്ക്കു് പൊയ്ക്കഴിഞ്ഞുവെന്നു് അദ്ദേഹത്തിനു് മനസ്സിലായി. അദ്ദേഹം വേഗം എഴുന്നേററു് തൊട്ടടുത്തുണ്ടായിരുന്ന തൻെറ ഓഫീസുമുറിയിലേയ്ക്കു് പോയി. ആ മുറിയിൽ നല്ല വെളിച്ചം ഉണ്ടായിരുന്നു. അവിടെ അദ്ദേഹത്തിൻെറ രണ്ടു സിക്രട്ടറിമാർ എന്തോ ജോലി ചെയ്തുകൊണ്ടു് ഇരിപ്പുണ്ടായിരുന്നു. കോമുറായും അവരുടെ അടുക്കൽ ഒരു കസേരയിൽ ചെന്നിരുന്നതിനുശേഷം മേശപ്പുറത്തു് കിടന്ന ഫയലുകൾ എടുത്തു് തിരിച്ചും മറിച്ചും നോക്കുവാൻ തുടങ്ങി.

—x—

# 6

സമയംരാത്രി ആയിരുന്നിട്ടും വഴി അപകടസമ്പൂ ൎണ്ണമായിരുന്നിട്ടുംഅതേപ്പററി ഒന്നും അത്ര കാൎയ്യമായി ഗണിക്കാതെ അശ്വാരൂഢരായ രണ്ടുപേർ മൂന്നുവശവും ഉൗക്കൻ പൎവ്വതനിരകളാൽ ചുററപ്പെട്ട ഭയാനകമായ ഒരു വനത്തിലൂടെ അടക്കിയ സ്വരത്തിൽ പരസ്പരം സംസാരിച്ചുകൊണ്ടു് തങ്ങളുടെ കുതിരകളെ സാവധാനം മുന്നോട്ടുവിട്ടുകൊണ്ടിരുന്നു.

ഉദിച്ചുയരുന്ന പനിമതിയുടെ ശീതളകിരണങ്ങൾക്കു് വേണ്ടത്ര ശക്തിയും ഓജസ്സും അപ്പോഴും ലഭിച്ചിരുന്നില്ല. ആ അരണ്ട നിലാവെളിച്ചത്തിൽ കുതിരപ്പുറത്തുപോകുന്ന ആ ആളുകളെ പെട്ടെന്നു് തിരിച്ചറിയുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് അവർ ആരാണെന്നുള്ള കാൎയ്യം വ്യക്തമാക്കാം. അവരിൽ ഓരാൾ അമരസിംഹനും മറേറതു് താരയുമാണു്. അനേക ദിവസത്തെ വേർപാടിനുശേഷം തൻെറ ഹൃദയേശ്വരിയെ അനാ

യാസം കണ്ടുപിടിക്കുവാൻ സാധിച്ചതിലുള്ള ആനന്ദാധിക്യത്തോടെ അമരസിംഹൻ അവളോട് ഹൃദയം തുറന്നു് സംസാരിക്കുകയായിരുന്നു. പക്ഷെ, താര എന്തുകൊണ്ടോ പരസ്പരവിരുദ്ധമായ രീതിയിലും അശ്രദ്ധയോടും കൂടിയാണു് സംസാരിച്ചുകൊണ്ടിരിക്കുന്നതു്. അമരസിംഹന്റെ ചോദ്യങ്ങൾക്കൊന്നും അവൾ ആത്മാർത്ഥമായിട്ടല്ല മറുപടി പറയുന്നതു്. താരയിലുണ്ടായ ഈ ഭാവഭേദത്തിൻെറ കാരണം മനസ്സിലാകാതെ അമരസിംഹൻ അവളുടെ കുതിരയുടെ അടുക്കലേയ്ക്കു് തന്റെ കുതിരയെ ഒന്നുകൂടി ചേർത്തുനിർത്തിക്കൊണ്ടു് സ്നേഹമസൃണമായ സ്വരത്തിൽ പലതും ചോദിക്കുവാൻ തുടങ്ങി. അവരുടെ പുറകിൽ അല്പം അകലെയായി വേറൊരാൾ കാൽനടയായി അവരെ പിൻതുടരുന്നുണ്ടു്. അയാൾ അമരസിംഹന്റെ കൂട്ടുകാരിൽ ഒരാളായിരുന്നു. അയാൾ കയറിവന്ന കുതിരപ്പുറത്താണു്താര ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു്.

പെട്ടെന്നു് അമരസിംഹൻ ഞെട്ടിപ്പോയി. അയാളുടെ ചെവിയിൽ ഏതോ കുതിരയുടെ കുളമ്പടി ശബ്ദം പതിച്ചു. അയാൾ നാലുപാടും സൂക്ഷിച്ചുനോക്കി. അന്ധകാരം ഒന്നും വ്യക്തമായി കാൺവാൻ അനുവദിച്ചിരുന്നില്ലെങ്കിലും അയാൾ നാലുപാടും വീണ്ടും വീണ്ടും കണ്ണുകളോടിച്ചു നോക്കി. കാരണം ഏതു് സമയവും ശത്രുക്കളുടെ ആക്രമണം ഉണ്ടാകുവാൻ വളരെയധികം സാദ്ധ്യതയുള്ള ഒരു സ്ഥലത്തായിരുന്നു അവർ അപ്പോൾ നിന്നിരുന്നതു്. അധികം താമസിയാതെ തന്നെ ഒരു വൃക്ഷക്കൂട്ടത്തിനുള്ളിൽനിന്നും ഇറങ്ങി തൻെറ നേൎക്കു് നടന്നടുക്കുന്ന ഒരു കറുത്ത സത്വത്തെ അമരസിംഹൻെറ സൂക്ഷ്മനയനങ്ങൾ കണ്ടുപിടിച്ചു.

KOTTAYAM

ഏതോ ശത്രുവായിരിക്കും അതെന്ന് അയാൾ ഭയപ്പെട്ടു. അയാളുടെ വലതുകൈ വേഗം മടിക്കുത്തിലേയ്ക്കു് താണു. താരയോട് അവിടെത്തന്നെ നില്ക്കുവാൻ പറഞ്ഞിട്ട് അമരസിംഹൻ നീട്ടിപ്പിടിച്ച റിവാൾവറുമായി തന്റെ കുതിരയെ ആ കറുത്ത സത്വത്തിന്റെ അടുക്കലേയ്ക്കു് പായിച്ചു. അതു കണ്ടതോടെ ആ കറുത്ത സത്വം മുന്നോട്ടു നടക്കാതെ നിന്നിടത്തുതന്നെ നിന്നു.

ഏതാനും വാര മുന്നോട്ടു ചെന്നതിനുശേഷം അമരസിംഹൻ ആ സത്വത്തോട് ചോദിച്ചു. "നിങ്ങൾ ആരാണു്? എന്തിനാണു് ഇവിടെ നില്ക്കുന്നതു്?"

"എന്റെ അടുക്കലേയ്ക്കു് വരാമെങ്കിൽ പറയാം." ആ കറുത്ത സത്വം അടക്കിയ സ്വരത്തിൽ മറുപടി പറഞ്ഞു. ആ ശബ്ദം കേട്ടമാത്രയിൽ അമരസിംഹൻ അമ്പരന്നുപോയി. ആ ശബ്ദം തനിക്കു് പരിചയമുള്ളതുപോലെ അയാൾക്കു തോന്നി. അയാൾ റിവാൾവറിൽ മുറുകെ പിടിച്ചുകൊണ്ടു് ആ സത്വത്തിന്റെ അടുക്കലേയ്ക്കു് ചെന്നു. അവർ തമ്മിൽ ഏതാനും വാരമാത്രം ദൂരമുണ്ടായിരുന്നപ്പോൾ ആ കറുത്ത സത്വം വസ്ത്രത്തിനുള്ളിൽനിന്നു് ഒരു സാധനമെടുത്തു് അമരസിംഹനെ കാണിച്ചു. ആ ഇരുട്ടിൽ ആ സാധനം നല്ലതുപോലെ മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. അതു് കണ്ടമാത്രയിൽ അമരസിംഹൻ തുടിക്കുന്ന ഹൃദയത്തോടെ ചോദിച്ചു. "ങേ? അങ്ങോ? ഇവിടെ.....?"

"ഞാൻ നിങ്ങളെ എന്തെല്ലാംകാര്യ്യങ്ങൾ പറഞ്ഞു് ബോദ്ധ്യപ്പെടുത്തിയതിനുശേഷമാണു് ഇങ്ങോട്ടു് അയച്ചതു്." ആ കറുത്ത സത്വം കോപവും അരിശവും സ്ഫുരിക്കുന്ന സ്വരത്തിൽ പറഞ്ഞു. "എന്നിട്ടും നിങ്ങൾ അവസാനം വിഡ്ഢിത്തമല്ലേ കാണിച്ചതു്?"

അമരസിംഹൻ വേഗം കുതിരപ്പുറത്തുനിന്നിറങ്ങി ആ കറുത്ത സത്വത്തിൻെറ പാദങ്ങളിൽ തൊട്ടു നമസ്കരിച്ചതിനുശേഷം അത്ഭുതത്തോടെ ചോദിച്ചു. "എന്നിൽനിന്നും എന്തു തെററാണു് സംഭവിച്ചതു്?"

കറുത്ത സത്വം:—ഇവിടെ ഈ മറവിലേയ്ക്കു് മാറി നില്ക്കു്. താരയെ അകററി വിട്ടാൽ മാത്രമെ എനിക്കു് വല്ലതും പറയുവാൻ സാധിക്കൂ.

അമരസിംഹൻ അളവററ അത്ഭുതത്തോടെ ആ കറുത്ത സത്വത്തിൻെറ പുറകേ അടുത്തുണ്ടായിരുന്ന വൃക്ഷക്കൂട്ടത്തിനുള്ളിലേയ്ക്കു് പോയി. അവിടെ സുരക്ഷിതമായ ഒരു സ്ഥലത്തു് ഇരുന്നുകൊണ്ടു് ആ കറുത്ത സത്വം പറഞ്ഞു. "താര എല്ലാത്തരത്തിലും പ്രൊഫസർ സൗച്യൂക്കിനു് അധീനപ്പെട്ടുകഴിഞ്ഞിരിക്കുകയാണെന്നുള്ള വിവരം ഞാൻ നേരത്തെതന്നെ നിങ്ങളോടു് പറഞ്ഞതല്ലേ? കിംഗ്ലൂവിനെപ്പോലും അയാൾ മാന്ത്രികശക്തിയാൽ മയക്കി എടുത്തിരിക്കുകയാണു്. പിന്നെയല്ലേ അബലയായ താരയുടെ കാര്യം!

അമര:—അങ്ങു് അന്നു് പറഞ്ഞ ആ കാര്യങ്ങൾ മുഴുവൻ എനിക്കു് ഇപ്പോഴും നല്ലതുപോലെഓർമ്മയുണ്ടു്.

സത്വം:—ആ ഓർമ്മയുടെ ഉജ്ജ്വലമായ മാതൃകയായിരിക്കും ഇപ്പോൾ നിങ്ങൾ കാണിക്കുന്നതു്. അല്ലേ? ഇപ്പോൾ നിങ്ങൾ താരയുടെകൂടെ എവിടെ പോകുകയാണു്?

അമര:—അവളുടെ ജീവനെ ശത്രുക്കളിൽ നിന്നും രക്ഷിച്ചു, ശത്രുക്കളുടെ വളരെയധികം രഹസ്യങ്ങൾ നേരിട്ടറിയാവുന്ന അവളുടെ ഒരു ബന്ധുവിൻെറ വീട്ടിലേയ്ക്കു്.

സത്വം:—(കോപത്തോടെ) നിങ്ങൾ വെറും ഒരു

കഴുതയാണ്. താര ഇപ്പോഴും പ്രൊഫസറുടെ ചൊൽപ്പടിയിലാണ് നില്ക്കുന്നതു്. അയാളുടെ ആജ്ഞാനുസരണം അവൾ നിങ്ങളെ ജപ്പാൻകാരുടെ സൈനികസങ്കേതത്തിലേയ്ക്കു് കൂട്ടിക്കൊണ്ടുപോകുകയാണ്. അവിടെ ചെന്നാലുടൻതന്നെ അവർ നിങ്ങളെ അറസ്റ്റുചെയ്തു് കസ്റ്റഡിയിലാക്കും. ദുർമ്മതിയായ ആ താന്ത്രികൻ നിങ്ങളേയും മാസ്മരവിദ്യകൾ പ്രയോഗിച്ചു് മയക്കി അയാളുടെ അടിമയാക്കും. അങ്ങനെ നമ്മെ സംബന്ധിക്കുന്ന രഹസ്യങ്ങൾ മുഴുവൻ നിങ്ങളിലൂടെ ചോർത്തിയെടുക്കുവാനാണ് അവർ പ്ലാനിട്ടിരിക്കുന്നതു്.

അമ:—(പരിഭ്രമത്തോടെ) അങ്ങ് എന്തൊക്കെയാണീ പറയുന്നതു്? താര എന്നെ വഞ്ചിച്ചു് ശത്രുസങ്കേതത്തിലേയ്ക്കു് കൊണ്ടുപോകുമെന്നോ? ഇല്ല. അങ്ങനെ ഒരിക്കലും സംഭവിക്കുകയില്ല. താരയ്ക്കു് എന്നെ ഒരിക്കലും വഞ്ചിക്കുവാൻ സാദ്ധ്യമല്ല. അവൾ എനിക്കുവേണ്ടി സ്വന്തം ജീവൻ ബലികഴിക്കും. എന്നാലും എന്നെ അപകടത്തിലാ........

സത്യം:—നിങ്ങൾക്ക് ആ പ്രൊഫസറുടെ ശക്തിയെപ്പററി അല്പംപോലും അറിവില്ല. അതുകൊണ്ടാണ് ഇങ്ങനെ പറയുന്നതു്. നിങ്ങൾക്കുവേണ്ടി സ്വന്തം ജീവനെ ബലികഴിക്കുവാൻ തയാറുള്ള ആ താരയല്ല ഇപ്പോൾ നിങ്ങളുടെകൂടെ വരുന്നതു്. ഇപ്പോൾ അവളുടെ ശരീരത്തിൽ ആ പ്രൊഫസറുടെ ആത്മാവാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു്. ആ പ്രൊഫസർ പറയുന്നതിൽ കൂടുതലായിട്ടു് അവൾക്ക് ഇപ്പോൾ പറയുവാനോ, ചെയ്യുന്നതിൽ കൂടുതലായിട്ടു് ചെയ്യുവാനോ സാധിക്കുകയില്ല.

അമ:—എന്നെപ്പോലും ചതിക്കത്തക്ക രീതിയിൽ

ആവശ്യമായ പരിവൎത്തനം അവളിൽ സൃഷ്ടിക്കുവാൻ ആ പ്രൊഫസറെക്കൊണ്ടു് സാധിക്കുമോ?

സത്യം:—തീൎച്ചയായും. നിങ്ങഠം ഇപ്പോഠം അവളുടെക്കൂടെ പോകുകയാണെങ്കിൽ നിങ്ങഠം മാത്രമല്ല അപകടത്തിൽ ചെന്നു ചാടുന്നതു്, പ്രത്യുത നിങ്ങളോടൊപ്പം നമ്മളെല്ലാവരും ഒരുമിച്ചു് നശിക്കുകയും ചെയ്യും. കാരണം നമ്മെ സംബന്ധിക്കുന്ന എല്ലാ രഹസ്യങ്ങളും നിങ്ങഠംക്കു് നല്ലതുപോലെ അറിയാം. നിമിഷനേരംകൊണ്ടു് ആ രഹസ്യങ്ങഠം മുഴുവൻ ദുഷ്ടനായ ആ പ്രൊഫസർ നിങ്ങളിൽനിന്നു് തട്ടിയെടുക്കും. അങ്ങനെ സംഭവിച്ചാൽ പിന്നത്തെ അവസ്ഥ എന്തായിരിക്കുമെന്നു്......

ഉണങ്ങിയ ഇലകളിൽനിന്നു് പുറപ്പെട്ട മൎമ്മര ശബ്ദം ആരോ വരുന്നുണ്ടെന്നു് അറിയിച്ചു. തിരിഞ്ഞു നോക്കിയപ്പോഠം താര നടന്നുവരുന്നതാണു് അമരസിംഹൻ കണ്ടതു്. അമരസിംഹൻെറ അടുക്കൽ വന്നിട്ടു് അവഠം ചോദിച്ചു. “അങ്ങു് വരുന്നില്ലേ? സമയം പോകുന്നു.”

അമരസിംഹൻ എന്തെങ്കിലും പറയുന്നതിനു മുമ്പായി ആ കറുത്ത സത്യം മുന്നോട്ടുചെന്നു് അവളുടെ രണ്ടു കൈയ്യും കടന്നു പിടിച്ചുകൊണ്ടു് ചോദിച്ചു. “താരേ! നീ അമരസിംഹനെ എങ്ങോട്ടാണു് കൊണ്ടുപോകാൻ തുടങ്ങുന്നതു്? പ്രൊഫസർ സൗചൂക്കിൻെറ അടുക്കലേയ്ക്കല്ലേ?”

പ്രൊഫസറുടെ പേരു കേട്ടമാത്രയിൽ താരയുടെ ശരീരം വിറച്ചുപോയി. അവഠം ഭയഭീതമായ കണ്ണുകളോടെ ചുററിനും സൂക്ഷിച്ചുനോക്കി. അതിനുശേഷം സ്വയം നിയന്ത്രിച്ചുകൊണ്ടു പറഞ്ഞു. “അല്ല. എൻെറ

ജീവൻ രക്ഷിച്ച ആ ആളിൻെറ അടുക്കലേയ്ക്കാണ് ഇദ്ദേഹത്തെ കൊണ്ടുപോകുന്നത്.

സത്വം:—നീ ഇദ്ദേഹത്തെ ജപ്പാൻകാരുടെ പട്ടാള ക്യാമ്പിലേക്കല്ലേ കൊണ്ടുപോകുന്നത്? കുറേ ഏറെ നേരമായി നിന്നെ പിന്തുടർന്നുകൊണ്ടിരിക്കുന്ന ആ രണ്ടു പട്ടാളക്കാരും ജപ്പാൻകാർ തന്നെയല്ലേ? അതാ അവർ ആ പർവ്വതത്തിൻെറ ഇറക്കത്തിലൂടെ കുതിരകളെ പായിച്ചുവരുന്നു.

അപ്പോഴേയ്ക്കും ചന്ദ്രൻ വളരെയധികം ഉദിച്ചുയർന്നു കഴിഞ്ഞിരുന്നു. പൂനിലാവ് ആ വനാന്തർഭാഗത്ത് വ്യാപിച്ചിരുന്ന ഇരുട്ടിൻെറ ശക്തി തീർത്തും കുറച്ചിരുന്നു. അങ്ങകലെനിന്നും കുതിരപ്പുറത്തുവരുന്ന ആ രണ്ടു പട്ടാളക്കാരേയും അവിടെനിന്നുകൊണ്ട് നോക്കിയാൽ വ്യക്തമായി കാണാമായിരുന്നു. താരയുടെ രക്ഷയ്ക്കു വേണ്ടി സൗമൂക്കിൻെറ നിർദ്ദേശാനുസരണം കോമുറാ അയച്ച പട്ടാളക്കാരായിരുന്നു അത്. താരയും അമരസിംഹനും വളരെ ദൂരം മുന്നോട്ടുപോയിക്കാണുമെന്നുദ്ദേശിച്ച് അവർ നിർഭയരായി സംഭാഷണത്തിൽതന്നെ മുഴുകി കുതിരകളെ പായിച്ചുവരികയായിരുന്നു. എന്നാൽ തങ്ങളുടെ ഓരോ പ്രവൃത്തിയും സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കുന്ന മൂന്നാമതൊരുത്തൻകൂടി ആ സ്ഥലത്തുണ്ടെന്നുള്ള കാര്യം അവർ അറിഞ്ഞതേയില്ല.

ആ കറുത്ത സത്വത്തിൻെറ സംസാരം കേൾക്കുകയും അകലെനിന്നും വരുന്ന ആ പട്ടാളക്കാരെ കാണുകയും ചെയ്തപ്പോൾ താര വല്ലാതെ പരിഭ്രമിച്ചുപോയി. അവൾ കണ്ണുകളടച്ച് നെററിത്തടം കൈപ്പത്തികൊണ്ട് തുടച്ചതിനുശേഷം അലസഭാവത്തിൽ ഇങ്ങനെ പറഞ്ഞു. "അവർ ആരാണെന്ന് എനിക്ക് അറിഞ്ഞു

കൂടാ. അമരസിംഹൻ! അങ്ങ് വരുന്നില്ലേ? സമയം പോകുന്നു."

അമരസിംഹൻ എന്തോ പറയുവാൻ ഭാവിച്ചെങ്കിലും അയാളെ തടഞ്ഞിട്ട് ആ കറുത്ത സത്വം അവളുടെ കൈകളിൽ ബലമായി അമർത്തിക്കൊണ്ട് ആ കണ്ണുകളിലേയ്ക്ക് ഇമവെട്ടാതെ ഏതാനും നിമിഷനേരം ഉററുനോക്കിയതിനുശേഷം ഇങ്ങനെ പറഞ്ഞു. "നീ ആ പ്രൊഫസറുടെ ഹിപ്നോട്ടിസത്തിന് വശംവദയായി തീർന്നുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. നിനക്ക് സ്വബുദ്ധി ഉണ്ടായിരുന്നെങ്കിൽ നീ ഇദ്ദേഹത്തെ എത്ര വലിയ ഒരു അപകടത്തിലേയ്ക്കാണ് കൂട്ടിക്കൊണ്ടു പോകുന്നതെന്ന് മനസ്സിലാക്കുമായിരുന്നു. ആ അപകടത്തിൽനിന്ന് ഇദ്ദേഹത്തിന് ഒരിക്കലും ജീവനോടെ രക്ഷപ്പെട്ടു പോരുവാനും സാധിക്കുകയില്ല. നീ നിൻെറ അമരസിംഹൻെറ മരണമാണോ ആഗ്രഹിക്കുന്നത്?"

ആ കറുത്ത സത്വത്തിൻെറ കണ്ണുകൾ താരയുടെ കണ്ണുകളിൽത്തന്നെ തറച്ചുനില്ക്കുകയായിരുന്നു. അയാൾ തൻെറ മനഃശക്തി അവളിൽ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണെന്നു തോന്നുന്നു. അയാളുടെ വാക്കുകൾ കേട്ടിട്ട് താര അസ്വാസ്ഥ്യത്തോടെ അമരസിംഹൻെറ നേക്കുനോക്കി. അതിനുശേഷം സാവധാനം കണ്ണുകളടച്ചു. കൈകൾ രണ്ടും ആ കറുത്ത സത്വത്തിൻെറ പിടിയിൽനിന്നും വിടുർത്തിയതിനുശേഷം കൈപ്പത്തികൾകൊണ്ട് ചെന്നിക്കുഴികൾ രണ്ടും ബലമായി തിരുമ്മുവാൻ തുടങ്ങി. "ഹോ! തല പൊട്ടിപ്പോകുന്നു." അവൾ ആരോടെന്നില്ലാതെ പറഞ്ഞു. ആ കറുത്ത സത്വത്തിൻെറ വാക്കുകളുടെ അർത്ഥം മനസ്സിലാക്കുവാൻ അ

വളുടെ ദുർബ്ബലമായ മസ്തിഷ്കം കിണഞ്ഞു പരശ്രമിക്കുന്നുണ്ടായിരുന്നെങ്കിലും പ്രൊഫസറുടെ ഹിപ്നോട്ടിസത്തിന്റെ ശക്തിയാൽ അവൾക്ക് അതിൽ വിജയിക്കുവാൻ സാധിച്ചില്ല.

ആ കറുത്ത സത്വത്തിന്റെ ആംഗ്യം അനുസരിച്ച് അമരസിംഹൻ മുന്നോട്ടുചെന്ന് അവളുടെ കയ്യുപിടിച്ചുകൊണ്ടു പറഞ്ഞു. "താരേ! നീ എന്നെ സ്നേഹിക്കുന്നില്ലേ? എന്നെ അറിഞ്ഞുകൊണ്ട് ആപത്തിൽ ചാടിക്കത്തക്ക ഒരു കഠിനഹൃദയമാണോ നിനക്കുള്ളത്? പ്രൊഫസർ സൗച്ചൂക്ക് നിന്റെ ആത്മാവിനെ അടിച്ചമർത്തിയതായി ഞാൻ കേട്ടു. അയാൾ നിന്റെ അമരനെ വെറുമൊരു അടിമയാക്കി വെച്ചിരിക്കുകയാണെന്നും എനിക്ക് അറിയുവാൻ കഴിഞ്ഞു. നിന്നെ മാന്ത്രിക വിദ്യയാൽ മയക്കി നിന്റെ രഹസ്യങ്ങൾ മുഴുവൻ അറിഞ്ഞതുപോലെ നിന്നേക്കൊണ്ട് എന്നേയും തടവിലാക്കിയതിനുശേഷം എനിക്ക് അറിയാവുന്ന രഹസ്യങ്ങൾ മുഴുവൻ തട്ടിയെടുക്കുവാനാണ് ആ ദുഷ്ടൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്താ, ഇത് ശരിയല്ലേ, താരേ? താരേ! നീ എന്നെ, നിന്റെ അമരസിംഹനെ ശത്രുക്കളുടെ കുടുക്കിൽ അകപ്പെടുത്തുന്നതിനുവേണ്ടി എന്റെ അടുക്കൽ വന്നതല്ലേ?

താര പരിഭ്രമത്തോടുകൂടി ചുററുപാടും നോക്കിക്കൊണ്ടിരുന്നു. അവളുടെ ശരീരം ഇടവിട്ടിടവിട്ട് വിറയ്ക്കുന്നുണ്ടായിരുന്നു. കണ്ണുകൾ ചെമന്ന് കലങ്ങിയിരുന്നു. അവൾ കൂടെക്കൂടെ കൈപ്പത്തികൊണ്ട് നെററിത്തടം തുടച്ചു. ഇതിൽനിന്നെല്ലാം അവൾ അങ്ങേയററം പരിഭ്രമിക്കുകയും അസ്വസ്ഥയാകുകയും ചെയ്തു കൊണ്ടിരുന്നു വെന്നുള്ളതു് വ്യക്തമായിരുന്നു.

രണ്ടു് വിഭിന്നരീതിയിലുള്ള ശക്തികളുടെ സമ്മർദ്ദത്തിൽപെട്ടു് അവൾ ഞെരിപിരികൊള്ളുകയായിരുന്നു; നട്ടം തിരിയുകയായിരുന്നു. അവൾ കൂടെക്കൂടെ ഇങ്ങനെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. "എനിക്കു് സമയം പോകുന്നു. എനിക്കു് സമയം പോകുന്നു."

ആ കറുത്ത സത്വം അവളുടെ ഓരോ ഭാവവും ഓരോ ചലനവും സൂക്ഷിച്ചു് നോക്കികൊണ്ടിരുന്നു അവസാനം അയാൾ അമരസിംഹന്റെ കയ്യുപിടിച്ചു് അയാളെ അല്പം അകലെ മാററിനിറുത്തിയിട്ടു് ഇങ്ങനെ പറഞ്ഞു. "പ്രൊഫസർ സൗചൃക്കിന്റെ മനഃശക്തി ഇവളെ എല്ലാത്തരത്തിലും വശീകരിച്ചുകളഞ്ഞിരിക്കുകയാണു്. പ്രൊഫസർ വിചാരിക്കാതെ ഇവളെ ഈ അവസ്ഥയിൽനിന്നും വിമുക്തയാക്കുവാനും സാദ്ധ്യമല്ല. ഏതായാലും നിങ്ങൾ ഇവളെ എന്തെങ്കിലും തരത്തിൽ പിടിച്ചു് നിറുത്തികൊള്ളണം. വേണ്ടിവന്നാൽ ബലംപ്രയോഗിക്കുവാനും മടിക്കരുതു്. ഇവളെ വീണ്ടും പ്രൊഫസരുടെ അധീനതയിലാക്കുവാൻ ഒരിക്കലും അനുവദിക്കാൻ പാടില്ല. ഞാൻ പോയി പ്രൊഫസറെ ഒന്നുകാണട്ടെ. ഇവളെ ഏതെങ്കിലും തരത്തിൽ അയാൾ മോചിപ്പിക്കുമോ ഇല്ലയോ എന്നു് എനിക്കു് അറിയണം. അയാൾ ഇവളെ ഹിപ്നോട്ടിസത്തിന്റെ പ്രഭാവത്തിൽനിന്നും കഴിയുന്നത്ര വേഗത്തിൽ മോചിപ്പിച്ചില്ലെങ്കിൽ ഇവളുടെ ജീവൻതന്നെ അപകടത്തിലാകും. ഈ കുറഞ്ഞൊരു ദിവസങ്ങൾക്കുള്ളിൽ ഇവളിൽ ഉണ്ടായ മാററങ്ങൾ നിങ്ങൾതന്നെ നേരിൽ കാണുന്നുണ്ടല്ലോ. ഈ നിലയിൽ കുറെദിവസങ്ങൾകൂടി മുമ്പോട്ടു പോകുകയാണെങ്കിൽ ഇവൾക്കു് ഭ്രാന്തുപിടിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.",

..അമ:—(പരിഭ്രമത്തോടെ) അങ്ങനെയാണോ? ..ൾ അങ്ങ് പറഞ്ഞതുപോലെതന്നെ ഞാൻ ..ിക്കാം താരയെ കഴിയുന്നത്ര വേഗത്തിൽ ..യാക്കേണ്ടതു് വളരെ ആവശ്യമാണ്. ആ ..ഫസർക്ക് ഇത്രമാത്രം കഴിവുകളുണ്ടെങ്കിൽ അങ്ങ് ..ടെ അടുക്കൽ പോകുന്നതു്......

..തപം:—(ചിരിച്ചുകൊണ്ടു്) നിങ്ങൾ പറയുന്ന ..ർ ഉദ്ദേശം എനിക്ക് മനസ്സിലായി. അയാൾ .. സ്വന്തം മാന്ത്രികവിദ്യകൾകൊണ്ടു് മയക്കി ..ിൽനിന്നും രഹസ്യങ്ങൾ മുഴുവൻ ചോർത്തിയെടു ..ല്ലോ എന്നല്ലേ നിങ്ങൾ ഭയപ്പെടുന്നതു്? പക്ഷെ, ..നെയൊന്നും സംഭവിക്കാൻ പോകുന്നില്ല. ഒന്നാ ..ൗ വേലകൾ കുറെയൊക്കെ എനിക്കും അറിയാം. ..ത എൻെറ മനഃശക്തിയും ഒരു പെൺകുട്ടിയുടെ ..ക്തിയും തമ്മിൽ വലിയ വ്യത്യാസമാണുള്ളതു്. ..ാററില്ലും ഉപരിയായി എൻെറ റിവാൾവറിനു് ..ഫസറുടെ വായ് മൂടിക്കെട്ടുവാനുള്ള ശക്തി വേണ്ടു ..ളുമുണ്ടു്.

അമ:—(ഞെട്ടലോടെ) പ്രൊഫസർ മരിക്കാനിട ..ായാൽ താര എങ്ങനെ രക്ഷപെടും?

സതപം:—പ്രൊഫസർ മരിച്ചാൽ താര അതോടെ ..സ്വതന്ത്രയാകും. അയാളുടെ മന്ത്രത്തിൻെറ ശക്തി ..ആ നിമിഷംതന്നെ നശിക്കുകയും ചെയ്യും. ഏതായാലും ..ിങ്ങൾ അതേപ്പററിയൊന്നും ചിന്തിച്ചു് ക്ലേശി ..ണ്ടാ. എന്തെല്ലാമാണു് ചെയ്യേണ്ടതെന്നുവെച്ചാൽ ..ല്ലാം ഞാൻ ചെയ്തുകൊള്ളാം. നിങ്ങൾ താരയെ ..വിട്ടുപോകാതെ സൂക്ഷിച്ചാൽ മാത്രം മതി. ..ഉ, അതാ, അവർ പോകാൻതുടങ്ങുന്നു. അവ..ള

വേഗം തടയൂ. അതോടൊപ്പംതന്നെ, അതാ, ആ
ത്തിൻെറ മറവിൽ നിന്നുകൊണ്ടു് നമ്മളെ ശ്രദ്ധ
ആ പട്ടാളക്കാരിൽനിന്നും രക്ഷപെടുവാനുള്ള
ങ്ങളും കണ്ടുപിടിക്കണം. ഞാൻ പോകുകയാണു്.
മെന്നു തോന്നുന്ന എന്തു നടപടിയും സ്വീക
കൊള്ളൂ.

ഇത്രയും പറഞ്ഞിട്ടു് ആ കറുത്ത സത്വം അ
നന്നിരുന്ന തൻെറ കുതിരയുടെ പുറത്തു് ചാടിക്ക
മിന്നൽവേഗത്തിൽ ഒരുവശത്തേയ്ക്കു് പാഞ്ഞുപോ
അമരസിംഹൻ ഏതാനും നിമിഷനേരം അയ
പോയ വഴിയേ കണ്ണിമയ്ക്കാതെ നോക്കിനിന്നു. അതി
ശേഷം അവനമ്രശിരസ്കയായി അനുനിമിഷം അക
കന്നുപോകുന്ന തൻെറ ജീവിതസർവ്വസ്വമായ താര
അയാളം പിൻതുടർന്നു.

**മൂന്നാം ഭാഗം അവസാനിച്ചു.**

★

Amara Singham – I love you – Tara